# വയലാർ കൃതികൾ



## വയലാർ രാമവർമ്മ

1928 മാർച്ച് 25-ന് ജനിച്ചു. അച്ഛൻ: വെള്ളാരപ്പള്ളി കേരളവർമ്മ. അമ്മ: വയലാർ രാഘവപ്പറമ്പിൽ അംബാലികത്തമ്പുരാട്ടി. കുട്ടിക്കാലത്തു തന്നെ ഗുരുകുലസമ്പ്രദായത്തിൽ സംസ്കൃതം പഠിച്ചു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ഗാഢബന്ധം പുലർത്തിപ്പോന്ന രാമവർമ്മ സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞുനിന്നിരുന്നു. 1961-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് *സർഗ്ഗസംഗീതം* എന്ന കവിതാസമാഹാരത്തിന് ലഭിച്ചു. ഏറ്റവും നല്ല ഗാനരചയിതാവിനുള്ള കേരള സംസ്ഥാന ഫിലിം അവാർഡ് മൂന്നു തവണ നേടി. ഇന്ത്യയിലെ ഏറ്റവും നല്ല ചലച്ചിത്ര ഗാനരചയിതാവിനുള്ള രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ 1974-ൽ ലഭിച്ചു. 1975 ഒക്ടോബർ 27-ന് അന്തരിച്ചു. ഭാര്യ: ചെങ്ങണ്ട പുത്തൻ കോവിലകത്ത് ഭാരതിത്തമ്പുരാട്ടി. മക്കൾ: ശരച്ചന്ദ്രൻ, ഇന്ദുലേഖ, യമുന, സിന്ധു.

• രാമവർമ്മയുടെ പേരിലുള്ള വയലാർ രാമവർമ്മ സാഹിത്യ അവാർഡ് 1977 മുതൽ ഒക്ടോബർ 27 നു നല്കിവരുന്നു. കേരളത്തിലെ ഏറ്റവും പ്രശസ്തമായ അവാർഡാണിത്.

വയലാർ രാമവർമ്മ

# വയലാർ കൃതികൾ

കവിതകളും ഗാനങ്ങളും

ഉള്ളടക്കം


[illegible] കവിതകൾ ........ 13

അവതാരിക

[illegible] ........ 23
[illegible] ........ 25
[illegible] ........ 27
[illegible] ........ 29
[illegible] ........ 31
[illegible] ........ 33
[illegible] ........ 35
[illegible] ........ 37
[illegible] ........ 39

[illegible] ........ 43
[illegible] ........ 45
[illegible] ........ 49
[illegible] ........ 53
[illegible] ........ 58
[illegible] ........ 61
[illegible] ........ 63
[illegible] ........ 67
[illegible] ........ 70
[illegible] ........ 72
[illegible] ........ 74
[illegible] ........ 76
[illegible] ........ 79
[illegible] ........ 83
[illegible] ........ 88
[illegible] ........ 90
[illegible] ........ 93
[illegible] ........ 96
[illegible] ........ 101

തീമലകൾ പൊട്ടുന്നു ........ 104
മാറ്റങ്ങൾ എവിടെയും ........ 107
രക്തം പുരണ്ട ഗാനം ........ 110

ആയിഷ ........ 113

എനിക്കു മരണമില്ല ........ 143
എനിക്കു മരണമില്ല ........ 147
എന്നെ പുണ്യവാളത്തിയാക്കരുത് ........ 150
കൊടികൾ മാറുകയാണ് ........ 155
ഗലീലിയോ ........ 158
ദൈവം യുഗങ്ങളിലൂടെ ........ 162
രമണന്റെ ശവകുടീരത്തിൽ ........ 164
കഴുമരങ്ങളുടെ കഥ ........ 171
ദൈവം വീട്ടിൽ വന്നിരുന്നു ........ 176

മുളങ്കാട് ........ 179
പ്രയാണം ........ 183
വൈക്കം കായലിൽ ഓളം തല്ലുമ്പോൾ ........ 186
നാഗസാക്കിയിലെ കുരിശ് ........ 192
പശയുള്ള വരമ്പ് ........ 198
പൂവുകളുടെ സംഗീതം ........ 204
മനുഷ്യനിലേക്ക് ........ 207
വിലങ്ങുകൾ ........ 213
എന്റെ ശില്പം ........ 216
പ്രേമം പുഷ്പിക്കണമെങ്കിൽ ........ 219
പൊട്ടിയൊഴുകിയ വ്രണം ........ 224
മാ നിഷാദ ........ 228
അശ്വമേധം ........ 233
മുളങ്കാട് ........ 235

ഒരു ജൂഡാസ് ജനിക്കുന്നു ........ 239
ഒരു ജൂഡാസ് ജനിക്കുന്നു ........ 243
മഴവില്ല് ........ 246
സന്ധ്യ—ഒരു വേശ്യ ........ 248
നാലു രൂപ പന്ത്രണ്ടണ ........ 251
കുചേലൻ കുഞ്ഞൻനായർ ........ 254
അറുകൊലയമ്മാവൻ വന്നില്ല ........ 259
രക്തവും പൂക്കളും ........ 265
സന്ന്യാസി ........ 267
എഴുത്തുകാരോട് ........ 270

എന്റെ മാറ്റൊലിക്കവിതകൾ ........................................ 273
ഒരു പനിനീർപ്പൂവിന്റെ കഥ ........................................ 277
ഒരു മാറ്റൊലിക്കവി ........................................ 278
മഹാബലിയും പരശുരാമനും തമ്മിലൊരു യുദ്ധം ........................................ 281
തറവാടിന്റെ മാനം ........................................ 286
ആവിവണ്ടി ........................................ 290
നാടിന്റെ നാദം ........................................ 294
മറുനാട്ടിലെ കുഞ്ഞൻമേനോനും തങ്കമ്മയ്ക്കും ........................................ 297
അവർക്കും ഓണമുണ്ടായിരുന്നു ........................................ 301
ശക്തിയുടെ സൈറൺ ........................................ 304
ചോര ........................................ 310
തെലുങ്കാനയിലെ അമ്മ ........................................ 316
കൊലപാതകികൾ ........................................ 321
അമ്മയും ചോരക്കുഞ്ഞും ........................................ 326
ഞാൻ കൈ ചൂണ്ടുന്നു ........................................ 329

സർഗ്ഗസംഗീതം ........................................ 335
രാവണപുത്രി ........................................ 337
റീയലിസവും റിയാലിറ്റിയും ........................................ 341
നല്ല ഹൈമവതഭൂവിൽ ........................................ 343
ഉമ്മർ ........................................ 346
കക്ഷിരാഷ്ട്രീയത്തിന്റെ ഒരു കവിത ........................................ 352
ആത്മാവിൽ ഒരു ചിത ........................................ 356
തപസ്സ് ........................................ 359
ഇത്താപ്പിരി ........................................ 361
തലയോടുകളുടെ കഥ ........................................ 367
സർഗ്ഗസംഗീതം ........................................ 371
മാടവനപ്പറമ്പിലെ ചിത ........................................ 373
അഗ്നിപുരാണം ........................................ 376
പുഷ്പാഞ്ജലി ........................................ 378
തീർത്ഥാടനം ........................................ 381
ഒരു ദൈവംകൂടി ........................................ 383

സമാഹരിക്കാത്ത കവിതകൾ ........................................ 389
ഹൃദയാർപ്പണം ........................................ 393
കൂലിക്കണക്ക് ........................................ 395
വഞ്ചീശദീപം ........................................ 397
സ്വാതന്ത്ര്യോദയം ........................................ 399
ഇരുളിന്റെ പിന്നിൽ ........................................ 401
അറിഞ്ഞുകൂടാ ........................................ 403

ധർമ്മസന്ദേശം ........ 405
കുടിയിറക്കൽ ........ 406
മംഗളാശംസ ........ 408
പ്രഭാതസന്ദേശം ........ 409
മാടവും മാളികയും ........ 410
ചുവപ്പും കറുപ്പും ........ 412
കളിക്കുമാത്രം ........ 415
എവിടെ? ........ 416
മുന്നോട്ട് ........ 417
ശ്മശാനരംഗം ........ 418
വനികയിൽവച്ച് ........ 420
ആശകൾ ........ 422
വള്ളക്കാരൻ ........ 423
നിലവിളക്ക് ........ 425
വേശ്യയുടെ കഥ ........ 426
ശവദാഹം ........ 428
ഞങ്ങളുടെ സ്വപ്നം ........ 430
ദശാബ്ദങ്ങൾക്കുശേഷം ........ 433
ആ രാജഘട്ടിൽ ........ 435
രാജേന്ദ്രരക്തം ........ 437
സ്വരരാഗമേഖല ........ 439
വിധിപോലും ........ 442
നരകത്തിന്റെ നാളുകൾ ........ 443
ഭ്രാന്താശുപത്രിയിൽ ........ 445
വേശ്യ ........ 448
രാഗലീല ........ 450
സതീർത്ഥ്യകൾ ........ 452
മദ്യം നിരോധിച്ചു ........ 454
ഹൃദയാരാധന ........ 457
ഓടക്കുഴൽ ഗർജ്ജിക്കുന്നു ........ 460
പേനയും പടവാളും ........ 464
പള്ളിവാഴ്ച ........ 467
പ്രതീക്ഷകളുടെ അവസാനം ........ 470
നാട്ടിൻപുറത്ത് ........ 473
സമരം കഴിഞ്ഞാൽ ........ 475
രണ്ടു തലമുറകൾ ........ 476
ചലനം, ചലനം ........ 480
ശ്രാദ്ധദിനത്തിൽ ........ 481
ശുക്രനും ചൊവ്വയും ........ 483

സന്ദേശം........................................................................485
കാറ്റും തീയും ................................................................486
ആ ഗർജ്ജനങ്ങൾ............................................................489
പ്രളയം ........................................................................491
ഞാൻ, എന്റെ അച്ഛൻ, എന്റെ മുത്തച്ഛൻ.........................494
പിശാചിന്റെ പാട്ട് ...........................................................498
നിങ്ങൾ ശക്തികേന്ദ്രങ്ങൾ ..............................................500
എന്റെ നാടിനെപ്പറ്റി........................................................503
ചരടുകളിക്കാർ ..............................................................505
വയലിൽ നിന്നൊരു ഗാനം...............................................507
തപോവനത്തിൽ ..............................................................509
നാദം.............................................................................511
ശവംതീനികൾ ജീവിക്കരുത് .........................................512
മട വീണിരിക്കുന്നു ..........................................................515
ഞാണു മുറുക്കുക നാം—
നവോദയഗാനമുയർത്തുക നാം! ........................................518
കൊച്ചുത്രേസ്യാ ...............................................................521
സർപ്പദൈവങ്ങൾ ...........................................................525
ഞാനഭിമാനിക്കുന്നു.......................................................530
നമ്മൾ വേശ്യകളല്ല..........................................................531
പദ്ധതി കേമമായി...........................................................534
പ്രിയപ്പെട്ട സുഹൃത്തുക്കളെ ! .............................................537
കത്രിക ........................................................................540
നക്ഷത്രങ്ങളുടെ പിന്നാലെ...............................................542
ജയകേരളത്തിന് ആശംസ...............................................545
ഒരു നുണങ്ങുപ്രേമഗാനം................................................546
കുട്ടികൾക്കൊരു പാട്ട് ....................................................547
ഒരു പുതിയ പറുദീസ ......................................................549
കത്രീന...........................................................................551
കഥാപ്രസംഗവും കപ്യാരും ..............................................556
കള്ളനാണയം.................................................................558
ഏഷ്യ .............................................................................559
അന്തർമുഖനായ ഒരു കവി..............................................562
കുട്ടികൾക്കൊരു പാട്ട് .....................................................564
കവി...............................................................................565
സൂര്യകാന്തിയുടെ ആത്മകഥ ...........................................567
മഹാബലിക്കൊരു കത്ത് .................................................572
അരക്കില്ലം.....................................................................577
സുഗതൻസാറിതു കേൾക്കണ്ട..........................................584

രാജഹംസം ....................................................586
സത്യത്തിനെത്ര വയസ്സായി? ....................................................588
പണ്ടൊരു കാക്ക ഏകാദശി നോറ്റു....................................................590
പ്രൊക്രൂസ്റ്റസ്....................................................592
കൈത്തിരി, കരിന്തിരി....................................................596
കല്യാണസൗഗന്ധികം....................................................603
കിഴവനാം ഈശ്വരൻ....................................................609
കലാമുകുളങ്ങൾ....................................................611
കണ്ണുനീരോ പനിനീരോ ....................................................612
പൊയ്മുഖം....................................................614
വെളിച്ചമേ, നയിക്കൂ....................................................618
എന്റെ ദന്തഗോപുരത്തിലേക്ക് ഒരു ക്ഷണക്കത്ത്....................................................620
കറുത്ത മരണം....................................................623
അദ്ധ്വാനത്തിൻ വിയർപ്പാണു ഞാൻ ....................................................625
ഉത്സവദ്വീപ്....................................................627
വൃക്ഷം ....................................................629
മനുഷ്യപുത്രൻ....................................................633
ശ്രീനാരായണഗുരു....................................................634
മീൻ തൊട്ടുകൂട്ടിയ പട്ടേരി ....................................................636
ഓണവില്ലടിക്കുക ....................................................638
ഒരു മുദ്രാവാക്യക്കവിത....................................................641
വീണ്ടും പടിഞ്ഞാറൻ കള്ള്....................................................643
കൃഷിക്കാരൻ....................................................645
ശില്പിയും പ്രതിമയും....................................................646
ഒരു ഗാനത്തിന്റെ ഇതിഹാസം....................................................648
താടക എന്ന ദ്രാവിഡരാജകുമാരി....................................................651
ഒരു കവിയുടെ മരണം....................................................654
ജ്വാലാവിഭ്രാന്തി....................................................659
ഭൂമി സനാഥയാണ്....................................................660
ഗ്രാമദർശനം....................................................662

ഭാഗം രണ്ട്: തിരഞ്ഞെടുത്ത ഗാനങ്ങൾ ....................................................665

ആയിരം പാദസരങ്ങൾ—ഒ.എൻ.വി. കുറുപ്പ്....................................................667

*അനുബന്ധം*....................................................1033

*ആദ്യപാദസൂചിക* ....................................................1105





# നിനക്ക് മരണമില്ല....!

പ്രഭാതത്തിന്റെ പുതുകിരണം ചുവന്നപ്പോൾ,
കായലിലെ ഓളങ്ങളുണർന്നപ്പോൾ,
ഞാൻ വന്നു... വയലാറിലേക്ക്...
നിന്നെ കാണാൻ.
അതൊരു പഴയകാലം,
ആത്മാർത്ഥതയുടെ കാലം -
ചേർത്തലയിലെ ചേറിലും ചൊരിമണലിലും
ചോരപുരണ്ട കാലം -
കൊടിക്ക് ചുവട്ടിലെ നിരയിന്റെ നിറമുള്ള കാലം+
രക്തസാക്ഷികളുടെ കാലം.
അക്കാലത്താണ് ഞാൻ വന്നത്,
നിന്നെത്തേടി...
നിന്നെ കാണാൻ. കിടന്നിരുന്ന തെരുവിൽ
സഖാക്കളുടെ മുന്നിൽ കിടന്നുറങ്ങി.
അന്ന് നമുക്ക് കിടന്നു വിളമ്പിത്തന്നു നാം ഒന്നു..
ചൊരിമണൽ തട്ടുകളിലൂടെ
ഒരു രാത്രിയിൽ... പിന്നെ എം.എസ്.പി.
കുലവജ്രം ബൂട്ടിന്റെ ചേരാ
പിണിക്കും നരിയാട്ടു
ആ രാത്രിയിൽ,

ഭ്രാന്തോ പ്രാകൃതത്തിന്റെ,
പായൽക്കുളത്തിന്റെ, വക്കിൽ
നോക്കുകുത്തിയെപ്പോലെ നിന്നിരുന്ന ഒരു
വിഗ്രഹം നാം പിഴുതെറിഞ്ഞു...
വർഷങ്ങൾ കഴിഞ്ഞു...
നീ ഈ നാടിന്റെ ഗായികയായി,
ജ്വാലയായി, ലഹരിയായി, ഉന്മാദിയായി.
ഒടുവിൽ, നീ യാത്ര പറഞ്ഞുപോയപ്പോൾ
കരയാനറിയാത്ത ദൈവങ്ങളും
കരയാൻ മാത്രം പഠിച്ച ഞങ്ങളും കണ്ണീരൊ-
ഴുക്കി. നീ മലയാളിത്തിന്റെ അഭിമാനമാണ്. നീ
എന്നും അനശ്വരയായിരിക്കും. നിനക്ക് മരണമില്ല.

— [illegible]

ഭാഗം ഒന്ന്

# കവിതകൾ

# പാദമുദ്രകൾ

ആഗസ്റ്റ് 1948

# കവിതകൾ

പാദമുദ്രകൾ
ജീവിതഗായകൻ
ഹിമവാന്റെ നേരെ
കർമ്മയോഗി
മനുഷ്യൻ
ആ സന്ദേശം
പിണ്ഡോദകങ്ങൾ
ഗ്രാമഗൃഹങ്ങൾ

പാദമുദ്രകൾ
(കേക)

കരയുന്നില്ലേ നിങ്ങ-
ളിന്ത്യതൻ കരൾ വെട്ടി-
ക്കുരുതിക്കളം തീർത്ത,
കണ്ണീരിൻ കഥ കേൾക്കെ?

ചലനം നിലച്ചുവോ,
മരവിച്ചുവോ രക്ഷാ-
നിലയം തകർന്നപ്പോ-
ളെൻ നാടിൻ ഞരമ്പുകൾ?

ഇന്നലെച്ചിരിച്ചുവോ
ഭാരതം, സ്വാതന്ത്ര്യത്തിൻ
പൊന്നലച്ചുരുളുകൾ
പുളകം പൂശിച്ചപ്പോൾ?

ഇന്നു നാം ഞടുങ്ങിയോ
മാനവസംസ്കാരത്തിൻ
സുന്ദരമണിധ്വജം
ചുവടേ മറിഞ്ഞപ്പോൾ?

ഞങ്ങളോർത്തില്ലാ തെല്ലു-
മച്ചരൻെറ ഹൃദ്രക്തത്താ-
ലിങ്ങനെ കിടാങ്ങൾക്കു
ജാതകം കുറിപ്പതായ്!

എങ്ങനെ സഹിക്കുവാൻ.....?
ക്ഷണം ക്ഷണമാ-
യങ്ങനെ തകരട്ടെ,
ഭാവിതൻ ഹൃദയങ്ങൾ!

മതി,—നിൻ പൂജാക്രമം
സംസ്കാരബോധം —നീളെ-
ച്ചതിയും ചരിത്രവും,
കൈകോർത്തു നടക്കട്ടെ!

ശ്രീലമാം ജ്വലദാത്മ-
ജ്വാലയാലിരുട്ടിൻെറ
വാളറകളെ വെന്നു
വെളിച്ചം പകർത്തിയും,

ഉറങ്ങിക്കിടന്നൊരെൻ-
നാടിൻെറ സിരകളി-
ലുണർവിൻ ചെഞ്ചോരയാൽ
കർമ്മധീരത ചേർത്തും,

തങ്ങളിൽപ്പുണർന്നാർഷ
സംസ്കാരപാരമ്പര്യ-
മങ്ങനെ പുലർത്തുവാൻ
സന്ദേശമരുളിയും,

ഈ നവയുഗത്തിൻെറ
യച്ഛനനന്നദ്ധ്യാത്മിക-
ഗാനരീതികൾ പാടി
പ്രാർത്ഥനയ്ക്കൊരുങ്ങവേ,

അപ്പുറത്താഹാ! രക്ത-
ദാഹിയാമൊരു കാള-
സർപ്പ, — മയ്യയ്യോ ഞങ്ങൾ-
ക്കിരുളാണങ്ങോളവും!

ഇന്ത്യതൻ ചരിത്രത്തിൽ-
പ്പൊന്നുപൂശിയ 'ബർളാ-
മന്ദിരം' — കാണാമതി-
ലച്ഛൻെറ കാൽമുദ്രകൾ!

അവിടേയ്ക്കൊരു തീർത്ഥ-
യാത്രയായ്പ്പോകാം നമ്മൾ-
ക്കതിലുൾച്ചേർന്നിട്ടുണ്ടാ-
മച്ഛൻെറ നിശ്വാസങ്ങൾ!

## ജീവിതഗായകൻ
(മാധുരി)

ജയിക്ക, ജീവിതസിരകളുണർത്തും
ജ്യോതിർന്നിലയനമേ,
ജയിക്ക, മുനിനാടൊരുമയൊടുണരും
സമത്വസുന്ദരതേ!

നിതാന്തനിർവൃതി പൂശിപ്പുണരും
ഭാവുകഭാസുരതേ,
മദാന്ധമാം കൂരിരുളിൻ രക്തം
കുടിച്ച വാസരമേ!

അനേകനാളായടിമത്തത്തിൻ
കല്ലറകൾക്കുള്ളിൽ
കനത്ത യാഥാർത്ഥ്യങ്ങളെയവരി-
ട്ടടച്ചുപൂട്ടുമ്പോൾ,

ചൊടിച്ചു ചീറും യന്ത്രത്തോക്കുകൾ
തുപ്പും തീയൂതി-
ക്കെടുത്തുവാൻ വന്നരുളിന കാറേ,
തൊഴാം, തൊഴാം ഞങ്ങൾ!

അനുസ്മരിക്കെസ്സതതം കൂമ്പും
കൈമൊട്ടുകൾ ഞങ്ങൾ-
ക്കനന്തചിന്താസാന്ദ്രം, താവക-
മൃദുസ്മിതം, ധീമൻ!

അതേതു രോമാഞ്ചത്തിൻ കാഞ്ചന-
മരീചികൾക്കുള്ളിൽ
സ്വതന്ത്രഭാരതഹൃദ്രക്തത്തെ-
ച്ചൂടുപിടിപ്പിക്കാ?

നടുങ്ങുമല്ലോ വിശ്വാദർശ-
പ്പൊരുളാപ്പുഞ്ചിരിതൻ
സ്ഫുടപ്രകാശം കാൺകെ, സ്സാമ്രാ-
ജ്യോന്മദധാർഷ്ട്യങ്ങൾ,

അധർമ്മമേന്തും വാൾത്തല താനേ
കമഴ്ന്നു മൺകപ്പും
ചിദാത്മസൂക്തികൾ വഴിയും വായ്മലർ
തെല്ലു വിടർന്നീടിൽ!

മനുഷ്യരക്തം വാർന്നുകുടിക്കാൻ
കൈവാളുകളേന്തും
മതഭ്രമത്തിൻ പൈശാചികമാം
കൊലക്കളം തോറും,

നിസർഗ്ഗസൗഹൃദഗീതികൾ പാടി-
പ്പര്യടനംചെയ്യും,
വിശിഷ്ടജീവിതമംഗളഗായക!
തൊഴാം, തൊഴാം ഞങ്ങൾ!

മൃഗീയമതമദപരിപാടികൾതൻ
ചോരക്കുതിർമണ്ണിൽ
മൃതാധികാരം ചെങ്കോൽ നാട്ടാ
നുയർന്നെഴുന്നേററാൽ,

അതെത്ര ലജ്ജാകരമയ്യയ്യേ,
വിദേശികൾക്കെല്ലാം
സ്വതന്ത്രരക്തം ഭാരതമിനിയും
വിരുന്നു നല്കാനോ?

മതം മതം ഹാ! നിങ്ങൾക്കിനിയും
കാട്ടാളത്തത്തിൻ
മദാന്ധവികൃതികൾ നിർത്തിത്തമ്മിൽ
പ്പുണരാറായില്ലേ?

തിരിഞ്ഞുനോക്കൂ; ചോരച്ചോലയ്-
ക്കരികിൽക്കാണ്മീലേ,
ചിരിച്ചു നിങ്ങളെ മാടിവിളിക്കും
ജീവിതഗായകനെ?

"വിശപ്പുമെന്തിനു ദാഹവുമയ്യോ
രക്തം കാണുമ്പോൾ,
നശിക്കുകില്ലീ സത്യാഹിംസകൾ
നേടും നേട്ടങ്ങൾ!

മടങ്ങിമാറുക, കലഹം നിർത്തി-
ക്കൈവാൾ ദൂരെയെറി-
ഞ്ഞടർക്കളത്തിൽ വിശ്വപ്രേമം
വിതച്ചു വിളകൊയ്യാൻ — "

ഇതാണു'ഗാന്ധിജയന്തി'ക്കരുളാൻ:
ഗാനാലാപത്താൽ
ഇതാണു ചർക്കയ്ക്കരുളാൻ നമ്മോ
ടനന്തസന്ദേശം!

ഉയർന്നു ഭാസ്വൽച്ചർക്കയിൽ നീളും
വെൺനൂലിഴകളിനാൽ
ത്രിവർണ്ണവിജയക്കൊടി നെയ്യുകയാ-
ണന്തിയനന്തതയിൽ!

## ഹിമവാൻെറ നേരെ
(കേക)

ഗംഗയിൽ, യമുനയിൽ,
കുഞ്ഞുകുഞ്ഞോളങ്ങളിൽ
പൊങ്ങിയ വിഷാദാത്മ-
കാലാപലയങ്ങളിൽ,

അങ്ങനെ ചെവിക്കൊണ്ടൂ
നിശ്ശബ്ദം കർമ്മവ്യഗ്ര
മെങ്കിലും പ്രപഞ്ചത്തിൻ
പ്രാണശക്തികളെല്ലാം!

പകലിൻ ചുടുചോര
നക്കിയ രാവിൻ ചെങ്കോ
ലകലെക്കരിംപുക
ക്കുഴലൊന്നുയർത്തവേ,

മുകിലിൻ ചുരുളുകൾ
ക്കുള്ളിലുണ്ടൊരു കൊച്ചു
തകരക്കതിർവിള
ക്കേകാന്തം കരിവിണ്ണിൽ!

പത്തുനാല്പതുകോടി-
ത്താരകങ്ങളെ മൂടി
നിർത്തിയ തമസ്സിൻെറ
ജൈത്രയാത്രയിലപ്പോൾ,

അങ്ങതാ കെടുമിന്നൽ
ത്തോക്കിൽനിന്നലറിക്കൊ-
ണ്ടങ്ങനെ വെടിയുണ്ട
തൻ ജയസ്തംഭം നാട്ടീ!

നീലയാമുനപുണ്യ-
കൂലകങ്ങളാൽ, നിത്യ-
ക്ഷാളിതമാണാ രാജ-
ഘട്ടിലെ മണൽപ്പുറം!

അവിടെക്കാണും ചിതാ-
വേദിയിൽനിന്നാണിന്ത്യ-
യ്ക്കവൾ തൻ മുത്തച്ഛൻെറ
ഹൃദയം തകർന്നുപോയ്!

പ്രീതയായ് വെളിച്ചത്തി-
ലിളകിച്ചാടും പിഞ്ചു-
പൈതലാമുലകിൻെറ
കൈപിടിച്ചിന്നോളവും,

മുന്നോട്ടുമുന്നോട്ടേക്കു
പിച്ചവെയ്പിച്ചോരച്ചരൻ-
തന്നംഗമരീചിക-
ളവിടെപ്പുകഞ്ഞുപോയ്!

ഇനിയും നിറത്തോക്കു-
മായി നിന്നേക്കാം പക്ഷേ,
മനുജൻ പുലർത്തുമീ
നാഗരീകത നാളെ!

നേർത്തതാം നിജതിര-
ശ്ശീലയാൽ വാനിൻ നെഞ്ചിൽ-
ച്ചാർത്തവേ കരിയുടു-
പ്പിരവിൽക്കാർമേഘങ്ങൾ,

അകലെത്തളർന്നൊരു
കോണിൽവീണവശമ-
ന്നരുളിച്ചെയ്തു ഗദ്ഗ-
ദാക്ഷരം ശശിലേഖ!

“ഇന്നലെവരെ വെള്ളി-
പൂശുവാൻ വെളിച്ചങ്ങൾ
തന്നെന്നെപ്പുലർത്തിയ
കർമ്മൈകപ്രകാശമേ,

നിൻ തിരുവുടലിന്നു
ചാമ്പലായെന്നോ, നീളെ-
വിൺതടിൽക്കൈവാളുകൾ
ഭരണം തുടർന്നാലോ?”

സത്യവുമഹിംസയു-
മിന്ത്യയ്ക്കു കാട്ടിത്തന്ന-
വൃദ്ധനാം ഹിമവാൻെറ
നരച്ച മാറിൽത്തന്നേ,

ഭാരതസംസ്കാരമേ,
നീ, നീട്ടിയെന്നോ, നിൻെറ
പൗരുഷം ദഹിപ്പിച്ച
നിറതോക്കന്നാദ്യമായ്?

## കർമ്മയോഗി
(പാന)

ശുഷ്കമെങ്കിലും മംഗളാനുഗ്രഹ-
ശുദ്ധമായ വലംകൈ വിരലുകൾ
ആയതീശ്വരൻ കൈറാട്ടിൽനിന്നെടു-
ത്തായിരങ്ങൾക്കു ഭവ്യം പകരവേ,
അമ്മ കോൾമയിർക്കൊണ്ടൂ, മകന്നെഴും
കർമ്മസിദ്ധിയിൽ, ത്യാഗമഹിമയിൽ!

അന്തിവിണ്ണിൻ കപോലങ്ങളിൽച്ചാരു-
ചന്ദനം ചാർത്തുമോമന്മരീചികൾ
ജീവരക്തം പതഞ്ഞൊഴുകും രണ-
ഭൂവിലേക്കു കസവാട നെയ്കയോ?
വർഗ്ഗവിദ്വേഷമാളിച്ച തീപ്പടർ-
പ്പക്കരകളെച്ചുട്ടെരിച്ചീടവേ,
ചോരയാറിൻ കരയിലെത്തി പ്രേമ-
ധാര പെയ്തിടുമാർഷസംസ്കാരമേ,
വാളിളക്കിച്ചുടുരക്തകല്ലോല-
പാളികളെ മുറിച്ചുമുറിച്ചിതാ,
ആഞ്ഞലറും മതക്കളിവള്ളങ്ങൾ
പാഞ്ഞുപോകയാം നിന്മുന്നിലൂടവേ.

ഉഗ്രവർഗ്ഗസമരാരവത്തിൽനി-
ന്നുൽഗളിക്കയോ ചിൽപ്രേമഗീതികൾ?
പ്രാണഹർഷങ്ങൾ പൂശിച്ച ജീവിത-
വേണുഗാനലയങ്ങളിലൂടവേ,
കൂരിരുട്ടിൻഗുഹകളിലേക്കൊരു
ചാരുമിന്നൽച്ചുരുൾ പറന്നെത്തിയോ?
വേട്ടയാടലിൻ വ്യഗ്രത തെല്ലൊരു
വേഴ്ചയായിപ്പരിണമിച്ചീടവേ,
ചോരവററി വിളറിയ വാളുകൾ
ദൂരെദൂരെ നിലംപതിച്ചീടവേ,
അങ്ങകലെ, പ്പൊഴിഞ്ഞ പല്ലിൻവിട-
വങ്കുരിപ്പിച്ച പുഞ്ചിരിത്തെല്ലിനാൽ,
വിശ്വസൗഹൃദം പാകുകയാണതാ
വൃദ്ധനാമൊരു കർമ്മയോഗീശ്വരൻ!

വാളെറിഞ്ഞു പുണർന്നു പരസ്പരം
വാതുറക്കാതെ മർത്ത്യത നില്ക്കവേ
ഹിന്ദുമുസ്ലിംസഹോദരരൊന്നുചേർ
ന്നൊന്നുചേർന്നു തൊഴുകൈയുയർത്തവേ,
ശുഷ്കമെങ്കിലും ജീവിതാനുഗ്രഹ
ശുഷ്കമായ വലംകൈവിരലുകൾ
ആ യതീശ്വരൻ കൈ റാട്ടിൽനിന്നെടു
ത്തായിരങ്ങൾക്കു നേർന്നൂ സുമംഗളം!

## മനുഷ്യൻ
(കേക)

അന്നൊരു കിഴക്കൻകാ-
റ്റിതിലേ കടന്നപ്പോ-
ളൊന്നു ചോദിച്ചു: "നിങ്ങൾ
കണ്ടുവോ മനുഷ്യനെ?"

അമ്പരന്നില്ലേ ലോകം?
വിറച്ചുവിറച്ചുപോ-
മന്തിതൻ മുഖമൊന്നു
കരിവാളിച്ചു വേഗം!

പൊൻപട്ടിൽപ്പൊതിഞ്ഞതാ-
മർക്കൻെറ തിടമ്പുമായ്
അമ്പലം ചുററിത്തിരി
ഞ്ഞെത്തിയ പകലിനെ,

കൈമാടിവിളിച്ചുകൊ-
ണ്ടാണല്ലേ ചോദിച്ചതീ
കൈരാതപാരമ്പര്യം
പുലർത്തും ചോദ്യം തെന്നൽ?

മാമരത്തലപ്പാഞ്ഞു
കുലുക്കി;ജ്ജലാശയ-
ഭീമഗർജ്ജനം കേട്ടു
ഞെട്ടാതെ പലവട്ടം

ചോദ്യമായ് വീണ്ടും തെന്നൽ:
"നിങ്ങൾതൻ നാട്ടിൽപ്പോരാ-
മാദ്യമായ് 'മനുഷ്യനെ'-
ക്കാണിച്ചുതരാമെങ്കിൽ..."

വഴിചൂണ്ടികളുണ്ടു
പാതയിലവയ്ക്കില്ലേ
കഴി,വാ മനുഷ്യൻെറ
നാടൊന്നു ചൂണ്ടിക്കാട്ടാൻ?

അത്രമേലിരുണ്ടെന്നോ,
മനുഷ്യത്വത്തിൻ കൊല
ക്കുത്തക കൈയേററപ്പോൾ
വിശ്വമേ, നിൻ സംസ്കാരം?

ഉത്തരംകിട്ടീലത്രേ
തെന്നലി;ന്നതിമാത്ര-
വിസ്തൃതമീ ലോകത്തി-
നില്ലെന്നോ വായ്മൂലകൾ?

പുകഞ്ഞുപുകഞ്ഞിരുൾ-
ക്കൊൾകയാണെന്നോ, നീണ്ട
പകലിൻ വിദ്യുദ്ദീപ-
മേഖല കാണെക്കാണെ!

ആ രാവിൽ നടന്നതാം
വേട്ടയാടലിൽ,ച്ചോര-
യാറുകൾ നീന്തിപ്പോന്ന
പകലിൻ വെളിച്ചങ്ങൾ,

നാട്ടിയ വെന്നിക്കൊടി-
ക്കൂറകൾ ഉലഞ്ഞാടി
നാട്ടിലെല്ലാടം പ്രാണ-
ഹർഷങ്ങൾ പകർത്തവേ,

ആ യാമശംഖസ്വനം
ത്യാഗത്തിൻ ജയതുമു-
ലാരവം, —മറുപടി
നല്കി തെന്നലിനേവം:

"അകലെ സ്വാതന്ത്ര്യത്തെ-
ത്തുണ്ടുതുണ്ടാക്കിക്കീറാൻ
മൃഗരീതികൾ തീർക്കും
കുരുതിക്കളങ്ങളിൽ

പ്രേമസാമ്രാജ്യത്തിന്റെ
ചരിത്രം രചിക്കുന്ന-
രാമരാജ്യോപാസക-
നുണ്ടൊരാൾ മനുഷ്യനായ്!"

## ആ സന്ദേശം
(മാവേലി)

മതി, രക്തദാഹമേ, നീ രചിച്ച
ഹൃദയമുരുക്കും കഥകളെല്ലാം!
ഇനി നിന്നെ വിശ്വസിക്കില്ല ഞങ്ങൾ,
ഇതിലേറെയെന്തു നീ ചെയ്തുതീർക്കാൻ?

അരമാത്രകൊണ്ടീ മനുഷ്യരാശി
ക്കൊരു പരിവർത്തനം നീ വരുത്തി.
അവരുടെയച്ഛൻെറ ചോരകൊണ്ടാ
ണിവിടെച്ചരിത്രം രചിപ്പതെന്നോ!

കരൾപൊട്ടുമാ വാർത്ത; ലോകരൊട്ടു-
ക്കൊരു ചുട്ടുനീററലിലായിരുന്നു!
നവയുഗത്തിൻെറ ഹൃദയമന്നാ-
ണവസാനയാത്ര പറഞ്ഞകന്നു.

കരയുക—കണ്ണുനീരാറുകൾതൻ
കരയിലോ നമ്മൾതൻ ഭാഗധേയം!
കരയുക —നാടിൻെറയന്തരാത്മാ-
വിരയായി, ജീവിതവാൾപ്പയററിൽ.

2
കൊലനിണച്ചോലയിൽത്താണുപോയീ
തലമുറ കത്തിച്ച കർമ്മദീപം!
കുരുതികുടിക്കും മതപ്പിശാചിൻ
കുരവകൾ കേൾക്കാമലർച്ചപോലെ!
ഇരുളിൻചുരുളുകൾ വന്നിറങ്ങീ
നരലോകസംസ്കാരമേഖലയിൽ!
അലറിച്ചിരിച്ചു കഴുത്തറുക്കാ
നറുകൊലക്കൂട്ടങ്ങൾ പാഞ്ഞുപോയി
കൊടിനാട്ടി വീണ്ടും മനുഷ്യരക്ത-
ക്കടലിൽക്കുളിച്ച പിശാചണികൾ.
പടഹമടിച്ചു മതാധിപത്യം
പലതും നടത്താനണഞ്ഞൊരുങ്ങി!

3
ചുടലക്കളത്തിൽപ്പിടിച്ചുയർന്നൂ
ചുടുകണ്ണുനീരിൻ നിമേഷകങ്ങൾ!

പല പരിണാമങ്ങൾ കണ്ടുപോരും
പടവാൾപ്പൊളികൾ ചിരിച്ചുപോയി!
പടഹമടിച്ചു പുളഞ്ഞൊഴുകി
ചുടുചോരയാററിലെച്ചിററലകൾ!
ചിലടത്തിളകാതെ നിന്നിരുന്നു
ചില കരിമ്പാറകൾ മാറുകാട്ടി!
അവിടൊക്കെ വെട്ടേററടർന്നിരുന്നു
നവഭാരതത്തിൻ ധമനികകൾ!
അടരിൻെറ നഗ്നത പേപിടിച്ചു
നടനംനടത്തുകയാണവിടെ!
അവിടെത്തകരുകയാണശേഷം
നവനവസൗഹൃദശൃംഖലകൾ
സമഭാവനയെ വലിച്ചിഴച്ചാ
സമരാങ്കണത്തിൽ ബലികഴിച്ചു.
മരണായുധങ്ങളും തോളിലേന്തി
'മത'മാണതിലേ കടന്നതിപ്പോൾ
ജനകീയമുന്നണിക്കൊന്നുമില്ലേ
ജപമാലയല്ലാതെ കൈയിലിന്നും?

**4**

ഇരുപതു നൂററാണ്ടുകൾക്കു മുമ്പാ
കുരിശിലൊലിച്ച ഹൃദയരക്തം,
ഒരു ജീവസന്ത്യാഗബോധമുൾച്ചേർ-
ത്തരുളിയ നൂതനരാഷ്ട്രശാസ്ത്രം,
ഇനിയുമൊരാവൃത്തി കേട്ടുവോ നാ
മതിനിടയ്ക്കാ രക്തമണ്ഡലത്തിൽ:

> "അഭിമാനപൂർവം തലയുയർത്തി
> അനുപദം മുന്നോട്ടുപോക നിങ്ങൾ!
> മതവുമധികാരഗർവ്വുമെല്ലാം
> മരണമടയുന്ന കാഴ്ച കാണാം
> പതറാതെ ഞെട്ടാതെ, നിങ്ങളെങ്ങും
> ഹൃദയസ്വരങ്ങളുയർത്തുമെങ്കിൽ,
> അതു മതി; നാളെത്തലമുറതൻ
> ഗതി നയിക്കേണ്ടവരാണു നിങ്ങൾ...."

ഒരു വെടിയുണ്ട കവർന്നെടുക്കി-
ല്ലൊരുനാളുമാ ദിവ്യസൂക്തകങ്ങൾ.
ജനപദരക്തസിരകളിലാ-
ണിനിയവ ജീവിപ്പതെന്നുമെന്നും!

മധുരാധരങ്ങളിൽ വിശ്രമിക്കും
മൃദുമന്ദഹാസവുമായിനിയും
അനുദിനം നമ്മെ നയിക്കുവാനു-
ണ്ടനുപദ,മാ രാഷ്ട്രകർമ്മയോഗി!

## പിണ്ഡോദകങ്ങൾ
(കോടക്കാർമുകിൽ)

കണ്ണുനീർച്ചുടുചോലയിൽ മുങ്ങി
പിന്നെയും ദിനരാത്രങ്ങൾ പോയി.
അന്തരംഗം തെളിഞ്ഞീല തെല്ലും
അന്തരീക്ഷത്തിനിന്നേവരേയ്ക്കും!

ഭാരതീയൻെറ സംസ്കാരബോധം
ഭാവിയേയൊന്നു ഞെട്ടിച്ചിരിക്കും
നാടടക്കാൻ നിറത്തോക്കു നീട്ടും
നാഗരീകത പൊട്ടിച്ചിരിക്കും!

നീലയാമുനകല്ലോലകങ്ങൾ
നീറിനീറിപ്പതഞ്ഞൊഴുകുമ്പോൾ,
ആ മണൽത്തിട്ടിലായിരം കണ്ണീ-
രാറുകളുടെ ചിത്രങ്ങൾ കാണാം!

തോക്കുനീട്ടി നീ,യച്ഛൻെറ മാറിൻ-
നേർക്കുതന്നെ നിറയൊഴിച്ചിട്ടും
പിന്നെയും ഞങ്ങൾ വിശ്വസിക്കേണം
നിന്നെയും 'ഭാരതീയ'നായ്ത്തന്നേ!

വെള്ളിരോമമരീചികൾ തിങ്ങി-
യെല്ലുകൾ മുഴച്ചുന്തിയ മാറിൽ,
വിശ്വസൗഹൃദഗാനലയങ്ങൾ
വിശ്രമിക്കും വിശാലവക്ഷസ്സിൽ,
ലാക്കു തെററാതെ ചെന്നു തറഞ്ഞു,
മൂർഖതേ, നിൻ വിഷായുധമെന്നോ?
അന്നിറത്തോക്കിലെങ്ങനെ വീണ്ടും
ചെന്നമർന്നിതു നിന്നംഗുലികൾ?

അഞ്ചിതവെണ്മണൽച്ചാർത്തിൻ നാഥൻ
തൻ ചിതാവേദി കാണുന്നു ദൂരെ!
ഞങ്ങളെയൊന്നു കണ്മിഴിപ്പിക്കാ-
നങ്ങു നീറിദ്ദഹിക്കയോ ദേവാ?
ആ മധുരമുരളിയുമായി

പ്രേമഗായകാ നീയെങ്ങു പോയി?
ആ മൃദുമന്ദഹാസവുമായി
പോയ്മറഞ്ഞുവോ മാമറക്കുന്നേ?

എത്ര ചെഞ്ചോര വേണ്ടിവന്നേക്കാം
രക്തദാഹമേ നിൻ നാടുയർത്താൻ?
ഞങ്ങളെയൊന്നറിയിച്ചുവോ നീ....
എങ്കിൽ ഞങ്ങൾ തരുമായിരുന്നു!

ആയിരങ്ങളണിനിരന്നച്ചര
ന്നാചരിക്കയായ് പിണ്ഡോദകങ്ങൾ!

ഗ്രാമഗൃഹങ്ങൾ

[രോമാഞ്ചമണിയുന്ന
നീലവയലുകൾ
പുഞ്ചിരിപൂശിയ
പഞ്ചാരമണലുകൾ
ഓലമേഞ്ഞ
കൊച്ചോലക്കുടിലുകൾ
പ്രകൃതിയുടെ
തുടുത്ത കപോലങ്ങളിൽ
വികാരനിർഭരത!
ഒരു ഗ്രാമസന്ധ്യയാണത്.
ശോകാത്മകമായ ഒരു ഗാനത്തിൻെറ
ലയങ്ങൾ....]

**(ഓമനക്കുട്ടൻ)**
വെൺമരീചികൾകൊണ്ടു പാകിയ
കർമ്മചൈതന്യമണ്ഡലം
ഞെക്കിഞെക്കിപ്പിഴിഞ്ഞു ചെഞ്ചോര
നക്കിയ ശപ്തസന്ധ്യകൾ,
എന്നുമെന്നുമനുസ്മരിപ്പിക്കു-
മന്നു കണ്ട കൊലക്കളം!
മർത്ത്യസൗഹൃദജീവിതത്തിൻെറ
രക്തമൂററിയ സംഭവം,
വിശ്വസംസ്കാരമേഖലകളെ
വിസ്മയിപ്പിച്ച സംഭവം
അക്രമത്തിൻെറ തോക്കുചൂണ്ടലിൽ
അസ്തമിച്ചുവോ ഭാവുകം?

കാരിരുമ്പഴിക്കൂടുകൾക്കുള്ളിൽ
നീറിനീറിദ്ദിവാനിശം,
ആയിരങ്ങൾതൻ ഭാഗധേയത്തി
നാരവിശ്രമം വാണുവോ,
പ്രേമജീവിതഗാനഗന്ധർവ-
നാ മുനീന്ദ്രനെ നിത്യവും,
അങ്ങകലെയായ് കാണുവതു
ണ്ടൊരന്തിനക്ഷത്രമായി, ഞാൻ!

[മഞ്ഞിൽ
കുളിച്ചുകുളിച്ചു കുളിർന്നു
നില്ക്കുന്ന പ്രഭാതം.
ഗ്രാമവൃദ്ധകൾ
വട്ടമിട്ടിരുന്നു
തീകായുകയാണ്.
മണമൂറുന്ന
മലർച്ചില്ലകൾതട്ടി,
കുളിർകാററു കഥപറയുന്നു.
ബാലഭാസ്കരൻ അവയെ
പൊന്നോലകളിൽ പകർത്തുന്നു.]

(കേക)
അത്ഭുതപ്രവൃത്തികൾ,
സിദ്ധിക,ളിവയില്ലാ-
തത്ഭുതമനുഷ്യനായ്-
ജീവിച്ചു ഭവാൻമാത്രം!
ഞങ്ങളിലൊരുവൻേറ-
തായിരുന്നില്ലേ, ധീമൻ
മംഗളാത്മകമങ്ങേ
ജീവിതം ശ്രമപൂർണ്ണം?

മാരകായുധങ്ങൾക്കു
കീഴ്വഴങ്ങിയ ലോകം
ചോരകൊണ്ടനുവേലം
ചരിത്രം രചിക്കുമ്പോൾ
സത്യവുമഹിംസയും-
കൊണ്ടധികാരത്തിൻേറ
മർദ്ദനക്രമങ്ങളെ-
ച്ചെറുത്തു ഭവാൻമാത്രം.

ഭാവിയെ സൃഷ്ടിക്കുന്ന
സംസ്കാരപാരമ്പര്യം,
ഭാരതത്തിനു നേടി-
ത്തന്ന ധാർമ്മികബോധം
അങ്ങയിൽ ജനിച്ചുയിർ-
ക്കൊൾകയാണിന്നും ശാസ്ത്ര
സംഗരയുഗയുഗാ-
ന്തരങ്ങൾക്കുള്ളിൽക്കൂടി!
അവയെജ്ജീവിപ്പിക്കാൻ
വളർത്താൻ പുലർത്തുവാൻ,
അനുയായികൾ ഞങ്ങൾ
മുന്നോട്ടൊന്നിറങ്ങട്ടെ!

3

[ഹറായ് റാം! ഹറായ് റാം!
അവർ തീർത്ഥയാത്രക്കാരാണ്,
കുടിലുകളിലേക്കവർ
മടങ്ങിവരുന്നു.
ഹിന്ദുവും ക്രിസ്ത്യാനിയും മുസ്ലിമും
സിക്കുകാരനും
അതിൽ ഉൾപ്പെടുന്നു.
അവർ ഉറക്കെപ്പാടുകയാണ്.]

(കേക)

ധന്യധന്യരായ് ഞങ്ങൾ;
ദില്ലിയിൽ, ചരിത്രത്തിൻ
പുണ്യമംഗളധർമ്മ-
വിഗ്രഹം ദർശിച്ചപ്പോൾ;
സത്യത്തി,ലഹിംസയിൽ
ത്യാഗത്തിൽ പ്രതിഷ്ഠിച്ച
മർത്ത്യസംസ്കാരത്തിൻെറ
പാവനസാക്ഷാൽക്കാരം!

നാളത്തെശ്ശതലക്ഷം
കുഗ്രാമഗൃഹങ്ങളിൽ
നാടുണർന്നാരാധിക്കു-
മാ പ്രേമഗംഭീരനെ!

കൈറാട്ടിൻ കലാസ്വാദ്യ-
വിപ്ലവഗാനങ്ങളാൽ
കൈവരുത്തുക നമു-
'ക്കൈക്യഭാരത'ഭാഗ്യം!

## കൊന്തയും പൂണൂലും

ഡിസംബർ 1950

# കവിതകൾ

കൊന്തയും പൂണൂലും
ഞങ്ങളുടെ മുത്തശ്ശി
രണ്ടു പാട്ടുകൾ
സ്ഥാനാർത്ഥിയുടെ മകൻ
ഗാനോത്സവം
അറുപതാം വയസ്സിൽ
ഒരുതുള്ളി രക്തം
തീജ്വാലകൾ
ഗാന്ധിസ്മാരകം
തൂലികപ്പടയാളി
അവൾക്കു കിറുക്കല്ല
രണ്ടു തലമുറകൾ
ദേവീവിഗ്രഹം
അങ്ങയെ ഓർമ്മിക്കുമ്പോൾ
നിങ്ങളോടുതന്നെ
ഇരുട്ടിൻെറ കഷണം
സംസ്കാരത്തിൻെറ നാളങ്ങൾ
അരിവാൾ, തലമുറകളിലൂടെ
തീമലകൾ പൊട്ടുന്നു
മാറ്റങ്ങൾ എവിടെയും
രക്തം പുരണ്ട ഗാനം

## കൊന്തയും പൂണൂലും

ഇടനാഴികകളിലൂടെ, നൂററാണ്ടുകൾ മരവിച്ചോ-
രിരുൾഗുഹകളിലിമചിമ്മാതലയുവോരേ,

പരകോടിപ്പരകോടിശ്ശവകുടീരങ്ങളിൽ
പരലോകസംസ്കാരം ചികയുവോരേ,

ചിറകടികൾ, തലമുറതൻ ചിറകടികൾ കേട്ടപ്പോൾ
പിറകോട്ടു പിറകോട്ടു പോയ നിങ്ങൾ,

നിഴൽമൂടിയ വഴിവക്കിൽ കാലത്തിൻ കൊഴിയുന്ന
കൊഴിയുന്ന തൂവലുകൾ തേടിത്തേടി,

ആത്മാവിനു വിണ്ണേറാൻ പൊൻചിറകുകൾ തുന്നിക്കൊ-
ണ്ടാത്മീയവ്യായാമം ചെയ്വൂ നിങ്ങൾ!

ബഹുമാനം ഞങ്ങൾക്കു, ണ്ടനുകമ്പയുമതിലധികം
സഹതാപവു, —മെവിടേക്കീ സ്വപ്നയാനം?

സന്ധ്യകളിൽ സർവ്വാംഗമനോഹരികൾ, ചെമ്മുകിലുകൾ,
സിന്ദൂരത്തുകിലുലയും നർത്തകികൾ,

അഴകിലുണർന്നണയുമ്പോൾ ചക്രവാളങ്ങളിൽ
മിഴിനട്ടു നില്ക്കുവോരാണു ഞങ്ങൾ

അവയുടെ പിൻപുയരാറുണ്ടിരുളിന്റെ ധൂമികകൾ;
അതു ഞങ്ങൾ കാണാതിരിക്കുകില്ല!

കാവിയുടുത്താത്മാവിനു പൂണൂലി, — ട്ടിന്നേവരെ-
യാവോളം ഗീതയിലെ ശ്ലോകം മൂളി,

തേവാരക്കിണ്ടിയുമായ് വന്നെത്തും നിങ്ങളിലെ
ചാവാത്ത പിശാചുക്കളെ ഞങ്ങൾ കണ്ടൂ!

നിഷ്കന്മഷഹൃദയന്മാർ, ഞങ്ങളുടെ പൂർവന്മാർ,
നിത്യവും നിങ്ങളെസ്സൽക്കരിച്ചൂ!

ഈ കവിത ഒന്നാംപതിപ്പിലേതിൽനിന്ന് സ്വല്പം ഭേദഗതിചെയ്താണു ചേർത്തിട്ടുള്ളത്.

കൊന്തകളാൽ പൂണൂലാൽ നിങ്ങൾ ചെന്നവരെ വരി-
ഞ്ഞന്ധകാരങ്ങളിൽ തള്ളിയിട്ടൂ!

അരമനകളിൽ വിടുവേലയ്ക്കീശ്വരഹിതമെന്നോതി
ചിരമവരെ നിയമിച്ചോരാണു നിങ്ങൾ

കാവലിനായ് മന്നവരുടെ മണിഗോപുരനടതോറും
ദൈവങ്ങളെ നിയമിച്ചോരാണു നിങ്ങൾ!

സ്വാർത്ഥതയുടെ കൈച്ചീട്ടിൽ, സമുദായനീതിതൻ
ചാർത്തുകുറിച്ചിട്ടവരാണു നിങ്ങൾ!

തലുറകൾ, മരവിച്ച തലമുറകൾ നീട്ടിയ
ചില താളിയോലപ്പുറങ്ങൾ ചൂണ്ടി

നൂററാണ്ടുകൾതൻ പഴകിപ്പുഴുകുത്തിയ പട്ടടയിൽ
മാററങ്ങൾക്കെതിർനില്പൂ നിങ്ങളിന്നും!

പരിണാമപരമ്പരകളിലുരുകിയുറഞ്ഞങ്ങനെ
സ്വരരൂപഭാവങ്ങൾ മാറിമാറി,

അത്ഭുതകരവേഗതയോടൊഴുകുമീ കാലത്തി-
ന്നപ്രതിഹതയാനം തടഞ്ഞുനിർത്താൻ,

കഴിയുമോ നിങ്ങൾക്കീ കൊന്തകളാൽ പൂണുനൂ-
ലിഴകളാൽ? ഹാ നിങ്ങൾ ശുദ്ധാത്മാക്കൾ!

പ്രകൃതിയുമായ് പ്രതിദിനം പടവെട്ടിപ്പടവെട്ടി
പ്രതികൂലശക്തികളെക്കീഴടക്കി,

പഴയ യുഗങ്ങളിൽ സംസ്കാരശൈലികൾ
പലതുമാർജ്ജിച്ച പിതാമഹന്മാർ,

ഒരു സമുദായമായ് കാലഘട്ടങ്ങളിൽ
പൊരുതിപ്പൊരുതി വളർന്നനാളിൽ,

അനുദിനസാമൂഹ്യജീവിതഭദ്രത-
ക്കവർ നടപ്പാക്കിയ നീതികളെ,

മതമെഴുന്നേററുവന്നെടുത്തൂ പണ്ടു,
മനുജസാംസ്കാരികശക്തികളെ!

കലയിൽ, സയൻസിൽ, സമുദായജീവിത
ചലനങ്ങളിലതിൻ കൈകൾ ചെന്നൂ!

വിടരുന്ന കൺകളിൽ വിജ്ഞാനതൃഷ്ണയും
വിജയവിശ്വാസപ്രകാശവുമായ്

നിരവധിനിരവധി ശതവർഷങ്ങളിലൂടെ
നിമിഷക്കുതിരപ്പുറത്തുകേറി,

കുതികൊണ്ട മാനവശക്തിയോടൊന്നിച്ചു
മതമോടിയോടിത്തളർന്നുവീണു!

വഴിവക്കിൽ വീണ മതത്തിൻെറ കൈയിലെ
വഴുകയും നാരുമെടുത്തുകൊണ്ടേ,

മനുജസംസ്കാരത്തെക്കുററിയിൽക്കെട്ടുവാൻ
വരികയുണ്ടായീ പുരോഹിതന്മാർ!

അവരുടെ പിന്നിലിരുട്ടിൻെറ കോട്ടകൾ,
അരമനക്കെട്ടുകൾ പൊന്തിവന്നു

മരവിച്ചുചത്ത യുഗങ്ങൾതൻ പ്രേതങ്ങൾ
മരണനൃത്തങ്ങൾ നടത്തിവന്നു

അവയുടെ ചുററിലും ദൈവചൈതന്യങ്ങൾ
അവതരിപ്പിച്ച പുരോഹിതന്മാർ,

വളരുന്ന കാലത്തിൻ നിർമ്മാണശക്തിതൻ
മുളകളെ നുള്ളുകയായിരുന്നു.

വരികയാണിന്നുമാ പ്രേതങ്ങൾ, റദ്ദായ
പുരുഷസൂക്തങ്ങളും പാടിപ്പാടി!

വരികയാണിന്നുമാ പ്രേതങ്ങൾ: നാടിനെ
വരിയുവാൻ കൊന്തകളാൽ പൂണുനൂലാൽ!

ഒരു പൂണുനൂലിനും കൊന്തയ്ക്കും പിന്നിലെ
മരണായുധപ്പുര ഞങ്ങൾ കണ്ടു!

ഇടനാഴികകളിലൂടെ, നൂററാണ്ടുകൾ മരവിച്ചോ-
രിരുൾഗുഹകളിലിമചിമ്മാതലയുവോരേ,

അടിവയ്പിൽ കാലത്തിന്നടികളേല്ക്കെ, — ക്കടും-
തുടികൊട്ടും നിങ്ങൾതൻ ചേതനകൾ

പുണ്ണുപിടിച്ചഴുകുന്നോരവയുടെ മന്തുകാൽ
ചെന്നു പതിഞ്ഞേടത്തെപ്പാടുകൾ നോക്കി,

വായ്പൊത്തി പിൻതുടരാൻ വരണംപോൽ ഞങ്ങളും
വാടാത്ത യുവരക്തസിരകളുമായ്!

സമഭാവനതൻ സുന്ദരജന്മാന്തരസുകൃതാത്മക-
സമതലോപാന്തങ്ങളിലാഞ്ഞുകേറി,

നൂററാണ്ടുകൾ മുമ്പുമുതൽ ഞങ്ങൾതൻ കാലുകളിൽ
പൂട്ടിത്തളച്ചിട്ട ചങ്ങലകൾ

തരിതരിയായ് പൊട്ടിച്ചടർത്തിയിട്ടവയാലി-
ന്നരിവാളുകൾ തീർക്കുകയാണിവിടെ ഞങ്ങൾ!

ഇനി ഞങ്ങളാൺപെണ്ണടക്കമീ മണ്ണിൽനി
ന്നിനിയത്തെജ്ജീവിതവിള കൊയ്യട്ടേ!

മണ്ണിൻെറ കൈയിലെ പാനപാത്രങ്ങളിൽ
വിണ്ണിൻവിഷച്ചാറൊഴുക്കിടൊല്ലേ!

സ്മൃതികൾതൻ ശ്രീകോവിലിലായുധം നിർമ്മിക്കും
കൃതയുഗവേദാന്തവാദികളേ,

മുരടിച്ച മതവാഴ്ചയ്ക്കിവിടെല്ലാമാത്മീയ-
ത്തിരികത്തിച്ചരുനില്ക്കും വിഡ്ഢികളേ,

ഇതു കണ്ടോ, മന്ത്രമ; —ല്ലഴിമതികളറുത്തെറിയാൻ
പുതിയൊരു ജീവിതശാസ്ത്രഖഡ്ഗം

വരികയാണിനി ഞങ്ങൾ: കൊന്തകളും പൂണൂലും
വരിയാത്ത മാനവഭാവനകൾ,

പുതിയ യുഗത്തിൻെറ സന്ദേശവാഹകർ;
പുതിയ സംസ്കാരത്തിൻ ഗായകന്മാർ!

വഴിവക്കിൽനിന്നൊന്നു മാറുക; ഞങ്ങൾക്കു
മുഴുമിക്കാനുണ്ടിന്നൊരശ്വമേധം!

നിങ്ങൾക്കുള്ളതുപോലെൻനാട്ടിൽ
ഞങ്ങൾക്കുണ്ടൊരു മുത്തശ്ശി!

കഥപറയാറു, —ണ്ടന്തിക്കോരോ
കവിതകൾ മാനത്തുലയുമ്പോൾ,

വെള്ളരിയുടെ മലർമൊട്ടുകൾ മഞ്ഞ
പ്പുള്ളികൾ കുത്തിയ പാടത്തിൽ,

നീലക്കറുകക,ളണിമുക്കുററികൾ
ചേല വിരിച്ച വരമ്പിന്മേൽ,

കൂടും ഞങ്ങൾ മുത്തശ്ശിയുമായ്
കൂലിക്കാരുടെ കഥ പറയാൻ!

കോലക്കുഴലുമെടു, —ത്തരയാലിൻ
മോളിൽ കാട്ടാറിൻകരയിൽ,

സ്നാനംചെയ്യാനണയും ഗോപിക
മാരുടെയുടുതുണി മോഷ്ടിച്ചും,

കാടുകൾതോറും കൊള്ളയടിച്ചും,
കാമവികാരവിജൃംഭിതനായ്

നാളുകഴിച്ചൊരു 'കണ്ണൻ'തൻ കഥ
നാളിൽനാളിൽ പറയാനും,

മദിരാക്ഷികളും മദിരയുമായി
സ്തുതിപാഠകരുടെ മദ്ധ്യത്തിൽ

വാ,ണരചാളും പെരുമാളിൻകഥ
വാഴ്ത്തിപ്പൊക്കിപ്പറയാനും,

മുത്തശ്ശിക്കൊരു രസമി, —ല്ലങ്ങനെ
മുക്തിസ്വർഗ്ഗംപൂകാനും.

ദൂരെ കായലിൽ മുങ്ങിത്തപ്പി
ചേറിൻപാളികൾ കുത്തിപ്പൊക്കി

വയലിനുചുററും കോട്ടവളയ്ക്കും
കരിമലയന്മാർ പോകുമ്പോൾ,

ആകെ വിയർത്തു തളർന്നും, പട്ടിണി
പാകി വളർത്താൻ പണിചെയ്തും,

തോളത്തോരോ തൂമ്പയുമായ്, ത്തൊഴി-
ലാളികളാവഴി പോകുമ്പോൾ,

പറയാറുണ്ടാ, ത്യാഗത്തിൻ കഥ
പതിവായ് പതിവായ് മുത്തശ്ശി!

തളരാതുള്ളൊരു സംസ്കാരത്തിൻ
തലമുറയാണാ മുത്തശ്ശി!

തോളിൽമുട്ടി,ക്കാതിൽത്തങ്ക
ത്തോടകളൂഞ്ഞാലാടുമ്പോൾ,

ചേലിൽ, ചെറുനൂൽച്ചരടിൽ, സ്വർണ്ണ
ത്താലികൾ മിന്നലു നെയ്യുമ്പോൾ,

മാറത്തങ്ങനെ മാററങ്ങൾക്കൊരു
മാതൃകപോലെഴുമാ മുലകൾ

കാലം ചപ്പിച്ചാറുകുടിച്ചവ
പോ,ലങ്ങിങ്ങായാടുമ്പോൾ,

ചിരിപൊട്ടിപ്പോമാർക്കും, —വപ്പി
ക്കിറിയിൽച്ചുളിവുകൾ ചുരുളുമ്പോൾ!

മുത്തശ്ശിക്കൊരു കഥയു,—ണ്ടെന്നും
മുട്ടിക്കൂടി ചോദിച്ചാൽ,

പറയാറുണ്ടവർ; വിങ്ങിപ്പൊട്ടി-
ക്കരയാറുണ്ടതു പറയുമ്പോൾ!

വെറുമൊരു കഥയാണെന്നു പറഞ്ഞാൽ
ശരിയാവി, —ല്ലതു കേൾക്കുമ്പോൾ,

പറയും നിങ്ങൾ —"ചോര ചുവയ്ക്കും
സ്മരണകൾ കാണില്ലിനിയാർക്കും...."

2

"....പന്തീരാണ്ടുകൾ മുമ്പാ, —ണന്നൊരു
പഞ്ഞക്കർക്കിടമാസത്തിൽ

പട്ടിണികൊണ്ടീ നാട്ടിൽ പലരും
പട്ടികൾമാതിരി ചത്തപ്പോൾ,

പത്തായത്തിനു നാട്ടിന്നുടമകൾ
പുത്തൻ താഴുകൾ തീർപ്പിക്കെ,

അതുകണ്ടലറിയിറങ്ങീ നീളെ
പ്രതികാരോഗ്രപിശാചുക്കൾ!

അരിവാളുകളുടെ ചുണ്ടിൻവക്കിൽ
ചിരികൾ പൊട്ടിവിടർന്നപ്പോൾ,

ചിതയുടെ രക്തസ്വപ്നംകണ്ടൂ
ചിതലുകൾ മുററിയ നെല്ലറകൾ!

"ഉടമകൾ തോക്കും ലാത്തിയുമായി-
ട്ടടവുചവുട്ടീ പലവട്ടം.

കത്തുംവയറിൽ വരിഞ്ഞുമുറുക്കീ
കച്ചത്തോർത്തുകൾ പാവങ്ങൾ!

പലരും പട്ടിണി തല്ലിയൊതുക്കാ-
നുടമകളൊരുമിച്ചെത്തുകയാൽ,

ചത്തടിയുകയാ,യട്ടിയിലട്ടിയിൽ
നിർദ്ധനരുടെ കങ്കാളങ്ങൾ!"

".... അടിയേല്ക്കുമ്പോൾ വേദനയില്ലേ
വെടികൊണ്ടാലോ മുത്തശ്ശീ?

എങ്ങനെ വേദനതിന്നവർ നിന്നൂ...."
ഞങ്ങളിലൊരുവൻ ചോദിക്കും!

വിങ്ങിപ്പൊട്ടി ഗദ്ഗദവായ്പോ-
ടിങ്ങനെ തുടരും മുത്തശ്ശി:

"വേദനയെന്നോ.... പ്രാണൻ പിടയും
വേദന നിങ്ങൾക്കറിവുണ്ടോ?

തീവെടിയുണ്ടകളലറുന്നതു കേ-
ട്ടാവിപറക്കും ഹൃദയവുമായ്,

ഞെട്ടിവിറച്ചെൻ വീടിൻമൂലയി-
ലൊട്ടിച്ചൂളിയിരുന്നപ്പോൾ,

പച്ചച്ചോരമണത്തിൻ പിറകേ
പിച്ചിച്ചീന്തിയ മാംസവുമായ്, —

ഒന്നോ രണ്ടോ വെടി നെഞ്ചത്തേ-
റ്ററന്നോമനമകനാ രാവിൽ

ഓടിയണഞ്ഞു തളർന്നെൻ മടിയിൽ
വീണു മലർന്നൂ ഗതബോധം....

"വളരെക്കാലംകൊണ്ടു ചികിത്സി-
ച്ചളവില്ലാത്തൊരു വേദനയിൽ,

മുറിവുകൾ വാടിയുണങ്ങീ; കാണാം
കരിവാളിച്ചൊരു വടു നെഞ്ചിൽ!"

"....എവിടെ കണ്ടിട്ടി,ല്ലാ മകനി-
ന്നെവിടെപ്പോയീ മുത്തശ്ശീ?...."

ഒന്നായ് ഞങ്ങൾ ചോദിക്കുമ്പോൾ
ഒന്നു ചിരിക്കും മുത്തശ്ശി!

"അക്കഥ പറയാ, —മെൻ മകനിപ്പോൾ
സർക്കാരിൻെറ തടങ്കലിലായ്!

അന്നവനോടൊത്തുടമകളോടാ-
യങ്കംവെട്ടാനെത്തിയവർ,

അരചാളുന്നൂ മന്ത്രിപദത്തിൽ
അധികാരികളായിന്നിപ്പോൾ....

അവനെജ്ജയിലിലടയ്ക്കാനുത്തര-
വരുളിയതവരാ, —ണവർ മാത്രം!"

കഥ മുത്തശ്ശി പറഞ്ഞുകഴിഞ്ഞാ
മുതുകെല്ലൊന്നു നിവർക്കുമ്പോൾ,

കാറണിമാനത്താരോ ചോര-
ക്കീറുകൾകൊണ്ടൊരു കൊടി നെയ്യും!

തെററിക്കാടിൻ വള്ളിഞരമ്പിൽ-
പ്പററി,പ്പാടത്തിൻ കരയിൽ,

പൂവുകൾ കണ്ടാൽ പറയും ഞങ്ങൾ:
".... പൂത്തൂ, മണ്ണിൻ ചുടുരക്തം!"

## രണ്ടു പാട്ടുകൾ

പത്തുറുപ്പികയുടെ
നോട്ടുമായ് നഗരത്തി-
ലെത്തി ഞാ, — നവളുടെ
പാട്ടൊന്നു കേൾക്കാൻമാത്രം.

കൊട്ടക നിറഞ്ഞുപോയ്;
എന്തൊരാൾത്തിരക്കെന്നോ,—
പൊട്ടിയ ഹൃദയത്തിൻ
നൂലിഴ പിടയ്ക്കുന്നു!

നിന്നു ഞാൻ തിയേററിൻ-
മുമ്പിലങ്ങനെ, കലാ
സുന്ദരവർണ്ണോജ്ജ്വല-
സ്വപ്നമേഖല നോക്കി

ചന്ദ്രികപൂശും ദീപ-
ഗോളമൊന്നെരിയുന്നൂ
മുന്നി,ലിത്തിരി ദൂരെ
ചിത്രശാലതൻ മോളിൽ!

വിശ്രുതയാണാ യുവ-
ഗായിക, — യവളുടെ
വിശ്വവശ്യമാം ഛായാ-
ചിത്ര,മുണ്ടതാ മുന്നിൽ!

അവൾതൻ സംഗീതത്തെ-
ക്കാളുമാസ്വദിക്കുവ
തവൾതൻ മാംസത്തെയാ-
ണിന്നത്തെച്ചെറുപ്പക്കാർ!

പത്തുറുപ്പികയുടെ
കാര്യമോർക്കുമ്പോൾ പെട്ടെ-
ന്നുൾത്തടം കിടുങ്ങുക-
യാണെനി, — ക്കെന്താണെന്നോ?

തായ കാത്തിരിക്കയാ-
ണാറേഴുനാളായ്, ദൂരെ-
പ്പോയ തൻ മകനുടെ
മണിയാർഡറും നോക്കി!

അരിയി,—ല്ലതു വാങ്ങാൻ
പൈസയി, — ല്ലവരുടെ
ദുരിതം പകർത്തിയ
കുറിപ്പുണ്ടെൻ കീശയിൽ!

കിട്ടിയ പണം പാട്ടു-
കാരികൾക്കായിത്തീർത്താൽ....
കൊട്ടകയ്ക്കുള്ളിൽ പൊങ്ങീ
വീണതൻ മണിനാദം!

ഇത്തിരിയിടകൊണ്ടു
ഞാനുള്ളിലെത്തീ,പോയ
പത്തുറുപ്പികയ്ക്കൊരു
പലകക്കസാലയും!

മിന്നിയ നിരവധി
ദീപമാലകൾ ചൂഴും
സുന്ദരസ്വപ്നാത്മക-
ഗാനവേദിയിലതാ

തൻ വിപഞ്ചികയുടെ
ജീവനാഡികൾ,— രാഗ-
തന്ത്രികൾ,—തോറും ക്രമാൽ
കൈവിരൽ പെരുമാറി,

മാദകമൊരു കിനാ-
വിൻെറ പൊൻവല വീശി,
നാദമേഖലകളിൽ
പ്രാണഹർഷങ്ങൾ പൂശി,

പാടുകയാണാ യുവ-
ഗായിക, — പരിസരം
പാവനമൊരു ദിവ്യ-
ഗാനമായ് മാറീ വേഗം!

"......പ്രേമമനോഹരഗാനം — ജീവിത-
കാമമനോജ്ഞവിതാനം.....

മദിരയിൽ മുങ്ങി ഹൃദയം വിങ്ങി
മധുരിമ പകരും ഗാനം......

ഒഴുകുകയാണെൻ സിരകളിലൂടെ
തഴുകുക പുണരുക ദേവാ!

ആ മധുരോന്മദമധുചഷകംപോൽ
പ്രേമസ്വർഗ്ഗം നിൻഹൃദയം

നിർവൃതിയരുളുക ദേവാ ജന്മം
നിൻ മധുചുംബനസുഖഭോഗം!

പ്രേമമനോഹരഗാനം — ജീവിത-
കാമമനോജ്ഞവിതാനം......."

നേരിയ മഞ്ഞപ്പട്ടു-
സാരിയിലൊതുങ്ങാത്ത
താരിളം കുളിർമെയ്യിൽ
യൗവനം വിരിയുന്നു!

ചമ്പകമലരുകൾ
വിരിയെ, ചുണ്ടിൻവക്കിൽ
ചന്ദ്രികപെയ്തൂ മധു
രോന്മാദമദിരയും!

രാസസാഗരത്തിന്റെ
പങ്കായച്ചാലിൽക്കൂടി
മൂകയായൊരു കളി-
ത്തോണിപോലൊഴുകി ഞാൻ!

വളകൾ കിലുക്കിക്കൊ-
ണ്ടെൻചുററും ചിരിക്കുന്നൂ
പുളകക്കുരുന്നുക-
ളിളകും നീർപ്പോളകൾ!

ഗാനമെൻ ഹൃദയത്തിൽ
സ്വപ്നങ്ങൾ കൊരുക്കുന്നൂ
വാനിലെ മയിൽപ്പിട
പീലികൾ വിടർത്തുന്നു!

നിന്നുപോയ് ഗാനം, ഞാനൊ
രോമനസ്വപ്നത്തിങ്കൽ
നിന്നുണർന്നമ്പെപ്പക
ച്ചെൻ ചുററും കണ്ണോടിക്കെ,

ഗായികയില്ലാ മുന്നി,-
ലാളുകൾ പിരിയുന്നൂ
മായികനിമേഷങ്ങൾ
പറന്നൂ പള്ളിത്തേരിൽ!

ആ ജനപ്പെരുപ്പത്തിൽ
ഞാനുമൊരോർമ്മത്തെററായ്
രാജപാതയിലൂടെ-
യങ്ങനെ നടക്കുമ്പോൾ,

ആ വഴിക്കവലയിൽ-
നിന്നൊരു ശോകാത്മക
ജീവിതഗാനം പറ-
ന്നെൻ ചെവികളിൽ മുട്ടി!

കീറിനാറിയ കാക്കി-
നിക്കറു, — മതുപോലൊ-
രീരിഴക്കച്ചത്തോർത്തു-
മോടപ്പുൽക്കുഴലുമായ്

പട്ടണത്തിലേക്കൊരു
പേക്കിനാവണഞ്ഞെന്നോ
കട്ടികൂടിയ ചുററു-
പാടുകളലിയിക്കാൻ!

ചന്തയിൽക്കുറച്ചിട
നിന്നു ഞാ, — നവൻെറ പാ-
ട്ടന്തരീക്ഷത്തിൻ
കണ്ണിൻപോളകൾ നനയ്ക്കുന്നു.

"നിർവൃതി! നിർവൃതി! നിങ്ങൾ പറയും
നിർവൃതിയെന്താണറിയാമോ?

രാഗം മൂളും സിനിമാശാലകൾ
ഭോഗവികാരവിലാസിനികൾ,

കള്ളുമിറച്ചിയുമുള്ളിലൊതുക്കി
തുള്ളും പ്രാകൃതനർത്തകികൾ,

നിർവൃതിയാണിവ നിങ്ങൾക്കെന്നോ.....
നിർവൃതിയിപ്പോൾ ഞാനറിയും!

നിങ്ങൾക്കവയുടെ നിർവൃതിയിങ്കൽ
മുങ്ങിത്താഴാം, —പണമില്ലേ?

വരുമോ സോദര, വരളുകയാണെൻ
വയറുലയൂതും പട്ടിണിയിൽ!

കുരുടൻ ഞാ,— നെൻ കണ്ണുകൾ കണ്ടും
കൊടിയ വസൂരി വിഴുങ്ങിപ്പോയ്!

നിങ്ങൾക്കരുളുകയില്ലിതു നിർവൃതി
ഞങ്ങൾ പാടും പാട്ടല്ലേ?

വരുമോ വരുമോ—മൺചട്ടിയിലേ
ക്കൊരു കാശെങ്ങാൻ വീണെങ്കിൽ!......"

രാഗബോധവും താള-
ച്ചിട്ടയുമില്ലാഗാന-
മാകെയുമപസ്വര-
പൂർണ്ണമാണെങ്കിൽത്തന്നേ,

ജീവിതം പിടയ്ക്കുക-
യാണതിൽ, കണ്ണീരിൻെറ
ജീവിതം ദഹിക്കുക-
യാണതിൽ നീറിപ്പററി!

ഇത്തിരിയിട മുമ്പാ
മാംസസഞ്ചലനങ്ങൾ
ചിത്രശാലയെ നാദ-
സ്വർഗ്ഗത്തിലുയർത്തെങ്കിൽ

കണ്ണെന്താമരയത്തി-
ലന്തരീക്ഷത്തിൽപ്പൊങ്ങി
കണ്ണുനീർ പകരുക-
യാണെങ്ങുമീ സംഗീതം!

ഹൃത്തടം നനഞ്ഞുപോയ്
നല്കേണ്ടിയിരുന്നതാ-
പത്തുറുപ്പിക ചന്ത-
പ്പാട്ടിനാണെന്നോർമ്മിക്കെ!

അത്രമേലതിൻ ഭാവ-
ശുദ്ധിയിലുൾച്ചേർന്നിട്ടു-
ണ്ടപ്പാട്ടുകാരൻതൻെറ
കണ്ണീരും ഹൃദ്രക്തവും!

# സ്ഥാനാർത്ഥിയുടെ മകൻ

കൈയ്ക്കു വിലങ്ങിട്ടു പോലീസുകാർ, ജയിൽ-
മുക്കിലടയ്ക്കാൻ മകനെപ്പിടിക്കവേ,

ചൂരൽക്കസാലമേൽ ചാരിയിരുന്നയാ-
ളൂറിച്ചിരിച്ചു: "നിറുത്തെടാ ഗോഷ്ടികൾ!"

ചെററും കുലുങ്ങാതിരുമ്പുകൊളുത്തുകൾ
ചുററിയ കൈത്തണ്ടുയർത്തിത്തൊഴുതവൻ

അച്ഛനോടോതി: "ജനങ്ങളെ വാങ്ങുവാൻ
കൊച്ചുമകനെത്തുറുങ്കിലടയ്ക്കണോ?"

ചാടിയെഴുന്നേ,ററെരിയും ചുരുട്ടൊന്നു-
കൂടി വലിച്ചാഞ്ഞെറിഞ്ഞു കോപിച്ചയാൾ

പുത്രൻെറ നേർക്കു തിരിഞ്ഞു: "കുടുംബത്തി-
നെത്ര ലജ്ജാകരം നിൻെറയിജ്ജീവിതം

തന്തയെക്കുററം പറഞ്ഞു പറഞ്ഞു നീ
ചന്ത നാററിക്കുന്നു; ററനിൻ ഗതികേടുകൾ!

തെണ്ടിയലയാനിടയാക്കിയില്ല ഞാൻ
രണ്ടക്ഷരം പഠിപ്പിച്ചതുകാരണം,

അച്ഛനെത്തന്നെയതിന്നെതിർക്കേണ, മീ
പിച്ചവയ്പിൽത്തന്നെ കാൽ തകരേണ്ടയോ?......"

"തെററിദ്ധരിക്കയാണച്ഛ," —നവൻ തൻെറ
നെററിവേർപ്പൊപ്പിത്തുടർന്നൂ പൊടുന്നനെ:

"അച്ഛൻ കഥയറിയാതെ രസിക്കയാ-
ണച്ചതിയന്മാരരങ്ങൊരുക്കുമ്പൊഴും!

പാവതുള്ളുന്നുവോ കഷ്ട,— മാ കൂത്തുകാർ
പാടിത്തരുമ്പോളതിന്നൊത്തഹർന്നിശം?

അന്ത്യവെപ്രാളമാണച്ചനുൾപ്പെട്ടൊരീ
നിന്ദ്യസാമൂഹ്യവ്യവസ്ഥിതിക്കിപ്പോഴേ.

ഉണ്ടെനിക്കച്ഛനോടൊന്നറിയിക്കുവാൻ
രണ്ടു കാൽമാററം കഴിഞ്ഞതോർക്കുന്നുവോ?"

ഒന്നു കൊടുത്തിതവന്നു പോലീസുകാർ;
തിന്ന ചോറിന്നവർ നന്ദികാണിക്കണം!

പൊട്ടിച്ചിരിച്ചു പറഞ്ഞിതാ സ്ഥാനാർത്ഥി
പുത്രനോ: "ടെൻെറ മകനല്ല നീയിനി......"

"അല്ല," മകനോതി: "തങ്ങളിലിങ്ങനെ
തല്ലിയകലുന്ന വർഗ്ഗങ്ങളാണു; നാം!

ഒന്നു മരിക്കാൻ പിടയ്ക്കുകയാണു; മ-
റെറാന്നു ജീവിക്കുകയാണു ജീവിക്കുവാൻ!...."

2

കാലം കടന്നൂ ചുടുചോരകൊണ്ടതിൻ
കാൽമുദ്ര കുത്തിയ പാടുകൾ കണ്ടു നാം

മന്ത്രിയാണച്ഛൻ; ജയിലിൽ മകൻ; നീളെ
യന്ത്രായുധങ്ങൾതൻ പൊട്ടലും ചീററലും!

ആർത്തിരമ്പിക്കുതിച്ചെത്തുകയാണവർ
ചീർത്ത വിശപ്പിൻെറ രക്തപതാകകൾ!

ജീവിതത്തിൻെറ നിലനില്പിനെത്രയോ
ജീവരക്തത്താൽ വളമിട്ട മർദ്ദിതർ!

ലാത്തിയാൽ തോക്കാലുറപ്പിച്ചിരുന്നതാം
പൂഴ്ത്തിവയ്പിൻെറ പത്തായങ്ങളൊക്കെയും

കുത്തിപ്പൊളിച്ചു മുതലെടുത്തെത്തുന്ന
മർത്ത്യസംസ്കാര ശാസ്ത്രീയപ്രവാചകർ!

ഉണ്ടവർതൻ ഘോഷയാത്രയിലായിരം
തെണ്ടികൾ തസ്കരസംഘങ്ങൾ വേശ്യകൾ!

ചീർത്ത കരിങ്കാറുകൾ മുഷിപ്പിച്ചുവോ
പൂത്ത നിലാവിൻെറ പട്ടണിമെത്തകൾ!

3

അച്ഛൻ വിറച്ചു; മകൻ പറഞ്ഞു: "വേഗ-
മച്ഛനു പോലീസിനെ വരുത്തേണ്ടയോ?

കണ്ടമാനംകേറി വൃത്തികേടാക്കിയോ
'തെണ്ടികൾ' വന്നീ കസേരകളത്രയും?"

"..... പൊന്നുമകനേ....." പിതാവുപറഞ്ഞുപോയ്:
"നിൻ ദീർഘദർശനമുഗ്രമാം സത്യമായ്!

സ്ഥാനാർത്ഥിയാണു ഞാനിന്നും; — മനുഷ്യൻെറ-
യാ നാട്ടിലേക്കിനി കൈകോർത്തുപോക നാം......"

# ഗാനോത്സവം

കൈമണികൾ, വായ്ക്കുരവകൾ, പുല്ലാങ്കുഴലൂത്തുകൾ,
കയ്യടിക, — ളവിടെന്തു നൃത്തമേളം!

അവിടേക്കൊതുങ്ങിയലിഞ്ഞലിഞ്ഞുൾച്ചേരു-
ന്നതു കണ്ടോ സൗന്ദര്യചക്രവാളം!

കുടുകുടെ പൊട്ടിച്ചിരിച്ചു ചിരിച്ചാടി-
ക്കുഴയുന്നൂ രാഗാർദ്രഭാവനകൾ!

പുളകങ്ങൾ വിരിയുന്ന ഹൃദയങ്ങൾ തങ്ങളിൽ
പുണരുന്നൂ പുലരുന്നൂ ഭാവുകങ്ങൾ!

സ്വപ്നങ്ങളുമായ് നമ്മെ സ്വർഗ്ഗങ്ങളെതിരേററാൽ
സ്വല്പവുമതിലില്ലേ കരൾകുളിർക്കാൻ

അതിലില്ലേ വിശ്വങ്ങൾ വിലയിക്കും മധുരിമകൾ,
അതിലില്ലേ നാടുണരും നാദലയങ്ങൾ?

2

ഞാനധികം പറയുന്നി, — ല്ലെൻ നാട്ടിൽ വരൂ നിങ്ങൾ
കാണാമീ പരിപാടികളവിടില്ലെങ്കിൽ!

ഒരു ദിവസമൊരുദിവസം മാത്രമാണീ നാട്ടി-
ലൊരു ചെറിയ ഗാനോത്സവസമ്പ്രദായം!

ഇതിനൊക്കെക്കഥപറയും മുത്തശ്ശികൾ: "വയലുകളിൽ
പതിരില്ലാക്കതിരുകൾ വിളയണംപോൽ...."

ഒരിടത്തുമീയൊരുനാളൊരിടത്തും പോകുകയി-
ല്ലൊരുവർക്കും വേണ്ടി പണിയെടുക്കാൻ!

ഒരു കാര്യം നിങ്ങളെയറിയിക്കാൻ വിട്ടുപോയ്:
ഒരുവരുമില്ലീ നാട്ടിൽ മുതലുടയോർ!

3

ഇന്നാണാ മധുരോത്സവ; — മിവിടത്തെ പെണ്ണുങ്ങളെ-
യിന്നാരും കണ്ടൊന്നു കണ്ണുവെയ്ക്കും!

ഇന്നലെ പാടത്തു കററ്ചുമന്നിവരൊക്കെ
വന്നതാ,ണാ വേഷമോർമ്മയുണ്ടോ?

പാടുപെട്ടിന്നലെ കുററുകുററച്ചെള്ളകളിൽ
പാടത്തിവർ പണിചെയ്യതോർമ്മയുണ്ടോ?

അവരൊക്കെത്തൂവെള്ളത്തുണികളുടുത്തങ്ങനെ
അണിനിരന്നാടുന്നൂ ദേവനൃത്തം!

കൊതിവന്നോ നിങ്ങൾക്കു? കലിയുന്നോ കണ്ണുകൾ
മതിയാക്കൂ കാപട്യക്കലിതുള്ളലുകൾ!

വിഭവങ്ങൾ വിളയുന്ന 'നാളേകൾ' സൃഷ്ടിക്കാൻ
വിടുവേലചെയ്തു വലയുവോർക്കും,

ഒരുദിവസമെങ്കിലുമാഹ്ലാദിക്കേണ്ടയോ
വരുതിയവർ വാങ്ങിച്ചതാണിതിന്നും!

4

അകലത്തിൽ നിന്നൊന്നതു കണ്ടോളൂ; നിങ്ങൾക്കീ
സുഖനിർവൃതിയുണ്ടായിക്കാണുകയില്ല!

ആടുമ്പോ, — ഉവരോരോ നാടോടിപ്പാട്ടുകൾ
പാടുമ്പോൾ, കോലിട്ടടിച്ചിടുമ്പോൾ,

കൈയടികൾ മുറുകുമ്പോൾ കൈമണികൾ കിലുങ്ങുമ്പോൾ,
മെയ്യാകെ കോരിത്തരിക്കയില്ലേ?

അകലത്തിൽ നിന്നൊന്നതു കണ്ടോളൂ: നിങ്ങൾക്കീ
സുഖനിർവൃതിയുണ്ടായിക്കാണുകില്ല!

പവനൊക്കെച്ചെലവാക്കിപ്പാട്ടുകച്ചേരികൾ
അവിടെ നടത്താറില്ലേ പട്ടണത്തിൽ?

പറയാമോ പരമാർത്ഥം? അതിലുമുണ്ടാവാത്ത
പരമാനന്ദം നിങ്ങൾക്കുളവായില്ലേ?

# അറുപതാം വയസ്സിൽ

"........കണ്ടുവോ? മുന്നോട്ടൊരാളീവഴി കടന്നുപോയ്;
രണ്ടു കാൽച്ചുവടങ്ങോർ നീട്ടിവച്ചിരിക്കണം......."

ഹിമവത്സാനുക്കളിൽ
        നിർജ്ജനഗുഹകളിൽ
ഇമകൾ പൂട്ടി, ധ്യാന-
        മൂകരായ് നൂററാണ്ടുകൾ

മേയുവാൻ വിട്ടൂ മഞ്ഞി-
        ലുറഞ്ഞു മരവിച്ച
മാനവസംസ്കാരത്തെ
        ചങ്ങലത്തുമ്പിൽ പൂട്ടി!

വന്നുനില്ക്കുകയാണു
        കാൽത്തളപൊട്ടിച്ചവ-
ളിന്നിതാ പണിക്കാർതൻ
        നാട്ടിലെ വഴിവക്കിൽ.

(അവളിൽത്തലപൊക്കു
        മോർമ്മക,—ഉന്നാണാദ്യ-
മവൾതൾ ചോരയ്ക്കല്പം
        ചൂടുകിട്ടിയതത്രേ!)

കടൽവക്കത്തെ മണൽ-
        ത്തട്ടിൽനിന്നൊരാളന്നു
കയറിച്ചെന്നൂ മല-
        ങ്കാട്ടിലെ മരച്ചോട്ടിൽ!

അവൾ ഞെട്ടിപ്പോയ് മുമ്പു
        കണ്ടിട്ടില്ലതുപോലൊ-
രഭിമാനോജ്ജൃംഭണം; —
        പരന്നൂ മണ്ണിൻ ഗന്ധം......

ശ്രീ എ. ബാലകൃഷ്ണപിള്ളയുടെ ഷഷ്ട്യബ്ദപൂർത്തി പ്രമാണിച്ചെഴുതിയത്.

പേനയുമരിവാളും
 കൈകളിലേന്തി, പൂത്ത
കാനനക്കരിക്കൊടി-
 വള്ളികൾ മുറിച്ചയാൾ,

വിടരും മിഴിയോടെ
 വന്നടുത്തപ്പോൾ,ചോര
പൊടിയുന്നതു കാണായ്
 തുളുമ്പി പേനത്തുമ്പിൽ!

അവൾതൻ കാലിൽ ചേർന്ന
 ചങ്ങല മുറിച്ചയാ-
ളരിവാളവൾക്കേകി
 പറഞ്ഞു: "വരൂ വേഗം....."

പിന്നിലായ്പ്പററിക്കൂടി
 നടന്നാളവ; — ളയാ-
ളൊന്നിനൊന്നകന്നുപോ-
 യെന്തൊരു കാൽവെയ്പുകൾ!

കുണ്ടിലും കുഴിയിലും,
 ചേറിലും മുനകൂർത്ത
കണ്ടകപ്പരപ്പിലും,
 നടന്നുനടന്നവൾ,

ഒരുമട്ടവിടെത്തീ:
 കേൾക്കയാ, ണിടിവെട്ടു-
മരിവാളുകളുടെ
 കിങ്കിലം ചുററും ചുററും!

തികച്ചും പുതിയതാ-
 ണസ്ഥലമവൾ, — ക്കപ്പോൾ
തിളച്ചൂ ഹൃദയത്തിൻ
 കുഴലിൽച്ചുടുരക്തം!

ആററിലെക്കുണുങ്ങിയ
 കുഞ്ഞലകളിൽ, കൊടു-
ങ്കാററടിച്ചപ്പോളൊരു
 ഗർജ്ജനം മുഴങ്ങുന്നു!

അന്തസ്സിൽ തലപൊക്കി
 നിന്ന വന്മരങ്ങളിൽ
ചിന്തതൻ കടന്നൽക്കൂ-
 ടിളകീ; —ചലനങ്ങൾ!

ജപമാലയെ, യോഗ-
      ദണ്ഡിനെ,ച്ചെങ്കോലിനെ
ജടയെ തകർക്കുവാൻ
      കടലിൽത്തള്ളാൻ മാത്രം,

അലറിപ്പാഞ്ഞെത്തുമാ
      കാററിനോടമ്പെപ്പക-
ച്ചവൾ, —മാനവശാസ്ത്ര-
      സംസ്കൃതി — യന്വേഷിച്ചൂ:

"കണ്ടുവോ, മുന്നോട്ടൊരാളീവഴി കടന്നുപോയ്;
രണ്ടു കാൽച്ചുവടങ്ങോർ നീട്ടിവച്ചിരിക്കണം....."

"........കണ്ടു ഞാൻ ദിക്കിൻ
      വക്കിൽ,കാററടിച്ചിളക്കുന്ന
കർമ്മധീരനെ, കടൽ-
      ത്തീരത്തെ മണൽത്തിട്ടിൽ...."

ഉത്തരം പൊങ്ങീ കാററിൻ
      നാവിൽനിന്നേവം — ദൂരെ
രക്തവൈജയന്തികൾ
      ചക്രവാളത്തിൽ പൊങ്ങീ!

ആഴിയിൽത്തിരക്കൈക-
      ളന്തരീക്ഷത്തിൽ പൊങ്ങി-
ത്താഴുന്നൂ.....പ്രതികാരം
      ഗർജ്ജനം പ്രതിഷേധം!

ഒരു കൊയ്ത്തരിവാൾപോ-
      ലമ്പിളിക്കല വാനി-
ലൊളിവീശുന്നൂ കരി-
      ങ്കാറുകളുടെ നാട്ടിൽ!

പുലർന്നൂ നവോദയം,
      ചെമ്പനീർപ്പൂച്ചെണ്ടുക-
ളുലയെപ്പറന്നെത്തീ
      വെളിച്ചം പള്ളിത്തേരിൽ!

ഉരുളും കാലത്തിൻെറ
      തേർചക്രങ്ങളിൽനിന്നു-
മുതിരും ഗാനം മുള-
      ങ്കാടുകൾ മുഴക്കുന്നു!

കടലിൻ പ്രശാന്തഗം-
ഭീരതയൊരു ജൈത്ര-
പടഹം കൊട്ടാനുള്ള
പരിപാടികൾ തീർക്കെ,

കേരളമാഘോഷിക്ക-
യാണു ത, ന്നഭിമാന-
കേസരിയറുപതി-
ലെത്തുന്ന മഹോത്സവം!

ഈ നവയുഗത്തിൻെറ
കേരളീയാചാര്യനെ
മാനവസംസ്കാരമി-
ന്നിവിടെക്കണ്ടെത്തുമ്പോൾ

അവൾതന്നോടക്കുഴൽ
പാടുമിങ്ങനെ:"മേലാ-
ലവിടുന്നെന്നെക്കവെ-
ച്ചങ്ങോട്ടും കടക്കല്ലേ...

ഞാനുമുണ്ടടിവെയ്പി-
ലങ്ങയോടൊപ്പം, കടി-
ഞ്ഞാണിതാ പിടിച്ചോളൂ
ഭൂമിതന്നററത്തോളം......."

# ഒരു തുള്ളി രക്തം

[അന്ന് ഞാനൊരു കുട്ടിയാണ്. ചോരയുടെ നിറം കണ്ട് ഞാൻ ഞെട്ടിപ്പോയി. ജീവിതത്തിലെ ആദ്യത്തെ ഞെട്ടൽ!]

ഉമ്മറവാതിൽക്കൽ നീന്തിയണഞ്ഞു ഞാൻ,
അമ്മയെ കാണാഞ്ഞൊരുനാൾ,

ശോകവും കോപവും വാശിയും കൊണ്ടെൻെറ
മൂകത മുഞ്ഞിവീർപ്പിക്കെ,

അമ്മിഞ്ഞപ്പാൽപ്പത പററാതെ ചുണ്ടുക-
ളമ്പെ വരണ്ടതുമൂലം,

നാവാൽ നുണഞ്ഞു വിതുമ്പി ഞാ, — നെൻ കവിൾ-
പ്പൂവുകൾ വാടിക്കരിഞ്ഞു!

മുററത്തരളിതൻ ചോരമലരുകൾ
തെററിയുലയുന്നു കാററിൽ

ചെന്നവയോരോന്നിറുത്തെടുത്തങ്ങനെ
നിന്നു രസിക്കുവാൻ മോഹം!

എത്രയ്ക്കകലെയാണൊങ്ങനെ നീന്തി ഞാ-
നത്രമേൽ ദൂരത്തു ചെല്ലും?

അമ്മയെങ്ങോ പോയിരിക്കയാ — ണെൻെറയീ
വിമ്മിഷ്ടമാരുണ്ടറിയാൻ?

കണ്ണുനിറഞ്ഞുപോ, — യപ്പൊഴും ചിന്തകൾ
പുണ്ണുപിടിക്കുന്നു മുററും!

ഒട്ടകലത്തേക്കു തെററിത്തെറിച്ചുപോയ്
ദൃഷ്ടികൾ; രംഗങ്ങൾ മാറി!

കായലിന്നക്കരെ പച്ചയുടുപ്പിട്ട
കാടുകൾക്കൊക്കെയും ദൂരെ

ചോരക്കടലലച്ചാർത്തുക; — ളെൻ തല
നൂറുവട്ടം നിന്നുചുററി.

ചങ്കിനൊരാണി തറഞ്ഞു, — കരളൊരു
പന്തമായ് കത്തിപ്പടർന്നു!

ഞെട്ടിമറിഞ്ഞു ഞാ, — നമ്മയെടുത്തെന്നെ
കൊട്ടിയുറക്കിക്കിടത്തി.

അപ്പൊഴും പേടിച്ചുഞെട്ടിയിരുന്നു ഞാ,-
നിപ്പോഴുമമ്മ ചിരിക്കും:

"അന്തിച്ചുകപ്പു കണ്ടിങ്ങനെ പേടിച്ചു
വെമ്പുന്ന ഭീരുക്കളുണ്ടോ......?"

2

[ഞാൻ കുറേക്കൂടി വളർന്നു. രക്തം എൻെറ അനുകമ്പയെ പിടിച്ചുലച്ചു. ഞാൻ കരഞ്ഞു.]

ചന്തയിൽക്കൂടി നടക്കവേ പിന്നീടൊ-
രന്തിയിൽ ചോര ഞാൻ കണ്ടു.

തെല്ലകലത്തായ് കശാപ്പുകടയുടെ-
യുള്ളി,ലൊഴിഞ്ഞൊരു കോണിൽ,

കാച്ചിമിനുക്കിയ കത്തിയുമായൊരു
രാക്ഷസൻ ചീറിയണഞ്ഞു!

കാലുകൾ കെട്ടിവരിഞ്ഞൊരു പൊന്നുപൂ-
വാലിപ്പശുവുണ്ടവിടെ!

കണ്ണീരൊലിപ്പിച്ചുറക്കെക്കരഞ്ഞതു
മണ്ണിൽക്കിടന്നു പിടയ്ക്കെ,

ദീനയായ് പ്രാണനു കെഞ്ചുമാ ജന്തുവിൻ
താണ കഴുത്തയാൾ വെട്ടി!

ഉച്ചത്തിലുഗ്രമായൊന്നലറിപ്പിട-
ഞ്ഞുൽക്കടവേദനയാലേ,

ആ മധുരോദാരശാന്തമനോഹര-
മായ ശിരസ്സു തെറിച്ചു!

ചീററീ കുഴലിൽനിന്നെന്നപോൽ ചോര, — യാ
നാററമെൻ മൂക്കിലുണ്ടിപ്പോൾ!

ഞെട്ടുകയല്ല ഞാൻ ചെയ്തത, — ന്നെൻ കരൾ
പൊട്ടിയിരിക്കണം താനേ!

3

[എൻെറ ഹൃദയത്തിലേക്ക് ഹൃദയത്തിൻെറ രക്തം തെറിച്ചുവീണു. ഞരമ്പുകളെ പിടിച്ചുലച്ചുകൊണ്ട്, ചിന്തകൾക്കു തീപിടിപ്പിച്ചുകൊണ്ട്, ആ ഒരു തുള്ളി രക്തം എന്നിൽ ജീവിക്കുന്നു.]

എന്നിലുൾച്ചേർത്തിതുണർവ്വുമാവേശവും
പിന്നെയും ചോര ഞാൻ കണ്ടു.

ദാഹ, —മടങ്ങാത്ത ദാഹ, — മെൻ ചേതന
ദാഹിച്ചു വായ പിളർത്തി!

കോണി, — ലൊഴിഞ്ഞൊരു കോണിൽ ഞാനെൻ വീട്ടി-
ലാണന്നൊരുച്ചയായ് നേരം

അട്ടഹസിക്കുന്നു തോക്കുകൾ ചുററിലും
ചുട്ട തീയുണ്ടകൾ തുപ്പി!

ഗർജ്ജിച്ചടുക്കുന്നു മർത്ത്യൻെറ ജീവിത-
ദിഗ്ജയവിപ്ലവവീര്യം!

തീക്കനൽതുപ്പിക്കുരച്ചു നാണംകെടും
തോക്കിൻെറ മുമ്പിലേക്കോടി,

ചീററിവരും വെടിയുണ്ടകൾ മാർത്തട്ടി-
ലേററു ചിരിച്ചു മനുഷ്യൻ!

വാതിൽ തുറന്നു പുറത്തേക്കിറങ്ങി ഞാൻ
കാതിലലച്ചിതാ ശബ്ദം:

"വിപ്ലവം — ജീവിതവിപ്ലവ; — മെന്നന്ത്യ-
വിപ്ലവാ..ശംസ...സ...ഖാ....വേ...."

ഒന്നു തിരിഞ്ഞു ഞാ, — നെൻ മുന്നിലോടിവീ-
ണൊന്നു പിടച്ചിതാ ധീരൻ!

ആ യുവാവിൻെറ കരളിൽനിന്നൂറുന്നി-
താവിപറക്കുന്ന രക്തം!

കൈകളിൽ മാറിലെ ചോര വടിച്ചയാൾ
കണ്ണുതുറിച്ചെന്നെ നോക്കി!

ഞെട്ടിയില്ലന്നു വിറച്ചതില്ലന്നു ഞാൻ;
കട്ടപിടിക്കുന്നു രക്തം!

എൻനെഞ്ചിലേക്കൊരുതുള്ളി തെറിച്ചുവീ-
ണൊന്നു മിനുങ്ങിക്കുറുകി!

ഇന്നുമതിൻെറ ചൂടെന്നിലു, — ണ്ടുണ്ടാകു-
മെന്നു; — മൊരുതുള്ളി രക്തം!

## തീജ്വാലകൾ

ഇന്നലെയെജ്ജനിപ്പിച്ച കാലമാ-
ക്കുന്നിലേറി പ്രസവനോവേല്ക്കവേ,

കൂരിരുട്ടൊന്നു ഗർജ്ജിച്ചു:"നമ്മൾതൻ
കൂറിരക്കാതെ കൂത്താടുവോനെവൻ?"

ഒന്നു പൊട്ടിച്ചിരിച്ചുപോയ് വാനിലെ
പൊന്നുതാരക, റ ളിക്കഥ കേൾക്കവേ!

അങ്ങകലെ പ്രതിഷേധയോഗമാ-
ണന്തരീക്ഷത്തി,ലുഗ്രമീ മർദ്ദനം!

താരകൾതൻ തണുത്ത ഞരമ്പിലും
ചോരപായിച്ച വിപ്ലവാവേശമേ,

വാനിലാടും കൊടിക്കൊരു കൊയ്ത്തരി-
വാളിണക്കി നീ വാർമതിലേഖയാൽ!

കാറണിക്കരിമാനത്തു ചെന്നിണ-
ച്ചാറൊഴുകിയ ചാലുകൾക്കുള്ളിലായ്,

രക്തസാക്ഷിതൻ വററാത്ത ചൈതന്യ-
ശക്തിപോലുണ്ടൊരുജ്ജ്വലതാരകം!

നൂറുനൂററിവാളുകളാ മുകിൽ-
ക്കീറുകൾ  പിളർന്നട്ടഹസിക്കവേ,

ചാട്ടവാറണിക്കൈവീശിവീശിയാ
നാട്ടുമര്യാദ വേദാന്തമോതവേ,

തോക്കുചൂണ്ടുമിരുൾപ്പടയോ, —ടതാ
രാക്കുയിലിൻെറ ഗർജ്ജനം കേട്ടുവോ?

"അത്രപെട്ടെന്നു കെട്ടടങ്ങില്ലിനി
കത്തുവാനായ് പുകയുമിത്തീമല!

അത്രവേഗത്തിലിക്കൊടുങ്കാററിൻെറ
ശബ്ദമൊന്നും ശമിക്കുകയില്ലിനി......"

കൂരിരുട്ടിൻെറ നിന്ദ്യപ്രതാപമേ
ചോര കണ്ടു മദിച്ചലറുന്നുവോ?

അന്തിവിണ്ണിലെക്കൂട്ടക്കൊലയ്ക്കിനി
എന്തു നാളെ സമാധാനമേകുവാൻ?

ചേതനതൻ കുഴലുകൾക്കുള്ളിൽനി-
ന്നൂതിയൂററിച്ചുടുചോര നക്കുവാൻ

ഞങ്ങളെപ്പാട്ടുപാടിയുറക്കി നീ
പൊൻകിനാവിൻെറ പള്ളിമഞ്ചങ്ങളിൽ!

ഞങ്ങളൊക്കെ മയക്കത്തിൽനിന്നുണർ-
ന്നങ്കമാടുവാനെത്തുകയാണിനി!

അന്നു കണ്ട ചെറുമാൻപിടകളാ-
ണിന്നു കാണുമീ സിംഹങ്ങളത്രയും!

മത്തടിക്കുക; ചോരകുടിച്ചിനി,
മത്തടിക്കൂ മരണവെപ്രാളമേ.

വേഴ്ചനാട്ടിയ പൊന്നിൻകൊടിമരം
വേട്ടയാടിയടക്കിയ രീതികൾ

മണ്ണടിഞ്ഞു തകരുന്ന കാഴ്ചക-
ളൊന്നുപോലെ പലേടത്തു കാൺകയാൽ,

വാളിളക്കലിൻ മിന്നലിൽ ചൂളിയ
വാനരത്വം നശിച്ചതു കാൺകയാൽ,

കാൽനിമേഷം പകച്ചുവിറച്ചുവോ
കാളരാത്രിതൻ കല്ലിച്ച മാനസം?

അങ്ങകലെ കിഴക്കൻമലകളിൽ
പൊങ്ങിയാളിപ്പടർന്ന തീജ്വാലകൾ,

ചുട്ടെരിക്കുന്ന, കൂരിരുട്ടിൻ മതിൽ-
ക്കെട്ടിനുള്ളിലെ ചെങ്കോൽപ്പുരകളെ!

ഗാന്ധിസ്മാരകം

നിൽക്കു; പോകാൻവരട്ടെ; നാമെന്തിനാ-
യക്കഥകളിൽ ചിക്കിച്ചികയണം?

വല്ല സത്യവും ഞാൻ പറഞ്ഞാലതിൽ
തുള്ളി നിങ്ങളലറുന്നതെന്തിനോ?

ശാന്തിതൻ മഹാസന്ദേശവാഹിയാം
ഗാന്ധിശിഷ്യാ പിണങ്ങിമാറുന്നുവോ?

നന്നുനന്നിത്തൊഴി, — ലതേ, ഗാന്ധിജി-
ക്കിന്നുചിതമാം സ്മാരകം തീർക്കണം!

ഇങ്ങു രാപകലില്ലാതവിശ്രമം
നിങ്ങളോടിനടന്നലയുന്നുവോ?

സത്യമാവാം, — ലഭിച്ചിരിക്കാം ഭവാ-
നൊട്ടുപേർതൻ നിറപ്പണസ്സഞ്ചികൾ!

കുത്തകമുതലാളിത്തമങ്ങനെ
ദത്തെടുത്തേക്കുമാ മഹാത്മാവിനെ!

നമ്മൾ കണ്ടൂ: യുഗങ്ങൾ വളർത്തിയ
നന്മകൾതൻ മുതലെടുത്തോരവർ!

നിർദ്ധനർക്കായിമാത്രം പൊരുതിയ
നിത്യസത്യപ്രവാചകൻ ഗാന്ധിജി,

മർദ്ദകരുടെ കീഴിൽനിന്നിന്ത്യയെ
മുക്തയാക്കിയ ധർമ്മഭടാഗ്രിമൻ.

വിശ്വശാശ്വത പ്രേമമൂല്യങ്ങളെ
വിസ്മരിക്കാത്ത ജീവിതഗായകൻ.

എന്തിനായി ഞാൻ നിങ്ങളോടാ വിശ്വ-
ചിന്തകൻെറ കഥകൾ പറയണം?

നിങ്ങളാ മഹാത്മാവിൻെറ ശിഷ്യനാ;-
ണങ്ങനെ നമ്മൾ തുല്യരാണിപ്പൊഴും

മന്നിലെങ്ങുമൊരുക്കണം ഗാന്ധിതൻ
മംഗളസ്മാരകങ്ങളുചിതമായ്!

ഒന്നെനിക്കു മനസ്സിലായി, — ല്ലതി-
ന്നെന്തിനാണീ പണപ്പിരിവൊക്കെയും?

നാണയവ്യവസ്ഥയ്ക്കുമൊട്ടപ്പുറ-
ത്താണതിൻെറ വിശാലമാം മണ്ഡലം!

പൊൻപ്രതിമകൾക്കുള്ളിലൊതുങ്ങുമോ
കർമ്മശക്തിതൻ വ്യാപകചിന്തകൾ?

ഇന്നു നിങ്ങൾക്കു വൻപണസ്സഞ്ചികൾ
തന്നവരുടെ ലിസ്ററൊന്നെടുക്കുമോ?

വന്നതാണവരിന്നലെത്തോക്കുമായ്
കൊന്നുമൂടുവാനാ മഹാത്മാവിനെ!

അമ്പലങ്ങൾ പണിഞ്ഞതിൽ നാഥൻെറ
പൊൻപ്രതിമകൾ പൂവിട്ടുവെയ്ക്കുകിൽ

ഇന്നലത്തെക്കൊലയാളികളതിൻ
പിന്നിലെത്തും നിറത്തോക്കുമായിനി!

വേണ്ട സോദരാ, ദൂരേക്കെറിയുകീ
നീണ്ട 'ഗാന്ധിജിസ്മാരകലിസ്ററുകൾ!'

പോരിക,നമുക്കീ നാട്ടിലൊക്കെയും
സ്മാരകങ്ങൾ ശരിക്കൊരുക്കാമിനി!

ചോരയാറുകൾ സൃഷ്ടിക്കയാണതാ
സോദരർതൻ കെടുമതപ്പോരുകൾ!

നാമവിടേക്കു ചെല്ലുക; ജീവിത-
പ്രേമസന്ദേശവാഹകരായിനി.

(നാണമില്ലാതെ മോങ്ങട്ടെ ചൂഴവും
പൂണുനൂലിൻെറ ശപ്പവൈതാളികർ)

ഒത്തുചേർന്നു നമുക്കു സൃഷ്ടിക്കണം
മർത്ത്യതയുടെ മംഗളസ്മാരകം!

വർണ്ണവർഗ്ഗരഹിതമാം ജീവിത-
സ്വർഗ്ഗ, —മാ മഹാത്മാവിൻെറ പേരിലായ്!

മുന്നിലേക്കൊന്നിറങ്ങുക,സോദരാ
സുന്ദരമാമൊരേകലോകത്തിനായ്,

എങ്കിൽ മാത്രമേ, ഗാന്ധിജിസ്മാരക-
മംഗളമഹൽക്കർമ്മം ശരിപ്പെടൂ!

## തൂലികപ്പടയാളി

രാജ്യരക്ഷയ്ക്കാണത്രേ
ലാത്തിയും തോക്കും: ദൃപ്ത-
രാജ്യതന്ത്രതയുടെ
നാവുകൾ കുരയ്ക്കുന്നു!

നല്ലത്, കടലാസ്സു-
വള്ളങ്ങളൊഴുക്കിക്കൊ-
ണ്ടുല്ലസിച്ചോളൂ മർത്ത്യ-
സംഗരനിണക്കുത്തിൽ!

മാനവസംസ്കാരത്തി-
ന്നടിവാരത്തിൽ ചെന്നു
മാളങ്ങൾ തോണ്ടും പെരി-
ച്ചാഴികളുടെ ശബ്ദം,

കേട്ടുനില്ക്കണംപോലും;
ചരിത്രം തിരുത്തുന്ന
നാട്ടിലെ ഗർജ്ജിക്കുന്ന
സിംഹക്കുട്ടികൾ നീളെ!

തീറെടുത്തൊരുക്കുന്നൂ
പാളയങ്ങളിലൊക്കെ
ധീരതയുടെയങ്ക-
ച്ചട്ടകളണിഞ്ഞോരെ!

ഞങ്ങൾതൻ പൊടിപോലും
കാണരുതെന്നാണല്ലേ,
നിങ്ങളാ കൂലിക്കാരോ-
ടാജ്ഞാപിപ്പതു നീളെ?

ഞങ്ങളെപ്പണ്ടാവശ്യ-
മായിരുന്നില്ലേ നിങ്ങൾ,-
ക്കങ്കമാടുവാൻ,പട-
പ്പാട്ടുകളെഴുതുവാൻ?

ലക്ഷ്യത്തിലെത്തീ നിങ്ങൾ;—
നിങ്ങൾതൻ മഹത്തായ
ലക്ഷ്യമീ സിംഹാസന-
മായിരുന്നെന്നോ കഷ്ടം!

ചാട്ടവാറുകളുമായ്-
ത്തേർവാഴ്ചനടത്തുന്നൂ
നാട്ടിലെല്ലാടം നിങ്ങൾ
വെള്ളിച്ചൂരലും വീശി!

തേരുരുട്ടുവാൻ കൂടെ
പോരണംപോലും ഞങ്ങൾ
ഭീരുവിൻ ചുണകെട്ട
കൈമണികളും കൊട്ടി!

തൂവൽ കാണുമ്പോൾ പേടി-
യില്ലപോൽ,യന്ത്രങ്ങളെ
കാവൽനിർത്തിയ നിങ്ങൾ
വീമ്പുകൾ മുഴക്കുന്നു!

തെണ്ടുകി,ല്ലൊരുകെട്ടു-
പ്രേമവും താങ്ങി സ്വപ്നം-
കണ്ടുകൊണ്ടിനിയത്തെ
തൂലികപ്പടയാളി!

അവൻെറ മഹത്തായ
നിർമ്മാണസ്വാതന്ത്ര്യത്തി-
ന്നടിയേൽക്കുമ്പോൾ,ചുററും
കോട്ടകൾ വളയുമ്പോൾ,

അവനും ഗർജ്ജിക്കില്ലേ?
ഗർജ്ജിച്ചാൽ... തകർന്നുപോ-
മടിതൊട്ടററംവരെ
നെടുങ്കൻ മതിലുകൾ!

# അവൾക്കു കിറുക്കല്ല

എൻ വീട്ടുവാതിൽക്കൽ വന്നുനിന്നോതിനാ-
ളെന്നോടൊരു പുലർച്ചയ്ക്കാ കുമാരിക:

"ഇഷ്ടമാണോ ഭവാനെന്നെ വേൾക്കാ,നെങ്കി-
ലിത്തിരികൂടി ഞാൻ കാത്തിരിക്കാമിനി."

ഞാനമ്പരന്നുപോയ്; നിങ്ങളാണെങ്കിലോ?
ഞാനാദ്യമാണന്നു കണ്ടതാ പെണ്ണിനെ!

നെല്ലിമരങ്ങൾ ഞാനോർത്തു: ഭ്രാന്തത്രമേ-
ലില്ലായ്കിലിങ്ങനെ തെണ്ടിനടക്കുമോ?

ഉത്തരമോതി ഞാൻ: "നിങ്ങളകത്തു ചെ-
ന്നിത്തിരി വിശ്രമിച്ചോളൂ സഹോദരീ..."

"ഇല്ലതിനൊന്നും സമയ..."മാ വാചകം
അലല്ലിൻ ചൂളയിൽ നീറിപ്പുകഞ്ഞുപോയ്

ആശ്ചര്യമൂകനായ് നില്ക്കുമെന്നോടവ-
ളാത്മഗാംഭീര്യത്തൊടൊന്നു ചോദിക്കയായ്:

"ഞാനഭിശപ്തയാ, — ണെൻകൂട്ടരെക്കുറി-
ച്ചാണെഴുതുന്നതങ്ങാവേശപൂർവകം.

ചെററുമാത്മാർത്ഥതയുണ്ടെങ്കി,ലങ്ങെന്നെ
വിട്ടുകളയുമോ? ഞാൻ വിശ്വസിക്കണോ?"

മിണ്ടാതെ നിന്നു ഞാ, — നെൻ ചേതനയ്ക്കൊരു
രണ്ടാഴ്ചയോളമിരുന്നു ചിന്തിക്കണം !

ഇത്തരമൊന്നിനെ മാത്രമ, — ല്ലസ്സമൂ-
ഹത്തിനെത്തന്നെ സമുദ്ധരിച്ചീടുവാൻ,

പേനയെടുത്തു ഞാൻ നിർദ്ദയനീതിയോ-
ടായ് നടത്തേണ്ട സമരക്രമങ്ങളിൽ!

എന്നോടവളൊരു നിശ്ചയദാർഢ്യത്തൊ-
ടൊന്നോതി: "ഞാൻ തയാറത്രേ മരിക്കുവാൻ.

എന്നാൽ മുരടിച്ച മാംസദാഹത്തിൻെറ
ചെന്നായകൾക്കു മദിരയാവില്ല ഞാൻ!

"എൻ ഗതികേടുകൊണ്ടാണു ഞാനാ വീട്ടി-
ലങ്ങനെ നിന്നൂ വിടുവേലചെയ്യുവാൻ!

ഇന്നലെ രാത്രിയിലെൻനേർക്കൊരു കാമ-
സുന്ദരനെപ്പോൽ കുഴഞ്ഞാടി വന്നയാൾ,

ആഞ്ഞുപിടിച്ചു കഴുത്തുതിരി, — ച്ചെൻെറ
കാഞ്ഞ കവിളിൽ മുഖം ചേർത്തമർത്തവേ,

ആ മൃഗമെന്നോടു മെല്ലെ മന്ത്രിച്ചു; തൻ
കാമക്കലിക്കോളമർത്തേണമെന്നു ഞാൻ!

സമ്മതിച്ചില്ല ഞാൻ നാടിൻെറ മുമ്പിലേ-
ക്കെൻ പാപഭാരം വലിച്ചെറിഞ്ഞീടുവാൻ!

"അഗ്നിശിഖകളിൽ ചൂടുററ ചോരയിൽ
നഗ്നസത്യങ്ങൾ  പകർത്തുമെൻ സ്നേഹിതാ,

ജീവിതത്തിൻെറ നെടുങ്കൻവഴികളിൽ
ഭാവിതൻ ശൂന്യമാം കൈക്കുമ്പിൾ കോട്ടി ഞാൻ,

തെണ്ടിനടന്നാൽ കടക്കണ്ണെടിക്കുവാ-
നുണ്ടാളുക; — ളില്ല കാലണ നൽകുവാൻ!......"

ഞാനൊന്നു ഞെട്ടീ: മനുഷ്യമര്യാദകൾ
നാണയത്തുട്ടിൻ കൊലക്കയർച്ചുററിലോ?

ഉത്തരം നൽകി ഞാൻ:"വിൽക്കുകയാണെൻെറ
ചിത്തം,വയറിന്നുവേണ്ടി ഞാൻ സോദരീ!

വ്യത്യസ്തനല്ല, ഭവജ്ജീവിതത്തിൽനി-
ന്നിത്തിരിപോലുമൊരു കലാകാരനും....."

## രണ്ടു തലമുറകൾ

"....തലയിങ്ങനെ കുനിയേണം,
തണ്ടു വിറച്ചുലയേണം;
പുലയൻ വരമ്പത്തു
വന്നു നിന്നാൽ!

പതിരൊന്നും കാണല്ലേ,
നെൽക്കതിരേ,പണ്ടത്തെ
പതിവൊന്നുമിത്തവണ
പററുകില്ല!

അടി! അങ്ങനെ കാററത്തു
തൈതെന്നാംതുള്ളട്ടേ,
ചൊടിയോടെൻ പാടത്തെ
ഞാറുകളെല്ലാം!

അറിയില്ലേ, പേടിക്കാ-
നറിയില്ലേ,പൊലയൻെറ
അരിവാളിനു കീഴിലാ-
ണിവിടമെല്ലാം!

മുറുമുറാ പട്ടിണിയാ-
ണെന്നാലും പാടത്തു
മുഴുവനീ ഞാറുകൾ
തിങ്ങിനിന്നാൽ,

ഏന്നെന്തൊരു സന്തോഷം, —
തമ്പ്രാൻെറ മുററത്തു
മാനത്തു മുട്ടുവാൻ
നെല്ലുകാണും!

ഇതു മതി: പൊലയൻെറ-
യാത്മാവു തണുക്കുമ്പോൾ
പുതിയൊരു ചേലാണീ
നാട്ടിനെല്ലാം...."

നെൽക്കതിരണി നീലവയലി-
ലക്കറുക വരമ്പത്തുനിന്നും

അർദ്ധരാത്രിതൻ നിശ്ശബ്ദതയി-
ലർത്ഥപുഷ്ടമീ ജീവിതഗാനം,

കാട്ടുചോലകൾ വീണവായിക്കും
നാട്ടിലെ സ്വപ്നമേഖലതോറും

മെല്ലെമെല്ലെ പറന്നെത്തിടാറു-
ണ്ടല്ലലിൻെറ മധുരിമപോലെ!

തോർത്തുമുണ്ടും വടിയുമായ് ദൂരെ
തോട്ടുവക്കത്തു തമ്പുരാൻ നിൽക്കും!

തൻപുലയൻെറ സംതൃപ്തിയോളം-
തല്ലുമീരടിപ്പാട്ടുകൾ കേൾക്കാൻ!

വിട്ടുമാറില്ലവനിലാഹ്ലാദം
പട്ടിണിയിലും പാടിലുംകൂടി!

തമ്പുരാനും പുലയനു, —മന്നു
തമ്മിലെന്തൊരു ബന്ധമാണെന്നോ!

പട്ടിണിയാണവനെന്നു കേട്ടാൽ
ഞെട്ടുമാറുണ്ടു തമ്പുരാന്നുള്ളം.

തമ്പുരാന്നതു ബോധമു, —ണ്ടെന്നും
തൻ പുലയൻെറ കൂറിനെപ്പററി,

ചുട്ട വെയ്‌ലിലും പാഴ്മഴയത്തും
പട്ടിണിയിലുമൊന്നുപോലെന്നും,

കട്ടകുത്തി വരമ്പുകൾ പൊക്കി
വിത്തുപാകി വിളവുകൾ നോക്കി,

അല്ലലിലുള്ളുലയാതെ,തൻെറ
നെല്ലറകൾ നിറയുംവരേയ്ക്കും

പാടുപെട്ടവൻ നേടിയതാണീ
പാടവും തൻെറ വീടും പണവും!

സത്യ, —മുഗ്രമാമീ മഹാസത്യം
ചത്തടിഞ്ഞൂ തലമുറയ്ക്കൊപ്പം!

തേച്ചുടയാത്ത ജുബ്ബയും, ഖാദി-
വേഷ്ടിയും ദിനപ്പത്രവുമായി,

ചാട്ടവാറും ചുഴററിച്ചുഴററി
കാററുകൊള്ളാൻ വയൽവരമ്പിന്മേൽ,

ചുണ്ടുകളുടെ വക്കിൽച്ചുരുട്ടിൻ
തണ്ടിരുന്നു പുകയ്‌വതും നോക്കി.

തമ്പുരാനിന്നു വന്നു നില്ക്കുമ്പോൾ
തൻപുലയനെയോർക്കില്ല തെല്ലും!

ഓ! പുലയൻ! — അവൻെറ സംസ്കാരം
ആ വയലിലെച്ചേറിൽനിന്നല്ലേ?

കൊയ്ത്തു നോക്കുവാൻ പാടത്തൊരിക്കൽ
കൊച്ചുതമ്പുരാൻ വന്നുനിന്നപ്പോൾ,

എൺപതാണ്ടുകൾ കൊയ്ത്തു മെതിച്ചോ-
രെല്ലുകൂടം വിറച്ചുവേച്ചെത്തി!

വായപൊത്തി വടിയൂന്നി നില്ക്കും
വാനരത്വത്തെ നോക്കിയദ്ദേഹം,

ഒന്നു ചോദിച്ചു തെല്ലറപ്പോടെ:
"വന്നതെന്താ കിഴവൻ പുലയൻ?"

യത്നപൂർണ്ണമാമജ്ജീവിതത്തിൽ
ശപ്തമാമന്ത്യവേളയിൽപ്പോലും,

ആവതോളമലിഞ്ഞുപോയ്,വൃദ്ധൻ
സേവനത്തിൻെറ ചാരിതാർത്ഥ്യത്തിൽ!

പല്ലുപോയ കുഴിവായി; —ലോളം-
തല്ലി, നിർവൃതിതൻ മന്ദഹാസം!

കുണ്ടിലാണ്ട മിഴികളിൽനിന്നും
രണ്ടു ചാലുകൾ പൊട്ടിയൊഴുകി,

ഒട്ടിയ കവിളെല്ലുകളിന്മേൽ
മുട്ടി, — യിററിററുവീണു വരമ്പിൽ!

വ്യക്തമാവാത്ത ശബ്ദത്തിലോതീ
വൃദ്ധ, — "നല്ലല്ലിതെന്തൊരു ചോദ്യം?

ഏനടുത്തൊന്നു നിന്നു കാണട്ടേ
ഏനു സൊന്തമാണെൻകുഞ്ഞുതമ്പ്രാൻ! — "

ചേർ കലങ്ങിയ പാടത്തെ വെള്ളം
തേകിയാരോ തെറിപ്പിച്ചപോലെ,

ഒന്നറപ്പിനാൽ ചൂളിച്ചുളുങ്ങി
നിന്നുതമ്പ്രാ, — നവന്നെന്തു നാററം!

" — ഓർക്കുമെപ്പൊഴും..... " വൃദ്ധൻ തുടർന്നു:
"നാക്കു വായിൽക്കിടക്കാത്തകാലം!

"പട്ടുകോണവും പൊന്നരഞ്ഞാണും
പട്ടുടുപ്പുമായെൻ കുഞ്ഞുതമ്പ്രാൻ,

ദൂരെ നിന്നീ കിടാത്തനോടോരോ
കാരിയങ്ങൾ പറഞ്ഞുള്ള നില്പും, —

വല്യതമ്പ്രാൻെറ കൈപിടിച്ചെന്നും
നെല്ലുനോക്കാൻ വരുന്ന നടപ്പും, —

ഓർക്കുമെപ്പോഴു, — മെന്തൊരു കാലം
നീക്കുപോക്കില്ലടിയനൊന്നിന്നും!

" — വല്യതമ്പ്രാനൊരോലക്കുടയും
നല്ല മുണ്ടുമായ് മുമ്പേ നടക്കേ,

ഏനുമെൻ പൊലക്കള്ളിയുമാദ്യ-
മീ വരമ്പത്തു കാലുവച്ചപ്പോൾ

വല്യതമ്പ്രാൻ പറഞ്ഞു: 'നമുക്കു
നല്ലകാലം വരാമ്പോണു തേവാ!'

"പിന്നെ രാപകലെപ്പൊഴും വേല-
തന്നെ; — തങ്കം വിളഞ്ഞതാണാദ്യം!

എൻെറ തമ്പ്രാനതുമുതൽക്കാണീ
കണ്ട പാടങ്ങൾ മേടിച്ചതെല്ലാം...."

തൻ മുറുക്കാൻപൊതിയും നിവർത്തി
തമ്പുരാൻതൻെറ കാര്യസ്ഥനപ്പോൾ,

ചെന്നുനിന്നു പറഞ്ഞു: "കിഴവൻ
വന്നു നില്ക്കുന്നു കിന്നാരമോതാൻ.

ജോലി വേറെയു, — ണ്ടെത്തുമോരോന്നായ്,
ജോലിയില്ലാത്തൊരീ നുണക്കൂട്ടം!...."

തന്റെ പൊട്ടും ചിരി തെല്ലമർത്തി-
ക്കൊണ്ടു കല്പിച്ചിതാക്കുഞ്ഞുതമ്പുരാൻ:

"....അച്ഛനീ സ്വത്തു നേടിക്കൊടുത്തോ-
രിച്ചെറുമക്കിഴവനെക്കണ്ടോ?

രണ്ടു കിട്ടിയാൽ ചത്തുപോം, —കേട്ടോ
തെണ്ടികളുടെ വീമ്പിളക്കങ്ങൾ!"

# ദേവീവിഗ്രഹം

തമ്പുളവടിയൂന്നി-
    പ്പിന്നാങ്ങതുനിന്നൂ വൃദ്ധൻ
അമ്പലനടയിലാ
    ദേവിതൻ ബിംബം നോക്കി!

മാറിലെയിടതൂർന്ന
    രോമസംഘത്തിൽ,പെരു-
മാറുകയാണങ്ങോർതൻ
    നീണ്ട കൈവിരലുകൾ!

ഭക്തന്മാർ കുളിച്ചീറൻ
    മാറാതെ,തൊഴുതോരോ-
രുത്തരായ് പ്രസാദവും
    തീർത്ഥവും വാങ്ങി,പോയി!

ശിഥിലസ്മരണകൾ
    തൂത്തൊതുക്കിയി, — ട്ടെന്തോ
ചികയും മട്ടാ വൃദ്ധൻ
    നിശ്ചലം നിലകൊണ്ടൂ!

അമ്പലം പണിതീർന്നി-
    ട്ടധികം നാളായിട്ടി;-
ല്ലന്നാണാ ദേവീബിംബ-
    പ്രതിഷ്ഠാമഹോത്സവം!

അത്ഭുതപൂർവം നോക്കി
    നിൽക്കുന്നൂ ജനങ്ങളാ
ശില്പികളുടെ കലാ-
    വിരുതിൻ വൈവിദ്ധ്യങ്ങൾ!

ചോലയിൽ സ്നാനം ചെയ്യും
    കന്യകമാർതന്നുടു-
ചേലകൾ വാരിക്കെട്ടി
    വന്മരക്കൊമ്പിൽ തൂക്കി,

നാഡികൾ തുടിപ്പിച്ചു
ചലിക്കും മാംസേച്ചരയിൽ-
ക്കൂടി നിർവൃതിക്കൊള്ളു-
മുണ്ണിക്കൃഷ്ണനെപ്പററി,

മോഹിനിയുടെ വേഷം
കെട്ടി വന്നടുത്തെത്തും
സ്നേഹിതൻ തന്നെ-
ക്കൊടും കാമഗോഷ്ടികളോടെ,

ചെഞ്ചിടക്കെട്ടും നീണ്ട
താടിയുമൊതുക്കി,ത്തൻ
നെഞ്ചിലാഞ്ഞടുപ്പിക്കു-
മൊരു ദൈവത്തെപ്പററി, —

കവി ഭാവനകളി,-
ലാർഷസംസ്കാരങ്ങളിൽ
ഗതജീവിതകാല-
സംഭവങ്ങളിൽച്ചുററി,

കരളിൻ കരളിലും
വിശ്വസൗന്ദര്യത്തിൻെറ
കനകച്ചിലങ്കകൾ
കിലുക്കും കലാശില്പം!....

2

പുതുതായ് പണിഞ്ഞതാ-
ണമ്പല; —മതിന്നൊരു
കഥയു — ണ്ടാ ഗ്രാമത്തെ-
യമ്പരപ്പിക്കും മട്ടിൽ!

ആൾവാസം കുറഞ്ഞൊരു
മൂലയിലൊരു സർപ്പ-
ക്കാവുണ്ടാ നാട്ടിൻപുറ-
ത്തിരുളിൻ കൂടാരംപോൽ!

വാവുകൾതോറും ചെല്ലു-
മങ്ങോട്ടു,നിവേദ്യവും
പൂവുമായ് പൂജയ്ക്കൊരു
വൃദ്ധനാമെമ്പ്രാന്തിരി!

ഒരുനാൾ പതിവുപോൽ
പൂജാരി ചെന്നപ്പോളു,-
ണ്ടൊരു വിഗ്രഹം, —ദേവീ
വിഗ്രഹം, — കാട്ടിന്നുള്ളിൽ!

നാട്ടുകാരവിടൊക്കെ-
      കൂട്ടമായ്ക്കൂടി;തുള്ളി-
ച്ചാട്ടമായവിടൊരു
      വെളിച്ചപ്പാടന്നേരം!

അലറീ,ചുഴററിയ
      മുമ്മുനശ്ശൂലാഗ്രത്തിൽ
തലകോർത്തുടക്കുവാൻ
      സാഹസപ്പെടുമയാൾ;

"....എൻെറയുണ്ണികളെന്നെ-
      യാരാധിച്ചില്ലെങ്കിൽ ഞാൻ
രണ്ടു വാവുകൾക്കുള്ളിൽ
      ചാമ്പലാക്കുമീ ഗ്രാമം..."

ദേവിതന്നരുളപ്പാ-
      ടല്ലയോ, — പലർക്കുമ-
ന്നാ വിധിയുടെ മുമ്പിൽ
      താണു പോയ് തല താനേ!

അറിവില്ലാതെ കേറി-
      ച്ചോദിച്ചിതാരോ; "ദേവി-
ക്കണുബോംബുകളുടെ
      രഹസ്യം കിട്ടിക്കാണും!"

അവനെശ്ശപിച്ചുപോ-
      ലാ വെളിച്ചപ്പാ; — "ടെൻെറ-
യതിരിൽ കാൽകുത്തിയാൽ...."
      മുഴുമിച്ചില്ലാ ശാപം!

അങ്ങനെ പണിഞ്ഞതാ-
      ണമ്പലം; —ദേവീബിംബം
മംഗളമന്ദസ്മിത-
      ധാരകൾ ചൊരിയുന്നു!

3

— തന്മുളവടിയൂന്നി-
      പ്പിന്നാഞ്ഞു നിന്നൂ വൃദ്ധൻ
അമ്പലനടയിലാ
      ദേവിതൻ ബിംബം നോക്കി!

ദേശസഞ്ചാരം കഴി-
      ഞ്ഞെത്തിയതാണാ വൃദ്ധൻ,
ആശകളുടെ ഭാണ്ഡ-
      ക്കെട്ടുമായ് സ്വന്തം നാട്ടിൽ!

പണ്ടത്തെക്കിഴവന്മാർ-
ക്കോർമ്മയുണ്ടാവും— രണ്ടു
പന്തീരാണ്ടുകൾ മുമ്പാ
നാടുവിട്ടതാണയാൾ!

അന്നത്തെപ്പുകൾപെററ
ശില്പികളെല്ലാംകൂടി
വന്നെതിർത്തിട്ടും വെററി
നേടിയോനാണാ വൃദ്ധൻ

പ്രതിമാനിർമ്മാണത്തി-
ലത്ര കൈത്തഴക്കവും
കഴിവും നേടാനാർക്കും
കഴിഞ്ഞില്ലന്നോളവും!

പിന്നെയുമോർമ്മയ്ക്കുള്ളിൽ
ചിക്കിയും ചികഞ്ഞുമാ
നിന്ന നില്പിൽത്താൻ നിന്നു
വൃദ്ധനിത്തിരികൂടി!

4

തീർത്ഥവുമായിട്ടപ്പോ-
ളെത്തിയ പൂജാരിയെ
തീയ്യെഴാതെരിയുന്ന
തന്മിഴികളാൽ നോക്കി,

ആ വൃദ്ധൻ ചോദിക്കയാ-
"ണാരറിയിച്ചു തന്നെ?
ദൈവമായ്ത്താഴ്ത്തിക്കെട്ടാ-
നെൻ കലാശില്പത്തിനെ.....?"

അമ്പലനടയിലേ-
ക്കെത്തിയ ജനങ്ങളെ-
യമ്പരപ്പിക്കുംമട്ടിൽ-
ത്തുടർന്നു വൃദ്ധൻ വീണ്ടും:

"....എൻ കുഞ്ഞുമകളുടെ-
യോർമ്മയ്ക്കായ് നിർമ്മിച്ചതാ-
ണങ്ങകലത്താക്കാണും
വിഗ്രഹമൊരിക്കൽ ഞാൻ!

ദൈവമായ്ത്താഴാനുള്ള-
തല്ല; — തു മനുഷ്യന്നു
കൈവരുത്തേണം കലർ-
പ്പില്ലാത്ത കലാബോധം!

കല്ലിൻെറ, മരവിച്ച
    കല്ലുകളുടെ, — ശവ-
ക്കല്ലറകളിൽ കലാ-
    ബോധത്തെത്തളച്ചാലോ?

കന്മതിലുകൾക്കുള്ളിൽ
    മഹത്താം മനുഷ്യൻെറ
കർമ്മവാസനകളെ
    കോർത്തുടക്കല്ലേ നിങ്ങൾ...."

കേട്ടുനിന്നവർ ചിലർ
    ജല്പിച്ചു: "നടയിൽ നി-
ന്നാട്ടിയോടിക്കൂ, ഭ്രാന്തു
    പുലമ്പും കിഴവനെ...."

നിമിഷങ്ങളിൽ കനം
    പൂണ്ട മൂകത ചുററി;
നിലയങ്കികളുടെ
    വെളിച്ചം മങ്ങുംമട്ടിൽ!

# അങ്ങയെ ഓർമ്മിക്കുമ്പോൾ

സ്മരണയിൽത്തെരുതെരെ പുളകങ്ങൾ പൂശി
മരവിച്ച മെയ്യാകെത്തീനാമ്പുകൾ വീശി,

കരളിൻ കയങ്ങളിൽ ചുടുമിഴിനീർ പാകി
വരമന്ദഹാസമരീചികൾ പാകി,

വരികയാണെന്മുന്നി,—ലങ്ങ, നിമേഷം
മറവിയിൽ മായാത്ത കാവ്യപരിവേഷം!

യുവകേരളത്തിന്റെ ഹൃദയാഭിലാഷം
നവയുഗസംസ്കാരജയസമുൽഘോഷം;

കരിവളയമരികിട്ട കണ്ണടച്ചില്ലിൽ
കരിനീലക്കണ്മണികൾ കതിർവീശുവതല്ലിൽ!

കരയുന്ന ഹൃദയങ്ങൾ പടിവാതിൽമുട്ടി
കരയുമ്പോളവയൊക്കെ പുഞ്ചിരിയായ് മാററി,

കുടുകുടെക്കുടുകുടെ ചിരിപൊട്ടിപ്പൊട്ടി
പൊടുപൊടെക്കരൾകുളിരെ ഫലിതങ്ങൾ തട്ടി,

ഭാവാത്മകരസഭരിതഗാനങ്ങൾ പാടി
ഭാവനയിൽ നിമിഷങ്ങൾ പൂത്തുവിരിഞ്ഞാടി,

'കരുണരസം കരകവിയും കഥകളു'മായെന്നും
വരുമങ്ങെന്നോർമ്മകളിൽ...നീർച്ചാലുകൾ തുന്നും!

താങ്കളിനി സ്മരണകൾതൻ സ്വപ്നങ്ങളിൽ മാത്രം
പൂങ്കുലകൾ കുലുക്കുന്ന വസന്തകഥാപാത്രം!

കുയിലിൻകൂ, —ടിവിടത്തെ കുയിലിൻകൂടൊഴിയെ,
കുരുവികൾ പാടുമാ കഥയിന്നും വഴിയെ!

"മലയാളികളുടെ കരൾ കോർത്തിണക്കി
പല വർണ്ണഭംഗിയിലൊരു മാലയാക്കി,

ഒരു ദിവസമിവിടത്തെപ്പെരുവഴിക്കാവിൽ
ഇരുളിന്റെ വിനാഴികകൾ മുടിയാടിയ രാവിൽ,

ഒരു സുഹൃദ്കവിയുടെ ദേഹവിയോഗത്തിൽ എഴുതിയത്.

അവിടുന്നു വന്നരുളീ, —ഞങ്ങളോടാണോ;
'കവിതയാണീ മാല' നിങ്ങൾക്കു വേണോ...

ഉണരുകയായുയരുകയായഭിശപ്തർ ഞങ്ങൾ
അണിമണികൾ കിലുക്കുമ്പോൾ നിൻ ഗാനലയങ്ങൾ!

സ്വരമധുരമാ നാദലഹരിയിൽ, ലോകം,
ഹരിചന്ദന വനനന്ദന സങ്കല്പനാകം!

ഒഴുകിവരുമാ നാദനിർവൃതിയിൽ മുങ്ങി
മുഴുകിയ പച്ചിലത്തോണികളായ് ഞങ്ങൾ!

കൈമണികൾ മൃദംഗങ്ങൾ...പശ്ചാത്തലഗാനം
നൈമിഷികസ്വപ്നങ്ങൾ വിരിയും വിതാനം!

അവയെല്ലാമൊരു ഞൊടിയിൽ മാറുകയായ് വേഗം,
അരിവാളുകൾ പാടുകയായ് കിങ്കിലംരാഗം!

അവയുടെയാവേശഭരിതമാം ശബ്ദം
അനുരണനംചെയ്യതു നിന്നീരടികൾ മാത്രം!

അനുപദമവയിലെയ്ക്കവയായി മാറി
അനുവാചകഹൃദയങ്ങൾ വിപ്ലവമായ് മാറി!

ഉടനീളം കാററിളകിക്കാററിളകി നീളെ
പടഹമടിച്ചാർത്തണയും പരിപാടികൾപോലെ!

തുടുതുടെത്തുടുതുടെ ദിക്കുകളിൽ രക്തം
പൊടിയുകയായ്, മലയാളം സമരസുശക്തം!

അവയുടെ താളത്തിനു നീ കാഹളമൂതി
അടിമുടി വിറകൊണ്ടൂ സമുദായനീതി!..."

മലയാളക്കവിതതൻ മണിവീണയിൽനിന്നും
പുലരുന്നൂ ശോകാത്മകമൊരു ഗാനമിന്നും:

"...ഇനിയെന്നോ മമഹൃദയമൃദുതന്ത്രികൾ മീട്ടി
പുണരുമൊരാൾ കനിവിൻെറ കൈവിരലുകൾ നീട്ടി?

ഇനിയാരുടെ കരളലിയും പുല്ലാങ്കുഴലൂത്തിൽ
അണിനൃത്തമാടും ഞാനഭിമാനരസത്തിൽ?

കനിവിൻെറ സംഗീതരസധാര ചൂഴും
ഇനിയേതൊരു ഹൃദയത്തിൻ മടിയിൽ ഞാൻ വീഴും?

ഇനിയാരുടെ കനിവുറയിൽ നീന്തി ഞാൻ പോയി
വനികകളിൽ ചോരമലർച്ചെണ്ടുകളുമായി,

കരളിൻെറ നിണമാല്യം കൊടിയുമായ് നീളെ
കവിതകൾ പാടും ഞാ,നന്തികളിൽ നാളെ?"

# നിങ്ങളോടുതന്നെ

വായ പൊത്തുവാൻ ശാസിക്കയാണോ
വാദകോലാഹലങ്ങളാൽ നിങ്ങൾ?

താളിയോലപ്പരിചയുമായി
വാളെടുത്തു പയററുകയാണോ?

ഞങ്ങളൊക്കെ പുരോഗമനക്കാർ
നിങ്ങൾ, സാഹിതീസർവ്വോത്തമന്മാർ,

ഞങ്ങൾ നാടിൻ വിനാശകൃത്തുക്കൾ
നിങ്ങൾ നാട്ടിലെ സ്വർഗ്ഗപ്പണിക്കാർ!

തെററു ചെയ്യാത്ത, —ജന്മാഭിമാനം
വിററു തിന്നാത്ത പുണ്യവാന്മാരെ,

നിങ്ങളോടു പറഞ്ഞുകൊള്ളട്ടേ
ഞങ്ങൾ ചെയ്യുന്ന തെററുകളെല്ലാം!

കണ്ടിരിക്കുമോ? പട്ടിണിക്കാരെ-
ന്നുണ്ടൊരു കൂട്ടരീ നാട്ടിലെല്ലാം!

കണ്ട കണ്ട പടിപ്പുരതോറും
തെണ്ടലാ, —ണതേ തെണ്ടികൾതന്നെ!

പട്ടണങ്ങളിൽ, നാട്ടിൻപുറത്തിൽ
പട്ടടകളി,ലെല്ലായിടത്തും

കാണുമാറുണ്ടതുങ്ങളെ നീളെ
പ്രാണനില്ലാതെ നാണമില്ലാതെ!

മാളികകളിൽനിന്നൊന്നു നിങ്ങൾ,
നീളെ ഞങ്ങളോടൊത്തിറങ്ങാമോ?

വേണ്ട വേണ്ട മുടങ്ങിയെന്നാലോ
നീണ്ട നിങ്ങൾതൻ നാമജപങ്ങൾ!

ചത്തുചെന്നാലവിടെയും വേണ്ടേ
മെത്തയും മദിരാക്ഷിയും വീഞ്ഞും?

കണ്ടിരിക്കില്ലവററയെ, കണ്ടാൽ
കണ്ടഭാവം നടിക്കില്ല നിങ്ങൾ!

നാടുനീളെയലഞ്ഞിടുമെല്ലിൻ-
കൂടുകൾ; നിങ്ങൾ കാർക്കിച്ചുതുപ്പും!

ഇന്നു കാണ്മവർ നാളെയി, —ല്ലോരോ-
ന്നൊന്നിനൊന്നു വരുന്നതും കാണാം.

പെററുകൂടുന്നു, ചത്തൊഴിയുന്നൂ;
പട്ടിണിക്കുമുണ്ടിപ്പതിവെല്ലാം!

ഞങ്ങളാ 'വൃത്തികേടുക'ളെല്ലാ-
മങ്ങനെതന്നെ കുത്തിക്കുറിച്ചു!

നോവലുകൾ, കഥകൾ, ഗാനങ്ങൾ...
തൂവലുകളാൽ ചോര പകർന്നു!

എങ്ങനെയോ ലയിച്ചുപോയ് ലോകം
ഞങ്ങളിലേക്കു, —ഞങ്ങളങ്ങോട്ടും!

കാലമോതീ: "ജനതയ്ക്കുവേണ്ടി
തൂലികയൊരു വാളാക്കി മാററൂ...

നിങ്ങളാരുമറിഞ്ഞിരിക്കില്ലീ
പൊങ്ങിവന്ന പരിവർത്തനങ്ങൾ!

കൈമുതലുകൾ സൂക്ഷിച്ചു നിങ്ങൾ,
കൈകളിൽ ജപമാലയുമായി!

ചത്തുകെട്ട ശതാബ്ദസംസ്കാര-
പ്പൊത്തിൽനിന്നുമുണർന്നുവന്നിപ്പോൾ,

നിന്നലറി, ശപിക്കയോ നിങ്ങൾ
'ഇന്നലെ'തൻ ശവക്കുഴി കാൺകെ!

"എന്തിനീക്കലിതുള്ളലും വീറും?
പിന്തിരിയുവോരല്ലല്ല ഞങ്ങൾ!

ഉച്ചയൂണും കഴിഞ്ഞു വേദാന്ത-
പ്പച്ചിലകൾ ചവച്ചിറക്കുമ്പോൾ,

ഗീതയിലെ മഹാകർമ്മകാണ്ഡം,
സ്വാദുപോല നുണഞ്ഞുനോക്കുമ്പോൾ,

ഊട്ടുവാതില്ക്കലെച്ചിലിന്നായ്ക്കൈ-
നീട്ടുവോരെ സ്മരിക്കുമോ നിങ്ങൾ?

"വിപ്ലവാഗ്നിയിൽ നിങ്ങൾ നിരത്തും
ചെപ്പടിക്കളിക്കോപ്പുകളെല്ലാം

വെന്തു വെണ്ണീറടിഞ്ഞുപോം, —നോക്കൂ
പന്തമാളിപ്പടരുന്നു നീളെ!

ഒന്നറിയിച്ചുകൊള്ളട്ടെ: 'ഞങ്ങൾ
ഒന്നുചേർന്നു പുരോഗമിക്കുമ്പോൾ,

വന്നു നിങ്ങൾ തടുക്കരു; —തെന്തി-
ന്നൊന്നിടഞ്ഞു പിരിയണം നമ്മൾ'...?"

ഇരുട്ടിൻെറ കഷണം

ഇത്തിരി മുമ്പാപ്പാട-
    ത്തരിവാളുമായ് കൊയ്യാ-
നെത്തിയ ചിരുതയ്ക്കു
    പേററുനോവാരംഭിച്ചു!

മിണ്ടിയില്ലവൾ, കൊല്ലും
    പ്രാണവേദന, തൻകീഴ്-
ച്ചുണ്ടിന്മേൽ കടിച്ചവ-
    ളമർത്തിസ്സഹിക്കുന്നു!

ഒടുകിൽ കൈയുംകുത്തി
    ഒന്നു നീർന്നപ്പോളവൾ
തടവാനാരെങ്കിലും
    വന്നെങ്കിലെന്നാശിച്ചു

അവൾതൻ പുലയനു-
    ണ്ടകലെ, —പെണ്ണാളുകൾ-
ക്കരിവാളുയർത്തിക്കൊ-
    ണ്ടാജ്ഞകൾ കൊടുക്കുന്നു.

കൊയ്ത്തു മുന്നേറും കൊയ്ത്തു-
    കാരികൾക്കുള്ളിൽ, ഹർഷം
പെയ്യലയടിക്കുന്ന
    പാട്ടുകൾ പാടീടുന്നു!

ചുണ്ടിലൊരലസമാം
    മൂളിപ്പാട്ടുമായ് കൊയ്ത്തു
കണ്ടുകണ്ടലയുന്നൂ
    വരമ്പിൽ 'ജന്മിത്തമ്പ്രാൻ'

അമ്മമാർ മുത്തശ്ശിമാർ
    വൃദ്ധന്മാർ, തമ്മിൽക്കണ്ണു-
ചിമ്മുന്ന യുവതികൾ,
    വയലിൻ രോമാഞ്ചങ്ങൾ!

ചിരുതയ്ക്കിതിലൊന്നും
കണ്ണുചെന്നില്ലാ, തല-
യ്ക്കിരുൾകേറുകയാണു
വയ്യ, കാലിടറുന്നു!

അവളും പുലയനും
തങ്ങളിലുരുമ്മിക്കൊ-
ണ്ടവിടെക്കൊയ്യാൻ വന്നൂ
കഴിഞ്ഞ മകരത്തിൽ.

അന്നൊരു വിതക്കാല-
ത്താണവർതമ്മിൽ കണ്ട-
തങ്ങനെ വിവാഹത്തി-
ലെത്തിയതാണാ പ്രേമം!

ആ വരമ്പത്തെക്കൈത-
വേലിതൻ മറവിൽവ-
ച്ചായിരം രോമാഞ്ചങ്ങ-
ളവർ നെയ്തിരിക്കണം!

മേലാകെ വിയർത്തുപോയ്
ചിരുത; —യ്ക്കിതെങ്ങാനും
നാലാളു കണ്ടാലെന്തു
കുറവാ, രണവൾ ഞെട്ടി!

എങ്ങനെയിരിക്കുമീ
പ്രസവം; —ചാവില്ല; —തൻ
പെങ്ങളല്ലെങ്കിൽ പത്തു-
പ്രാവശ്യം മരിച്ചേനെ!

അയൽവീട്ടിലെ നീലി-
യിന്നാളിൽ പെറാൻപോയ-
തവൾ കണ്ടതാ, —ണെത്ര
പെട്ടെന്നു കാര്യം തീർന്നു!

നോവുകൊണ്ടപ്പോൾ നീലി
പറഞ്ഞു, ചിരിച്ചുകൊ-
ണ്ടേവ, —"മിക്കുറിയേനൊ-
രാങ്കൊച്ചു പുറന്നെങ്കി..."

ചിരുതയ്ക്കിതു കടി-
ഞ്ഞൂലാണു, പുറത്തിതു
പറയാൻ നാണം, നാണി-
ച്ചിങ്ങനെ മടിച്ചാലോ?

അവൾ ഞെട്ടിപ്പോയ്
രണ്ടുനാൾ മുമ്പു പ്രസവിക്കാ-
നകലത്തെങ്ങോ പോയ
തമ്പുരാട്ടിയെയോർക്കെ!

ഡാക്ടറന്നവളുടെ
    വയർ കീറിപോ; —ലപ്പോ-
ളീററുനോവവർക്കന്ത്യ-
    മരണപ്പിടച്ചിലായ്!

ചിരുതയ്ക്കിടിവെട്ടീ
    രക്തനാഡികൾതോറും;
അരുതേ സഹിക്കുവാൻ
    ക്ഷമിക്കാ, —നേവം നില്ക്കാൻ!

നാട്ടിലെദ്ദൈവങ്ങൾക്കു
    നേർച്ചനേർന്നുകൊണ്ടവൾ
തോട്ടിലെ വെള്ളം മുക്കി
    ...ക്കുടിച്ചൂ പലവട്ടം!

ഒന്നുമില്ലവൾക്കോർമ്മ;
    കറുകവരമ്പത്തു
ചെന്നവൾ നിരങ്ങിയും
    നീങ്ങിയുമൊരുമട്ടിൽ!

ഇത്തിരി കഴിഞ്ഞവൾ
    കൺമിഴിച്ചപ്പോൾ കാണായ്
കൊയ്ത്തുകാരികൾ ചുററും
    നില്പതായ് തിങ്ങിക്കൂടി!

തെല്ലകലത്തായ് പഴ-
    മ്പുട്ടിലിൻ മീതെ കിട-
ന്നല്ലിൻെറയൊരു കൊച്ചു
    കഷണം 'വാകീറുന്നു!'

കൈയുകൾ ചുരുട്ടിക്കൊ-
    ണ്ടവ്യക്തം വെളിച്ചങ്ങൾ
നെയ്യുമീ ലോകത്തോടാ-
    ക്കുഞ്ഞെന്തോ പറയുന്നു!

വേദനയമർത്തിയ
    ചുണ്ടിലാപ്പുലയിക്കു
പാതിയും കതിർപൂശീ
    മന്ദഹാസത്തിൻ നാളം!

അഴകൻ തൻ കുഞ്ഞിനെ-
    ക്കൊഞ്ചിച്ചു: "കള്ളാ കിട-
ന്നലറാതെണീററുവ-
    ന്നീക്കററ മെതിക്കാമോ..."

# സംസ്കാരത്തിൻെറ നാളങ്ങൾ

കയറുപിരിക്കും തൊഴിലാളിക്കൊരു
കഥയു —ണ്ടുജ്ജ്വലസമരകഥ.

അതു പറയുമ്പോളെന്നുടെ നാടി-
ന്നഭിമാനിക്കാൻ വകയില്ലേ?

അറിയാം നിങ്ങൾ, —ക്കൊരു കഥയല്ലതു
പൊരുതും വർഗ്ഗചരിത്രത്തിൽ

ഉടനീളം ചുടുചോരയിലെഴുതിയ
തുടുതുടെ നില്ക്കും പരമാർത്ഥം!

2
പണ്ടിവിടത്തെത്തൊഴിലാളികളെ
കണ്ടിട്ടുള്ളവരുണ്ടാവും!

അവരെക്കണ്ടാൽ സമുദായത്തി-
ന്നടിമുടിയടിമുടി കലികേറും!

ദുശ്ശകുനങ്ങൾ, നാടു മുടിക്കാൻ
പിച്ചനടക്കും പ്രശ്നങ്ങൾ,

എഴുനേൽക്കാൻ വയ്യൊന്നിനു,മെന്നാൽ
മിഴികളിലൊക്കെത്തീയെരിയും!

ചില വേളകളിൽ കൂട്ടംകൂടി
ചിലർ പോകുന്നതു കാണുമ്പോൾ

സമുദായത്തിലെ മേൽപ്പന്തികളിൽ
ക്ഷമകേടൊരു കരിനിഴൽ വീശും

പണി ചെയ്യുന്നൊരതുങ്ങൾക്കുണ്ടായ്
പറയാൻ തമ്മിൽ കാര്യങ്ങൾ!

പണി ചെയ്താലും വയർ നിറയില്ലേ
തുണിയി,ല്ലരിയി, —ല്ലെന്താണോ?

അവർ ചിന്തിച്ചൂ തലകാ, —ഞ്ഞപ്പുറ-
മവരുടെ ജന്മികൾ വീർക്കുന്നൂ!

തൊഴിൽചെയ്യുകയി, —ല്ലെന്നിട്ടും വയ-
റൊഴിയി; —ല്ലവയൊരു മലപോലെ!

ഉണരുംമുമ്പേ തൊഴിൽശാലകളുടെ-
യുടമസ്ഥന്മാരൊരു ദിവസം

കണികണ്ടൂ; തൊഴിലാളികൾ പലരും
കൊടിയുംകൊണ്ടു നടക്കുന്നൂ!

'എന്തു പിരാന്താ' —ണവർ ചിന്തിച്ചൂ
ചിന്തിച്ചിട്ടൊരു പിടിയില്ല!

അവരന്നവരുടെ കൂലിക്കാരോ-
ടുപദേശിച്ചൂ പലവട്ടം:

"തലയിൽ ചകിരിച്ചോറും തിരുകി
തെണ്ടിനടക്കും കഴുതകളേ,

കൊടിയും യോഗവുമൊന്നും നിങ്ങൾ-
ക്കുടയവരാകില്ലൊരുനാളും!

എല്ലുനുറുങ്ങെയടങ്ങിയൊതുങ്ങി
വല്ലതുമിവിടെപ്പണിചെയ്താൽ,

പട്ടിണിയെങ്കിലുമില്ലാതരവയർ
കഷ്ടിച്ചിങ്ങനെ നിറയിക്കാം —"

കേൾക്കുന്നില്ലവർ, മുതലാളികളിലൊ-
രൂക്കൻ ഞെട്ടലതുൾച്ചേർത്തൂ!

അവർ ഞെട്ടുന്നൂ തൊഴിലാളികളുടെ-
യണികളിലെന്തോ പുകയുമ്പോൾ!

പുകയാനങ്ങനെ നിന്നി,ല്ലാളി-
പ്പടരുകയായീ തീമലകൾ!

ഉലയൂതുകയായ് നാടിൻ നെഞ്ചിൽ,
ചലനത്തിൻ ചുടുചൂളങ്ങൾ!

അക്കൊടുകാററിൻ ഗതിവേഗതയെ
സർക്കാരും മുതലുടമകളും

ഒന്നിച്ചൊന്നിച്ചെതിരിട്ടപ്പോൾ
ചെന്നിണമൊഴുകീ ചോലകളിൽ

തോക്കും മജ്ജയു, —മുയിരുമുരുക്കും
നേർക്കുകയായീ പലവട്ടം!

വെടികൊണ്ടായിരമലറിമരിച്ചു
ചുടുചോരയ്ക്കൊരു ചങ്കൂററം!

3

ചോരചുവയ്ക്കും ഞങ്ങടെ നാട്ടിലെ
നീരാവിക്കും മണലിന്നും!

കറുകക്കൂമ്പിൻ മഞ്ഞണിമുത്തിലു-
മൊരുതുള്ളിച്ചുടുനിണമില്ലേ?

ഇവിടെക്കായലിലൊഴുകിപ്പോകും
കവിതയ്ക്കുണ്ടൊരു കഥ പറയാൻ

വെടിയേററന്നു തുളഞ്ഞ മരങ്ങൾ-
ക്കിടിവെട്ടുന്നൊരു കഴിവില്ലേ?

4

നഷ്ടപ്പെട്ടൂ പലരും പലതും
പട്ടിണിയുടെയാ സമരത്തിൽ!

കായലിനരികിലെയാ മാളികയിൽ
കാണും ഫാക്ടറിയുടമസ്ഥൻ,

നാടിനുവേണ്ടിത്തൊഴിലാളിയെ നാ-
യാടിയ ധീരത, മാനിക്കാൻ

സൈനികമേധാവികളെ വരുത്തി
സദ്യനടത്തിയനേരത്തിൽ

ഖദർഷാൾകൊണ്ടു വിയർപ്പൊപ്പിക്കൊ-
ണ്ടിതുവിധമൊന്നു ചിരിച്ചോതീ:

"നഷ്ടംവന്നൂ പലതും നമ്മുടെ
ചൊട്ടത്തയ്യിനു വെടികൊണ്ടു

പുററുകൾപോലെ പിടിക്കും നല്ലൊരു
പുത്തൻതൈത്തല പോയല്ലോ..."

5

ചെത്തിപ്പൂവുകൾ ചോരപ്പുള്ളികൾ
കുത്തും മുണ്ടകവയൽവക്കിൽ,

ചൂളമടിക്കും തോടിന്നരികിൽ,
ചൂടുപിടിച്ചൊരു കുടിലിങ്കൽ

പൂവൻവാഴച്ചുവടുകൾ ചിക്കും
തേവൻപുലയൻ പറയുന്നു:

"...എന്നിവിടേക്കു തടങ്കലിൽനിന്നിനി-
യെന്മകനെത്തിടുമെൻമുന്നിൽ!

പട്ടാളക്കാരേപ്പുകളേപ്പുകൾ
കൊട്ടിയൊടിച്ചു ഞെരിച്ചില്ലേ?

സർക്കാരിൻ നെറികേടുകളോടെതിർ-
നില്ക്കാനെത്തിയ സമരത്തിൽ

അങ്കം വെട്ടിയൊരെന്മകനിന്നൊരു
വൻകൊലമരമാണരികത്തിൽ!

അവനെച്ചൂണ്ടിത്തലമുറ പറയും:
'—അഴകൻ നമ്മുടെ മുൻഗാമി..."'

6

നാടിനുവേണ്ടിദ്ധീരതയോ-
ടടരാടിയ മർദ്ദിതജനതതിയെ

കൊന്നു കുഴിച്ചിട്ടൊരു ചെമ്മണലിൻ
കുന്നിനടുത്തൊരു ചെറുകുടിലിൽ

പറയുകയാവും ചുടുമിഴിനീരോ-
ടറുപതടുത്തൊരു പടുകിഴവി:

"അരിയും തുണിയും കിട്ടാതങ്ങനെ
മരണപ്പൊത്തിൽ പിടയുംനാൾ,

അതു ചോദിച്ചാൽ ചോദിപ്പവരുടെ
മുതുകുപൊളിക്കും ഭരണക്കാർ!

അവരോടെതിരിട്ടെത്തിയ നാട്ടാ-
രവരുടെ തോക്കിന്നിരയായി!

അയ്യോ! പൊയ്പോയെന്നരുമക്കു-
ഞ്ഞന്നു നടത്തിയ സമരത്തിൽ!

ചങ്കിനൊരുണ്ട തറച്ചതിൽനിന്നും
ചെങ്കുടൽ തള്ളിയൊരാ രൂപം,

വയ്യേ വയ്യതു കാണാൻ —മകനേ,
നീയാ മണ്ണിലുറങ്ങുന്നു!

നിൻ നാടെന്തൊരു നാടാ,ണെന്നിനി-
യെന്നെയുമവിടേക്കെത്തിക്കും...?"

തോക്കും ലാത്തിയുമായ് മുടിതുള്ളിയ
സർക്കാരിൻ തേർവാഴ്ചകളെ,

എതിരിട്ടവരുടെ ഹൃദ്രക്തത്താൽ
കുതിരും വെള്ളമണൽത്തരികൾ

നാളത്തെപ്പുതുസംസ്കാരത്തിൻ
നാളം നെയ്യുകയാണെങ്ങും!

## അരിവാൾ, തലമുറകളിലൂടെ

(ഒന്നാംകുന്നിന്മേലോരടിക്കുന്നിന്മേൽ എന്ന രീതി)

**കൊ**യ്യാനെത്തിയോരാപ്പുലപ്പെണ്ണുങ്ങൾ
വയ്യാന്നേരത്തു കൂട്ടമായി,

പാടത്തിൻെറ വരമ്പിൽപ്പാട്ടുകൾ
പാടിപ്പൊട്ടിച്ചിരിച്ചിടുമ്പോൾ,

നിന്നൊന്നിത്തിരി ശ്രദ്ധിച്ചുകൂടെയോ
നിങ്ങൾക്കാക്കേൾക്കുമീരടികൾ?

തമ്മിൽത്തമ്മിലക്കൊയ്ത്തരിവാളുകൾ
തല്ലുമ്പോളുള്ള കിങ്കിലങ്ങൾ

താളംതെററിക്കുന്നുണ്ടാകും, സംഗീത-
മേളശാസ്ത്രീയച്ചിട്ടകളിൽ!

കേട്ടോളൂ നിങ്ങളെന്നാലുമിങ്ങനെ
കേട്ടാൽമാത്രം രസിക്കയില്ല!

പണ്ടേതൊട്ടു പുലയികൾ പാടിയും-
കൊണ്ടേപോരുമാപ്പാട്ടുകളിൽ

ഉള്ളിൽ കൈയും ചുരുട്ടിയലറുന്ന-
തുണ്ടാം ജീവിതനഗ്നതകൾ!

അററം നോക്കിയാൽ കാണാത്തമട്ടിലി-
ന്നത്ര നീണ്ടൊരീ പാടമെല്ലാം

ഓളംതല്ലിക്കിടന്നിരുന്നൂ, കായൽ
പോലെ പണ്ടുപ, —ണ്ടന്നൊരിക്കൽ,

കള്ളുംമോന്തി പകലിരവെല്ലാരും
വെള്ളക്കെട്ടിൽ വരമ്പുകുത്താൻ,

പാടുംപെട്ടു പണിഞ്ഞ പുലയരിൽ
പാടാൻ ശീലിച്ച ഗായകന്മാർ

ചുട്ട മെയ്ച്ചോരയുപ്പുനീരായ് മാററി
കട്ടകുത്തും കവിമണികൾ,

പാടിപ്പാടിയുണ,ർവ്വു,ശിരുണ്മകൾ,
നേടിപ്പോന്നതാമീരടികൾ,

ഇന്നും നീണ്ട ദശാബ്ദങ്ങളിലുയിർ-
മിന്നും ജ്വാലകൾ വീശിവീശി.

കേൾക്കാമുച്ചത്തിൽ മാറെറാലിക്കൊള്ളുന്ന-
താക്കാണും കൃഷിമേഖലയിൽ!

ഇന്നാപ്പെണ്ണുങ്ങൾ പാടുന്ന പാട്ടുക-
ളൊന്നും കള്ളക്കഥകളല്ല!

ഉണ്ടായ്പോലൊരു സംഭവമങ്ങനെ
പണ്ടെങ്ങാണ്ടാപ്പുലത്തറയിൽ!

...കൊയ്ത്തുംനിർത്തിപ്പതിവുപോലിങ്ങനെ
പത്തും മുപ്പതും പെൺകൊടിമാർ

കൊച്ചു നെന്മണിപ്പുള്ളികൾ കുത്തിയ
പച്ചമെത്തവരമ്പുകളിൽ,

പൊട്ടിപ്പൊട്ടിച്ചിരിച്ചു പാടിക്കൈകൾ
കൊട്ടിപ്പോകുമ്പോൾ പണ്ടൊരിക്കൽ

ഉള്ളിൽക്കാമക്കലിക്കോളിളക്കും
കള്ളുംമോന്തിയിരുട്ടിലൂടേ,

ആടിച്ചെന്നു കടന്നു കൈകേറിപോ-
ലാരോ നാലഞ്ചു തമ്പുരാക്കൾ;

പേടിച്ചമ്പരന്നാപ്പുലപ്പെണ്ണുങ്ങൾ
ഓടിപ്പോകാൻ തുനിഞ്ഞനേരം,

വീമ്പും ചൊല്ലിത്തുണിക്കുത്തിനാഞ്ഞവർ
വീണ്ടും വീണ്ടും വലിച്ചുപോലും!

വില്ക്കാൻ ശീലിച്ചോരല്ലാപ്പുലയികൾ
വില്ക്കാശിന്നു കുലാഭിമാനം.

പിന്നിൽനിന്നവർ കൊയ്ത്തരിവാളുക-
ളൊന്നൊന്നായ് വലിച്ചൂരിയിട്ടേ,

മുന്നിൽ നില്ക്കുന്ന തമ്പുരാക്കന്മാരെ
കൊന്നു കൊയ്തു കുതിച്ചുവത്രേ!

" —തെററാണുഗ്രമാം തെററാ, —ണന്നത്തെ
ചെററജ്ജന്മികൾ തുള്ളിപോലും!

തല്ലിത്തല്ലിപ്പുലയരെയൊന്നാകെ
കൊല്ലാറാക്കിപോൽ തമ്പുരാക്കൾ!

ഉഗ്രമായ് നിന്നലറുമാ ജീവിത-
നഗ്നതയുടെ വാസ്തവങ്ങൾ,

ആക്കേൾക്കും പഴമ്പാട്ടുക, —ളുണ്ടൊരു
താക്കീതിൻെറ കനമവയിൽ!

അന്നേ തങ്ങൾതൻ കൊയ്ത്തരിവാളിനാ-
ലങ്കംവെട്ടാൻ പരിചയിച്ചോർ,

ഇന്നെന്തിന്നു മടിക്കണം മുന്നിലെ
കുന്നും കൊയ്തു വിളവെടുക്കാൻ?

സംസ്കാരത്തിൻെറ കുത്തകക്കാരായി
നില്ക്കാൻ ശീലിച്ച നാഗരീകർ

നിങ്ങൾക്കിപ്പോഴും പൊട്ടുന്നുവോ ചുണ്ടിൽ
പൊങ്ങച്ചത്തിൻെറ മന്ദഹാസം?

കാണാം നാളെയാ കൊയ്ത്തരിവാളുകൾ
കാലത്തിൻെറ കഴുത്തിലെല്ലാം!

ഞെട്ടും നിങ്ങൾതൻ പട്ടണ,മപ്പൊഴീ
പൊട്ടഗ്രാമത്തിൻ ഗർജ്ജനത്തിൽ!

## തീമലകൾ പൊട്ടുന്നു

മരവിച്ച മഞ്ഞടരും
    മലകളിൽ മിഴിയൊപ്പും
കറുകകളിടതൂർന്ന
    സമതലത്തിൽ,

ഇരുളിൻെറ ചുമടുമായ്
    ചലനങ്ങൾക്കെതിർനില്ക്കും
തരുനിരയ്ക്കിടറു-
    മിലപ്പടർപ്പിൽ,

പുതുകാവിപ്പുടവ കുട-
    ഞ്ഞുദയത്തിൻ ജ്വാലകളെ-
യെതിരേൽക്കും പ്രാചിതൻ
    കാതുകളിൽ,

ഉണരുന്ന നാടിൻെറ-
    യലറിച്ചകൾ ചെന്നല-
ച്ചുടനീളം കാററുക-
    ളിളകിടുമ്പോൾ,

കുഴലൂത്തുകൾ തീമലകൾ
    പൊട്ടുമ്പോളവയുടെ
കുഴലൂത്തുകളിടിവാളുകൾ
    വീശിടുമ്പോൾ,

അരമനയിൽ സ്വപ്നത്തിൻ
    തേൻ നുണയും തത്തമ്മക-
ളറിയാതെ ചിലച്ചുപോയ്
    —“കാററു വന്നൂ!”

“കാറേറ വാ, കാറേറ വാ,...”
    മാടത്തകൾ മണികൊട്ടീ
“കാഴ്ചയ്ക്കൊരു സുഖമില്ലേ...”
    തത്ത മൂളീ!

ചുഴലവും തീച്ചൂളകൾ
പുകയുകയാ, —യരമനയിൽ
മിഴിതുറന്നവ പാടീ —
"ചൂടു വന്നൂ!"

""മരവിച്ച മഞ്ഞിന്നീ-
ച്ചൂടിത്തിരി കൊള്ളാമേ"
ചെറുതൂവൽ തത്തമ്മ
ചൊറുകിനോക്കീ!

"പുകപോയി തീയാളി"
തത്തമ്മകൾ ശ്രുതികൂട്ടി
"പകൽവന്നൂ, പാലെവിടെ
പഴമെവിടെ?"

അരമനയിൽ കാവൽക്കാർ
നിദ്രയിലാണപ്പോഴും
കുറുകുന്നൂ കുറുകുന്നൂ
കളിമാടത്ത!

"ഉദയമാ, യുണരുക,
കുഴൽകേട്ടോ —" കുഴലല്ലതു
ചിതകൾതൻ തീച്ചുണ്ടിൻ
ചുട്ട ചൂളം!

അരമനതൻ കുളിർതിണ്ണകൾ
തീ നക്കിത്തോർത്തുമ്പോ-
ളവ പാടീ, —"വെയിൽവന്നൂ
ഗാട്ടുകാരേ!"

ഞെട്ടിയുണർന്നതു കേട്ടവർ
നോക്കുമ്പോൾ, കൊട്ടാരം
ചുട്ടുചുട്ടിഴയുന്നൂ
തീപ്പുളവൻ!

"പകലല്ല, പുലരിയ," —
ല്ലാർത്തുവിളിച്ചവർ പാഞ്ഞൂ
"പുകയില്ലാത്തീമലകൾ
പൊട്ടലത്രേ..."

ചുററിയടിച്ചവിടൊക്കെ
ജ്വാലകൾതൻ തോളുകളിൽ
മുട്ടിയുരുമ്മിപ്പായും
കാററലകൾ,

അട്ടഹസിച്ചു കയ്യിൽ-
    പ്പുകയുടെ കോലുമായ്
"ഞെട്ടല്ലേ ഞെട്ടല്ലേ
    ഗാട്ടുകാരേ!"

ഉണരാത്തവരിനിയുമു-
    ണ്ടരമനയി, —ലവരുമൊ-
ന്നുണരട്ടേ —നേരം
    വെളുത്തുകൊള്ളും!

ഒരു ചോരക്കട്ടയുമായ്
    മലകൾക്കും കാടിന്നും
പിറകിലാപ്പുലരിവ-
    ന്നഭിമാനിച്ചു!

## മാററങ്ങൾ എവിടെയും

വകലിന്നന്തിയിൽ പാടലമുഗ്ദ്ധ-
പരവതാനി വിരിപ്പുകൾതോറും

അഴകിൻ കൊച്ചുചലനങ്ങൾ നിർമ്മി-
ച്ചൊഴുകും ചന്ദനമന്ദസമീരൻ,

അകലത്താ മുളംപച്ചിലക്കാടിൻ
മുകളിൽ കോരിക്കുളിർ വിതറുമ്പോൾ

വരിയായ്പ്പൊട്ടിവിടർന്നുലഞ്ഞാടും
മലയമഞ്ഞമലർച്ചെണ്ടണികൾ,

വനനീലച്ചുരുൾപട്ടുടയാട-
യ്ക്കിനിയും കോരിക്കുളിർ വിതറുമ്പോൾ,

കുയിലിൻകുഞ്ഞുങ്ങൾ പഞ്ചമം പാടി
വയലിൻ മുത്തുകൾ കൊത്തിക്കൊറിക്കെ,

അതിനൊത്തങ്ങനെ രാഗങ്ങൾ മൂളി
മധുരസ്വപ്നതരംഗങ്ങൾ പാളി!

അവിടെപ്പാട്ടുകൾ പാടിക്കുണുങ്ങും
കവിതപോലൊരാക്കാട്ടാറൊഴുക്കിൽ,

മുരളിക്കമ്പുമായ് നാദസുഖത്തിൽ
മുഴുകിനില്ക്കയാണാ പാട്ടുകാരൻ!

ഒഴുകിപ്പററി പ്രപഞ്ചഹൃദയ-
ച്ചുഴികൾതോറും കിനിഞ്ഞലിഞ്ഞേവം

മധുരഗാനം പതഞ്ഞുതുളുമ്പും
മദിരയാണാ മലർവനോപാന്തം!

കറുകക്കൂമ്പുകൾതോറും കുറുക്കി
കനകച്ചന്ദനപ്പൊട്ടിടുവിച്ചും

മലർമൊട്ടിൻെറ കിനാവുകൾക്കുള്ളിൽ
മഴവില്ലിൻെറ മദിര പകർന്നും,

അഴകിലങ്ങനെ കാൽവച്ചു കാൽവ-
ച്ചകലും സാന്ധ്യമനോഹാരിതയിൽ

ഉയിരുൾച്ചേർക്കുന്ന ഗാനവുമായി-
ട്ടൊഴുകിപ്പോകയാണക്കലാകാരൻ!

കൊഴിയും ചോരമലരിതൾതോറും
നിഴലിക്കുന്നൂ നവനവോന്മേഷം

കബരീഭാരമഴിച്ചൊന്നു ചിക്കി
കനകനീരാളമന്തിമറയ്ക്കെ,

ഇരുളിൻ വാഴ്ചയെ വന്നെതിരേൽക്കാൻ
തിരി കത്തിച്ചുവോ താരകൾ നീളെ?

ചുടലത്തീയിലുയിരുമായെത്തും
ചുഴലിക്കാററിൻെറ സന്ദേശസത്യം,

ചുഴികൾക്കുള്ളിലുമെത്തിച്ചു, പുല്ലാ-
ങ്കുഴലിലൂടെയാ ഗാനഗന്ധർവ്വൻ!

മധുരസ്വപ്നവുമായവളെത്തി
പതിവുപോലന്നുമാ പുഴവക്കിൽ

പുരികംകൊണ്ടൊരു വിൽവളച്ചോരോ
പുളകപ്പൂക്കൾ തൊടുത്തവൾ നില്ക്കെ,

അനുരാഗോന്മദലാലസയാമാ
വനഗന്ധർവകുമാരിയെ നോക്കി

അരുളിച്ചെയ്തിതാ കാമുകനേവം,
അനുകമ്പാർദ്രമാണാ മുഖഭാവം:

"പ്രണയമുണ്ടെനിക്കോമനേ നിന്നിൽ
വ്രണിതനാവില്ലതിലെന്നുമാത്രം!

അതിൽ നീ മാപ്പെനിക്കേകുക; കാമ-
ക്കഥയും പാടി ഞാൻ നിൽക്കില്ല മേലിൽ!

"ഇനിമേലെന്നൊടിച്ചോദ്യവും ചോദി-
ച്ചണയേ,—ണ്ടെന്നെ നീ പുച്ഛിച്ചുകൊള്ളൂ!

ഹൃദയമില്ലായ്കയല്ലെനി,—ക്കെന്നാ-
ലതിനിക്കോരിത്തരിപ്പിലല്ലിഷ്ടം!

ഇനിയുമുത്തരം നൽകാൻ കഴിയാ-
തിവിടെ പ്രശ്നങ്ങൾ പൊങ്ങുന്നു മുന്നിൽ!

ചലനസത്യങ്ങൾ വാളോങ്ങിനിന്നാ-
ണലറു,—ന്നുഗ്രനിഷേധങ്ങൾപോലെ!

കഴിയുന്നില്ലെനിക്കീക്കൊട്ടുനാറും
വഴിപാടമ്പലത്തിണ്ണയിൽ കൂടാൻ!

"പ്രണയ, —മീ വെറും മാംസങ്ങൾതമ്മിൽ
പണിയും കാമക്കളരിയാണെന്നോ?

തവ നൈസർഗ്ഗികമാംസത്തുടിപ്പിൽ
കവിതകൊണ്ടൊരു പൂക്കളം തീർക്കാൻ,

മലർമാല്യങ്ങളും ചന്ദനച്ചാറും
മയിലാഞ്ചിക്കൂട്ടുമായി മുന്നിൽ നില്ക്കാൻ,

സമയമില്ലെനിക്കോമനേ, കത്തും
സമരത്തീമല പൊട്ടിയാളുമ്പോൾ!

അതിനു ഞാനെന്തുവേണമെന്നാണോ
കഥയില്ലാതെ നീ ചോദിപ്പതിന്നും?

പലതും നാട്ടിൽ വിതച്ചു ഞാ, —നിന്നാ
വിളകൾ കൊയ്യേണ്ടുമീയരിവാളാൽ

ഒരു പെണ്ണിന്റെ കരളിൽപ്പിടിക്കും
ചൊറിയൻമുള്ളുകൾ കൊയ്യുനിന്നാലോ?

"ഹൃദയമില്ലായ്കയല്ലെനി —ക്കെന്നാ-
ലതിനീ മാംസക്കസർത്തിലല്ലിഷ്ടം!

"സമരമൊക്കെക്കഴിയട്ടെ, ഞാനീ
സമതലത്തിൽ വരാമൊരു നാളിൽ

ഇവിടെവച്ചന്നു തങ്ങളിൽ കാണാ-
മിനിയും ചൂടും വെളിച്ചവും നെയ്യാൻ!

കരളിൻ ചെമ്പനീർപ്പൂവുകൾ കോർത്ത
വരണമാല്യവുമായുഷസ്സന്ധ്യ,

അടിവച്ചെത്തിടു, —മിന്നത്തെ പ്രേമ-
ച്ചിതയല്ലാത്ത വിവാഹരംഗത്തിൽ!

കനിവില്ലായ്കയ, —ല്ലുണ്ടു ഞാൻ കൂടേ,
തനിയേ പോവുക, പോവുക തങ്കം..."

മുകിലിൻകീറിന്റെ വക്കത്തൊരല്പം
മുകളിൽച്ചോരപൊടിഞ്ഞതു കാൺകെ

മിഴിയും പൂട്ടിയാപ്പൊയ്കയിൽ നില്പായ്
നിഴലിൽപ്പററിയ താമരപ്പൂക്കൾ!

അകലെച്ചെമ്മാനചക്രവാളത്തി-
ലരിവാളമ്പിളി വെൺകതിർ വീശി!

രണ്ടാഴ്ചപോലും കണവനോടൊന്നിച്ചു
മിണ്ടിച്ചിരിച്ചു പുണർന്നുറങ്ങീടുവാൻ

ഇല്ല കഴിഞ്ഞില്ലവൾക്കു, കിനാവിൻെറ
മുല്ലമൊട്ടൊക്കെ വിരിയിച്ചെടുക്കുവാൻ!

ചിന്തതന്നാഴത്തിലെത്താതെ, വെൺപത
ചിന്തും വികാരക്കുളിർനീർച്ചുഴികളിൽ

കൈയിട്ടടിച്ചുകളിക്കുവാൻ മോഹിച്ച-
തയ്യലാളിത്തിരി ഞെട്ടിപ്പകച്ചുപോയ്!

അക്കാര്യമന്നറിഞ്ഞില്ല തൻ ഭർത്താവു
സർക്കാരിനിഷ്ടമില്ലാത്തവനെന്നവൾ

അല്ലെങ്കിലെന്തിന്നതോർക്കണം? മാറുമോ
പുല്ലാങ്കുഴലൊരു തീയെരിപ്പന്തമായ്!

പെണ്ണിനെ പ്രേമത്തെ വിശ്വസൗന്ദര്യത്തെ-
യെണ്ണിപ്പുകഴ്ത്തിക്കവിത പാടേണ്ടവൻ,

ആയിരുന്നില്ലേ കവി പ, —ണ്ടതൊന്നോർത്തു
പോയതാണോമൽ തകർന്നൂ പ്രതീക്ഷകൾ!

പോയിരുന്നില്ലയാൾ കാമിനിതൻ പ്രേമ-
മായികസ്വപ്നക്കളിത്തേരുരുട്ടുവാൻ

കാത്തിരുന്നില്ല തൻ പാനപാത്രത്തിലാ
പൂത്ത മദിര പകർന്നവളേകുവാൻ!

കല്പനാമേഖല വർണ്ണംപിടിപ്പിച്ച
സ്വപ്നനിർവാണമധുവിധുരാത്രികൾ

പ്രത്യേകതകളൊരല്പവും കൂടാതെ
നൃത്തം ചവുട്ടാതിഴഞ്ഞുപോയീടവേ,

കുങ്കുമച്ചെപ്പുകൾ തല്ലിയുടച്ചിട്ട
തൻ കവിൾപ്പൂവിൽ വിരലൂന്നി നിന്നവൾ,

ചുട്ട നെടുവീർപ്പുകളുടെ ചൂളയിൽ
പെട്ടു ദഹിച്ചിരുന്നൂ പരിദീനയായ്!

അന്നു,മടുത്തനാളത്തെപ്പണിമുട-
ക്കിന്നു തൊഴിലാളിസമ്മേളനങ്ങളിൽ

പാടുവാൻവേണ്ടി സമരഗാനങ്ങൾക്കു
ചൂടു പകരുവാൻ നോക്കുകയാണയാൾ!

രണ്ടു മാസത്തിലൊരിക്കലെങ്ങാനൊരു
തുണ്ടുകടലാസവൾക്കയാൾ നല്കിടും.

ഇത്രയുംമാത്രമെഴുതിയിരിക്കുമാ
കത്തിൽ, " —നിൻഭർത്താവൊളിവിലാണിപ്പൊഴും,

കാണാമൊരിക്കൽ നമുക്കിനി" —യങ്ങനെ
ശോണോജ്വലമാണതിന്നുള്ളടക്കവും.

2

കാലം കടന്നൂ; വിരാമമില്ലാത്ത തൻ
കാത്തിരിപ്പിൻെറ മരവിച്ച നാളുകൾ!

ഉള്ളിലവൾക്കവശേഷിച്ചിരുന്നു, തേൻ-
മുള്ളുകളുള്ളിനോവിക്കും പ്രതീക്ഷകൾ.

പൊട്ടിപ്പുറപ്പെട്ടു നാട്ടിലെല്ലാടവും
പട്ടിണിക്കാരുടെ ജീവിതവിപ്ലവം

കത്തിപ്പിടിച്ചു പടർന്നു തീനാമ്പുകൾ
മർദ്ദകർതൻ നെടുങ്കോട്ടകൾക്കുള്ളിലും!

വേലയ്ക്കു പാടത്തു ചെന്നവർ, കൊയ്ത്തരി-
വാളുമുയർത്തി സമരരംഗങ്ങളിൽ

ആർത്തണയുന്നതു കാൺകെ, കരിമ്പടം
നീർത്തും പരിസരം ഞെട്ടിവിറച്ചുപോയ്!

എങ്ങുമുയർന്നൂ —കൃഷിഭൂമി കർഷകർ-
ക്കെന്ന മുദ്രാവാക്യ, മാഗോളഗർജ്ജനം!

എങ്ങുമരിവാൾ കുലുങ്ങിച്ചിരിക്കുന്ന
കിങ്കിലം കേട്ടു നടുങ്ങിയ ദിക്കുകൾ

തോക്കുമായ്ച്ചുററുമടുത്തൂ വിശപ്പിൻെറ
നേർ, —ക്കതാ പൊട്ടിച്ചിരിക്കുന്നു തീമല!

3

മാറത്തൊരു വെടിയുണ്ടയേററാത്തൊഴിൽ-
ക്കാരുടെ പന്തിയിലാക്കവി വീണുപോയ്!

കീറിയ നീണ്ട മുറിപ്പാടിൽനിന്നു ചെ-
ഞ്ചോര തെറിക്കെ ചിരിക്കയാണാ ഭടൻ!

ഓടിക്കിതച്ചാ സമരരംഗത്തിലേ-
ക്കോമലാൾ ദൂരെനിന്നെത്തുന്ന കണ്ടയാൾ

മാറിൽ പതഞ്ഞുപതഞ്ഞൊഴുകും രക്ത-
ധാരയിൽ പേർത്തും നനച്ചതൻ ചെങ്കൊടി,

വാനിലുയർത്തിപ്പറത്തി,യീ വിപ്ലവ-
ഗാനമായന്ത്യനിശ്വാസങ്ങൾ മാറവേ:

* "...വരുന്നു കാലമേ, കുതിച്ചു വീരരക്തവിപ്ലവം
പടർന്നുകാളുമുഗ്രമായ തീകൊളുത്തുവാനിതാ വരുന്നു...

തകർന്നു നിങ്ങൾ ഞങ്ങളെത്തളച്ച കൈവിലങ്ങുകൾ
പൊളിച്ചു ഞങ്ങൾ ചൂഴുമീയിരുമ്പുകോട്ടയാകവേ
വിശപ്പിൽനിന്നുണർന്നെണീററ തീപ്പിശാചുപോലവേ വരുന്നു...

നിലാവിൽ മുങ്ങി നീന്തുവാൻ,
കാമലീലയാടുവാൻ —ജീവിതം
പതഞ്ഞ മദ്യശാലയാക്കി മാററിടുന്ന വർഗ്ഗമേ,
പതാക ചോരയിൽക്കുതിർത്ത മർദ്ദിതർ നിരന്നിതാ വരുന്നു..."

തൻപ്രാണനാഥന്റെ ചോരതെറിക്കുന്ന
നെഞ്ചിലമർന്നൊന്നു ചുംബിച്ചുനീർന്നവൾ,
രക്തംപുരണ്ട കൊടിയുമായ് മുന്നാഞ്ഞു,
പുത്തനുയിരിൻ കൊടുങ്കാററുമാതിരി!

ീദ്' എന്ന ഹിന്ദിപടത്തിലെ 'വതൻ കി രാഹ്മേ' എന്നു തുടങ്ങുന്ന ഗാനത്തിന്റെ രീതി.

# ആയിഷ

ഏപ്രിൽ 1954

"I, poet, dip my pen
In mine own blood to write my songs for men
Since every song is but a keen self-giving
To tired life which now and then,
Seems but a drab apology for living.

Out of mine own heart's blood
I mould musics echoed from some Far's
Fire-margin acting aye to bridge the mud
With many-wandering stars:
Each line I write cancells the severing line
Between the human and divine.
I do not write only because I can,
I write because I must.
I was begun when time itself began,
Rose-fire interpreter of humble dust;
The ages take my vision undiscussed,
Truth takes my word on trust:
What god is greater than creative man?"

**HARINDRANATH CHATTOPADHYAYA**

ദാഹ, —മടങ്ങാത്ത ദാഹ, —മെൻ ചേതന
ദാഹിച്ചു ദാഹിച്ചു വാപിളർത്തീടവേ,

തന്നൂ ജലം നിങ്ങ; —ളന്നതു നിങ്ങൾതൻ
കണ്ണുനീരായിരുന്നെന്നറിഞ്ഞില്ല ഞാൻ!

പാടാൻ ശ്രമിച്ചു പലപ്പൊഴും ഞാ,നെൻെറ-
യോടക്കുഴലിൽ; —ശ്രുതിപ്പിഴ വന്നുവോ?

ചിട്ടയിൽ നിങ്ങളെൻ പാട്ടിന്നു താളങ്ങൾ
കൊട്ടീ പലപ്പൊഴും നാഡിത്തുടിപ്പിനാൽ!

നീളെക്കുറുമൊഴിമുല്ലകൾ പൂവിട്ട-
പോലെ ചിരിച്ചവർ നിങ്ങളാണപ്പൊഴും!

നിങ്ങളില്ലാത്തൊരു ഗാനപ്രപഞ്ചമി;-
ല്ലംഗീകരിക്കുകെൻ ധന്യവാദങ്ങളെ!

വായനക്കാരേ, വരുന്നു ഞാൻ; നമ്മൾക്കൊ-
രായിരം കൂട്ടങ്ങളില്ലേ പറയുവാൻ?

നമ്മൾക്കൊരുമിച്ചു പാടണം; ജീവനി-
ലുമ്മവച്ചങ്ങനെ കൈകോർത്തു നീങ്ങണം

നിങ്ങളതിൻമുമ്പു വായിച്ചുതീർക്കുമോ
നിങ്ങൾക്കു ഞാൻ നല്കുമിക്കഥാചിത്രണം?

വേദനവിങ്ങും സമൂഹത്തിൽനിന്നു ഞാൻ
വേരോടെ ചീന്തിപ്പറിച്ചതാണിക്കഥ!

ഒക്കെപ്പകർത്താൻ കഴിഞ്ഞിരിക്കില്ലെനി-
ക്കഗ്ഗതികേടിന്നു മാപ്പു ചോദിപ്പു ഞാൻ!

ആയിര'മായിഷ'മാരിൽ പുകയുന്ന
തീയല ചൂടും വെളിച്ചവും വീശവേ,

ഈ യുഗത്തിൻെറ വിരൽത്തുമ്പു ഭാവിതൻ
മായാത്ത രക്തക്കുറിപ്പെഴുതീടവേ,

നാളെയെ നോക്കി വരണ്ടൊരെൻ ചുണ്ടിനാൽ
ചൂളംവിളിക്കാൻ ശ്രമിക്കുകയാണു ഞാൻ!

വയലാർ
20-8-1952

## ഒന്ന്

...പ്രേതത്തിൻ വിളറിയ
        ചിരിപോൽ പല്ലും കാട്ടി
പാതിര മരവിച്ചു
        വീണ പാതയിലൂടെ,

ആടിക്കാറുകൾ മാന-
        ത്തായിരം നീലപ്പഞ്ഞി-
ക്കാടുകൾ പറന്നപോ-
        ലലയും പ്രഭാതത്തിൽ

ഇരുളിൻ കരിമ്പട-
        ക്കെട്ടിന്നു തീ കത്തിക്കാൻ
തിരികൾ കൊളുത്തിയ
        പർവതമുനമ്പുകൾ

തുടരെത്തലപൊക്കീ
        പെററുവീണകലത്തിൽ
പിടയും പുലരിതൻ
        ചോരക്കുഞ്ഞിനെ നോക്കി

കൂരിരുൾക്കരടികൾ
        പ്രസവപ്പുരയ്ക്കുള്ളിൽ-
ക്കേറിയത്തുടുമാംസം
        കടിച്ചുകീറിക്കാണും

അവർ ചെന്നതു വലി-
        ച്ചാ മലഞ്ചെരുവിൻെറ-
യരികത്തെറിഞ്ഞോടി-
        പ്പോയിരിക്കണം ദൂരെ...

പലതും ചിന്തിച്ചു ഞാൻ,
        ജാലകപ്പഴുതിലൂ-
ടലസം പകലിൻെറ
        ചാടുയർന്നതും നോക്കി.

കല്ലു വീണേടത്തൊക്കെ
        കുഞ്ഞലകളെപ്പോലെ-
ന്നുള്ളിലങ്ങനെ ഞെറി-
        ഞ്ഞകലും വിചാരങ്ങൾ,

ഇത്തിരി തണുപ്പുള്ള
        കാററിനോടൊപ്പം ചൂളം-
കുത്തിക്കൊണ്ടനന്തത-
        യിങ്കലേക്കൊഴുകുമ്പോൾ,

ഉമ്മകൾ വിരിയുന്ന ചുണ്ടുമായ്
        പതിവുപോ-
ലുമ്മറത്തെത്തീ കൊച്ചു,
        'പാലുവില്പനക്കാരി'

"നിന്റെ പേരെന്താ;"ണെന്നും
        ചോദിക്കും ഞാനാ കൊച്ചു-
ചുണ്ടിലെ കിലുങ്ങുന്ന
        മണിയൊച്ചകൾ കേൾക്കാൻ

കൊച്ചുപാവാടത്തുമ്പിൽ
        കൈതെറുത്തവൾ, ചുണ്ടിൽ
പിച്ചിപ്പൂവിതളുമായ്
        പറയും മറുപടി:

" —എപ്പൊഴും മറക്കുന്ന ചേട്ടൻ..."
        ഞാൻ കളിയാക്കും:
"എപ്പൊഴും നാണിക്കുന്ന
        കുഞ്ഞുപാവാടക്കാരി —"

"പേരു ഞാൻ പറയൂല്ല"
        മുഖവും വെട്ടിച്ചവൾ
ദൂരേക്കു നോക്കും: "പാത്രം
        തിരിയെത്തരൂ വേഗം..."

"പാലെനിക്കിനി വേണ്ട"
        —ഞാൻ മുഖം കറുപ്പിക്കും —
"പാതിയും കൾക്കൂസുള്ള
        തോട്ടിലെ നാറും വെള്ളം..."

കവിളിൽ ചെങ്കുങ്കുമം
        വീണപോൽ തുടുത്തവൾ
കരയാനാരംഭിക്കും:
        "...പേരു ഞാൻ പറഞ്ഞാലോ?"

ഉത്തരം പറയാതെ
        മേശമേൽക്കിടക്കുന്ന
പുസ്തകപ്പുറന്താളും
        നോക്കിക്കൊണ്ടിരിക്കും ഞാൻ.

"ആയിഷ...പോട്ടെ...പാത്രം
തിരിയെത്തരു ചേട്ടാ..."
ആ വനക്കിളിയുടെ
കൊഞ്ചലങ്ങനെ നീളും.

ആയിഷ, —നാടിൻ രോമാ-
ഞ്ചങ്ങൾതൻ നീലക്കാടി-
ന്നായിടെ കയ്യിൽ വന്ന
മഞ്ഞത്തുമ്പിയെപ്പോലെ,

കൊച്ചുഗ്രാമത്തിൻ മുഗ്ദ്ധ-
സങ്കല്പങ്ങളിൽ പൂത്ത
പിച്ചകപ്പൂങ്കാവിൻെറ
മടിയിൽ വിഹരിച്ചു!

മഞ്ഞപ്പുള്ളികളുള്ള
നീലജായ്ക്കററും, നീളെ
കുഞ്ഞുതൊങ്ങലു തുന്നി-
ച്ചേർത്ത പാവാടച്ചുററും,

കൈകളിൽ പൊട്ടിപ്പൊട്ടി-
ച്ചിരിക്കും വളകളും
കൈതപ്പൂ തിരുകിയ
ചുരുളൻ മുടിക്കെട്ടും,

പുഞ്ചിരിയടരാത്ത
മുഖവും, തേനൂറുന്ന
കൊഞ്ചലും, മറക്കുമോ,
നിങ്ങളെ'ന്നയിഷ'യെ?

അച്ചനുണ്ടവൾക്കൊരാ,-
ളിറച്ചിക്കടക്കാരൻ
'അദ്രമാൻ;' അറുപതി-
ലെത്തിയ പടുവൃദ്ധൻ.

കാണുകി, —ല്ലകലത്തെ
പട്ടണത്തിലുമാരും
കാണുകി, —ല്ലാ വൃദ്ധനെ-
യറിയാത്തവരായി.

വളർന്ന വെള്ളിക്കൊമ്പൻ-
മീശകൾ കവിളിന്മേൽ
വകഞ്ഞി, —ട്ടതിലൊക്കെ
മുറുക്കാൻപതയുമായ്,

മുഖത്തു മസൂരിക്കു;-
    ത്തുഗ്രമാം വൈരൂപ്യത്തിൻ
മുഴുപ്പെത്തിയതാണാ
    മാംസവില്പനക്കാരൻ!

വക്കത്തു നിണം വാർന്നു
    തുളുമ്പും മാംസം കണ്ടി-
ച്ചോക്കയും കടയുടെ
    മുഖത്തു കെട്ടിത്തൂക്കി,

വെട്ടുകത്തിയുമായി
    കണ്ണുകൾ ചുവപ്പിച്ചാ
ചട്ടുകാലനാം വൃദ്ധ-
    നിരിക്കും നഗരത്തിൽ.

പണ്ടൊരു പാണ്ടിപ്പോത്തു
    പാതിയും കണ്ടിച്ചിട്ട
പണ്ടവുമായിപ്പാഞ്ഞ
    മരണപ്പിടച്ചിലിൽ,

അദ്രമാൻ കൊലക്കത്തി
    പായിക്കേ, കാൽമുട്ടിന്മേ-
ലാക്കൊമ്പൻ കരിമ്പോത്തു
    നൽകിയ മുടന്തുമായ്,

രാത്രിയിൽ നഗരത്തിൽ-
    നിന്നയാൾ നിണം നാറും
തോർത്തിൻെറ മടിക്കുത്തി-
    ലന്നത്തെപ്പിരിവുമായ്,

വീട്ടിലെത്തുമ്പോളെന്നും
    നൂററു കുററങ്ങൾ ചൂണ്ടി-
ക്കാട്ടിയാപ്പെൺകുഞ്ഞിൻെറ
    ഹൃദയം നോവിപ്പിക്കും!

ആയിഷ വിതുമ്പിയാൽ, —
    വയ്യെനിക്കോർമ്മിക്കുവാൻ, —
ആയിളംകുരുന്നിൻെറ ചേതന
    ചിലമ്പിയാൽ,

അദ്രമാൻ കൈചൂണ്ടിക്കൊ-
    ണ്ടലറും: 'പെണ്ണേ, നിന്നെ
കത്തികൊണ്ടരിഞ്ഞു ഞാൻ
    കടയിൽ കെട്ടിത്തൂക്കും..."

മഞ്ചാടിക്കുരുപോലെ
കണ്ണുമാ, —'യിബിലീസു'
സഞ്ചരിക്കുന്നു വീട്ടി-
ലെന്നവൾ വിചാരിക്കും!

അമ്മതൻ മുലക്കണ്ണിൽ
നാവിട്ടു ഞെരടുവാ,-
നമ്മകൾക്കമ്മിഞ്ഞപ്പാൽ
കുടിച്ചു കൊഴുക്കുവാൻ,

കഴിഞ്ഞി, —ല്ലവളുടെ
പിഞ്ചിളംകരൾ ഞെക്കി-
പ്പിഴിയാറുണ്ടെന്നുമാ
നീറുന്ന നിനവുകൾ!

അയൽവീട്ടിലെ നങ്ങു-
വമ്മൂമ്മ പറഞ്ഞിട്ടു-
ണ്ടവളോ: "ടദ്രമാൻെറ
തല്ലുകൊണ്ടവർ ചത്തു!

വയറും താങ്ങിക്കൊണ്ടാ
ഗർഭിണി നടക്കുമ്പോ-
ളയൽക്കാർ കളിയാക്കും:
'...മൂന്നു കൊച്ചുങ്ങൾ കാണും...'

കണ്ണുകൾ കലങ്ങാറു,-
ണ്ടായിഷേ, നിന്നുമ്മയ്ക്ക്
കണ്ണുനീർ വീണാ, വീർത്ത
വയറിൻ പുറം പൊള്ളും!

ഉറക്കെ, പാവത്തിനെ
മൂപ്പരെപ്പൊഴും തല്ലും; —
ഉറങ്ങുംവരെ നൂറു
നാവിട്ടു തെറി പാടും!

കണ്ണുതോരാതെതന്നെ
മരിച്ചു പാവം —നിന്നെ
കണ്ണുകൾ തുറന്നൊന്നു
കാണുവാൻ കഴിയാതെ..."

ആയിഷ കഥ കേട്ടു
കരയും, ഹൃദയത്തി-
ലാണികൾ തറഞ്ഞപോൽ:
"ഹെൻറുമ്മോ ശതിച്ചല്ലോ..."

അദ്രമാൻ കൈചൂണ്ടിക്കൊ-
ണ്ടലറുംനേരത്തെല്ലാ-
മപ്പിഞ്ചുകരൾ വീണ്ടും:
"ഹെൻറുമ്മോ പോയല്ലോ നീ..."

2

അരളിക്കുല പൂത്ത
കിഴക്കൻമലങ്കാടി-
ന്നരികിൽ പൊന്തൻ ചെമ്പൻ-
കാളകൾ തിമർക്കുമ്പോൾ,

താരകച്ചെറുപുള്ളി
കുത്തിയ നീലാകാശ-
ക്കീറുപോലെന്നും കാല-
ത്തുമ്മറത്തവൾ വന്നു!

"...ഇന്നലെയെനിക്കൊരു
ജായ്ക്കററു തയ്പിച്ചല്ലോ..."
വന്നപാടവളോതീ
വീട്ടിലെ വിശേഷങ്ങൾ:

"...ഇന്നലെ 'മജീദിക്കാ'
പട്ടണങ്ങളിൽച്ചുററി
വന്നപ്പോൾ തയ്പിച്ചതാ;-
ണൊത്തിരി വെലയായി..."

"...ആറു പൈ വിലയില്ലീ-
ക്കിടക്കശ്ശീല;—യ്ക്കാരാ;-
ണായിഷേ കളിപ്പി-
ച്ച; —"തെന്നു ഞാൻ കളിയാക്കി

പുഞ്ചിരി മങ്ങീ, കവിൾ
തുടുത്തൂ, കുടുകുടെ
കൊഞ്ചിയ മഞ്ഞത്തുമ്പി
വിതുമ്പീ, —"പോകൂ ചേട്ടാ —"

ആയിഷയുടെ വാചാ-
ലങ്ങളാം മിഴികളിൽ
ആളിയ വിഷാദത്താൽ
കരിവാളിച്ചു മുഖം

കൊച്ചുപുള്ളികളുള്ള
നീലജായ്ക്കററിൽ കണ്ണും
വച്ചുകൊണ്ടവൾ നിന്നു
ഹൃദയംപൊട്ടുംപോലെ!

ആ വിഷാദത്തിന്നുള്ളിൽ
കൈയിട്ടു കശക്കുവാ-
നാണെനിക്കിഷ്ടം; നീല-
ക്കണ്ണുകൾ നിറഞ്ഞോട്ടെ!

"ആളുകൾ കളിയാക്കാൻ
വന്നാലോ തലയണ-
ശ്ശീലയുമായിച്ചുററി-
നടന്നാൽ..." ഞാൻ ചോദിച്ചു.

നോവുകളുടെയട-
പ്പൂരി ഞാൻ തെറിപ്പിച്ചു;
പാവമാ പെൺകുഞ്ഞന്നും
വിതുമ്പിക്കരഞ്ഞുപോയ്!

തൻപ്രിയസ്വപ്നം രൂപം-
പൂണ്ടതാ, —ണാ നീലച്ച
ജമ്പറിൻ തുണിത്തരം, —
ഞാനതു മുഷിച്ചാലോ?

" —ഞാനി...നി...വരു...ന്നില്ല."
മുകിലാൽ മുഖം മൂടും
പൂനിലാവുപോൽ കണ്ണീ-
രൊപ്പിക്കൊണ്ടവളോതി,

വായ്നിറച്ചിടറുന്ന
ഗദ്ഗദങ്ങളുമായി
വാതിലു കടന്നവൾ
നടന്നു പൊടുന്നനെ!

"ആയിഷേ..." വിളിച്ചു ഞാൻ:
"ചുമ്മാതെ പറഞ്ഞതാ-
ണായിഷേ, നീയിങ്ങനെ
പൊട്ടിയാണെന്നോർക്കാതെ..."

കണ്ണുനീർ തുളുമ്പിയ
കണ്ണുകളോടേ തിരി-
ഞ്ഞെന്നെ നോക്കിക്കൊണ്ടവൾ
നിശ്ശബ്ദം നടന്നുപോയ്

ആ രണ്ടു മിഴികളിൽ
കണ്ടു ഞാൻ, സംസാരിക്കു-
മായിരം നനവാർന്ന
കണ്ണുകൾ മനോജ്ഞങ്ങൾ!

നിന്നു ഞാ, —നകലത്തെ
 പൂച്ചെടിക്കാടിൻ ചാരെ-
ച്ചെന്നവൾ പതുക്കനെ
 മറയുന്നതും നോക്കി!

നിമിഷം ചിന്തിച്ചു ഞാൻ, —
 'ആ നുണക്കുഴികളിൽ
നിറയാൻ പാടില്ലാത്ത
 താണിനിച്ചുടുകണ്ണീർ...'

3

പിറേറന്നു പുലർച്ചയ്ക്കു
 കാത്തിരുന്നു ഞാൻ, —ചുണ്ടിൽ
പിച്ചകപ്പൂവുംകൊണ്ടെ-
 'ന്നായിഷ'യണഞ്ഞില്ല.

തുളഞ്ഞിട്ടുണ്ടാവുമാ
 പിഞ്ചിളം കരളിലെൻ
കളിവാക്കെല്ലാ; —മെത്ര
 പാവമാണപ്പെൺകുട്ടി!

ദുഃഖഗർഭതയാലെൻ
 ചേതന കനംതൂങ്ങീ,
മുക്കാലും നനവാർന്ന
 പഞ്ഞിച്ചാക്കിനെപ്പോലെ!

ഓമലിൻ കരളിൻെറ
 ഭാഗത്തു കരള,ല്ലോ;-
രോമനമലർക്കാവാ;-
 ണാപ്പൂക്കൾ വാടിക്കൂടാ!

പാട്ടുകളുടെ താളക്കുത്തി-
 നോടൊപ്പം, ചെണ്ടും
നീട്ടിക്കൊണ്ടവ നൃത്ത-
 മുദ്രകൾ കാണിക്കട്ടെ!

ഞാനതിന്നടുത്തെത്തി
 കൊച്ചോടക്കുഴലൂതും;
പ്രാണനിൽ കുനുന്നനെ
 പൂകുത്തും രോമാഞ്ചങ്ങൾ!

ചിന്തകളുടെ നട-
 ക്കാവുകൾക്കുള്ളിൽ, നാഡി-
സ്പന്ദങ്ങളടക്കി ഞാൻ
 കാത്തുകാത്തിരിക്കുമ്പോൾ,

മുടന്തിക്കൊണ്ടെൻ വീട്ടി-
‘ലദ്രമാൻ’ വന്നു, —വേഗം
കടന്നൽക്കുത്തേററപോൽ
ഞാൻ ഞെട്ടിത്തിരിഞ്ഞുപോയ്!

ഉമ്മറത്തയാൾ പാലിൻ
പാത്രവും വച്ചിട്ടോതീ:
“ഞമ്മട തലേവിധി
തൊടയ്ക്കാൻ കൈലേസില്ല...”

“...ആയിഷയ്ക്കെന്തുണ്ടായി...?”
തേങ്ങുമെൻ ഹൃദയത്തി-
ന്നായിരം ചിറേറാളങ്ങൾ
ചോദിച്ചതാണീച്ചോദ്യം.

“...ആയിഷയുടെ ‘നിക്കാഹി’-
ന്നലെ കഴിഞ്ഞവൾ
പോയിരിക്കുകയാണു
നഗരത്തിലെ വീട്ടിൽ!...”

ഞെട്ടി ഞാ —നെട്ടോ പത്തോ
വയസ്സായൊരു കൊച്ചു-
കുട്ടിയെ വിവാഹത്തിൻ
ചരടിൽ കോർത്തൂ വൃദ്ധൻ!

കണ്ണുകൾക്കുള്ളിൽക്കൂടി
പറന്നൂ പൊന്നാശ്ചര്യ-
ചിഹ്നങ്ങ, —ളെൻ ഭാവന
ചിതറിത്തെറിച്ചപോൽ!

സംഭവമിതാ, —ണേതോ
വിടനാം പണക്കാര-
ന്നമ്പതോ നൂറോ രൂപ-
യ്ക്കായിഷ വില്ക്കപ്പെട്ടു!

ഇന്നലെയിരവിലാ
മനുഷ്യൻ ചെന്നൂ വീട്ടിൽ;
ഇന്നലെത്തന്നേ തീർന്നൂ
കല്യാണച്ചടങ്ങുകൾ,

ജീവിതത്തിലെപ്പുത്തൻ-
തിരിവിൽ കാൽകുത്തുവാൻ
പാവമാപ്പെൺകുട്ടിക്കു
സമ്മതമുണ്ടായില്ല.

'അദ്രമാൻ' പതിവുപോ-
ലലറീ —"പെണ്ണേ, നിന്നെ
കത്തികൊണ്ടരിഞ്ഞു ഞാൻ
കടയിൽ കെട്ടിത്തൂക്കും —"

കരളിൽ കണയേററ-
മാതിരി പിടഞ്ഞവൾ
കരയുന്നതിൻമുൻപു
വില്പന കഴിഞ്ഞുപോയ്!

ക്രൂരമാം സമുദായക്കെട്ടു-
കളുടെ കാരാ-
ഗാരത്തിൻ കയ്യാളുകൾ
നിയമം കുറിക്കുമ്പോൾ,

ആയിളംകിളിയെത്ര
ചിറകിട്ടടിച്ചാലും
ആയിരുമ്പഴികളെ-
ത്തകർക്കാൻ കഴിയില്ല!

തുടിക്കും കരളുമായ്
ഞാനിരുന്നുപോയ്, വൃദ്ധൻ
മുടന്തിപ്പടികട-
ന്നകലുന്നതും നോക്കി!

പട്ടണത്തിലെ മാംസ-
പ്പീടികയ്ക്കുള്ളിൽ, നാലു
മുട്ടനാടുകൾ, പുത്തൻ
മുട്ടനാടുകൾ വന്നു!

അവയെപ്പല്ലും കടി-
ച്ചൊന്നൊന്നായ് മുറിക്കുമ്പോ-
'ളദ്രമാൻ' പറഞ്ഞുപോൽ:
"...ഇറച്ചി മോശാല്ലല്ലോ —

പെണ്ണിൻെറ കാശാ,-
ണെൻെറ ബദരീങ്ങളെ, നൂറു
പുണ്യമൊ; —ണ്ടെനിക്കൊരു
ചേതവും വരുത്തല്ലെ!...

പണ്ടങ്ങളൊന്നും, 'തണ്ടും'
'വളയും' 'കാറക്കല്ലും'
പണ്ടത്തെപ്പതിവുപോ-
'ലേലസ്സും' കൊടുത്തില്ല!

എന്നിട്ടുമാണുങ്ങളെ-
 പ്പോലയാൾ രൂഫായെണ്ണി-
ത്തന്നതാ; —ണയാളെൻെറ
 പെണ്ണിനെ നോക്കിക്കൊള്ളും..."

4

മേഘമാലകൾ വാർത്ത
 കണ്ണീരിൽ മുങ്ങി, ശ്ലോക-
മൂകരായ് നനവാർന്ന
 ചിറകും കൊത്തിച്ചിക്കി,

പകലും രാവും വന്നെൻ
 വീട്ടുവാതിൽക്കൽക്കൂടി
പതുക്കെ കടന്നുപോയ്
 മുഷിഞ്ഞ മുഖവുമായ്!

ചിന്തകളലോസര-
 പ്പെടുത്തിക്കൊണ്ടെന്മുന്നിൽ
പൊന്തു,മായിഷയുടെ
 വാചാലനയനങ്ങൾ!

കുമ്പകളിടിഞ്ഞൂർന്നു
 വീണ സംസ്കാരത്തിൻെറ
കുണ്ടളപ്പുഴുക്കളെ-
 പ്പററി ഞാൻ വിചാരിക്കും.

നാടിൻെറ സാമ്പത്തിക-
 ക്കെട്ടിൻെറ പടവിന്മേൽ
ചാടിവീണിളിക്കുന്ന
 വാനരന്മാരെപ്പററി,

ചിട്ടയിൽ നീങ്ങും നാടിൻ
 മുകളിൽ തലേക്കെട്ടും
കെട്ടിക്കൊണ്ടിരിക്കുന്ന
 ചാട്ടവാറിനെപ്പററി,

അങ്ങനെ ചിന്തിക്കും ഞാൻ
 പലതും, മുറിയാത്ത
ചങ്ങലത്തുടരുകൾ
 മാതിരി പലപ്പോഴും!

മാസങ്ങളിഴഞ്ഞിഴ-
 ഞ്ഞങ്ങനെ മറഞ്ഞുപോയ്;
മാമകനിനവിലാ-
 ക്കുസൃതിക്കുടുക്കയും!

സംഭവങ്ങളിലൂടെ
സഞ്ചരിക്കുമ്പോൾ, മടി-
ത്തുമ്പിലെ സ്മരണകൾ
വീണുപോയേക്കാം താഴെ!

നാഴികക്കല്ലിൽനിന്നു
നാഴികക്കല്ലിൽ ചെന്നു
നാളുകൾ കാൽവച്ചെത്തീ
വത്സരങ്ങളിലോളം!

പുതുതാം ചരിത്രത്തിൻ
തേരുകളുരു; —ണ്ടെത്ര
കുതിരക്കുളമ്പടി
മുഴങ്ങീ നാടെമ്പാടും!

കൊടികൾ പറപ്പിച്ചു
മാനവസ്വാതന്ത്ര്യത്തിൻ
പടകൾ പാഞ്ഞീലെത്ര
സർഗ്ഗസാമർത്ഥ്യത്തോടെ?

തലയിൽ തീച്ചൂളയു-
മായി വന്നീ നാടിന്റെ
ചലനം കൊളുത്തിയി,
ല്ലെന്തെന്തു വെളിച്ചങ്ങൾ?

വർഷങ്ങൾ, ദ്രുതതര-
മിരമ്പിപ്പാഞ്ഞൂ, നാലു
വർഷങ്ങൾ; കൊടുങ്കാററിൻ
സഞ്ചാരവേഗത്തോടെ!

5

അന്തിയിലൊരുനാളിൽ
സ്നേഹിതന്മാരോടൊന്നി-
ച്ചെന്തിനോ നഗരത്തിൽ-
ക്കൂടി ഞാൻ നടക്കുമ്പോൾ,

ആൾത്തിരക്കുകൾ കണ്ടു
മൂലയിലൊരേടത്തെ;-
ന്താൾത്തിരക്കവർതമ്മിൽ
രഹസ്യം പറയുന്നു!

"വല്ല തെണ്ടിയും വന്നു
മരിക്കാൻ ഭാവിക്കയാ;-
ണല്ലെങ്കിൽ കൺകെട്ടുകാർ; — "
തീരുമാനിച്ചു ഞങ്ങൾ!

പുത്തരിയല്ലീ നാട്ടിൽ
      മോഷണം, വ്യഭിചാരം,
പട്ടിണിമരണങ്ങൾ...
      തൊഴിലില്ലൊരുത്തനും!

ഒന്നെത്തിനോക്കീ ഞങ്ങൾ:
      രക്തത്തിൽക്കുഴഞ്ഞൊരു
പൊന്നുകൈക്കുഞ്ഞിൻ
      ദേഹമകലെക്കിടക്കുന്നു!

കട്ടകെട്ടിയ രക്തം,
      പൊന്തിയ ചുടുമാംസ-
ക്കട്ടകൾ, —ആകെക്കൂടി
      ബീഭത്സമാണാ രംഗം!

പട്ടികളന്നുച്ചയ്ക്കു
      കടിച്ചു വലിച്ചുകൊ-
ണ്ടിട്ടതാണത്രേ പൊന്ത-
      ക്കാടുകൾക്കുള്ളിൽനിന്നും!

മടങ്ങിപ്പോരുംവഴി-
      ക്കെപ്പോഴുമെൻ കൺമുമ്പിൽ
തുടരെത്തുടരെയാ
      പൈതലിൻ രൂപം പൊന്തീ!

കണ്ണുകൾ പറി; —ഞെഞ്ഞും
      മാംസങ്ങളുന്തി, —കുഞ്ഞി-
ക്കയ്യുകൾ മാന്തിക്കീറി...
      ബീഭത്സമാണാ രൂപം!

എത്ര ഞാൻ തുടച്ചിട്ടു-
      മൊട്ടിനില്ക്കുന്നു മൂക്കിൽ
കുത്തിയും തുളച്ചുമാ
      പച്ചമാംസത്തിൻ ഗന്ധം!

6

"...ആയിഷ ലാക്കപ്പിലായ്;
      ഇന്നലെപ്പോലീസുകാ-
രാ യുവതിയെക്കൊണ്ടു
      പോവതു കണ്ടു ഞങ്ങൾ..."

പട്ടണം ചുററിത്തിരി-
      ഞ്ഞെത്തിയ പള്ളിക്കൂട-
ക്കുട്ടികളറിയിച്ച-
      താണു പിറേറന്നീ വാർത്ത!

'ആയിഷ?' —മിന്നൽപ്പിണർ-
ച്ചുററുകൾ മറിഞ്ഞെന്നി-
ലായിരം പൽച്ചക്രങ്ങൾ
തിരിഞ്ഞൂ തലച്ചോറിൽ!

ചിന്തകൾ ചൂളംകുത്തി-
പ്പാഞ്ഞുപോയ്, —ചോദിച്ചൂ ഞാൻ:
"എന്തിനാപ്പെൺകുഞ്ഞിനെ
ജയിലിൽക്കയററുന്നു?"

ഓതിനാരവർ: "പെററ
കുഞ്ഞിനെ ഞെക്കിക്കൊല്ലും
പാതകികളെപ്പിന്നെ-
പ്പാലൂട്ടിപ്പുലർത്തണോ?"

കളിയിൽക്കണ്ണിട്ടൊന്നു
പോറിയാൽ,ക്കുടുകുടെ-
ക്കരയും പൂപോലുള്ളൊ-
രാപ്പിഞ്ചുഹൃദയത്തിൽ,

തന്നിളം ചോരക്കുഞ്ഞിൻ
ചേതന മാന്തിക്കീറി-
ക്കൊന്നുമൂടുവാൻ കൂര-
മ്പല്ലുകളെന്നുണ്ടായി?

ആയിഷയുടെ കഥ
കേൾക്കണോ നിങ്ങൾ;ക്കെൻറ
വായനക്കാരേ, ഞാനും
നിങ്ങളും ഞെട്ടിപ്പോകും!

'നിക്കാഹും' കഴിഞ്ഞവൾ
പട്ടണത്തിലെ വീട്ടിൽ
മുക്കാലും കരൾവെന്ത-
മാതിരി ജീവിച്ചനാൾ

വിടനാം ഭർത്താവിൻെറ
മാംസദാഹത്തിൽ കത്തി-
പ്പടരും വികാരങ്ങ-
ളവളെക്കശക്കവേ,

നാലു വർഷങ്ങൾക്കുള്ളിൽ
ചതഞ്ഞ കൊന്തായ്ത്തീർന്നു
ശാലീനലളിതമാ
സൗന്ദര്യസാക്ഷാൽക്കാരം!

നിർവികാരനായ്ത്തന്നെ-
    യാ വിടനവളേയും
ഗർവിന്റെ കൈചൂണ്ടിക്കൊ-
    ണ്ടകലെപ്പുറം തള്ളി!

ആറോളം യുവതികൾ
    കേട്ടു ഞെട്ടിയ ശബ്ദ-
മായിഷ കേട്ടു: "നിന്ന
    *മൊഴിചൊല്ലി ഞാൻ പെണ്ണേ!"

അടിയിൽ കനംതൂങ്ങും
    വയറും താങ്ങിക്കൊണ്ടു
നടന്നൂ കൈയുംവീശി-
    പ്പാവമാമപ്പെൺകുട്ടി!

അദ്രമാനൊരു കൊല-
    ക്കേസിന്നു ശിക്ഷിക്കപ്പെ-
ട്ടെത്രയോ നാളായ്, സെൻട്രൽ
    ജയിലിൽക്കിടക്കുന്നു!

പട്ടണത്തിലെ മാംസ-
    പ്പീടികയ്ക്കകത്തയാൾ
വെട്ടുകത്തിയുമായി
    വില്പനയ്ക്കിരുന്നപ്പോൾ,

ഒരുനാളിറച്ചിക്കു
    ചെന്നൊരാൾ കളിയായി
വെറുതേ ചോദിച്ചുപോയ്:
    "പന്നിയെ വില്ക്കാനൊണ്ടോ?"

അദ്രമാനരിശംകൊ-
    ണ്ടലറി: —"പട്ടി, നിന്ന
കത്തികൊണ്ടരിഞ്ഞു ഞാൻ
    കടയിൽ കെട്ടിത്തൂക്കും..."

രക്തമാംസങ്ങൾക്കുള്ളിൽ
    ക്രൂരമാം മതത്തിന്റെ
ചിത്തരോഗാണുക്കളു-
    മായവർ തമ്മിൽത്തല്ലി!

അദ്രമാ, —നെതിർനിന്ന
    'ഹിന്ദു'വിൻ മാറിൽക്കൊല-
ക്കത്തിപായിച്ചുംകൊണ്ടാ-
    ന്നലറി —"കള്ളക്കാഫർ..."

* വിവാഹബന്ധം വേർപെടുത്തുക.

ആയിഷ, പിതാവിൻെറ
        പീടിക നിന്നേടത്തൊ-
രൊയിൽ മി. —ല്ലറംകരി-
        ച്ചലറുന്നതു കേട്ടൂ!

7

തെരുവിൽ, കണ്ടിക്കാതെ
        പച്ചമാംസങ്ങൾ വിൽക്കും
തെരുവിൽ, പുതിയൊരു
        മെംബറുംകൂടിച്ചേർന്നൂ!

പതിവായ് കളിയാക്കും
        കൂട്ടുകാരികൾ: "വേഗം
പെറെടീ പെണ്ണേ; പത്തു
        കാശിൻെറ പണിചെയ്യാൻ..."

ഇരുളിൽ, തെരുവിൻെറ
        മൂലയിൽ സ്വന്തം വസ്ത്രം
മറകെട്ടിക്കൊണ്ടവൾ
        കടിഞ്ഞൂൽ പ്രസവിച്ചു!

കൈയുകൾ ചുരുട്ടിക്കൊ-
        ണ്ടെന്തിനോ ഞരങ്ങും തൻ
കൺമണിക്കുടത്തിനെ
        നിറകണ്ണിനാൽ നോക്കി,

ആയിഷയെഴുന്നേററൊ-
        ന്നുമ്മവയ്ക്കവേ, ദൂരെ-
പ്പോയിരുന്നവർ കൂട്ടു-
        കാരികളടുത്തെത്തി!

അവർ തങ്ങളിൽ നോക്കി-
        ക്കുഞ്ഞിനെക്കടന്നെടു-
ത്തകലെപ്പൊന്തക്കാട്ടി
        ലെറിഞ്ഞൂ പൊടുന്നനെ!

ആയിഷ കരഞ്ഞുപോയ്, —
        കൂട്ടുകാരികളോതീ:
"പോയി വല്ലതും തിന്നു
        തടി നന്നാക്കാൻ നോക്കൂ..."

"പെററ കുഞ്ഞിനെ ഞെക്കി-
　　കൊല്ലുന്ന, തീ നാടിൻെറ
ചട്ടങ്ങൾക്കെതിരാണ്" —
　　വിലങ്ങിൻ ശബ്ദം കേട്ടു!

ആയിഷ ലാക്കപ്പിലായ്,...
　　ശിക്ഷയും കഴിഞ്ഞവൾ
ആ ജയിൽ വളപ്പിൽനി-
　　ന്നിറങ്ങിത്തിരിച്ചപ്പോൾ

ഇനിയും പൊന്തക്കാട്ടിൽ
　　തള്ളുവാനൊരു കൊച്ചു
കനി,യാ ജഠരത്തിൽ
　　രൂപംകൊണ്ടിരുന്നത്രേ!

അടിയിൽ കനംതൂങ്ങും
　　വയറും താങ്ങിക്കൊണ്ടു
നടന്നൂ തെരുവിലാ
　　'പട്ടണത്തിലെ വേശ്യ.'

നഗരത്തിലെക്കൂട്ടു-
　　കാരികളുടെ നീല-
നയനങ്ങളിൽ നോക്കി-
　　യായിഷ സംസാരിച്ചു:

"ഞാനിനി പ്രസവിക്കും
　　കൊല്ലുകില്ലാക്കുഞ്ഞിനെ
കാണണമെനിക്കതു
　　വളരുന്നതു നാളെ!

എന്നെ,യീ തെരുവിൻെറ
　　മൂലയിലെറിഞ്ഞവർ-
ക്കൊന്നിനു, —മെൻകുഞ്ഞന്നു
　　മാപ്പു നൽകുകയില്ല..."

ധീരമാം സ്വരം കേട്ടു
　　ചിരിച്ചൂ തമ്മിൽക്കൂട്ടു-
കാരികൾ മടിക്കുത്തിൽ
　　പൈസകൾ കിലുങ്ങുംപോൽ!

രണ്ട്

ഞെട്ടിച്ചുഞെട്ടിച്ചു സംഭവശ്രേണികൾ
മുട്ടിക്കുലുങ്ങും കരളിൻ ഞരമ്പുമായ്,

നിന്നുപോകും ഞാൻ, നിനവുകൾക്കുള്ളിലൂ-
ടെന്നിലേക്കൊന്നു ചുഴിഞ്ഞിറങ്ങീടുവാൻ!

മെയ്യിൽത്തുളുമ്പും ശ്രമനീർക്കണങ്ങളെ
കൈയാൽ വടിച്ചുവടിച്ചെറിഞ്ഞങ്ങനെ,

എന്മുന്നിലൂടെ കുതിരയെപ്പായിച്ചു
മുമ്പോട്ടു മുമ്പോട്ടു കാലം കുതിക്കവേ,

ഓരോ കുളമ്പടിപ്പാടു കാണുമ്പോഴു-
മോരോ ചിനപ്പു പൊടിക്കുമെൻ ചിന്തയിൽ!

ശ്വാസനാളത്തിൽ പിടിച്ചിറങ്ങിച്ചെല്ലു-
മാശയാവിഷ്കരണോത്സുകനായി ഞാൻ!

എന്നും പുകയുന്ന മൺചെരാതൊന്നെനി-
ക്കെന്റെ ഹൃദയത്തിലുണ്ടാവുമെപ്പൊഴും!

കട്ടപിടിക്കും പുകയിറ ചാലിച്ചു
കൺമഷികൂട്ടാൻ ശ്രമിക്കുമ്പൊഴൊക്കെയും,

വിങ്ങിത്തുടുത്തുപോമെന്റെ കൺപോളകൾ;
ചങ്കിൽ ചുളുചുളാക്കുത്തും പലപ്പൊഴും!

കുത്തും മടക്കുമഴിഞ്ഞുകിടക്കുന്ന
പുസ്തകംപോലെ ചിതറുമെൻ ചിന്തകൾ!

നാടിന്റെ നോവുകളാണെന്റെ ചിന്തയിൽ-
ക്കൂടി പിടിച്ചുകയറുന്നതിങ്ങനെ!

ഞെട്ടിച്ചു ഞെട്ടിച്ചു സംഭവശ്രേണികൾ
മുട്ടുന്നു ജീവിത വാതൽപ്പടികളിൽ!

എത്രയോ ഞാനവ ചായംപിടിപ്പിച്ചു
ചിത്രപ്പെടുത്തീ പരുക്കൻശിലകളിൽ?

പിന്നെയും ബാക്കികിടക്കുന്നു ജോലികൾ; —
അന്നുമിരുന്നു ഞാൻ ചായവും ബ്രഷ്ഷുമായ്!

നേരം വെളുത്തില്ല; കാത്തുനിൽപ്പൂ ശുക്ര-
താരം, കിഴക്കിന്റെ പൂക്കുററികത്തുവാൻ!

ആരോ കിതച്ചുകിതച്ചൊരാൾ വീടിന്റെ
ചാരത്തു വന്നു; മുഖമൊന്നുയർത്തി ഞാൻ!

ആകെപ്പരിഭ്രമിച്ചെന്മുന്നിൽ നില്ക്കുന്നു
പാകം തികഞ്ഞു വളർന്നൊരു പെൺകൊടി!

ആ നെഞ്ചിടിപ്പുകൾ കേട്ടു ഞാൻ വ്യക്തമായ്
പ്രാണനിൽനിന്നു പറഞ്ഞവമാതിരി!

തെല്ലമ്പരന്നു ഞാ; —നോർമ്മകൾക്കുള്ളിലാ
മല്ലികപ്പൂവിനെച്ചിക്കിച്ചികഞ്ഞു ഞാൻ!

"ചേട്ടൻ മറന്നുവോ?..." ചോദിക്കയാണവൾ:
"ചേട്ടൻെറ പണ്ടത്തെയീയനുജത്തിയെ?..."

പിന്നോട്ടുപിന്നോട്ടു താളും പുറങ്ങളു-
മൊന്നായ് മറിഞ്ഞൂ, മറഞ്ഞൂ പൊടുന്നനെ,

എണ്ണായിരം പേജെഴുതിക്കഴിഞ്ഞതാ-
മെൻ ചേതനയിലെയോർമ്മതൻ പുസ്തകം!

"ഞാനാണു ചേട്ടാ..." തുടർന്നിതാപ്പെൺകൊടി:
"ഞാനാണു ചേട്ടൻെറ പണ്ടത്തെയായിഷ..."

ആയിഷ? മിന്നൽപ്പിണരുകൾപോലെന്നി-
ലായിരം രംഗങ്ങൾ കത്തിക്കടന്നുപോയ്!

ഞാനിരുട്ടത്തൊരമാവാസിരാത്രിയിൽ
പൂനീട്ടിനില്ക്കുന്നൊരാമ്പലിൻ പൊയ്കയിൽ,

നീന്താനറിയാതെ ചെന്നിറങ്ങേണമോ
നീലനീർക്കോലികൾ ചുററിപ്പിണയവേ!

ഒന്നു ചിരിക്കാൻ ശ്രമിച്ചു ഞാൻ; —ദൂരത്തു
നിന്നു വിളറി വെളുക്കുന്നു ദിങ്മുഖം!

"എൻ കൈകൾ കണ്ടോ? കഴുകിയിട്ടില്ല ഞാ-
നെൻകൈകൾ..." ആയിഷ ചോദിച്ചു സാത്ഭുതം

"എന്താണു കൈയിൽ?" —എഴുന്നേററുനോക്കി ഞാൻ;
എൻ നേർക്കു കൈ നീട്ടി ഗർജ്ജിച്ചിതായിഷ:

"എന്നെ നിക്കാഹുകഴിച്ചോൻെറ കൽബിലെ-
ച്ചെന്നിണം..." മന്ദഹസിക്കുകയാണവൾ!

ഞെട്ടി ഞാൻ; —എന്മുന്നിൽ നില്ക്കുമാപ്പെണ്ണിന്നു
വററിക്കഴിഞ്ഞോ മൃദുലഭാവങ്ങളും?

രക്തം തുടിച്ചു തടംകെട്ടി നില്ക്കുമാ
കത്തിക്കയറും മിഴികളിൽ രണ്ടിലും,

കണ്ടു ഞാൻ ചെഞ്ചില്ലുകൂട്ടിൽ പിടിച്ചിട്ട
രണ്ടു പിടയുന്ന നീലമത്സ്യങ്ങളെ!

വിശ്വസിച്ചില്ല; തെരുവിൽ വില്ക്കപ്പെടും
പച്ചമാംസത്തിന്നു കെട്ടിയോൻ കാണുമോ?

നാലഞ്ചു പോലീസുകാർ വന്നവളുടെ
ചേലയ്ക്കു കുത്തിപ്പിടിച്ചു പൊടുന്നനെ!

ഇൻസ്പെക്ടരെന്നോടു ചോദിച്ചു: "നിങ്ങളാ-
രിക്കൊലപ്പുള്ളിയെസ്സൂക്ഷിച്ചുവയ്ക്കുവാൻ?"

ഞാനറിയിച്ചു വിവരങ്ങ; —ളെന്നാലു-
മാ നീതിപാലനവ്യഗ്രത മാറുമോ?

നേരം വെളുത്തു; നഗരത്തിലാ വാർത്ത
കേറിപ്പരത്തീ പരശ്ശതം നാവുകൾ!

ആയിഷ നാട്ടിലെ പ്രശ്നമായ് വീണ്ടു; —മാ
തീയല നീറിപ്പടർന്നു പലരിലും!

2

നാലാണ്ടുകൾക്കു മുൻ; —പാ നഗരത്തിൻെറ
മൂലയിൽ, മുൻസിപ്പലാപ്പീസുതിണ്ണയിൽ,

തൂണോടുതൂണുടുവസ്ത്രം മറകെട്ടി
വീണു ഞരങ്ങിപ്രസവിച്ചിതായിഷ!

നീരാവിയിൽനിന്നെടുത്തപോൽ പൊള്ളുമാ
ചോരക്കിടാവിനെത്തോർത്തിത്തുടച്ചവൾ,

നെഞ്ചത്തടുക്കി നടന്നു, തെരുവിൻെറ
നെഞ്ചിൽ ചവുട്ടടി താണുപോം മാതിരി!

വണ്ടി നില്ക്കുന്ന കവലയിൽ കൂടിയ
തെണ്ടികൾ കുട്ടിയെക്കൈമാറി നില്ക്കവേ,

അമ്മ നെടുവീർപ്പു വീട്ടു; യുഗങ്ങളെ
ചുംബിച്ചണഞ്ഞതാണാ നെടുവീർപ്പുകൾ!

കുഷ്ഠംപിടിച്ചു തൊലി ഞൊറി; —ഞെത്രയോ
ചട്ടുകപ്പാടുകൾ പൊട്ടിപ്പഴുത്തവർ,

കട്ടപിടിച്ചു വിരലററ കൈകളാൽ
കുട്ടിയെ വാങ്ങിപ്പുണർന്നുമ്മവയ്ക്കവേ,

മിണ്ടിയില്ലായിഷ, യാ രോഗതപ്തരിൽ
കണ്ടു മററാരിലും കാണാത്ത സൗഹൃദം!

ഓതുമാറുണ്ടവൾ: "മാന്യത സൂക്ഷിക്കു-
മോരോ പ്രമാണിയും കുഷ്ഠം പിടിച്ചവൻ!

വെള്ളത്തൊലിമാററി നിങ്ങളാ മാന്യത-
യ്ക്കുള്ളിൽ നോക്കാമോ?, പഴുത്തിരിക്കും കരൾ!"

പല്ലു മുളയ്ക്കാത്ത ചെഞ്ചൊണ്ടിവായ്മലർ
മെല്ലെ വിടർത്തുമാത്തങ്കക്കുടത്തിനെ,

ഉമ്മവച്ചുമ്മവച്ചോമനിച്ചോമനി-
ച്ചമ്മ തോളത്തിട്ടു താരാട്ടു പാടിയാൽ,

ചൂളവുംകുത്തി വരമീശയുംവച്ചു
നീളെ നടക്കുന്ന ചുമ്മാപ്രമാണിമാർ,

ഓതുമാറു; —"ണ്ടവളാളെക്കറക്കുന്ന
രീതികൾ കണ്ടോ? സുഖക്കേടു കാണണം..."

തൻമണിക്കുട്ടൻ വളരുന്ന കാണുവാ-
നമ്മയ്ക്കു മോഹം പ്രതികാരശക്തിപോൽ!

കാലണ കിട്ടില്ല തെണ്ടിയാൽ; രാത്രിയിൽ
നാലണ കിട്ടും കടക്കണ്ണനക്കിയാൽ!

വല്ല ജോലിക്കുമായ് വീടോടുവീടവ-
ളല്ലലുംകൊണ്ടു നടന്നൂ കുറച്ചുനാൾ

അമ്മതന്നമ്മിഞ്ഞ തല്ലിപ്പിഴിഞ്ഞിട്ടു-
മമ്മകന്നില്ലൊരു തുള്ളിയും ദാഹനീർ!

തായതൻ ചങ്കിൻെറ നാരുകൾ പൊട്ടിച്ചു
വായ കീറും കിടന്നാപ്പൈതലെപ്പൊഴും!

വീണ്ടും തെരുവിലെ പച്ചമാംസത്തിൻെറ
ചൂണ്ടലിൽ കൊത്തിക്കിടന്നുപോയായിഷ!

തന്നോമനയെപ്പുലർത്തുവാൻ, മാംസത്തിൽ
നിന്നാ വികാരം വിലപേശി വിററവൾ!

പൈതൽ വളർന്നൂ; നഗരത്തിലാളുകൾ-
ക്കാ ദഹനക്കേടസഹ്യമായ് നിത്യവും!

ആരെയും കണ്ടാൽ ചിരിച്ചുകുഴഞ്ഞുകൊ-
ണ്ടാ 'റഹീം' ചെല്ലും തെരുവിലെപ്പാതയിൽ!

പൈസ കൊടുത്തു പറഞ്ഞയയ്ക്കും വേഗ-
മാ ശപിക്കപ്പെട്ട പൈതലിന്നാളുകൾ!

പൈതൽ വളർന്നു; നഗരത്തിലാക്കൊച്ചു
പൗരൻ നിവർന്നുനടക്കുമെല്ലായ്പൊഴും!

പർദ്ദയില്ലാത്ത ഹൃദയവും, ചുണ്ടത്തു
പുത്തനുയിരുള്ള മാപ്പിളപ്പാട്ടുമായ്!

ആരു വന്നാലും പറയുമാറുണ്ടവൻ:
"ആയിഷ ഉമ്മാട പൊന്നുമോനാണു ഞാൻ..."

ആയിഷ ഉമ്മയെ കേൾക്കാത്തവരില്ല,
പോയി വിശേഷമറിയുമെല്ലാവരും!

സ്വന്തമായുണ്ടവൾക്കിന്നൊരു കെട്ടിടം
ചന്തസ്ഥലത്തിന്നടുത്തൊരു മൂലയിൽ!

ആ നഗരത്തിന്റെ മാംസവികാരങ്ങ-
ളാണവിടത്തെ കലാപരിപാടികൾ

തന്റെ തൊഴിലിൽ ഭയപ്പെടാറുണ്ടവൾ
തന്റെ റഹീമിനെ മാത്രമെല്ലായ്പൊഴും!

കൊട്ടിയുറക്കി മുറിക്കുള്ളിലോമന-
ക്കുട്ടനെ ചുംബിച്ചിറങ്ങും പുറത്തവൾ!

മാദകോന്മാദിതമോരോ നിമേഷവും
മാതൃഭാവത്തിന്നു മുള്ളാണി തീർക്കവേ,

ഒന്നു ഞടുങ്ങുമാറുണ്ടവൾ: —അപ്പുറ-
ത്തൊന്നല്ല പത്തല്ല മാംസാഭയാർത്ഥികൾ!

അന്നൊരു രാത്രിയി,ലാ വീട്ടിലേക്കൊരാൾ
വന്നു കയറീ; പകച്ചു പോയായിഷ!

മദ്യോദിതമാം ലഹരിയിൽത്തങ്ങളിൽ
മത്സരിക്കുന്ന ഞരമ്പിലോരോന്നിലും,

തള്ളിക്കയറുന്ന മാംസവികാരങ്ങ-
ളുള്ളിൽ പതഞ്ഞുപതഞ്ഞുയർന്നീടവേ,

ചെന്നാക്കുടിലിൽ കയറിയതാണയാ-
ളന്നത്തെ രാത്രി; വിറച്ചുപോയായിഷ!

തന്നെ നിക്കാഹുകഴിച്ചവൻ, വർഷങ്ങ-
ളൊന്നിച്ചു ജീവിച്ചു സ്വപ്നങ്ങൾ നെയ്തവൻ,

നിർദ്ദയം തന്നെ മൊഴിചൊല്ലി വിട്ടവൻ
നില്ക്കുന്നു മുന്നിൽ...നടുങ്ങിനാളായിഷ!

ചിന്തകൾ പമ്പരം ചുററുന്നു, ചുണ്ടത്തെ
മുന്തിരിപ്പാത്രം മിഴിനീർ നിറഞ്ഞുപോയ്!

ആളിപ്പടർന്നൂ ഹൃദയത്തിലന്നവൾ-
ക്കായിരം വെള്ളിടിവാളിൻ ചുരുളുകൾ!

ആടിക്കുഴഞ്ഞു തൻ മാറത്തു ചായുവാ-
നായിട്ടണയുമാ കാമപ്പിശാചിനെ,

തള്ളിയകററി, പ്രതികാരചിന്തക-
ളുള്ളിൽപ്പടരുന്ന തീജ്വാലപോലവൾ!

ആടിക്കറങ്ങിക്കറങ്ങിവീ: —ണോർമ്മകൾ
ആകെക്കലങ്ങിക്കലങ്ങിത്തെളിഞ്ഞപോൽ,

ആ വിടനോതീ വിരൽ വിറപ്പിച്ചുകൊ:
"ണ്ടായിശേ...ചൊന്നുകളയുമേ നിന്ന ഞാൻ..."

തത്തിപ്പിടിച്ചൊന്നെഴുന്നേററുനില്ക്കുവാൻ
ബദ്ധപ്പെടുമാ മൃഗത്തിൻെറ നേർക്കവൾ,

കത്തിയൊരെണ്ണം കയററീ; —കരളിൻെറ
കുത്തും ഞെറിയും പിളർന്നുപോകുംവിധം!

പല്ലു ഞെരിച്ചയാൾ ചങ്കിലെച്ചെഞ്ചോര
തള്ളിപ്പതഞ്ഞു പുറത്തു ചാടുമ്പൊഴും.

താൻ പുറന്തള്ളിയ പെണ്ണിനോടോതിപോൽ:
"ശാമ്പലാക്കും നിന്ന; നീ മൻസലാക്കണം..."

നേരം വെളുത്തില്ല; കാത്തുനിന്നൂ ശുക്ര-
താരം കിഴക്കിൻെറ പൂക്കുററി കത്തുവാൻ!

കത്തി പൂക്കുററി കരാളമാം രാത്രിതൻ
രക്തം തെറിച്ചു തുടുക്കുന്നു ദിങ്മുഖം!

ആപ്പുലർച്ചയ്ക്കാണു കൈകളിൽ ചെന്നിണ-
ക്കാപ്പുമിട്ടെൻ വീട്ടിൽ വന്നതന്നായിഷ!

3

അമ്മ ലാക്കപ്പിലായ്, പേടിച്ചരണ്ടുപോയ്
പൊന്മകൻ; പിറേറന്നു നേരം വെളുക്കവേ!

നീലനീരട്ടകൾപോൽ പിടച്ചുന്തിയ
നീറനുറുമ്പുകൾ പൊത്തും ഞരമ്പുകൾ,

ചോരയൊലിച്ചു തടിച്ച ബീഭത്സവും
ക്രൂരവുമായ മുഖവും ശരീരവും...

തൊട്ടടുത്തുള്ള മുറിയിലെക്കാഴ്ചകൾ
ഞെട്ടിച്ചു പൈതലിൻ ലോലഭാവങ്ങളെ!

വീടുവി, —ട്ടമ്മയെക്കാണാഞ്ഞു വെമ്പൽകൊ-
ണ്ടോടും റഹീമിനെ നേരിട്ട നാട്ടുകാർ,

ആട്ടിയകററീ; കൊലപാതകി പെററ
കുട്ടിയെയെന്തിന്നവർക്കു ശ്രദ്ധിക്കണം?

കാലണ കിട്ടാതെയാ നഗരത്തിൻെറ
മൂലയിൽ തെണ്ടിത്തിരിയുകയാണവൻ

നട്ടും പറിച്ചും വിതച്ചും, നിമേഷങ്ങൾ
മുട്ടിക്കടന്നൂ; കുതിച്ചുപോയ് നാളുകൾ!

ആരു വന്നാലും പറയുമാറുണ്ടവൻ:
"ആയിഷ ഉമ്മാടെ പൊന്നുമോനാണു ഞാൻ..."

ഞെട്ടിയൊഴിഞ്ഞു വഴിമാറിയേ പോകു
പട്ടണത്തിൻെറ 'മഹത്തായ' സംസ്കൃതി!

പോലീസുവണ്ടി നഗരത്തിലൂടൊന്നു
പോയാൽ, പറയും റഹീമിനോടാളുകൾ:

"നിൻെറ ബാപ്പാ പോണ്; ചെന്നു ചോദിക്കെടാ
നിന്നെയുമുമ്മാടടുത്തു കൊണ്ടാക്കുവാൻ..."

തെണ്ടികളോടൊത്തു തമ്മിലടിച്ചവൻ
തെണ്ടിനടന്നൂ നഗരത്തിൽ നീളവേ!

നാട്ടുകാർ ശ്രദ്ധിച്ചിതാക്കൊച്ചുപൗരൻെറ
നോട്ടവു, മംഗചലനവും, ഭാവവും!

അർത്ഥഗൂഢങ്ങളാണോരോ ചലനവും;
കത്തിപ്പടരും വിഷവള്ളിയാണവൻ!

ആക്കൊച്ചു പാടുന്ന മാപ്പിളപ്പാട്ടിന്നൊ-
രർത്ഥമു; —ണ്ടമ്മ പഠിപ്പിച്ചതാവണം!

തെണ്ടികളെല്ലാമതേററേററു പാടുന്നു;
തൊണ്ടപൊട്ടുമ്മാറലറുകയാണവർ

മിണ്ടാതിരുന്നവരൊന്നിച്ചു ചേർന്നൊന്നു
മിണ്ടാൻ തുടങ്ങീ നഗരം ഞടുക്കുവാൻ.

ചാവുകയില്ലവ പട്ടിണിയാകിലും
ജീവിക്കുമത്രേ, ചരിത്രം തിരുത്തുവാൻ!

4

അന്നൊരു വണ്ടി കിതച്ചു കിതച്ചോടി
വന്നു കുലുങ്ങിക്കവലയിൽ നിൽക്കവേ,

തെണ്ടികളൊന്നിച്ചു പാട്ടുപാടിച്ചെന്നു
വണ്ടിക്കു ചുററും വളഞ്ഞുനിന്നീടവേ,

ആ 'റഹീ'മന്നുമറിയിച്ചിതുച്ചത്തിൽ:
"ആയിഷ ഉമ്മാടെ പൊന്നുമോനാണു ഞാൻ..."

പൊട്ടിച്ചിരിച്ചു പരിഹസിച്ചാളുകൾ,
ഒട്ടുപേരാട്ടിയകററീ റഹീമിനെ!

കത്തുന്ന കണ്ണുമായ് വണ്ടിയിൽനിന്നൊരു
വൃദ്ധൻ പുറത്തേക്കു ചാടീ പൊടുന്നനെ!

തൻവടി കുത്തി നിവർന്നൂന്നി നിന്നയാൾ
മുൻവശത്തെന്തോ തിരഞ്ഞു സഗൗരവം!

ആ വൃദ്ധ,നുൾബാഷ്പഗദ്ഗദം ചോദിച്ചി:-
" —തായിഷ ഉമ്മാട പൊന്നുമോനെന്തിയേ?"

പൈതലോടിച്ചെന്നയാളുടെ ചാരത്തു
കൈതവമില്ലാത്ത കൈനീട്ടി നിൽക്കവേ,

വൃദ്ധൻ കടന്നു പിടിച്ചു റഹീമിനെ,
കത്തും മിഴികൾ തടാകങ്ങളാകവേ,

"നിൻെറ ഉപ്പാപ്പായ്ക്കൊരുമ്മ..." വിതുമ്പുമാ
ചുണ്ടുകൾ തമ്മിലമർന്നു കുറച്ചിട!

പൊട്ടിപ്പൊരിയും കരളോടു ചേർത്തയാൾ
കുട്ടിയെ ചുംബിച്ചു ചുംബിച്ചു നിന്നുപോയ്!

പൊള്ളിക്കുമിളച്ചു കാണുമാക്കണ്ണുനീർ-
ത്തുള്ളികൾ വീണു റഹീമിൻെറ മാറിടം!

കണ്ണുകൾ, —വിങ്ങും വികാരങ്ങൾതൻ കൊച്ചു-
കണ്ണികൾ, —തമ്മിൽ കൊളുത്തുകയാണവർ!

ഉൽക്കണ്ഠയെങ്ങും കുമിളച്ചുനിൽക്കയാ-
ണുദ്വേഗപൂർവ്വം, വികാരോൽബണങ്ങളായ്!

ആളുകൾ തിങ്ങീ നിരത്തി, —ലെല്ലാവരും
"ആരാരതെ"ന്നു തിരക്കീ ധിറുതിയിൽ.

വൃദ്ധൻ പറഞ്ഞു: "മറന്നുപോയോ നിങ്ങൾ?
അദ്രമാൻ ചത്തില്ല,...പണ്ടത്തെയദ്രമാൻ..."

ആളുകൾക്കുള്ളിൽ ഗതകാലസംഭവ-
ത്താളുകളോരോന്നു മിന്നി മറിഞ്ഞുപോയ്!

റദ്ദായ പണ്ടത്തെയോർമ്മകൾക്കുള്ളിലാ
വൃദ്ധനെക്കണ്ടു നഗരത്തിലേവരും

എന്നോ മദംപാടു പൊട്ടിയിട്ടാളുകൾ
ചെന്നു തളച്ചിട്ടൊരു കൊമ്പനാനയെ,

ചങ്ങലക്കെട്ടൂരി വിട്ടതുപോലൊരു
രംഗം മനസ്സിൽ നിവർന്നൂ പലരിലും!

ക്രൂരഭാവങ്ങൾ വളർത്തിയിട്ടുണ്ടയാൾ-
ക്കാറേഴു വർഷത്തെയേകാന്തജീവിതം.

ശപ്തവസൂരിക്കലകൾ കരിമ്പുള്ളി
കുത്തി വികൃതപ്പെടുത്തിയോരാ മുഖം,

പണ്ടത്തെ വെള്ളിവളർമീശ പൊയ്പോയ-
കൊണ്ടാവണം കുറേക്കൂടി ബീഭത്സമായ്!

കാലും മുടന്തി നടന്നു റഹീമിൻെറ
തോളത്തു കൈവെച്ചയാൾ നടപ്പാതയിൽ

മുത്തച്ഛനും കുഞ്ഞുമോനും; —പരസ്പരം
രക്തമാംസങ്ങൾ പകരുകയാണവർ!

5

നേരമിരുണ്ടൂ; വെളുത്തൂ, തെരുവിലൂ-
ടാ രണ്ടു കാലഘട്ടങ്ങൾ കടന്നുപോയ്!

എന്നും നഗരത്തിലെത്തും; നിരത്തിലെ
കുന്നും കുഴിയും നിരത്തുമാറുണ്ടവർ!

മുത്തച്ഛനോതും: “പിശാചുക്കളെക്കൊന്നു
കത്തിക്കരിഞ്ഞു ഞാൻ തൂക്കും കവലയിൽ!

എന്നായിഷയെ വിലങ്ങുവയ്പിച്ചവർ,
പൊന്നുറഹീമിനെത്തെണ്ടാനെറിഞ്ഞവർ,

കൽബുകാണില്ലവർ, —ക്കുണ്ടായിരുന്നെങ്കി-
ലിപ്പൊഴേതന്നെ വറുത്തു തിന്നേനെ ഞാൻ...”

ആ റഹീം പാടും:“ജയിലിൽക്കിടക്കുന്നോ-
രായിഷ ഉമ്മാട പൊന്നുമോനാണു ഞാൻ...”

ചാവുകയില്ല, വളരുവാനാണതിൻ
ഭാവം, —പലതിന്നുമുത്തരം നൽകുവാൻ!

ആരോ കറക്കിയെറിഞ്ഞിട്ടു, നാടിൻെറ
നേരേ വരുമേറുപമ്പരമാണവൻ!

നിൽക്കാതെ ജീവിതശ്വാസമുൾക്കൊണ്ടതു
നില്ക്കാതെ കേറിക്കറങ്ങും പലരിലും!

തെണ്ടികളോടൊത്തു നില്ക്കുമാറുണ്ടവൻ
ചുണ്ടത്തവരുടെ മാപ്പിളപ്പാട്ടുമായ്!

താളംപിടിക്കും ചുളിഞ്ഞ കൈപ്പത്തിയാൽ
മേളക്കൊഴുപ്പിനാ ഗാനത്തിനഗ്രമാൻ!

ആ നഗരത്തിൻ തലച്ചോറിലെന്നു,മാ
ഗാനമലയ്ക്കും, പിടയ്ക്കും ഞരമ്പുകൾ:

**(മാപ്പിളപ്പാട്ടു രീതി)**

"...അമ്പിളിപ്പെണ്ണിനെ മൊത്തുവാൻ മാനത്ത്
പൊൻപണം തൂകിയോരെ, —നിങ്ങട
കൊമ്പൻ തലപ്പാവു തട്ടിക്കളയുന്ന
ചെമ്പൻ പുലരി കണ്ടാ...?"

പ്രേതത്തിൻ വിളറിയ
ചിരിപോൽ പല്ലും കാട്ടി
പാതിര മരവിച്ചു
വീണ പാതകൾതോറും,

ആടിക്കാറുകൾ, മാന,-
ത്തായിരം തീ നീരാവി-
ക്കൂടുകൾ, പറന്നപോ-
ലലയും പ്രഭാതങ്ങൾ,

ദിക്കിൻെറ തോളിൽനിന്നു
വാളുകൾ വീശിപ്പൊങ്ങു-
മുഗ്രമാം കാലത്തിൻെറ
തേരൊലി കേട്ടൂ ദൂരെ!

കാററടിച്ചിളക്കുന്നൂ
ചുററിലും കടൽ, —കൊടു-
ങ്കാററടിച്ചിളക്കുന്നൂ,
കൈകളാലനുവേലം!

*ആഗസ്റ്റ് 1953*

# എനിക്കു മരണമില്ല

ജനുവരി 1955

Scientists craftsmen teachers painters poets philosophers come,
We shall work till our power invested together create a new world
Till there will be no famine in India
Till the Yangtse flood no more
Till we plant gardens in Gobi
Till we gather each year the harvest of the Sahara
Till our force bright as the atom blasts
the evil oppression which cripples all our creations.

**PETER BLACKMAN**

# കവിതകൾ

എനിക്കു മരണമില്ല
എന്നെ പുണ്യവാളത്തിയാക്കരുത്
കൊടികൾ മാറുകയാണ്
ഗലീലിയോ
ദൈവം യുഗങ്ങളിലൂടെ
രമണന്റെ ശവകുടീരത്തിൽ
കഴുമരങ്ങളുടെ കഥ
ദൈവം വീട്ടിൽ വന്നിരുന്നു

## എനിക്കു മരണമില്ല

കുതിരപ്പുറത്തു ഞാൻ പാഞ്ഞുപോകുമ്പോൾ, കൈയിൽ
കുതറിത്തുള്ളിത്തുള്ളിച്ചാട്ടവാറിളകുമ്പോൾ,

ഞടുങ്ങിപ്പോകുന്നില്ലേ നിമിഷങ്ങളിൽ, കുള-
മ്പടികൾ പതിയുമ്പോളീയണ്ഡകടാഹങ്ങൾ?

നീരവനീലാകാശമണ്ഡലത്തിലെ, ശുഷ്ക-
താരകേ, വിളറിയ നിന്മുഖം കാണട്ടേ ഞാൻ!

നിൻെറ നാട്ടിലെ 'നീലത്തുളസിക്കൊടി'ത്തോപ്പിൽ
നിന്നു നീ നുള്ളിക്കൂട്ടും പിഞ്ചുവെററിലകളും,

'ചൊവ്വ'യിൽ വിളയുന്ന ചെമ്പഴുക്കയും, വാനിൻ
ചെങ്കനൽച്ചൂളയ്ക്കുള്ളിൽ നീററിയ ചുണ്ണാമ്പുമായ്,

അമ്പിളിത്താമ്പാളം നീ നീട്ടിക്കൊണ്ടൊരു വെള്ളി-
ത്തുമ്പിയെപ്പോലേ നിന്നു മാനത്തു നൃത്തംവയ്ക്കെ,

സ്വീകരിക്കാറുണ്ടെന്നും ഞാനവ; —തിരക്കിട്ടു
പോകുമിപ്പോക്കിൽ ചക്രവാളത്തിൽ നീട്ടിത്തുപ്പും!

ഞാനെത്താതിരിക്കില്ല നിന്നടുത്തൊരിക്കലു;-
മാ നല്ലനാളിന്നായിക്കാത്തുനിന്നോളൂ ദൂരെ!

കാലമാ,ണവിശ്രമം പായുമെന്നശ്വം, —സ്നേഹ-
ജ്വാലയാണെന്നിൽ കാണും ചൈതന്യം സനാതനം.

പ്രപഞ്ചം മുഴുവനും പണ്ടുപണ്ടൊരുകാലം
പ്രളയാബ്ധിയിൽ മുങ്ങിത്താണടിഞ്ഞിരുന്നപ്പോൾ,

വന്നു ഞാ'നമീബ'യായ്, ജീവൻെറയൊന്നാമത്തെ
സ്പന്ദനം വിളംബരം ചെയ്തിതെൻ ചലനങ്ങൾ!

അന്തരീക്ഷത്തിൻെറയാത്മാവിൽനിന്നും പ്രാണ-
സ്പന്ദങ്ങൾക്കുയിരാർജ്ജിച്ചങ്ങനെ വളർന്നു ഞാൻ.

ജീവൻെറ പരിണാമപരിവർത്തനരൂപ-
ഭാവഭേദങ്ങൾക്കുള്ളിൽ വളർന്ന യുഗങ്ങളിൽ,

ഇപ്രപഞ്ചത്തെ,ക്കൈയിലമ്മാനമാടിക്കൊണ്ടോ-
രത്ഭുതസർഗ്ഗാത്മകശക്തിയെക്കണ്ടിട്ടില്ലേ?

ഞാനാണ; —തജയ്യനാം 'മനുഷ്യൻ' —ചലിക്കുന്നു
ഞാനഹർന്നിശ, —മെന്റെ സന്ദേശം ജയിക്കുന്നു!

മീനുമാമയുമായി, പന്നിയായ്, നൃസിംഹമായ്,
ഞാനവതാരംചെയ്ത കഥകൾ കേട്ടിട്ടില്ലേ?

ഈശ്വരനെന്നുംമററും പേരെനിക്കുണ്ടായിട്ടു,-
ണ്ടീശ്വരൻ! —ഉറക്കനെച്ചിരിക്കാൻ തോന്നിപ്പോകും!

പണ്ടു ഞാൻ കുരുക്ഷേത്രയുദ്ധഭൂമിയിൽനിന്നു-
കൊണ്ടതു നിഷേധിച്ചതിപ്പോഴുമോർമ്മിക്കുന്നു!

എന്നിൽനിന്നതീതമായ്, വ്യതിരിക്തമായ്, മന്നി-
ലൊന്നുമുണ്ടായിട്ടില്ലെന്നന്നു ഞാൻ പ്രഖ്യാപിച്ചു.

കാൽവരിക്കുന്നിൻമോളിൽ, മെക്കയിൽ, സംസ്കാരത്തിൻ
കാഹളമുയർന്നേടത്തൊക്കെ ഞാൻ സംസാരിച്ചു!

ഫ്രെയ്സറിൽ, ഷേക്സ്പീയറിൽ, ഡാർവിനിൽ, കാറൽ മാർക്സിൽ,
വ്യാസനിൽ,...പലരിലുംകൂടി ഞാൻ സംസാരിച്ചു!

മനുഷ്യൻ മനുഷ്യൻ, ഞാനെന്നിൽനിന്നാരംഭിച്ചു
മഹത്താം പ്രപഞ്ചത്തിൻ ഭാസുരസങ്കല്പങ്ങൾ!

എന്നിലുണ്ടിന്നേവരെ ജീവിച്ച സംസ്കാരങ്ങൾ,
എന്നിലുണ്ടിനിയത്തെ വിടരും സംസ്കാരങ്ങൾ!

ഈ വിശ്വതലത്തിന്റെ കർമ്മമേഖലകളിൽ
ജീവിതം നോവുമ്പോ,ളെന്നാത്മാവു നൊന്തീടുന്നു.

മാനവപ്രയത്നത്തിൻചുണ്ടുക,ളെങ്ങാഹ്ലാദ-
ഗാനവീചികൾ നെയ്വതവിടെപ്പാടുന്നു ഞാൻ.

ഏഷ്യയി; —ലാഫ്രിക്കയിൽ, യൂറോപ്പി, —ലദ്ധ്വാനത്തിൻ
ശാശ്വതവസന്തങ്ങളെങ്ങെങ്ങു വിടർന്നാലും,

എന്റെ ചേതനയിലെ രക്തനാഡികൾക്കുള്ളിൽ
ചെണ്ടുകൾ, വാടാമല്ലിച്ചെണ്ടുകൾ, വിരിഞ്ഞാടും!

ഇല്ലെനിക്കൊരിക്കലും മരണം, —തുറുങ്കുകൾ-
ക്കുള്ളിലിട്ടൊരുനാളുമടയ്ക്കാനാവില്ലെന്നെ!

കൊടിയിൽ പ്രയത്നത്തിൻമുദ്രയും, കണ്ണിൽ പൂത്തു-
വിടരും സ്വപ്നങ്ങളും, കരളിൽ സംഗീതവും,

സഞ്ചരിക്കുകയാണു ഞാനേവം, സയൻസിന്റെ
കഞ്ചുകമണിഞ്ഞുകൊണ്ടീ യുഗങ്ങളിലൂടെ!

മനുഷ്യൻ, —സൗന്ദര്യത്തെ, സത്യത്തെ, സംസ്കാരത്തെ-
യുണർത്തിജ്ജീവിപ്പിക്കും സാമൂഹ്യമനുഷ്യൻ, ഞാൻ!

ഞാൻ മിഴിയടയ്ക്കുമ്പോൾ രാവുകൾ; —പകലുകൾ
ഞാൻ മിഴി തുറക്കുമ്പോളന്വഹം വന്നെത്തുന്നു.

ചക്രവാളത്തിൻമതിൽക്കെട്ടിന്മേൽ കൈയുംകുത്തി
നില്ക്കും ഞാൻ പ്രപഞ്ചത്തിൻ ഭ്രമണം നിയന്ത്രിക്കാൻ!

ഗോളങ്ങളെടുത്തു ഞാൻ പന്തടിക്കുമ്പോൾ, വിദ്യു-
ന്നാളങ്ങൾ കെടുത്തിയും കത്തിച്ചും രസിക്കുമ്പോൾ,

നീരവനീലാകാശമേഖലകളിൽ, നാളെ
താരകേ, നിന്നെക്കൊണ്ടു നർത്തനംചെയ്യിക്കും ഞാൻ!

കുതിരപ്പുറത്തു ഞാൻ പാഞ്ഞുപോവുമ്പോൾ, കൈയിൽ
കുതറിത്തുള്ളിക്കൊണ്ടെൻ ചാട്ടവാറിളകുമ്പോൾ,

ഞടുങ്ങിപ്പോകുന്നില്ലേ നിമിഷങ്ങളിൽ കുള-
മ്പടികൾ പതിയുമ്പോളീയണ്ഡകടാഹങ്ങൾ?

കാലമാണവിശ്രമം പായുമെന്നശ്വം, —സ്നേഹ-
ജ്വാലയാണെന്നിൽക്കാണും ചൈതന്യം സനാതനം!

# എന്നെ പുണ്യവാളത്തിയാക്കരുത്

[വേദന, —നെഞ്ചിൽ ചുളുചുളാക്കുത്തുന്ന
വേദന; —വയ്യ കുറിക്കുവാനിക്കഥ!

നീതിയെനിക്കായ് നിഷേധിച്ചിരിക്കുന്നു
ഭൗതിക സ്വപ്നങ്ങൾ; വൈദികനാണു ഞാൻ!

നിങ്ങളാരോടും പറയാതിരിക്കണേ
ചങ്കിലെ നീരുകൊണ്ടാണെഴുതുന്നു ഞാൻ.

കന്യാമഠസ്ത്രീയെ വൈദികൻ പ്രേമിച്ച
കണ്ണുനീരിൻെറ കഥ പകർത്തുന്നു ഞാൻ!

'സിസ്ററർ ജസീന്ത'...കരളിൻെറ കെട്ടുകൾ
പൊട്ടിച്ചെറിയുന്നിതെന്നിലാ ചിന്തകൾ...]

ആ ദീപനാളം പൊലിഞ്ഞുപോയ്; —പാതിരയ്-
ക്കാരാണതൂതിക്കെടുത്തിയതിന്നലെ?

മുള്ളുവിരിച്ച കിടക്കമേൽ ഞാനെൻെറ
പൊള്ളും ഹൃദയമമർത്തിക്കരഞ്ഞുപോയ്!

വേണ്ട നിശ്ശബ്ദതപോലുമെൻചുററിലും;
വേവുകയാണോ പ്രപഞ്ചമെല്ലായ്പൊഴും?

'സിസ്ററർ ജസീന്ത' മരിച്ചു...കരളിൻെറ
കെട്ടുകൾ പൊട്ടിപ്പറിഞ്ഞുവീഴുന്നുവോ?

കന്യാമഠത്തിലെ ധന്യമാമൾത്താര
നിന്നു ഞടുങ്ങിയിട്ടുണ്ടായിരിക്കണം!

പ്രാണനെപ്പച്ചയ്ക്കു പാഴ്ക്കയർച്ചുററിലി-
ട്ടാണവൾ, നിന്നു കുരുങ്ങിയതിന്നലെ!

മഞ്ഞിൽക്കുളിർന്നു വിളറിയ വെണ്മുകിൽ
പഞ്ഞിയുടുപ്പിൽ മറഞ്ഞ ചന്ദ്രക്കല,

മണ്ണിൽ നിഴൽ വിരൽത്തുമ്പാൽ കുരിശിൻെറ
ചിഹ്നങ്ങൾ കുത്തിവരച്ചുകൊണ്ടങ്ങനെ

തുള്ളിത്തുളുമ്പും പരശ്ശതം കണ്ണുനീർ-
ത്തുള്ളികൾ വററാത്ത നീലനിലങ്ങളിൽ

മൂകയായ് നില്ക്കുന്ന കണ്ടതാണിന്നലെ-
യേകനായ് പള്ളിമുററത്തു ഞാൻ നില്ക്കവേ.

ഇന്നതു വീണുകിടക്കുന്നു ദൂരെയാ
കുന്നിൻചരിവിൽ മരവിച്ചമാതിരി!

ആ ദീപനാളം പൊലിഞ്ഞുപോയ്; —പാതിരയ്-
ക്കാരാണതൂതിക്കെടുത്തിയതിന്നലെ?

പ്രേമാനുഭൂതിതൻ മുന്തിരിച്ചാറുള്ള
മാമകാത്മാവിൻ തുടിക്കും ഞരമ്പുകൾ

ഒന്നിച്ചുകൂട്ടിത്തെറുത്ത തിരിത്തുമ്പിൽ
നിന്നു തെളിഞ്ഞതാണാ സ്നേഹദീപിക!

കണ്ടുകാണും നിങ്ങൾ വല്ലപ്പൊഴു —മെൻെറ
കന്യാമഠത്തിലെ'ക്കൊച്ചുജസീന്ത'യെ!

ഉള്ളിൽ കരളിൻെറ ഭാഗത്തവൾക്കൊരു
പള്ളിശ്ശിമിത്തേരി കണ്ടിരുന്നില്ല ഞാൻ

മജ്ജീവിതത്തിൻെറ താരണിച്ചില്ലയിൽ
കൊച്ചുകൂടുംകെട്ടി വാണവളാണവൾ!

മാമകാത്മാവിനെ ചുംബിച്ചുണർത്തിയ
മായാമരീചിക...മാഞ്ഞുപോയിന്നലെ!

എൻനെടുവീർപ്പിലുലയുമിക്കൂട്ടിലേ-
ക്കിന്നു നോക്കുമ്പോൾ തകരുന്നു മാനസം.

പോയതെ,ങ്ങോമൽക്കിളിയേ; പറന്നു നീ
പോയതെ, —ങ്ങാച്ചിറകൊച്ച കേട്ടില്ല ഞാൻ!

കണ്ടതാണിന്നലെ ഞങ്ങ; —ളെന്നോടവൾ
മിണ്ടിയില്ലിക്കഥ; ഞാൻ തടുത്തെങ്കിലോ?

തങ്ങളിലിന്നലെ പ്രാർത്ഥനാപുസ്തകം
ഞങ്ങൾ കൈമാറിച്ചിരിച്ചുനിന്നപ്പൊഴും,

ഞാനതിൻതാളിൽ കുറിച്ചിട്ടൊരാ പ്രേമ-
ഗാനം പതുക്കനെ മൂളിനിന്നപ്പൊഴും,

നീലമിഴിക്കോണിലെങ്ങാണ്ടുനിന്നൊരു
നീരിൻകണിക തുളുമ്പുന്ന കണ്ടു ഞാൻ

ഞാനറിഞ്ഞി,ല്ലാക്കരളിൻ കയങ്ങളിൽ
പ്രാണനിരുന്നു നെടുവീർപ്പിടുന്നതായ്.

മാടിവിളിച്ചില്ല പൂച്ചെണ്ടുമായെന്നെ
മാലാഖ, —ദൂരെപ്പറന്നകന്നപ്പൊഴും!

ആ മരണത്തിൻെറ മുന്തിരിത്തോപ്പിലേ-
ക്കോമനേ, ഞാനും പറന്നുപോരട്ടെയോ?

മൂകമാ,ണൊച്ചനിറഞ്ഞതാണെങ്കിലും
ലോക, —മുറക്കനെപ്പൊട്ടിക്കരഞ്ഞു ഞാൻ!

ശ്രദ്ധിച്ചുകാണുകില്ലാരുമെൻ ശബ്ദ; —മാ
വൃദ്ധനാം കപ്യാരുറക്കമാണിപ്പൊഴും

കുമ്പസാരങ്ങൾ ഞാനെത്രചെയ്താലു, —മെൻ
നൊമ്പരം മാറുകില്ലാത്മാവിൽനിന്നിനി!

സ്നേഹിച്ചുപോയി പരസ്പരം, മാംസിക-
ദാഹമില്ലാതെ രണ്ടാത്മാക്കളെന്തിനോ?

ഏകാന്തതയിൽ കരളിൻെറ ചുണ്ടുകൾ
മൂകാനുരാഗമടുത്തുപോയ് തങ്ങളിൽ!

തെററായിരിക്കാം; യുഗങ്ങൾക്കു പിന്നിലാ,
തെററു ജനിച്ചൂ; ജയിക്കുന്നു തെററുകൾ!

ജീവപ്രപഞ്ചമനാദികാലംമുതൽ-
ക്കാവിഷ്കരിച്ച വിശിഷ്ടഭാവങ്ങളെ,

മാറിവരുന്ന കുടുംബബന്ധങ്ങളെ,
സൈ്വരം വളർത്തുമാ സ്നേഹബന്ധങ്ങളെ,

ആവില്ല കുമ്പസാരക്കൂടുകൾക്കുമി,-
ന്നാവില്ല ദൂരെപ്പറിച്ചെറിഞ്ഞീടുവാൻ!

കാണണോ നിങ്ങൾക്കു സിസ്റ്റർ ജസീന്തയെ,
കാണണോ, വാടിക്കൊഴിഞ്ഞോരാ പൂവിനെ?

വൈദിക; —നാക്കൊച്ചുപൂവിനെ സ്നേഹിച്ച
വൈദികനാണു പറയുന്നതീക്കഥ!

ഒച്ചയുണ്ടാക്കാതെ പോകണം നിങ്ങ,ളാ
കൊച്ചുമതിൽക്കെട്ടു ഞെട്ടാതിരിക്കുവാൻ!

എത്തറ നാളായ് മനുഷ്യവികാരങ്ങൾ
പൊത്തിപ്പിടിച്ചു കടിച്ചമർത്തുന്നവർ,

കോടാനുകോടിപ്പുരുഷാന്തരങ്ങളിൽ-
ക്കൂടി വളർന്ന വികാസനാളങ്ങളെ

കുത്തിക്കെടുത്തുവാൻ രാപകലില്ലാതെ
നിർത്താതെ തത്വപ്രസംഗങ്ങൾ ചെയ്യുവോർ,

സഞ്ചരിക്കുന്നതാണാ സ്ഥലം: നാടിൻെറ
പുഞ്ചിരി പൂകുത്തുകില്ലാ സ്ഥലങ്ങളിൽ!

ഒച്ചയുണ്ടാക്കാതെ പോകണം നിങ്ങ,ളാ
കൊച്ചുമൺഭിത്തികൾ ഞെട്ടാതിരിക്കുവാൻ!

കട്ടപിടിച്ചു മരവിച്ചിടുങ്ങിയ
കുററിരുട്ടാണതിന്നാത്മാവിലത്രയും!

പത്തിരുന്നൂററു പതിററാണ്ടുകൾമുമ്പു
'ബത്‌ലഹേം' കണ്ടൊരാ ചൈതന്യമണ്ഡലം,

ഇത്തിരിവെള്ളിവെളിച്ചമാ നീലമൺ-
ഭിത്തികൾക്കുള്ളിൽ വിടർത്തിയ കാരണം,

ആ വെളിച്ചത്തിൻഹൃദയമെടുത്തുവ-
ച്ചാണിയടിച്ചതിൻ ശബ്ദങ്ങൾമാതിരി,

ഇന്നുമുയരുമാറുണ്ടാ മതിൽക്കെട്ടിൽ-
നിന്നന്തിതോറും കനത്ത ഘണ്ഡാരവം!

കന്യാമഠമാ, — ണതിന്നുള്ളിലെത്രയോ
കണ്ണുനീരിൻെറ കഥകളുണ്ടാവണം!

ചുററും,മനുഷ്യൻെറ നോവുമാത്മാവിൻെറ
ചുററുമുയർന്നു കനത്ത മൺഭിത്തിയിൽ

വസ്തുവിനെക്കാൾ നിഴലിനെ മാനിച്ച
ശക്തി കുറിച്ചിട്ട ശീലുകൾ കേൾക്കണോ?

"പ്രേമിച്ചുകൂട പരസ്പര, —മീശ്വര-
പ്രേമം കൊതിക്കുന്ന പെണ്ണും പുരുഷനും...."

മാംസം ഞരമ്പിൽ പിടച്ചുയർന്നാൽ,പച്ച-
മാംസം കരളിന്നു ചുററും കുലുങ്ങിയാൽ,

അത്രയ്ക്കു പാപമാവില്ലപോ; ലാത്മാവി-
ലെത്തിയൊരാത്മാവലിയുന്ന മാതിരി!

(നീതി,പറയാനനുവദിക്കാത്ത,തെൻ
നീറും ഹൃദയമുറക്കെപ്പറഞ്ഞുപോയ്

ചട്ടങ്ങൾ നാവിൽത്തറച്ച ശൂലങ്ങളെ
തട്ടിയെറിഞ്ഞാൽ സഹിക്കുകയില്ലവർ!

ശ്വാസമടക്കി ഞാൻ പ്രാർത്ഥിച്ചു....."ഭൂമിയിൽ
'ജീസസ്സി'നിയും ജനിക്കേണ്ട കാലമായ്!...")

ഒത്തിരി ചുമ്മാ പറഞ്ഞുപോയ് ഞാൻ; നിങ്ങ-
ളെത്തുക... കാണുവാൻ കൊച്ചുജസീന്തയെ.

പോയി നിശ്ശബ്ദം,മതിൽക്കെട്ടിലെ, — ത്തരു-
ച്ഛായയിലേക്കൊന്നു നോക്കണേ നിങ്ങളും!

ആ വാർത്തയിന്നു പറഞ്ഞുകേട്ടപ്പൊഴേ
പോയ്, വല്ലപാടും തിരിച്ചുവന്നെത്തി ഞാൻ!

ആളുകൾ തിങ്ങിയിരിക്കുന്നിടത്തൊരു
നീലശ്ശവം കണ്ടു; കണ്ണീരിറക്കി ഞാൻ.....

നീളൻകയറിലുടക്കിത്തളർന്നൊരു
താലിൻെറ തണ്ടു കിടക്കുന്ന കണ്ടു ഞാൻ...

വീണുതകരുന്നതിന്നുമുമ്പാക്കൊച്ചു-
വീണയുയർത്തിയ തന്നന്ത്യനിസ്വനം,

കൊച്ചുകടലാസ്സുതുണ്ടിലാ കന്യക
കുത്തിക്കുറിച്ചിട്ട തന്നന്ത്യവാചകം,

വായിച്ചുകേട്ടു ഞാ, — നില്ലവൾക്കാരോടു-
മായുസ്സിലൊട്ടും പകയും വിരോധവും!

ഓർക്കുകയാണു ഞാനെന്നെക്കരയിച്ചൊ-
രാക്കുറിപ്പിൻെറയവസാനവാചകം:

> "....എന്നെ മരിച്ചുകഴിഞ്ഞാലൊരിക്കലും
> 'പുണ്യവാളത്തിയായ് മാററാതിരിക്കണേ...."

വയ്യവ, —യ്യോർക്കുവാൻ, പോയിവരൂ നിങ്ങൾ,
വയ്യ.... കിടന്നല്പമാശ്വസിക്കട്ടെ ഞാൻ!

എൻെറ 'ജസീന്ത'മരിക്കുവാൻ കാരണ-
മെന്തെന്നുകൂടിയറിഞ്ഞോണ്ടുപോരണേ!

# കൊടികൾ മാറുകയാണ്*

നാല്ക്കവലയിലെത്തയ്യൽക്കടയിൽ
ചാക്കോമേസ്തിരി തയ്ക്കുന്നു.
കാററത്താടും തൊങ്ങലുടുപ്പുകൾ
കാഴ്ചക്കാരെ വിളിക്കുന്നു!
ഒത്തിരിയൊത്തിരിയാണ്ടുകൾ മുമ്പാ-
ണെത്തിയതവിടേക്കദ്ദേഹം!
ചുട്ടിത്തോർത്തു മുലക്കച്ചകളും
കെട്ടി,ഗ്രാമപ്പെൺകൊടിമാർ,
പാഞ്ഞുനടന്നൊരു കാലത്താ,ണവർ
കണ്ടതു ചാക്കോമേസ്തിരിയെ!
അന്നാണാദ്യം 'തയ്യൽ മെഷ്യൻ'
വന്നതു;—നാട്ടിലൊരുത്സാഹം!
കിട്ടിയതന്നാണാദ്യം നാടിനു
ഷർട്ടും ബ്ലൗസും ബാഡീസും!
ഓണംവന്നാലുത്സവമായാൽ
കാണാം കടയിലൊരാൾക്കൂട്ടം
പണിയില്ലാത്തൊരു നിമിഷംപോലും
കണികാണാറില്ലന്നൊന്നും!
നാല്ക്കവലയിലെത്തയ്യൽക്കടയിൽ
ചാക്കോമേസ്തിരി തയ്ക്കുന്നു!

2

ഒരുനാളവിടെക്കയറിച്ചെന്നിതൊ-
രിരുപതു നല്ല ചെറുപ്പക്കാർ.
കൊടികൾ,പത്തിരുനൂറു ത്രിവർണ്ണ-
ക്കൊടികൾ വേണമവർക്കപ്പോൾ!
"ആർക്കാണിപ്പക്കൊടിയും കയറും?"
ചാക്കോമേസ്തിരി ചോദിച്ചു.
അവരറിയിച്ചു:"നാളെവരുന്നു-
ണ്ടിവിടെക്കോൺഗ്രസ്സ് നേതാക്കൾ
ജയിലിൽനിന്നുവിമോചിതരായി
ജനതയൊടൊത്തവർ നീങ്ങുന്നു!
അവരു വരുമ്പോൾ, സഭകൂടുമ്പോൾ
അവിടെയുയർത്തണമിക്കൊടികൾ...."

*വനഫൂലിന്റെ ഒരാശയം

"അയ്യോ" —മേസ്തിരി ഞെട്ടിപ്പോയി
"വയ്യാവേലികൾ വന്നാലോ?"
കൊടികൾ 'നാടു മുടിക്കുന്നവരുടെ
കൊടികൾ' തയ്ച്ചുകൊടുത്തപ്പോൾ,
ചൊല്ലീ ചാക്കോ മേസ്തിരി: "നാളെ
പള്ളീലറിയരുതിക്കാര്യം."

നാലഞ്ചാണ്ടുകൾ പോയീ,നീളെ
കാലമുയർത്തിയ കൊടികളുമായ്!
അക്കൊടിയേന്തിയ കൈകളിലെല്ലാം
സർക്കാർ,ചങ്ങല വെയ്പിച്ചു.
എത്തറകൈകളിലക്കൊടി വീണ്ടും
നൃത്തംവച്ചു നാടാകെ!
ചോരച്ചാലുകൾ നീന്തിക്കയറിയ
ധീരസഹോദരലക്ഷങ്ങൾ,
മൂവർണ്ണക്കൊടി കണ്ടൂ നാടിൻ-
ഭാവുകനവയുഗചിഹ്നംപോൽ!

കാലം മാറി,ത്രിവർണ്ണപതാകകൾ
കാണായ് സർക്കാരാപ്പീസിൽ;
പള്ളിഗ്ഗോപുരനടയിൽ,കടയിൽ,
പള്ളിക്കൂടവളപ്പുകളിൽ!

3

നാല്ക്കവലയിലെത്തയ്യൽക്കടയിൽ
ചാക്കോമേസ്തിരി തയ്ക്കുന്നു.
അന്നൊരുനാളാക്കടയിൽ കയറി-
ച്ചെന്നൂ പഴയ ചെറുപ്പക്കാർ!
തയ്ച്ചുകൊടുക്കണമഞ്ഞൂറോളം
കൊച്ചുപതാകകൾ വേഗത്തിൽ!
ചൊല്ലീ മേസ്തിരി: "തയ്ച്ചതു കാണും
നല്ലതു നൂറോ മുന്നൂറോ."
"ഇക്കുറി മൂന്നു നിറത്തിൽ ശീലകൾ
തയ്ക്കേ — ണ്ടാന്നേ നിറമുള്ളു"
അവരറിയിച്ചു!— "നാളെ വരുന്നു-
ണ്ടിവിടെ കോൺഗ്രസ് നേതാക്കൾ
അവരു വരുമ്പോൾ സഭകൂടുമ്പോൾ,
അവിടെയുയർത്തണമിക്കൊടികൾ....
ഉയരും നമ്മുടെയവമാനംപോ-
ലുയരും കൊച്ചുകരിങ്കൊടികൾ...."
"അയ്യോ!" —മേസ്തിരി ഞെട്ടിപ്പോയി
"വയ്യാവേലികൾ വന്നാലോ?"
കൊടികൾ, 'നാടുമുടിക്കുന്നവരുടെ
കൊടികൾ', കൊച്ചുകരിങ്കൊടികൾ,

തയ്യൽയന്ത്രപ്പലകയിലങ്ങനെ
തയ്ച്ചുമടക്കിയ നേരത്തിൽ
ചൊല്ലീ ചാക്കോമേസ്തിരി:"നാളെ-
പ്പള്ളീലറിയരുതിക്കാര്യം......."

4

നാളുകൾ പോയീ പിന്നെയു, — മൊരുനാൾ
നാടു ചുവന്നുവെളുത്തപ്പോൾ,
നാല്ക്കവലയിലെക്കടയിൽ കാണായ്
നാനൂറോളം ചെങ്കൊടികൾ!
ആ ഗ്രാമത്തെയുടുപ്പണിയിക്കാൻ
ചാക്കോമേസ്തിരി തയ്ക്കുന്നു!
കാററത്താടിയ കൊച്ചുപതാകകൾ
കാഴ്ചക്കാരെ വിളിക്കുന്നു !

# ഗലീലിയോ

ഇരവിൽ — നിലാവിൻകുരുന്നു പൂത്തോ-
രിരവി— ലിററാലിയൻ രാജവീഥി,
കുളിരിളം മഞ്ഞിൽ കുളിച്ചിരുന്നു,
പുളകങ്ങൾ പൂവാടനെയ്തിരുന്നു!
ഒരു വെളിച്ചത്തിൻ തരംഗിണിയിൽ
ഒഴുകുന്ന പച്ചിലത്തോണിപോലെ!

വിടരുന്ന മാനത്തെ പൂവുകൾക്കും
വിളയുന്ന മണ്ണിൻതുടിപ്പുകൾക്കും
ഇടയിൽ പുരോഹിതൻ വിശ്വശാസ്ത്ര-
ച്ചുടലയിൽ കെട്ടിയ കോട്ടപോലെ,
നനവാർന്ന വിണ്ണിൻവിദൂരതയിൽ
കനമുള്ള കൈയിൽ കുരിശുമായി,
നിഴലുകൾ നീർത്തി ശിരസ്സുയർത്തി,
നിലകൊൾകയാണാ വലിയപള്ളി!

നിരവധി കാണും നഗരസൗധ-
നിരകളിലൊന്നിന്റെ പൂമുഖത്തിൽ
പുതിയ സയൻസിൻ വികാസനാളം
പുലരുന്ന ചൈതന്യരേഖ പാകാൻ
ഒരു കുഴൽച്ചില്ലുമായ് സൗരയൂഥ-
ത്തെരുവിലലയും മിഴികളോടെ,
നഗരമുറങ്ങിക്കിടന്നിടുമ്പോ-
ളകലെ ഗലീലിയോ നിന്നിരുന്നു!
കുളിരുള്ള കാററിന്റെ കൈകൾ വന്നാ
വളർതാടിരോമങ്ങളോമനിച്ചു!
അറിയുകയില്ലേ ഗലീലിയോവെ,
പരിവർത്തനത്തിന്റെ കാഹളത്തെ?
നിരവധി നൂററാണ്ടുകൾക്കുമുമ്പാ
നരവന്ന വൈദികധർമ്മനീതി,
കലകളെ, ശാസ്ത്രപുരോഗതിയെ,
കയറിട്ടുനിർത്തിയ നാളുകളിൽ
പുതിയൊരു ബോധം വളർന്നുവന്ന
പുരുഷാന്തരത്തിന്റെ സർഗ്ഗശബ്ദം,
പടവാൾ കിലുങ്ങുന്നപോലുയർത്തി,
ജടിലമതാന്ധത തച്ചുകററി.
കയറിയടിച്ചതാണിക്കൊടുങ്കാ-
ററുയരെക്കിരീടങ്ങൾ ഞെട്ടുവോളം!

വരളും സയൻസിൻ മരുപ്പറമ്പിൽ
വനികകൾ തീർത്തിതാ ശാസ്ത്രകാരൻ!

ഇരുളിൻെറ നീലയവനികതൻ
ഞെറികൾ വലിച്ചുവലിച്ചുകീറി,
പുലരി ചിരിക്കെ,ഗലീലിയോവിൻ
പുതിയ പ്രഖ്യാപനം കേട്ടു ലോകം:
“തിരിയുന്നു ഭൂതലം,നിശ്ചലം നി-
ന്നെരിയുന്ന സൂര്യൻെറ ചുററുമായി;
കതിരവമണ്ഡലം നീങ്ങിയിട്ടി-
ല്ലിതുവരെ; — ശാസ്ത്രം നുണപറഞ്ഞു.”
അതുകേട്ടു ഞെട്ടിപ്പകച്ചുപോയീ
മതവും കിരീടവും പള്ളികളും!

2

ഇരുളിൻകഷായം വലിച്ചുമോന്തി
കരളിൻമുറിപ്പാടു വച്ചുകെട്ടി
പുലരിവന്നീറൻതുകിലുണക്കാ-
നിലമരക്കൊമ്പത്തു വെയ്‌ലു പൂശി!
പഴയ പ്രതാപം പുളിച്ചുതേട്ടി
കഴിയുന്ന മാടമ്പി വൃദ്ധനെപ്പോൽ,
പുതിയപരിഷ്കാരമെത്തിനോക്കി
പുലരുന്ന ‘റോമി’ലെ പാതകളിൽ,
പതിവുപോലല്ലാതെ കൂട്ടമായി
പലരും കടന്നു നടന്നുപോയീ

അരിയ സയൻസിൻ പരീക്ഷണത്തിൽ
ഞെരിയും മതങ്ങൾക്കു രക്ഷനേടാൻ
പുലരുന്ന ഭൗതികതത്വശാസ്ത്ര-
ചലനങ്ങളെച്ചെന്നു കല്ലെറിയാൻ
അരമനനീതിപ്രഭാഷകന്മാ-
രവിടെ ‘മിനർവാമഠ’ത്തിനുള്ളിൽ
ഒരു കുററവാളിയെ വിസ്തരിക്കാ-
നൊരുമിച്ചുകൂടുന്നു കർദ്ദിനാൾമാർ!
തലമുറയ്ക്കെങ്ങാൻ വെളിവുവീണാൽ
തലനൊമ്പരപ്പെടും നീതിപീഠം,
തൊഴുകൈയുമായൊരുകോണിൽ നില്ക്കും
പുഴുവിനെ ഗൗരവപ്പെട്ടു നോക്കി!

അരയിൽ നനഞ്ഞു കനത്തിരുന്നോ-
രരമുഴംചാക്കുവലിച്ചുചുററി,
ഒരുതുള്ളി നീതിജലത്തിനായി
വരളുന്ന കരളിൻെറ ചുണ്ടുമായി,
പഴയ‘പിലാത്തോസിൻ’ കോടതിയിൽ
പതറാത്ത ക്രിസ്തുവിൻ നില്പുപോലെ,
അകലെയിരുമ്പഴിക്കൂട്ടിൽ നില്പാ-
ണവരുടെ മുമ്പിലാ കുററവാളി!

അറിയാതെ പൊട്ടിക്കഴുത്തിൽവീഴാ-
നവിടത്തെ നീതിതൻ വാൾ ചലിക്കെ
വിരിവാർന്ന നെററിയിലാ മനുഷ്യ-
ന്നിരുന്നൂറു വേർപ്പിൻെറ ചാലുപൊട്ടി!

ഒരു പരിശോധകൻ ഗൗരവത്തോ-
ടുരിയാടി,ളോഹതൻ കൈചുരുട്ടി:
"വെറുതേ വിടാം നിന്നെ,നിൻെറ ശാസ്ത്രം
തെരുവിലെക്കുപ്പയിൽ ചുട്ടെരിച്ചാൽ,
വെറുതേ വിടാം,നിന്നെ ഞങ്ങൾ നീട്ടും
ഒരുതാൾ കടലാസ്സിലൊപ്പുവെച്ചാൽ..."
ജപമാലചാർത്തിയ കർദ്ദിനാൾമാർ
സഭയിലിരുന്നു തലകുലുക്കി!
ഒരു കുററപത്രത്തിലൊപ്പുവെച്ചു
വിറയാർന്ന കൈകളാൽ കുററവാളി!
ജപമാലചാർത്തിയ കർദ്ദിനാൾമാർ
സഭയിലെഴുന്നേററൊരാജ്ഞനല്കി:
"മതമനുശാസിക്കുമാശയങ്ങൾ-
ക്കെതിരായി നിൻനാവുയർന്നുപോയാൽ,
വെറുതേവിടില്ലിനി മേലിനൊന്നും
വെറുതേ ഗലീലിയോ,നിന്നെ ഞങ്ങൾ."

വിടവാങ്ങിവന്നാ തെരുവിലേക്കാ
വിടരും യുഗത്തിൻെറ ശാസ്ത്രകാരൻ!
അതിധീരമദ്ദേഹമോതി: "ഞാനെ-
ന്തധികപ്രസംഗംനടത്തി നാട്ടിൽ?
ഒരു കർദ്ദിനാളല്ല,കുററപത്ര-
ച്ചുരുളുമായായിരം കർദ്ദിനാൾമാർ,
ഒരുമിച്ചു വന്നാലും ഭൂമി ചുററി-
ത്തിരിയും ദിവാകരമണ്ഡലത്തെ!"

3

നിരവധി നൂററാണ്ടു മുമ്പു 'റോമാ'-
പുരിയുടെ കൈയിലാക്കുററപത്രം
കലകളെ,ശാസ്ത്രപുരോഗതിയെ,
കടിഞ്ഞാൺപിടിച്ചു ഞെളിഞ്ഞിരുന്നു!
ജടിലമതത്തിൻെറ മേലുടുപ്പും
ഉടവാളും ചെങ്കോലുമേന്തിയോരെ,
കുതിരകൾ പായുന്ന വേഗമോടെ
കുതികൊണ്ട ഭൗതികതത്വശാസ്ത്രം,
അവിടെത്തരിമ്പുമെതിർത്തുപോയാ-
ലവിടേക്കു നീളുമാ കുററപത്രം!
ഇതുവരെ ഡാർവിനും ഫ്രോയിഡുംതൊ-
ട്ടിവിടേക്കുവന്നവരാരുമാരും
ഒഴിവാക്കപ്പെട്ടിരുന്നില്ല പിന്നീ-
ടൊരു തത്വശാസ്ത്രപ്രവാചകരും!

അവരുടെ മുമ്പിലും നിന്നു നാടി-
ന്നപമാനമുദ്രപോൽ കുററപത്രം!
അലറുകയാണിന്നുമീയുഗത്തിൻ-
പുലരിയിൽപ്പോലുമാ കുററപത്രം!
മലവാകപൂക്കുന്ന കേരളത്തിൻ-
മധുരോദയത്തിലെ ഗായകരേ,
വരികയാണിപ്പൊഴും കുററപത്ര-
ച്ചുരുളെഴും പ്രേതങ്ങൾ വേട്ടയാടാൻ!
പുലരുന്ന ജീവിതത്തിൻെറ മുമ്പിൽ
പുതിയ കിനാവുകൾ പൂത്തുപോയാൽ,
ഉരുകുന്ന മണ്ണിൻെറ നഗ്നചിത്രം
ഒരു കലാകാരൻ വരച്ചുപോയാൽ,
നെറികെട്ട സാമൂഹ്യനീതികളെ
വിരൽചൂണ്ടി,ശ്ശാസ്ത്രമെതിർത്തുപോയാൽ,
മനുജാവകാശത്തിൻ മുക്തിഗീത-
സ്വനതരംഗങ്ങളുയർന്നുപോയാൽ,
അവിടേക്കു നീളുമക്കുററപത്രം
അലറുന്ന നീതിതൻ രക്തഹസ്തം!
പരിവർത്തനത്തിൻെറ കാഹളങ്ങൾ
പരിസരംനിന്നു മുഴക്കിടുമ്പോൾ,
യുഗപരിണാമമഹാചരിത്രം
വകവെച്ചു കാലം നിവർന്നിടുമ്പോൾ
പശയുള്ള മണ്ണിൽ കുരുത്തു പൂവി-
ട്ടുശിരുള്ള ജന്മം വിടർന്നിടുമ്പോൾ,
കതിരിടുമാ പ്രതിസ്പന്ദനങ്ങൾ
കലയിലെങ്ങാനും പകർന്നുപോയാൽ,
അവിടേക്കുനീളുമക്കുററപത്രം
അലറും മതത്തിൻെറ രക്തഹസ്തം!
അണയുക നാമൊത്തുചേർന്നെതിർക്കാ-
നവയുടെ സംഹാരവാസനയെ,
ഗതിയില്ല, മാനവഭാവശില്പം
പുതിയ സംസ്കാരത്തിൽ വാർത്തിടാതെ!

പുലരിയെച്ചെന്നു പിഴുതെറിയാ-
നലയുമീ മേചകമേഘമാല,
ഇവിടെനിന്നൊന്നായടിച്ചുമാററാൻ
നീ വരുമോ നാടിൻെറ ചിത്രകാരാ?

# ദൈവം യുഗങ്ങളിലൂടെ

ആയിരമായിരമാണ്ടുകൾക്കപ്പുറ-
ത്താരോ വിരചിച്ച മുഗ്ദ്ധസങ്കല്പമേ
ആ യുഗങ്ങൾക്കുള്ളിലത്ഭുതം സൃഷ്ടിച്ച
മായികചൈതന്യമണ്ഡലമാണു നീ.

പണ്ടു ചരിത്രം തുടങ്ങുന്നതിന്നുമുൻ-
പുണ്ടായ ജീവിതസ്വപ്നമേ, ദൈവമേ,
നിന്നെയന്വേഷിച്ചലഞ്ഞിരുന്നൂ ചിരം
നിർമ്മലാത്മാക്കളാമെൻ പ്രപിതാമഹർ.
കാലഘട്ടങ്ങൾതൻ സംഹാരനിർമ്മാണ-
ലീലകൾക്കുള്ളിൽ വിടർന്ന മൂല്യങ്ങളെ
നിന്നർച്ചനാപുഷ്പഹാരങ്ങളാക്കിയ
ധന്യമാം ഭാവനയ്ക്കെൻ കൂപ്പുകൈയുകൾ!
ദേശകാലങ്ങൾക്കനുരൂപമായ്,നിൻെറ
ഭാഷയും ഭാവവും മാററിക്കുറിക്കവേ,
ധർമ്മപ്രവാചകർ, മാനവജീവിത-
കർമ്മകാണ്ഡങ്ങളെച്ചിട്ടപ്പെടുത്തവേ,
നീ വളർന്നെത്തീ, മനുഷ്യൻെറ സംസ്കാര-
നീതിശബ്ദംപോലെ കാലഘട്ടങ്ങളിൽ!

നിന്നെയിന്നെന്താക്കിമാററിയിരിക്കുന്നു-
വെന്നോ,മതങ്ങൾതൻ മാനിഫെസ്റേറാകളിൽ?
കുമ്പയും വീർപ്പിച്ചിറങ്ങുമാ സർക്കസ്സു-
കമ്പനിക്കാർതൻ വിദൂഷകനായി നീ!
കാവിയുടുക്കുന്ന സന്യാസിവീരൻെറ
കാളേജുഫണ്ടുപിരിവുലിസ്ററായി നീ!
കണ്ണുമടച്ചു മനുഷ്യനെക്കൊല്ലുന്ന
കമ്പോളനീതിപ്രചാരകനായി നീ!
മാനവവർഗ്ഗവിരുദ്ധരാഷ്ട്രീയത്തെ
മാനിച്ചിരുത്തുന്ന കത്തനാരായി നീ!
ചിന്തതൻ പട്ടടക്കാട്ടിൽ നിന്നെത്തല-
പ്പന്തുകളിക്കുന്നു നിന്നനുയായികൾ!

ഞങ്ങൾ നിമിഷപ്പടക്കുതിരപ്പുറ-
ത്തങ്ങനെ വിശ്വം ജയിച്ചു കുതിക്കവേ,
ഭാവിതൻ സാമൂഹ്യതത്വശാസ്ത്രങ്ങളിൽ
ജീവിതശൈലി തിരുത്തിക്കുറിക്കവേ,
ഞങ്ങളെപ്പിന്നാംകൊളുത്തിട്ടു നിർത്തുവാ,-

നങ്ങനെ നാളെ പ്രപഞ്ചം ഭരിക്കുവാൻ
ആരനുവാദം കൊടുത്തു നിൻപേരി,ലീ
ചോരകുടിയർക്കു സംസ്കാരമോതുവാൻ?

ആയിരമായിരമാണ്ടുകൾക്കപ്പുറ-
ത്താരോ വിരചിച്ച മുഗ്ദ്ധസങ്കല്പമേ,
നിന്നെ നിർമ്മിച്ച പുരുഷാന്തരങ്ങളിൽ-
നിന്നു വളരുമാ ശക്തികേന്ദ്രങ്ങളിൽ,
നിന്നെഗ്ഗവേഷണവസ്തുവായ് കാണുന്നു
മുന്നിൽ,ചരിത്രവും യുക്തിയും ശാസ്ത്രവും!

ഈ യുഗം സൃഷ്ടിച്ചു മാനവൻ നേടിയ
മായികശക്തി നിനക്കു നല്കില്ല ഞാൻ!

# രമണൻെറ ശവകുടീരത്തിൽ

[ചങ്ങമ്പുഴയുടെ രമണനിലെ ആ മനോഹരമായ ഗ്രാമം. എവിടെയും വിടർന്നുനില്ക്കുന്ന പൂവുകളാണ്. പച്ചപ്പുല്ലുകൾ പുതച്ച മൺകുന്നുകളുടെ കാൽക്കൽ നീണ്ടുപരന്നുകിടക്കുന്ന മനോഹരമായ ഒരുപാടമുണ്ട്. നിറയെ പച്ച ഞാറുകൾ. ഒരു ഗായകസംഘം ആ പച്ചിലക്കാട്ടിലൂടെ കടന്നുപോകുന്നു.]

ഗായകസംഘം:

നീലമുളതൻ കരളിൻ മുറിവിൽ ചൂളമടിച്ചപ്പോൾ
നീറിയൊഴുകും മിഴിനീർപോലൊരു ഗാനമുയർന്നപ്പോൾ,
കാവുതോറും കമ്പുകൾ കമ്പുകൾ തല്ലിയുലച്ചാടും
കാടനാമക്കാററിനുമിന്നൊരു വേദനയുളവായി!
കാട്ടുപച്ചക്കമ്പിൽ ചായും പൊന്നന്തിക്കതിരേ
കാത്തിരിപ്പൂ നിന്നെച്ചുണ്ടുകൾ വരളും കുറുമൊഴികൾ!
കററകെട്ടിത്തലയിൽ ചൂടിയ വയലിന്നഴകുകളാം
കർഷകപ്പെണ്ണാളുകൾ പാടിയ തന്നാനം കേൾക്കെ,
കാട്ടുപൊയ്കപ്പൊന്നാമ്പലുകൾ ചുണ്ടുവിടർത്തുന്നൂ
കാട്ടുപാറക്കെട്ടിനുപോലും ചിറകു മുളയ്ക്കുന്നൂ!
ആർക്കുമാർക്കും നല്കുകയില്ലേ ഗ്രാമപ്പെൺകൊടി നീ,
പോക്കുവെയ്ലാൽ ശ്ലാകമിനുക്കിയ നിന്നോമനവീണ?

(ആ ഗ്രാമത്തിന്നൊരു കഥയുണ്ട്, മനുഷ്യസ്മരണയെ നുള്ളിനോവി ക്കുന്ന ശോകാത്മകമായ ഒരു പ്രണയകഥ. അവിടെയുള്ള കർഷക ഭവനങ്ങളുടെ ചുണ്ടുകളിലൂടെ ചിലപ്പോഴൊക്കെ ആ ഗ്രാമീണഗാനം നിങ്ങൾക്കു കേൾക്കാം.)

(കല്ല്യാണീ കളവാണീ എന്ന രീതി)

എങ്ങുപോയെങ്ങുപോയ്നിൻ ശോകാന്തസ്മരണകൾ
എങ്ങുപോയെങ്ങുപോയെൻ കാട്ടുപെണ്ണേ?
നിൻകരളിഴകളിൽ വേദനയൊലിപ്പിച്ചു
നിന്നിലാ നാദലേഖ തളർന്നുവീണൂ!

നിന്മുളംകാട്ടിൽ വന്നു രണ്ടോമൽക്കിനാവുകൾ
പൊന്മുളംകുഴലുകൾ പറിച്ചെടുത്തു!
തങ്ങളിൽ തുളച്ചവ ചുണ്ടിനോടടുപ്പിച്ചു
സംഗീതതരംഗങ്ങളുതിർന്നുവീണു!
ആട്ടിടയനും മണിമാളികക്കെട്ടിൽ പൂത്ത
പാട്ടുകാരിയും, രണ്ടു മലർക്കിളികൾ
ചങ്കിലെ ഞരമ്പുകൾ തങ്ങളിൽക്കൊളുത്തിക്കൊ-
ണ്ടങ്ങനെ നടന്നവർ കവിതപാടീ!

കാമുകൻ ചോദിച്ചുപോയ്: "നീയെൻെറ കരളല്ലേ
പ്രേമത്തിൻ മനോഹര വസന്തമല്ലേ?"
കാമുകി പറഞ്ഞുപോയ്: "ഞാനിതാ സമർപ്പിപ്പൂ
മാമകജന്മം നിൻെറ മടിയിൽ മാരാ....."
 നാലുനാൾ കഴിഞ്ഞില്ലാ കാമുകി,യജപാല-
 ബാലനെപ്പുറംതള്ളിക്കടന്നുപോയി!
പാട്ടുപാടിയ കൊച്ചു കാട്ടുമുളങ്കുഴലാ-
ലാട്ടിടയനെത്തല്ലിത്തളർത്തിയിട്ടൂ!
പൂങ്കരളൊന്നു തകർത്താ യുവകാമുകിയോ
'ബാങ്കി'ൻെറ ചിരികണ്ടു മയങ്ങിപ്പോയി!
 നിമ്മുളംകാടിന്നടുത്താകാശപ്പൂവിറുക്കാൻ
 കൊമ്പുകൾ നീട്ടിനില്ക്കും തരുശിഖരം,
 നാലടിക്കയറിലാക്കാമുകൻ കുടുങ്ങിയ
 നാളിനെക്കുറിച്ചിന്നുമനുസ്മരിക്കും!
ഇന്നുമാക്കരളിൻെറ നൊമ്പരം പിടയുന്നു,-
ണ്ടിന്നു, —മാക്കഥ പെണ്ണേ മറന്നുപോയോ?
എങ്ങുപോയെങ്ങുപോയ് നിൻ ശോകാന്തസ്മരണകൾ
എങ്ങുപോയെങ്ങുപോയെൻ കാട്ടുമങ്കേ?

(മലരണിക്കാട്ടിലെ പൂവുകൾതൻ
തലമുറയെത്രയോ വാടിവീണൂ
അനുരാഗഗാഥകൾ മൂളിമൂളി
വനംഗംഗ പിന്നെയും പാഞ്ഞൊഴുകി!
നിരവധി ജീവിതകന്ദളങ്ങൾ
 നിറുകയിൽ ചൂടിച്ചിരിച്ചുപാടി
 മധുരവസന്തങ്ങൾ തീവെയിലിൻ
 മടിയിൽ തളർന്നു കരിഞ്ഞുവീണൂ!
 പണവും പണവുമായ് സല്ലപിക്കും
 പ്രണയപ്പനികൾ കടന്നുപോയി.
 കരളിൻെറ ഭാഗത്തു നാണയത്തി-
 ന്നറകൾ കിലുങ്ങിച്ചിരിച്ചിരുന്നു.
 അവയുടെ മുമ്പിൽ മനുഷ്യമൂല്യ-
ഭവുകസങ്കല്പങ്ങൾ നീറിനിന്നു;
രമണനും മദനനും മാഞ്ഞുപോയി
യവനിക കെട്ടഴിഞ്ഞെത്രവീണൂ!
അവരുടെയസ്ഥിത്തറകളിലെ
കവിതകൾ പട്ടുടുത്താടിനിന്നൂ!)

**2**

[കാടുകൾ പൂത്തുനില്ക്കുകയും കാട്ടാറുകൾ പാടുകയും വയലേലകൾ പുളകംകൊള്ളുകയും ചെയ്യുന്ന ആ ഗ്രാമത്തിൻെറ മൂലയ്ക്ക് ഒരു ശവകുടീരം പൂപ്പൽപിടിച്ചുയർന്നുനില്ക്കുന്നു. ജീവിതത്തിൻെറ ഭാരവുംപേറി കടന്നു പോകുന്ന മനുഷ്യാത്മാക്കളുടെ കണ്ണുനീരിന്നായി അതു നാവു നീട്ടുന്നു. അതിലേ പോകുന്ന കൊയ്ത്തു കാരിപ്പെൺകിടാങ്ങൾ ആ ശവകുടീര

ത്തിൻെറ കല്ലുകളിൽ അരിവാളുകൾ തേച്ചു മൂർച്ചകൂട്ടാറുണ്ട്. അവയുടെ വായ്ത്തലയിലെ മന്ദഹാസത്തിൽ അവരുടെ ആത്മാവുകൾ വരാറുമുണ്ട്.

മങ്ങിയ ഒരു സായാഹ്നം. വയലിൽനിന്നു ചുണ്ടത്തൊരു ചൂളവുമായി കയറിവന്ന ഒരു യുവാവ് ആ ശവകുടീരത്തിനടുത്തു വന്നു. കാട്ടാറിനും മുളങ്കാടിനുമടുത്തു മറെറാരു പാട്ടുപാടുന്ന കാട്ടാറുപോലെ ആ യുവതിയും ഓടിയെത്തി.]

യുവതി: (വിടർന്ന മിഴികളോടെ)
നീലമുകിലിനെക്കാത്തിരുന്നൂ
പീലിപ്പിടമയിലെത്രനേരം!
നീ വരാനെന്തിത്ര താമസിച്ചു
കാവിലെ പൂവൊക്കെ ഞാനിറുത്തു!

യുവാവ്: പാടത്തൊരായിരം നെന്മുളകൾ
വാടിക്കരിഞ്ഞുകിടന്നിരുന്നു.
ദാഹിച്ചുവീണോരവയ്ക്കു നീളേ
ദാഹനീർ നല്കാൻ ഞാൻ പോയിരുന്നൂ!

യുവതി:നീറിപ്പിടയ്ക്കുമെൻ ചേതനയിൽ
നീർമണി തൂകുവാൻ നീ വരില്ലേ?
മാമകാത്മാവിൻ ഞരമ്പുകളിൽ
രോമഹർഷങ്ങൾ വിടർത്തുകില്ലേ?

യുവാവ്: രോമാഞ്ചമെത്ര വിടർത്തിയാലും
പൂമാലകോർത്തെത്ര ചൂടിയാലും
ഓടിപ്പുണരും നിലാവിനെക്കൊ-
ണ്ടോണമലർക്കുലയ്ക്കെന്തുകാര്യം?

യുവതി: ഇനിയും മാറീട്ടില്ലേ?
സംശയം?—ഞാനിക്കാട്ടു-
കനിയെ കളയില്ല,
താരമുന്തിരി നോക്കി!
ആരെന്നെക്കയർത്താലു-
മങ്ങയെ വെടിഞ്ഞിട്ടെൻ
നീറുമാത്മാവിൻചുണ്ടി-
ലുമ്മകൾ വിടരില്ല.

യുവാവ്: ഈ മുഗ്ദ്ധവാഗ്ദാനങ്ങൾ
വഞ്ചിച്ചോരാത്മാവിൻെറ-
യീരടി നിശ്ശബ്ദമായ്
മുഴങ്ങുന്നുണ്ടെൻ ചുററും!
കൈയൊന്നു മുട്ടിപ്പോയാൽ
നുള്ളുന്ന ‘തൊട്ടാൽവാടി-
ത്തയ്യുകൾ’ പടർന്നൊരാ
കൽത്തറ കണ്ടോ ദൂരെ?

യുവതി: ഇന്നലെ രാത്രിയിൽ കണ്ട കിനാവിൻെറ
മുന്നിൽനിന്നിങ്ങോട്ടു പോന്നതല്ലിന്നു ഞാൻ
പായും ചുരുട്ടിയെഴുന്നേററൊരുപിടി
പ്രേമവുമായിപ്പുറപ്പെട്ടതല്ല ഞാൻ!
ചന്ദ്രികയാവില്ലതുകൊണ്ടുതന്നെ ഞാൻ
ചന്ദ്രികയാവില്ലൊരിക്കലും ഭാവിയിൽ!
തെററിദ്ധരിക്കാതിരിക്കൂ വിയർപ്പിൻെറ
മുത്തിൽ കിളുർത്തതാണെൻ പ്രേമഭാവന.

യുവാവ്: ഞാൻ തെററിദ്ധരിച്ചില്ല
നാണയപ്പെട്ടിക്കല്ലേ
പൂന്താലിച്ചരടുമായ്
വേൾക്കുവാനാവൂ നിന്നെ!
നിൻ ചിറകിലെപ്പട്ടു-
തൂവൽ നീ കളഞ്ഞാലോ
പഞ്ജരത്തിലെക്കമ്പി-
വേലികൾ പൊളിക്കുവാൻ
മാംസത്തിൻ ദാഹം തീർക്കാൻ,
ആത്മനിർവൃതി നേടാൻ,
മാത്രമായ്ക്കൂടാ നമ്മൾ-
തൻ പരസ്പരപ്രേമം!
നാളത്തെത്തലമുറ-
യീമുളം കാട്ടിൽ,ജീവ-
നാളങ്ങളെടുത്തോട-
ക്കുഴലൂതിടുംനേരം,
അതിലൂടുയിർക്കൊള്ളു-
മനുരാഗത്തിൻ ഗീതം
പുതുതാം സമൂഹത്തിൻ
സർഗ്ഗഗാഥകളാവാൻ,
നാം പരസ്പരമിന്നേ
പാട്ടുപാടുക; നോക്കൂ
നാമ്പിടും യുഗത്തിൻെറ
ചൈതന്യം കിഴക്കെല്ലാം!

യുവതി: മരണംവരേയ്ക്കീ വിശിഷ്ടബന്ധം
മറയില്ല മായില്ല ജീവനാഥാ.
ഒരു കയർച്ചുററിൻ കുടുക്കിലേക്ക-
ല്ലൊരു വസന്തത്തിലേക്കാണു നമ്മൾ,
ഒരുമിച്ചു പോകുന്ന; തീ യുഗത്തിൻ
സ്വരമുയരട്ടേ കരളുകളിൽ!
രമണനായ് മാററരുതെൻെറ പ്രേമ-
സ്മരണകൾ പൂക്കും മധുവസന്തം!

യുവാവ്: ഞാനൊരു രമണൻെറ
വിഡ്ഢിത്തം കാണിക്കില്ല
മാനത്തു ചിരിക്കുന്ന
നക്ഷത്രത്തിനെ നോക്കി!
കയർ ഞാനെടുത്തേക്കും—
കുടുക്കിട്ടതിനുള്ളി-
ലുയിരിൻനാളം പക്ഷേ,
കോർത്തുടക്കുകയില്ല!
പ്രേമിക്കാൻ,പരസ്പരം
സ്നേഹിക്കാൻ കൂട്ടാക്കാത്ത
സാമൂഹ്യഘടനതൻ
കഴുത്തിൽ ചുററിക്കെട്ടാൻ,
കയർ ഞാനെടുത്തേക്കും—
മർദ്ദകർക്കൊരു കൊല-
ക്കയറായതു പുള-
ഞ്ഞലറിച്ചിരിച്ചേക്കും!

യുവതി: വിരിയട്ടെ മുഗ്ദ്ധാനുരാഗഗീതം
വിടരുന്ന നാടിൻെറ ചുണ്ടുകളിൽ!
പുലരട്ടെ ജീവൻെറ മുക്തിഗീതം
പുലരുന്ന നാടിൻവിപഞ്ചികയിൽ!

(മനുഷ്യപ്രേമത്തിൻെറ അനന്തമായ ചൈതന്യം മോചിപ്പിക്കപ്പെടു മ്പോഴത്തെ അനുഭൂതികളോടെ അവർ പരസ്പരം നോക്കി. കാററിൻെറ കൈയിലിരുന്ന് ആ ശവകുടീരത്തിലെ ഉഷമലരിപ്പൂ വുകൾ പുഞ്ചിരിതൂകി. അവർ അതിൻെറ സമീപത്തേക്കടുത്തു.)

യുവാവും യുവതിയും:
നീ തകർന്നടിഞ്ഞുപോ-
യന്നത്തെ സമുദായ-
നീതിതൻ കൈച്ചാട്ടയ്ക്കു
കീഴിലെ സമ്മർദ്ദത്താൽ!
നീ തല്ലിത്തകർത്തുവോ
നിൻപാനപാത്രം, — നാടിൻ
നാദവാഹിനി ചുര
ന്നിരുന്നൂ നിന്നിൽ മാത്രം!
നിൻകഴുത്തിലെ നീല-
വള്ളികൾ പിടഞ്ഞപ്പോൾ,
ചങ്കിലെ ഞരമ്പുകൾ
വലിഞ്ഞു ഞെരിഞ്ഞപ്പോൾ,
കാമുക,നിന്നാത്മാവി-
ലായിരം വികാരങ്ങൾ

കാഹളമൂതിക്കൊണ്ടും,
ഞങ്ങളാ നാദം കേൾപ്പൂ!
അന്ത്യമായ് നിന്നിൽനിന്നു-
മുയർന്ന നെടുവീർപ്പാൽ,
ചിന്തകൾ പൊള്ളിക്കുമീ
പച്ചിലക്കാട്ടിൽത്തന്നെ;
നാളത്തെ യുഗത്തിൻെറ
നിർമ്മിതിക്കായി ജ്വാലാ-
നാളങ്ങൾ നെയ്‌വൂ ഞങ്ങ;
ളുമ്മകൾ കൈമാറുമ്പോൾ!
ഞങ്ങൾതന്നാത്മാവിൻെറ
പൊന്നോടക്കുഴൽ,നാടിൻ
മംഗളം വിടർത്തുന്ന
ഗാനങ്ങളുതിർക്കുമ്പോൾ,
ഈ ബലിത്തറയിലെ
നിൻെറയാത്മാവിന്നൊപ്പ-
മീ യുഗത്തിലെ പ്രേമ-
സ്വപ്നവും കതിർചൂടും!

(അവർ ആ ഉഷമലരിപ്പൂക്കൾ പറിച്ച് ആ ശവകുടീരത്തിൽ അർപ്പിക്കുന്നു.) [അരിവാളുകളും തേച്ചുമിനുക്കിക്കൊണ്ട് കൊയ്ത്തുകാർ ആ നടപ്പാതയിലൂടെ അന്നും കടന്നുപോയി. അവരുടെ ആത്മാവുകളുടെ ഓടക്കുഴൽവിളിപോലെ ഒരു ഗാനം അവിടെയെങ്ങും പരന്നു. ആ സമൂഹഗാനത്തിലെ ശബ്ദത്തിരകളിൽനിന്ന് ആ യുവാവിൻേറയും യുവതിയുടേയും സ്വരം എല്ലാവരും തിരിച്ചറിഞ്ഞു.]

(മാപ്പിളപ്പാട്ടുരീതി)
ചെങ്കതിരു പൊട്ടിവീണു പച്ചമുളംകാട്ടിൽ
ചെമ്മുകിലു പൂത്തപോലെ പുലരിവന്നു മേലേ!
ഇരുളുറഞ്ഞ വാനിടത്തിൽ നീലവയലേല
ചെറുവിരിപ്പിൽ കതിരുചൂടി കാററിലാടി നീളേ!
പുതിയമണ്ണിൻ കരളിൽനിന്നു കൂമ്പിവന്നപോലേ
പുതിയ പവിഴക്കതിർമണികൾ തണ്ടുലച്ചു ചാലേ!
പുതിയ കൊയ്ത്തിന്നണയുക നീ കർഷകപ്പെണ്ണാളേ
പുകയുകയാണിവിടെയെങ്ങും കൂരകളിൽ നീളേ!
കിലുകിലുക്കം കേൾപ്പു നീളെ കൊയ്ത്തരിവാൾതോറും
കിടുകിടുക്കം കേൾപ്പു നീളെ നെല്ലറകൾ തോറും!
എൻെറ ചങ്കില് നിൻെറ ചങ്കില് പൂത്തിരുന്നപോലേ
എൻെറ കുയിലേ പൂക്കണല്ലോ ചെമ്മുകില് മേലേ!

(ആ ഗാനം വയലേലകളിലേക്ക് ഒലിച്ചൊലിച്ചുപോയി. തങ്ങളുടെ വിയർപ്പുതുള്ളികളിൽ മുളച്ച നീലഞാറുകൾ കൊയ്യാൻ അവർ പോവുകയാണ്. മഞ്ഞുതുള്ളികൾ നിറഞ്ഞ ആ കറുകവരമ്പത്തു കാലുകുത്തിയപ്പോൾ ആ യുവാവു പാടുന്നു.)

യുവാവ്: എൻെറ ചങ്കില് നിൻെറ ചങ്കില്
പൂത്തിരുന്നപോലേ.....
യുവതി: (ഏറ്റു പാടുന്നു)
എൻെറ കുയിലേ പൂക്കണല്ലോ
ചെമ്മുകില് മേലേ.......

(അകലെയുള്ള ആ ശവകുടീരത്തിൻെറ മുകളിൽ ഒരു കതിരുകാണാക്കിളി വന്നിരുന്നു. ആ ശവകുടീരത്തിൻെറ ചേതനയുടെ ശബ്ദംപോലെ ആ കിളി ചിലച്ചു:

"പുത്തൻപൊന്നോണം
പുത്തൻപൊന്നോണം.")

## കഴുമരങ്ങളുടെ കഥ

കടലിന്നും മലകൾക്കുമകലെനിന്നാ വെള്ള-
ക്കഴുകന്മാർ ചിറകടിച്ചെത്തി.
കുരുമുളകുമേലവും മലകളിൽ മരതക-
ക്കുടനീർത്തും നാട്ടിലേക്കെത്തി.
വെയിലുകൾ ചോരാത്ത ചന്ദനക്കാടുകൾ-
ക്കുയരത്തിൽ വട്ടമിട്ടെത്തി.
ശാന്തതയിൽ ശാന്തിയുടെ ശംഖനാദം നീന്തി-
നീന്തിവരും നാട്ടിലേക്കെത്തി!

കതിർകാണാക്കുരുവികൾ, കുയിലുകൾ, പ്രാവുകൾ
കവിതകൾ പാടുന്ന നാട്ടിൽ,
മഞ്ഞണിയും മലകൾതൻ താഴ്വാരക്കാടുകളിൽ
മഞ്ഞക്കസവൊഴുകുന്ന നാട്ടിൽ,
മെയ്യാകെ വററാത്ത വേർപ്പുമായ് വിഭവങ്ങൾ
നെയ്യും കൃഷിക്കാർതൻ നാട്ടിൽ,
കഴുകന്മാരൊളികണ്ണിട്ടൊളികണ്ണിട്ടങ്ങനെ
കടലുകൾക്കകലെനിന്നെത്തി!

ദിക്കുകളിൽ രക്തനീർച്ചാലുകൾ കീറിയാ
ചക്രവാളത്തിൻെറ വക്കിൽ,
ചോരപ്പൂഞ്ചെണ്ടുമായന്നത്തെപ്പുലരിവ-
ന്നോരോന്നു നട്ടുനനയ്ക്കേ,
പുഞ്ചയ്ക്കു തേവുന്ന പാട്ടുകാർ കേട്ടിതാ
വഞ്ചനതൻ ചിറകടിശബ്ദം.
അവർ പാടീ: " കഴുകന്മാർ! കഴുകന്മാർ! ദൂരെനി
ന്നണയുന്നൂ, കഴുകനെക്കണ്ടോ....!"

ചിറകിട്ടടിച്ചാക്കഴുകുകൾ നാടിൻെറ
ചിറയും വരമ്പും തകർത്തു!
ചിറകിട്ടടിച്ചടിച്ചന്തരീക്ഷത്തിൻെറ
കരളും ഞരമ്പും തകർത്തു!
അലരിടും മണ്ണിൻകിനാവുകളത്രയും
അവ, മാന്തിമാന്തിപ്പറിച്ചു!
അവയുടെ പാരപോൽ നീളും നഖങ്ങളിൽ,
അവയുടെ കൊക്കുകൾക്കുള്ളിൽ,
കയറുക, — ഉററം കുടുക്കിട്ടു കെട്ടിയ
കയറുകളുണ്ടായിരുന്നു!

പൊടിപോലുമില്ലാതെ നാടുകത്തിക്കുന്ന
വെടിയുണ്ടയുണ്ടായിരുന്നു!

കടലുകൾക്കകലെനിന്നെത്തിയ സാമ്രാജ്യ-
ക്കഴുകന്മാരീ നല്ല മണ്ണിൽ,
ചുണയുണരും പൗരുഷവുമസ്ഥിയും മജ്ജയും
നിണവും നിറഞ്ഞൊരീ മണ്ണിൽ,
ചോരക്കൊതിപൂട്ടിയോരവരുടെയധികാര-
ത്തേരിൻെറ ചക്രമുരുട്ടി.
ഒഴുകിയെതിർത്തുയരുന്ന ശക്തി തടയുവാൻ
കഴുകന്മാർ കഴുമരം നാട്ടി!
കടലുകൾക്കകലെനിന്നവർ കൊണ്ടുവന്നോരാ
കയറുകളവയിലുടക്കി!
അറബിക്കടലിൻെറ കരളും പിളർന്നുകൊ-
ണ്ടൊരു കൊച്ചു പായ്ക്കപ്പൽ വന്നു.
അതിനുള്ളിൽ തോക്കുകൾ ഗർജ്ജിച്ചു; പിന്നെയും
പുതിയ സന്ദർശകർ വന്നു!
ആദ്യത്തെ രക്തസാക്ഷി:
നിണപാനികളീ നാട്ടിൽ കൊലയാളിവൃന്ദങ്ങൾ
നിയമം കുറിച്ചിട്ട നാളിൽ,
ഒരു ശതാബ്ദത്തോളമപ്പുറത്തിരുൾതിങ്ങു-
മൊരു മൂകഗംഭീരരാവിൽ,
പടരുവാൻ കത്തുവാൻ നാടാകെ തീപ്പർവ്വത-
മുടികൾ പുതഞ്ഞൊരു നാളിൽ,
അധികാരശക്തികൾക്കെതിരേ നിരന്നുനി-
ന്നലറിയ നാടിൻനടുവിൽ,
ഒരു ഭാരതീയയുവാവിൻ* കരളിൽനി-
ന്നിരുനാഴി രക്തം തെറിച്ചു!

നെറികേടും ഗതികേടും സഹിയാഞ്ഞിട്ടിന്ത്യയ-
ന്നൊരു രണഭേരിയടിച്ചു!
പെഷവാർമുതൽക്കതു കൽക്കത്തയോളവും
പെരുകിപ്പെരുകിത്തുടിച്ചു.
ദുരമൂത്ത സാമ്രാജ്യക്കോയ്മതൻ പട്ടാള-
പ്പുരയിലാ ബൈരക്പൂർക്യാമ്പിൽ,
പ്രിയകരജീവിതമൂല്യങ്ങൾ നേടുവാ-
നുയിരാർന്ന വിപ്ലവശക്തി,
കുടിലരാം ബ്രിട്ടീഷുപട്ടാളത്തലവരെ
വെടിവെച്ചി; —താദ്യത്തെപ്പൊട്ടൽ!
കൊലപാതകക്കുററമാദ്ധീരയോദ്ധാവിൻ
തലയിലടിച്ചുചുമത്തി
അവിടത്തെക്കഴുമരക്കയറുകളാത്തെററി-
നവസാനശിക്ഷ വിധിച്ചു.
മരണത്തിൽക്കൂടി മനുഷ്യാഭിമാനത്തിൻ
മഹിമ വിളംബരം ചെയ്യാൻ,

* മംഗൽ പാണ്ഡെ

ഒരു ഭാരതീയയുവാവിൻകരളിൽനി-
ന്നിരുനാഴിരക്തം തെറിച്ചു!
ആ അജ്ഞാതധീരൻ:
അധികാരിസ്സായിപ്പിൻ കുതിരക്കുളമ്പടി
പതിവായിപ്പതിയുന്ന മണ്ണിൽ
അലയാഴി ഗർജ്ജിക്കെ ചോരത്തടത്തിലാ
ബലിപീഠമാദ്യമുയർന്നു!
അലറിപ്പടർന്നിതാ രക്തത്തിൽനിന്നുയർ-
ന്നുലയാത്ത വിപ്ലവജ്വാല!
നെടുനീളെ ദില്ലിയിൽ ഝാൻസിയിൽ,മീററ്റിൽ
ചുടുരക്തം കുത്തിയൊഴുക്കി
അലറിക്കൊണ്ടവിടൊക്കെയായിരമായിരം
കൊലമരത്തൂണുകൾ പൊങ്ങി!
കുടിലമാം സാമ്രാജ്യക്കോയ്മതന്നാദ്യത്തെ
കുതികാലുവെട്ടുമാ യുദ്ധം,
ലഹളയാ; — യിന്ത്യാചരിത്രത്തിൽ, ശിപ്പായി-
ലഹളയായ് സ്ഥാനം പിടിച്ചു!
അവിടത്തെ ധീരരാമാരക്തസാക്ഷിക-
ളടിവച്ചു നിന്നേടത്തെല്ലാം,
അലറുമാ ജീവിതമസ്ഥിമാടത്തറയ്-
ക്കടിയിൽ തുടിച്ചേടത്തെല്ലാം,
പടയുടെ,—കഴുകന്മാർക്കെതിരായ മോചന-
പ്പടയുടെ കോട്ടകൾ പൊങ്ങീ!
പുതിയതാം ചുണയുമുണർവുമുന്മേഷവും
പുതിയനിമേഷങ്ങൾക്കേകി,
തുടരെത്തുടരെപ്പട നയിച്ചോരുടെ
പടഹത്തിൻ മാറ്റൊലി പൊങ്ങി!
തുടരെ ശതാബ്ദത്തിലൂടെ വളർന്നിതാ
തടവിൻെറ തല്ലിൻെറ ശബ്ദം!

നിണധാരകൊണ്ടു കുറിച്ചുകുറിച്ചിട്ട
ജനതതൻ മോചനയുദ്ധം,
കരൾ ഞെട്ടും കഴുകുമരങ്ങൾതൻ കഥകളായ്
സ്മരണകളീറനാക്കുന്നു!
ഖുദിറാമും വിഷ്ണുപിംഗാളെയും, സോഹൻലാൽ
കണയലാൽ തന്തയ്യമാരും,
ഭഗവത്സിംഗ്, കോടവാൾ, ജതിൻദാസ് കലാനിമാർ
പതിനായിരം വീരയോധർ,
മലബാറിൽ, കയ്യൂരിൽ, ജാലിയൻവാലയിൽ
വയലാറി, — ലജ്ഞാതധീരർ,
ഹൃദയനിണം തളിച്ചുഗ്രമാം സാമ്രാജ്യ-
ക്കുതിരയോട്ടത്തെത്തുലയ്ക്കാൻ,
ജനതയ്ക്കുവേണ്ടി ജനതതൻ നാടിൻെറ
ജയശംഖനാദം മുഴക്കാൻ,
മരണത്തിൻമുഞ്ഞിക്കു മുഷ്ടിയിടിച്ചുകൊ-
ണ്ടരുളിയ വീരസന്ദേശം,

നിരകളി — ലവരുടെ രക്തസാക്ഷിത്വത്തിൻ-
നിരകളിലലറുന്നുണ്ടിന്നും!
അവരുടെയസ്ഥിമാടങ്ങളിൽ സ്പന്ദിപ്പൂ
നവയുഗനിർമ്മാണശക്തി! —
"....പൊരുതുന്ന നാടിൻെറ സമരസഖാക്കളേ
വരു വിപ്ലവാഭിവാദ്യങ്ങൾ
തുടരുക, ഞങ്ങൾ നിന്നേടത്തുനിന്നിനി
തുടരുകീ സ്വാതന്ത്ര്യയുദ്ധം.
കഴുകന്മാർ പോയിട്ടില്ലിന്നുമീ നാടിൻെറ
കതിർവരമ്പത്തുനിന്നൊന്നും!
കഴുമരക്കയറുകൾ പുളയുകയാണിന്നും,
വഴുകയും ചങ്ങലക്കെട്ടും!
ഒരുപിടി സാമ്രാജ്യദാസന്മാർ, ഞങ്ങൾതൻ
കുരുതിത്തറകളെച്ചൂണ്ടി,
കഴൽനക്കിച്ചുണകെട്ട നാവിനാൽ ശബ്ദിപ്പൂ:
'മുഴുവനും സ്വാതന്ത്ര്യമായി.'
അരുതതു, വിശ്വസിക്കരുതതു, വഞ്ചന-
ക്കടിയറനില്ക്കുമോ നിങ്ങൾ?

പുലരികൾ പുലരുന്ന കണ്ടുവോ നാടിൻെറ
വിളവുകൾ കണ്ണീരിൽ മുക്കി?
കൃഷിനിലങ്ങൾക്കില്ല സസ്യശാലീനത
മഷിയിട്ടു നോക്കിയാൽപ്പോലും!
മഹിതപ്രയത്നത്തിൻ മുദ്രകൾ ചാർത്തുന്ന
മനുജർക്കു കൂടാരമില്ല!
അരമനപ്പാതകൾതോറും തളർന്നുവീ-
ണടിയുന്നൂ തെണ്ടികളിന്നും!
പ്രിയമുള്ള രാഷ്ട്രത്തിൻ നീലമൈതാനങ്ങ-
ളുയരുമീ ഗ്രാമങ്ങൾ തോറും,
ഒരുതുണ്ടു തുണിയില്ലാതൊളിവിൽ കഴിയവേ
തരുണിമാർ കൂരകൾക്കുള്ളിൽ,
മദിര മറിയുന്ന ഹൃദയവുമായ്,പ്രേമ-
മധുരഗാനങ്ങളും മൂളി,
മദലേഖകൾപോൽ തടിച്ച നിതംബങ്ങൾ
മധുരക്കസവിട്ടു മൂടി,
നഗരങ്ങൾ കാമോത്സവോത്സംഗമാക്കുന്ന
യുവതികളിന്നുമുണ്ടേറെ!
ഒരിറക്കുപാലില്ലാതമ്മതൻ മുലചപ്പി-
ക്കരയുന്ന പൈതലുണ്ടിന്നും.
അനിഷേധ്യജീവിതമൂല്യസമ്പാദന-
സ്വനതരംഗങ്ങൾതൻ നേരെ,
ബയണററും ലാത്തിയും നീട്ടുന്നു നിർഭയ-
മുയരെക്കിരീടങ്ങളിന്നും!
രണനാദകാരിയാം മാനവസ്വാതന്ത്ര്യ-
നിണഞ്ഞരമ്പൊന്നു തുടിച്ചാൽ,
തടവറയ്ക്കുള്ളിലവയെപ്പിടിച്ചിട്ടു

തകരാറിലാക്കുന്നുണ്ടിന്നും!
ഇതുപോലെ കോടിഗ്ഗതികേടുകൾക്കെല്ലാ-
മെതിരായി നീങ്ങിയോർ ഞങ്ങൾ.
കഴുമരക്കയറിൻ കുടുക്കിൽ ഞെരിഞ്ഞര-
ഞ്ഞൊഴുകിയ ഞങ്ങൾതൻ രക്തം,
കഴുകന്മാർക്കായി നിവേദിച്ചുകൊണ്ടിതാ
കയറുന്നു മർദ്ദകൻ വീണ്ടും!

തുടരൂ സഖാക്കളേ, കാലിൽ കിലുങ്ങുന്ന
തുടലുകൾ നോക്കുക നിങ്ങൾ
തുടരുക ഞങ്ങൾ നിന്നേടത്തുനിന്നിനി
തുടരുകീ മോചനയുദ്ധം!
പൊരുതുന്ന നാടിൻെറ സമരസഖാക്കളേ
വരു, വിപ്ലവാഭിവാദ്യങ്ങൾ....."

അകലത്തിലന്തിതൻ രുധിരപതാകകൾ
അഖിലവും നീറിക്കരിയെ,
ഇരവിൻെറ പുകമഞ്ഞു മൂടിയ മാനത്തെ
കരിനിലം കൺചിമ്മിനില്ക്കെ,
കരളറയിൽ നീരാവിച്ചുമടുമായ് നീങ്ങുമാ
കരിനീരദങ്ങൾതൻ കൈയിൽ,
അലറുന്ന കടലിൻെറയലമാലച്ചുരുളുകൾ
അരിവാളെറിഞ്ഞുകൊടുത്തു!

# ദൈവം വീട്ടിൽ വന്നിരുന്നു

നെടുകെ വെളിച്ചം പരന്നിരുന്നൂ
നേരം വെളുക്കുകയായിരുന്നൂ!

കാലത്തെഴുന്നേററിരുന്നു ഞാനെൻ
കവിതകുറിക്കുകയായിരുന്നു.

ആവിപറക്കുന്ന കാപ്പിയും കൊ-
ണ്ടരികത്തുവന്നമ്മ ചോദ്യമായി:

"ഇനിയെത്രനാൾകൂടി ഞാൻ നിനക്കീ
ഇടറുന്ന കൈകൊണ്ടു കാപ്പിനല്കും?"

ഇരുപത്തിയഞ്ചോളമാണ്ടുകളായ്
വിരിയുമാച്ചുണ്ടത്തെ മന്ദഹാസം,

അരുമമകന്നായിറുത്തുനല്കാൻ
വിരിയുമാ വാത്സല്യമുഗ്ദ്ധഹാസം,

കരളിൻെറ കണ്ണുനീർപ്പൊയ്കകളിൽ
വിരിയുന്ന വാടാത്ത പൂക്കളല്ലേ,

ജലകണമഞ്ചാറുരുണ്ടുവന്നെൻ
ജനനിതൻ കണ്ണടച്ചില്ലിൽ വീണൂ!

എന്മിഴി രണ്ടും നിറഞ്ഞുപോയി;
'എരിയുകയാവുമാ ദീപനാളം!'

നിറയെ വെളിച്ചം പരന്നിരുന്നൂ
നേരം വെളുത്തുകഴിഞ്ഞിരുന്നൂ

എഴുതാൻതുടങ്ങി ഞാൻ, വേദനിക്കും
മിഴികൾ കടലാസിൽ നട്ടുകൊണ്ടേ;

ധിറുതിയിലാരോ കടന്നുവന്നു
പരിചയമില്ലാത്ത ഭാവമോടെ —

ഒരു പടുവൃദ്ധനാണാ മനുഷ്യൻ
മരണത്തിൻ ചീട്ടിലാ പേരു കാണും!

"പരിചയമില്ലല്ലോ" വായ്തുറന്നാ
പടുകിഴവച്ചാർ കുശലമോതി.

ഓർമ്മകൾക്കുള്ളിൽ ഞാനാകമാനം
ഓടിനടക്കുകയായിരുന്നു!

"ഏറെദൂരത്തുന്നു വന്നവൻ ഞാൻ
ഏറെ മനുഷ്യരെ കണ്ടവൻ ഞാൻ."

നരയുടെ പൂപ്പൽപിടിച്ച നെഞ്ചിൽ
വിരൽപെരുമാറിപ്പറഞ്ഞു വൃദ്ധൻ!

"എന്നിൽനിന്നങ്ങേയ്ക്കു വേണ്ടതെന്താ"-
ണെന്നു ചോദിച്ചു ഞാൻ സ്നേഹപൂർവം!

അതിഥി പറഞ്ഞു: "മനുഷ്യരെല്ലാ-
മാദരിച്ചെന്നെത്തപസ്സുചെയ്വൂ!

സ്വീകരിക്കില്ല ഞാനൊന്നുമൊന്നും
ലോകമെൻ കൈയിലെക്കണ്ണിമാങ്ങ!"

"അറിയില്ല നിങ്ങളെ മൂപ്പിലേ ഞാ-
റിയില്ല" മെല്ലെച്ചിരിച്ചുപോയ് ഞാൻ!

താടിയെല്ലൂന്നുവടിയിലൂന്നി
നാടകക്കാരന്റെ ഭാവമോടെ

"ഞാനാണു ദൈവം" കിഴവനോതി
"ഞാനാണു ദൈവം; മനസ്സിലായോ?"

നാട്ടുമര്യാദയ്ക്കു ഞാനിരിക്കാൻ
നീട്ടിയ ചൂരൽക്കസാല കാൺകെ,

കോപമമർത്തി പറഞ്ഞു 'ദൈവം':
"നീ പിഞ്ചുകുഞ്ഞാണറിയുകില്ല!

നിന്നെ വളർത്തിയ പൂർവികന്മാ-
രെന്നയറിയും, സമാദരിക്കും!"

പുതിയ വിശേഷവും കൊണ്ടുവന്നോ-
രതിഥിയെ മാനിച്ചു ഞാൻ പറഞ്ഞു:

"നിങ്ങളെ നേരിട്ടറിയുകില്ല
നിങ്ങളാണില്ലേ പഴയ ദൈവം?

പുരുഷാന്തരങ്ങളിൽക്കൂടി നിങ്ങൾ
പരിചയക്കാരനാണന്നുതൊട്ടേ!

ഒരുകപ്പുചായ കുടിച്ചു വേഗം
പിരിയുക പിന്നെ നമുക്കു കാണാം."

ദൈവത്തിനപ്പോൾ മിഴി ചുകന്നു
ദൈവം പറഞ്ഞു: " നശിച്ചവൻ നീ."

ആ ഫലിതത്തിൽ ചിരിച്ചുപോയ് ഞാ-
നറിയിച്ചു: "നിങ്ങൾക്കു ജോലിയില്ല!

നിങ്ങൾ നശിച്ചിടത്തുന്നുനിന്നാ-
ണിങ്ങനെ ഞാനെൻെറ ശക്തി നേടീ!

പഴയ പുരുഷാന്തരത്തിൽനിന്നും
പുതിയ പുരുഷാന്തരത്തിലൂടെ,

വളരുകയാണു ഞാൻ —എന്നിൽനിന്നേ
വളരുകയുള്ളൂ തലമുറകൾ."

ദൈവത്തിനപ്പോൾ കരളുറഞ്ഞു
ദൈവം പറഞ്ഞു: "ശപിക്കുമേ ഞാൻ."

"അതുശരി" — പൊട്ടിച്ചിരിച്ചുപോയ് ഞാൻ
"അറിയില്ല ദൈവമേ നിങ്ങളെന്നെ!

ഞാനീ പ്രപഞ്ചം വളർത്തിടുന്നൂ
ഞാനീ പ്രപഞ്ചം നയിച്ചിടുന്നൂ!

സർഗ്ഗലയസ്ഥിതികാരകൻ ഞാൻ
സത്യസ്വരൂപി ഞാൻ; ഞാൻ മനുഷ്യൻ.....!"

വല്ലാത്ത കോപത്തൊടന്നു ദൈവം
വന്നവഴിക്കു തിരിച്ചുപോയീ!

ആ വന്നതാരെന്നറിയുവാനായ്
അമ്മ മുറിക്കുള്ളിൽ വന്നു വീണ്ടും.

"അമ്മ കണ്ടില്ലല്ലോ..." ഞാൻ പഞ്ഞു:
"നമ്മൾക്കയാളെപ്പണിക്കുനിർത്താം...."

"ആരാണു കുഞ്ഞേ കിഴവനല്ലേ....?"
"ആരാകിലെന്തമ്മേ, ദൈവമല്ലേ....?"

മുളങ്കാട്

മാർച്ച് 1955

## കവിതകൾ

പ്രയാണം
'വൈക്കം കായലിൽ ഓളം തല്ലുമ്പോൾ'
നാഗസാക്കിയിലെ കുരിശ്
പശയുള്ള വരമ്പ്
പൂവുകളുടെ സംഗീതം
മനുഷ്യനിലേക്ക്
വിലങ്ങുകൾ
എൻെറ ശില്പം
പ്രേമം പുഷ്പിക്കണമെങ്കിൽ
പൊട്ടിയൊഴുകിയ വ്രണം
'മാ നിഷാദ'
അശ്വമേധം
മുളങ്കാട്

"സ്നേഹിക്കയില്ല ഞാൻ, നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും."

# പ്രയാണം

ആണ്ടുകളലിയുന്നൂ
    നിമിഷങ്ങളിൽ, കാലം
നീണ്ട കാലുകൾ നീട്ടി-
    നീട്ടിവച്ചകലുന്നൂ!

തൻ കടിഞ്ഞാണും കൊണ്ടു
    കാലത്തെ നിയന്ത്രിക്കാൻ
ചങ്കിലെപ്പത തുപ്പി-
    ക്കുതികൊള്ളുന്നൂ ശാസ്ത്രം!

ഇന്നലെസ്സങ്കൽപത്തിൻ
    മന്ദാരമലർക്കാവിൽ
നിന്നു കൂമ്പിയ കിനാ-
    വിന്നത്തെക്കനിയായി!

വാടിവീണേക്കാം നാളെ-
    ത്തയ്യുകൾ — പക്ഷേ, പുത്തൻ-
വാടികളനുക്ഷണം
    വിരിഞ്ഞേ മതിയാവൂ!

പരിവർത്തനത്തിൻെറ
    ഞാണൊലി മാത്രം കേൾക്കാ-
മരികത്തെല്ലായ്പോഴും
    നിമിഷങ്ങളിലൂടെ!

ചുററിലും പരമാണു-
    മണ്ഡലസഹസ്രങ്ങൾ
പെററുപെററടിയുമീ-
    യന്തരീക്ഷത്തിൽക്കൂടി

പൊയ്പോയ പരകോടി-
    പ്പൂരുഷാന്തരങ്ങൾ തൻ
കൽപടവുകൾ കേറി-
    ക്കേറിയെത്തിയ ഞങ്ങൾ,

പേനയും പടവാളും
    ശാസ്ത്രവും പ്രേമത്തിൻെറ
ഗാനശൈലിയുമായി-
    സ്സഞ്ചരിക്കുന്നൂ നിത്യം!

ഞങ്ങളിൽ ജീവിക്കുന്നൂ
ഞങ്ങൾതൻ മുത്തച്ഛന്മാർ
ഞങ്ങളിൽ തുടങ്ങുന്നൂ
നാളെയും മററന്നാളും

കരളിൻ നാളം കത്തി
നീറിയ മെഴുകിൻെറ
തിരികൾ നൂറായിരം
ഉരുകിത്തീർന്നൂ നീളേ

നാൽക്കവലകൾ തോറും
ഞങ്ങളീ വരുംവഴി
നാട്ടിയ ദീപസ്തംഭ-
ശ്രേണികൾ കണ്ടോ പിന്നിൽ?

മരിച്ചിട്ടില്ലാ ഞങ്ങ-
ളിന്നോള, — മൊരുനാളും
മരിക്കി;ല്ലൊടുങ്ങാത്ത
സൃഷ്ടിശക്തികൾ ഞങ്ങൾ!

ആദിതൊട്ടിന്നോളവു-
മായിരം പരിണാമ-
രീതികൾ കടന്നെത്തും
ജീവൻെറ വികാസങ്ങൾ

ചങ്ങലത്തുടർപോലെ
കൊളുത്തിക്കൂട്ടിപ്പോന്ന
ചങ്കിലെ ഞരമ്പുകൾ
വിടർത്തും സംസ്കാരങ്ങൾ

ഞങ്ങളിൽ രൂപംകൊൾവൂ,
നിമിഷം തോറും കാലം
ഞങ്ങൾതൻ ഭാവപ്രാണ-
സ്പന്ദന സമാഹാരം!

കുററിയും കൊളുത്തുമായ്
വന്നു നിൽക്കുന്നോ പള്ളി-
മുററങ്ങൾതോറും നിങ്ങൾ
ഞങ്ങളെത്തളയ്ക്കുവാൻ?

കണ്ടതാണിന്നേവരെ ഞങ്ങ-
ളീ പ്രപഞ്ചത്തെ-
ക്കൊണ്ടു തുള്ളിക്കാൻ വന്ന
ചരടും മുടിക്കോലും!

ഞങ്ങൾ തൻ പ്രയാണത്തെ-
    ത്തടയാനാവില്ലാർക്കും,
ഞങ്ങളീ പ്രപഞ്ചത്തിൻ
    സർഗ്ഗശക്തികളത്രേ!

ഇനിയും വെളിച്ചത്തിൻ
    നിർമ്മാണശാലയ്ക്കുള്ളിൽ
ഇരുളിൻ പുകമഞ്ഞു-
    കൂരകളുയർത്തുവാൻ

നിങ്ങൾ നിൽക്കുന്നോ ദൂരെ?
    കാലത്തിൻ പ്രയാണത്തെ-
ച്ചങ്ങലക്കൊളുത്തിട്ടു
    നിർത്തുവാൻ ശുദ്ധാത്മാക്കൾ?

മാനവപ്രയത്നത്തിൻ
    ശക്തിയെ, ചൈതന്യത്തെ
മാനിക്കാൻ ശീലിക്കുമോ
    നിങ്ങളിത്തിരിനേരം?

## 'വൈക്കം കായലിൽ ഓളം തല്ലുമ്പോൾ'

അഭിമാനരോമാഞ്ചമണിയുന്നൂ നിങ്ങൾക്കെ
ന്നഭിവാദനങ്ങൾ ഞാൻ നൽകിടുമ്പോൾ.

നവയുഗസംസ്കാരജയശംഖമൂതുന്ന
കവികളേ, സാഹിത്യനായകരേ,

പതറാത്ത, തളരാത്ത കൈകളാൽ നാടിന്നു
പുതിയൊരു ജീവിതം നെയ്തെടുക്കാൻ

നിമിഷങ്ങളെക്കൊണ്ടു പാവിടും സംസ്കാര-
സമരസന്നദ്ധരേ, നാട്ടുകാരേ,

അഭിമാനരോമാഞ്ചമണിയുന്നൂ വീണ്ടുമെ-
ന്നഭിവാദനങ്ങൾ ഞാൻ നൽകിടുമ്പോൾ!

ഒരു പരിവർത്തനയാമത്തിൽ പദമൂന്നി-
പ്പരിതസ്ഥിതികളോടേററുമുട്ടി,

നിവരുമീ ലോകത്തിൻ കരളിൻെറ ചുണ്ടിൽ നി-
ന്നുയരുന്ന ഗാനമാണെൻെറ ഗാനം.!

പുതുമണ്ണിൻ മണമൂറും നാട്ടിൻപുറങ്ങളിൽ
പുളകത്തിൻ പൂങ്കുരുന്നിലകൾ പൂക്കെ,

കതിരുലഞ്ഞാടുന്ന നെൽവയലേലയിൽ
കളകേററും കർഷകപ്പെൺകൊടികൾ,

ഒരുമിച്ചു പാടുന്ന പാട്ടുക;ളവയിലെ-
ന്തൊരു മനോഹാരിതയായിരിക്കും!

അവയിൽ തുടിക്കുന്ന ജീവിതചൈതന്യ;-
മവയുടെ സർഗ്ഗപ്രവണതകൾ,

കതിരിടും കാവ്യപ്രചോദന,മായിരം
കവികളിൽ, ജീവിതഗായകരിൽ!

തലമുറയ്ക്കൊക്കെയും മരതകപ്പച്ചയി-
ട്ടലയടിച്ചൊഴുകുമാപ്പാട്ടുകളിൽ,

ചലനങ്ങൾ, ജീവിതസാമൂഹ്യസംസ്കാര-
ചലനങ്ങൾ, താളംപിടിച്ചിരുന്നു!

മിഴികളയയ്ക്കൂ, നടന്നു നാമെത്തിയ
വഴികളിലൊക്കെച്ചരിത്രകാരാ,

പലടത്തും പച്ചച്ച കടലാസുമൂടിയോ-
രിലമരക്കുന്നുകൾ കാൺമു നമ്മൾ!

അവയിൽ വസന്തങ്ങൾ പുഷ്പാർച്ചനയ്ക്കെത്തും,
അവയിൽ ശിശിരങ്ങൾ വെള്ളിപൂശും.

അവ ചരിത്രത്തിലെസ്സംഭവശ്രേണികൾ,
അവ കലാശില്പപ്രചോദനങ്ങൾ

അവ തീർത്ഥയാത്രാസ്ഥലങ്ങളാണിവിടത്തെ-
ക്കവികൾക്കും രാഷ്ട്രീയനായകർക്കും!

അവയുടെ നീലപ്പടർപ്പിലേക്കല്ല ഞാൻ
കവിത തിരയാൻ ക്ഷണിപ്പതിപ്പോൾ!

മുകളിലെ മാനത്തെക്കാർത്തികപ്പെണ്ണിൻെറ
മുകിൽമുലക്കച്ചയഴിച്ചു മാററാൻ,

ചിരതപശ്ചര്യതൻ കാവിപൂശി,ത്തരു-
ശിഖരങ്ങൾ നീട്ടും മലകളില്ലേ,

അവയുടെ താഴ്വാരപ്പുൽപ്പരപ്പിങ്കലേ-
ക്കടിവെച്ചിറങ്ങുവാൻ പോരു നിങ്ങൾ!

കലയുടെനിർമ്മാണനിമിഷങ്ങൾ നിങ്ങൾക്കാ
മലയടിവാരങ്ങൾ സൽക്കരിക്കും.

അവിടെ നിങ്ങൾക്കൊരു സംഗീതസാന്ദ്രമാ-
മനുഭൂതിയില്ലേ, കവിതയില്ലേ?

അരളിയും ചെത്തിയും മഞ്ഞമുക്കുററിയും
കരയിടും പച്ചപ്പടർപ്പുകളിൽ,

തളിർനീലവള്ളികൾ മുള്ളിലക്കാടുകൾ
വളകിലുക്കുന്ന വനക്കിളികൾ,

അവിടെയാ വള്ളിക്കുടിലിലെ മുള്ളുകൾ-
ക്കടിയിലൊഴുകുമരുവി കണ്ടോ?

ഒരു കൊച്ചു നീരൊഴുക്കാണെങ്കിലെ,ന്തതിൻ
ചിരി കേട്ടോ, പൊട്ടിച്ചിരികൾ കേട്ടോ?

നുരികളിൽ, ചുഴികളിൽ, കണ്ണീരിറക്കുമാ-
ച്ചെറുനീരുറവതൻ പാട്ടു കേട്ടോ?

പലതും സഹിച്ചും ഞെരുങ്ങിയും നൊന്തുമാ
ചലനം നിലയ്ക്കാത്ത ഗാനധാര—

അതിൽനിന്നുയരുന്ന നാദപ്രപഞ്ചത്തിൽ
പുതിയ രോമാഞ്ചങ്ങൾ കൂമ്പുകില്ലേ?

അവയെപ്പകർത്തുവാൻ തൂലികയേന്തുമോ
നവയുഗചൈതന്യഗായകരേ?

ഗിരിശിഖരത്തിലെച്ചപലശബ്ദങ്ങൾ തൻ
തിരകളിൽ നീന്തുവാൻ നിൽക്കരുതേ!

2

മലയാളഗ്രാമീണകർഷകകന്യമാർ
മധുരമായ് നെൽവയലേലകളിൽ

പതിവായിപ്പാടുന്ന പാട്ടുകൾക്കുള്ളിലു-
ണ്ടുരുകുന്ന, നീറുന്ന, വാസ്തവങ്ങൾ!

ഒരു പഴമ്പാട്ടിൻെറ ചുരുളൊന്നു നീർത്തുവാൻ
വരികയാണിന്നു ഞാൻ സ്നേഹിതരേ,

പഴയതാണിക്കഥ,നാട്ടുകാർ പാടുന്ന
പഴയൊരു പാട്ടിൻ പഴമ്പുരാണം!

കരിമാനമൊന്നു മുഖം കറുപ്പിക്കുകിൽ
കലിതുള്ളുമൊരു കായലിന്നരികിൽ,

ഒരു കുടിലുണ്ടായിരുന്നു പണ്ടൊന്നുര-
ണ്ടിരുളിൻെറ നിറമുള്ള ജീവികളും!

ഒരു പകലന്തി പടിഞ്ഞാറെരിഞ്ഞെരി
ഞ്ഞിരുളും പുകയും പരത്തിയപ്പോൾ

അലറുമാക്കായലിൻതീരത്തു വന്നു ര-
ണ്ടെരിയുന്ന കണ്ണുകൾ നിന്നിരുന്നു!

ഇരവിൽ മുഴുവനുമാ നയനങ്ങളാ-
ക്കരയിലലഞ്ഞുതിരിഞ്ഞിരുന്നു!

അകലത്തിൽ കായലിന്നലകൾ മുറിച്ചുകൊ-
ണ്ടവളുടെ മുക്കുവൻ പോയിരുന്നു.

ഒരു ചെറു തോണിയും വലയുമായ് ദൂരെയാ
തിരകൾ മറിയും ജലപ്പരപ്പിൽ

ഇരുനാഴിക്കഞ്ഞിക്കു വകനേടാനങ്ങനെ
ഇരുനാളുമുമ്പയാൾ പോയപോക്കിൽ

അലറുന്ന കായലിന്നലമാലയക്ഷിമാർ
അവളുടെ കാന്തൻെറ തോണി മുക്കി!

തലപൊക്കുമോളങ്ങൾ പങ്കായക്കോലിൻെറ
തലകൊണ്ടടിക്കുമടികളേൽക്കെ,

ഉരുളുന്ന പിടയുന്ന കായലിലാ വല-
ച്ചുരുളുമായ് തോണിയിലെത്തുവോനെ,

പതിവായി വന്നെത്തി മീൻകുട്ട താഴ്ത്തുമ്പോൾ
പകരമായുമ്മകൾ വാങ്ങുവോനെ,

അവളന്നു കണ്ടില്ല; വേദന തിന്നുതി-
ന്നവളുടെ ചിന്തകൾ നൊന്തുവിങ്ങി!

കരയിലൊരന്തിയിൽ നാലഞ്ചു നാൾ കഴി-
ഞ്ഞൊരു വീർത്ത നീലശ്ശവമടുത്തു!

അവളതു കാണുവാൻ പോയില്ല, മീനുക-
ളതു കാർന്നുകൊത്തിപ്പറിച്ചിരുന്നു!

അകലത്തിലെങ്ങാനുമന്തിമയങ്ങിയാ-
ലവൾ നിന്നു ഞെട്ടിപ്പകച്ചുപോകും

അലകളിളകിയാൽ, കാററൊന്നു വീശിയാൽ
അവൾ വിറച്ചോടിയകത്തുകേറും!

അവളുടെ കാന്തനെക്കൊന്നതക്കായലി-
ന്നലകളും സന്ധ്യയും കാററുമല്ലേ?

പിടയുന്ന വേദന, ജീവനിൽ പ്രാണനിൽ
പടരുന്ന നീററലിൽ വെന്തു നീറി

കുടിലിൻെറ തിണ്ണയിൽ വീണുപോ—യപ്പുറ-
ത്തിടിയും മഴയും തണുത്ത കാററും!

കുടിലിൻെറ ചുററിലും നിൽക്കുന്നു മുക്കുവ-
ക്കുടികളിലുള്ള മനുഷ്യസംഘം!

അവളിൽനിന്നന്നേരമന്തരീക്ഷത്തിലേ-
ക്കറിയാതെ പൊന്തി രണ്ടീരടികൾ:

"...വൈക്കം കായലിലോളം തല്ലുമ്പോൾ
ഓർക്കും ഞാനെൻെറ മാരനേ...."

പലരിലുമാ ഗാനമാഞ്ഞുപതി,ഞ്ഞതിൻ
ചലനങ്ങൾ വേദന വേർനടുമ്പോൾ,

അവൾ മുഴുമിച്ചിതാ ഗാന; —മനന്തമാ-
മവളുടെ വേദനിക്കുന്ന ഗാനം:

*"...വൈക്കം കായലിലോളം തല്ലുമ്പോ-
ളോർക്കും ഞാനെൻെറ മാരനേ!

മാരനേ വീരനേ...എൻെറ
അൻപുററ മണിമാരനേ

കാററുവന്നെൻെറ കതകിൽ തള്ളുമ്പോൾ
ഓർക്കും ഞാനെൻെറ മാരനേ

മാരനേ..........വീരനേ..........
............................................"

### 3

പനയോലത്താളിലെഴുതിയില്ലാരുമാ
നിനവിൻെറ നോവിക്കുമീരടികൾ

തലമുറതോറുമാ ശീലുകൾ നാടിൻെറ
തളരാത്ത നാവുകൾ പാടിപ്പാടി

പുലരുകയാണിന്നു, മന്തരീക്ഷത്തിന്നു
പുളകങ്ങൾ ചേർത്തുകൊണ്ടങ്ങുമിങ്ങും

കലയുടെ സംസ്കാരക്കലവറയ്ക്കുള്ളിലാ
കനകമണിച്ചെപ്പുകൾ നിങ്ങൾ കണ്ടോ?

അവയിലുണ്ടായിരം നീറുന്ന നോവുന്ന
കവിതകൾ, ജീവിതയാതനകൾ!

അവയിൽനിന്നൊക്കെ പ്രചോദനം നേടുവാൻ
അവയെ മാനിക്കുവാൻ പോരു നിങ്ങൾ!

പുകമഞ്ഞു മൂടിയ നാട്ടിൻപുറങ്ങളിൽ,
പുകയുന്ന കർഷകക്കൂരകളിൽ,

പുതിയൊരു കൊയ്ത്തിന്നായരിവാളു തേയ്ക്കുന്ന
പതിനേഴുകാരികൾ കൂട്ടമായി,

പിടയുന്ന ജീവിതനഗ്നസത്യങ്ങളിൽ
പടരുന്ന പാട്ടുകൾ പാടിടുമ്പോൾ,

*ഒരു പഴയ കഥ

ചെവികൊടുക്കില്ലേ? വിയർപ്പുവിളയുമാ-
ക്കവിതകൾക്കെൻ പ്രിയസ്നേഹിതരേ;

അവയുടെയാശയപ്പൂമരം പൂക്കുന്ന
നവയുഗമുഗ്ദ്ധവസന്തമെത്താൻ

പുതിയ പുല്ലാങ്കുഴലൂതുകയില്ലയോ
പുതിയ സംസ്കാരപ്രവാചകരേ?

*1951-ലെ സമസ്തകേരള സാഹിത്യ*
*സമ്മേളനത്തിൽ വ*
*2*

## നാഗസാക്കിയിലെ കുരിശ്

“മാനവസംസ്കാരത്തിൻ
പട്ടടക്കരിമ്പുക
മാറാലകെട്ടിപ്പൊങ്ങും,
മൂകഭീകരരംഗം,

ഭൂപടത്തിലെയൊരു
മൂലയിൽ, ശാസ്ത്രത്തിൻെറ
ശാപരേഖയെപ്പോലെ
മായാതെ കിടക്കുന്നു!

ലോകത്തിൻ ശവപ്പറ-
മ്പാണതു, വിരൽചൂണ്ടാ-
നാകുമോ നിങ്ങൾക്കൊന്നു
ഞെട്ടാതെ , വിറയ്ക്കാതെ?...

ഭൂപടം ചുരുൾ നീർത്തി
വെ,ച്ചതിൽ നയനങ്ങൾ
വ്യാപരിപ്പിച്ചുംകൊണ്ടെൻ
സ്നേഹിതൻ സംസാരിച്ചു! —

“...നീലനീർത്തേരട്ടകൾ
ചത്തുപൊങ്ങിയപോലെ
നീരലപ്പരപ്പിലീ
ജപ്പാൻെറ ചിത്രം നോക്കൂ!

നാടിനെ ഞടുക്കുമാ
കുത്തുപുള്ളികൾ കണ്ടോ,
‘നാഗസാക്കി’യും ‘ഹിരോ-
ഷിമ’യും ശ്മശാനങ്ങൾ......”

അകലെക്കാഷ്മീരിലെ
യുദ്ധരംഗത്തിൽ, വെടി-
പ്പുകയും മനുഷ്യൻെറ
പ്രാണനും പുകയുമ്പോൾ,

ഇരുളിൻ വിഷദ്രവ-
മൊലിക്കും മലങ്കാടി-
ന്നിടയിൽ ശിരസ്സുകൾ
തെറിക്കും യാമങ്ങളിൽ,

ജീവനാഡികൾ തമ്മിൽ
വലിഞ്ഞുപൊട്ടുംപോലെ
ജീവനിൽ ചുളുചുളെ-
ക്കുത്തുമോർമ്മകളോടെ,

മൃത്യുവിൻ വായിൽനിന്നും
മടക്കിക്കുത്തി,ത്തിരി-
ച്ചെത്തിയതാണദ്ദേഹം
പച്ചപ്രാണനുമായി!

സ്നേഹിതൻ സംസാരിച്ചു
ജീവനി,ലടങ്ങാത്ത
ദാഹവും കൊതിയുമായ്
വിടരും മിഴിയോടെ:

“ — കത്തുന്ന കണ്ണുംവച്ചു
പീരങ്കി നിൽക്കും യുദ്ധ-
ക്കത്തിരിപ്പൂട്ടിൽ പച്ച
മനുഷ്യൻ ചതയുമ്പോൾ,

എന്തുകൊണ്ടുയർന്നില്ല
നിങ്ങളീ മീട്ടും വീണാ-
തന്ത്രിയിൽ സ്നേഹത്തിൻെറ
ഗാനവീചികളൊന്നും? — ”

ഉത്തരം പറഞ്ഞില്ല
ഞാനൊന്നു, —മിടയ്ക്കൊരു
ചിത്രവാരിക നീർത്തി
സ്നേഹിതൻ വിരൽ ചൂണ്ടി.

കണ്ണുകൾ മറയുംപോൽ
തടിച്ച പുരികങ്ങൾ
ഒന്നാകെച്ചുളിച്ചുകൊ-
ണ്ടദ്ദേഹം സംസാരിച്ചു:

“ —മാനവസംസ്കാരത്തിൻ
പട്ടടക്കരിമ്പുക
മാറാലകെട്ടും നാഗ-
സാക്കിതൻ ചിത്രം നോക്കൂ!

ജീവിതം തമ്മിൽപ്പുണർ-
ന്നുമ്മവച്ചൊരുനാളിൽ
ഈ വരൾമണ്ണിൽപ്പടർ-
ന്നിരുന്നു പൂവും നീട്ടി!

മാനവസ്നേഹത്തിൻെറ
　　വീണാവാദന—മെത്ര
ഗാനശൈലികൾ പാകി-
　　ക്കാണണം നാടിൻ നെഞ്ചിൽ?

പാറണമത്രേ കൊടി-
　　ക്കൂറകൾ, കൈയിൽ ബോംബും
സൈറണുംകൊണ്ടെത്തുന്ന
　　സംഹാരശക്തിക്കെങ്ങും...."

പലതും വികാരങ്ങൾ
　　തങ്ങളിലടിച്ചടി-
ച്ചുലയും കരളിൻെറ
　　കത്തുമോർമ്മകളോടെ,

സ്നേഹിതൻ മനുഷ്യനെ
　　നായാടി വീഴ്ത്തും യുദ്ധ-
മോഹത്തിൻ ഭയാനക-
　　ചരിത്രം വിവരിച്ചു!

പുണ്ണുകെട്ടിയ ബുദ്ധി-
　　ശാലകൾ സൃഷ്ടിച്ചോരാ
കണ്ണുനീർ ചോരും ദീന-
　　സംഭവങ്ങളിലൂടെ,

എന്മനമിഴഞ്ഞുപോയ്, —
　　ഞാൻ തുടച്ചിട്ടും മാഞ്ഞീ-
ലെന്മിഴികളിൽനിന്നാ
　　പ്രേതഭൂമിതൻ ചിത്രം!

ചുമരിൽ, മേൽക്കൂരയിൽ,
　　പാതി ചപ്പിയ പുക-
ച്ചുരുളിൻകറപററി
　　നീറിയ വെൺമാടങ്ങൾ,

ജീവരാശികൾ വെന്തു-
　　വെന്തുവീണടുങ്ങിയ
ചാവറകളിലൊക്കെ-
　　ത്തകർന്ന കങ്കാളങ്ങൾ, —

ഗ്രാമനായകരുടെ
　　ഗാനങ്ങൾ വിഹരിച്ചോ-
രോമനപ്രകൃതിയി-
　　ലുൽക്കടനിശ്ശബ്ദത, —

സ്വച്ഛന്ദം കുരുവികൾ
കൂടുകൂട്ടിയ നാടിൻ
പച്ചിലത്തഴപ്പുകൾ
പണ്ടത്തെ സ്മരണകൾ,—

ചൂടള്ളിപ്പിടിക്കുമെൻ
ചിന്തകളേവം, ചാരം-
ചൂടിയൊരാ നാടിന്റെ
മേഖലകളിലെത്തി!

എത്ര ഞാൻ തുടച്ചിട്ടും
മാഞ്ഞീലെൻ സ്മരണയിൽ
ചിത്രവാരികയിലെ
നാഗസാക്കിതൻ ചിത്രം!

എന്റെ ചിന്തയെയാകെ
ഞെട്ടിക്കയാണാ ചിത്ര-
ത്തിന്റെ നീരവവികാ-
രങ്ങൾ തൻ തിരയടി!

കണ്ടു ഞാനതിലൊരു
മൂലയിൽ, വെടിപൊട്ടി
വിണ്ട മണ്ണിനോടെന്തോ
പറയാൻ ഭാവിക്കും പോൽ,
ആ വിജനതയുടെ
മൂകഭീകരമായ
ഭൂവി,ലിത്തിരി ചാഞ്ഞ
കുരിശിൻരൂപം ദൂരെ!

ആറിയില്ലവിടെങ്ങും
തീവെടിക്കതിനകൾ
കേറിയാടിയ മണ്ണിൽ
പട്ടടത്തീയും ചൂടും!

ആ കൊടുംവിനകൾക്കു
മൂകസാക്ഷിയായ് നില്ക്കു-
മാ കൊച്ചുകുരി,ശെന്റെ
ചിന്തയെ ഞെട്ടിക്കുന്നു!

മനുഷ്യൻ തമ്മിൽത്തമ്മി-
ലുമ്മവച്ചാശ്ലേഷിക്കാൻ,
മരണച്ചുടുകാട്ടിൽ
ജീവിതം തളിർപ്പിക്കാൻ

മതത്തിൻ താടിക്കാർതൻ
ഭരണച്ചെങ്കോൽ വാങ്ങി
മനുഷ്യസ്നേഹത്തിൻെറ
കൈകളിൽ സമ്മാനിക്കാൻ,

പണ്ടു പാലസ്തീൻഗ്രാമ-
മേഖലതോറും, പ്രേമ-
ത്തിൻെറ ഗാഥയുമായി-
ച്ചെന്ന ജീവിതശില്പി

ലോകത്തെ നോക്കി-
ച്ചോരപററിയ ചൊടികളാൽ
ഭാഗധേയത്തിൻ സൂക്ത-
മെവിടെക്കുറിച്ചുവോ,

ആ മരക്കുരിശതാ
കത്തുമോർമ്മയുമായി
ട്ടാ ശവപ്പറമ്പിൻെറ
മൂലയിൽ നില്പൂ മൂകം!

മുള്ളാണികളിൽ നിന്നൂ-
മിരുന്നൂറോളം നൂററാ-
ണ്ടുള്ളിലീ ലോകം ബോംബി-
ലെത്തിയ കഥയോർക്കെ,

ഞെട്ടുകയാവും കൈകൾ
ചക്രവാളത്തിൽ ചൂണ്ടി
കട്ടകെട്ടിയ പുക-
മഞ്ഞിലീ കുരിശുകൾ!

നാടിൻെറ കരൾക്കൂടു
വെന്തരിഞ്ഞെറിയുവാൻ
നാഗസാക്കിയിൽ വീണ
തീവെടിക്കതിനകൾ

മേലണിഞ്ഞിരുന്നുപോ,-
ലോരോരോ കുരിശുകൾ,*
ഈ ലോകസംഹാരത്തിൻ
'ട്രേയ്ഡ്മാർക്കുകൾ' പോലെ!

കത്തുന്ന കണ്ണും, കൈയിൽ
ചാട്ടവാറുമായ്, ദ്രോഹ-
ക്കുത്തകസ്സംസ്കാരത്തെ
തച്ചുതച്ചകററുവാൻ,

മാനവസ്നേഹത്തിൻെറ
ശാശ്വതസന്ദേശത്തിൻ
ഗാനവീചികൾ നെയ്ത
ത്യാഗത്തിൻ ചരിത്രങ്ങൾ,

നാടിനോർമ്മയിൽ നിന്നു
മായുംമുൻ, — പതിൻരൂപ-
ക്കൂടുമായ് വരുന്നെന്നോ
ലോകത്തിൻ കശാപ്പുകാർ?

നാഗസാക്കിയിലുള്ള
കുരിശിൻ നെടുവീർപ്പീ
നാടിനു നല്കും യുഗ-
ത്തിൻെറ സന്ദേശം കേട്ടോ:

"....ഈ വിശ്വപ്രകൃതിയെ
തീപിടിപ്പിക്കാൻ നിന്നു
വേവുന്ന വെടിമരു-
ന്നാലകൾക്കെതിരായി,

അവയെപ്പൊത്തിപ്പിടി-
ച്ചാഗോളയോഗക്ഷേമ-
നവനീതികളോതും
ശക്തികൾക്കെതിരായി,

പോവുക, നാടിൻ
വിലപ്പെട്ട സംസ്കാരത്തിൻെറ
ഭാവഗായകർ നിങ്ങൾ
ഭാവിതൻ വാഗ്ദാനങ്ങൾ."

## പശയുള്ള വരമ്പ്

നൂറു പാടങ്ങൾക്കു നീർകൊടുക്കും
ആറു മദിച്ചു കുതിച്ചൊഴുകി

രണ്ടു കരയ്ക്കും കുലച്ചു നില്പൂ
തണ്ടുകൾ ചാഞ്ഞുലഞ്ഞാററുവഞ്ചി.

കരിയിലക്കാററിൽ പറന്നപോലെ
കുരുവികൾ മാനത്തലഞ്ഞിടുമ്പോൾ

ചെറുചെറുതോണികൾ ചൂണ്ടലുമായ്
കരിമീനുകളെപ്പരതിടുമ്പോൾ

ചിറകുമുയർത്തിക്കഴുകനെപ്പോൽ
കരകളിൽച്ചീനവലകൾ നിൽക്കെ

ചുഴികളിൽ ചെഞ്ചായമിട്ടുകൊണ്ടാ
വഴി നടന്നെത്തും തുടുത്ത സന്ധ്യ!

വയലും നദിയുമായ് സല്ലപിക്കും
വഴിയിൽ വരമ്പിട്ട കർഷകരെ

പ്രണയസമാശ്ലേഷരോമഹർഷം
വ്രണിതമായ്ത്തീർന്നതിൽ കോപമോടേ

പുഴയും വയലും തെറി പറയും
പുകിലുകൾ കേൾക്കാമവിടെ നിന്നാൽ!

അകലെയാപ്പച്ചിലത്തോപ്പുകളിൽ
അവസാനചിത്രം വരച്ചുമായ്ക്കാൻ

നിണഞരമ്പോരോന്നെടുത്തു ചായ-
പ്പണിയിൽ മുഴുകാറുണ്ടന്തിയെന്നും!

കടലുപ്പുനീരിൽനിന്നാഞ്ഞടിക്കും
കരയിലെക്കാററിൻെറ തോളിലേറി

ഇരുളിൻെറ നീലക്കുതിരകൾ വ,-
ന്നവിടെയിറങ്ങാറുണ്ടെന്നുമെന്നും!

പുഴയുടെ വക്കിലെക്കൂരകളിൽ
പുകനൂലു പൊങ്ങും വിളക്കുകളാൽ,

കടലിലെജ്ജീവിതം പൂവിടാറു;-
ണ്ടുടനവ കാററു പറിച്ചെറിയും!

പുലയർതൻ കൂട്ടത്തിൽ പ്രായമേറും
പഴയ മുത്തശ്ശിമാർക്കോർമ്മകളിൽ,

അവരൊക്കെക്കുട്ടികളായകാല-
ത്തവിടെ നടന്ന കഥകൾ കാണും!

ആറു വയലുകൾ, കോളിളകി
കായലുപോലെ കിടന്ന നാളിൽ

ചെള്ളയിറക്കി വരമ്പു കുത്തി
നെല്ലു വിതച്ചു വിളവെടുക്കാൻ,

വന്നു പുലയർ പണിയെടുത്തോ-
രന്നത്തെ വീറിൻ കഥകൾ കാണും!

ആകെച്ചുരുങ്ങിച്ചുളിഞ്ഞ വായിൽ
ആടിത്തളരാത്ത നാവുകൊണ്ടേ,

ആയിരം വാവുകൾ കണ്ട കണ്ണിൽ
ആവി പുകയുന്ന ബാഷ്പവുമായ്

രക്തം തുളുമ്പും വികാരമോടേ
മുത്തശ്ശിമാരാക്കഥ പറയും!

വയലും നദിയുമായ് സല്ലപിക്കും
വഴിയിലാക്കാണും നടവരമ്പിൽ,

ഇരുവശം പൂക്കൈത പൂത്തു നിൽക്കും
കറുക പരന്ന നടവരമ്പിൽ,

ഒരു ശതാബ്ദത്തിന്നു മുമ്പൊരിക്കൽ
ഒരു നിണച്ചോല പതഞ്ഞുവററി!

ചെളിവരമ്പാദ്യം പടുത്തുയർത്താൻ
ചെറുമന്മാർ 'കട്ടയും തോലു'മിട്ടു.

അവരുടെ മെയ്ച്ചോരയുപ്പുനീരാ-
യവിടെയൊഴുക്കിച്ചിറയുയർത്തി.

അലറിയിരമ്പിവന്നാറ്റുവെള്ളം
അടിയൊഴുക്കിൻെറ വിരലുകളാൽ

ചിറ മാന്തിമാന്തിക്കലക്കി; വീണ്ടും
ചെറുമപ്പണിക്കാരണിനിരന്നു!

ചിറ പൊങ്ങി; വീണ്ടും നദി കലമ്പി
ചിറ പൊട്ടി, വെള്ളമലച്ചു കേറി!

വയലിലെ ഞാറുകൾ ചീഞ്ഞുപോയി
വരുതിയില്ലാത്തതാണീ പ്രവാഹം!

നിറനെൽവയലുമാ ജന്മിമാർതൻ
കരളിലെ സ്വപ്നവും മുങ്ങിമാഞ്ഞു!

മണലിൻെറ ചാക്കുകളട്ടിയിട്ടും
മരണത്തെപ്പുച്ഛരിച്ചു പാടുപെട്ടും

ചെറുമന്മാരാ വരമ്പൊന്നുയർത്താൻ
ഒരിടത്തു പൊട്ടിപ്പതഞ്ഞൊഴുകും,

അലറിച്ചിരിച്ചു കുതിച്ചൊഴുകും
മലവെള്ളപ്പാച്ചിൽ തടഞ്ഞു നിർത്താൻ

അവിടത്തെ സാഹസം കണ്ടു നിന്നോർ-
ക്കകമിടിഞ്ഞാകെ നിരാശയായി!

അകലത്തെയമ്പലച്ചുററിനുള്ളിൽ
അവിടത്തെ ജന്മിമാരൊത്തു ചേർന്നൂ

ഭഗവതിക്കായിരം നേർച്ച നേർന്നൂ
ഭഗവാനുമായിരം നേർച്ച നേർന്നൂ

വയലുകൾ മുങ്ങിക്കിടന്നുപോയാൽ
വഴിമുട്ടുമാ ഗ്രാമം പട്ടിണിയിൽ!

പുലയന്മാർ മാടനെസ്സേവയായീ
പുലമാടമൊക്കെക്കരച്ചിലായി.

ഒരു ദിനം ക്ഷേത്രത്തിലർദ്ധരാത്രി-
ക്കൊരു ശംഖനാദമുയർന്നു കേട്ടൂ!

'ഝിലുഝിലും' പള്ളിച്ചിലങ്ക തുള്ളി
വെളിപാടു കൊൾകയാ,ണെന്തിനാവോ!

ഒരു വെളിച്ചപ്പാടു തുള്ളിവന്നൂ
പരിചയവും വാളും ചിലമ്പുമായി!

അലറിയയാൾ നിന്നു വാളിളക്കീ
അരമണി ശബ്ദിച്ചു, ഘോഷമായി!

അരുളപ്പാടായീ ജനങ്ങളോടായ്,
അലറുന്ന ശബ്ദത്തിലുഗ്രമേവം:

"....ചിറയുറയ്ക്കേണമോ? വേണമെങ്കിൽ
നരബലി ചെയ്യേണമാ വരമ്പിൽ!

കുരുതികഴിക്കുക നിങ്ങൾ നാളെ,-
ച്ചെറുമനെ,റയെങ്കിലേ നീരടയൂ!

അവിടെയെൻ ഭൂതഗണങ്ങളുണ്ടി-
ന്നവർ പ്രസാദിച്ചാലേ നേരെയാവൂ..."

ഭയദമാമീ വാർത്ത സഞ്ചരിച്ചൂ
പലടത്തുമാ ഗ്രാമമൊന്നുപോലെ

പലരും വിറച്ചു നിലവിളിയായ്
പുലമാടമൊക്കെ മരിച്ചപോലായ്!

കൊലനിണമാലയുമായ് കിഴക്കൻ
ബലിമലച്ചോട്ടിൽ പുലരി വന്നൂ!

ഒരു വെളിച്ചപ്പാടു തുള്ളിവന്നൂ
പരിചയും വാളും ചിലമ്പുമായി!

കുടുമയും പൂണൂലുമുള്ളവർക്കാ
കുരുതിയിലെന്തോ രസം പിടിച്ചു.

"...ചിറയുറച്ചെങ്കിൽ കൃഷി നടത്താം...."
ചിലരോതി: "കാളി തുണച്ചു നമ്മെ...."

വെളിപാടുകൊണ്ടയാൾ വാളുമായി
പുലയക്കുടികളിലേക്കു ചെന്നൂ!

അലമുറപൊങ്ങീ കുടിലുകളിൽ
അതു വിലക്കാനെത്തി തമ്പുരാന്മാർ.

ഭഗവതി കല്പിച്ചു:(ഘോരമാണീ
ഭഗവതിമാരുടെ കല്പനകൾ)

"....ഒരു ഭക്തനായി ഞാൻ മാല നല്കും
വരണമയാളീച്ചെളിവരമ്പിൽ...."

പുലയയുവാവൊരാൾ പൂത്തു നിൽക്കും
പുലയക്കുടിലിൻെറ ശക്തിപോലെ,

ഒരു ചെത്തിമാല കഴുത്തിലിട്ടും
ഒരു വെള്ളിരേഖ മുഖത്തണിഞ്ഞും

വരികയാണങ്ങോട്ടു, മിന്നലുമായ്
ഒരു നീലമേഘം വരുന്നപോലെ!

വയൽവരമ്പത്തുനിന്നാർത്തുയർന്നു:
..ജയജയ കാളീ ജയിക്ക കാളീ...."

പുലയക്കുടികളിൽനിന്നുയർന്നൂ
മുളചീന്തിടും പോൽ നിലവിളികൾ

ഭഗവതിതൻ വാളുയർന്നു;...വീണ്ടും
ജയജയശബ്ദം മുഴങ്ങി വാനിൽ!

പുലയയുവാവിൻ കഴുത്തിലേക്കാ
കൊലവാൾ പതിച്ചു; നിലച്ചു ശബ്ദം!

ചുണയുള്ള ചോര, ചുടുന്ന ചോര
മണമുള്ള ചോര പതഞ്ഞു മണ്ണിൽ!

അകലെപ്പകലിൻെറ തീമഴയും
ഒരു മുകിൽക്കീറാൽ മറഞ്ഞിരുന്നൂ!

മണലിൻെറ ചാക്കുകളട്ടിയിട്ടു
മനുജപ്രയത്നം വരമ്പുയർത്തീ!

പുലയൻെറ പശയുള്ള ചോരകൂട്ടി
പുതിയ വരമ്പു നിവർന്നു നിന്നൂ!

നൂറു പാടങ്ങൾക്കു നീർകൊടുക്കും
ആറു മദിച്ചു കുതിച്ചൊഴുകി.

ആറെത്ര ചെന്നു കുലുക്കിയിട്ടും
ആടിയില്ലാ മണലൊന്നുപോലും!

(ആ വിഷാദാത്മകസംഭവത്തിൽ
ആളിപ്പടർന്ന മനോവികാരം,

ആളുകൾക്കുള്ളിലുണർത്തി വിട്ടോ-
രായിരം വിദ്യുത്തരംഗകങ്ങൾ,

നിർമ്മിച്ചൊരുന്മാദശക്തികൊണ്ടാ-
ണങ്ങനെ വേഗം വരമ്പുയർന്നൂ!

കാരണവന്മാർ പറയുമിന്നും:
"കാളി തുണച്ചു, വരമ്പുറച്ചു....")

പുഴയുടെ വക്കത്തു ഞങ്ങൾ ചെന്നാൽ
പഴയ വരമ്പത്തു ചെന്നുനിന്നാൽ

ചെറു, 'കൈതപ്പുട്ടിലി'ൽ മെയ്തിരുകും
ചെറുമിയമ്മൂമ്മതൻ പോക്കു കണ്ടാൽ,

ഒരു ചിറ കെട്ടുവാൻ ജീവിതത്തിൻ
കരളിലെച്ചോര കൊടുത്തവനെ,

കൃഷിമേഖലകൾക്കു ജീവരക്ഷ-
പ്പശയിട്ടൊരാദ്ധീരകർഷകനെ,

അഭിമാനപൂർവ്വം സ്മരിക്കുമാറു-
ണ്ടഭിവാദനങ്ങളോടെന്നുമെന്നും!

ഇവിടത്തെ വയലും വരമ്പുകളും
ഇവിടത്തെ കായ്കനിത്തോപ്പുകളും,

മുഴുവനീ കർഷകജീവരക്തം
ഇഴുകിപ്പിടിച്ചവയായിരിക്കും!

മണമുള്ള മണ്ണിൻെറ മാററു നോക്കാൻ
മലനാട്ടുമണ്ണിൻെറ സ്വാദു നോക്കാൻ

മിഴികളയയ്ക്കൂ നിണം തുളുമ്പും
പഴയ യുഗത്തിൻെറ വാൾമുനമ്പിൽ!

## പൂവുകളുടെ സംഗീതം

വന്നാലും വസന്തമേ
ജീവിതവസന്തമേ,
വന്നാലും വിരിയട്ടേ
പൂവുകൾ നീളേ!

നാളത്തെ ചരിത്രങ്ങൾ
നാടിൻെറ ചരിത്രങ്ങൾ
നാമൊത്തു രചിക്കുമാ
പൂവുകൾ നോക്കി!

താരകൾ മറയവേ ദൂരയാക്കിഴക്കിൻെറ
താമരക്കുളമൊന്നു ചിരിച്ചുപോയി.

പച്ചിലക്കാടുകളിൽ കൊച്ചലർച്ചെണ്ടുകെട്ടും
പിച്ചകച്ചെടികൾക്കു കുളിരുകോരി!

നീലവനക്കിളികൾ നീളേ വിരിഞ്ഞ നാടിൻ
ലോലരോമാഞ്ചത്തിൻെറ കവിത പാടി!

ഈ വിശ്വപ്രകൃതി തൻ സുന്ദരമിഴികളിൽ
ജീവിതമെവിടുന്നോ കരടെറിഞ്ഞൂ!

കണ്ണിമ ചിമ്മിച്ചിമ്മി കണ്ണുനീർ തുടച്ചുകൊ-
ണ്ടിന്നലെവരെയവൾ കരഞ്ഞുലഞ്ഞൂ!

കണ്ണുകൾ, പ്രകൃതിതൻ കണ്ണുകൾ, കലങ്ങിയ
കണ്ണുകൾ ചോരയുടെ നിറം ചുരത്തീ.

കാടുകൾതോറും കസവാടകൾ വിരിക്കുന്ന
കാലത്തിൻ മനോഹര ജ്വലൽപ്രഭാതം,

ചോടുകളാഞ്ഞു നീക്കി ചോരത്തുടിപ്പുകളും
ചൂടും പകർന്നു നീളേ ദിക്കുകൾ തോറും!

ഈ യുഗപ്പകർച്ചയിൽ നീളെയുണർന്നിരിപ്പൂ
മായികമന്ദഹാസകലകൾ നിങ്ങൾ!

ഉമ്മകൾ വിരിയുന്ന നിങ്ങൾതൻ കവിളുകൾ
പൊൻമലർച്ചുഴികളാം നുണക്കുഴികൾ.

നാളത്തെ വിടരുന്ന പൂവുകൾ നിങ്ങൾ, നല്ല
നാളത്തെ പ്രഭാതത്തെക്കിനാവുകാൺമൂ!

നീരണിമിഴികളിൽ നീലമഷിയെഴുതി
നീളവേ നെല്ലിപ്പൂക്കൾ വിരിഞ്ഞിടുമ്പോൾ,

ഓണവില്ലടിക്കുവാ,നോലപ്പന്തടിക്കുവാ-
നോരോരോ നിമിഷവും തുടിക്കും നാട്ടിൽ, —

പാതിരാപ്പൂവും ചൂടി കാതരമിഴി, തിരു-
വാതിര, നിലാത്തുകിൽ ഞെറിയുംനാളിൽ,

കാത്തുകാത്തിരുന്നോരാ കാൽച്ചിലമ്പൊലി കേട്ടു
രാത്രികൾ പുളകച്ചാർത്തണിയും നാട്ടിൽ, —

വെള്ളിപ്പൂ വിടർത്തിയ മുല്ലപ്പന്തലിൽ രാവിൽ,
വെള്ളരിക്കണിവയ്ക്കും വിഷുവിൻ നാട്ടിൽ, —

ഒന്നുചേർന്നണയുകീ മന്ദാരവനികയിൽ
സുന്ദരപ്രപഞ്ചത്തിൻ കിനാവുകളേ!

നിങ്ങൾതൻ കുരുന്നിളം കൈവിരൽ വേണം നാടിൻ
മംഗളമണിത്തിരി കൊളുത്തിനീട്ടാൻ,

നിങ്ങൾതൻ കുരുന്നിളം കൈവിരൽ വേണം നാടിൻ
കണ്ണിലെക്കരടുകൾ കളഞ്ഞെടുക്കാൻ!

പുണ്ണുകെട്ടിയ നാടിൻ സംസ്കാരശരീരത്തിൽ
എണ്ണയിട്ടെണ്ണയിട്ടും സുഖം വരുത്താൻ, —

ദാഹിക്കും ജീവിതത്തിന്നൂഷരതലങ്ങളിൽ
ദാഹനീർ പകരുവാൻ വരിക നിങ്ങൾ!

കാലത്തിൻ നീലനദി പാട്ടുപാടവേ, മലർ-
ക്കാലത്തിൻ പുളകങ്ങൾ വരുന്നു നിങ്ങൾ!

മായുകില്ലൊരിക്കലും നിങ്ങൾതൻ മനോഹര-
മാരിവില്ലൊളി നെയ്യും മധുരഹാസം!

നിങ്ങളെ സ്നേഹിപ്പു ഞാൻ നാളത്തെപ്പൂവുകളേ
നിങ്ങളെ, ചൈതന്യത്തിൻ കുരുന്നുകളേ!

നാളത്തെ പ്രഭാതത്തിൽ, നാടിൻെറ പ്രഭാതത്തിൽ
നാമൊത്തുചേരുകില്ലേ കഥ പറയാൻ?

ആയിരം കഥകളു,ണ്ടായിര, — മെൻെറ നാവിൽ
ഞാനവയശേഷവും പറഞ്ഞുകൊള്ളാം.

നിങ്ങൾ കേട്ടിരിക്കില്ല; മുത്തശ്ശി പറയില്ല
നിങ്ങൾക്കുമറിയില്ലെൻ കഥകളൊന്നും!

മൂക്കത്തു വാശിയുള്ള കൊച്ചുകുസൃതികളേ
കേൾക്കുവാൻ കൊതിയായോ ധിറുതിയായോ?

രക്തവും മണ്ണുംകൂടി കെട്ടിയുയർത്തിയോരാ
പുത്തനാം പ്രഭാതത്തിൻ മണിമകുടം,

കാണുക, ദൂരെ നിങ്ങൾ കാണുക, കൂരിരുളിൻ
കാറുകൾ മാറി വാനിൽ ചിരി പൊഴിവൂ!

നാടിൻെറ ചിരിയുടെ ഗാനങ്ങൾ പാടാമെങ്കിൽ,
ഓടപ്പുൽക്കുഴലുകൾ നാളെ ഞാൻ നൽകാം!

ജീവൻെറ നാദനാളരാഗങ്ങളുതിരുന്ന
ഭാവിതൻ പുല്ലാങ്കുഴൽ നാളെ ഞാൻ നൽകാം!

*കുട്ടികളുടെ*
*വിശേഷാൽപ്രതിക്കുവേണ്ടി എഴുതി*
*10-4-*

## മനുഷ്യനിലേക്ക്
(നിരണവൃത്തം)

തൊഴിൽശാലകളിൽ, പായ്ത്തറിയിൽ കയർ
പാവിടുവോരിൽ, വയലേലകളിൽ
മഴയിൽ വെയ്‌ലിൽ മുണ്ടകഞാറുകൾ
നട്ടുനനച്ചു വളർത്തുന്നവരിൽ,

മിഴികൾ തിരുമ്മിയുണർന്നു വിടർന്ന
കിനാവുകൾതോറും കാൺമൂ ഞങ്ങളൊ-
രഴകിൻ മുഗ്ദ്ധവസന്തവിലാസവു-
മുന്നതകലയുടെ മണിവീണകളും.

പൂമഴവില്ലുകളണിവൂ ഞങ്ങടെ ഭാവന,
ജീവിതമിഴിനീരാവികൾ
നീർമുകിലായിക്കാലം വീശിയ
കാററത്തവിടെക്കൂടുകയാലേ!

ഓമനനൃത്തം ചെയ്‌വൂ ഞങ്ങടെ
നിർമ്മാണാത്മകസങ്കല്പങ്ങളിൽ
മാമലനാടിൻ മണ്ണിൽ കനകം
വിളയിപ്പവരുടെ ജീവിതകഥകൾ!

ചുളിവുകൾ നെററിയിലൊക്കെ ചാലിടു-
മിതുപറയുമ്പോൾ ചിലരി, —ലവർക്കൊരു
കളിവീടായി മെരുങ്ങിയൊതുങ്ങി-
യിരുന്നൂ പണ്ടീ കലയുടെ ലോകം.

കളിയും ചിരിയും നീർക്കുഴിയിടലും
കുമിളകൾ പൊട്ടിക്കലുമായ്ക്കേരള-
നളിനപ്പൊയ്കയിൽ നീന്തീ പണ്ടവർ
കലയൊരു രാസവിലാസവുമായി!

അവർ വാദിക്കുകയാണിളവില്ലാ:-
"തിവിടെക്കലയുടെ കൂമ്പുകളെല്ലാ-
മവസാനിച്ചു, ചലനങ്ങളിലൂ-
ടവയുടെ ശാശ്വതസൗന്ദര്യവുമേ...."

കവിതകൾ, മാനവജീവിതഗാഥക-
ളനുഗാനം ചെയ്തുയരുകി, — ലെന്തി-
ന്നവരുടെ നെററികൾ ചുളിവൂ, ചലന-
പ്രതിചലനങ്ങളിരമ്പീടുമ്പോൾ?

ഒരുനാൾകൊണ്ട; — ല്ലരമനകളിലെ,
    മദാലസമാരുടെ മിഴികളിലൊക്കെ,
ക്കരിനീലക്കൂട്ടെഴുതിയ കൈരളി
    പച്ചമനുഷ്യരിലേക്കു വളർന്നു!

പരിസരശക്തികൾ മണ്ണിൽനിന്നൊ-
    രധൃഷ്യമനുഷ്യനെ വാർത്തുവളർത്തിയ
ചരിതം നോക്കൂ; കേരളകലയുടെ
    കാലടിവെയ്പുകൾ കാണാമവയിൽ!

രാജമരാളികൾപോലെ കലാകാരന്മാർ
    മുന്നം മൂവന്തികളിൽ
രാജാങ്കണമലർവാടികൾതോറും
    പൂന്തേനുണ്ടു നടന്നൊരു നാളിൽ

രാജസ്തുതികളുമവരുടെ ദേവ-
    പുരോഹിതകീർത്തനമാലയുമായി
ഭോജനശാലക്കവിതകൾകൊണ്ടു
    നിറഞ്ഞൂ കലയുടെ ഭണ്ഡാഗാരം!

ശ്ലോകം ചൊല്ലലുമർത്ഥം പറയലു-
    മായ് നാലമ്പലമൂലകൾ തോറും
പാകം തെററാതങ്ങനെ വീര-
    ശ്ശൃംഖലകൾക്കായ് കവിത രചിച്ചോർ

ലോകം കണ്ടി; — ല്ലവരുടെ ചുററും
    ജനകോടികളുടെ വേർപ്പിൽ ചോരയിൽ
നാകമനോഹരമൊരു നവജീവിത-
    മുയിരുൾക്കൊണ്ടു നിവർന്നു പുലർന്നൂ!

അന്നും നാട്ടിലെ വയലുകളിൽ കുളിർ-
    മഞ്ഞലപുൽകിയ കുഗ്രാമങ്ങളി,-
ലന്നും കർഷകബാലികമാരുടെ
    നാടൻപാട്ടുകളൊഴുകിയിരുന്നു.

ഒന്നിച്ചങ്ങനെ കരിയിലകൂട്ടി-
    ത്തീകാഞ്ഞവരുടെ ജീവിതഗാഥകൾ
ചെന്നുയിർതൂകിയിരുന്നൂ പുഞ്ചകൾ-
    കാത്തമരുന്ന മനുഷ്യരിലെല്ലാം.

യമകങ്ങളിലും പദസഞ്ചലനോ-
    ജ്ജ്വലതാളലയങ്ങളിലും, വളരും
കമനീയതയും സുന്ദരഭാവ-
    സ്ഫുരണാങ്കുരവും കണ്ടു മയങ്ങി.

അമരന്മാരുടെ സംസ്കൃതഭാഷയിൽ
　　മാത്രം കമ്പിക്കവിതരചിച്ചവ-
രമരും കലയുടെ കൊട്ടാരങ്ങളെ
　　നാട്ടാർ കണ്ടി; —ല്ലവരിങ്ങോട്ടും!

കുടുമ മുറുക്കിക്കെട്ടി പൂണൂലിഴകളി-
　　ലോമൽക്കൈവിരലോടി-
ച്ചടിമുടി പെണ്ണിൻ മുലയും മൂടും
　　കവിതയിലാക്കിയ പണ്ഡിതവർഗ്ഗം,

കിടുകിടയൊന്നു ഞടുങ്ങിയ കഥയു;
　　ണ്ടൊരു ചക്കാട്ടും വാണിയനവരെ
പടുവിഡ്ഢികളെന്നോതീ: "തലയിൽ
　　കാടുകളുള്ളവരത്രേ നിങ്ങൾ....."*

കേരളഭാഷയിലിന്നാദ്യത്തെ
　　സാമൂഹ്യോജ്ജ്വലവിപ്ലവനാളം
കേരളജനസംസ്കാരത്തിരിയിൽ
　　ചൂടുപകർന്നു മതിവരുവോളം.

ധാരണ മാറീ; മലയാളത്തിൽ
　　കവിതകളെഴുതാമെന്നായങ്ങനെ
കേരളനാടിനു കിട്ടീ തനതായ്
　　ശ്രീഭാരതവും രാമായണവും!

ദേവക്ഷേത്രമതിൽക്കെട്ടുകളിൽ
　　കൂത്തും പാഠകവും ചില നാടക-
ഭാവങ്ങളുമായ് കൈരളി കൊട്ടിയ
　　മ്ഴാവിന്നൊച്ചകൾ കേൾപ്പൂ നമ്മൾ

കേവഞ്ചികളുടെയമരത്തന്നും
　　കേരളഗാനമുയർന്നു; സർപ്പ-
ക്കാവുകൾ തോറും കുടവും തുടിയും
　　വീണയുമായിപ്പാട്ടുകൾ പൊങ്ങി!

അന്നൊരു സന്ധ്യയിലാളുകൾ തിങ്ങി
　　ഞെരുങ്ങിയിരുന്നോരമ്പലമുററ-
ത്തന്നുവരേക്കും കാണാത്തൊരു നവ-
　　നടനകലോത്സവമാരംഭിച്ചു.

ഉന്നതനാമൊരു യുവഗായകനെ
　　കണ്ടു കേരള, —മുജ്ജ്വലജീവൽ-
സ്പന്ദനമന്നു മുഴങ്ങീ നാട്ടിൽ,
　　പുതിയൊരു കലയുടെ രംഗവിധാനം!

*നമ്പൂതിരിമാരുടെ പാണ്ഡിത്യഗർവത്തേയും ദൈവദത്തമെന്നു വച്ചിട്ടുള്ള കോയ്മകളേയും ചൂണ്ട
എഴുത്തച്ഛൻ 'കാട്, കാട്' എന്നു പരിഹസിച്ചതായി കഥയുണ്ട്.

കോവിലകങ്ങളി,ലില്ലങ്ങളിൽ, വിടു-
വേലകൾ ചെയ്തു തളർന്നു മയങ്ങിയ
പാവപ്പെട്ടവർ മെല്ലെക്കണ്ണു-
തിരുമ്മിയുണർന്നു തിരക്കിയണഞ്ഞു!

ആ വിശ്വോത്തര ഗാനകലോത്സവ-
രംഗത്തവരുടെയായിരമായിര-
മാവിച്ചുരുളായുയരും പ്രശ്ന-
പരമ്പര നിന്നു മുഴങ്ങിയിരുന്നു.

മലയാളക്കരയുടനീളം മണി-
കൊട്ടിയുയർന്നുപടർന്നൂ തുള്ളൽ-
ക്കലയുടെ കൈമണി മദ്ദളമേളവു-
മുജ്ജ്വലഗാനലയങ്ങളുമൊപ്പം

പലനാൾകൊണ്ടു പുകഴ്ത്തിയടിത്തറ
പാകിയുയർത്തിയ ജന്മിത്വത്തിൻ
നിലയങ്കികളെയെടുത്തുകശക്കിയ
ധീരതയവയിലിരമ്പിയിരുന്നു!

പല പരിവർത്തനദശകളിലൂടെ
കാലമുരുണ്ടൂ വിതയും കൊയ്ത്തും
പലപലതവണ നടന്നൂ മാമല-
നാട്ടിലെ നെൽവയലേലകൾതോറും.

ചലനങ്ങളുടെ ചരിത്രത്താളുക-
ളെഴുതി മറിഞ്ഞൂ; കൊയ്യാനെത്തിയ
പുലരിയിലരിവാളുകൾ പെരുമാറിയ
കിങ്കിലമുജ്ജ്വലഗർജ്ജനമായി!

ആവഴിയൊക്കെ നടന്നടിനീങ്ങിയ
കാലങ്ങളിലാ, വില്ലടിയൊച്ചകൾ,
ഭാവനതോറും പുളകക്കൂമ്പുമുളയ്ക്കും
കഥകളികേളീനാദം,

പൂവനമേഖലതോറുമുണർന്നു കുണുങ്ങിയ
കാമുകരാഗവികസ്വര-
ഭാവനയൂതിയ മുരളീഗാന, —മിതൊക്കെ-
ക്കേൾപ്പൂ കേരളകലയിൽ!

ഉപ്പുവിയർപ്പു കുഴച്ചേ വിത്തു
വിതച്ചവർ, കൊയ്തവ,രൊരുനേരത്തെ
കുപ്പക്കഞ്ഞിക്കരിയില്ലാതെ
വിശന്നു തളർന്നു കരഞ്ഞ കരച്ചിൽ

ചപ്പും ചവറും തിന്നു വളർന്നോ-
രവരുടെ പിന്നാന്തലമുറയുജ്ജ്വല-
വിപ്ലവഗർജ്ജനമായ് കഥ മാററിയ
ശബ്ദം കേൾപ്പൂ കേരളകലയിൽ.

ജന്മിത്വത്തിൻ ചക്കു, കുഴിത്തറ,
ചക്രം മുതലായവയെപ്പററി-
ത്തമ്മിൽക്കവിത രചിച്ചവർ കണ്ടീ-
ലവയുടെ പിന്നിൽ മനുഷ്യനെയന്നും!

പിന്നെച്ചക്കുകൾ മില്ലുകളായീ, ചക്രം
യന്ത്രവുമായ്; നാണയ-
മുന്നതജീവിതകരുവാ, — യങ്ങനെ
നാട്ടിൽ വളർന്നൂ മുതലാളിത്തം!

അപ്പരിവർത്തന നീലവെളിച്ചം
പാതതെളിച്ചൂ കാവ്യകല;—യ്ക്കതി-
നൊപ്പം മഷിയും പേനയുമേറെ-
ച്ചെലവായ്, കടലാസെഴുതി മറിഞ്ഞൂ

അപ്പുകതുപ്പിയ മിൽക്കുഴൽ കണ്ടും
യന്ത്രപ്പാട്ടുകൾ കേട്ടും നിന്നവ-
രപ്പുറമൊന്നും കണ്ണോടിച്ചി;—ല്ലവിടെ-
യിറച്ചിച്ചാറു പുകഞ്ഞൂ!

പൊന്നോണത്തിൻ മലർമുററങ്ങളി-
ലോമൽപ്പൂവിളിയുയരും നാട്ടിൽ,
പൊന്നാതിരകൾ നിലാവുമുടുത്തു
തുടിച്ചു കുളിച്ചു മദിക്കും നാട്ടിൽ

ഒന്നോടൊന്നു മനുഷ്യപരമ്പര
നൊന്തു പിടഞ്ഞൂ; സമ്പച്ഛക്തികൾ
മുന്നോട്ടെത്തിച്ചെങ്കോലേന്തി-
ജ്ജീവിതശൈലി തിരുത്തിയ നാളിൽ!

'ആശാൻ'വന്നൂ; 'വള്ളത്തോളും'
'ജീ'യും 'ചങ്ങമ്പുഴ'യും-കാററുകൾ
വീശാനന്നു തുടങ്ങീ ചുററിലു-
മിടിമിന്നലുകളുയർന്നീടാനും!

ആശാമേചകമേഘലക്കീറുകൾ
വിണ്ണിൽ നിരന്നൂ; മണ്ണിൻ ശ്വാസോ-
ച്ഛ്വാസമുയർന്നൂ; പുതുമഴ ചാറീ,
പുൽക്കൂമ്പുകളുടെ മുളകൾ വിടർന്നൂ!

പുതിയ വിചാരവികാരപരമ്പര
വീശിയടിച്ച കൊടുംകാററലകളെ-
യെതിരിട്ടെത്തീ മർദ്ദകശക്തിക-
ളാഴിക്കക്കരെനിന്നീ നാട്ടിൽ!

അതിനെയെതിർത്തു കുതിച്ചൂ മർദ്ദിത-
കോടികൾ നീളേ; ജീവിതവിപ്ലവ-
കഥകളുയർന്നു; ബലിപീഠങ്ങളുയർന്നൂ;
മലനാടൊന്നു നിവർന്നൂ

യൂറോപ്പിന്റെ കിഴക്കൻ നാടിൻ
മൈതാനങ്ങളിൽനിന്നും, ചീനയിൽ
മാറാപ്പട്ടിണി തല്ലിയുടച്ചൊ-
രെലിമ്പിൻകൂടു തുടിച്ചതിൽനിന്നും

മാറിയ പരിതസ്ഥിതികളിലങ്ങനെ
കേരളമുയിരുൾക്കൊണ്ടു നിവർന്നൂ
നാറിയ ജീവിതപരിസരബന്ധ-
മിളക്കിപ്പുതിയൊരടിത്തറ പണിയാൻ!

അവയുടെ ശബ്ദം കേട്ടൂ കേരള-
കലയിലു; — മങ്ങനെ കതിരുകൾ വീശീ
നവമൊരു ജീവിതമോചനസംഗര
സന്ദേശത്തിൻ തളിർനാളങ്ങൾ!

ഇവിടെയുയർന്നൂ രക്തത്തിട്ടക,-
ളവയിൽ പടവാൾമുനകൾ മുക്കി
കവിത കുറിച്ചൂ, കഥകൾ രചിച്ചൂ
കവികൾ, കാഥികർ; ഗായകർ പാടീ!

'അന്തിക്കാ'ട്ടെ തെങ്ങിൻചിറകളിൽ
വയലാറിലെ മണൽമൈതാനങ്ങളി;-
ലെന്തി, ന്നിവിടെജ്ജീവിതബോധ-
മുണർന്നേടങ്ങളിൽനിന്നെല്ലാമേ,

പൊന്തീ പുതിയ കലാശൈലികളുടെ
പൊന്നീററപ്പുൽത്തണ്ടുക, ളെങ്ങും
ചിന്തിക്കുന്ന മനുഷ്യാത്മാവുകളവയുടെ
പാട്ടിൽ പുളകമണിഞ്ഞൂ!

തൊഴിൽശാലകളിൽ, പായ്ത്തറിയിൽ കയർ
പാവിടുവോരിൽ, വയലേലകളിൽ
മഴയിൽ വെയ്‌ലിൽ മുണ്ടകഞാറുകൾ
നട്ടുനനച്ചു വളർത്തുന്നവരിൽ,

മിഴികൾ തിരുമ്മിയുണർന്നു വിടർന്ന
കിനാവുകൾതോറും കാണ്മൂ ഞങ്ങളൊ-
രഴകിൻ മുഗ്ദ്ധവസന്തവിലാസവു-
മങ്ങനെ, കലയുടെ മണിവീണകളും!

19-10-1

## വിലങ്ങുകൾ

ഉടവാളുറ ചൂണ്ടി
നാടിൻെറ സംസ്കാരത്തിൻ
പുടവക്കുത്തിൽ പിടി-
ച്ചുലച്ചൂ രാജാക്കന്മാർ.

വിയർപ്പിൻ പശക്കൂട്ടു
ചാലിച്ചു ചേർത്തീ മണ്ണി-
ലുയർത്തീ ജനാവലി
തളിർക്കും സംസ്കാരങ്ങൾ!

തൊഴിലിൻ കൈപ്പാടുകൾ
കുങ്കുമക്കുറിയിട്ട
വഴിയിൽക്കൂടി കാലം
നിവർന്നുനീങ്ങും നാളിൽ,

വെട്ടിനേടിയ രാഷ്ട്ര-
ഭാഗങ്ങൾ, — ക്കതിർകോട്ട
കെട്ടുവാൻ രാജാക്കന്മാ-
രസ്ഥിത്തൂണുകൾ നാട്ടി.

കുതിരപ്പടയുടെ
കുളമ്പിൻ ശബ്ദം കേട്ടു
കതകും പൂട്ടിപ്പേടി-
ച്ചിരുന്നൂ ജനരാശി!

അമ്മ ശാസിച്ചൂ വീട്ടിൽ:
"പുറത്തേക്കിറങ്ങല്ലേ
പെൺമക്കൾ, രാജാവിൻെറ
പടമൂപ്പന്മാർ കാണും...."

പൈതങ്ങൾ വിറുങ്ങലി-
ച്ചിരുന്നൂ: "ചാക്കിൽക്കെട്ടി
പാതിരായ്ക്കെങ്ങാനവർ
കായലിൽ മുക്കിക്കൊല്ലും...."

ഭാര്യ വീർപ്പിട്ടു: "മീശ-
ക്കൊമ്പന്മാർ നടക്കുന്നൂ
കാര്യവും വിവേകവു-
മില്ലാത്ത രാജാക്കന്മാർ..."

നാട്ടുകാരുടെ നാവും
പ്രാണനാളവും വീണു
നാട്ടിലെക്കൈത്തോടുകൾ
ചോരയാറുകളായി.

നാട്ടുകാരുടെയന്ത്യ-
ശ്വാസധാരകൾ തീർത്തൂ
കാട്ടാറിൻ നെഞ്ചിൽക്കൂടി
ചുഴിയും മലരിയും!

ഗ്രാമമോഹനശാന്ത-
ഗാനമേഖലതോറും
തീമഴ പെയ്തൂ നീളെ
കൈവാളിൻ 'ഝുളിൻഝുളിൻ'.....

ഉടവാളുകൾ വീശി-
യങ്ങനെ സംസ്കാരത്തിൻ
പുടവക്കുത്തിൽപ്പിടി-
ച്ചുലച്ചൂ രാജാക്കന്മാർ!

രാജവംശത്തിൻ നീണ്ട
ജാതകക്കുറിപ്പുകൾ
രാജ്യത്തെ ചരിത്രമായ്
കാലഘട്ടങ്ങൾ മാറി!

ആലകൾ കൊല്ലന്മാർത-
ന്നാലകൾതോറും നീളെ
വാളു രാകിയ ശബ്ദം
വായ്ത്താരി മുഴക്കവേ,

ഒരു കൊച്ചിരുമ്പിന്റെ
കഷണം, തീയിൽക്കിട-
ന്നെരിഞ്ഞു പഴുക്കുന്ന-
തന്നാരും ശ്രദ്ധിച്ചില്ല!

കുടിലാ, ലുലയുടെ
വായിൽനിന്നതു തോണ്ടി-
പ്പൊടിമണ്ണിലേക്കിട്ടൊ-
രാക്കൊല്ലപ്പണിക്കാരൻ,

രണ്ടു രാപ്പകൽ തല്ലി
വളച്ചിട്ടാണാക്കൊച്ചു-
തുണ്ടൊരു കൈത്താഴുള്ള
വിലങ്ങായതുതന്നെ!

രാജാവിൻ തിരുമുമ്പിൽ
കാണിക്കവച്ചൂ കൊല്ലൻ,
രാകിയും മിനുക്കിയു-
മാദ്യത്തെ കൈച്ചങ്ങല!

ആരുമന്നറിഞ്ഞില്ല,
നിർമ്മാണോജ്ജ്വലധീര-
ധീരമാം നാടിൻ പ്രാണ-
സ്പന്ദനങ്ങളിൽവരെ!

കൈയെത്തിപ്പിടിച്ചതു
ഞെരിച്ചു തകർക്കുമെ;-
ന്നീയെൻെറ നാവിൽ പൊങ്ങും
ശബ്ദവീചിയിൽവരെ!

അന്നത്തെ രാജാവിൻെറ
പിൻതലമുറ പിന്നെ-
പ്പിന്നെയീ വിലങ്ങുകൾ
തീർപ്പിച്ചു കൂട്ടിക്കൂട്ടി,

ശ്വാസധാരയെവരെ
കെട്ടിയിട്ടീലേ, നാടിൻ
ഭാസുരയുഗങ്ങൾ തൻ
നാമ്പുകൾ നുള്ളാനായി?

ഇന്നതിൻ ഞെട്ടിക്കുന്ന
കിലുക്കം കേൾക്കാതേതു
'പുന്നാഗവരാളി' യു-
ണ്ടെൻ നാടിൻ നാവിൻതുമ്പിൽ?

ശാസ്ത്രകാരൻതൻ തല-
ച്ചോറിലും സംസ്കാരത്തിൻ
പൂത്തറയിലും നീളെ
വിലങ്ങു കിലുങ്ങുന്നു!

ഉയരും രാഷ്ട്രത്തിൻെറ
നെഞ്ചിൻകൂടുകൾവരി-
ഞ്ഞലറിച്ചിരിക്കുന്ന
വിലങ്ങിൻനൃത്തം നോക്കൂ!

ആയിരം കൈത്തോക്കുകൾ,
അണുബോംബുകൾവരെ-
യാ വിലങ്ങുകളുടെ
പാളയങ്ങളിൽ കാണും!

ആ വിലങ്ങുകൾ തട്ടി-
ത്തകർക്കാ,—നവയ്ക്കൊക്കെ-
ച്ചാവറയൊരുക്കുവാൻ
പട നീങ്ങുക നമ്മൾ.

സ്പന്ദിക്കും നാടിൻ കരൾ-
ക്കൂടുകളുടെ, യൈക്യ-
മുന്നണിയുയർത്തുക;
ജീവിതം പുഷ്പിക്കട്ടേ!

## എന്റെ ശില്പം

മണ്ണിൽനിന്നിതാ വാർത്തെടുക്കുന്നു
മന്നിടത്തിന്റെ സർഗ്ഗശില്പം ഞാൻ

കൽപനതൻ കളിത്തേരുരുട്ടി
സ്വപ്നവീഥിയിൽ സഞ്ചരിപ്പോരേ,

നീലവാനിൻ മിഴികളിൽ നോക്കി
തൂലികകൾ ചലിപ്പിക്കുവോരേ,

ഭാവനയെ തെറുത്തു ചുരുട്ടി
ചാവറകളിൽ സഞ്ചരിപ്പോരേ

മണ്ണുമായുള്ള ബന്ധം വിടർത്താൻ
വിണ്ണിലേക്കു കുതികൊള്ളുവോരേ,

മുക്തിസാധനോപാസകന്മാരായ്
യുക്തിയെക്കടിഞ്ഞാണിടുന്നോരേ,

നിങ്ങൾകണ്ടോ, പശയുള്ള മണ്ണിൽ-
നിന്നു ഞാൻ വാർത്തെടുത്തൊരീ ശിൽപം?

സ്വപ്രതിഭയാലിപ്രപഞ്ചത്തിൻ
സ്വപ്നവാടിയെ ചെണ്ടണിയിച്ചും,

തന്നധൃഷ്യമാം ശക്തിയാൽ വിശ്വ-
സ്പന്ദനങ്ങൾ സ്വയം നിയന്ത്രിച്ചും,

ധീരമായി ചരിത്രം പുലർത്തും
ധാരണകൾ തിരുത്തിക്കുറിച്ചും,

ഗോളഗോളാന്തരങ്ങളെപ്പോലും
കാലടിക്കീഴിലാക്കാൻ ശ്രമിച്ചും,

ഇപ്രപഞ്ചത്തെ രൂപപ്പെടുത്തും
ശില്പിയാണെന്റെ സൃഷ്ടിസങ്കേതം!

നിങ്ങൾ നോക്കൂ പശയുള്ള മണ്ണിൽ-
നിന്നു ഞാൻ വാർത്തെടുത്തൊരീ ശിൽപം!

വിപ്ലവത്തിൻ സനാതനസത്യം
വിശ്വമാകെ വിളംബരംചെയ്യാൻ,

സൗഹൃദത്തിന്റെ നന്ദനോദ്യാനം,
സൗരവീഥിയിൽപ്പോലും വിടർത്താൻ,

ജീവിതപ്രേമഗാനസന്ദേശം
ഭാവിതൻ ചുണ്ടിൽ മായാതെ നിർത്താൻ,

നൂറുനൂറു യുഗങ്ങളിൽക്കൂടി
കേറിവന്ന മനുഷ്യന്റെ രൂപം!

പച്ചമണ്ണിൽ, — പുരുഷാന്തരങ്ങൾ
പിച്ചവച്ചു വളർന്നൊരീ മണ്ണിൽ,

ഞാനിതാ വാർത്തുയർത്തുകയാണീ
ഗാനസാന്ദ്രമാം ജീവിതശില്പം!

നിങ്ങളെന്തേ മുഖം ചുളിക്കുന്നൂ
നിങ്ങൾ, കല്പനാവൈമാനികന്മാർ?

കണ്ടതില്ലല്ലി, നിങ്ങളിന്നോളം
കണ്ണുവെച്ചോരാ 'ശാശ്വതമൂല്യം?'

മണ്ണിനേയും പരിസരത്തേയും
മർത്ത്യനേയും വകഞ്ഞുതള്ളുമ്പോൾ

കാണുമാറാകുമൊന്നുമില്ലായ്മയ്-
ക്കാണു, ററ നിങ്ങൾതൻ ശാശ്വതമൂല്യം!

പിൻതിരിഞ്ഞോളു നിങ്ങൾ, മനുഷ്യൻ
ചിന്ത നെയ്യും സ്ഥിലികളിൽനിന്നും,

ജീവിതവുമായ് താളപ്പെടുന്ന
ഭാവനതൻ വഴിച്ചാലിൽനിന്നും

ഈ യുഗത്തിൻ പ്രകാശം പരത്തും
മായുകില്ലാത്ത മൽകലാശില്പം

നിന്നു നോക്കിപ്പരിഹസിക്കുന്നോ
നിങ്ങൾ നാലഞ്ചു വിഡ്ഢികൾ ദൂരെ!

നാടുണർത്തും വെളിച്ചം വരുമ്പോൾ
നാലു ദിക്കും മിഴി വിടർത്തുമ്പോൾ,

നീലനാരുകൾ കീറുന്നു നിങ്ങൾ
നീളെ രാവിൻ മുഖംമൂടി നെയ്യാൻ.

രണ്ടു നാൾകൊണ്ടു കാററിന്റെ കൈയിൽ
തെണ്ടുവാനുള്ളതല്ലെന്റെ ശിൽപം,

ഈ യുഗത്തിന്നമൂല്യമാം പ്രാണ-
വായു, വുൾക്കൊൾവതാണെന്റെ ശില്പം.

ഞാനുയർത്തുമീ ശില്പത്തെ, നാടിൻ
പ്രാണഹർഷങ്ങളേററുവാങ്ങുമ്പോൾ,

നീലരാവിനും ചന്ദനം ചാർത്താൻ
നീളെ ഞാനെന്റെ കൈയുയർത്തുമ്പോൾ

കാഴ്ചവെയ്ക്കുന്നു കാലമെൻ മുന്നിൽ
പൂത്തളികയും പുല്ലാങ്കുഴലും!

## പ്രേമം പുഷ്പിക്കണമെങ്കിൽ

ധീരതേ, നിനക്കൊരു
ചെത്തിമാലയുമായി
മാറിനില്ക്കുന്നൂ ഞാനീ
മോചനരണഭൂവിൽ!

ഇരുളിൻ കൂടാരത്തിൽ
ചന്ദ്രിക ചായം ചാർത്തു-
മിരവിൽ, തീകോരുന്ന
കണ്ണുകൾ ചിമ്മിച്ചിമ്മി,

ചോരത്തുള്ളികൾപോലെ
മിന്നുന്നൂ മിനുങ്ങുന്നൂ
താരകൾ, നീലാകാശ-
ഹൃദയത്തുടിപ്പുകൾ!

മഞ്ഞിൽ മുങ്ങിയൊരീറൻ
ചേലയും ചുററി, സ്വപ്നം
നെഞ്ഞു നീററിയപോലെ
മൂകമെൻ പരിസരം.

ഈ നിശ്ശബ്ദതയുടെ
ഹൃദയത്തിലും കേൾപ്പൂ
തൂനിലാവൊലിക്കുന്ന
നേരിയ രാഗാലാപം!

എന്നരികത്തീക്കൊച്ചു-
പൊയ്കയിൽ മിഴികൂമ്പി
നിന്നിരുന്നവയാണീ-
യാമ്പൽപ്പൂവിതളുകൾ

കേൾപ്പു ഞാനെങ്ങും പ്രേമ-
ത്തിൻെറ സംഗീതം, —കാലം
കാല്പെരുമാററങ്ങളി-
ലേററുപാടുന്നൂ നീളെ!

ധീരതേ, നിനക്കൊരു
ചെത്തിമാലയുമായി
മാറിനില്ക്കുന്നൂ ഞാനീ
മോചനരണഭൂവിൽ.

ഈ ബലിത്തറയുടെ-
    യരികിൽ കത്തും രക്ത-
ദീപികയിതേവരെ-
    ക്കെട്ടില്ല കെടുകില്ല!

എന്റെ നാട്ടുകാരെന്നും
    സ്നേഹധാരകൾ നല്കി-
ക്കൊണ്ടുയർത്തിയ ചോര-
    ച്ചെണ്ടാണീ ജ്വാലാനാളം!

എൻപ്രിയ, ഞാൻ നീട്ടുന്നി-
    തോർമ്മതൻ നാളം വീണ്ടു;-
മെന്നിലെ വാടാവിള-
    ക്കണയില്ലൊരുനാളും!

മാഞ്ഞുപോവുകയില്ലെൻ
    ജീവിതത്തിലീ കൊച്ചു-
കാഞ്ഞിരമരത്തിന്റെ
    തണലും തെങ്ങിൻതോപ്പും.

രണ്ടുവർഷങ്ങൾ മുൻപൊ-
    രിരുണ്ട സന്ധ്യയ്ക്കാണു
കണ്ടു നാം പിരിഞ്ഞു;താ
    സന്ധ്യ ഞാൻ മറക്കില്ല!

ജ്വാല,യാക്കരൾ ചുടും
    ജ്വാല,യെൻ ഹൃദയാന്തർ-
ന്നാളത്തെപ്പുകക്കുഴ-
    ലാക്കി മാററിയതല്ലേ?

വേദന വിതുമ്പുമാ
    സന്ധ്യതന്നധീരമാം
ചേതനയുടെ ചുണ്ടിൽ
    വിരിയും കതിർമാലി,

വാനിലെച്ചേർപ്പാടത്തെ-
    ച്ചെമ്മണൽവരമ്പിൽവ,-
ച്ചാനനമുയർത്തിയൊ-
    ന്നുമ്മവയ്ക്കവേ ദൂരെ,

എൻകവിൾപ്പൂവിൽ ചുംബി-
    ച്ചങ്ങോതീ: "മനുഷ്യന്റെ
സംഗരശബ്ദം നിർമ്മാ-
    ണോജ്ജ്വലം കേൾപ്പൂ ദൂരെ!

എന്നാത്മസഖാക്കളോ-
    ടൊത്തു ഞാൻ പോട്ടേ, വീണ്ടും
വന്നെത്താൻ, വിജയത്തിൻ
    രോമഹർഷവുമായി!

ജീവിതമന്നേ കായ്കൾ
  ചൂടുകയുള്ളൂ; പ്രേമ-
ഭാവനയന്നേ പൂത്ത
  കതിർ നീട്ടുകയുള്ളൂ!

കാത്തിരിക്കുകയില്ലേ
  തങ്ക; —മീക്കവിളത്തു
പൂത്തിരി, —ചെമ്പൂത്തിരി, —
  കൊളുത്തും ചിരിയുമായ്?..."

തങ്ങളിലുടക്കിയ
  കണ്ണുകൾ പറിച്ചുംകൊ-
ണ്ടങ്ങനെ നടന്നങ്ങോ-
  ട്ടകലുന്നതും നോക്കി,

നിന്നു ഞാൻ; ഹൃദയത്തി-
  ലഭിമാനവും, ഹർഷ-
സ്പന്ദനങ്ങളും ശോക-
  ജ്ജ്വാലയും നിഴലിക്കെ!

കണ്ടില്ല വീണ്ടും നമ്മൾ,
  കാത്തിരുന്നൂ ഞാ; —നെന്റെ
ചുണ്ടിലെ മുല്ലപ്പൂക്ക-
  ളിറുത്തില്ലാരും പിന്നെ!

എൻ പ്രിയകാന്തൻ നാടിൻ
  ധീരമാം വിമോചന-
മുൻപന്തിപ്പടയിലെ
  രക്തസാക്ഷിയായ്ത്തീർന്നു!

ജീവിതം പുലർത്തുന്ന
  ചൈതന്യത്തിനായ് സ്വന്തം
ജീവന്റെ തിരികൂടി-
  ക്കൊളുത്തീ മമ കാന്തൻ!

എൻപ്രിയകാന്തൻ, പ്രേമം
  പുഷ്പിക്കും വസന്തത്തിൻ
പൊന്മലർക്കാവിൽക്കണ്ട
  സ്വപ്നങ്ങൾ പുലർന്നില്ല!

ഈ മണൽത്തരികളി-
  ലെന്നോമൽപ്രേമോദാര-
ത്തുമലർ മണിച്ചെപ്പാ-
  മക്കരൾ പിളർന്നപ്പോൾ,

തെറിച്ച ചെഞ്ചോരക,-
ളെന്റെ ജീവിതത്തിന്മേൽ
തെറിച്ചി; —ല്ലതിനാലീ
മണ്ണിനെ മുത്തുന്നു ഞാൻ!

എന്നെയോർത്തൊടുക്കമാ
കണ്ണുകൾ വിടർന്നിട്ടു;-
ണ്ടെന്നെയോർത്താ ചുണ്ടുകൾ
വിറപൂണ്ടിരിക്കണം.

ദാഹിച്ചുദാഹിച്ചാത്മാ-
വിററുനീരിന്നായ് മാത്രം
സാഹസപ്പെട്ടിട്ടുണ്ടാ-
മന്തിമമുഹൂർത്തത്തിൽ!

വയ്യെനിക്കോർമ്മിക്കുവാൻ;
തോട്ടുവക്കത്തീ,യില-
ക്കൈയുകളാട്ടും നീല-
ച്ചെടികൾ പൂ നീട്ടുന്നു!

ഈയോരോ വിടരുന്ന
കൺകദളിപ്പൂമൊട്ടും
ആ യോദ്ധാവെനിക്കായി
സൂക്ഷിച്ച രോമാഞ്ചങ്ങൾ!

നാഥ, നിൻ ജഡമുണ്ടീ
ബലിപീഠത്തിന്നുള്ളിൽ
നാദകാരിയാം രാഗ-
ഹൃദയസ്പന്ദങ്ങളും.

എന്നെയേൾപ്പിക്കാനങ്ങീ
കാട്ടുപൈങ്കിളികളോ-
ടന്നു പാടിയ വിശ്വ-
പ്രേമഗാനം ഞാൻ കേൾപ്പൂ!

അവയിൽ മുഴങ്ങുന്ന
ജീവിതസർഗ്ഗാഹ്വാനം;
അവ നല്കിയ ധീര-
മോചനസന്ദേശങ്ങൾ,

കേൾക്കുന്നു ഞാനെൻ ചുററും:
മുണ്ടകപ്പാടങ്ങളിൽ
തേക്കുപാട്ടുകൾ പാടും
കർഷക യോദ്ധാക്കളിൽ!

ദൂരെനിന്നണയാറു-
ണ്ടാ ഗ്രാമഗാനം നീളെ
നേരിയ നിലാവല-
ച്ചാലു കീറിയ വാനിൽ.

അരിവാളുകളുടെ
കിങ്കിലങ്ങളിലൂടെ
അവർ പാടുന്നൂ ഗ്രാമ
സൗന്ദര്യം കൊയ്യാനായി!

അക്കൊയ്ത്തിന്നെനിക്കെൻെറ
കൊച്ചരിവാളുംകൊണ്ടു
നില്ക്കണം ചുണ്ടിൽ തവ
ഗാനധാരയുമായി!

ധീരതേ, ഞാനീ രോമാ-
ഞ്ചങ്ങൾതൻ നടുക്കുനി-
ന്നീ രക്തഹാരം ചാർത്തി
നിൻ ബലികുടീരത്തിൽ!

വസന്തം വന്നെത്തുന്നൂ
ജീവിതത്തിലെ വൃന്ദാ-
വനിയിൽ, പ്രേമത്തിൻെറ
കൂമ്പുകൾ, പുഷ്പിക്കട്ടേ!

3-3

# പൊട്ടിയൊഴുകിയ വ്രണം

എഴുതിയുണങ്ങാൻ ചുമരിൽ തൂക്കിയ
മുഴുമിക്കാത്തൊരു ചിത്രത്തിൽ,

കടലിന്നക്കരെയന്തി പതുക്കെ
തുടുചായപ്പണി ചെയ്യുമ്പോൾ,

ഞങ്ങളിരുന്നൂ കടലോര; —ത്തിരുൾ
തിങ്ങിയ നിഴലുകൾ നീളുമ്പോൾ

കരളിൽ വന്നു കുടിക്കുകയാ; —ണല
കടലിൻ ശ്വാസോച്ഛ്വാസങ്ങൾ!

അപ്പുറമാഴിയിലുയരെക്കാണ്മൂ
കപ്പൽക്കൊടിമരസംഘങ്ങൾ,

തടവുവിലങ്ങുകൾപോൽ നങ്കൂര-
ത്തുടലു കിലുക്കി കപ്പലുകൾ!

ചുമലിൽ ചാക്കു ചുമന്നു മറിക്കാൻ
ചുമടുകൾ താങ്ങും കൂലിക്കാർ,

അവിടെപ്പാടും പാട്ടുകൾ; —അവയുടെ
കവിതയൊലിക്കും കടലോരം.

മഞ്ഞയിളംവെയിൽ മൂടിയിരുന്നൂ
ഞങ്ങളിരിക്കും കടലോരം.

തിരകൾ ചുമന്നു വലിച്ചുകയററിയ
പിരിശംഖുകളുടെ കടലോരം!

മാറാപ്പുകളും തോളിൽത്തൂക്കി
കീറിയ നാററിയ തുണികളുമായ്,

അതുവഴി വന്നു കടന്നൂ നാല-
ഞ്ചഭയാർത്ഥികളുടെ കോലങ്ങൾ!

ചെഞ്ചിട കെട്ടിയ മുടികൾ, വെള്ളി-
പ്പുഞ്ചിരിവററിയ വദനങ്ങൾ!

കരളിൽ നീറിപ്പടരും ശോക-
സ്മരണകൾ തിയുലയൂതുമ്പോൾ,

ചുളിവുകൾ ചാലിടുമാ വദനങ്ങളി-
ലൊളിമങ്ങാറുണ്ടനുനിമിഷം!

നെഞ്ചിൽ മതത്തിൻ കൈവിഷമുള്ളവർ
മുഞ്ഞി കറുത്തു മുടിഞ്ഞപ്പോൾ, —

ഉത്തരഭാരതമാനവനീതികൾ,
രക്തപ്പുഴകളിൽ വീണപ്പോൾ, —

ജീവിതഭദ്രത തീപ്പന്തങ്ങളി-
ലാവിച്ചുരുളുകളായപ്പോൾ, —

മാരകമാക്കൊലവലയങ്ങളിൽനി-
ന്നൂരിച്ചാടിയ തലമുറകൾ,

അതുവഴി വന്നു ലഹളക്കാരുടെ
ചിതയിൽ കത്തിയ പന്തങ്ങൾ!

സ്നേഹിതനോതീ: "രാജ്യത്തീ വിഷ-
വാഹിനിയൊഴുകരുതൊരുനാളും!

ചോരപ്പുഴകളിലന്തിത്തർപ്പണ
ചാരുത കാണും മതബോധം..."

ശിഖയും പൂണൂൽച്ചുററും തററും
ശിവശിവ നാമജപങ്ങളുമായ്,

ചോരപ്പല്ലുകളോടെ, ചതഞ്ഞൊരു
ചോദ്യച്ചിഹ്നത്തുടൽപോലെ,

വന്നൂ ഞങ്ങടെ ചാര, —ത്താവഴി
വന്ന മനുഷ്യരിൽനിന്നൊരുവൻ!

വായതുറന്നൂ നിന്നാ വൃദ്ധൻ:
"ക്യാ ഇധർ ഊംചേ ജാതീ ഹേ?"

ആ മേദസ്സിനൊടോതീ ഞങ്ങൾ:
"കീഴ്മേൽജാതികളില്ലിവിടെ,"

ഇടിവെട്ടേററതുമാതിരി നില്പായ്
പിടയും കരളോടാ വൃദ്ധൻ.

കൊടിയ വസൂരിക്കലകൾക്കിടയിൽ
ചുടുകണ്ണീരു ചുരന്നൊഴുകി.

കണ്ണു തുടച്ചു പറഞ്ഞൂ വൃദ്ധൻ:
"കർമ്മഫലങ്ങൾ തിരുത്താമോ?"

കോടീശ്വര, —രവരകലെ ബോംബെയിൽ
നാടുപിടിച്ച കുടുംബക്കാർ

തെണ്ടുകയാണി, —ന്നായിരമായിര-
മുണ്ടതുമാതിരി തെരുവുകളിൽ!

അവിടെയിരിക്കും കുട്ടികൾ വൃദ്ധകൾ
യുവതിക, —ളെല്ലാം ബന്ധുക്കൾ

പൂണൂലുള്ളവർ, മേൽജാതിക്കാ-
രാണവ, —രുന്നതഗോത്രക്കാർ

കണ്ണു നിറഞ്ഞൂ വൃദ്ധ, —ന്നാക്കഥ-
യൊന്നൊഴിയാതെ പറഞ്ഞപ്പോൾ!

ആ ഗതകാലചരിത്രം നീർത്തിയ
നാകമനോഹരമേഖലയിൽ,

കിഴവന്നോർമ്മകളോടിച്ചെന്നൂ
മിഴിനീരിഴുകിയ ചേതനയിൽ!

"ഇങ്ങനെയലയുവതെന്തിനു നിങ്ങൾ?"
ഞങ്ങൾ പതുക്കെച്ചോദിച്ചു.

കരിവാളിച്ച മുഖത്തെ വസൂരി-
ക്കലകൾ ചോരപ്പുള്ളികളായ്!

കണ്ണുകൾ നിന്നു കറങ്ങീ; കരളിൻ
കശ്മലഭാവം സടനീർത്തി.

ഓതീ വൃദ്ധ,"നതൊന്നും ചോദി-
ച്ചോർമ്മിപ്പിക്കരുതാക്കഥകൾ!

ഞങ്ങടെ മാനം തീയിലെരിച്ചവർ
ഞങ്ങളെയാട്ടിപ്പായിച്ചോർ,

കൊള്ളക്കാരവർ ചോര കുടിപ്പവർ; —
എല്ലാമെല്ലാം മുസ്ലീങ്ങൾ!

ഞങ്ങൾ വിടില്ലൊരു കൈക്കുഞ്ഞിനെയും
ഞങ്ങൾ വിടില്ല പറഞ്ഞേക്കാം!"

പ്രതികാരത്തിൻ മൂശയിൽ വീണാ
ഹൃദയം പൈശാചികമായി!

അന്തിനെരിപ്പോടൂതിക്കത്തി-
ച്ചുന്തിമറിച്ചൂ കടലലയിൽ!

കരിമേഘങ്ങളിഴഞ്ഞൂ മാന,-
ത്തിരുളുകയായീ കടലോരം

എന്നാത്മാവിലരിച്ചുകടന്നൂ
മിന്നൽപ്പിണരും നിഴലുകളും!

"...പൂണൂലുള്ളവർ മേൽജാതിക്കാർ
കാണുകയില്ലേ നഗരത്തിൽ?

നാഴിക്കഞ്ഞി കുടിച്ചിട്ടിപ്പോൾ
നാളുകൾ നാലഞ്ചായ് ഞങ്ങൾ..."

ചൊല്ലീ വൃദ്ധൻ: "കീഴ്ജാതികളുടെ
വെള്ളം ഞങ്ങൾ കുടിക്കില്ല..."

ഓടിയണഞ്ഞൊരു പൈതൽ വിതുമ്പീ:
"ധോഡാ പാനീ ദാദാജീ.."

ചൊല്ലീ മൂപ്പില കുഞ്ഞിനൊടേവം:
"ചൊല്ലൂ നാമം ചൊല്ലൂ നീ..."

ഞങ്ങൾ പറഞ്ഞൂ: "ഗതികെട്ടാലും
നിങ്ങടെ പൂണൂൽ കളയല്ലേ!

കരളിനു ചുററും തലമുറ കെട്ടിയ
ചരടിൻ കൊച്ചുകുടുക്കുകളിൽ

വിങ്ങിത്തേങ്ങിപ്പിടയുകയല്ലേ
നിങ്ങടെയാത്മാവനുവേലം?"

വയറു വിശന്നാൽ നാമംചൊല്ലും
വലിയപ്പൂപ്പനുമാക്കുഞ്ഞും

മെല്ലെ നടന്നൂ മേൽജാതികളുടെ
ഇല്ലങ്ങളിലെപ്പടിനോക്കി!

ഞങ്ങൾ ചിരിച്ചൂ —"നൂററാണ്ടുകളുടെ
വിങ്ങിവിതുമ്പും പുണ്ണുകളേ

പൊററപിടിച്ചു ചലം വന്നിഴുകും
പുററുകൾ നിങ്ങടെ സംസ്കാരം..."

## *'മാ നിഷാദ'

ഒന്നാംകൊമ്പത്തു വന്നിരുന്നന്നൊരു
പുന്നാരക്കിളി ചോദിച്ചു:

"കൂട്ടിന്നിളംകിളീ, ചങ്ങാലിപ്പൈങ്കിളീ
കൂടുവിട്ടിങ്ങോട്ടു പോരാമോ?"

അങ്ങേക്കൊമ്പത്തെപ്പൊന്നിലക്കൂട്ടിലെ
ചങ്ങാലിപ്പെണ്ണു മിണ്ടീല.

തൂവൽ ചുണ്ടിനാൽ ചീകി മിനുക്കിയ
പൂവൻചങ്ങാലി ചോദിച്ചു:

"മഞ്ഞും വീഴുന്നു മാമരം കോച്ചുന്നു
നെഞ്ഞത്തെങ്ങാനും ചൂടൊണ്ടോ?"

അങ്ങേക്കൊമ്പത്തെ പൊന്നിലക്കൂട്ടിലെ
ചങ്ങാലിപ്പെണ്ണു നാണിച്ചു.

പൊന്നിൻതാലി കിലുങ്ങുന്ന ശബ്ദത്തിൽ
ഒന്നാ കാമുകൻ ചോദിച്ചു:

"അങ്ങേക്കൊമ്പത്തെപ്പൊന്നിലക്കൂട്ടിലേ-
ക്കെന്നേംകൂടി വിളിക്കാമോ?

വെട്ടം മങ്ങുന്നു, സന്ധ്യ മയങ്ങുന്നു,
മുട്ടിക്കൂടിയിരുന്നോട്ടേ..."

നീളൻദർഭക്കതിരുകൾ തിങ്ങിയ
നീലക്കാടുകൾ പൂനീട്ടി.

ചൂളംകുത്തിപ്പതഞ്ഞൊഴുകും കാട്ടു-
ചോലയ്ക്കെന്തൊരു പുന്നാരം!

ചായച്ചെപ്പും തുറന്നുകൊണ്ടെത്തിയ
സായംസന്ധ്യയ്ക്കു രോമാഞ്ചം!

ആറിൻ തീരത്തെയാമരക്കൊമ്പുകൾ
ആകെപ്പൂഞ്ചിരിപ്പൂകുത്തി!

*മാ=അരുത്

കൊക്കും ചായ്ച്ചിരുന്നോമനക്കൺകളിൽ
സ്വർഗ്ഗസ്വപ്നങ്ങൾ കാണുന്നൂ,

അങ്ങേക്കൊമ്പത്തെക്കാമുകി; —ജീവനി-
ലെങ്ങാണ്ടുന്നൊരു രോമാഞ്ചം!

ചെന്നൂ കൂട്ടത്തിലൊന്നിച്ചിരിക്കുവാൻ
ചെന്നൂ കാമുകനന്നേരം!

തമ്മിൽ കൊക്കും ചിറകുമുരുമ്മി
തമ്മിൽ സ്വപ്നങ്ങൾ കൈമാറി,

മുട്ടിച്ചേർന്നു കരളിൻ ഞരമ്പുകൾ
ഒട്ടിച്ചങ്ങനെ മേവുമ്പോൾ,

ജീവൻ ജീവനിൽ പൂക്കുമാ രംഗങ്ങൾ
ജീവിപ്പിക്കുന്ന ചൈതന്യം

കണ്ടൂ താഴത്തു നോക്കിനിന്നാക്കവി
കണ്ണിൽ തൻ കരൾപ്പൂവോടെ!

ആറിൻ തീരത്തെ സന്ധ്യതൻ മുന്തിരി-
ച്ചാറിൽ കല്പന നീന്തുമ്പോൾ,

ഏതോ ദിവ്യാനുഭൂതിയിലങ്ങനെ
ചേതോമണ്ഡലം നോവുമ്പോൾ,

നിന്നൂ നിശ്ചലമാദിമഹാകവി, —
നിന്നൂ, —താപസൻ വാല്മീകി!

മേലേ മാമരക്കൊമ്പിലെ, പ്രേമൈക-
ലീലാലോലിതസ്വപ്നങ്ങൾ,

ഒന്നായ് തമ്മിലലിഞ്ഞലിഞ്ഞാത്മാവി-
ലൊന്നായങ്ങനെ താഴുമ്പോൾ,

നിന്നൂ നിശ്ചലം വില്ലും കുലച്ചുകൊ-
ണ്ടന്നും കാട്ടിലെ കാട്ടാളൻ!

വേട്ടയ്ക്കെത്തി വിശന്നു തളർന്നയാൾ
കാട്ടമ്പൊന്നെയ്തു ദൂരത്തിൽ!

അമ്പിന്നുന്നം പിഴച്ചില്ല, മാമര-
ക്കൊമ്പത്തേക്കതു ചെന്നെത്തി!

പച്ചപ്രാണനിൽ കൂരമ്പേററൊരാ
കൊച്ചോമൽക്കിളി വീണല്ലോ!

മണ്ണിൽ വീണു പിടയ്ക്കുകയാണതു,
കണ്ണാക്കൊമ്പിലുടക്കുന്നൂ!

ഞെട്ടിപ്പോയ്ക്കവി;
ദിവ്യദിവ്യമാമനുഭൂതി
തൊട്ടിലാട്ടിയ കരൾ-
ക്കൂമ്പിന്നു മുറിവേല്ക്കേ,

പൊന്നിണക്കിളികളി-
ലൊന്നിനെക്കൂരമ്പെയ്തു
കൊന്ന വേടനെ നോക്കി-
യദ്ദേഹമാജ്ഞാപിച്ചു:

"മാ നിഷാദ പ്രതിഷ്ഠാം ത്വമഗമശ്ശാശ്വതീസ്സമാഃ
യത്ക്രൗഞ്ചമിഥുനാദേകമവധീഃ കാമമോഹിതം..."

## 2

പ്രാണനിൽ ശരമേററ
പൈങ്കിളിയുടെ മിഴി-
ക്കോണിലെശ്ശോകത്തിൻെറ
നീരുറവൊപ്പുംമുമ്പേ,

അമ്പെയ്ത നിഷാദനോ-
ടരുതെന്നാജ്ഞാപിക്കാ-
നങ്ങനെയന്നാദ്യത്തെ
പ്രേമഗർജ്ജനം കേട്ടൂ!

ഈ വിശ്വപ്രകൃതിയെ-
പ്പൂക്കൂടയാക്കി, പ്രേമ-
ഭാവനയുടെ കോണിൽ
തിരുകി,ത്തമ്മിൽത്തമ്മിൽ,

കരളും ചുണ്ടും ചേർത്തു
സ്വപ്നമണ്ഡലമൊന്നി-
ലരുളും കിളികളി-
ലൊന്നു വേർപിരിഞ്ഞപ്പോൾ,

വേദനവിങ്ങിക്കീറു-
മാത്മാവിൽ, പ്രേമോഷ്മള-
ചേതനയമർത്തിയ
കാവ്യശില്പത്തിൻ നാദം,

പ്രേമത്തിന്നെതിരായ
നിർദ്ദയവികാരത്തിൻ
പ്രേരണകളെത്തട്ടി-
മാററുവാനല്ലേ പൊങ്ങീ?

വേടൻെറ കൂരമ്പുള്ള
കൈയിലും, പിടയുന്ന
പേടപ്പൈങ്കിളിയുടെ
നെഞ്ചിലും തലോടുവാൻ,

കഴിഞ്ഞീ;ലന്നാദ്യത്തെ
പ്രേമഗായകനായ
കവിക്കും; ദ്രോഹിപ്പോനെ
ച്ചെറുത്തൂ പാട്ടും പാടി!

കേൾപ്പു നാം ചരിത്രത്തിൽ,
സംസ്കാരചരിത്രത്തിൽ, —
ആ പെരുംപറയുടെ-
യുഗ്രമാമാജ്ഞാശബ്ദം!

പാവമാമൊരു ഗ്രാമ-
പ്പെൺകിടാവിനെ, രാജ്യ-
പാലകൻ വഞ്ചിച്ചോരു
രാഷ്ട്രീയചരിത്രത്തെ,

കാലത്തിന്നൊരുനാളും
മായ്ക്കുവാൻ കഴിയാത്ത
കാവ്യശില്പമായ് വാർത്ത
കാളിദാസനെ നോക്കൂ,

ആ നെടുംനാരായത്താൽ
രാജനീതിയെച്ചൂണ്ടി
'മാ നിഷാദ'കളെത്ര
പാടിയിട്ടുണ്ടാമങ്ങോർ?

ഭാസ,ശൂദ്രക,ഭവ-
ഭൂതി, വേദവ്യാസന്മാർ
ഭാസുരയുഗങ്ങൾക്കായ്
നാരായമെടുത്തവർ,

തങ്ങളാലാവുംപോലെ
മാനവസ്നേഹത്തിന്നാ-
യങ്കമാടിയനാളിൽ
ചെറുത്തൂ ദ്രോഹിപ്പോരെ!

'മാ നിഷാദക', —ളെത്ര
'മാ നിഷാദകൾ' പൊങ്ങീ
മാനവസ്നേഹത്തിൻെറ
മണിനാവുകൾതോറും!

കേരളത്തിലും, ജന-
കോടിയെസ്സംസ്കാരത്തിൻ
ധീരനൂപുരനാദം
കേൾപ്പിച്ച കാവ്യാത്മാക്കൾ,

'മാ നിഷാദ'കൾ പാടി,
മർദ്ദകവർഗ്ഗത്തിൻെറ
മാരകപ്രശ്രമങ്ങളെ-
യെതിരിട്ടില്ലേ നീളെ!

ദൈവവും വാളും ശ്രുതി-
സ്മൃതിയും വേദാന്തവും
കൈവശം നേടിപ്പോന്ന
സംസ്കാരപ്പെരുമാക്കൾ,

മാനവസ്നേഹത്തിൻെറ
സിംഹഗർജ്ജനം കേട്ടു
'മാ നിഷാദ'യിലൂടെ
കാലഘട്ടങ്ങൾതോറും!

3

ഞാനുമാശ്ശബ്ദമാണേററുപാടുന്ന; —തെൻ
ഗാനങ്ങളിലു,ണ്ടതിൻ കാൽച്ചിലമ്പൊലി!

പിന്നിട്ടുപോന്ന യുഗങ്ങളിൽനിന്നതിൻ
ധന്യസന്ദേശം ശ്രവിപ്പു ഞാനന്വഹം!

ചൂടുന്നു രോമാഞ്ചമീ വിശ്വമാകെ, —ഞാൻ
പാടും മനുഷ്യകഥാനുഗാനങ്ങളിൽ!

നാടിന്നഭിനവസംസ്കാരശൈലികൾ
നേടി, ച്ചരിത്രം തിരുത്തിപ്പിടിക്കുവാൻ,

വേദനിക്കുന്ന ഹൃദയങ്ങളൊന്നിച്ചു
വീഥികൾതോറും വെളിച്ചം വിതയ്ക്കവേ,

ആ വെളിച്ചത്തിൻ കിനാവുകൾക്കുള്ളിലെ
ജീവിതസ്പന്ദങ്ങൾ ചുണ്ടുവിടർത്തവേ,

കാണുന്നു ഞാനതിൻ കൂമ്പുകൾക്കുള്ളിലൊ-
രോണം വിടർന്നു വിടർന്നു വരുന്നതായ്,

മണ്ണിനാത്മാവു കുളുർന്നുകുളുർ,ന്നതിൽ-
നിന്നുയിർക്കൊള്ളുമീപ്പുത്തൻകുരുന്നുകൾ,

നുള്ളിക്കളയാൻ വരുന്നവരോടെനി, -
ക്കുള്ള താക്കീതിലുണ്ടാ 'മാ നിഷാദ'കൾ!

സ്നേഹിക്കയില്ല ഞാൻ, നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും!

*8-8-1953*

# അശ്വമേധം

ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ?

ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ!

വിശ്വസംസ്കാരവേദിയിൽ പുത്തനാ-
മശ്വമേധം നടത്തുകയാണു ഞാൻ!

നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു-
മെൻകുതിരയെ, ചെമ്പൻകുതിരയെ?

എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ!

കോടികോടി പുരുഷാന്തരങ്ങളിൽ-
ക്കൂടി നേടിയതാണതിൻ ശക്തികൾ.

വെട്ടിവെട്ടി പ്രകൃതിയെ മല്ലിട്ടു
വെററി നേടിയതാണതിൻ സിദ്ധികൾ!

മന്ത്രമായൂരപിഞ്ഛികാചാലന-
തന്ത്രമല്ലതിൻ സംസ്കാരമണ്ഡലം!

കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽവച്ചെൻ പ്രപിതാമഹർ

കണ്ടതാണീക്കുതിരയെ;ക്കാട്ടുപുൽ-
ത്തണ്ടുനല്കി വളർത്തി മുത്തശ്ശിമാർ;

കാട്ടുചോലകൾ പാടിയ പാട്ടുക-
ളേററുപാടിപ്പഠിച്ച മുത്തശ്ശിമാർ!

ഇന്നലത്തെച്ചരിത്രം മയങ്ങുന്ന
മണ്ണിലൂടെ കുതിച്ചുപാഞ്ഞീടവേ

എത്രയെത്ര ശവകുടീരങ്ങളിൽ
നൃത്തമാടിയതാണാക്കുളമ്പുകൾ!

ദൃപ്തരാഷ്ട്രപ്രതാപങ്ങൾതൻ കോട്ട-
കൊത്തളങ്ങളെപ്പിന്നിടും യാത്രയിൽ,

എത്ര കൊററക്കുടകൾ, യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കുണുകൾ, —

അക്കുളമ്പടിയേററററുവീണുപോയ്;
അത്രയേറെബ്ഭരണകൂടങ്ങളും!

കുഞ്ചിരോമങ്ങൾ തുള്ളിച്ചുതുള്ളിച്ചു
സഞ്ചരിച്ചൊരിച്ചെമ്പൻകുതിരയെ,

പണ്ടു ദൈവം കടിഞ്ഞാണുമായ് വന്നു
കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ.

പിന്നെ രാജകീയോന്മത്തസേനകൾ
വന്നു നിന്നൂ പടപ്പാളയങ്ങളിൽ!

ആഗമതത്വവേദികൾ വന്നുപോൽ
യോഗദണ്ഡിലിതിനെത്തളയ്ക്കുവാൻ!

എൻെറ പൂർവികരശ്വഹൃദയജ്ഞ;-
രെൻെറ പൂർവികർ വിശ്വവിജയികൾ,

അങ്കമാടിക്കുതിരയെ വീണ്ടെടു-
ത്തന്നണഞ്ഞൂ യുഗങ്ങൾതൻ ഗായകർ!

മണ്ണിൽനിന്നു പിറന്നവർ മണ്ണിനെ-
പ്പൊന്നണിയിച്ച സംസ്കാരശില്പികൾ!

നേടിയതാണവരോടു ഞാ, —നെന്നിൽ
നാടുണർന്നോരുനാളിക്കുതിരയെ!

ഈ യുഗത്തിൻെറ സാമൂഹ്യശക്തി ഞാൻ
മായുകില്ലെൻെറ ചൈതന്യവീചികൾ!

ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!

ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ.

ആരൊരാളിക്കുതിരയെക്കെട്ടുവാൻ
ആരൊരാളിതിൻ മാർഗ്ഗം മുടക്കുവാൻ?

# മുളങ്കാട്

ഈ മുളങ്കാട്ടിൽ ജനിച്ചു ഞാൻ, മാനത്തു
പൂമുല്ലമൊട്ടുകൾ പൊട്ടിച്ചിരിച്ചനാൾ.

ഒച്ചയുണ്ടാക്കാതെ മുട്ടിക്കടന്നുപോയ്
കൊച്ചുനിമിഷക്കുളിരിലത്തുമ്പികൾ!

മണ്ണിൻെറ മാറിൽ മലർന്നുകിടന്നു ഞാൻ
മഞ്ഞണിപ്പട്ടിളംമുത്തങ്ങമെത്തയിൽ

ദൂരേക്കു സാത്ഭുതം നോക്കിച്ചിരിച്ചു ഞാൻ:
ആരാണ് മാനത്തെറിഞ്ഞതിപ്പൂവുകൾ?

മേലേ നിലാവലച്ചോലയിലൂടൊരു
നീലക്കളിത്തോണി നീന്തുന്നമാതിരി

പാടിപ്പറന്ന കരിങ്കുയിൽപ്പെണ്ണിനീ-
യോടക്കുഴലു കൊടുത്തതാരിന്നലെ?

എങ്ങും വെളിച്ചവും പാട്ടും; ചിരിച്ചുകൊ-
ണ്ടെന്നെ നോക്കുന്നൂ പ്രപഞ്ചമെല്ലായ്പൊഴും.

നീയെൻെറ കൊച്ചു കളിക്കൂട്ടുകാരത്തി-
യായിരിക്കുന്നൂ; പിടിച്ചു ഞാൻ കിള്ളുമേ!

മുന്തിരിത്താമ്പാളവുംകൊണ്ടുഷസ്സുകൾ,
ചന്ദനക്കിണ്ണവുമായ് നീലരാവുകൾ,

എന്നെ നോക്കിച്ചിരിച്ചീ മുളങ്കാടിൻെറ
മുന്നിലൂടൊത്തിരിവട്ടം നടന്നുപോയ്!

എങ്ങും വെളിച്ചം വരുമ്പോളിഴഞ്ഞിഴ-
ഞ്ഞെന്തിനെത്തുന്നൂ കരിനിഴൽച്ചാർത്തുകൾ?

ഈ മുളങ്കാട്ടിൽ വളർന്നു ഞാൻ, —എൻകൊച്ചു
കാമുകിയെന്തേ വരാനിത്ര താമസം?

എത്തറ നേരമായ് കാത്തിരിക്കുന്നു ഞാ;-
നൊത്തിരിയൊത്തിരി സ്വപ്നങ്ങൾ മാഞ്ഞുപോയ്.

എൻ ചുററിലും നിന്നു ഗാനങ്ങൾ മൂളുന്ന
പിഞ്ചുമുളകളേ, കൊഞ്ചും മൊഴികളേ,

എങ്ങനെ വന്നെത്തി നിങ്ങൾതന്നാത്മാവി-
ലിങ്ങനെ മാനത്തെ നീലക്കുയിലുകൾ?

ഇന്നലെയാണു ഞാൻ കണ്ടതീ കാട്ടിലെ
മണ്ണിന്നടിയിൽ പൊളിഞ്ഞൊരീ കൽത്തറ!

മിന്നാമിനുങ്ങുകൾ നിശ്ശബ്ദരായ് വന്നു
പൊന്നിൻതിരികൾ കൊളുത്തുന്ന കണ്ടു ഞാൻ

വാചാലമായ കരളുമായ് പ്രാചിതൻ
മേചകത്തോപ്പിൽനിന്നോരോ കിരണവും,

ഇന്നുമീ കൽമണ്ഡപത്തിൻെറ ചാരത്തു
വന്നു വണങ്ങിമടങ്ങുന്ന കണ്ടു ഞാൻ!

ആരീ മുളങ്കാട്ടിൽ നൂററാണ്ടുകൾക്കുമുൻ,-
പാരാണു നിർമ്മിച്ചതിശ്ശിലാമണ്ഡപം?

കാലഘട്ടങ്ങളെക്കൊത്തി മറിച്ചിട്ടു
നാളെയിലേക്കും വിഷവാതമൂതുവാൻ,

കാലം വിടർത്തും വസന്തവനങ്ങളിൽ
മാളമുണ്ടാക്കും മതങ്ങടെ മാതിരി

കണ്ടു ഞാനിക്കൽത്തറയ്ക്കകത്തിന്നലെ
രണ്ടു മാളങ്ങളിൽ കാളസർപ്പങ്ങളെ!

മുട്ടകളിട്ടവ കൂട്ടുന്നു; ജീവിത-
പ്പുററുകൾക്കുള്ളിൽ പുരോഹിതൻമാതിരി!

ഈ മുളങ്കാട്ടിലേക്കിന്നു വെളുപ്പിനെൻ
കാമുകി വന്നു; വിളർത്തതാണാ മുഖം!

ഓടക്കുഴലുണ്ടവളുടെ കൈയിലൊ-
രോടക്കുഴ; —ലെൻ മിഴികൾ വിടർന്നുപോയ്!

ഒന്നു ഞെട്ടിപ്പോയ് പൊടുന്നനെ; ഞാൻ കാത്തു-
നിന്നവള,ല്ലെൻെറ കാമുകിയല്ലവൾ

വന്നുനിന്നപ്പോൾ ചിരിക്കാൻ മറന്നുവോ
പെണ്ണേ; കവിളിലിക്കണ്ണുനീരെന്തിനോ?

ആരും പറയാതെ മാമകാത്മാവിലേ-
ക്കാ വേണുനാളം തിരുകിവച്ചാളവൾ!

ഒന്നു നെടുവീർപ്പു വിട്ടു ഞാ, —നാത്മാവിൽ
നിന്നൊഴുകുന്നു സ്വരരാഗധാരകൾ!

ഒച്ചയുണ്ടാക്കാതെ മുട്ടിക്കടന്നുപോയ്
കൊച്ചുനിമിഷക്കുളിരിലത്തുമ്പികൾ

നോവിൻെറ ചൂടുള്ള വീർപ്പുകൾക്കുള്ളിലൂ-
ടാവണം ഗാനം വിടർന്നതീയുഴിയിൽ!

ഒന്നു ചോദിച്ചതാ പെൺകൊടി: "കണ്ടുവോ
നിങ്ങളെങ്ങാനുമെൻ ഗാനഗന്ധർവനെ?"

ഒന്നും മനസ്സിലായില്ലെനി; —ക്കെന്മുന്നിൽ
വന്നവളാരോ തിരക്കുന്നതാരെയോ?

ചുണ്ടുകൾ വിങ്ങിവിതുമ്പിക്കരഞ്ഞവൾ
ചൊല്ലിനാൾ: "ഇപ്പൊഴും കാത്തിരിക്കുന്നു ഞാൻ,

കാടിന്നടുത്തതാ കാണുമാച്ചോലയിൽ-
ക്കൂടിത്തുഴഞ്ഞുവരാറുള്ള ഗായകൻ,

ഈ മുളങ്കാട്ടിലെ കൽത്തറമേലിരു-
ന്നോമന്മുരളികയൂതിയ ഗായകൻ

എത്തറനാളായ് പിരിഞ്ഞുപോയ്; എന്നെയും
കൽത്തറയേയു, — മെൻ കാമുകനാണയാൾ

അന്നെനിക്കദ്ദേഹമോമനിച്ചേകിയ
പൊന്നുപുല്ലാങ്കുഴലങ്ങേക്കു നല്കി ഞാൻ!

ഇക്കൽത്തറയിലാ ഗായകൻ മററൊരു
പുൽക്കുഴലിട്ടേച്ചുപോയി പിരിഞ്ഞനാൾ

ആ മുളങ്കമ്പാണു പൊട്ടിച്ചിനച്ചുയർ-
ന്നീ മുളങ്കാടായ് വളർന്നതും പൂത്തതും!

ആ ഗാനഗന്ധർവനന്നു പാടിപ്പോന്ന
ശോകഗാനങ്ങളാണിക്കേൾപ്പതത്രയും!"

മിണ്ടാതിരുന്നു ഞാ,നക്കൊച്ചുപെണ്ണിൻെറ
ചിന്തയിൽ കണ്ണീരൊലിപ്പിച്ചിരിക്കണം!

മെല്ലെ നടന്നു മറഞ്ഞവൾ ദൂരത്തെ
മുല്ലയിലക്കാടിനുള്ളിലൂടങ്ങനെ!

പാടിമറഞ്ഞൊരാ ഗാനഗന്ധർവനെ-
ത്തേടിനടക്കുകയാവുമത്തയ്യലാൾ

ആ ഗായകൻെറ മുളങ്കൊമ്പിൽനിന്നുയർ-
ന്നാലോലനർത്തനം ചെയ്യും മുളകളേ,

എങ്ങാനുമിപ്രപഞ്ചത്തിൻ നെടുവീർപ്പു
പൊങ്ങിയാൽ പാടുന്ന നീലമുളകളേ,

നിങ്ങളെ വിട്ടുപിരിയുകയില്ല ഞാൻ
നിങ്ങളിൽനിന്നേ പ്രചോദനംകൊൾവു ഞാൻ!

വേദനയെക്കുറിച്ചാണിന്നുമെൻകൊച്ചു
ചേതനപാടുന്ന; — താ ഗീതകങ്ങളിൽ,

എപ്പൊഴും മന്ദഹസിക്കും യുഗങ്ങൾതൻ
കല്പന നിന്നിലത്താളം പിടിക്കവേ,

മാറാലകെട്ടുമാക്കുന്നുംചെരിവിലെ
മാലാഖ നിന്നു പരുങ്ങുന്ന കണ്ടു ഞാൻ!

മാറുക ദൂരേക്കു, മാറാലയുംകൊണ്ടു
മാലാഖമാരേ, വരുന്നൂ വരുന്നു ഞാൻ!

# ഒരു ജൂഡാസ് ജനിക്കുന്നു

നവംബർ 1955

# കവിതകൾ

ഒരു ജൂഡാസ് ജനിക്കുന്നു
മഴവില്ല്
സന്ധ്യ — ഒരു വേശ്യ
നാലുരൂപ പന്ത്രണ്ടണ
കുചേലൻ കുഞ്ഞൻനായർ
അറുകൊലയമ്മാവൻ വന്നില്ല
രക്തവും പൂക്കളും
സന്യാസി
എഴുത്തുകാരോട്

"Awake O North wind; and come, thou South;
Blow upon my garden, that the spices thereof may flow o
Let my beloved come into his garden,
And eat his precious fruits."

*Song of So*

## ഒരു ജൂഡാസ് ജനിക്കുന്നു

"യേശു....? പകച്ചുപോയ് ഭ്രാന്തനെപ്പോലയാൾ;
".....യേശു!... വഞ്ചിച്ചിതവനെ;...വഞ്ചിച്ചു ഞാൻ...."
"നീയാരു, നീയാരവനെ വഞ്ചിക്കുവാൻ.....?"
"......ഞാനാണു, ഞാനാണു ജൂഡാസ്...... പുഴുക്കളേ......!"

അട്ടഹസിച്ചയാൾ പല്ലിളിച്ചങ്ങനെ
പൊട്ടിച്ചിരിച്ചു ചിരിച്ചു മറയവേ,
സ്തബ്ധമായ്ത്തീർന്നൂ ചലച്ചിത്രശാല; നി-
ശ്ശബ്ദമിരുന്നമ്പരന്നുപോയ് കാണികൾ!

*'റോബാ'ണു വെള്ളിത്തിരയിൽ; —ച്ചലച്ചിത്ര-
ലോകത്തൊരത്ഭുതം സൃഷ്ടിച്ച സംഭവം!
കാണുകയാണാസ്സിനിമ ഞാൻ; പൊയ്പോയ
കാലഘട്ടങ്ങളിരമ്പുന്നു ചുററിലും!
പത്തൊൻപതിലേറെ നൂററാണ്ടുകൾ മുമ്പു
കത്തിയെരിഞ്ഞ മെഴുകുതിരികളേ,
നിങ്ങൾതന്നാത്മാവുരുകി പ്രകാശിച്ച
മങ്ങിയ നീലവെളിച്ചത്തിലൂടെ ഞാൻ,
കാണുമാറുണ്ടെൻ നിനവിൽ പലപ്പോഴു-
മാ നസറേത്തിലെ വിപ്ലവകാരിയെ!
ഇത്തിരി മുമ്പെൻെറ കണ്മുന്നിലപ്പുരാ-
വൃത്തം ജ്വലിപ്പതായ്ക്കണ്ടൂ സിനിമയിൽ!

വണ്ടിവലിപ്പവ, രൊന്നുമില്ലാത്തവർ,
തെണ്ടികൾ, ചന്തയിൽ വില്ക്കപ്പെടുന്നവർ
കൊച്ചുകുരുത്തോലയാൽ കൊടി തൂക്കിയും
പച്ചിലക്കമ്പിനാൽ ചാമരം വീശിയും
എല്ലാരുമൊന്നിച്ചെതിരേല്ക്കുകയാണു
നല്ലവനായ നസറേത്തുകാരനെ!
അബ്ധിത്തിരകൾപോലൊന്നിച്ചു നിന്നവർ
ശബ്ദിച്ചു: "നിൻെറ സാമ്രാജ്യം വരേണമേ!"
വെള്ളിത്തിരയിലാ രംഗമലിഞ്ഞതിൻ
വെല്ലുവിളിപോലെ മറെറാന്നുയരവേ,
ആ 'മാഴ്സലസ്സി' ൻെറയന്തഃപുരത്തിലെ-
പ്പൂമച്ചകത്തൊരു നൊമ്പരം കണ്ടു ഞാൻ!
ചങ്ങലച്ചുററുകൾ പൊട്ടിച്ചടർത്തുവാ,-

*റോബ് (Robe) എന്ന സിനിമാസ്കോപ്പ് ചിത്രം.

നങ്ങനെയന്തഃപുരക്കോട്ട ചാടുവാൻ
വെമ്പുകയാണൊരടിമ;— 'ജീസ്സസ്സെ'ന്ന
തൻെറ നേതാവിനെച്ചെന്നൊന്നു കാണുവാൻ!

ചാടിക്കളയുന്നൂ മതിലുകൾ; വീഥിയി-
ലോടിത്തളർന്നൂ കുഴഞ്ഞു കൈകാലുകൾ.
പാതിര നീലക്കരിമ്പടം നീർത്തിയ
പാലസ്ററയിനിലെ നിർജ്ജീവവീഥിയിൽ,
ഓടിക്കിതച്ചുകിതച്ചയാളാരെയോ
തേടുകയാണു തുടിക്കുമാത്മാവുമായ്!

എണ്ണപ്പുകച്ചില്ലിനുള്ളിൽ,പുകയുന്ന
കണ്ണുമായ് നില്ക്കുന്നു വീഥിവിളക്കുകൾ;
കണ്ണുമടച്ചുകിടന്നുമയങ്ങുന്നു
മണ്ണിൻെറ മാറിലിരുളിൻ നിഴലുകൾ!
ദാഹമെരിയും ഹൃദയത്തിൽ, ജീവിത-
സ്നേഹം കൊളുത്തിയ കൈത്തിരിവെട്ടവും
പൊട്ടിയ ചങ്ങലപ്പാടുമായ് നീചെന്നു
മുട്ടുക; വാതിൽതുറക്കപ്പെടുമിനി.

"ജീസസ്സെവിടെ?" — വിജനമാം വീഥിയി-
ലാ സംശയത്തിനാരുത്തരം നല്കുവാൻ?
ആരോടു ചോദിക്കു? — മാരുമി,ല്ലാരുമി-
ല്ലാ മഹാത്മാവിനെപ്പററിപ്പറയുവാൻ!

(നേർത്ത വയലിനും ഗിററാറുമൊന്നിച്ചു
കോർത്ത ശോകാത്മകസംഗീതവീചികൾ
വേദന നിന്നു തുടിക്കുമാത്മാവിൻെറ
നാദവും താളവും സഞ്ജനിപ്പിക്കവേ,
ഉൽക്കണ്ഠ നിന്നു വിതുമ്പും നിമേഷങ്ങൾ
ചിത്രപ്പെടുത്തീ സജീവമാ ക്യാമറാ!
നാലഞ്ചു ക്ലോസപ്പുകൾക്കുള്ളിലൂടൊരു
മാലാഖയാക്കീ മനുഷ്യനെ ക്യാമറ!)

തൂണിൽ തലചായ്ച്ചു പാതവക്കത്തൊരു
കോണിലിരിക്കുന്നു തെല്ലകലത്തൊരാൾ;
യേശുവിനെക്കുറിച്ചൊന്നു ചോദിക്കുവാ-
നാശിച്ചടിമയയാളോടടുക്കവേ,
അമ്പരന്നൊന്നെഴുന്നേററയാൾ നിന്നുപോയ്
സംഭ്രമോദ്വേഗങ്ങളോടെ പൊടുന്നനെ!
ചോദിച്ചു പാവമടിമ:" നസ്രേത്തിൽനി-
ന്നീ ദിക്കിലെത്തിയ യേശുവെക്കണ്ടുവോ?
ചന്തയിൽ വില്ക്കപ്പെടുവോർക്കു മോചന-
മന്ത്രവുമായ് വന്ന യേശുവെക്കണ്ടുവോ.....?
"യേശു?....." പകച്ചുപോയ് ഭ്രാന്തനെപ്പോലയാൾ;
"......യേശു!.... വഞ്ചിച്ചിതവനെ; വഞ്ചിച്ചു ഞാൻ...."

"നീയാരു, നീയാരവനെ വഞ്ചിക്കുവാൻ......?"
"ഞാനാണു, ഞാനാണു ജൂഡാസ്,....പുഴുക്കളേ...."

അട്ടഹസിച്ചയാൾ പല്ലിളിച്ചങ്ങനെ
പൊട്ടിച്ചിരിച്ചു ചിരിച്ചു മറയവേ,
അമ്പരന്നങ്ങനെ നിന്നുപോ,യാറാത്ത
നൊമ്പരത്തോടെയടിമയാ വീഥിയിൽ!

നീറിപ്പിടയും പ്രതീക്ഷകൾപോൽ, മഴ-
ക്കാറുകൾ മാനത്തു കീറിപ്പറിഞ്ഞുപോയ്;
വീശിയടിച്ച കൊടുങ്കാററലകളിൽ
കാശുരൂപങ്ങൾ,ഞടുങ്ങുന്നു, താരകൾ!

ആയിരമായിരമട്ടഹാസങ്ങൾത-
ന്നാരവം കേട്ടയാൾ ഞെട്ടിയുണർന്നുപോയ്!

മുള്ളിൻെറ തൊപ്പി ശിരസ്സിലും, ചോരയിൽ
മുങ്ങിയ തോളിൽ കനത്ത കുരിശുമായ്
ഗോഗുൽത്തയിലേക്കു ചാട്ടയ്ക്കടിയേററു
പോകുന്ന കണ്ടൂ മഹാനായ രക്ഷകൻ!
ജൂഡാസിനെപ്പോലെയട്ടഹസിക്കുന്നു,
പാതിരിമാരും പരന്ന പട്ടാളവും!....

കണ്ണീർതുടച്ചുകൊണ്ടാസ്സിനിമാഹാളിൽ-
നിന്നു പുറത്തേക്കിറങ്ങി ഞാൻ തൽക്ഷണം.
വയ്യ; ജീസസ്സിൻെറ മാറിലിരുമ്പാണി
വന്നുകയറുന്ന രംഗങ്ങൾ കാണുവാൻ!
സ്തബ്ധനായ് നിന്നുപോയ് ഹാളിൻവരാന്തയിൽ
കത്തനാരാകുവാൻ കച്ച കെട്ടുന്ന ഞാൻ!
വണ്ടിവലിപ്പവ,രൊന്നുമില്ലാത്തവർ,
തെണ്ടികൾ, ചന്തയിൽ വില്ക്കപ്പെടുന്നവർ
രണ്ടായിരത്തോളമാണ്ടിന്നുശേഷവും
തെണ്ടുകയാണീത്തെരുവിലെന്നോർത്തു ഞാൻ.
നിന്നു വിതുമ്പുകയാണവർ; പിന്നെയും
പിന്നെയും ക്രൂശിതരാവുന്ന 'രക്ഷകർ'!
മൂന്നുലക്ഷങ്ങളായ് മുപ്പതു വെള്ളികൾ;
മുൾമുടിക്കാരെച്ചവിട്ടുന്നു പള്ളികൾ!

പാതിരിയാകാനൊരുങ്ങുമെനി,ക്കെന്നിൽ
ജൂഡാസ് ജനിക്കുന്നുവെന്നു തോന്നുന്നുവോ?
ഒററയ്ക്കു നിന്നൊന്നു ചിന്തിച്ചുപോയി ഞാൻ:
"....ഒററിക്കൊടുക്കപ്പെടുന്നു ജീസസ്സുമാർ..."

# മഴവില്ല്

മാനത്തെത്തിയ മഴവിൽക്കൊടിയേ,
മായരുതേ, നീ മായരുതേ!
നീരദപാളികൾ തോളിലുയർത്തിയ
നീലപ്പീലിക്കാവടിയേ!

ഇന്നലെ രാത്രിയിൽ വെൺതിങ്കൾക്കല
നിന്നു മയങ്ങിയ മലമുടിയിൽ,
കഞ്ചാവിൻെറ പുകച്ചുരുൾമാതിരി
മഞ്ഞല നീന്തിയ താഴ്‌വരയിൽ,
വരളും മണ്ണിനു ദാഹം തീർക്കാൻ
വാർമഴവില്ലേ, നീ വന്നൂ!

പായലു പൂത്തു കിടന്നൊരു നീല-
ക്കായലിലിന്നലെ നീരാടി,
ഈറൻചേലയുടുത്ത നിശീഥിനി
കേറിയിറങ്ങിയ പടവുകളിൽ
കടലിൻകരളിൽ നെടുവീർപ്പുകളുടെ
കവിത വിടർത്തും മഴവില്ലേ,
മായരുതേ, നീ മായരുതേ; നീ
മാനത്തെത്തിയ കുളിരല്ലേ?

ഏഴുകടലിന്നങ്ങേക്കരയിലൊ-
രേലാമാലിയുയർന്നല്ലോ;
ഏഴു മലകൾക്കങ്ങേച്ചെരുവിലൊ-
രേലത്തോട്ടമുയർന്നല്ലോ!
കിന്നരബാലികമാരുടെ കനക-
സ്യന്ദനമോടിയ വീഥികളിൽ,
ദൈവമിറങ്ങിനടക്കാറുള്ളൊരു
പാവനവാനവമേഖലയിൽ,
കറുകറെ മുണ്ടും തലയിൽക്കെട്ടി-
ക്കരിമേഘങ്ങളണഞ്ഞല്ലോ.
കടലിൻ നെടുവീർപ്പുറഞ്ഞുകൂടിയ
കരിമേഘങ്ങളണഞ്ഞല്ലോ.
അക്കരിമേഘക്കീറിൻ വക്ക-
ത്തന്തിച്ചെങ്കതിർ നിഴലിക്കേ,
മാനത്തൊക്കെപ്പീലിവിടർത്തിയ
വാർമഴവില്ലേ, മായരുതേ!
നിന്നാത്മാവിലെ നീർമണിയല്ലോ

മണ്ണിനു നല്ലൊരു നവവർഷം!
വരളും വയലുകൾ നീർമണി മോന്തി-
ക്കരളുകുളിർന്നൊന്നുണരുമ്പോൾ,
നാളെ വിതയ്ക്കും കുതിർന്ന വയലിൽ
നമ്മുടെ കൈയിലെ നെന്മണികൾ.
നമ്മുടെയുപ്പുവിയർപ്പിൻ മുത്തിനു
പൊന്മുള കൂമ്പിപ്പൊങ്ങുമ്പോൾ,
നമ്മുടെ കരളിൻ നെടുവീർപ്പലയിൽ
പൊന്മഴവില്ലുകൾ വിടരുമ്പോൾ,
നിന്നാത്മാവിലെ നീലിമ നെയ്യും
മണ്ണിനു നല്ലൊരു കുപ്പായം!

നാടുകൾതോറും പൂവിളിയുയരും
നാളുകളുണരും ചേലുകളിൽ,
പൊന്നും കതിർമുടി മണ്ണിൻ കരളിൽ
നിന്നു കളിക്കണ ചേലുകളിൽ,
അന്നും നമ്മുടെ കൈകളിൽ മിന്നും
ചന്ദ്രക്കലയുടെ പുഞ്ചിരിയിൽ,
നിന്നാത്മാവിലെ വെള്ളിക്കതിരുകൾ
നിന്നു മിനുങ്ങണ കാണണ്ടേ?
വിണ്ണിലിരിക്കും ദേവന്മാരുടെ
കണ്ണുകൾ നിന്നെപ്പുച്ഛരിക്കും:
“ഈശ്വരനിന്നലെ നിന്നഴകിന്നൊരു
ശാശ്വതമൂല്യം തന്നില്ല....”

നോവുകൾ നീർത്തിയ മഴവിൽക്കൊടിയേ,
നീ വിടരാവൂ കല്പനയിൽ!

## സന്ധ്യ—ഒരു വേശ്യ

[കേരളത്തിലെ പ്രശസ്തനായ ഒരു കലാനിരൂപകൻ ഇങ്ങനെ എഴുതി: "ഞാ സ്നേഹിക്കുന്ന പ്രപഞ്ചത്തിലെ മനുഷ്യരാശിയെ മുഴുവൻ വിഭിന്ന സാ ത്തികവർഗ്ഗങ്ങളായി വേർതിരിച്ച് ആ വർഗ്ഗങ്ങൾ തമ്മിലുള്ള സംഘട്ടനത്തി സാഹിത്യകാരൻ ഒരു ഭാഗത്തു നില്ക്കണമെന്ന വാദത്തോട് എനിക്ക യോജിക്കാൻ കഴിയുകയില്ല. ആ സ്നേഹം ഭാഗികമാണ്. പ്രപഞ്ചത്തിൻെ സൗന്ദര്യമാണ് സന്ധ്യ. ആ സൗന്ദര്യമാസ്വദിക്കാനും പുളകമണിയുവാനു സമസ്തചരാചരങ്ങൾക്കും കഴിയുന്നു. ഒരു യഥാർത്ഥ സാഹിത്യകാരൻെ സൗന്ദര്യാവിഷ്കരണവും ഒരു വിഭാഗത്തിനുവേണ്ടി മാത്രമാവരുത്."]

രണ്ടോളം പതിററാണ്ടായ്
　　കാണുന്നു നിത്യം, — പൊന്നിൻ-
ചെണ്ടുമായെത്താറുണ്ടാ
　　നൃത്തലോലയാം സന്ധ്യ!

പതിവായ് രണ്ടററത്തു
　　നില്ക്കുകയാവും ചാരേ
പകലും രാവും, രണ്ടു
　　കാമുകന്മാരെപ്പോലെ!

വെള്ളമേലുടുപ്പുമായ്-
　　പ്പകലും, നീളെക്കാക്ക-
പ്പുള്ളികളെഴും നീല-
　　ക്കമ്പിളിയോടെ രാവും,

തങ്ങളിലടുക്കാത്ത
　　വൈരുദ്ധ്യങ്ങളെപ്പോലെ-
യങ്ങനെയനുരാഗ-
　　പ്പനിയും കൊണ്ടെത്തുമ്പോൾ,

രണ്ടുപേരെയുമൊപ്പം
　　പ്രേമിച്ചു, കരളിൻെറ
ചുണ്ടത്തു ചിരിയുമായ്
　　ചോടുവച്ചെത്തും സന്ധ്യ!

വീട്ടിലെപ്പടിഞ്ഞാറേ-
　　ക്കോലായിലിരു,ന്നെൻെറ
കൂട്ടുകാരുമായ് കാണാ-
　　റുണ്ടു ഞാനീ രംഗങ്ങൾ.

പരിവർത്തനത്തിന്നായ്-
ത്തുടിക്കും യാമങ്ങൾത-
ന്നരികിൽക്കൂടിപ്പട്ടു
ചേലയും വാരിച്ചുററി,

രണ്ടു കാമുകരുടെ
തോളിലുമലസം കൈ-
ത്തണ്ടുകൾ ചായ്ച്ചിട്ടേതോ
സ്വപ്നലേഖയെപ്പോലെ,

നൃത്തവേദിയിലെത്തും
സന്ധ്യയെ, സ്നേഹത്തിൻെറ
സത്യരൂപിണിയായി
വാഴ്ത്തുന്നൂ 'ഭജനക്കാർ!'

ഓർത്തുപോകാറുണ്ടെന്നും
ഞങ്ങളാത്തെരുവിലെ-
'ക്കാർത്തു'വിൻ വിശ്വപ്രേമ-
വ്യാപാരങ്ങളെപ്പററി!

കാമുകരവൾക്കൊരു
നൂറല്ല; നൂറാളോടു-
മോമനിച്ചവൾ ചൊല്ലും:
"കരളേ മറക്കല്ലേ...."

വേശ്യയാണവൾ; വഴി
മാറിയേ നടക്കൂ ഞാ-
നാശ്ശവത്തിനെക്കണ്ടാൽ; —
സന്ധ്യ മററൊരു വേശ്യ!

തങ്ങളിൽ വാളോങ്ങുന്ന
വൈരുദ്ധ്യങ്ങളെ,ത്തമ്മി-
ലെങ്ങനെയിണക്കുവാൻ? —
ഇണങ്ങീലിന്നോളവും!

ജീവിതത്തിലെയേതു
രംഗത്തും വളരാറു-
ണ്ടീവക വൈരുദ്ധ്യങ്ങൾ
കാലത്തിൻ പ്രയാണത്തിൽ!

സ്നേഹവാസനകളും;
രോഗവാസനകളും;
ആഹവസമാധാന,-
സംഹാരനിർമ്മാണങ്ങൾ!

രണ്ടിലും സ്നേഹത്തിൻെറ
ചൈതന്യം ദർശിക്കുവാൻ
രണ്ടിലും മാനുഷ്യക-
ത്തിൻെറ പൂവുകൾ തുന്നാൻ

നില്ക്കുമോ വളരുന്ന
യുഗത്തിൻ നിർമ്മാതാക്കൾ
സംസ്കാരനവോത്ഥാന-
വീണാവാദകർ നമ്മൾ

'ഇന്നലെകളി'ൽനിന്നു
കാൽവലി'ച്ചിന്നി'ൽ കുത്തി
മുന്നിലെ വാതായനം
തുറക്കാൻ നില്ക്കും നമ്മൾ,

പട്ടടപ്പറമ്പിന്നും
നന്ദനോദ്യാനത്തിന്നും
പച്ചതുന്നുകയാണോ
സ്നേഹശില്പത്തിൻ പേരിൽ?

നാളത്തെ യുഗത്തിൻെറ
ചൈതന്യം വിടർത്തേണ്ട
നാടിൻെറ സചേതന-
നിമിഷങ്ങളാം നമ്മൾ

മനുഷ്യൻ മനുഷ്യനെ-
ന്നോതുമ്പോൾ, യുഗങ്ങളെ-
യുണർത്തും സർഗ്ഗാത്മക-
ശക്തിയെയല്ലേ കാണ്മൂ?

ഭാവിതൻ കൂടാരത്തിൽ
തീയല പടർത്തുവാൻ
ജീവനിൽക്കത്തിക്കേറും
കണ്ടകശ്ശനികളെ

നാമെതിർക്കണം നീളെ,
മനുഷ്യൻ കൈചൂണ്ടുന്ന
നാളെയെ വിടർത്തുന്ന
നാദധാരയിലൂടെ!

മനുഷ്യൻ..... ജീവിക്കുന്ന
നിർമ്മാണശക്തിക്കല്ലേ
മനുഷ്യൻ, മനുഷ്യനെ-
ന്നോതുകയുള്ളൂ നമ്മൾ?

# നാലു രൂപ പന്ത്രണ്ടണ

മസൂരി വന്നു കുഞ്ഞിക്കേളനു
മകരക്കൊയ്ത്തിനു പോയപ്പോൾ;
കുരുത്തുപൊങ്ങീ ദേഹം നിറയെ,
കുഞ്ഞിത്താവൽത്തരിപോലെ!
പുതച്ചുമൂടിപ്പുഞ്ചവരമ്പിൽ
പുൽക്കതകളുടെ മറപററി
കിടന്നു കുഞ്ഞിക്കേളൻ, ചെന്തീ-
ക്കുടുക്ക കത്തും കരളോടെ!

പുഞ്ചവരമ്പിൽ കിഴുകാനെല്ലികൾ
പൂത്തുനില്ക്കും ചേലോടേ,
ഇരുണ്ട മെയ്യിൽ കൊടിയ മസൂരി-
ക്കുരുപ്പു പൊങ്ങണ കാണുമ്പോൾ,
അവയിലൊരായിരമിരുമ്പുസൂചിക-
ളാരോ കുത്തിത്തിരുകുമ്പോൾ,
കുഞ്ഞിക്കേളനു കരളിനകത്തെ
കുടുക്ക കത്തിപ്പുകയുമ്പോൾ,
മസൂരിപൊങ്ങിയ മാനത്താരോ
മണ്ണെണ്ണത്തിരി കത്തിക്കും!

മകരക്കൊയ്ത്തിനു വന്നവരെല്ലാം
മാടംകെട്ടിയിറങ്ങുമ്പോൾ,
അവയ്ക്കു ചുററും തമ്പ്രാക്കന്മാർ
അലഞ്ഞു ചൂളം കുത്തുമ്പോൾ,
അകലെക്കുടിലിൽ നീലിപ്പെണ്ണിൻ
തകരവിളക്കിനു മിഴി മങ്ങും!
പുഞ്ചവരമ്പിൽ തമ്മിലുരുമ്മി
പുന്നെല്ക്കതിർമണി കൊയ്യാനും,
കരളിന്നുള്ളിൽ കുരുത്തുപൊങ്ങും
കന്നിപ്പൂവുകൾ നുള്ളാനും,
വെററിലതിന്നേ ചുവന്ന ചുണ്ടുകൾ
മുട്ടിച്ചങ്ങനെ നില്ക്കാനും
മകരക്കൊയ്ത്തിനു വന്നവരാണവർ
മനസ്സിണങ്ങിയ ദമ്പതിമാർ!

'മസൂരി വലുതാണെ'ന്നേ ചൊല്ലീ
മലപ്പൊതിമാരും തമ്പ്രാനും.

അതു കേൾക്കുമ്പോൾ നീലിപ്പെണ്ണി-
ന്നാളിപ്പടരും വേദനകൾ!
കിനാവുചൂടിയ കതിരുകളാരോ
കൊയ്തുപെറുക്കും കരളോടെ,
നീലവരമ്പത്തിരുന്നുപോകും
നീലിപ്പെണ്ണൊരു നിഴൽപോലെ!
മരുന്നു നല്കീലൊന്നും,പക്ഷേ,
മടപൊതിമാരും തമ്പ്രാനും
കാരണമെന്തെന്നറിയാനായി
കവടിസ്സഞ്ചി വരുത്തിച്ചൂ!
കണിയാർ ചൊല്ലീ: "മനപ്പറമ്പിൽ
കുലദൈവങ്ങളു കോപിച്ചു...."

നേർച്ച നേർന്നൂ കുഞ്ഞിക്കേളൻ
നൂറും പാലും പായസവും,
മകരക്കൊയ്ത്തു കഴിഞ്ഞാലുടനെ
മാലവിളക്കും കാവടിയും!
നേർച്ച നേർന്നൂ നീലിപ്പെണ്ണൊരു
നെയ്യുവിളക്കും ദക്ഷിണയും
മനപ്പറമ്പിലെ ദൈവങ്ങൾക്കൊരു
മഞ്ഞപ്പട്ടും നിറപറയും!
(മസൂരി വിത്തുകൾ വാരിവിതയ്ക്കും
മനപ്പറമ്പിലെ ദൈവങ്ങൾ
നേടിയതാണീ വയലുകളെല്ലാം
നേർച്ചപ്പെട്ടി നിറഞ്ഞപ്പോൾ.)

മനയ്ക്കൽ മേവും തമ്പ്രാക്കന്മാർ
മരുന്നു നല്കീലെന്നാലും
ചാർത്തു കുറിച്ചൂ, വഴിപാടിന്നൊരു
ചാർത്തു കുറിച്ചൂ വേഗത്തിൽ!
മനപ്പറമ്പിലെയമ്പലനടയിൽ
മന്ത്രം ചൊല്ലീ പൂജാരി!
അടുത്തദിവസം പുഞ്ചവരമ്പ-
ത്താളുകൾ കൂടിയിരുന്നപ്പോൾ,
"മരിച്ചുപോയീ കുഞ്ഞിക്കേളൻ"
മടപൊതിമാർ വന്നറിയിച്ചു.
അകലെക്കുടിലിലെ നീലിപ്പെണ്ണിൻ
തകരവിളക്കിൻ മിഴി കെട്ടു!
മസൂരി പൊങ്ങിയ മാനത്തുന്നാ
മണ്ണെണ്ണവിളക്കെവിടെപ്പോയ്?

കിഴക്കു ദൂരേ പൊന്തൻകാടുകൾ
കിളർന്ന മലയടിവാരത്തിൽ
മസൂരി പൊങ്ങിയ രാവിൻ ദേഹം
മണ്ണിൽ മൂടിയ നേരത്തിൽ

തെള്ളിയെറിഞ്ഞു മാനത്താരോ
വെള്ളിവിളക്കും കത്തിച്ചു!

മനയ്ക്കൽ വാഴും തമ്പ്രാക്കന്മാർ
മരക്കൊയ്ത്തു കഴിഞ്ഞപ്പോൾ
മരിച്ച കുഞ്ഞിക്കേളനുവേണ്ടി
മാലവിളക്കുകൾ കത്തിച്ചു!
മനപ്പറമ്പിലെയമ്പലനടയിൽ
മന്ത്രം ചൊല്ലീ പൂജാരി!
നീലിപ്പെണ്ണിനു മകരക്കൊയ്ത്തിനു
കൂലി തീർത്തില്ലതുമൂലം!

മനപ്പറമ്പിലെ ദേവിക്കങ്ങനെ
മകരക്കൊയ്ത്തു കഴിഞ്ഞപ്പോൾ,
നാലുരൂപാ പന്ത്രണ്ടണയുടെ
നടവരവല്ലോ കൈവന്നൂ!

# കുചേലൻ കുഞ്ഞൻനായർ

കൃഷ്ണനെത്തല്ലീ കുചേലൻ, — ആ ധിക്കാര-
കൃത്യമിരമ്പീ ജനഹൃദയങ്ങളിൽ!
ആത്മാവിലെങ്ങാണ്ടു തേളു കടിച്ചപോ-
ലാൽത്തറസ്സന്യാസിമാരമ്പരന്നുപോയ്!
പല്ലും കടിച്ചെഴുന്നേററാക്കഥകളി-
പ്പന്തലിലേക്കു കരക്കാർ കുതിക്കവേ,
പുൽച്ചൂലുപോലാം മുടിക്കെട്ടു തുള്ളിച്ചു
ഗർജ്ജിച്ചു നാട്ടുപ്രമാണിമാരിങ്ങനെ:
"മാറി സ്ഥലംനോക്കു: കമ്മൂണിസത്തിന്നു
കേറിക്കളിക്കുവാനുള്ളതല്ലമ്പലം!"
കത്തിയടർന്നു,മനയോല പോയ്, കവിൾ
വീർത്തു വിഷണ്ണനായ് 'ദ്വാരകാപാലകൻ!'
(അക്കളിയോഗമുടമസ്ഥനാണയാൾ,
തെക്കേപ്പുരയ്ക്കലെശ്ശങ്കുണ്ണിമേനവൻ!)
തററുടുത്തോലക്കുടയുമൊരീരിഴ-
ച്ചുട്ടിക്കരത്തോർത്തുതുമ്പിൽ കിഴിയുമായ്
കൂനിക്കുചേലനായ് വന്ന കുഞ്ഞൻനായ-
രാ നിന്ന നില്പിലനങ്ങിയില്ലല്പവും!
രുഗ്മിണി (കേശവൻകുട്ടി) കുചേലൻെറ
കൈക്കു കടന്നുപിടിച്ചു മാററീടവേ,
സ്തബ്ധമായ് ചുററും സഭാവേദി; മദ്ദളം
ശബ്ദമടക്കി; വിളർത്തുപോയ് ചേങ്കില!
ദ്വാരകയിങ്കലവിൽപ്പൊതിയും കൊണ്ടൊ-
രാരണൻ ചെന്ന കഥയിലിന്നോളവും
തങ്ങളിൽ തല്ലിപ്പിരിഞ്ഞതായ് കേഴ്വിയി-
ല്ലെങ്ങനെ പിന്നെക്കലാശിച്ചു സംഭവം?

മൂക്കത്തു ചൂണ്ടുവിരലുമായ് നില്പു
നോക്കിനിന്നൂ ചിലർ; പാവമാണാ നടൻ!
ആവുകില്ലാർക്കും;..... കുചേലനായിത്ര ന-
ന്നാവുകില്ലാരും കളിയരങ്ങത്തൊരാൾ.
ആടുകയല്ല, പലപ്പൊഴും ജീവിക്ക-
യാണു രംഗത്താക്കഥാപാത്രമായയാൾ!

എട്ടു കുഞ്ഞുങ്ങളും ഭാര്യയുമായ് കൊടും-
പട്ടിണി തിന്നുമയാളുടെ ജീവിതം
വ്യത്യസ്തമായിരുന്നില്ല, കുചേലൻെറ
വൃത്താന്തവുമായ് പൊരുത്തപ്പെടുത്തിയാൽ!
നോവുകൾ, — ആത്മാവിൽ നീറിപ്പടരുന്ന
നോവുകൾക്കുള്ളിൽ കരിയും കിനാവുകൾ
അജ്ജീവിതത്തിൻ ചുമരിന്നകത്തൊരു
കൊച്ചുകനൽച്ചൂള നിർമ്മിച്ചിരിക്കണം!
പൊട്ടിപ്പൊടിയും ചുമരിൻെറ നെഞ്ചത്തു
കട്ടപിടിച്ചു പുകയിറക്കെട്ടുകൾ!
നാളെത്തകർന്നുപോം മൺചുമർ; പിന്നെയൊ-
രാളിപ്പടരലുണ്ടാക്കനൽച്ചൂളയിൽ!
വേഷവും കെട്ടിക്കളിയരങ്ങത്തയാൾ
ശോഷിച്ച മെയ്യുമായ് നില്ക്കുമ്പൊഴൊക്കെയും
ശ്രദ്ധിച്ചുനോക്കിയാൽ കാണു, മാത്തീച്ചൂള
കത്തിജ്ജ്വലിക്കുന്ന ദാഹകജ്വാലകൾ!

മുത്തണി 'കേശഭാരം' കിരീടം ചുമ-
ന്നെത്തിയിട്ടുണ്ടു പലപ്പൊഴും പണ്ടയാൾ;
യോജിച്ചിണങ്ങിയിരുന്നില്ലയാളിലാ
രാജചിഹ്നങ്ങളാം താടിയും കത്തിയും!
'രംഭ'യെച്ചെന്നാക്രമിക്കും 'ദശാസ്യ'ൻെറ
സംഭോഗശൃംഗാരമാവിഷ്കരിക്കുവാൻ,
തോററു പിൻവാങ്ങും സഹജനെക്കാട്ടിലേ-
ക്കാട്ടിയോടിക്കുന്ന 'പുഷ്കര'നാകുവാൻ,
മോഹിച്ചുമോഹിച്ചു 'പാഞ്ചാലി'യെക്കണ്ടു
ദാഹിച്ചുനില്ക്കുന്ന 'കീചക'നാകുവാൻ
തെല്ലും കഴിഞ്ഞിരുന്നില്ലയാൾ; —ക്കാത്മാവി-
നുള്ളിലിരമ്പും പ്രതിഷേധചിന്തകൾ!

ഇന്നാളരങ്ങത്തു ദുശ്ശാസനനായി
വന്നു കണ്ണീർവാർത്തു നിന്നുപോലാ നടൻ
'സൈരന്ധ്രി തന്നുടുവസ്ത്രം വലിച്ചഴി-
ച്ചാ രാജഹർമ്യത്തിലട്ടഹസിക്കവേ,
ഓർത്തു കുഞ്ഞൻനായർ പെട്ടെന്നു വീട്ടിലെ
'കാത്ത'യെ,ക്കേഴാൻ  വിതുമ്പും തനൂജയെ!
പിന്നെച്ചലിച്ചില്ല കൈകൾ; രംഗത്തുനി-
ന്നന്നു കണ്ണീരുമായ് പിൻതിരിഞ്ഞീടവേ
കാണികളത്ഭുതസ്തബ്ധരായ് നിന്നുപോയ്;
കാരണമെന്തെന്നു ചോദിച്ചതില്ലവർ!
ആ രാജകീയപ്രഭാവമാത്മാവിലേ-
ക്കാവിഷ്കരിച്ചു കലാശംചവിട്ടുവാൻ,
രാജസശൃംഗാരവീരരൗദ്രങ്ങൾത-
ന്നോജസ്സു ചോരാതഭിനയിച്ചീടുവാൻ,

ആവുകില്ലാ നട; —നില്ലായ്മയിൽനിന്നു
ജീവിതസ്വർഗ്ഗീയസൗധങ്ങൾ കെട്ടുവാൻ!

ആയിടയ്ക്കാണു കുചേലനായ് വേഷമി-
ട്ടാടാൻ നടാടെപ്പുറപ്പെട്ടതാ നടൻ.
വല്ലാത്തൊരാത്മവിശ്വാസം ഞരമ്പുകൾ-
ക്കുള്ളിൽ പുതിയൊരു ശക്തിയുൾച്ചേർക്കവേ,
അന്നരങ്ങത്തയാൾ ജീവിച്ചു; മററാർക്കു-
മിന്നേവരെയ്ക്കും കഴിയാത്തമാതിരി!
വേദന, കത്തിക്കയറും വിശപ്പിൻെറ
വേദന, നിന്നു പിടയ്ക്കുമാക്കൺകളിൽ
കാണികൾ കണ്ടൂ കിഴവൻകുചേലനെ,
പ്രാണൻ പൊരിയുന്ന പട്ടിണിക്കാരനെ!
ഉത്തരീയത്തിൻെറ കെട്ടഴിച്ചാ, ച്ചക്ര-
വർത്തിയാം കൃഷ്ണനവിൽപ്പൊതി നല്കവെ,
ഓർമ്മകൾക്കുള്ളിലൂടോരോ നിമേഷവു-
മോടിനടക്കും മിഴികളാൽ, കൈകളാൽ,
വാചാലഭാവവികാരത്തഴകളാൽ,
വാടിക്കരിഞ്ഞ കിനാവിൻെറ പൂക്കളാൽ
നെയ്തു കുഞ്ഞൻനായർ,നോവിൻെറ കണ്ണുനീർ
പെയ്തരങ്ങത്തു കുചേലൻെറ ജീവിതം!
ആ നടനൊപ്പം ചുടുനീർ നിറഞ്ഞുപോയ്
കാണാനിരുന്ന സദസ്യർക്കു കൺകളിൽ!

"അസ്സലായ് വേഷം..." അണിയറയ്ക്കുള്ളിലേ-
ക്കസ്സദസ്സോന്നോടെ പിൻതുടർന്നോതവേ,
ഉത്തരം നല്കി നടൻ: "എൻെറ വീട്ടിലെ
നിത്യയാഥാർത്ഥ്യങ്ങൾ ചിത്രീകരിച്ചു ഞാൻ
ഒന്നാണു ഞാനും കുചേലനും; പട്ടിണി
തിന്നാണു ജീവിതം ചെററമാടങ്ങളിൽ...."

പിന്നെ,ക്കളിയരങ്ങത്തു കുചേലനായ്-
ത്തന്നെ, പലവട്ടമാടിയിട്ടുണ്ടയാൾ!
മുമ്പിൽ, സദസ്സിൻെറയാത്മാവൊരു കൊച്ചു-
കുമ്പിളായ് നിൽക്കും വിടരുന്ന ചുണ്ടുമായ്!
ആ നടൻ, മുന്തിരിച്ചാറല്ല, കയ്പുനീ-
രാണതിന്നുള്ളിൽ പകരുന്നതെപ്പൊഴും.
കയ്പു വലിച്ചുകുടിക്കും മനുഷ്യൻെറ
കല്പനയ്ക്കുള്ളിൽ മദിരയുണ്ടാവുമോ?

അക്കളിയോഗം നടത്തിപ്പുകാരനാം
തെക്കെപ്പുരയ്ക്കലെശ്ശങ്കുണ്ണിമേനവൻ
എന്നും പതിവായരങ്ങത്തു കൃഷ്ണനായ്
വന്നു കൈനീട്ടിപ്പുണരും കുചേലനെ!
ചുണ്ടത്തു മന്ദഹാസത്തിൻെറ ചമ്പക-

ച്ചെണ്ടുമായ് തൻെറ സതീർത്ഥ്യനെപ്പുല്കുവാൻ
അന്നും കളിവിളക്കിൻ മുമ്പിലേക്കോടി-
വന്നൂ പതിവുപോൽ ശങ്കുണ്ണിമേനവൻ!
പീലികൾ കുത്തിയ മുത്തുക്കിരീടവും
കോലക്കുഴലുമായ് വന്ന ശ്രീകൃഷ്ണനെ
തൻകുടത്തണ്ടു വലിച്ചൂരി നാലഞ്ചു
തല്ലീ കുചേലൻ.... സദസ്സമ്പരന്നുപോയ്!
സ്തബ്ധമായ് ചുററും സഭാതലം; മദ്ദളം
ശബ്ദമടക്കീ, വിളർത്തുപോയ് ചേങ്കില!
കത്തിയടർന്നു, മനയോല പോയ്, കവിൾ
വീർത്തു വിഷണ്ണനായ് 'ദ്വാരകാപാലകൻ'
നിന്നു; കീഴ്ച്ചുണ്ടു കടിച്ചമർത്തിക്കൊണ്ടു
നിന്നു കുഞ്ഞൻനായർ കത്തുന്ന കണ്ണുമായ്!
പുൽച്ചൂലുപോലാം മുടിക്കെട്ടു തുള്ളിച്ചു
ഗർജ്ജിച്ച നാട്ടുപ്രമാണിമാരോടയാൾ
ചൂടുള്ള കണ്ണീരിറക്കിസ്സഗദ്ഗദം
ചോദിച്ചു: "നിങ്ങൾക്കറിയണോ കാരണം?"
പത്തു മുനമ്പുള്ളൊരഗ്നിനാളം നിന്നു
കത്തും കളിവിളക്കിൻ തിരിത്തുമ്പുപോൽ
നിന്ന കുഞ്ഞൻനായരാസ്സദസ്സിൻെറ നേർ-
ക്കൊന്നു തിരിഞ്ഞു പറഞ്ഞൂ പൊടുന്നനെ:
"...നിർത്തുന്നു ഞാനീത്തൊഴിൽ;—മേലിൽ വേഷമി-
ട്ടെത്തുകയില്ല കളിയരങ്ങത്തു ഞാൻ!
വയ്യ സഹിക്കുവാൻ ശങ്കുണ്ണിമേനോൻെറ
വഞ്ചന;—കാല്ക്കാശെനിക്കു നല്കിയില്ലയാൾ!
എന്നും കണക്കുതീർത്തുത്സവക്കാരോടു
ചെന്നു മേടിക്കും കളിപ്പണം മേനവൻ!
നാലുകാശാർക്കും കൊടുക്കില്ല; വാങ്ങിച്ചു
നാലഞ്ചു നല്ല പറമ്പും നിലങ്ങളും!

"നാടിൻ കൃതാർത്ഥാഭിനന്ദനാശ്ശിസ്സുകൾ
നേടി ഞാൻ, പഷ്ണികിടന്നുകൊണ്ടിത്രനാൾ!
ഒന്നാണു ഞാനും കുചേലനും; ദ്വാരക-
തന്നിൽ സതീർത്ഥ്യനെച്ചെന്നുകാണുംവരെ!
നേടാൻ കഴിഞ്ഞൂ കുചേലനതിൽപ്പിന്നെ
വാടിക്കൊഴിയാത്ത സമ്പൽസമൃദ്ധികൾ;
അക്കഥാഭാഗമഭിനയിക്കുമ്പൊഴെ-
ന്നുൾക്കളമുൽക്കടം നോവുമെല്ലായ്പൊഴും!

"ആടിക്കഴിഞ്ഞു ഞാൻ വീട്ടിലെത്തുംനേര-
മോടിയടുക്കും പതിനെട്ടു കണ്ണുകൾ!
ആഴക്കരിക്കു വകയവർക്കേകുവാ-
നാവാതെ നിന്നു ഞാൻ പൊട്ടിക്കരഞ്ഞുപോം.
എന്നുമരങ്ങത്തു മേനവനോടിവ-

ന്നെന്നെക്കരൾചേർത്തു പുല്കുന്ന വേളയിൽ,
നോവുമെൻ മാറിടം; വഞ്ചനതൻവിഷ-
ദ്രാവകമുള്ളിൽ നിറച്ച ചെപ്പാണയാൾ!
കൊല്ലുകയാണയാൾ; വൃന്ദാവനത്തിലെ-
പ്പുല്ലാങ്കുഴലിനെ, സ്നേഹൈകലോലനെ!
ചെപ്പയ്ക്കു രണ്ടു കൊടുത്തുപോയിന്നു ഞാൻ;
മാപ്പുതരട്ടേ; പണം തരില്ലെങ്കിലും!
നിർത്തുകയാണീത്തൊഴിൽ; മേലിൽ വേഷമി-
ട്ടെത്തുകയില്ല കളിയരങ്ങത്തു ഞാൻ...."

പുൽച്ചൂലുപോലാം മുടിക്കെട്ടു തുള്ളിച്ചു
ഗർജ്ജിച്ചു നാട്ടുപ്രമാണിമാരിപ്പൊഴും:
"കള്ളൻ കടന്നുവോ കൃഷ്ണൻ?...ഇല്ലെങ്കിലാ-
ച്ചെള്ളയ്ക്കു രണ്ടു കൊടുത്തേനെ ഞങ്ങളും...."

# അറുകൊലയമ്മാവൻ വന്നില്ല

“ഒരുകുടം കള്ളും പൂവൻകോഴിയും....”
അറുകൊലയമ്മാവൻ ഗർജ്ജിച്ചു!
തുറുകണ്ണുനിന്നു കറങ്ങുന്ന കണ്ടപ്പോൾ
തറവാട്ടുമൂപ്പില പേടിച്ചു!

കുടവും വീണയും; പുള്ളുവൻപാട്ടും
കുരവയുമാർപ്പും പൊങ്ങുന്നു!
കളമിട്ട തറവാട്ടുമുററത്തെപ്പന്തലിൽ
കളമൊഴിമാരെല്ലാം തുള്ളുന്നു.
തലയുമഴിച്ചിട്ടു നങ്ങേലി തുള്ളുമ്പോൾ
തരിവളക്കൂട്ടം ചിരിക്കുന്നു.
ഇരുപതിലെത്തിയ കാമാക്ഷിക്കുഞ്ഞിനു
കരളിൽ കേറുന്നൂ ‘പറനാഗം.’
പൂക്കിലതുള്ളിച്ചു മിണ്ടാതിരിക്കുന്നു
പൂച്ചക്കണ്ണുമായ് ‘മണിനാഗം’

പുള്ളുവർപാടീ:“തറവാടുനന്നാവാ
നുള്ളു കുളിർക്കണേ സർപ്പങ്ങൾ....”

തെങ്ങിൻതൈകൾക്കു കാററുപിടിക്കുമ്പോൾ
തെങ്ങോലക്കൂട്ടങ്ങളാടുംപോൽ
തറവാട്ടുമുററത്തു തലയാട്ടിത്തലയാട്ടി
തളരാതെ തുള്ളുന്നൂ പെണ്ണുങ്ങൾ.

പുള്ളുവർ പാടീ: “സന്തതിയുണ്ടാവാൻ
ഉള്ളുകുളിർക്കണേ സർപ്പങ്ങൾ....”

“ഒരുകുടം കള്ളും പൂവൻകോഴിയും....”
അറുകൊലയമ്മാവൻ ഗർജ്ജിച്ചു!
ഒരുമുഴം കയറും കഴുത്തിൽച്ചുററി,
കുറുവടി തുള്ളുന്ന കൈ നീട്ടി,
അറുകൊലയമ്മാവൻ ഗർജ്ജിക്കുമ്പോൾ
തറവാട്ടുമൂപ്പില ഞെട്ടുന്നു.
അരമുണ്ടഴിയുന്നു, ചുണ്ടു വിറയ്ക്കുന്നു,
തറവാട്ടുമൂപ്പില ഞെട്ടുന്നു!

പാടീ പുള്ളുവർ: “അറുകൊലത്തമ്പുരാൻ
പതിവായിത്തറവാടു കാക്കേണം!

എന്നും മുററത്തു പിഞ്ചുകാൽ കാണാൻ,
കുന്നുപോൽ സമ്പത്തു വർദ്ധിക്കാൻ,
ദുരിതങ്ങളൊന്നോടെയില്ലാതാവാൻ
അറുകൊലത്തമ്പുരാൻ കാക്കേണം..."

കുടവും വീണയും ശബ്ദിച്ചു; കിലുകിലെ
കുരവയുമാർപ്പും പൊങ്ങുന്നു.
അകലെക്കോഴിയും കള്ളും വന്നപ്പോൾ
അറുകൊല പൊട്ടിച്ചിരിക്കുന്നു!
ഒരുകുടം കള്ളും കോഴിയും തീർന്നപ്പോൾ
അറുകൊലയമ്മാവൻ ഗർജ്ജിച്ചു:
".....പണ്ടത്തെപ്പോലെന്നെപ്പൂജിക്കാത്തതെ;-
ന്തുണ്ണികളെന്നെ മറക്കാമോ?
തെക്കേ മാവിൻെറ താഴത്തൊരമ്പലം
വയ്ക്കാൻ നിങ്ങൾക്കു മടിയാണോ?
അറുകൊലയാണു ഞാൻ; കിട്ടൂമ്മാവനെ
അറിയുകില്ലിന്നത്തെക്കുഞ്ഞുങ്ങൾ...."

(നാട്ടിലെ മുത്തച്ഛന്മാർ-
ക്കോർമ്മിക്കാൻ കഴിഞ്ഞേക്കും;
കേട്ടുകാണണമവർ
'രായിരൻ കിട്ടൂശ്ശാരെ!'
അന്നത്തെ പ്രതാപത്തിൻ
കങ്കാളമായിത്തീർന്നോ-
രിന്നായർത്തറവാടിൻ
സ്ഥാപകനല്ലോ മൂപ്പർ!
'രായിരൻ കിട്ടൂശ്ശാർ'തൻ
കൈവിരലനങ്ങിയാ-
ലായിട,യ്ക്കീ നാടിൻെറ
ശക്തികൾ തലതാഴ്ത്തും!
നാടുവാണരുളിയ
രാജാവിൻ തിരുമുമ്പിൽ-
ക്കൂടിയും കസേരയി-
ട്ടിരുന്നിട്ടുണ്ടദ്ദേഹം!
ചുട്ട കോഴിയെപ്പോലും
പറപ്പിച്ചുയർത്തുന്ന
കിട്ടൂശ്ശാരൊരു മന്ത്ര-
വാദിയായിരുന്നപ്പോൾ,
അനങ്ങാൻ കഴിഞ്ഞിട്ടി-
ല്ലീ നാട്ടിൽ പ്രേതങ്ങൾക്കും
'പനങ്ങാട്ടമ്മൻകോവിൽ
കാളിക്കും' ഭൂതങ്ങൾക്കും!

അന്നൊരു കാലം കാളി
പകപോക്കുവാനായി-
ട്ടന്നാട്ടിൽ മസൂരിതൻ
വിത്തുകൾ വിതച്ചപ്പോൾ,

ആ മന്ത്രവാദിക്കന്നു
    സഹിച്ചി; — ലെരിതീയിൽ
ഹോമിക്കാൻ ഭാവിച്ചത്രേ
    ഭദ്രകാളിയെപ്പോലും!
പലരും തുള്ളിത്തുള്ളി-
    ക്കാഴ്ചവെച്ചിട്ടുണ്ടത്രേ
പലതും, പാടങ്ങളും
    പണവും തെങ്ങിൻതോപ്പും!

അങ്ങനെ തറവാടു
    പണിയി; —ച്ചതിന്നുള്ളി-
ലമ്പലങ്ങളും വച്ചു
    കിട്ടൂശ്ശാർ വാഴുംകാലം
മുററത്തെ മാവിൻകൊമ്പ-
    ത്തൊരുനാളൊരു കയർ-
ച്ചുററിലാ മനുഷ്യനെ-
    ക്കണ്ടു ഞെട്ടിപ്പോയ് ഗ്രാമം!
തേരട്ട പിടയുന്ന
    ഞരമ്പും മാന്തിക്കീറി-
ച്ചോരവാർന്നുറയുന്ന
    തുടയും തുറുകണ്ണും...
നീട്ടിയ നാവും വീർത്ത
    കഴുത്തും.....പേടിച്ചുപോയ്
നാട്ടുകാർ, കിട്ടൂശ്ശാരെ-
    ക്കയറിൻതുമ്പിൽ കാൺകെ!
സംഭവം, മുത്തശ്ശിമാർ
    പറഞ്ഞുകേട്ടിട്ടുള്ള
സംഭവമിതാ; — ണാരു-
    മാരോടും പറയല്ലേ!
ഗ്രാമത്തിലെങ്ങോവച്ചൊ-
    രർദ്ധരാത്രിയിൽ, ഭദ്ര-
കാളിയെയൊരു കൊച്ചു-
    പെൺകിടാവായിക്കാൺകെ,
സംഗതിയറിയാതെ
    കിട്ടൂശ്ശാർ പതുക്കനെ-
സ്സമ്മന്തംകൂടാൻ ചെന്നൂ
    മടിശ്ശീലയുമായി.
ചട്ടമ്പിമാരെപ്പോലെ
    ഭൂതങ്ങൾ കിട്ടൂശ്ശാരെ-
ക്കാട്ടുകമ്പിനു തല്ലി
    മാവിൻെറ കൊമ്പിൽ തൂക്കി.
ദേവിതൻ പ്രതികാര-
    മാണെന്നു ചിലർ മന്ത്ര-
വാദികളാരോ ചെയ്ത
    'മാരണ'മാണെന്നന്യർ;
പലതും കേൾക്കാനുണ്ടാ;-
    സ്സംഭവത്തിനെച്ചുററി-

പ്പലരും പറയാറു-
ണ്ടോരോരോ പുരാണങ്ങൾ!

അമ്പലത്തിലെ മുററം-
തൂപ്പുകാരിയാം 'കുട്ടി-
യമ്മ'യെക്കണ്ടേതാണ്ടു
കിട്ടൂശ്ശാർ ചോദിച്ചപ്പോൾ
ഒരുനാളവളുടെ
യാങ്ങളമാരാരാണ്ടു
കരുതിക്കൂട്ടിച്ചെയ്ത-
താണെന്ന ചരിത്രത്തെ,
അത്രവിശ്വസിച്ചിട്ടി-
ല്ലാളുകൾ, — കിട്ടൂശ്ശാർതൻ
സിദ്ധികളുടെ മുമ്പിൽ
പുല്ലല്ലേ പൊതുജനം!
സംഭവമെന്തായാലും,
കിട്ടൂശ്ശാരറുകൊല-
ക്കൊമ്പനായ് വിഹരിപ്പൂ
നാട്ടിടങ്ങളിലെങ്ങും!
പാതിരാകളിലിന്നും
ചൂളങ്ങൾ കേൾക്കാമത്രേ
പാതയിൽ കാണാമത്രേ,
കിട്ടൂശ്ശാരുടെ രൂപം!
മണ്ണിലുമാകാശത്തും
മുട്ടാതെ നാവും നീട്ടി
നിന്നീടുമത്രേ വാവും
വെള്ളിയാഴ്ചയും വന്നാൽ!
ഇക്കഥയോർമ്മിച്ചുപോയ്
ഞങ്ങ; — ളാ മുററത്തിപ്പോൾ
'ചക്കുരൽ നാറാപിള്ള'
തുള്ളുന്നൂ കിട്ടൂശ്ശാരായ്!)

അരമുണ്ടഴിയുന്നു, ചുണ്ടുവിറയ്ക്കുന്നു,
തറവാട്ടുമൂപ്പില ഞെട്ടുന്നു!
തെരുതെരെക്കുടുമമുറുക്കിക്കൊണ്ടയാൾ
അറുകൊലയോടൊന്നു ചോദിച്ചു:
"....അമ്പലം വയ്ക്കാം, പൂജ നടത്താം
സമ്പത്തും മേന്മയും നല്കാമോ!
പണമില്ലാഞ്ഞിട്ടും പാട്ടുനടത്താൻ
പണയത്തിലായല്ലോ തറവാടും.."
നീറിക്കത്തി, സർപ്പക്കാട്ടിലെ
നീലവിളക്കുകൾ കൺചിമ്മി!
കുഞ്ഞെലിമാളങ്ങൾ തപ്പിനടക്കുന്ന
മഞ്ഞച്ചേരകൾ തലനീട്ടി!
ഒച്ചകൾ കേട്ടിട്ടും തുള്ളലു കണ്ടിട്ടും
കൊച്ചുകിളികൾക്കു ചിരിവന്നു.

പുള്ളുവർ പാടീ:"സർപ്പത്താന്മാരേ,
നല്ലതു നല്കണേ തറവാട്ടിൽ!"

അറുകൊലതുള്ളിയനുഗ്രഹിച്ചപ്പോൾ
തറവാട്ടുമൂപ്പില പറയുന്നു:
"ഒരു തിരിയുണ്ടെനി, — ക്കീത്തറവാട്ടിൽ
അരുമയെപ്പോലെ വളർത്തീ ഞാൻ.
ജനകീയത്തിൻെറ പേരും പറഞ്ഞവൻ
ജയിലിൽക്കേറി നടക്കുന്നു.
ചന്തപ്പിള്ളേരെക്കൂട്ടുംപിടിച്ചവൻ
അന്തസ്സും വിററു നടക്കുന്നു.
അവനൊരു നല്ലതു തോന്നാനായി-
ട്ടറുകൊലയമ്മാവൻ കനിയേണം...."
അലറിച്ചാടിക്കൊണ്ടറുകൊലയമ്മാവ-
നതുകേട്ടിട്ടിങ്ങനെ ഗർജ്ജിച്ചു:
ആരാണ്ടെങ്ങാണ്ടു ചന്തക്കൂട്ടങ്ങൾ
അവനു കൊടുത്തല്ലോ കൂടോത്രം.
കിട്ടൂശ്ശാരുടെ ചൂരലു കണ്ടാൽ
കിട്ടിയതെല്ലാം ഛർദ്ദിക്കും..."

നൂറും പാലും കഴിച്ചുകൊണ്ടപ്പുറ-
ത്താറേഴു സർപ്പങ്ങൾ തുള്ളുന്നു.
കുടവും വീണയും.... പുള്ളുവൻപാട്ടും
കുരവയുമാർപ്പും പൊങ്ങുന്നു!
തറവാടു രക്ഷിക്കുമീശ്വരന്മാരുടെ
കരളു കുളിർക്കണ കണ്ടപ്പോൾ,
പുരയിടം പോയാലും പരലോകപുണ്യത്തിൻ
തിരികൾ തിളങ്ങണ കണ്ടപ്പോൾ,
അരിയാതെ പൂത്തുപോയ് പുളകപ്പൂവുകൾ
തറവാട്ടുമൂപ്പില,യ്ക്കാത്മാവിൽ!
(കാലം കടന്നു: പ്രതീക്ഷകൾതൻ മണി-
ത്താലങ്ങളേന്തിക്കുതിച്ചുപോയ് നാളുകൾ.
അഞ്ചാറുവട്ടം പടം കൊഴിഞ്ഞൂ,കാട്ടു-
പൊൻചേരകൾക്കാക്കൊടുംകാടകങ്ങളിൽ!
ഓലമേയാതെ മഴയത്തു ചോരുമാ
നാലുകെട്ടുള്ള തറവാട്ടിലിപ്പൊഴും
പൊങ്ങും ചിതൽപ്പുററു തട്ടിക്കളഞ്ഞുകൊ-
ണ്ടങ്ങനെ ജീവിച്ചുപോരുന്നു മൂപ്പില!
നൊമ്പരം വിങ്ങും, ഹൃദയത്തിൽ മൂപ്പർക്കു
തന്മകനെപ്പററിയൊന്നോർത്തുപോവുകിൽ.
കാണും, കിനാവിലാ ഭാഗധേയത്തിൻെറ
ചേണാർന്ന തങ്കക്കതിരൊളി മൂപ്പില!
ജീവിതത്തിൻെറ ചൊറിയണക്കാട്ടിലോ
ഓടി സാക്ഷിക്കുന്നു മാണിക്യമുത്തുകൾ?)

ഒരുനാളിലഞ്ചാറാളുകൾ കുടിയാ-
ത്തറവാടുജപ്തിക്കു വന്നെത്തി!
കുടിയാൻ ലോനനും കോടതിയാമ്യനും
പടികടന്നങ്ങോട്ടു ചെന്നപ്പോൾ,
കരളിലൂടൊരു കൊള്ളിയാൻ പായുന്ന
തറവാട്ടുമൂപ്പില ചോദിച്ചു:
“സർപ്പംപാട്ടു നടത്തുവാനായി
സ്വല്പം രൂപ ഞാൻ മേടിച്ചു;
അതിനീച്ചിതമുള്ള തറവാടു മോഹിക്കാൻ
മുതിരണോ, മുതിരണോ, ലോനപ്പാ....”
കുടിയാൻ ലോനനും കോടതിയാമ്യനും
കുടുകുടെയൊന്നു ചിരിച്ചോതി:
“സർപ്പംപാട്ടിന്നു തറവാടുപോയാലും
സർപ്പത്താന്മാരു തന്നോളും!”
അരമുണ്ടഴിയുന്നു, ചുണ്ടുവിറയ്ക്കുന്നു,
തറവാട്ടുമൂപ്പില ഞെട്ടുന്നു!
ഭരദൈവങ്ങളെ പ്രാർത്ഥിച്ചുനിന്നൂ,
വിറകൈ കൂപ്പിക്കൊണ്ടദ്ദേഹം!
തറവാടു ലോനപ്പൻ ജപ്തിചെയ്തപ്പൊഴും
അറുകൊലയമ്മാവൻ വന്നില്ല!
തെരുവിൽ മൂപ്പില തെണ്ടാൻ പോയിട്ടും
അറുകൊലയമ്മാവൻ വന്നില്ല!

# രക്തവും പൂക്കളും

[വിശ്വപൗരന്മാർക്കു വിപ്ലവാഭിവാദനങ്ങൾ നല്കാൻ ഉയർ-
സോവിയററുനാടിൻെറ കൈയിലെ പനിനീർപ്പൂച്ചെണ്ടുപോലെ, ലെ
ആ രക്തനക്ഷത്രം വെളിച്ചം വീഴുകയാണ്. അതിൻെറ തുടുത്ത കവിദ
പോലെ 'നവംബർ ഏഴി'ൻെറ പ്രഭാതം വിടർന്നുവരികയാണ്. സേ
ജനതയുടെ അഭിലാഷങ്ങളും സ്വപ്നങ്ങളും സാക്ഷാൽക്കരിക
ദിവസത്തെ ധന്യമായ ചിഹ്നം എത്രയോ തവണ കലണ്ടറുകളിൽ
പ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. മോസ്കോവിലെ തൊഴിലാളി
ലൊന്നിലിരുന്നു ചിന്തിക്കുന്ന, ജീവിതത്തിൻെറ ഉത്തരാർദ്ധത്തി
ഒരു മനുഷ്യൻെറ നവംബർ ഏഴാംതീയതിയിലെ വിചാരധാരക
കവിതയിലെ പ്രമേയം]

**ജീ**വിതത്തിൻ മനോജ്ഞസംഗീതം
ജീവനിൽക്കൂടി വീണമീട്ടുമ്പോൾ,
പ്രേമഭാവന പൂവിട്ടുപൂവി,-
ട്ടോമലാൾതൻ ചൊടി വിടരുമ്പോൾ,
കാട്ടുപൂക്കൾപോൽ പുഞ്ചിരിച്ചെത്തും
കൂട്ടുകാർതൻ കരൾ തുടിക്കുമ്പോൾ,
സ്നേഹഗീതപോലെൻ സവിധത്തിൽ
ഗേഹലക്ഷ്മിയാമമ്മ നില്ക്കുമ്പോൾ
അഞ്ചിതാർദ്രമാം പുഞ്ചിരിതൂകി
പിഞ്ചുകുഞ്ഞുങ്ങൾ വന്നു കൊഞ്ചുമ്പോൾ,
ജീവിതത്തിൻെറ വേദിയിൽ വിത്തും
തൂവി, വാടാത്ത കൈകൾ നീങ്ങുമ്പോൾ,
ഞാററുവേലകൾ പാടങ്ങൾതോറും
പാട്ടുപാടിക്കതിരുയർത്തുമ്പോൾ,
പിഞ്ചുതത്തകൾ പാടുന്ന കാടിൻ
നെഞ്ചിലൊക്കെക്കിനാവു പൂക്കുമ്പോൾ,
മോചനത്തൃക്കൊടിത്തുകിൽ വാനിൻ
മേചകത്തോപ്പിൽ നൃത്തമാടുമ്പോൾ,
ശാന്തിതൻ തേരൊലിയുമായ് നാടിൻ
കാന്തിപൂരം കിഴക്കുദിക്കുമ്പോൾ,
എൻകരളിൻ മടക്കുകൾക്കുള്ളിൽ
പൊങ്ങുമായിരം രക്തരംഗങ്ങൾ!

ഞാൻ ചവിട്ടും മണൽത്തരിക്കുള്ളിൽ,
ഞാൻ ശ്വസിക്കും കുളിർകാററിനുള്ളിൽ,
മർത്ത്യരക്തം കലർന്നിരിക്കുന്നു
മർത്ത്യരക്തം; — നിനവുകൾക്കുള്ളിൽ!

പണ്ടു പൂക്കൾ വിരിയാത്ത കാലം,
പണ്ടു സ്വപ്നങ്ങൾ നീറുന്ന കാലം,
സ്വർഗ്ഗശില്പസമർത്ഥമാം മർത്ത്യ-
സർഗ്ഗശക്തി തകരുന്ന കാലം,
ഭീകരങ്ങൾ നിശീഥങ്ങളെങ്ങും
മൂകതയെപ്പൊതിയുന്ന കാലം,
കൊയ്ത്തുപാടങ്ങൾ മാറത്തു തീയും,
പൊത്തിവെച്ചു പുകയുന്ന കാലം
എങ്ങുമെങ്ങും മനുഷ്യൻ വരുമ്പോൾ
ചങ്ങലകൾ കിലുങ്ങുന്ന കാലം,
വാ തുറന്നാൽ കിരീടങ്ങൾ കൈയിൽ
വാളുമായ് വന്നലറുന്ന കാലം, —
നല്ല നാടിനായ് ജീവിതം ഹോമി-
ച്ചല്ലൽ തിന്ന പടകുടീരങ്ങൾ
അന്നു ചിന്തിയ ജീവിതരക്തം
ഓർത്തുപോകുന്നു ഞാനാച്ചരിത്രം
തീർത്ത രക്തത്തടങ്ങളെപ്പററി!
ഓർത്തുപോകുന്നു, നാടാകമാനം
നീർത്ത ചെങ്കൊടിത്തണ്ടിനെപ്പററി!

പൊൻകിനാക്കളെസ്സാക്ഷാൽക്കരിക്കാൻ
ചെങ്കൊടിത്തുകിൽ കാററിലന്നാടി!
നീറിനിന്ന പുരുഷാന്തരങ്ങൾ
കേറിവന്നു വിമോചനപ്പോരിൽ
മത്തടിച്ച കിരീടങ്ങളെല്ലാം
മർത്ത്യശക്തിപ്രവാഹത്തിൽ മുങ്ങി!
രത്നസിംഹാസനപ്രതാപങ്ങൾ
റദ്ദുചെയ്ത മനുഷ്യൻ ചിരിച്ചു!
മായുകില്ലാ നവോദയോന്മേഷം;
മായുകില്ലാ ദിനാന്തസന്ദേശം:
"ഒന്നുമില്ലാത്ത നാട്ടുകാർക്കായി
ധന്യയാം റഷ്യ മോചിതയായി....!"
ആകമാനമാശ്ശബ്ദം മുഴക്കീ
'വോൾഗ'യിലെത്തരംഗങ്ങൾ വീണ്ടും!
വാടുകില്ലാത്ത പൊൻമലർത്തോപ്പായ്
നാടുയർത്തിയ നിർമ്മാണശക്തി,
ലോകമാകെ വെളിച്ചം പരത്തും
ഭാഗധേയയുഗസ്സർഗ്ഗശക്തി,
പുഷ്പമർപ്പിച്ചു നീളെ 'യൊക്ടോബർ-
വിപ്ലവ'ത്തിൻ സ്മൃതിമണ്ഡപത്തിൽ!

എൻെറ ചുററും മുഴങ്ങുമാഹ്ലാദ-
ത്തിൻെറ മഞ്ജീരശിഞ്ജിതനാദം
ധന്യവാദങ്ങൾ നല്കുന്നു ലോക-
ത്തിന്നു, റഷ്യൻസമരദിനത്തിൽ!

# സന്യാസി

പ്രസംഗവേദിയിലെണീററുനിന്നൂ
പ്രസിദ്ധനാമസ്സന്യാസി!
കാവിയുടുപ്പുകളണിഞ്ഞുകൊണ്ടേ
കൈയുകൾ കൂപ്പീ സന്യാസി!
തുടുത്ത കൈത്തണ്ടിന്മേൽപ്പറ്റി-
ക്കിടന്ന വാച്ചൊരു നക്ഷത്രം!
ശിരസ്സു മുണ്ഡിതമാ, മതിനുള്ളിൽ
നിറഞ്ഞിരിപ്പൂ വേദാന്തം.
ചിരിച്ചിടുമ്പോൾ സ്വർണ്ണപ്പല്ലിൻ
ചിനപ്പിനുണ്ടൊരു ചൈതന്യം.
സദസ്സിലാളുകളനവധി കൂടി;
സാഗരമലറിയിരമ്പുന്നോ?
ഒലിച്ചുചേർന്നൂ ഞാനതിനുള്ളിലൊ-
രലിഞ്ഞുപോവും സ്വപ്നംപോൽ!

പ്രസംഗമാരംഭിച്ചൂ മെല്ലെ
പ്രസിദ്ധനാമസ്സന്യാസി.
അലച്ചിരമ്പിക്കയറും ശൈലികൾ
അയത്നമങ്ങനെയൊഴുകുന്നു!
അഖണ്ഡതത്വപ്പവിഴച്ചിപ്പികൾ
അവയ്ക്കകത്തുണ്ടൊട്ടേറെ!
"....യുഗങ്ങൾതോറും വന്നെത്താറു-
ണ്ടകന്മഷന്മാരവധൂതർ;
പ്രപഞ്ചമവരുടെ മടിയിലൊരത്ഭുത-
വിപഞ്ചിമാതിരി തലചായ്ക്കും!
അവർക്കു ജീവിതമങ്ങേ ലോക-
ത്തണഞ്ഞിടാനൊരു ദിവ്യരഥം.
അവർക്കു ജീവിതമിങ്ങേ ലോക-
ത്തമർത്യനിർവൃതിസാധനയും!....."
പ്രസംഗമങ്ങനെ കൊഴുത്തുവന്നൂ;
രസിച്ചുനിന്നൂ സന്യാസി!
ഇടയ്ക്കു സംസ്കൃതഡിണ്ഡിമശബ്ദം
തൊടുത്തുവിട്ടൂ സന്യാസി!

ശ്രുതിസ്മൃതിത്താൾച്ചുരുളുകളനവധി
വിതിർത്തുവച്ചൂ സന്യാസി!
വേദം ചൊല്ലീ, ഗീത പാടീ,
വേദിയനാമസ്സന്യാസി!

മനുഷ്യരൊക്കെപ്പാപികളാണെ-
ന്നുണർത്തി വീണ്ടും സന്യാസി!
മനുഷ്യജന്മം കീടോപമമെ-
ന്നനുസ്മരിച്ചു സന്യാസി!
"കുറഞ്ഞുനാട്ടിൽ ദൈവസ്നേഹം..."
കരഞ്ഞു ചൊല്ലീ സന്യാസി.
വിശപ്പുവന്നാൽ നാമംചൊല്ലാൻ
വിളിച്ചുചൊല്ലി സന്യാസി.
"വളർത്തിടൊല്ലേ കമ്മ്യൂണിസ"മെ-
ന്നലറിത്തുള്ളീ സന്യാസി.
മഹർഷികൽപന്മാരാം കവികൾ
മനുഷ്യഗാഥകളെഴുതുമ്പോൾ,
അനുസ്മരിക്കണമാത്മാവിനെയെ-
ന്നാജ്ഞാപിച്ചൂ സന്യാസി...
ഇടയ്ക്കു ഗീതാശ്ലോകപരമ്പര-
യടിച്ചുതിരുകും സന്യാസി!
പ്രസംഗമവസാനിച്ചു, പിന്നെ
പ്രസിദ്ധനാമസ്സന്യാസി
പണിചെയ്യിക്കും കോളേജിന്നായ്
പണം പിരിക്കാനെഴുന്നേററു!

ഓർത്തുപോയ് ഞാൻ പലതും പെട്ടെ-
ന്നൊററയ്ക്കങ്ങനെ നിന്നപ്പോൾ,
എൻെറ പൂർവികർ നാരായംകൊ-
ണ്ടെഴുതിയ പഴയ ചരിത്രങ്ങൾ!
അഞ്ചു തെണ്ടികൾ പണ്ടൊരുകാല-
ത്തടരിനുപോയ ചരിത്രങ്ങൾ:
വിശന്നു നാടും വീടും വിട്ടവർ
വീഥികൾതോറും തെണ്ടിയനാൾ,
അവരെക്കൊല്ലാനധികാരികള-
ന്നരക്കുകൊണ്ടൊരു പുര കെട്ടി!
കള്ളച്ചൂതിൽ തോല്പിച്ചവരെ
കടത്തിവിട്ടൂ കാടുകളിൽ;
അരമനയിൽവച്ചവരുടെ പെണ്ണിനെ-
യവമാനിച്ചൂ ഭരണക്കാർ!
ആ യുഗത്തിലെ മാനവനേതാ,-
വാ യുഗത്തിലെ മാനവജേതാ,-
വാ മനുഷ്യരെ രക്ഷിക്കാനാ-
യണഞ്ഞിതവരുടെ സന്നിധിയിൽ!

ഓർത്തുപോയ് ഞാനക്കഥ പെട്ടെ-
ന്നൊററയ്ക്കങ്ങനെ നിന്നപ്പോൾ;
പറഞ്ഞുപോയെന്നാത്മാവിങ്ങനെ
പറന്നുപോകുംനേരത്തിൽ,

"അഞ്ചു തെണ്ടികളൊത്തൊരുമിച്ച-
ന്നലഞ്ഞ ഭാരതവർഷത്തിൽ,
അവർക്കുവേണ്ടിസ്സമരം ചെയ്യാ-
നണഞ്ഞ ഗീതാകർത്താവേ,
ഭവാന്റെ പേരിൽ കാവിയുടുത്തീ
പരാന്നഭോജികളലറുന്നൂ!
അഞ്ചല്ലിവിടെത്തെണ്ടികൾ; നാട്ടിലൊ-
രമ്പതിനായിരമലയുമ്പോൾ,
അവർക്കുവേണ്ടിസ്സംസാരിപ്പവ-
രിവരുടെ കണ്ണിൽ കൊള്ളക്കാർ!
ഭയപ്പെടുന്നൂ ഞാനീക്കാവി-
പ്പുതപ്പുകാരെക്കാണുമ്പോൾ!
ചരിത്രയാഥാർത്ഥ്യങ്ങളെയിട്ടവർ
ചതച്ചു ഞെക്കിക്കൊല്ലുന്നൂ!
അന്തിയുടുക്കും കാവിയുടുപ്പി-
ന്നകത്തിരിക്കും കൂരിരുളേ,
ഭയപ്പെടുന്നേൻ: പാതിരതോറും
പണംപിരിക്കാൻ നീയെത്തും!"

## എഴുത്തുകാരോട്

ക്ലബ്ബിൽ ഞാൻ പോരുന്നില്ല
നിങ്ങളോടൊപ്പം, ചായ-
ക്കപ്പിന്റെ വക്കത്തെന്നു
ചുണ്ടും വച്ചിരിക്കുവാൻ.

ചായ മോന്തുമ്പോൾ, നിങ്ങൾ
നിരന്നുകിടക്കുമ്പോൾ
ചായക്കോപ്പകൾ,പക്ഷേ,
ഞാൻ തല്ലിത്തകർത്തേക്കും.

കയറിത്തന്മേശമേൽ
നിന്നു ഞാൻ പ്രഖ്യാപിക്കും:
"കവികൾ ശ്രദ്ധിക്കുക;
സാഹിത്യകാരന്മാരും.

ചായയിൽ മുങ്ങിച്ചാകും
കണ്ണുകളോടെ നിങ്ങ-
ളാ യജമാനന്മാർക്കായ്
നിർമ്മാണം നടത്തുന്നു!

എഴുതാനിരിക്കുമീ-
യിരിപ്പിൽ,തേഞ്ഞിട്ടില്ലേ
മുഴുവൻ,മുഴുവനാ-
സ്സിൽക്കണിക്കൈമുട്ടുകൾ?

കണ്ണുകളുയർത്താമോ,
നിങ്ങൾക്കാ നിറഗ്ലാസ്സിൽ-
നിന്നു; കൈവിരലുകൾ
നീലവേണിയിൽനിന്നും?

ചുമരിൽ, കലണ്ടറിൽ,
മയങ്ങും മിഴിനട്ടു
ചുമലൊത്തിരിക്കുമെൻ-
സുഹൃത്തുക്കളേ, നിങ്ങൾ

*മയാക്കോവിസ്കിയുടെ ഒരു കവിതയുടെ സ്വതന്ത്രവിവർത്തനം.

എങ്ങനെ ബന്ധപ്പെട്ടു
മാതൃഭാഷയിലുള്ള
മംഗളമനോഹര-
പദജാലവുമായി?

കേട്ടിരിക്കില്ലേ നിങ്ങൾ,
കാവ്യനിർമ്മാണം നിർത്തി
നാട്ടുകൊള്ളയ്ക്കായ്പ്പോയ
'ഫ്രാങ്കോവില്ല' നെപ്പററി?

(ഭാവനാസമ്പന്നമാ-
മക്കരൾപ്പൂവിൽ,കൊല-
പാതകിയുടെ വിഷ-
പ്പല്ലുകൾ മുളപ്പിക്കാൻ

നാലഞ്ചുഞൊടികളേ
വേണ്ടിവന്നുള്ളൂ നിങ്ങൾ
താലോലിച്ചുയർത്തുമീ-
സ്സാഹചര്യങ്ങൾക്കന്നും!)

ചെറുതാമൊരു പേനാ-
ക്കത്തി കാണുമ്പോൾപ്പോലും
വെറുതേ വിറയ്ക്കുന്ന
ചുണകെട്ടവർ നിങ്ങൾ

വീമ്പിളക്കുന്നു, നീളെ
നാളത്തെ വസന്തങ്ങൾ
നാമ്പിടും യുഗത്തിൻെറ
ഭാരവാഹികളായി!

ഒന്നു ഞാൻ ചോദിക്കട്ടെ:
കൈവശം നിങ്ങൾക്കെന്തു;-
'ണ്ടിന്നിനെ', ജീവിക്കുന്നൊ-
'രിന്നിനെ'പ്പകർത്തുവാൻ?

മാന്യരാം കവികളേ,
തളർന്നില്ലേന്നോ നിങ്ങൾ,
ശൂന്യതകളെച്ചൊല്ലി-
ത്താളുകൾ നിറച്ചിട്ടും?

ഇന്നോളം രാജാങ്കണ-
ശുദ്ധിയെപ്പററി, ക്കൊഞ്ചും
പൊന്നോമലാളിൻ പ്രേമോ-
ന്മാദശക്തിയെപ്പററി?

എഴുതിക്കുഴഞ്ഞിലേ
　　പേനയും കൈയും, നാളെ-
ക്കൊഴിയാൻ വിടരുന്ന
　　ലില്ലിപ്പൂക്കളെപ്പററി

നിങ്ങളൊക്കെയുമാണു
　　നാടിൻെറ നിർമ്മാതാക്ക-
ളെങ്കിൽ ഞാൻ കലയുടെ
　　മുഖത്തു നീട്ടിത്തുപ്പും!

അല്ലെങ്കിൽപ്പുതിയൊരു
　　പീടിക തുറക്കും ഞാൻ-
കൊള്ളയും ചതിയുംകൊ-
　　ണ്ടെൻകീശ നിറയട്ടേ!

ഇഴയും മദിരതൻ
　　ഗാനത്തിൽ മുങ്ങി,ക്കണ്ട
വഴിയമ്പലത്തിൻെറ
　　പൊങ്ങിയ ചുമരിന്മേൽ

ഒരുനാളെന്നാത്മാവു
　　ഞാൻ തുപ്പിത്തെറിപ്പിക്കും,
മറുനാട്ടുകാർ വന്നീ-
　　ഗ്ഗതികേടുകൾ കാണാൻ!

പുലരും തലമുറ
　　നിങ്ങളെക്കൈചൂണ്ടിക്കൊ-
ണ്ടലറും: 'മുടിച്ചുരു-
　　ളനക്കാത്തവർ നിങ്ങൾ.'

ചിന്തയില്ലൊന്നുംവേറെ
　　നിങ്ങൾക്കീച്ചുരുൾമുടി
ചീകിവയ്ക്കുകയല്ലാ,-
　　തെണ്ണയും സെൻറും പൂശി

ചീവുക, പതുക്കനെ-
　　ച്ചീവുക,—കാലത്തിൻെറ
കൈവിരൽ തൊടുമ്പോളാ-
　　ച്ചാരുത മങ്ങിപ്പോകും!

കാരണമെന്തെന്നല്ലേ, —
　　സമ്മതിക്കുകയില്ല
കാല, മീ മുടിയെന്നും
　　ചീകുവാൻ മിനുക്കുവാൻ."

# എന്റെ മാറ്റൊലിക്കവിതകൾ

മെയ് 1957

# കവിതകൾ

ഒരു പനിനീർപ്പൂവിൻെറ കഥ
ഒരു മാററൊലിക്കവി
മഹാബലിയും പരശുരാമനും തമ്മിലൊരു യുദ്ധം
തറവാടിൻെറ മാനം
ആവിവണ്ടി
നാടിൻെറ നാദം
മറുനാട്ടിലെ കുഞ്ഞൻമേനോനും തങ്കമ്മയ്ക്കും
അവർക്കും ഓണമുണ്ടായിരുന്നു
ശക്തിയുടെ സൈറൺ
ചോര
തെലുങ്കാനയിലെ അമ്മ
കൊലപാതകികൾ
അമ്മയും ചോരക്കുഞ്ഞും
ഞാൻ കൈചൂണ്ടുന്നു

കുറെ വർഷങ്ങൾക്കുമുമ്പ് എന്റെ ഒരു കവിതാസമാഹാ
ത്തിറങ്ങിയിരുന്നു, *നാടിന്റെ നാദം* എന്ന പേരിൽ. രണ്ടാംപ
കാലമായപ്പോൾ, ഞാൻ വീണ്ടും അതെടുത്തൊന്നു വായിച്ചു
എന്റെ ആദ്യകാലകവിതകളിൽ ചിലവ ഞാനതിൽനിന്
കളഞ്ഞു. പുതിയ നാലഞ്ചു കവിതകൾ ചേർക്കുകയുംചെയ്തു.
ട്ടുള്ള പഴയ കവിതകൾ ഒന്നും ഞാൻ തിരുത്താൻ ശ്രമിച്ചിട്ടി

**വയലാർ രാ**

# ഒരു പനിനീർപ്പൂവിൻെറ കഥ

ഒരു പുലരിയിൽ നൂറുനൂറു വെള്ളിൽ-
ക്കുരുവികൾ വിണ്ണിൽ വിളക്കുവെച്ചനാളിൽ,
കുറുമൊഴികൾ കുണുങ്ങിനിന്നകാല-
ത്തൊരു പനിനീരലരെന്നിലും വിരിഞ്ഞൂ.

അകൃതകമധുരാഭിവാഞ്ഛ, മണ്ണിൽ
സുകൃതശതങ്ങളിൽ നിന്നു നൃത്തമാടി,
'തകൃതിമികൾ' മുഴങ്ങി, നൽകി വിശ്വ-
പ്രകൃതിയതിന്നൊരു കുങ്കുമക്കിരീടം!

തളിരിതളുലയും കിഴക്കുദിക്കിൻ
കുളിരല ചൂടിയ താമരക്കുളങ്ങൾ,
കിളിമൊഴികളിലൂടെ നല്കി നൽപ്പൂ-
വിളികളിലൂടെയുമന്നു ധന്യവാദം!

തലമുറകൾ കുരുത്തു പൂത്തു വാടി-
ത്തളരുമനന്തയുഗാന്തരങ്ങൾതോറും
കലയുടെ മണിവീണമീട്ടിവന്നൂ
ചില; —രവർ തീർത്തതിതെൻെറ പുഷ്പവാടി!

ഇരുളറകളി,ലന്തരിന്ദ്രിയത്തിൽ
തിരുകിയ വാൾമുന കൈയിലൂരിവീശി
ഒരു ചടുലസമീരനോടിവന്നെ-
ന്നരികിലിരുന്നു കുരുന്നുപൂവു നുള്ളാൻ.

മലർവനികളിൽനിന്നു കുങ്കുമപ്പൂ-
ങ്കുലകൾ പറിച്ചു വലിച്ചെറിഞ്ഞുചെല്ലാൻ,
മലമുകളിലെ മന്ത്രമണ്ഡപത്തിൽ
ചില രജനീചരരാജ്ഞനൽകിയത്രേ!

    നിറുകയിലിരുളിൻെറ കൂടുമായ് വ,-
ന്നൊരു വിരൽചൂണ്ടിയ തെന്നലിൻെറ കൈയിൽ,
ഒരു ചെറുപനിനീർക്കുടം കൊടുത്തു
നറുമലരിൻെറ നിറഞ്ഞ പാനപാത്രം!

# ഒരു മാററൊലിക്കവി

ഒരു മാററൊലിക്കവി വന്നു നില്ക്കുന്നൂ മുന്നിൽ,
കരളിൻ കൈക്കുമ്പിളിലീ പ്രപഞ്ചവുമായി!

എന്നന്തർഗൃഹത്തിൻെറ ചില്ലുവാതിലിൽ കണ്ട
വർണ്ണങ്ങൾ കാലത്തിൻെറ പൊൻചുമരെഴുത്തുകൾ.

ഈ വിശ്വപ്രകൃതിയിലെങ്ങാനുമൊരു മുല്ല-
പ്പൂവിതൾ വിരിഞ്ഞാ,ലതെന്നിലും വിരിയുന്നൂ.

കാട്ടിലെക്കതിർകാണാക്കിളി പാടിയാൽ, മുളം-
കൂട്ടിലെത്തത്തമ്മയ്ക്കു നൊമ്പരം വിതുമ്പിയാൽ,

വന്നലച്ചീടും; പിന്നെ മറെറാന്നായ് രൂപംകൊള്ളു-
മെന്നന്തർലോകത്തിലാ ഗാനവും വിതുമ്പലും!

കുന്നുകളെന്നിൽ ധ്യാനമൂകരായ് നിലകൊൾവൂ;
നിന്നെന്നിലിരമ്പുന്നൂ ജീവിതസമുദ്രങ്ങൾ!

അക്കടൽത്തിരകളിലാണ്ടുമുങ്ങാറുണ്ടെൻെറ
സർഗ്ഗഭാവന, മുത്തും ചെമ്മീനും തിരയുവാൻ

സാഗരഹൃദയത്തിൻ ജീവശക്തികൾക്കെല്ലാം
സ്വാഗതമരുളും ഞാൻ —മുത്തിനും ചെമ്മീനിനും

എന്നിലിക്കേൾക്കും ശബ്ദമീ പ്രപഞ്ചത്തിൻ പ്രതി-
സ്പന്ദനമാ, — ണങ്ങനെ മാററൊലിക്കവിയായ് ഞാൻ:

"ഒരു മാററൊലിക്കവി വന്നു നില്ക്കുന്നൂ മുന്നിൽ
ഒരു മാററൊലിക്കവി; ഗോപുരം കാവല്ക്കാരേ!

ടിക്കററി,ല്ലൊരു കോംപ്ലിമെൻററിപ്പാസില്ലെനി;-
ക്കിക്കലാക്ഷേത്രത്തിൻെറ ഹൃദയം കാണാൻ മോഹം!"

ഗോപുരംകാവല്ക്കാരൻ പറഞ്ഞൂ:"തിരിച്ചു നീ
പോവുക; ബഹുമതിമുദ്രയില്ലല്ലോ കൈയിൽ..."

കവി ഞാ; — നതിന്നൊരു കൈയൊപ്പു നല്കാനാരു,-
ണ്ടിവിടെസ്സാഹിത്യത്തിൻ തമ്പുരാക്കന്മാരായി?

ഇന്നലെസ്സിംഹാസനമിട്ടിരുന്നവരെല്ലാ-
മിന്നിൻെറ മുററംതൂപ്പുകാരായിക്കഴിഞ്ഞില്ലേ?

പണ്ടവർ സമ്മാനിച്ച മാനമുദ്രയുംകൊണ്ടു
തെണ്ടിയാലൊരുതുള്ളിദ്ദാഹനീർ കിട്ടാതായി.

"ഒരു മാററൊലിക്കവി വന്നു നില്ക്കുന്നെന്നൊന്നു
പറയൂ കലാക്ഷേത്രഭാരവാഹികൾ കേൾക്കെ!"

ഗോപുരംകാവല്ക്കാരൻ പോയ്തിരിച്ചെത്തീ; തങ്ക-
നൂപുരമണിഞ്ഞൊരു നർത്തകൻ വന്നൂ പിന്നെ.

പറഞ്ഞൂ സഗൗരവം നർത്തകൻ: "കലാക്ഷേത്രം
നിറഞ്ഞുകഴിഞ്ഞല്ലോ മാററൊലിക്കവികളാൽ!

കടക്കാം നിങ്ങൾക്കുള്ളി;ലിത്തിരിനേരം ചുററി-
നടന്നിട്ടിറങ്ങണം പുറത്തേക്കുടൻതന്നെ....."

കണ്ണരുട്ടുന്നൂ ദൂരെ ഗോപുരം കാവൽക്കാരൻ
കൈയിലെക്കുന്തത്തണ്ടിൽ താടിയെല്ലുകളൂന്നി!

പണ്ടയാളതുകൊണ്ടു വകഞ്ഞിട്ടവയ്ക്കൊന്നും
പന്തിയിൽ സർവാണിക്കുമില കിട്ടിയിട്ടില്ല!

ഒരു മാററൊലിക്കവി വന്നുകേറുന്നൂ; —പൂജയ്-
ക്കിരുന്ന പൂജാരിക്കു ഗായത്രി പിഴച്ചുപോയ്!

അക്കലാക്ഷേത്രത്തിൻെറ നൃത്തവേദിയിൽ മററൊ-
രുൾക്കുളിരേകും നാദസാഗരം തിരതല്ലി!

പണ്ടൊരു പതിററാണ്ടിന്നപ്പുറ, —ത്തിതേ നൃത്ത-
മണ്ഡപം കാണാനാദ്യം വന്നൊരു മഹാകവി

നൃത്തമുദ്രയിൽ, ചിലമ്പൊലിയിൽ, തുന്നിച്ചേർത്തൂ
പുത്തനാം താളക്കൂത്തും നാദത്തിൻ ഞെറികളും!

കൽവിളക്കുകളുടെ കൈയുകൾ പൂത്തൂ താനേ;
കണ്ണുകൾ തുറന്നുപോയ് ചന്ദനപ്രതിമകൾ!

കാളി നല്കിയ ദിവ്യമന്ത്രശക്തിയാൽ പണ്ടു
'കാളിദാസ'നായ്ത്തീർന്ന കവിതൊട്ടിന്നേവരെ

അക്കലാക്ഷേത്രത്തിലെക്കൽപ്രതിമകളായി
'നില്ക്കുവോരുടെ സർഗ്ഗശക്തികളൊളിവീശി!

ആ മഹാകവി പാടി:"മനുഷ്യപ്രതിഭയെ
ദൈവികപരിവേഷമിട്ടു മൂടരുതാരും!

കാളിയ,ല്ലവരുടെയന്തരാത്മാവിൻ നാവിൽ
കാലമാണെഴുതിയതനുഭൂതിതൻ സൂക്തം....."

ഉച്ചത്തിൽ ചിറകടിച്ചാണ്ടുകൾ പിന്നിട്ടെന്തു-
മിശ്ശബ്ദപ്രപഞ്ചത്തിന്നന്തരംഗത്തിൽക്കൂടി

മാണിക്യമണിവീണ മീട്ടിയ മനുഷ്യനെ
മാറ്റൊലിക്കവിയെന്നു വിളിച്ചു പൂജാരികൾ

ഒരു മാറ്റൊലിക്കവി വന്നു നില്ക്കുന്നൂ വീണ്ടു,-
മൊരു മാറ്റൊലിക്കവി;" ഞാനറിയിച്ചൂ മെല്ലെ.

"ഇന്നാദലോകത്തിന്റെ ഹൃദയം സ്പന്ദിക്കുമ്പോ-
ളെന്നോടക്കുഴലിലെഗ്ഗാനങ്ങൾകേൾക്കും നിങ്ങൾ.

ഈ രാഗഭാവങ്ങളിൽ ജീവിതവികാരങ്ങ-
ളീണമീട്ടിട്ടു;ണ്ടതിൻ മാറ്റൊലി കേട്ടോ നിങ്ങൾ?

നോവുകൾ കാണും രോമഹർഷങ്ങൾ കാണും സ്വപ്ന-
ഭാവന കാണും, പ്രതികാരജൃംഭണം കാണും!

കാലത്തിൻ നെടുവീർപ്പു പൊങ്ങിയാൽ മമ വേണു-
നാളത്തിൻ ചൂളം കേൾക്കാം പുതുശീലുകൾ പാകി!

ആ നേർത്ത ചൂളത്തിന്റെ ഗാനവീചിയിലുണ്ടൊ-
രായിരം വിപഞ്ചികൾ നേടിയ സംസ്കാരങ്ങൾ.

ആ നേർത്ത ചൂളത്തിന്റെ യന്തർമ്മണ്ഡലത്തിലു-
ണ്ടായിരം യുഗങ്ങളിൽ ജീവിച്ച ചൈതന്യങ്ങൾ!

ഉണരും നൂററാണ്ടിന്റെയറിവിൻ മൂശയ്ക്കുള്ളി-
ലുരുകിപ്പതംവന്ന ബോധമണ്ഡലവുമായ്

പുലരും യുഗങ്ങൾതൻ പൂമുഖത്തെത്തിച്ചേർന്ന
പുതിയ  പൗരന്മാർതൻ സ്വപ്നമുണ്ടതിന്നുള്ളിൽ.

എന്നിലിക്കേൾക്കും ശബ്ദമീ പ്രപഞ്ചത്തിൻ പ്രതി-
സ്പന്ദനമാ; — ണങ്ങനെ മാറ്റൊലിക്കവിയായ് ഞാൻ

വാതിലും ചാരി, ധ്യാനമൂകരായ്, പ്രചോദന-
വാഹിനീതീർത്ഥം തേടിയിരിക്കും കവികളേ!

കണ്ണുകൾ തുറക്കുമ്പോൾ നിങ്ങളിന്നലെ മുന്നിൽ
കണ്ടതായിരിക്കില്ല ദൈവവും ചെകുത്താനും!

ചത്ത നൂററാണ്ടിൻ ശവം സൂക്ഷിക്കാ, തതിന്നന്ത-
സ്സത്തയെസ്സംസ്കാരമായ് സിദ്ധവൽക്കരിക്കുവാൻ,

ഒത്തുചേരുക വീണ്ടുമിക്കലാക്ഷേത്രത്തിന്റെ
നൃത്തവേദിയിൽ നമ്മൾ, മാറ്റൊലിക്കവികളേ"

## മഹാബലിയും പരശുരാമനും തമ്മിലൊരു യുദ്ധം

ഇരുട്ടുകെട്ടിയ പാറക്കെട്ടുകൾ
തുറന്നുഷസ്സിൻ തീവണ്ടി
ചുരുട്ടുപുകയാൽ ചൂളംവിളിയാൽ
ചുമച്ചുനിന്നു താഴ്‌വരയിൽ!
ചിനപ്പുപൊങ്ങിയ മലയുടെ മുകളിൽ
ചിങ്ങം വന്നു വിളിക്കുന്നൂ.

ഉറങ്ങിയെഴുനേറ്റോണപ്പൂക്കളി-
ലുത്രാടനിലാവലയുമ്പോൾ
കുളിർന്ന കായൽക്കാറ്റത്തുലയും
കുഞ്ഞിലവർങ്ങക്കാടുകളിൽ

ചിലമ്പുകെട്ടിയ ചീനപ്പറവകൾ
ചിലച്ചുണർന്നൂ കൂടുകളിൽ.
അരൂരടുത്തൊരു കായൽത്തീര-
ത്താവണിവെട്ടം വീണപ്പോൾ,
വടക്കുനിന്നൊരു വണ്ടിയണഞ്ഞൂ
തുടുത്ത വണ്ടിക്കുതിരകളും!

കടത്തിറങ്ങാൻ ചങ്ങാടത്തിനു
കായൽത്തീരത്തതു നില്ക്കെ
പുറത്തിറങ്ങീ നാടുകൾ കാണാൻ
പുരാണപുരുഷൻ മാവേലി.

പറന്നുപൊങ്ങാൻ ചിറകു വിടർത്തിയ
പരുന്തിനെപ്പോലകലത്തിൽ
കാറ്റുവിളക്കിൻ കണ്ണുകളോടേ
കരയ്ക്കു നിൽപ്പൂ ചീനവല!

വെൺമലമുടിയിൽ ഞെറിഞ്ഞുവീശിയ
വെള്ളിവലക്കെട്ടഴിയുമ്പോൾ
കിഴക്കുനിന്നാക്കായലിലൂടേ
തുഴഞ്ഞുവരവായ് വഞ്ചിക്കാർ.

കുളിരലകോരിയ കായൽക്കാറ്റിൽ
കുണുങ്ങിയെത്തും വഞ്ചികളിൽ
തുഴഞ്ഞുവന്നവർ പാടിയ പാട്ടുകൾ
തുന്നീ കരളിലൊരുന്മേഷം!

"....ഓണംപുലർന്നിട്ടും ഉണ്ണിപിറന്നിട്ടും
കോരന്നു കുമ്പിളിൽ കഞ്ഞി
പൂരം കഴിഞ്ഞിട്ടും പെരുനാള് വന്നിട്ടും
കോരന്ന് കുമ്പിളിൽ കഞ്ഞി-
മൂന്നാല് നെല്ലരി മുങ്ങണ് പൊങ്ങണ്
മൂഴക്കുകുമ്പിളിൽകഞ്ഞി— ഓണം പുലർന്നിട്ടും....

മാമലത്താഴത്ത് മയിലാട്ടം തുള്ളുന്ന
മാനത്തുംകാവിലെപ്പെണ്ണേ;
മാവേലി വന്നില്ല മാമാങ്കം കണ്ടില്ല
മാമലനാട്ടിലെപ്പെണ്ണേ! ഓണം പുലർന്നിട്ടും....

ആരിയൻഞാറെടുത്താവണിപ്പൂവിറു-
ത്തായിരം പൂത്താലികെട്ടി
നാളെ വെളുപ്പിന് പൊന്നോണനാളിന്
മാല കൊരുക്കുമോ പെണ്ണേ —മുത്ത്
മാലകൊരുക്കുമോ പെണ്ണേ! ഓണം പുലർന്നിട്ടും....

പണ്ട് പിരിഞ്ഞവർ പായിട്ടിരുന്നൊരു
പന്തിയിലോണത്തിനുണ്ട്
മഞ്ഞനിലാവത്ത് മാമാങ്കം കാണുവാൻ
നെഞ്ഞ് കിലുങ്ങണ് പെണ്ണേ — ഓണം പുലർന്നിട്ടും...."

(പാട്ടുകൾ പാടിപ്പാടി
തോണികൾ തുഴഞ്ഞെത്തും
കൂട്ടുകാരോടായ് കായ-
ലോരത്തീ ചോദ്യം കേട്ടു:)

മുത്തുകൾ വാരുന്ന മുക്കുവരേ
മുന്നാഴി മുത്ത് കടംതരുമോ?

(വലവഞ്ചികൾക്കുള്ളി-
ലുയർന്നൂ മറുപടി
വളകൾ കിലുക്കുന്ന
കിക്കിളികളോടൊപ്പം:)

".... മുങ്ങാതെ കിട്ടുന്ന മുത്തുകളേ
മുന്നാഴി മുത്തം കടം തരുമോ?...."

കാററുനടക്കും വഴിയി,ലോളങ്ങളാ
പാട്ടിൻെറ താളത്തിൽ നൃത്തം ചവിട്ടവേ,
കാലുകൾ തെന്നിയ തെന്നലോടിച്ചെന്നു
കാണുന്നതിന്മേൽ കടന്നുപിടിക്കവേ,

കണ്ടു രസിച്ചു മഹാബലി; — പാടുന്ന
ചുണ്ടുകൾക്കുള്ളിൽ വിടരുന്ന പൂക്കളും!
ഗാനം പറന്നുപറന്നുപോയ്, ദൂരത്തു
ചീനവലത്തട്ടിലുണ്ടതിൻ മാറെറാലി!

മറ്റൊരു തോണി തുഴഞ്ഞുതുഴഞ്ഞൊരാ-
ളൊററയ്ക്കലയുന്നു കായലിൻകൈകളിൽ!
ശ്ലോകങ്ങൾ ചൊല്ലുകയാണയാ, — ളക്ഷര-
ശ്ലോകപരീക്ഷയിൽ മത്സരിക്കുന്നുവോ?

ഓമൽക്കുതിരതൻ തോളത്തു കൈവിര-
ലോടിച്ചുകൊണ്ടതും ശ്രദ്ധിച്ചു മാബലി!

"..............................................
നീരാഴിപ്പെരുമാൾ, തിരക്കുതിരകൾ
തുള്ളുന്ന തേരേറിവ,-
ന്നീ 'രാമ'ൻെറ പരശ്വധത്തിനരുളീ
കാണിക്കയായ് കേരളം!

പാരവാരവിമുക്തയെ,—സുഭഗയാ-
മീയൂഴിയെപ്പിന്നെവ,-
ന്നാരാണക്ഷയപാത്രമാക്കിയിവിടെ-
ജ്ജീവിച്ചതിന്നേവരെ?...."

പാട്ടുകേട്ടൊന്നമ്പരന്നൂ മഹാബലി
"നാട്ടുകാരാരുമ,—ല്ലേതു കാട്ടാളനോ?

വാമനൻ പണ്ടിരന്നെന്നോടു വാങ്ങിയ
മാമലനാടിൻ ജനയിതാവാണുപോൽ...!"

താൻ തുഴഞ്ഞെത്തിയ വഞ്ചിയടുപ്പിച്ചു
താഴേക്കിറങ്ങി മുഖമുയർത്താതയാൾ

സ്രഗ്ദ്ധരാവൃത്തത്തിലെന്തോ പിറുപിറു-
ത്തിത്തിരി മുന്നോട്ടു കാൽ നീട്ടിവയ്ക്കവേ,

ചോദിച്ചു മാബലി: "നില്ക്കുക: നിങ്ങളാ-
രീ ദിക്കിലെന്തിന്നു വന്നതീ രാത്രിയിൽ...."

കണ്ണിലെച്ചെമ്പൻവലക്കെട്ടു തുള്ളിച്ചു
കൈയിലിരുന്നു കറങ്ങും മഴുവുമായ്
ഒന്നു തിരിഞ്ഞുനിന്നുൽക്കടാടോപമ-
സ്സന്യാസി ചോദിച്ചിതുച്ചത്തിലിങ്ങനെ:

"കേട്ടിട്ടുണ്ടാവണം നിങ്ങ,-
ളെന്നെ, ഭാർഗ്ഗവരാമനെ
ഈ വെണ്മഴുവെറിഞ്ഞല്ലോ
കേരളക്കര നേടി ഞാൻ."

മഹാബലി: "കേട്ടിരിക്കുന്നൂ പലപ്പൊഴും ഞാൻ; —മല-
നാട്ടിലോണത്തിനെൻസഞ്ചാരവേളയിൽ!
എത്ര പുരുഷാന്തരങ്ങളിൽ ജീവിച്ച
സത്യനിഷേധങ്ങൾ കേട്ടിരിക്കുന്നു ഞാൻ!"

പരശുരാമൻ: "ആരു നിങ്ങൾ നിഷേധിപ്പ-
താരെൻ കേരളസൃഷ്ടിയെ?
ആഴിക്കടിയിൽനിന്നാണീ-
യൂഴി നേടിയതന്നു ഞാൻ!"

മഹാബലി: "ഞാനാരുമല്ല നിഷേധിക്കുവാ; — നതി-
ന്നീ നാട്ടിലില്ലേ ചരിത്രവിദ്യാർത്ഥികൾ?
ആരോ പറഞ്ഞ കടംകഥ നാളത്തെ
നേരാവുകില്ല സയൻസിൻ യുഗങ്ങളിൽ."

പരശുരാമൻ: "ആരണർക്കായി ഞാൻ പണ്ടു
ദാനം നൽകിയ ഭൂമിയിൽ
അവർ ജീവിച്ചിരിക്കുമ്പോൾ
നിങ്ങളാരതെതിർക്കുവാൻ

അധർമ്മത്തിന്റെ വേർ ചെത്താൻ
ഞാനെടുത്ത പരശ്വധം
കണ്ടുവോ നിങ്ങളെൻ കൈയിൽ?
കടന്നുപറയേണ്ടിനി..."

മഹാബലി: "ആരു ഞാനെന്നോ? നിനക്കുമുൻപുണ്ടായൊ-
രാ വാമനനോടു ചോദിക്കുകാക്കഥ!
ഞാനാണു നിങ്ങൾ ജനിക്കുന്നതിന്നുമുൻ,-
പീ നാടു പാലിച്ചിരുന്ന മഹാബലി!

ദേവന,ല്ലന്തണനല്ല, മഹർഷിയ;-
ല്ലീമണ്ണുപെററ മനുഷ്യൻ മഹാബലി!
ഇപ്രപഞ്ചത്തിലേക്കാദ്യമായെത്തിയ
വിപ്രനാണെന്നെക്കളിപ്പിച്ച വാമനൻ!

പാതാളഗർത്തത്തിലെന്നെക്കുഴിച്ചിട്ട
ഭൂദാനയജ്ഞപ്രവർത്തകനാണയാൾ!
പിന്നെയീ നാടങ്ങു സൃഷ്ടിച്ചെടുത്തതാ-
ണെന്ന കടംകഥ യാഥാർത്ഥ്യമാവുമോ?....."

മിണ്ടിയില്ലൊന്നും രാമൻ,
ക്രുദ്ധനായ് പരശ്വധ-
ത്തണ്ടു,ലച്ചലറിക്കൊ-
ണ്ടടുത്തൂ പൊടുന്നനെ!
പടവാൾ വലിച്ചൂരി
ഗർജ്ജിച്ചു മഹാബലി:
"പരശുരാമന്മാരേ
കേരളം നിങ്ങൾക്കില്ല..."

പൊടിപടലമുയർന്നു, തമ്മിലങ്ങി-
ങ്ങടിപിടിയായി ജനങ്ങളമ്പരന്നൂ

അടിപതറി,—യിടഞ്ഞു തമ്മിൽ, വാളും
വടിയുമെടുത്തു, കൊഴുത്തു യുദ്ധരംഗം.

ആവഴിക്കെത്തീ നവകേരളത്തിൻെറ
ഭാവികുറിക്കും ചരിത്രവിദ്യാർത്ഥികൾ!

ചൊല്ലി പരസ്പരമിങ്ങനെ, കൺമുന്നിൽ
നല്ല ഗവേഷണവസ്തുവെക്കണ്ടപോൽ:

"കള്ളനെക്കണ്ടുവോ? കുന്നലനാടിനെ
കൊള്ളയടിച്ചോരാ സംഘനേതാവിനെ?

—ഒന്നാമതായിപ്പരദേശിവർഗ്ഗത്തെ-
യിന്നാട്ടിലെത്തിച്ച ഭാർഗ്ഗവരാമനെ?

കാടായ കാടുകൾ വെട്ടിത്തെളിച്ചിട്ട
കോടാലിയിന്നും കളഞ്ഞില്ല മൂപ്പില...!"

പൊട്ടിച്ചിരിച്ചുപോയ് കാണികൾ; — യുദ്ധത്തി-
ലെട്ടടിദൂരത്തെറിച്ചുപോയ് ഭാർഗ്ഗവൻ!

# തറവാടിൻെറ മാനം

രണ്ടുകാലിന്നും മലപോലെ മന്തുള്ള
കുണ്ടുണ്ണിമേനോൻ നടന്നൂ പതുക്കനെ!
തയ്ച്ചുമുഴച്ച ഖദർമുണ്ടു,മീരിഴ-
ക്കച്ചയും, സിന്ദൂരഭസ്മക്കുറികളും,
എല്ലുകളുന്തിയ മാറത്തു താഴ്വര-
പ്പുല്ലുകൾപോലെ നരച്ച രോമങ്ങളും,
മൂർദ്ധാവിൽ, വേരുപിടിക്കാതുണങ്ങിയ
ശ്രാദ്ധക്കറുകപോൽ, ചെമ്പൻകുടുമയും
നീളെയിരട്ടവാലൻ കേറിമേഞ്ഞൊരു
ശീലക്കുടതൻ തണലിലൂടങ്ങനെ
രണ്ടുകാലിന്നും മലപോലെ മന്തുള്ള
കുണ്ടുണ്ണിമേനോൻ നടന്നൂ പതുക്കനെ!

രണ്ടുവശത്തും വസന്തമിരുന്നു പൂ-
ച്ചെണ്ടുകൾ കെട്ടും നടയിടപ്പാതയിൽ
തുമ്പക്കുടങ്ങളിൽനിന്നിറങ്ങിപ്പോന്ന
ചെമ്പനുറുമ്പുകൾ സഞ്ചരിച്ചീടവേ,
പട്ടുജാക്കററുമിട്ടോമനത്തുമ്പികൾ
വട്ടത്തിലെന്തിനോവേണ്ടിപ്പറക്കവേ,
കുണ്ടുണ്ണിമേനോൻ വിചാരിച്ചു: 'ഞാനിനി
തെണ്ടാതെ വല്ലതും ജോലിയെടുക്കണം!'

കാര്യം ശരിയാണു, കുണ്ടുണ്ണിമേനോൻെറ
ഭാര്യയ്ക്കുമുണ്ടീയഭിപ്രായമെങ്കിലും,
മേനോനൊരാഗ്രഹം തൻ കുടുംബത്തിൻെറ
മാനം തൊഴിൽപ്പുരയ്ക്കുള്ളിൽ വില്ക്കില്ല താൻ!
കണ്ട ക്രിസ്ത്യാനിക്കുവേണ്ടിപ്പണിചെയ്തു
രണ്ടു രൂപയ്ക്കു കുടുംബം തുലയ്ക്കയോ?

പണ്ടു പടച്ചട്ടയിട്ടു, രാജ്യത്തിൻെറ
ചുണ്ടനങ്ങുമ്പോളുടവാളെടുത്തവർ,
നാടിന്നുവേണ്ടി, നൃപന്നുവേണ്ടിപ്പട-
ച്ചോടുകൾ വെച്ചവർ, ധീരസേനാനികൾ,
തൻപൂർവികർ, തൻ കുടുംബപ്രതാപങ്ങൾ
തമ്പേറടിപ്പിച്ചു വെട്ടിപ്പിടിച്ചവർ
കുണ്ടുണ്ണിമേനോൻ വിചാരിച്ചു ഞാനെൻെറ
ചുണ്ടത്തു കൈപൊത്തി നിൽക്കില്ലൊരിക്കലും,

"മുന്നം പതിനായിരപ്പറ നെല്ലിൻെറ
കുന്നുകൾ മുററത്തു കൂടിക്കിടക്കവേ,
ചാരുകസാലയിൽച്ചെല്ലവുമായിരു-
ന്നോരോ പറയുമളപ്പിച്ചുമാററവേ,
കിട്ടുവമ്മാവൻെറ മുമ്പി,ലരയ്ക്കൊരു
കെട്ടുമായ് നിന്നവരാണെൻെറ നാട്ടുകാർ
കിട്ടുവമ്മാവൻ വിരലൊന്നു ചൂണ്ടിയാൽ
ഞെട്ടുമിവിടത്തേയേതു 'പൂവാലനും'.

പണ്ടു നടന്ന കഥകളോരോന്നോർത്തു
കുണ്ടുണ്ണിമേനോനുറക്കെച്ചിരിച്ചുപോയ്!
എങ്ങനെ പോയി നിലയും പ്രതാപവും,
എങ്ങനെ കീഴ്മേൽമറിഞ്ഞു സമസ്തവും
തൻതറവാടിൻ കിഴക്കുഭാഗത്തുള്ള
ചെന്തെങ്ങിലോലമടലുകൾമാതിരി,
എല്ലാം കൊഴിഞ്ഞു, — പറമ്പുകൾ, പാടങ്ങൾ,
എല്ലാം, പഴയ കുടുംബമുണ്ടിപ്പൊഴും
അക്കുടുംബത്തിൻെറ മാനമൊന്നേയുള്ളു
വില്ക്കുവാൻ, —മേനോൻെറ കണ്ണു നനഞ്ഞുപോയ്.

കുണ്ടുണ്ണിമേനോൻെറ രണ്ടു പെൺകുട്ടികൾ
രണ്ടു വികാരക്കുളിരണക്കെട്ടുകൾ;
നില്ക്കുന്നു വീടു നിറഞ്ഞുമുററി,ക്കാത്തു-
നില്ക്കുവാനെത്രനാൾകൂടിക്കഴിയുമോ?
മേനവന്നുള്ളിൽ ഭയമാണതുങ്ങളെ-
ക്കാണാ,നവരുടെ തള്ളയ്ക്കിതൊൻപതും!

വീട്ടുവേലിക്കൽ പടർന്നു കിടക്കുന്ന
കാട്ടുപടവലം വള്ളി പടർത്തിയാൽ,
മേനവന്നുള്ളു വിറയ്ക്കു,മതുങ്ങള-
ക്കോണിൽ മിഴിനട്ടു നില്ക്കുമെല്ലായ്പൊഴും!
പണ്ടൊരിരവിലക്കോണിൽവെച്ചാണയാൾ
കണ്ടതു കാട്ടിൽ പതുങ്ങും 'വറീതി'നെ.
മേനവന്നുള്ളു വിറച്ചുപോയ്, വീടിൻെറ
മാനമതുങ്ങൾ തുലയ്ക്കുമോ ഭാവിയിൽ?

ഇല്ലായ്കയല്ലയാൾക്കാഗ്രഹം, മക്കളെ-
പ്പൊല്ലാപ്പുകൂടാതെ കെട്ടിച്ചയയ്ക്കുവാൻ.
നല്ല കുടുംബസ്ഥിതിയും പ്രതാപവു-
മുള്ളവരാരും വരുന്നില്ല വേൾക്കുവാൻ!
'കണ്ട കടശ്ശാണി'കൾക്കു തൻ മക്കളെ
കുണ്ടുണ്ണിമേനോൻ തയാറില്ല നൽകുവാൻ!

2

ദൂരെപ്പകലുമയാളുടെ ചിന്തയും
നീറിപ്പുകഞ്ഞു നെരിപ്പോടിലെന്നപോൽ.

നീളെക്കിഴക്കോട്ടിഴഞ്ഞുമുന്നേറിയ
നീളൻനിഴലുകൾ നാട്ടിൽ നിറഞ്ഞുപോയ്!
കാലുംവലിച്ചു ചവുട്ടിക്കയറിയാ
നാലഞ്ചുകാത,മറിഞ്ഞില്ല മേനവൻ!

മില്ലുടമസ്ഥനാം മത്തായിയെക്കണ്ടു
വല്ലതുമാറേഴുറുപ്പിക വാങ്ങുവാൻ
വന്നതാണങ്ങോർ, അടുത്തു, മത്തായിത-
ന്നെണ്ണക്കരിഞ്ചക്കലറുന്ന ശാലകൾ!
പണ്ടേ കുടിയാനവനാണു മത്തായി,
കുണ്ടുണ്ണിമേനോനവർക്കൊക്കെ ജന്മിയും.

മത്തായിയെക്കണ്ടു മേനവൻ; മാനിച്ചു
മത്തായി വന്ദിച്ചെഴുന്നേററുനിന്നുപോയ്!
ഒന്നു മുറുക്കി രസിച്ചു നീട്ടിത്തുപ്പി
വന്ന കാര്യങ്ങളറിയിച്ചു മേനവൻ.
പുത്തനാം 'സേഫു ' വലിച്ചുതുറന്നൊരു
പത്തുരൂപാനോട്ടു മേനോന്നു നൽകവേ,
മത്തായി ചോദിച്ചു: "നെല്ലിടും വീട്ടിലെ
പത്തായമൊന്നിക്കുടിയാന്നു നൽകുമോ?"
കാട്ടെലി വീടും കുടിയുമായ് വാഴുന്ന
വീട്ടിലെ പത്തായമോർമ്മിച്ചു മേനവൻ.
"ആളയച്ചേക്കൂ; വെറുതേയിരിക്കുക-
യാണതു വീട്ടി"ലറിയിച്ചു മേനവൻ.

3

രണ്ടുകാലിന്നും മലപോലെ മന്തുള്ള
കുണ്ടുണ്ണിമേനോൻ നടന്നൂ ധിറുതിയിൽ.
കണ്ണിലിരുട്ടു കടിക്കുന്ന പാതയിൽ
ചുണ്ണാമ്പുവള്ളിക്കുമുണ്ടൊരു ഗൗരവം.
പത്തുരൂപാനോട്ടുമായ് കുടുംബത്തിൽ വ-
ന്നെത്തീ സമയമതിക്രമിച്ചെങ്കിലും.
വീട്ടിൽ മുറിക്കുള്ളിൽ മേനോൻെറ ഭാര്യയ്ക്കു
പേററുനോവാണു ഞരങ്ങലും മൂളലും!
മേനോനകത്തു കടന്നു പെൺമക്കളെ-
ക്കാണുവാനില്ല; ഞരങ്ങലും മൂളലും:
വാതിലിൽ മുട്ടിവിളിച്ചു ചോദിച്ചയാൾ
"മാധവീ, മീനുവും നാണിയുമെന്തിയേ?"
പേററുപുരയിൽ സഹിക്കുവാൻ വയ്യാത്തൊ-
രീററുനോവിൻെറ ഞരങ്ങലും മൂളലും!
ഇല്ല വയററാട്ടി, പൈതൽ കൈകാലുകൾ
തല്ലുന്നു താനേ പുറത്തേക്കു ചാടുവാൻ!

മേനവൻ കണ്ടു നിലവിളക്കിൻ മുമ്പിൽ
നാണി തനിക്കായ് കുറിച്ചൊരു കായിതം
അച്ഛനന്നു കൈകൾ വിറച്ചു മകളുടെ
കൊച്ചുകടലാസു നീർത്തുവാൻ, നോക്കുവാൻ.

മേനവനന്നു ശാസിച്ചു: "സന്തുഷ്ടനു
മിന്നു വരികിലാരെന്തു കേറ്റുപോൽ.
ഞാനുമീ വീടു വിട്ടുപോവാമതച്ഛന്റെ
മാനം സഹിച്ചില്ല, ശരിയാണെന്നു ഞാൻ!
അമ്മപൊറുത്താലുമക്കൃത്യമാക്കുത്തിന്നൊ-
രുമ്മ പെറ്റോരിപ്പിറക്കുന്നതാശിക്കു!
അമ്മയുമച്ഛനും കൈമെയ് വളർത്തൊരി-
പ്പൂമക്കളെച്ചുട്ടു കൊന്നിടേണമിനി."

പെറ്റുപുറത്തുള്ളിലൊന്നിനൊന്നിന്നിതേ
മാറിമറയുന്ന സൃഷ്ടിതൻ വേഗം!
മേനവൻ ചിന്തിച്ചു: പെൺമക്കൾ വേണ്ടിനി
മാനം കളഞ്ഞുതുലച്ച പെൺകുട്ടികൾ!
കുട്ടി കരഞ്ഞു മുറിക്കുള്ളിൽ, മേനവൻ
ഞെട്ടി; അതുമൊരു പെൺകുട്ടിയാണുപോൽ!

പത്തിരുപ്പത്തെട്ടുകൊല്ലത്താൽ മേനവൻ
പത്തുരൂപാതൊട്ടു കൈക്കൂലിനല്കിപോൽ.
എണ്ണമെഴുതാത്ത വീട്ടിലുണ്ടായ
ഭംഗികേടൊന്നു —മാനമൊരുഭീതമം!

ഊട്ടിപ്പുലർത്തിയ രണ്ടു പെൺമക്കളും,
വീട്ടിലെപ്പുത്തരിയും പത്തുരൂപയും,
രക്തം ശിരസ്സിൽ കയറിയകാരണം,
ചത്തു മരിച്ച ഭാര്യയും, കുട്ടിയും,
നഷ്ടമായ് രണ്ടുനാൾകൊണ്ടെണ്ണിക്കിട്ടാത്തതും,
അട്ട ചുരുണ്ടപോൽ മേനോൻ ചുരുണ്ടുപോയ്!

അത്തറവാടിന്റെ തെക്കേപ്പുറത്തുള്ളൊ-
രസ്ഥിതറയിൽ തിരികൊളുത്തിടവേ,
രണ്ടുകാലിന്നും മലപോലെ മന്തുള്ള
കുണ്ടുണ്ണിമേനോൻ പറഞ്ഞുപോയിങ്ങനെ:
"എന്തൊക്കെ വന്നു; കളഞ്ഞില്ല ഞാനന്നു-
മെൻ തറവാടിൻ പ്രതാപവും മാനവും."

# ആവിവണ്ടി

ഉരുളുകയാണുലകുണരും കുഴലൂതി, പുതിയതാ-
മുയിർപാകും ഞങ്ങൾതന്നാവിവണ്ടി!
ഇരവിന്റെ പുകമഞ്ഞല മൂടിയുറങ്ങും നാടി-
ന്നിമവെട്ടും മിഴികളിൽ, ചേതനയിൽ
പടവെട്ടിപ്പൊങ്ങുന്ന പുലരിതൻ ചെങ്കതിർ-
പ്പടയുടെ കാഹളം ചെന്നലയ്ക്കെ,
ഇലവർങ്ങത്തോപ്പുകളിൽ, ച്ചെമ്മണ്ണിൻ മലകളിൽ
ഇരുൾപോകെ,ച്ചോരതൻ കലികകൾ വിടരവേ,
പൂവരശുകൾ, രക്തത്തിൻ പൂവണിയുന്നതിനാലവ
'പൂവരചു'കളായ് പണ്ടേ, ചെങ്കുടകൾ നീർത്തവേ
ഇരുളിന്റെ ചാലുകളിലൊളിപാകിയിരമ്പിക്കൊ-
ണ്ടുരുളുന്നു, ഞങ്ങൾതന്നാവിവണ്ടി.

പുതിയതാം ചലനങ്ങളിൽ നാമ്പിടും നാടിന്റെ
പുളകങ്ങൾ കരളിന്റെ നാഡികളിൽപ്പൂക്കവേ,
കൊള്ളകളെ നാട്ടിലെക്കൊള്ളകളെ,യഴിമതിയെ
പൊള്ളിച്ചുനീററിയ കൽക്കരിയും,
ചുടുചോരക്കുഴലുകളിൽ തിളതിളച്ചുയരുന്ന
ചുണയുള്ള യുവനിണനീരാവിച്ചുരുളുകളും,
മധുരമാം സ്നേഹത്തിൻ കണ്ണികളാൽ വിശ്വൈക-
മമതതൻ പൊട്ടാത്ത ശൃംഖലയും,
പതറാത്ത ധീരതതൻ ചക്രങ്ങളു,മങ്ങനെ
പുതിയതാം ഞങ്ങൾതന്നാവിവണ്ടി,
ഉരുളുകയാണൊരു നൂതനശാസ്ത്രത്തിൻ പാളത്തിൽ
പൊരുതുന്ന കാലത്തിന്നുറവപോലെ.

പിന്നിട്ടു വഴി വളരെ, വലുതാണക്കഥ, ഞങ്ങൾ
നിന്നിട്ടില്ലിന്നുവരെ വഴിയിലെങ്ങും.
അലറിയിരമ്പിച്ചീറിക്കുതികൊൾകെ, ദിക്കുകളി-
ലലയടിച്ചിളകിയ കൊടുങ്കാററിൻ കൈകളിൽ
ഇരുളിന്റെ കടപിഴുതു പിഴുതെറിയാൻ കത്തുന്ന
പൊരികിളരും പന്തങ്ങളാകവേ വഴിവക്കിൽ
കരളിലവയ്ക്കുടനീളം ചുടുചോരത്തെളിവീശും
സിരകളു,ണ്ടവ ഞങ്ങൾ കണ്ടിരുന്നു!
ഇരുളിന്റെ നെറികേടിന്നെതിർനില്ക്കുമവ ഞങ്ങൾ-
ക്കരുളിയ മധുരപ്രചോദനങ്ങൾ

പുതിയൊരു ചൂടിന്റെ ചുണ നല്കി,യങ്ങനെ
കുതികൊണ്ടൂ ഞങ്ങൾതന്നാവിവണ്ടി!

പലടത്തും ഞങ്ങൾതൻ പാളം തകർക്കുവാൻ
പതിയിരുന്നോരെയടിച്ചുമാററി,
വഴിനീളെവഴിനീളെക്കല്ലെറിയാൻ നിന്നോരെ
വകവരുത്തിക്കൊണ്ടിരമ്പിനീങ്ങി
പലതും സഹിച്ചുമെതിർത്തു മുന്നേറുവാൻ
പരിശീലിച്ചോരാണീ വഴിയാത്രക്കാർ!
എതിരിടാൻ, ഞങ്ങളോടെതിരിടാൻ ചിലരുടെ
പദസേവപ്പട്ടാളച്ചോററുവർഗ്ഗം,
ബയണററും തോക്കുമായ് മൂലകളിൽ കവലകളിൽ,
പലടത്തും പണിചെയ്തു പാളയങ്ങൾ!

ഇരുളിന്റെ നായാട്ടുനായ്ക്കളാമവർ, വെടി-
ത്തിരകളൊഴിച്ചു കുരച്ചെതിർത്തു!
പലപല യാത്രക്കാർ, ഗാർഡുകൾ, ഞങ്ങളിൽ
പലരും പിടച്ചു മരിച്ചുവീണു,
പലപല യാത്രക്കാർ, ഗാർഡുകൾ, തടിതപ്പി,-
പ്പലവഴി പേടിച്ചിറങ്ങിയോടി!
അവിടവിടങ്ങളിൽ പുതിയവർ ഞങ്ങളി-
ലണിചേർന്നു ഞങ്ങൾ കുതിച്ചുപാഞ്ഞു!
കൊടിയുമായ് ഞങ്ങൾതൻ കരളിന്റെ ചുടുനിണ-
ക്കൊടിയുമായ് ഞങ്ങൾതന്നാവിവണ്ടി,
കുഴലൂതി,യൊരു പുത്തനുയിരിന്റെ കുഴലൂതി
കുതികൊണ്ടൂ മുന്നിലേക്കാർത്തിരമ്പി!

പുതിയതായെത്തിയ പലരിലും ഞങ്ങൾതൻ
ഗതിവേഗം കിടിലങ്ങൾ ചേർത്തിരുന്നു.
മഹിതമാം ലക്ഷ്യത്തിലെത്തുവാനുള്ളൊരീ
മധുരമല്ലാത്ത കുതിച്ചുപോക്കിൽ,
ചിലരൊക്കെ വഴിവക്കിൽ വിരിയുന്ന വാസന്തി-
മലരുകൾ നോക്കി മിഴിച്ചിരുന്നു!

വനികളിൽ പൂവിറുത്തമരമനോഹര-
നിനവുകൾ ലാളിച്ചു കണ്ണടച്ചും,
പുളകങ്ങൾ മാദകമാംസികരുചികൾതൻ
പുളകങ്ങൾ വർഷിച്ചു മെയ്യുലച്ചും,
കുടുകുടെക്കുടുകുടെച്ചിരിതൂകി മായിക-
നടനങ്ങളാടിച്ചുവടുവച്ചും,
വഴിവക്കിലെത്തിയ യുവതിമാർതൻ നീല-
മിഴികളിൽ കരളിന്റെ മിഴികൊളുത്തി,
ചിലരൊക്കെ പുതിയവരിൽ ചിലരൊക്കെ സമയങ്ങൾ
ചെലവാക്കി സ്വപ്നത്തിൻ തേൻനുണയാൻ.

പവിഴനെൽക്കതിരുകൾ, നീലക്കരിമ്പുകൾ
പലതുമിടതൂർന്ന പാടങ്ങൾ തോപ്പുകൾ
അവകളിൽ മെയ്ച്ചോരയുപ്പുനീരായ് മാററി-
യനുപദം പണിചെയ്യും കർഷകരെ
അരിവാളും നുകവുമായ് വിതകളും കൊയ്ത്തുമായ്
എരിവെയ്ലിലലയുന്ന കർഷകരെ
വയലുകളും തോപ്പുകളും കൈയടക്കുന്നവർ
വലിയവർ ജന്മിമാർ മുതലുടയോർ
വയറുനിറച്ചുണ്ണുവാൻ വകനല്കാതെപ്പോഴും
വറുതിയിൽ നീററുന്ന നീറുന്ന കാഴ്ചകൾ—
പകലിൻെറ കാഞ്ചനക്കതിരൊളികൾ നീളവേ
പുകനാളക്കരിനാവുകൾ നീട്ടിനക്കി
കുടവയർ വീർപ്പിച്ചു തീയുലക്കണ്ണുകൾ
കുതറിത്തെറിപ്പിച്ചലറിയാടി
ഉലകം വിഴുങ്ങുവാൻ, ദുരമൂത്തു വാപിളർ-
ത്തുയരത്തിൽ തലനീട്ടും മില്ലുകളിൽ
കറകറെക്കറകറെത്തിരിയുന്നോരുടമകൾതൻ
കരിയെണ്ണച്ചക്കുകളിൽ നീറിനീറി,
പണിയെടുത്തവയുടെ കൊന്തുകളായ് പിടയുന്ന
പരശതം തൊഴിലാളിസ്സോദരരെ,
മരണത്തിൻ വായിലേക്കെറിയുവാൻ മുതലാളി-
പ്പരിഷകൾ കൊലമരക്കയർകെട്ടും കാഴ്ചകൾ —
ഉലകിൻെറ കരളിൻെറ കരൾപറിച്ചതുകൊണ്ടു
കറിവെച്ചു നുണയുന്ന നെറികെട്ട കാഴ്ചകൾ—
മരവിച്ച നാടിൻെറ സിരകളിലെച്ചോരയു-
മൊരുനിമിഷംകൊണ്ടു തിളയ്ക്കുന്ന കാഴ്ചകൾ; —
അവർ പലരും കണ്ടില്ല മലർവസന്തങ്ങൾതൻ
കവിളത്തു പൂക്കുന്ന പൂനുണയാൻ നിന്നവർ.

സ്വപ്നങ്ങളിൽ ഹൃദയത്തിന്നടിചൊറിയും ചൊറിയലിൽ,
സ്വപ്നാത്മകനിർവൃതിതൻ തന്ത്രികളിൽ ശ്രുതിമീട്ടി,
കഥയറിയാതങ്ങനെ കരളിന്നു കുളിരേകും
കഥകളും പാട്ടുകളും കൂത്തുമായവർ പോകെ,
അതിലങ്ങനെ മുഴുകിച്ചിലർ വണ്ടിനടത്തുന്നവർ
അപകടം കാണിച്ചു മത്തുകേറി!

വഴിവക്കിൽ മുലതുള്ളിച്ചെത്തിയോർതൻ നാറ-
ക്കഴൽ നക്കാനവർ ചിലർ പാഞ്ഞുപോയി!
നെറികെട്ടോരപ്പോക്കിൽ കരൾനൊന്തു ഞങ്ങൾക്കാ
മരണച്ചതി ചെയ്തവർതൻ പാഞ്ഞുപോക്കിൽ!
ഹൃദയത്തിൽ, ബുദ്ധിയിൽ, മത്തുപിടിച്ചവർ നീളെ
കഥയില്ലാതിങ്ങനെ വീമ്പടിക്കും:

"…. ആവിവണ്ടി നടത്തിത്തുലച്ചോ-
രാണു ഞങ്ങൾ വസന്തങ്ങൾ നീളെ!
പാളമൊക്കെത്തകർന്നതാ,ണിപ്പോ-
ളാളുകളതിൽ ചത്തുവീണേക്കും

ആവിവണ്ടി തകരും, നമുക്കീ
പൂവിരിപ്പിൻ കുളിരുകൾ നെയ്യാം
കൺമണികളേ ഞങ്ങൾതൻ പ്രേമ-
പ്പൊന്മണികളേ നിങ്ങളിൽ നീളെ,
പൂത്തുകായ്ക്കും പുളകങ്ങൾ ഞങ്ങൾ
കോർത്തുകോർത്തിനി മാലകൾ കെട്ടാം...."

ഉരുളുകയാണിപ്പോഴുമുലകുണരും കുഴലൂതി,
ഉയിർപാകും ഞങ്ങൾതന്നാവിവണ്ടി!
പടയോട്ടം, നാടിൻെറ മുടിതുള്ളും നെറികേടിൻ
കടപറിയും ഞങ്ങൾതൻ പടയോട്ടത്തിൽ!
പുതിയതാം കാഹളം കേട്ടുവോ? പുലരുന്ന
പുതുകിരണങ്ങൾ തൻ പുലരി കണ്ടോ?
ഉരുളുന്ന കാലത്തിൻ ചലനചക്രങ്ങളി-
ലുരുളുമീ ഞങ്ങൾതന്നാവിവണ്ടി,
വരികയാണതിവേഗം പുലരുന്നോരുദയത്തിൽ
വിരിയുന്ന നാടിൻ തുടിപ്പു കേട്ടോ?
വഴി വിലങ്ങീടൊല്ലേ, ദേവതമാർതൻ നീല-
മിഴിനോക്കി മത്തിളകിപ്പാട്ടുകാരേ,
ഉരുളുമിച്ചക്രങ്ങൾക്കിടയിൽ വീണെങ്ങാനും
കരൾപൊട്ടിച്ചത്താലോ നിങ്ങളിപ്പോൾ?

വഴിയിലീ ഞങ്ങളെ വഞ്ചിച്ച നിങ്ങൾതൻ
നിഴലീ വെളിച്ചത്തിൽ കണ്ടുപോയാൽ,
പുലരുന്ന പുലരിതൻ മണിനെററിയിൽ, നിങ്ങൾതൻ
പുളകങ്ങൾ പൂക്കുന്ന കരളിൻെറ ചാറിനാൽ,
പുതിയ കുറിക്കൂട്ടൊന്നു ചാലിച്ചു ചാർത്തുവാൻ
പ്രതികാരബുദ്ധിതൻ കൈകൾ നീളും!
അവിടെപ്പറക്കുന്ന കൊടിയെല്ലാം നാടിൻെറ
അഭിമാനമുദ്രകളായിരിക്കും!
പുലരിയിൽ പ്രാചിതൻ മഞ്ഞണിയും മലകളിൽനി-
ന്നലയടിച്ചലയടിച്ചണയുന്ന കാററുകൾ,
പുതിയൊരു സൗരഭം, —ചോരയുടെ വേർപ്പിൻെറ
പുതുമണം വീശുന്നവയായിരിക്കും!
അവയുടെ ചുററിലും കുടുകുടെച്ചിരിപൊഴി-
ച്ചഴകിൻെറ കലമുത്തും കവിതകൾപോൽ,
പവിഴക്കണിക്കതിർക്കുലകളുമായിവ-
ന്നവിടെപ്പറക്കുമരിപ്പിറാക്കൾ.

*ശ്രീ പി. ഭാസ്കരൻ എഴുതിയ 'ആ*
*എന്ന കവിതയാണ് ഇതിനു പ്രചോദനം ന*

## നാടിൻെറ നാദം

തീവെടിയുണ്ടകൾ പൊട്ടും കൊറിയത-
ന്നാവി പറക്കും കെടുയുദ്ധഭൂമിയിൽ
ഒപ്പം മനുഷ്യനും 'ടാങ്കു'മലറുന്ന
ശബ്ദമടിക്കടി ഞെട്ടലുകൾ ചേർക്കവേ
തങ്ങൾതൻ ശാന്തസ്വതന്ത്രമാം ജീവിത-
രംഗങ്ങളെക്കൊള്ളയിട്ട യുദ്ധത്തിനെ
നേരിടാനെത്തിയ നാട്ടുകാർ, മോചന-
പ്പോരിൽ വെടിയേററു വീണു പിടയ്ക്കവേ,
ചോരചുവയ്ക്കുമാ സംഗ്രാമരംഗമീ
വീരഗാനത്തിനാൽ കോരിത്തരിച്ചുപോയ്, —

*"....എൻ, പുകൾപെരുകിന നാടേ
തവനാദമിതുയരുന്നൂ!
നെറികേടിനു കൊടി നാട്ടാൻ
നെടുനാളിനി മുടിതുള്ളാൻ
മറുനാടുകളിൽനിന്നീ
മരണായുധനിയമവുമായ്
വരുവോരുടെ കരളുകളിൽ
എരിതീയുടെയുലയൂതാൻ
എൻ പുകൾ പെരുകിന നാടേ
തവനാദമിതുയരുന്നൂ!
ചുണയാളിന നവലോകം
അണുബോംബിനു തീറെഴുതാൻ,
പടനീങ്ങിടുമുടമകളേ
പരിപാടികൾ തുലയുകയായ്
നിറതോക്കിനു ചൂളുകയോ
ജനമോചനരണഗാനം?
തരികില്ലിനിയീനാടിൻ
ചെറുമൺതരിയും ഞങ്ങൾ
മധുരോജ്ജ്വലജനനാദം
ബഹുമാനിക്കാത്തവരേ,
കടപറിയുകയായ് നിങ്ങൾ
കുടചൂടിയൊരധികാരം
വെടിയുണ്ടകളെൻ മാറിൽ
ചുടുചോരയൊഴുക്കുമ്പോൾ
ഇതു കണ്ടു ചിരിച്ചലറും

*'ഹം ദർദ് കി അഫ്സാനാ' എന്ന ഗാനത്തിൻെറ ഛായ.

കൊതിവീർത്ത ഭടന്മാരേ
കൊറിയായുടെയഭിമാനം
കൊടിപാറിടുമെന്മുന്നിൽ
വെടിയുണ്ടകളേൽക്കാനും
ചുടുചോരയൊഴുക്കാനും
പ്രിയനാടിൻ സ്വാതന്ത്ര്യം
നിലനിർത്തിയുയർത്താനും
വരുമായിരമെന്നെപ്പോൽ
വരവീരസഹോദരികൾ
ചെറുവീടുകളോരോന്നും
കൊറിയായുടെ കോട്ടകളായ്!
അരിവാളും ചുററികയും
അണിയുന്ന കരാവലികൾ,
പ്രിയനാട്ടിന്നഭിമാനം
ഉയിർവീശും നീൾമിഴികൾ,
പൊരുതുന്ന ജനാവലിതൻ
വിരിവേറിയ മാറണികൾ,
വരുമായിരമായിരമായ്
വരവീരസഹോദരികൾ!
വിരിമാറിലിതാ ചീററും
ചുടുചോരച്ചാലുകളാൽ,
കുതിരുന്ന മണൽത്തരികൾ
പുതുതാകുമൊരൊളിചിന്നും!
അണിയണിയായണയുക നാം
ജനമോചനരണമല്ലേ?
എൻ, പുകൾ പെരുകിന നാടേ
തവനാദമിതുയരട്ടേ!...."

വീണുമലർന്നു സമരാങ്കണത്തിലാ
വീരജനനി, നിണം തളംകെട്ടവേ!
പുഞ്ചിരി പൂക്കുമാ ലോലാധരങ്ങളിൽ
സഞ്ചരിക്കുന്ന മനുഷ്യസംഗീതകം,
തോക്കു കുരയ്ക്കുമാ യുദ്ധരംഗത്തിന്റെ
നേർക്കൊരു രാഗപ്രകാശപ്രവാഹമായ്!

വേർപ്പു നനച്ചു വിളയിച്ച മണ്ണിലാ
വേട്ടനായ്ക്കൾക്കെരിചാമ്പലുയർത്തുവാൻ,
സമ്മതിച്ചില്ല കൊറിയൻജനങ്ങളാ
ദുർമ്മദത്തിൻ മുടിതുള്ളൽ നീട്ടുവാൻ!
മക്കാർതർതൻ ചോററുപട്ടാളമുഗ്രമായ്
മർത്ത്യമഹത്വം ചവുട്ടി മെതിക്കവേ,
ഒന്നായണിചേർന്നു തങ്ങൾതൻ നാടിന്റെ
സുന്ദരസ്വാതന്ത്ര്യദുർഗ്ഗമുയർത്തുവാൻ,
ഓരോ യുവാവും യുവതിയും വൃദ്ധനു-
മോരോ പടയാളിയായിറങ്ങീടവേ,

തൻെറ നാടിന്നായ് പടയ്ക്കിറങ്ങി, ശത്രു-
വിൻെറ വെടിയുണ്ട തന്മാറിലേല്ക്കവേ,
ഞെട്ടിക്കുമാറു ജീവിക്കും ജനതതൻ
പൊട്ടിത്തെറിച്ച കരളിൽനിന്നെന്നപോൽ,
ആ വീരഗാനമുയർന്നു, കൊറിയതൻ
നാവിൽനി, — ന്നാ വീരസൈനികർ പാടവേ!
കോടിക്കണക്കിന്നു നാട്ടുകാരാ ചോര
ചൂടിയ സംഗീതമാസ്വദിച്ചെത്തവേ,
കണ്ടാരവർ, രക്തസാക്ഷിയായ് തീവെടി-
യുണ്ടയേററാ മണ്ണിൽ വീണ യുവതിയെ!
ആ മുലക്കണ്ണുകൾ ചപ്പിക്കുടിക്കുക-
യാണവൾതൻ പിഞ്ചുപൈതലന്നേരവും
അന്നാദ്യമായവന്നമ്മതന്നമ്മിഞ്ഞ-
യങ്ങനെ ചോരയുംകൂടിച്ചുരത്തവേ
ആ മുലപ്പാൽ കുടിച്ചാദ്യത്തെ വീർപ്പുവി-
ട്ടാ മുഖമല്പമുയർത്തിച്ചിരിച്ചവൻ,
കൈകാലടിക്കവേ, നാടിന്നുയരുന്ന
കൈകളിലായിതാ മാതൃഹൃത്സ്പന്ദനം!

യുദ്ധം വിളവെടുപ്പുത്സവമായ്ക്കാണു-
മുദ്ധതസാമ്രാജ്യമോഹികൾക്കത്രയും,
ചുട്ടമറുപടി നല്കി മുന്നേറിയ
ചിട്ടകൾ, നാട്ടിൽ ജയക്കൊടി നാട്ടവേ,
പാടീ പലരു — "മാ വിശ്വമാതാവിൻെറ
പാവനഗാനം മുഴങ്ങട്ടെ നമ്മളിൽ!"

# മറുനാട്ടിലെ കുഞ്ഞൻമേനോനും തങ്കമ്മയ്ക്കും

വെള്ളിലക്കാടിനുള്ളിൽ
പൗർണ്ണമി വളർത്തിയ
പുള്ളിമാൻ കടലിൻെറ
കൈകളിലുറങ്ങുമ്പോൾ

തലയിൽ വെള്ളശ്ശീല
കെട്ടിയ വെണ്മേഘങ്ങ-
ളലയും പടിഞ്ഞാറൻ-
ചക്രവാളവും നോക്കി

നിന്നു ഞാൻ, ബോംബേയ്ക്കുള്ളിൽ
കേരളം പറിച്ചിട്ട
കുന്നിൻെറ മുകൾത്തട്ടിൽ, —
'മലബാർ ഹില്ലിൻ' മേട്ടിൽ!

ചോളിയും ഹൈ ഹീൽ ഷൂസും
ലതർബാഗുമായ്, തമ്മിൽ
തോളുരുമ്മിക്കൊണ്ടെത്തും
പാഴ്സിപ്പെൺകിടാങ്ങളെ

എൻെറ കൈയിലെക്കൊച്ചു-
ക്യാമറാച്ചില്ലിൽക്കൂടി
കണ്ടു ഞാൻ; ടെക്നിക്കളർ
ത്രിമാനചിത്രംപോലെ!

മൈലാഞ്ചിയിലകളെ
കത്രിച്ചുകത്രിച്ചൊരു
മൈനയെ നിർമ്മിക്കുന്ന
കിഴവൻ തോട്ടക്കാരൻ.

ആ ദിക്കിലെല്ലാമൊന്നു
വെറുതെ കണ്ണോടിച്ചു
ചോദിച്ചിതെന്നോടപ്പോൾ:
"കഹാങ്സെ ആറേ ബച്ചു?"

ശ്രദ്ധിച്ചു ഞാനാത്തോട്ട-
ക്കാരനെ വീണ്ടും, മടി-
ക്കുത്തിൽനിന്നയാളൊരു
മുറുക്കാൻപൊതി നീട്ടി.

ആ മനോഹരമായ
മലബാർഹില്ലിന്നൊരു
പുമണിപ്പച്ചത്തൊപ്പി
തുന്നിയുണ്ടാക്കുന്നേരം

കാതിലെക്കടുക്കൻെറ
പൊന്നാണി മുറുക്കിക്കൊ-
ണ്ടോതി പിന്നെയും വൃദ്ധൻ:
"കിതർ സേ ആറേ ബച്ചൂ?"

പറഞ്ഞുപറഞ്ഞെൻെറ
സുഹൃത്തായ് കുഞ്ഞൻമേനോൻ;
നിറഞ്ഞ കണ്ണും നോക്കി
നിശ്ചലമിരുന്നു ഞാൻ

ആലുവായ്ക്കടുത്താണു വീ;-
ടതും വെടിഞ്ഞയാ,-
ളാണ്ടുകളിരുപതായ്
ബോംബെയിൽ വന്നിട്ടിപ്പോൾ!

'മെരിയൻ ഡ്രൈവി'ന്നെല്ലാ-
മപ്പുറത്തൊരു കൊച്ചു-
തെരുവു—ണ്ടതിലാണു
താമസമേകാകിയായ്!

കെട്ടിയ പെണ്ണും കുഞ്ഞും
വീടുവിട്ടിറങ്ങിപ്പോയ്,
പട്ടണത്തെരുവിലും
ബീച്ചിലും നടക്കുന്നു!

പറഞ്ഞുപറഞ്ഞെൻെറ
സുഹൃത്തായ് വൃദ്ധൻ; ഞാനാ
നിറഞ്ഞ കണ്ണുംനോക്കി
നിശ്ചലമിരുന്നുപോയ്!

പാഴ്സികളുടെ ശവ-
പ്പറമ്പിൽ, മാംസത്തിൻെറ
പാഴ്സലുകളുമായി-
പ്പറക്കും കഴുകന്മാർ

കള്ളക്കണ്ണുളിചാണ്ടി
തലയ്ക്കുമീതേകുടി
കണ്ണെത്താമറയത്തെ-
ക്കാട്ടിലേക്കകന്നുപോയ്.

അന്നു രാത്രിയിലെന്നെ
പഞ്ചാബിവേശ്യാലയ-
മൊന്നു കാണിക്കാൻ കൂട്ടി-
ക്കൊണ്ടുപോയ് കുഞ്ഞൻമേനോൻ!

'ഝനക്ക് ഝനക്കി'ലെ
പാട്ടുകൾ മൂളിക്കൊണ്ടെ-
ന്നടുത്തു വന്നെത്തിയ
പെൺകൊടിയുടെകൂടെ,

മുറിയിൽ കടന്നപ്പോൾ
പിന്നിൽനിന്നൊരു മഞ്ഞ-
ച്ചിരിയും ചിരിച്ചുകൊ-
ണ്ടകന്നു കുഞ്ഞൻമേനോൻ!

ഹിന്ദിയിൽ കിളിപോലെ
കുശലം ചോദിച്ചിതാ
സുന്ദരി;—ഞാനാക്കൊച്ചു
മുറിയിൽ കണ്ണോടിച്ചു.

ഒന്നു ഞെട്ടിപ്പോയ് ഞാ,—നാ
മേശമേൽക്കിടക്കുന്നി-
'തിന്ദുലേഖ'യും പുറം-
താൾപോയ 'രമണനും'

ശംഖുപുഷ്പങ്ങൾപോലെ
വിടർന്ന കൺപീലിക-
ളെങ്ങനെ നനഞ്ഞിതാ-
പ്പെൺകിടാവിനു വേഗം?

"നിങ്ങളെക്കൂട്ടിക്കൊണ്ടു
വന്നതാണച്ഛൻ... പേരു
തങ്കമ്മയെന്നാ...."ണവൾ
വിതുമ്പിക്കരയുന്നു!

കേരളാ ക്ലബ്ബിൽ പിറേറ-
ദിവസം ഞാൻ ച'ന്നൈക്യ
കേരള'ത്തിനെപ്പററി
സംസാരിച്ചിറങ്ങുമ്പോൾ

എൻെറ പോക്കററിൽ കൈയി-
ട്ടൊരുത്തൻ ബസ്സ്റേറാപ്പിൽവ-
ച്ചെന്മണിപ്പേഴ്സുംകൊണ്ടാ-
ത്തിരക്കിൽക്കടന്നുപോയ്!

ആറേഴു സുഹൃത്തുക്ക-
　　ളുവനെപ്പിടിച്ചെന്റെ
ചാരത്തു നിർത്തി; പൊല്ലീ-
　　സോടിവന്നെത്തുംമുൻപേ!

ചൊല്ലിനാനവൻ: "എന്നെ
　　പൊല്ലീസിലേൽപ്പിക്കല്ലേ,
കൊല്ലത്തുകാരൻ ജോണി-
　　ക്കുഞ്ഞിനെ രക്ഷിക്കണേ!..."

വരണ്ടുകിടക്കുന്ന
　　രായൽസീമയിലൂടെ
തിരിച്ചു തീവണ്ടിയിൽ
　　പോരുമ്പോൾ ഞാനോർമ്മിച്ചു:

'മറുനാട്ടിലെ കുഞ്ഞൻ-
　　മേനോനും തങ്കമ്മയ്ക്കും
മഠയൻജോണിക്കുമാ,-
　　ണൈക്യകേരളം നാളെ!'

# അവർക്കും ഓണമുണ്ടായിരുന്നു

രണ്ടു മൺചട്ടികൾ, കരിപററിക്കീറിയ
മുണ്ടുകൾ, രണ്ടു പഴങ്കലങ്ങൾ,
ഇടയിലൊരമ്മയും മൂന്നു കുഞ്ഞുങ്ങളും,
ഇവയാണവിടത്തെയുള്ളടക്കം.

മലവെള്ളം പൊങ്ങിയാൽ, കായലനങ്ങിയാൽ,
അലതല്ലു, —മാക്കൊച്ചുമൺതറയിൽ
പലടത്തും ചിതൽകേറി മറയൊക്കെജ്ജീർണ്ണിച്ചു
പഴകിയ കൊച്ചോലക്കുടിലു കണ്ടോ?

പകലന്തിക്കവിടൊക്കെച്ചുററിയടിക്കുന്ന
പതിവിലാക്കോടക്കാററിളകിയെങ്കിൽ,
കടലിലെക്കോളൊന്നു പെരുകിയാലാച്ചെറ്റ-
ക്കുടിലിൻെറ കാര്യമൊന്നോർത്തുനോക്കൂ:

വയലിൻെറ കരയിലാ നടവഴിക്കവലയിൽ
വലിയവർ കണ്ണേറിയാൻ വന്നുപോയാൽ
അവൾ കിടിലംകൊള്ളാറു,ണ്ടൊരുനാളും മാംസത്തി-
ന്നവളൊരു വിലവാങ്ങാൻ ഭാവമില്ല!

മിഥുനത്തിൽ മഴവന്നു മാനം കറുത്തപ്പോൾ
ഹൃദയമവൾക്കുമിരുണ്ടുപോയി!
തൊഴിലില്ല, പണമില്ല, നാലുപേരങ്ങനെ
കഴിയണം പട്ടിണിച്ചിട്ടകളിൽ!

അവിടമൊരുമട്ടിൽ കരപററി,യതിനിടയ്-
ക്കവളുടെയരുമമകനന്തരിച്ചു!
അവനൊരു ചുണയുള്ള കുട്ടിയാ, — ണച്ചൻെറ
അഭിനവപ്രതിരൂപമായിരുന്നു!
അതുമവൾ ചെയ്യേണ്ടതായ്‌വന്നു തന്മക-
നുദകക്രിയകളും കണ്ണുനീരാൽ!

അവളെന്തുചെയ്യണം? വയർപൊത്തിക്കരയുമ്പോ-
ളവളുടെ രണ്ടു പെൺപൈതലുകൾ?
ഒരുതുള്ളിച്ചോരയി,ല്ലൊരുകഷണം മജ്ജയി-
ല്ലൊരുവർക്കു, — മെല്ലും കരിന്തൊലിയും!

2

തിരുവോണം വരികയായ്, ചിങ്ങം പിറന്നിട്ടു-
മൊരുകാശവൾ കണ്ടനാൾ മറന്നു!
അവളോർക്കുമക്കഥ രണ്ടുമൂന്നാണ്ടുകൾ-
ക്കകലെയാ,യന്നത്തെത്തിരുവോണങ്ങൾ

വഴിവക്കിൽ നിൽക്കുമവ, — ളുടുതുണിക്കെട്ടുമായ്
വരുമയാളൊരു ചുമടും തലയിൽത്താങ്ങി
അനുപദമാഹ്ലാദത്തികവിൻെറയൂഞ്ഞാലി-
ലവരാടിയാടിയിരുന്നുപോകും!
അവൾ പാടും ഓണത്തിൻ നാടോടിപ്പാട്ടുകൾ
" — അറിയാമോ മാവേലിത്തമ്പുരാനെ...."
അഴലിൻെറ തീയുലയിലഭിമാനം നീററുമ-
ത്തൊഴിലാളിക്കതുകേട്ടാൽക്കലിയിളകും:

"തിരുവോണം,പോലും നിൻ തിരുവോണ,മൊരുകൂട്ടർ-
ക്കൊരുപറപ്പാല്പായസമുണ്ണലല്ലേ?
അരിവാളും തിരുകിക്കൊണ്ടാ വയലിൽ പണിചെയ്യും
ചെറുമന്മാർക്കവയിലെന്താസ്വദിക്കാൻ?...."

3

ഇടനെഞ്ഞു പൊട്ടിക്കരഞ്ഞവ, — ളന്നത്തെ
വെടിവയ്പിൽപ്പെട്ടുപോയ്ത്തൻ പുലയൻ!
അവളന്നയാളുടെ കാൽപിടിച്ചായിരം-
തവണ കരഞ്ഞുപറഞ്ഞതല്ലേ?

" — വെടിയുണ്ടയൊന്നെങ്ങാൻ കൊണ്ടാലോ നിങ്ങടെ
പൊടിപോലും കാണുകി,—"ല്ലാരു കേൾക്കാൻ?
അവനന്നു വീറുകൊണ്ടവളോടു പലവട്ട-
മരിവാൾ ചുഴററിപ്പറഞ്ഞിതേവം:

"അവശർതൻ ശവമങ്ങനെ ചത്തുചീഞ്ഞളിയട്ടേ
അധികാരം ഞങ്ങൾ പിടിച്ചുവാങ്ങും...."
എന്താത്മധീരത,യെന്തുണർ,വ്വെന്തോജ-
സ്സെന്തൊരുഗ്രസമരവീര്യം!

അവളാദ്യം വിശ്വസിച്ചില്ലതൻ മുതലാള-
നലറുന്നകേട്ടിട്ടു, —മാ മരണം!
അവൾ കാത്തിരുന്നുപോൽ, ജയിലിൽനിന്നന്നത്തെ-
പ്പടയാളികൾ പലരും വരുംവരേയ്ക്കും!
അതുകഴിഞ്ഞോണങ്ങൾ പലതായി, കൈയിലി-
ല്ലൊരുകാശിൻ തരിപോലു, — മെന്തുചെയ്യാൻ?

4

തിരുവോണം വന്നപ്പോളാഹ്ലാദമാ നാട്ടിൽ
ചിറകടിച്ചൂഞ്ഞാലിലാടുകയായ്!

സമതപുലർത്തിയോരച്ചക്രവർത്തിതൻ
സ്മരണോത്സവമെന്നു വീമ്പിളക്കി
അവശർതൻ വേർപ്പിൻെറ വിളവെടുപ്പാചരി-
ച്ചരുളുവോർതൻ പടിവാതിൽതോറും;
ഹൃദയവും കൈയും മലർത്തി, വിശപ്പിൻെറ
കഥപാടുമവൾമാത്രം 'തെണ്ടി'യായി!

5

ഒരു രാത്രിയിലാരോ വന്നവളുടെ തറയിൽനി-
ന്നൊരുരൂപാനോട്ടൊന്നു നീട്ടിയത്രേ!
അവളതു വാങ്ങിയി,—ല്ലവ്യക്തശബ്ദത്തി-
ലവനെന്തോ കാര്യം പറഞ്ഞുവത്രെ.
അവളുടെ കുഞ്ഞുങ്ങളാറേഴുനാളായി-
ട്ടരിയുടെ തരികാണാതായതല്ലേ
അവളെന്തോ പാഴ്സ്വപ്നം കണ്ടുപോൽ, —സ്വപ്നമ-
ല്ലവളുടെ തമ്പുരാനായിരുന്നു!
അവളുടെ കവിളിലുണ്ടിപ്പോഴും കള്ളിൻെറ
പുളിമണ; —മവൾ ബോധംകെട്ടുപോയി.

6

തിരുവോണം പിറേറന്നാൾ വിഭവസമൃദ്ധമാ-
മൊരു കളിത്തേരിലിറങ്ങിയപ്പോൾ,
പ്രതിനിമിഷമവളെയാച്ചൂടുള്ള ചിന്തകൾ
പ്രതികാരയക്ഷിയായ്ത്തീർത്തിരുന്നു.
പല രക്തസാക്ഷികൾതൻ പ്രാണവായുവാൽ
തലമുറതോറും പുകഞ്ഞു കത്തും
അവിടത്തെ വിപ്ലവനാളങ്ങളൊത്തുചേർ-
ന്നവളൊരു തീജ്ജ്വാലയായിരുന്നു!

## ശക്തിയുടെ സൈറൺ

ആററുപള്ളങ്ങൾതോറും വളക്കൂ-
റേററ മണ്ണിലിളക്കിച്ചിനക്കി,
മാമരപ്പട്ട മെയ്യുടുപ്പാക്കും
മാനുഷരാദ്യമൊന്നിച്ചുകൂടി!
കാട്ടുകമ്പുകൾ കുത്തിപ്പലേട-
ത്താററിറമ്പിലിലക്കുടിൽ തീർത്തും
പൊന്നുകായ്ക്കുന്ന മണ്ണി,ലാഹാര-
ത്തിന്നുവേണ്ടി തിനകൾ വിതച്ചും,
കൂട്ടരൊത്തവ കൊയ്തും, വനത്തിൽ
വേട്ടയാടിയും വാണൂ മനുഷ്യൻ!
മഞ്ഞു മൂടി മരവിച്ച രാവിൽ
നെഞ്ഞിലൊക്കെ കരിയില കൂട്ടി,
ഒത്തിരുന്നു തീകാഞ്ഞും ചിരിച്ചും
മർത്ത്യസംഘങ്ങൾ വാണൊരക്കാലം,
ആരുമാർക്കും തലതാഴ്ത്തിനിൽക്കാ-
താരുമാരെയും കൊള്ളചെയ്യാതെ,
അസ്സമൂഹജനുസ്സിൽ തളിർത്തു
മത്സരംവിട്ടൊരുത്സവോത്സാഹം!
പാട്ടു പാടിയും ചൂളംവിളിച്ചും
കാട്ടുപുൽക്കൂമ്പരിഞ്ഞു പായ്നെയ്തും
കൂട്ടുജീവിതഭദ്രത ചുററും
കൂത്തടിച്ചു സമാധാനമോടെ!

*ആദ്യത്തെ ശക്തിമാൻ*

അന്നൊരിക്കൽ തടിമിടുക്കുള്ളോ-
രുന്നതനായ കൂററൻമനുഷ്യൻ,
കണ്ണുരുട്ടാൻ തുടങ്ങി പതുക്കെ
തന്നെ വന്നു വണങ്ങാത്തവരെ!
ആ നിതാന്തമാം സ്നേഹപ്പരപ്പിൽ,
പൂനിലാവിൻ പരിശുദ്ധതയിൽ,
അട്ടിയട്ടിയായ് കൂരിരുട്ടെത്തി
കട്ടകൂടി ക്രമേണ ക്രമേണ!

തൻബലിഷ്ഠമാം കൈചുരുട്ടിക്കൊ-
ണ്ടമ്മനുഷ്യനലറുന്ന കേൾക്കാം:
"...പട്ടികളേ തൊഴിച്ചു ഞാൻ കൊല്ലും
മുട്ടുകുത്തെടാ വന്നെൻെറ മുമ്പിൽ..."

ആദ്യമായി മനുഷ്യൻെറ കാൽമു-
ട്ടാദ്യമായി വളഞ്ഞുകുത്തുന്നു
ആദ്യമായി മനുഷ്യൻെറ മുമ്പിൽ
മാത്രമന്നു മനുഷ്യൻ ഭയന്നു!
ശക്തിയും കൈമിടുക്കും ബലവും
മർത്ത്യതയെ തലകുനിപ്പിച്ചു!
അ'ക്കരുത്തൻ'പ്രമാണിയായ് മാറി
ശക്തിയെ ഭയപ്പെട്ടു ജനങ്ങൾ!

*കത്തി കണ്ടുപിടിച്ചു*

അന്നൊരന്തിയി,ലക്കരുത്തുള്ളോ-
രുന്നതൻ ചത്തുവീണു തെരുവിൽ!
നെഞ്ചിലെന്തോ തറഞ്ഞാഞ്ഞുകേറി
ചെഞ്ചുടുചോര ചീററിയിരുന്നു.
മുഷ്ടികളുടെ മുമ്പിൽ വിറച്ചോർ
മുക്തരായി മദിച്ചു രസിക്കെ,
എത്തി മറെറാരാൾ മിന്നിത്തിളങ്ങും
കത്തിയുമായ്, ചൊടിച്ചയാളോതി:
"കത്തി കണ്ടോ? കരുത്തൻെറ മെയ്യിൽ
കുത്തിവാർന്നതാണിക്കൊച്ചുകത്തി
മിണ്ടിയാൽ ഞാൻ കുടൽ ചൂർന്നെടുക്കും
എൻെറ കൈയിലാണായുധം കേട്ടോ..."
തമ്മിൽ നോക്കി വിറച്ച ജനങ്ങൾ:
"തമ്പുരാനിനി ഞങ്ങൾക്കു നിങ്ങൾ."
കത്തി ചൂണ്ടിയയാൾ വിറപ്പിച്ചു
ശക്തിമാനെയും ദുർബ്ബലനേയും!
കാമുകിയെ മുറുകെപ്പുണർന്നാൽ
പ്രേമഗീതികൾ ചുണ്ടത്തു വന്നാൽ,
ഒന്നുറക്കനെപ്പൊട്ടിച്ചിരിച്ചാൽ,
ഒന്നു കൂട്ടമായ് നർത്തനംചെയ്താൽ,
വന്നുനിൽക്കും മനുഷ്യവർഗ്ഗത്തിൻ
മുന്നിലേക്കാ ഭയദമാം കത്തി!

*തലയ്ക്കുനേരെ വാൾ*

പാറമേൽ വച്ചൊരാളൊരു നീളൻ-
കാരിരുമ്പൊന്നടിച്ചുനീട്ടുന്നു!
മൂർച്ചകൂട്ടിപ്പണിക്കുറതീർത്താ
മൂച്ചിലൊന്നതു വായുവിൽ വീശി!
കൊച്ചുകത്തിയുംകൊണ്ടവിടെല്ലാ-
മൊച്ചയിട്ടുനടന്നവൻപോലും,
കണ്ടു ഞെട്ടിപ്പകച്ചുപോയ്, വാളും-
കൊണ്ടു നിൽക്കുന്നു പുത്തൻ മനുഷ്യൻ!
വാളു വന്നൂ യുഗങ്ങൾതൻ മുമ്പിൽ
വാളുലച്ചാൽ വിറയ്ക്കും ജനങ്ങൾ
നിന്നനില്പിൽ തലകൊയ്തെറിയും
നിന്ദ, നാടു കിടുകിടുപ്പിച്ചു!

നാട്ടിലാകെ പലേടത്തുമായി
നാട്ടുകാരുടെ രക്തം പതഞ്ഞു!
അററമററു ശിരസ്സുകൾ താഴ-
ത്തററുവീണു മനുഷ്യൻ വിറച്ചു!
വാളെടുത്തവൻ രാജ്യം ഭരിച്ചു
വായപൊത്തി മനുഷ്യവർഗ്ഗങ്ങൾ!

വാളുറയിൽനിന്നൂരി വിറപ്പി-
ച്ചാളുകളെ വിളിച്ചയാളോതി:
"എൻെറ കീഴിലെ സൈന്യങ്ങൾ നിങ്ങൾ
എൻെറ നാടിൻെറ രക്ഷകർ നിങ്ങൾ...."
സേനകൾക്കായി വാളുകൾ നൽകി
സേവനത്തിന്നു രാജാധിരാജൻ.

*കിരീടങ്ങൾ വന്നു*

മർത്ത്യജീവിതം താറുമാറായി
മത്തടിച്ചു പെരുമാൾപ്പടകൾ
ആ വിശാലമാം മണ്ണും മലയും
ആയിരങ്ങളായ് വെട്ടിമുറിച്ചു!
നാട്ടിലൊക്കെ പടകുടീരങ്ങൾ
കൂട്ടമായിക്കുരുതിതുടങ്ങി
നൂറുനൂറു പെരുമാക്കൾ വന്നൂ
നൂറുപേരുമായ് യുദ്ധം മുഴുത്തു.
ആ വിനോദവഴക്കുകൾക്കായി-
ട്ടായിരങ്ങൾതൻ ജീവൻ തുലഞ്ഞൂ!
ഭീകരങ്ങളാം യുദ്ധങ്ങൾ വന്നൂ
ഭീതിയെങ്ങും കരിമ്പടംചുററീ!
നൂറുനൂറു യുഗങ്ങളിലൂടെ
കേറിയെത്തിയ മർത്യസംസ്കാരം,
മെയ്യിലാകെ മുറിവേററു വീണൂ
കൈയിൽ വാളുമായ് യുദ്ധംനടക്കെ!
പൊന്നണിഞ്ഞ കിരീടവുമായി
മന്നവൻ വന്നു വാൾവീശി നില്ക്കെ
ജീവിതത്തിൻ പ്രിയാഭിലാഷങ്ങൾ
ജീവനററു കിടന്നു പിടച്ചു!

കാട്ടിലുള്ള മൃഗങ്ങളെയെല്ലാം
വേട്ടയാടിപ്പടയണികൂട്ടി
അന്യരാജ്യങ്ങൾ വെട്ടിപ്പിടിക്കാൻ
മന്നവന്മാർ മനുഷ്യരെക്കൊന്നു!
ഹാ വിലങ്ങുകൾക്കുള്ളിൽ പിടഞ്ഞൂ
ജീവിതത്തിൻ കിനാവുകൾ നീളേ!
ശൂലവും നീണ്ട കുന്തവും വാളും
വേലുമേന്തീ കൊടുയുദ്ധയക്ഷി,
കെട്ടഴിച്ചു കരിഞ്ചിടചിക്കി

വട്ടരക്തമിഴികളുരുട്ടി
ചക്രവാളച്ചുമരുകളെല്ലാ-
മുഗ്രശബ്ദമുഖരിതമാക്കി.
രക്തദാഹവുമായ് സഞ്ചരിച്ചു,
മർത്ത്യകങ്കാളരാശിക്കു മീതേ.

*പുതിയ പൊട്ടലുകൾ*

വാളുമായി പടനയിച്ചോർതൻ
വാശിമൂത്ത സമരരംഗത്തിൽ
ചിഞ്ചുളിൻ — ഝണൽക്കാരങ്ങളെങ്ങും
സഞ്ചരിക്കും സമരരംഗത്തിൽ,
കണ്ടുനില്ക്കെപ്പറന്നുവന്നെത്തി
രണ്ടു പീരങ്കിയുണ്ടകൾ ദൂരെ!
വാളുകൾ ചെന്നുറകളിലെല്ലാം
വാടി വേഗം കിടുന്നനെ വീണൂ
മൂക്കുകളിൽ സ്ഫുലിംഗങ്ങളുമായ്
തോക്കുപട്ടാളലോറികൾ പാഞ്ഞൂ!
വാളു തോക്കിൻെറ മുന്നിൽ കുനിഞ്ഞു
പാളികളായ് മനുഷ്യർ പുകഞ്ഞൂ.
തോക്കുടമകൾ ലോകം ഭരിച്ചു
നാൾക്കുനാളവർ തോട്ട നിറച്ചൂ
ഭൂപടത്തിൽ മനുഷ്യൻെറ രക്തം
വ്യാപരിപ്പിച്ചതിർത്തികൾ മാററീ—
മൂർച്ചയേറും ബയണററിൽ രാഷ്ട്ര-
ശാസ്ത്രമെല്ലാം തറച്ചവർ നിർത്തി.
ജീവിതത്തിൻെറ നേർക്കു പാഞ്ഞെത്തി
തീവെടിത്തോക്കുയന്ത്രങ്ങൾ നീളെ.
ആയിരക്കണക്കെല്ലായിടത്തും
ആയുധപ്പുര പൊങ്ങി ക്രമേണ
കോടികോടിശ്ശതാബ്ദങ്ങളായ് നാം
നേടിവച്ച 'സയൻസി'ൻെറ ദുർഗ്ഗം,
തീയുതിർക്കും വെടിക്കെട്ടുശാല-
യായി, മാനവവർഗ്ഗം പുകഞ്ഞൂ!

തങ്ങൾതൻ പീറവേദാന്തമെങ്ങും
മംഗളത്തിൻ മണി മുടി ചൂടാൻ,
തങ്ങൾതന്നധീശാധികാരങ്ങൾ
തണ്ടുവച്ചു തുഴഞ്ഞു മുന്നേറാൻ,
മർത്ത്യരക്തക്കടലിലാ യുദ്ധ-
ക്കപ്പൽ വിട്ടു കനൽക്കണ്ണുമായി
കോളനികളെ വെട്ടിപ്പിടിക്കാൻ
ഡോളറിൻെറ പിശാചുക്കൾ നീളേ
മാരകസൈന്യസൈറൺ മുഴക്കി
ചോരകൊണ്ടു കുതിർത്തൂ ദിഗന്തം....

*അണുബോംബുകൾ*

അന്നൊരിക്കൽ 'ഹിറോഷിമ'കണ്ടു
വന്നടുത്ത വിനാശയന്ത്രങ്ങൾ!
ലാക്കുമുന്നാവും തെററാതെതന്നേ
തോക്കുകാഞ്ചി വലിച്ചവർ വിട്ടു.
എത്തുപെട്ടി, — ല്ലതിൻമുമ്പു മാന-
ത്തെത്തി നാലഞ്ചു പോർവിമാനങ്ങൾ
തീപറക്കുന്ന ബോംബുകൾ വീണു
തീയലകളിൽ മുങ്ങീ നഗരം
തെററിയില്ല, നശീകരണത്തിൻ
വെററി, മാരണസൈറൺ മുഴക്കീ,
ആറിയില്ലതിൻ ചൂടും പുകയും
ആ നഗരം ശ്മശാനനിശ്ശബ്ദം
ഇന്നകലെ*കൊറിയയിൽ, ചീനൻ
വന്നുകണ്ടൊരാ ശാന്തിതൻ നാട്ടിൽ
പച്ചമാംസം പുകയുകയല്ലേ
പട്ടണങ്ങൾ കരിയുകയല്ലേ?
ഉൾക്കിടിലം പടർന്നു നാടെങ്ങും
ഉൽക്കടമായ ജീവിതഭീതി
ആയിരങ്ങളരനിമേഷത്തിൽ
ആവിയായി പുകഞ്ഞുപോംമട്ടിൽ,
ആണുകാഗ്നേയഗോളങ്ങളുംകൊ-
ണ്ടാണു ചെങ്കോലിളക്കുന്നു യുദ്ധം!

ജീവിതത്തിൻെറ, ചക്രവാളത്തിൽ,
ഭാവിയെ കൊലത്തീക്കുടുക്കിട്ടും
മർത്ത്യസംസ്കാരശാസ്ത്രസമ്പത്തിൽ
കുത്തി, മന്തുകാൽ മന്നിൽ ചവുട്ടി
കണ്ണുകളിൽ കനലുമായ് നില്പൂ
കണ്ഠനാളങ്ങൾ കണ്ടിച്ച യുദ്ധം!

ജീവിതത്തിൻെറ മന്ദഹാസത്തിൽ
തീവിഷത്തിൻെറ നീലിമപൂശാൻ,
സ്നേഹധാര ചുരന്നൊരീ നാടിൻ
സ്നേഹനീലനയനങ്ങൾതോറും
കുത്തിനാട്ടുവാൻ ശൂലം ചുഴററും
യുദ്ധ, —മുഗ്രമാം യുദ്ധംവരുന്നു!

പച്ചമർത്ത്യൻെറ തോലുരിച്ചെങ്ങും
പുസ്തകപ്പുറന്താളിടും യുദ്ധം,
പാട്ടു പാടുന്ന നാവിൽ ചവുട്ടി
ചാട്ടവാറും ചുഴററിച്ചുഴററി,
ചോര നക്കിക്കുടിച്ചുകൂത്താടും

*ക്രിസ്തുവിനു പതിനൊന്നു നൂററാണ്ടുകൾക്കു മുമ്പ് 'കിത്സേ' എന്ന ഒരു ചീനരാജാവ് കണ്ടുപിടിച്ചതാണ് കൊറിയ. അന്ന് അദ്ദേഹം ആ നാടിന് 'പ്രഭാതശാന്തിയുടെ നാട്' എന്ന് പേരിടുകയുണ്ടായി.

ക്രൂരദംഷ്ട്രങ്ങൾ കാട്ടുന്ന യുദ്ധം
ജീവിതത്തിന്നതിർത്തിയിൽനിന്നും
പോവണം; — നമ്മൾ നാവുയർത്തേണം!

*നമുക്കീ യുദ്ധം വേണ്ട!*

ശക്തിമാൻെറ കരുത്തിൻെറ മുമ്പിൽ
ശബ്ദമില്ലാതെ വാപൊത്തി നിന്നോർ,
അന്നു കണ്ടില്ല, ലോകവിനാശ-
ത്തിന്നു ശക്തി വളരുന്ന ചിത്രം!
ആ മനുഷ്യർതൻ പിൻതുടർച്ചക്കാർ,
നാ, —മനന്തസമൂഹസ്രഷ്ടാക്കൾ,
ജീവിതത്തിൻെറ ഗായകർ നമ്മൾ
ഭാവിതൻ സമാഹാരങ്ങൾ നമ്മൾ!
നമ്മളൊന്നിച്ചുയർത്തുകീ ശബ്ദം
നമ്മൾതൻ സർഗ്ഗസംസ്കാരശബ്ദം:
"...ജീവിതത്തിൻെറ രക്തപ്പശയ്ക്കായ്
നാവിളക്കുന്ന സിംഹാസനങ്ങൾ
പൊൻതലക്കെട്ടു കെട്ടി ഭരിക്കാൻ
എന്തുകൊണ്ടുമനുവദിക്കില്ല!
ഭാവി നമ്മുടേതാ—ണുയരട്ടേ
ഭാവിതൻ സമാധാനവാഗ്ദാനം!
ജീവിതത്തിൻ വസന്തങ്ങൾ പൂക്കും
ഭാവിതൻ സമാധാനസംഗീതം — "

# ചോര

ചിന്തകളുടെ ചോര-
ച്ചൂടെഴും ഞരമ്പുകൾ
വെന്തുപോമെനി,—ക്കതൊ-
ന്നോർക്കുവാൻ ശ്രമിക്കുമ്പോൾ!

ദേഹമത്രയും നൊന്തു
നീറുന്നൂ, വിറയ്ക്കുന്നൂ,
സ്നേഹിതാ നിങ്ങൾക്കു ഞാ-
നിക്കുറിപ്പെഴുതുമ്പോൾ!

എൻെറ ഭീരുത്വംകൊണ്ട-
ല്ലെൻെറ ദൗർബ്ബല്യംകൊണ്ട,-
ല്ലെൻെറ ചിന്തയിൽ പന്തം
കൊളുത്തും വികാരങ്ങൾ,

കീഴടക്കിയിട്ടുണ്ടാ-
മിന്നെന്നെ, ഞെട്ടിക്കുമാ-
പ്പാഴിരുമ്പഴികളെ-
പ്പററി ഞാൻ കുറിക്കട്ടെ!

എൻെറ ചുററിലും കൊടു-
ങ്കാററുകളടിക്കുന്നു-
ണ്ടെൻെറ നാട്ടിലെ തെങ്ങിൻ-
തോപ്പുകളലറുന്നു!

നോവുകൊള്ളുകയാണൊ-
രുദയത്തിനായ്, പേററു-
നോവുകൊള്ളുകയാണീ
കർഷകഭവനങ്ങൾ!

വിളഞ്ഞ നെല്പാടങ്ങൾ-
ക്കരികിൽ കാവൽനിന്നു
വിശന്നുതളർന്നോരാ-
ണാച്ചെററപ്പുരകളിൽ!

നാളത്തെ കൊയ്ത്തിന്നവ-
രരിവാൾ തേയ്ക്കും സ്വരം
നാടിൻെറ നിണഞരമ്പ-
മ്പത്രയും കുലുക്കുന്നു

കദനക്കരിനിഴ-
ലല്ല കാണ്മ,തൊരുഗ്ര-
പ്രതികാരത്തിൻ ചോര-
പായുമാ മുഖങ്ങളിൽ!

അവർതൻ നടുക്കിരു-
ന്നിക്കുറിപ്പെഴുതുമ്പോ-
ളഭിമാനിക്കുന്നൂ ഞാൻ
സ്നേഹിതാ പേർത്തുംപേർത്തും.

മുന്നിലിപ്പുകചൂഴും
ചിമ്മിനിവിളക്കിൻെറ
മുള്ളുപോൽ കത്തും നാളം
കാട്ടുതീയായ് മാറുമ്പോൾ,

ഇരുളിൻ കൂടാരങ്ങൾ
കത്തിവീഴുമ്പോൾ, നീറി-
ക്കരിയും രാവിൻനെഞ്ചി-
ലുദയം പറന്നെത്തും.

ഞാനനന്തതയുടെ
രംഗമണ്ഡപങ്ങളിൽ
വീണവായിക്കാനല്ലീ
കൈവിരൽ ചലിപ്പിച്ചു!

നാദനിർവൃതി പൂക്കും
വസന്താധരങ്ങൾതൻ
സ്വാദു നക്കുവാനല്ല
നാവു ഞാൻ ചലിപ്പിച്ചു!

ഈ നെടുങ്കോട്ടയ്ക്കൊക്കെ
വെള്ളപൂശുവാനല്ല
ഞാനവ തകർക്കുവാൻ
കൈയുകൾ ചലിപ്പിച്ചു!

കൈമണി കൊട്ടാനല്ല,
കാഹളം വിളിക്കുവാൻ
കൈയിൽ ഞാനെടുത്തൊരീ
സമരായുധവുമായ്

ഇങ്ങനെ ഞാനീ ഗ്രാമ-
കർഷകാങ്കണങ്ങളി-
ലിന്നു നില്ക്കുമ്പോളെനി-
ക്കെന്തൊരു വീറാണെന്നോ!

സ്നേഹിക്കാൻ, പരസ്പരം
വിശ്വസിക്കുവാൻ ചുററും
സ്നേഹിതന്മാരുണ്ടെനി,-
ക്കഭിമാനിക്കുന്നു ഞാൻ!

പറയാൻ തുനിഞ്ഞതു
പറഞ്ഞില്ലിതേവരെ
പലതും പകർത്തിയി
ക്കത്തു ഞാൻ നീട്ടുന്നില്ല!

എന്നിലിന്നലെയൊരു
തീനാളം കടന്നതാ,-
ണെന്തൊരു ചൂടാണിതി-
ന്നെൻ രക്തം തിളപ്പിക്കാൻ

എങ്ങനെയാണെന്നല്ലേ,—
പറയാം ഞാനിന്നലെ-
യെൻെറ നാട്ടിലെയൊരു
ലോക്കപ്പു സന്ദർശിച്ചു

ആ ജയിലിലെയിരു-
മ്പഴികൾക്കോരോന്നിനു-
മായിരം കഥകളു-
ണ്ടോർക്കുവാൻ, പറയുവാൻ

നൂററാണ്ടായ് മനുഷ്യനെ-
പ്പേടിക്കും സംസ്കാരത്തിൻ
ചോററുപട്ടികൾ കാവൽ-
നില്ക്കുമാ വളപ്പിലും,

കാലത്തിൻ മഹത്തായ
വിപ്ലവമുന്നേററത്തിൻ
കാഹളം കേൾക്കാമിന്നും, —
മനുഷ്യൻ ഗർജ്ജിക്കുന്നു!

ഞാനനുസ്മരിച്ചുപോയ്,
നാടിനുവേണ്ടിക്കൊല-
ത്തൂണുകേറിയ വീര-
പൂർവികന്മാരെപ്പററി!

അവർതൻ കൈപ്പന്തങ്ങ-
ളേററുവാങ്ങുവാനായി-
ട്ടവിടേക്കോടിച്ചെന്ന
പിന്മുറക്കാരെപ്പററി...

അങ്ങനെ മനുഷ്യന്റെ
വിയർപ്പും നെടുവീർപ്പും
തിങ്ങിയോരവിടത്തെ-
യന്തരീക്ഷത്തിൽക്കൂടി,

ചിന്തയിൽ കൊടുങ്കാററു-
മായി ഞാൻ രക്തത്തിന്റെ
ഗന്ധമൊട്ടിയ തുറു-
ങ്കറയിൽ കടക്കവേ,

എന്നിലൂടൊരു ചുട്ട
തീനാളം പറന്നുപോയ്
മുന്നിലെ ഞെട്ടിക്കു-
മാക്കാഴ്ച, — ഞാൻ പകച്ചില്ല!

ആ ജയിൽച്ചുവരിന്മേ-
ലത്രയും തെറിച്ചുവീ-
ണായിടയ്ക്കൊഴുകിയ
ചോരതൻ ചെമ്പുള്ളികൾ,

എന്റെ ചിന്തയെയാകെ-
പ്പിടിച്ചുകുലുക്കിക്കൊ-
ണ്ടെന്റെനേർക്കൊരു വീര-
ചരിത്രം കുടഞ്ഞിട്ടു!

....നാലുനാളുകൾമുമ്പാ-
ലാക്കപ്പിലിരുട്ടിന്റെ
മൂലയിലൊരു 'ജന-
ദ്രോഹി'യാം യുവാവിനെ

നീതിപാലകരാരോ
കൊണ്ടുചെന്നപ്പോൾ, രോഗ-
ബാധിതനയാൾ വീണു
മരിച്ചു പൊടുന്നനെ!

കേട്ടതാണീ വാർത്ത ഞാ-
നാ 'ബഹുജനദ്രോഹി'
നാട്ടുകാരുടെകൂടെ
സഞ്ചരിച്ചത്രേ നീളെ

അവർക്കു വിശന്നപ്പോ-
ളാ വിശപ്പിനെപ്പററി-
യവരോടെന്തോ ചില
'വിപ്ലവം' പറഞ്ഞത്രേ!

കണക്കിന്നതിനൊക്കെ
ശിക്ഷനൽകണ്ടേ നാടിൻ
കഴുത്തിൻമോളിൽത്തൂങ്ങും
നീതിവാൾമുനയ്ക്കെന്നും!

ആ ജയിൽച്ചുമരിലെ-
ച്ചോരത്തുള്ളികളെന്നി-
ലായിരം കരൾകത്തും
രംഗങ്ങൾ നിവർത്തിട്ടു....

വിശ്വസൗഹൃദത്തിൻെറ
മുദ്രപോൽ മൃദുഹാസ-
രശ്മികൾ കതിർവീശും
ഗാന്ധിതൻ ഛായാചിത്രം,

തെല്ലകലത്തായ് ദൂരെ
ചുമരിൻ നടുക്കൊരു
ചില്ലിലു; — ണ്ടതിലുമു-
ണ്ടാച്ചുടുചോരത്തുള്ളി....!

പലതും ചിന്തിച്ചുകൊ-
ണ്ടാ തുറുങ്കറയിൽനി-
ന്നുലയൂതിയ തല-
ച്ചോറുമായ് നടന്നു ഞാൻ!

നാമടുക്കുകയാണു
പേക്കോലമരങ്ങൾതൻ
നാടകാങ്കണങ്ങളി-
ലേക്കു, — ഞാൻ പകച്ചുപോയ്!

സ്നേഹിതാ പറയാമോ
വിശ്വസ്നേഹമോ, ജന-
ദ്രോഹമോ തേർത്തട്ടിട്ട-
തീ'യഹിംസതൻ' നാട്ടിൽ?

ഉത്തരമെഴുതേണ്ട-
തീ നീലമഷിയില,-
ല്ലിത്തിരിച്ചുടുനിണ-
മതിലും കലർന്നോട്ടെ!

രക്തബന്ധത്തെപ്പററി
സംസാരിക്കുവോർ, — ക്കെന്തീ
രക്തബന്ധമെന്നൊന്നു
കാണിച്ചുകൊടുക്കാമോ?

ചിതറിത്തുറുങ്കിലെ-
　　യാച്ചുമരിന്മേൽ വീണു
കുതിരും ചുടുചോരയ്-
　　ക്കുത്തരം പറയിക്കാൻ,

രക്തബന്ധത്തിൻ-
　　പേരിലായുധമെടുത്തുകൊ-
ണ്ടെത്തുമീ മനുഷ്യന്റെ
　　മോചനപ്പോരാട്ടത്തിൽ,

മഞ്ഞുമൂടിയ രാവി-
　　ലീ ഗ്രാമവൃക്ഷത്തോപ്പിൽ
നെഞ്ചിൽത്തീച്ചുമടുമായ്
　　കർഷകഭവനങ്ങൾ,

നാളത്തെ വെളിച്ചത്തി-
　　ന്നുയിരും ചൂടും നൽകാൻ
നാളങ്ങൾ, — തീനാളങ്ങൾ,
　　നെയ്യുനെയ്യടുക്കുമ്പോൾ,

പേനയും പടവാളു-
　　മായ് വരൂ, മഹത്തായ
മാനവസംസ്കാരത്തിൻ
　　പേരിലെൻ കലാകാരാ.

## തെലുങ്കാനയിലെ അമ്മ

"....എന്നരുമക്കുഞ്ഞിനെക്കൊല്ലുകയോ കൊല്ലുകയോ,
മണ്ണടിയാൻ നില്പവരുടെ നിയമത്തിൻ കൊലമരം...."

കൊടിയുയരെക്കെട്ടുവാൻ കഴുമരം നാട്ടിയ
വടിവഴുകകളേന്തുന്ന നിയമപ്രവാചകരേ,

കരൾപൊട്ടിപ്പിടയുമൊരമ്മതൻ പ്രതികാര-
ച്ചിറപൊട്ടിയൊഴുകുമീയലറിച്ച കേട്ടുവോ?

മുടിതുള്ളിയ നരവേട്ടയ്ക്കെതിരായി നാട്ടുകാർ
പടനിലം, —മാനവസ്നേഹത്തിൻ വിളനിലം, —

എവിടെയുയർത്തിയോ — തലമുറ വിരൽചൂണ്ടു-
മവിടത്തെ മണ്ണിലേ,—ക്കാ'ത്തെലുങ്കാന'യിൽ,

കവലകളിൽ പാതകളിൽ ഗ്രാമാന്തരങ്ങളിൽ,
എവിടെയുമുയരുമീ സമരോജ്ജ്വലകാഹളം,

ഹൃദയങ്ങളിലൊക്കെയും തീയലകൾ നെയ്തുനെയ്-
തുയരുന്ന രക്തത്തിൻ നനവാർന്ന നിസ്വനം, —

എരിവെയിലു തീകത്തിയ ദിക്കുകൾതൻ വക്കുകളിൽ
ഒരു കൊടുങ്കാറ്റിൻെറയലകളിളക്കവേ,

അവയിലൂടങ്ങനെ മാറെറാലിക്കൊൾകയാ-
ണലറുമീ ദേശാഭിമാനത്തിൻ മാതൃത്വം—

"എന്നരുമക്കുഞ്ഞിനെ കൊല്ലുകയോ കൊല്ലുകയോ
മണ്ണടിയാൻ നില്പവരുടെ നിയമത്തിൻ കൊലമരം....?

എന്നരുമക്കുഞ്ഞുമോൻ,...അവനിവിടെക്കർഷക-
മുന്നണിപ്പടയുടെ കൊടി കൈയിലേന്തിയോൻ,

എന്നരുമക്കുഞ്ഞുമോൻ—നൈസാമിൻ കൊള്ളയുടെ
ചെന്നായക്കൂത്തുകളെയാട്ടിയോടിച്ചവൻ,—

എന്നരുമക്കുഞ്ഞുമോ,—നവനൊരുവൻ മാത്രമ,-
ല്ലിന്നാട്ടിലെനിക്കുള്ള കർഷകക്കുട്ടികൾ,

പതപതയും കള്ളിൻെറ മദമൊഴുകും പെണ്ണിൻെറ
മദലഹരിയിൽ മത്താടിയ സർക്കാരിൻ നീതികളെ

എതിരിട്ടു പായിച്ച ജനമോചനസമരത്തിൻ
കുതികൊണ്ടതൊരു തെററാ,ണെങ്കിലവർ തെററുകാർ

നീതിലഭിക്കാത്തൊരിന്നാട്ടുകാ — രവരുടെ
നീറുന്ന പരിപാടികൾ നിണധാരയിലെഴുതുകയാൽ,

അവർ കൊടുംതെററുകാരായിപോൽ—ഇവിടത്തെ
കവലയിലെ കൊള്ളക്കാർ നിയമംകുറിച്ചനാൾ

അവരുടെ മാനവസ്നേഹത്തിനു പിഴയിടുവ-
തിവിടത്തെ പന്ത്രണ്ടു കൊലമരങ്ങൾ!

അനുവദിക്കില്ല ഞാൻ — ഞങ്ങൾ — ഈ നാട്ടിലി-
ന്നുണരുന്നു,വരികയാണായിരമമ്മമാർ,

മധുരമാം മാനവസ്നേഹത്തിൻ സംഗീതം,
മരണപ്പിശാചുക്കൾക്കെതിരായ ഗർജ്ജനം, —

കരളിൻെറ നിണധാരയിലെഴുതിയ കർഷക -
നിരയുടെ പന്ത്രണ്ടു സമരസഖാക്കളെ

കഴുമരം കേററുവാൻ വിധിയെഴുതിയ സർക്കാരി-
ന്നഴിമതിയെപ്പഴുതെറിയാൻ വരികയാണമ്മമാർ!

അരിവാളുകളുയരുന്നൂ കിലുകിലം കിലുകിലം,—
അവയുടെ നാദമൊരവകാശഗർജ്ജനം,

അവയേന്തിയ കൈകൾതന്നണികളിൽ നില്പു ഞാ-
നിവിടത്തെ കൊലമരക്കയററുത്തെറിയുവാൻ!

അലറുമെന്നൊച്ചയിലിത്തെലുങ്കാനതൻ
തലമുറ സൃഷ്ടിച്ച മാതൃത്വമില്ലയോ?

ഇതിനെയിനി പുച്ഛരിച്ചുതള്ളുവാൻ സാമ്രാജ്യ-
ക്കൊതിയുടെ കാൽനക്കിയ നാവുകൾ തുള്ളിയാൽ

അവയുമരിഞ്ഞെറിയുവാനുയരുകയാണെമ്പാടു-
മരിവാളുക,ളവയുടെ ചുണചൂടിയ വായ്ത്തലകൾ...”

2

പ്രതിഷേധം, — വയലുകളിൽ ഫാക്ടറികളിലെവിടെയും
പ്രതിഷേധം; — ഏഷ്യയുടെ ഗർജ്ജനം കേൾപ്പു നാം! —

"....ചുണയുള്ള തെലുങ്കാനായുവകർഷകനേതാക്കളെ
നിയമത്തിൻ തൂക്കുമരക്കയറിനു നല്കുകയോ?

അവരുടെ ജീവന്നൊരു നെടുകോട്ട പടുക്കുകയാ-
ണണിയണിയായയണയുമീ നരവംശസ്നേഹികൾ!

അധികാരക്കൊതി പൂട്ടിയ രഥമുരുളാൻ, വീഥികളിൽ
ജനരക്തപ്പശപൂശും രാമരാജ്യം,

നാട്ടാരുടെ ശബ്ദത്തിൽ ഞെട്ടട്ടേ, ഞെട്ടട്ടേ
നാല്പതുകോടിക്കൈകളുയരട്ടേ, ചുരുളട്ടേ...."

3

കൊള്ളക്കാർ ഹൈദരബാദുടനീളം മുടിയാട്ടം -
തുള്ളിയനാ, —ളതിനെതിരായ് ജനശബ്ദമുയർന്നപ്പോൾ,

ആഹാരവുമുടുതുണിയും സ്വാതന്ത്ര്യപ്പുതുവായുവു-
മാവശ്യപ്പെട്ടവർതന്നണിചേർന്നാ നേതാക്കൾ,

കൊള്ളക്കുരുതിക്കാർതൻ കൈകളിൽനിന്നിവിടത്തെ
കുഞ്ഞുങ്ങളെ യുവതികളെ, മാതാക്കളെ, രക്ഷിക്കാൻ

ജീവിക്കും തലമുറയെ കൊയ്തെറിയും സർക്കാരിൻ
പോർവിളികൾക്കെതിരായി പടനീക്കിയ നേതാക്കൾ,

തൂക്കുമുറിക്കുള്ളിലിരുന്നെണ്ണുന്നൂ ദിവസങ്ങൾ,
തൂക്കുമരങ്ങളിലൊക്കെ കയറു കിടന്നാടുന്നൂ!

ജനതതിയുടെ ഗർജ്ജന, —മീ നരവേട്ടയ്ക്കെതിരായ
ജനതതിയുടെ ഗർജ്ജന, —മുയരവേ, പടരവേ,

കയറൊരുമുഴമൊരു ചോരക്കഴുമരത്തുമ്പിലി-
ട്ടുയരുന്ന സമൂഹത്തിൻ വായ്മൂടിയ വിഡ്ഢിത്തം,

ഇളകിമറിഞ്ഞിളകിമറിഞ്ഞലകടലുകളലറുമ്പോ-
ളിരുനാഴി മണൽകൊണ്ടൊരു ചിറകെട്ടും വിഡ്ഢിത്തം,

നാട്ടാരുടെ പരിഹാസപ്പാട്ടുകളായ്, —ആ ശബ്ദം
നാൽക്കവലകൾതോറുമുയർന്നിടിവാളുകൾ വീശുകയായ്!

മർദ്ദിതജനനിണസിരകളിലുയിരരുളിപ്പാറുകയായ്
മർത്ത്യതയുടെ മധുരോജ്ജ്വലമുദ്രകളാം ചെങ്കൊടികൾ!

പ്രതിഷേധയോഗങ്ങൾ, പ്രമേയങ്ങൾ നെടുനീളെ
പ്രതികാരശബ്ദങ്ങൾ, ജനതതൻ റാലികൾ!

അരിവാളുകൾ, ചുററികകൾ, ചെങ്കൊടികൾ, ഗാനങ്ങൾ,
ചുരുൾമുഷ്ടികൾ, മുന്നേറും ജനതതൻ റാലികൾ!

അരിവാളുമുയർത്തിക്കൊണ്ടതിനിടയിൽ നീറിനി-
ന്നലറുന്ന തീമലപോലൊരു വൃദ്ധ ചോദിച്ചു:

"...കൊല്ലുകയോ നമ്മളുടെ കുഞ്ഞുങ്ങളെ? നിങ്ങൾക്കീ
കൊള്ളയുടെ തലകൊയ്യാൻ ശക്തിയില്ലേ?

അവരുടെ മാതൃത്വ, —മാവീരമാതൃത്വ-
മടരാടി നേടുകനാമമ്മമാരേ..."

ജനലക്ഷം, മുത്തശ്ശികൾ, വൃദ്ധന്മാർ, സോദരികൾ
ചുണയുള്ള യുവാക്കന്മാർ, ബാലികകൾ, ബാലന്മാർ,

തൊഴിലാളികൾ, വിദ്യാർത്ഥികൾ, കർഷകനിര, ഗായകർ,
— കഴുകന്മാർക്കെതിരായ വെള്ളിമണിപ്രാവുകൾ;

ജനലക്ഷം രണകാഹളമൂതുകയായ്; — നമ്മൾക്കു
നിണമില്ലേ ചൊരിയാനാ ജീവനുവേണ്ടി? — "

അഭിനയിക്കുകയാണൊരു നിഴൽനാടക,—മലയാഴിയി-
ലലയിളകുംപോലാണാ ജനസംഘചലനങ്ങൾ!

ജനകോടികൾതൻ കത്തും മിഴികൾപോലെരിയുകയാ-
ണണയാത്ത രക്തോജ്ജ്വലദീപശിഖാനാളങ്ങൾ!

നിഴലുകൾ നീങ്ങുന്നു തിരശ്ശീലയി, —ലാളുകൾതൻ
നിരകളിൽനിന്നുയരുന്നൂ വീറുണരും കൈയടികൾ!

നിഴലുകളല്ലവ, നാടിൻ സമരകലാരൂപങ്ങൾ,
തൊഴിലിൻെറ തുടികൊട്ടും സമരകലാസംഘങ്ങൾ!

ഒരു മൂലയിൽ നില്പുണ്ടൊരു തൂക്കുമര, —മുയരത്തി-
ലൊരു കൊലക്കയറു കിടന്നതിലങ്ങനെ പുളയുന്നൂ!

പത്തിവിടർത്തതു മെല്ലെപ്പൊങ്ങുമ്പോളെങ്ങുന്നോ
ശക്തിയിലൊരു കാററടിച്ചതു തല്ലിത്താഴ്ത്തുന്നൂ!

രംഗത്തിൻ മറെറാരു വശ, —മരിവാളും ചുററികയും,
ചെങ്കൊടിയും കത്തുന്ന മിഴികളുമായ്,

തലചിന്നിച്ചിതറിയൊരറുപതുകാരിവ-
ന്നലറുകയാ, —"ണെവിടെയാ കൊലമരങ്ങൾ?

എന്നരുമക്കുഞ്ഞുങ്ങളെയാ മരണച്ചൂളകളിൽ
നിന്നുമെടുത്തെൻ നാടിൻ കൈയിൽ നൽകാൻ,

പോവുകയാ, —ണാരാരെൻ തോഴികളേ വരു നിങ്ങൾ,
പോരിന്നായ്..." ജനശബ്ദം: "ഞങ്ങൾ...ഞങ്ങൾ!"

വിളിപൊങ്ങി ജനതയിൽനി; —"നമ്മമാരമ്മമാർ!
വിറകൊള്ളുക വിറകൊള്ളുക കഴുകന്മാരേ!...."

പിന്നണിയിലരിവാളിൻ ഝണഝണിതം, നാട്ടാരുടെ
മുന്നണികളിൽനിന്നുയരും സമരഗാനം!

മിന്നലൊഴിക്കൊയ്ത്തരിവാൾനിരയങ്ങനെ തുള്ളുന്നൂ
മുന്നേറിന രണധീരകൾതന്നുണരും കൈയുകളിൽ

അവർ ചെന്നാ തൂക്കുമരക്കയററുത്തെറിയുകയാ-
ണതിനൊപ്പമധികാരക്കൊതിയുടെ നാവുകളും!

ജയിലഴികൾ ഞെരിയുന്നൂ തകരുന്നൂ പൊളിയുന്നൂ,
ജനതയുടെ 'തെലുങ്കാനാനേതാക്ക'ളതാ മുന്നിൽ!

അവരരുളീ വീറുകൊ, — "ങ്കിലാബ്..." ജനകോടികൾ
മുഴുമിച്ചൂ: "സിന്താബാദ്..." മാറി രംഗം!

അരുളിപ്പൂമാലകളുമരിവാളും ചെങ്കൊടിയും
നിരനിരയായ് പാതകളിൽ പടനീക്കം പടനീക്കം!

ഉയരുന്നൂ ജനശബ്ദം: "കൊല്ലരുതാ നേതാക്കളെ..."
ഉലയുകയാണുടമകൾതൻ നീതിപീഠം!

# കൊലപാതകികൾ

ഇന്ത്യയിൽ സായിപ്പിന്റെ
പട്ടാളത്തലവന്മാർ
പണ്ടു പച്ചടി*തിന്ന
കഥ ഞാനെഴുതട്ടെ!

നിങ്ങൾ വായിച്ചിട്ടുണ്ടാ-
മിക്കഥ,യീ നാടിന്റെ
സംഗരരക്തത്തിൽനി-
ന്നുയർന്ന ചരിത്രത്തിൽ

പത്തുവർഷത്തിൻമുമ്പു
വെള്ളക്കാരുടെ മുടി-
ക്കുത്തിനു പിടിച്ചാട്ടി
നാടുവിട്ടോടിക്കുവാൻ,

ഭാരതത്തിലെജ്ജന-
നേതാക്കൾ ദേശവ്യാപ്ത-
ധീരമാം വിമോചന-
സമരം നയിച്ചനാൾ,

വീടുകൾ പടകുടീ-
രങ്ങളായ് മാറി, ജ്ജന-
കോടികൾ നിവർന്നെത്തീ
സ്വാതന്ത്ര്യരണഭൂവിൽ!

തോക്കിനെ, ജയിലിനെ,
കൈവിലങ്ങിനെ,ക്കൊല-
ത്തൂക്കുചങ്ങലകളെ,
നേരിടാൻ നീങ്ങും നീക്കം,

വേദന പിടിപ്പിച്ചൂ
തങ്ങൾതൻ സർക്കാരിന്റെ
വേരുകളുലയവേ,
സാമ്രാജ്യക്കൊതിയരെ!

* ഒരുതരം കറി

നാട്ടിലെജ്ജയിലായ
ജയിലിൽതോറും നീളേ
നാട്ടുകാർ തള്ളപ്പെട്ടു
കാഷ്മീർതൊട്ടിങ്ങോളവും.

ചങ്ങലത്തളപ്പുകൾ
ജീവനിൽ, ഹൃദയത്തിൽ
കൊങ്ങയിലന്നേന്തിയ
പതിനായിരങ്ങളിൽ,

വിസ്മരിക്കുകയില്ല
പിൻതലമുറ രണ്ടു
വിപ്ലവനേതാക്കളെ:
'റയ്സത്ഖാൻ —വിശേഷർസിംഗ്'

വെടിയുണ്ടകളേററ
മുറിവിൽക്കൂടി ചോര
വെളിയിൽച്ചീററിച്ചാടും
മാറിടങ്ങളുമായി,

തുറുങ്കിൽ ചെന്നെത്തിയോ-
രവരെ ഭയപ്പെട്ടു
തുടലും യന്ത്രത്തോക്കു-
മുള്ള ശക്തികൾപോലും.

മരുന്നിട്ട,വരുടെ
മുറിവൊക്കെയും വാടി-
ക്കരിഞ്ഞു, മരണത്തിൽ-
നിന്നടർന്നെത്തീ ജീവൻ!

അപ്പുറത്തിഴുകുന്ന
ചോരയിൽ മുങ്ങിപ്പൊങ്ങു-
മക്കൊലമരങ്ങൾക്കു
ജോലിയാണന്നേരവും!

നീതിയും നിയമവും
പുലർത്തും സർക്കാരിൻെറ
നീതിപീഠങ്ങൾ നീളെ
പേന സഞ്ചരിപ്പിച്ചു

നാടിൻെറ മഹത്തായ
മോചനത്തിനുവേണ്ടി
നാഡികൾ തുടിച്ചവർ
'കൊലപാതകികളാ'യ്

അങ്ങനെ കൊലമര-
ച്ചോട്ടിലെത്തിച്ചു, നാടിൻ
മംഗളം കൊയ്യാൻ പോന്നോ-
രാ രണ്ടു ഭടന്മാരെ

നീതിപാലകർ പല്ലു
ഞെരിച്ചു "രാജ്യംനീളെ
നീചവിപ്ലവവഹ്നി
കത്തിച്ചോരാണീ ദുഷ്ടർ!

"നമ്മുടെ യജമാന-
ന്മാരുടെ ബംഗ്ലാവിൻെറ
പൊന്മുടി തീയിട്ടവർ
ചുട്ടുചുട്ടെരിച്ചവർ..."

അങ്ങനെ 'റയ്സത്ഖാ'നും
'സിങ്ങു', —മാ വിമോചന-
സംഗരചരിത്രത്തിൽ
രക്തസാക്ഷികളായി!

തുടിക്കും ജനശക്തി
കണ്ടു ഞെട്ടിയ സർക്കാർ,
കൊടുത്തില്ലവരുടെ
മൃതഗാത്രവുംകൂടി!

ആ ജനസ്നേഹത്തിൻെറ
മാംസപിണ്ഡങ്ങൾപോലു-
മാ ജയിൽപ്പറമ്പിലെ
മൂലയിൽ കുഴിച്ചിട്ടു!

ധീരരാമവരുടെ
കുഴിമാടത്തിൽ രണ്ടു
ചീരത്തയ്യുകൾ നട്ടു
പട്ടാളത്തലവന്മാർ

തിളയ്ക്കും നാടിൻ രക്ത-
ധാരകൾ കിളിർക്കുംപോൽ
മുളച്ചു ചീരച്ചെടി
ചെന്തളിർത്തലപ്പുമായ്

പട്ടാളത്തലവന്മാർ
ഗർജ്ജിച്ചു: "നമുക്കൊരു
പച്ചടിയുണ്ടാക്കണ-
മാ ചീര വളരുമ്പോൾ..."

ത്യാഗത്തിൻ മഹത്തായ
ബലിപീഠത്തിൽ, നാടിൻ
ഭാഗധേയങ്ങൾക്കായി
ജീവിതം ഹോമിച്ചവർ,

ക്രൂരമാം സാമ്രാജ്യത്വ
മർദ്ദനക്രമങ്ങളെ
നേരിടാൻ പിന്മാറാത്ത
കാലടിയുയർത്തിയോർ,

അവർതൻ ശവകുടീ-
രങ്ങളെക്കാളും മററൊ-
ന്നഭിമാനിക്കാനില്ല
നാട്ടുകാർക്കിന്നോളവും.

ആ ബലിത്തറകളിൽ
കൂമ്പിടും കറുകനാ-
മ്പോരോന്നും നൽകാറില്ലേ
നവമാം സന്ദേശങ്ങൾ!

അവയിൽ തുടിക്കുന്ന
സർഗ്ഗശക്തിതൻ വ്യാപ്തി-
യറിവുള്ളവരാണാ
പട്ടാളത്തലവന്മാർ!

ആയുധപ്പുരയിലെ
ത്തീന്മേശയ്ക്കരികില-
ന്നാ യജമാനന്മാർ വ-
ന്നിരുന്നു കൂട്ടംകൂടി!

ആവിപൊങ്ങിയ ചീര-
പ്പച്ചടി,യവരുടെ
നാവുപൊള്ളിക്കും ചോര-
ക്കുഴമ്പായിരുന്നത്രേ!

പത്തുപൈസയ്ക്കായ് മാത്രം
മാതൃരാജ്യത്തിൻ മാറിൽ
പട്ടടക്കുഴിതോണ്ടാൻ
നിറതോക്കെടുത്തവർ

കണ്ണുപൊത്തിപ്പോയ് പൊട്ടി-
പ്പൊടിയും കരളുമായ്
കണ്ണുനീരൊഴുക്കിക്കൊ-
ണ്ടായിരം പട്ടാളക്കാർ

അവർ തങ്ങളിലോതി
      വീർപ്പുകളടക്കിക്കൊ-
“ണ്ടധികാരികൾ കൊന്നു
      തിന്നൊതുക്കുന്നു നമ്മെ....”

വീരവിപ്ലവഭാര-
      തത്തിൻെറ നിണഞ്ഞര-
മ്പോരോന്നും തുടിപ്പിക്കു-
      മിത്തരം സ്മരണകൾ

മായുകി,ല്ലിന്നേവരെ
      മാഞ്ഞിട്ടില്ലതിൻ ശോണ-
ച്ഛായയിലാ ദുഷ്ടർതൻ
      തോളിൽ നാം കൈയിട്ടാലോ?

കതിർമണ്ഡപങ്ങളിൽ,
      ത്യാഗത്തിൻ മഹത്തായ
കതിർമണ്ഡപങ്ങളിൽ
      ചേർ വാരിയെറിഞ്ഞവർ,

വന്നുനില്ക്കുകയാണി-
      ന്നധികാരത്തിൻ കട്ടി-
പ്പൊന്നുതാക്കോലും വാങ്ങി
      വിപ്ലവം വഞ്ചിച്ചവർ!

അവർ പച്ചടിതിന്നാ-
      റുണ്ടിന്നു, മീ നാട്ടിൻെറ-
യരുമസ്സഖാക്കൾതൻ
      പ്രാണൻെറ ചാറുംകൂട്ടി!

## അമ്മയും ചോരക്കുഞ്ഞും

"....നാലണയ്ക്കൊരു പിഞ്ചുകുഞ്ഞിനെ
നാണി വിററതാണിന്നലെ
ആറണയ്ക്കിനി നിൻെറ പെണ്ണിനെ-
യാരു വാങ്ങുമീ ചന്തയിൽ?..."
അന്തിതൻ ശോണരേഖ മാഞ്ഞു, തെ-
ല്ലന്തരീക്ഷമിരുളവേ
ആ വിശാല നഗരസീമയി-
ലാളൊഴിഞ്ഞൊരു മൂലയിൽ
ആ വഴിക്കാരു കേൾക്കുവാൻവേണ്ടി-
യാണുയർന്നതാ വാചകം!
കേട്ടു വീണ്ടുമാ ശബ്ദമാളുകൾ
ചാട്ടവാറടിമാതിരി!
തീക്കനലിൻെറ കണ്ണുകൾ മിഴി-
ച്ചാക്കവലയിലൂടവേ,
ആർത്തിരമ്പിയുരുണ്ടുപോയ് രണ്ടു
തോക്കുപട്ടാളലോറികൾ.

പത്രവില്പനക്കാർ വിളിക്കുന്നു:
"... 'ചിത്ര' 'മെക്സ്പ്രസ്സ്' 'കേരളം'..."
"... പട്ടിണിമരണങ്ങളെപ്പററി
ഭക്ഷ്യമന്ത്രിമാർ... കൗമുദീ..."
"ഇല്ല റേഷനടുത്തയാഴ്ചയിൽ..."
"കൊല്ലം ലാക്കപ്പുമർദ്ദനം..."
കല്ലരിക്കു പോയ്വന്നവർക്കൊന്നു-
മില്ല വട്ടിയിലൊന്നിലും
റോഡിൽ വീണ്ടുമുയർന്നിതാക്കരൾ-
ക്കൂടു പൊട്ടുന്ന ഗദ്ഗദം:
"...നാലു മാസം വളർന്ന കുഞ്ഞിന്നു
നാലണയോ സഹോദരാ...!"
വില്പനക്കാരി കേൾക്കെയോതിനാൻ
വൃദ്ധനാമൊരു യാചകൻ:

"തന്ത കാണുകില്ലൊന്നിനും, വീടു
ചന്തയാക്കുമിക്കുട്ടികൾ,
മാനമുള്ളവരാരു വാങ്ങുമീ
പാപഭാരക്കുരുന്നിനെ...?"
പെററ കുഞ്ഞിനെയാ വഴിക്കാർക്കു
വിററു തിന്നുവാൻ നില്ക്കിലും,

മാഞ്ഞിരുന്നില്ലിവളിലല്പവും
മാതൃജീവിതസ്പന്ദനം!
ഓതിനാളവൾ: "തന്തയില്ലാത്ത
പൈതലല്ലിതു സോദരാ,
അച്ഛനു, — ണ്ടൊപ്പമാ മനുഷ്യൻെറ-
യസ്ഥിയൂരിയ കൂട്ടരും!
അക്കഥകളയവിറക്കുവാൻ
ശക്തിയില്ലെനിക്കിപ്പൊഴും.

നാലുനാഴികയ്ക്കപ്പുറത്താണെൻ
നാലു കുഞ്ഞുങ്ങളിപ്പൊഴും
ഒന്നിനുഗ്രവസൂരി, വേറൊന്നു
സന്നിപാതജ്വരത്തിലും,
നാട്ടരിയുടെ നാഴി വെള്ളവും
നാട്ടിലില്ല കുടിക്കുവാൻ.
കൈയിലില്ലൊരു കുഞ്ഞുകാശുമാ
കണ്മണികളെപ്പോററുവാൻ
പട്ടിണിയാൽത്തളർന്നു വീണുപോയ്
മററു രണ്ടെണ്ണ,മപ്പുറം
എൻമുലയിലൊരിററുപാലില്ല-
പ്പൊൻമകൾക്കു കുടിക്കുവാൻ
ഈയരുമയെ മൃത്യുവിൻ പിളർ-
വായിലേക്കെറിയില്ല ഞാൻ
കുട്ടികളുടെ തന്തയാ ജയിൽ-
ക്കെട്ടിടത്തിലാണിപ്പൊഴും
എന്തിനെന്നറിയില്ലെനിക്കിന്നു-
മെന്തു ഞെട്ടുന്ന സംഭവം!

അന്നൊരന്തിയിൽ ഞങ്ങൾ വീടിൻെറ
തിണ്ണയിൽ വന്നിരിക്കവേ,
കേറിവന്നെത്തി നാലു പോലീസു-
കാരവിടം കുലുക്കുവാൻ
നാട്ടിലന്നു നടന്ന പോലീസു-
വേട്ട നിങ്ങളറിയുമോ?

ആവഴി പോയിപോൽ —ഒരു തൊഴി-
ലാളിസംഘപ്രവർത്തകൻ,
ആ മനുഷ്യനെ ഞങ്ങൾ സൂക്ഷിക്ക-
യായിരുന്നുപോൽ നിത്യവും
ഞങ്ങൾ തേടിക്കൊടുക്കണംപോലു-
മെങ്ങനെയുമാ വീരനെ
ഓതി ലാത്തി ചുഴററി നിന്നവ,-
രേതറയിലാണിന്നവൻ...?
ഞങ്ങൾ കേണു പറഞ്ഞു—'കണ്ടതി-
ല്ലെങ്ങുമാവഴിക്കാരെയും...'

ലാത്തിചുററിച്ചടിതുടങ്ങിനാർ
ലാക്കുതെററാതെ ഞങ്ങളിൽ
വീട്ടുകാരനെക്കൊണ്ടുപോയവർ
പാട്ടിലാക്കീ തടങ്കലിൽ
ആറു മോഷണക്കേസിലെ പ്രതി-
യായി രണ്ടുനാൾകൊണ്ടയാൾ..."
കേട്ടുനിന്നവർ കേട്ടുനിന്നവർ
കേട്ടു ഞെട്ടിയീ സംഭവം
തമ്മിലാരോ പറഞ്ഞു: "നാട്ടിലെ
നന്മ കെട്ടുപോയ് നീളവേ..."
"പട്ടിണിമരണങ്ങളില്ലാതെ
പത്രവാർത്തയില്ലീയിടെ
നാഴി നെല്ലിനും രണ്ടു കാശിനും
നാലുകീറു തുണിക്കുമായ്
കുഞ്ഞുമക്കളെ വിൽക്കുകയാണു
നെഞ്ചു നീറുന്നൊരമ്മമാർ
വിററുതിന്നുന്നു നീളവേ, വില-
പ്പെട്ട ചാരിത്രശുദ്ധികൾ..."
അത്തെരുവിലുയർന്നുമാഞ്ഞിതാ
ഗദ്ഗദസ്വരവീചികൾ:
"...നാലു മാസം തികഞ്ഞ കുഞ്ഞിനു
നാലണയോ സഹോദരാ...?"

## ഞാൻ കൈ ചൂണ്ടുന്നു

മറിക്കൂ ചരിത്രത്തിൻ
താളുകൾ; — യുഗങ്ങൾക്കും
പിറകിൽ സമുദായ-
ബന്ധങ്ങൾ തകർന്നപ്പോൾ,

പകയാൽ വിദ്വേഷത്താൽ
മനുഷ്യൻ തമ്മിൽത്തമ്മിൽ
പടവാൾ വീശി—രക്ത-
നദികൾ തീർത്തിട്ടില്ലേ

മാനവസംസ്കാരത്തെ
തച്ചുടച്ചില്ലേ പണ്ടും
നാണയക്കിലുക്കത്തിൻ
വാളറസ്സൂക്ഷിപ്പുകാർ!

അങ്ങനെ ചരിത്രത്തി-
ന്നീടുവയ്പുകൾ, കട്ടി-
ച്ചങ്ങലക്കുരുക്കുകൾ
കെട്ടിയിട്ടില്ലേ പണ്ടും?

നാടിൻെറ സന്മാർഗ്ഗത്തെ
സംസ്കാരത്തിനെ,ജ്ജന-
കോടികളുടെ സാമൂ-
ഹ്യാചാരക്രമങ്ങളെ,

ആയിരംവട്ടം കാൽക്കീ-
ഴമർത്തീ ചെങ്കോലിൻെറ
ആയുധപ്പുരകളും
ഭണ്ഡാരപ്പുരകളും!

നാട്ടുകാർ തോളിൽത്തോളിൽ
കൈയിട്ടു കരഞ്ഞപ്പോൾ
രാഷ്ട്രനീതികളുള്ളം-
കൈമലർത്തിയ നാളിൽ,

അക്രമികളെക്കൊന്നു
ധർമ്മങ്ങൾ പുലർത്തുവാൻ
ഉഗ്രയുദ്ധങ്ങൾ സാധി-
ച്ചെടുത്തു രാജാക്കന്മാർ!

തകരും ഘടനകൾ
തള്ളിനീക്കുവാനല്ല,
പകരം പരസ്പരം
കൊല്ലുവാൻ ശ്രമിക്കയാൽ,

പിന്നെയും തലപൊക്കീ
ചത്തുപോയവരുടെ
പിന്നിലെത്തലമുറ
കൊള്ളയും കൊലയുമായ്!

നമ്മൾ വായിച്ചിട്ടില്ലേ
നാടിനെ വിറപ്പിച്ച
'ധർമ്മയുദ്ധ'ത്തെ,ക്കുരു-
ക്ഷേത്രയുദ്ധത്തെപ്പററി?

ആ യുദ്ധരംഗത്തിലെ
ചോരയിൽ പുതഞ്ഞുരു-
ണ്ടായിരം തേർച്ചക്രങ്ങ-
ളലറുന്നതിനുള്ളിൽ,

ആ യുഗത്തിലെ തല
പൊങ്ങിയ മർത്ത്യസ്നേഹ-
ഗായകനൊരാളൊരു
ജീവിതഗാനം പാടി!

പലതും ശാസ്ത്രത്തിൻെറ
പാതയിലാ ഗാഥയിൽ
പലതും നിലാത്തിരി
വീശിയിട്ടുണ്ടെങ്കിലും,

ആ വെളിച്ചങ്ങൾ നെയ്ത
സംസ്കാരത്തിനെപ്പോലും
ആ വെളിച്ചത്തിൽത്തന്നെ
ചോരയിൽ മുക്കിത്താഴ്ത്തി!

പിന്നെയും സന്മാർഗ്ഗങ്ങൾ,
സാമൂഹ്യസംസ്കാരങ്ങൾ,
ഒന്നൊന്നു തകർന്നതിൻ
പ്രേതഭൂമിയായ് ലോകം!

ആ വിഷം പരത്തിയ
ഭീകരരോഗാണുക്ക-
ളായിരംമടങ്ങുഗ്ര-
ശക്തിയിൽ ഫണം പൊക്കീ!

നാട്ടുകാരാവർത്തിച്ചു
വീണ്ടുമാ ചോദ്യം: "തീർന്നോ
നാട്ടിലീ രോഗങ്ങൾക്കു
മരുന്നും വൈദ്യന്മാരും...?"

പേർചൊല്ലിപ്പരത്തി ഞാൻ
പറയുന്നില്ലോരോന്നും
പേജുകൾ മറിക്കുക-
യാണു ഞാൻ വേഗം വേഗം....

എന്നെന്നീ ലോകത്തിൻെറ
സാമൂഹ്യശരീരത്തിൽ
എണ്ണിയാലൊടുങ്ങാത്ത
രോഗങ്ങൾ പരന്നുവോ,

അന്നൊക്കെജ്ജനസ്നേഹ-
ഗായകർ ചികിത്സകർ
വന്നെത്തി പ്രയോഗിച്ചീ-
ലെന്തെന്തു ചികിത്സകൾ?

മാറിയില്ലിന്നോളവും
രോഗങ്ങൾ, മറിച്ചവ
കേറിയെത്തുകയാണു
മുന്നേതിലധികമായ്!

ക്രിസ്തുവും മുഹമ്മദും
ഗാന്ധിയുമെല്ലാമെല്ലാം
മർത്ത്യരാൽ കൊല്ലപ്പെട്ട
ചരിത്രം നിവരുന്നു!

ജീവിച്ച നാളിൽത്തന്നെ
മനുഷ്യൻ നന്നാകുവാൻ
നാവിട്ടു തല്ലിത്തല്ലി-
ത്തളർന്നാ മഹാത്മാക്കൾ,

അവരോടൊപ്പം മാഞ്ഞു-
മാഞ്ഞുപോ, — യവരുടെ
ശവഭൂമിയിൽത്തന്നെ
യാ പ്രവചനങ്ങളും!

അവർതൻ ശവകുടീ-
രങ്ങളിൽ കിളുർത്തില്ല
നവലോകത്തിന്നൊരു
വാടാമല്ലികപ്പൂവും!

നാട്ടുകാരാവർത്തിച്ചു വീണ്ടുമാ ചോദ്യം: "തീർന്നോ
നാട്ടിലീ രോഗങ്ങൾക്കു മരുന്നും വൈദ്യന്മാരും....?"

കൊള്ളയും കൊലയുമു-
ണ്ടിന്നു,—മാ സംസ്കാരത്തെ
കൊന്നുകൊയ്യെറിയുന്നു-
ണ്ടായുധപ്പുരകളിൽ!

ജീവിതത്തിനുവേണ്ടി,
സ്വാതന്ത്ര്യത്തിനുവേണ്ടി,
ഭാവിസുസ്ഥിതിയുടെ
തറകെട്ടുവാൻവേണ്ടി,

നാട്ടുകാരൊന്നിച്ചൊന്നു
ശബ്ദിച്ചാ, — ലതിൻനേർക്കു
നീട്ടുകയില്ലേ കൊല
ക്കുടുക്കും തോക്കും നീളേ

ശരിയാ,— ണതേ ശരി-
തന്നെ, പണ്ടത്തേപ്പോലെ
നെറികേടുകളുടെ
കൂത്തരങ്ങായി ലോകം!

രാജ്യനീതികളുടെ
കാഞ്ചനത്താക്കോലേന്തും
'രാജ്യരക്ഷകർ'തന്നെ
കുത്തകസ്സംസ്കാരക്കാർ!

മതത്തിൻപേരിൽ പണ-
ക്കൊഴുപ്പിൻപേരിൽ നാടി-
ന്നതിർത്തിത്തർക്കത്തിൻെറ
നീതികളുടെപേരിൽ,

സംഘടിച്ചെഴുംമർത്ത്യ-
വർഗ്ഗശക്തിതൻ നല്ല
പൊൻകതിരുകൾ വിള-
ഞ്ഞുലയേണ്ടുമീ മണ്ണിൽ,

തങ്ങളിൽ കഴുത്തറു-
ത്തിവിടെത്തളംകെട്ടി-
പ്പൊങ്ങുന്നൂ പശയുള്ള
നാട്ടുകാരുടെ രക്തം!

മാറണം, — നമുക്കിതു
മാററണം, — നാടിൻമീതേ
മാരകരോഗാണുക്കൾ
നീങ്ങുമീ ഞെട്ടും നീക്കം!

നിങ്ങൾ കാത്തിരിക്കയോ
 സ്നേഹിതാ വൈദ്യന്മാർതൻ
മംഗളമണിവിള-
 ക്കെരിയുന്നതും നോക്കി?

മനുഷ്യൻ നന്നായിട്ടി-
 ല്ലിന്നോളം മഹാത്മാക്കൾ
മഹത്താമുപദേശ-
 ക്കെട്ടുകളഴിച്ചിട്ടും!

കാരണമെന്തെന്നല്ലേ?
 മനുഷ്യൻ ജീവിക്കുന്ന
കാലഘട്ടത്തിന്നടി-
 ത്തട്ടുകൾ കണ്ടില്ലവർ!

ജീർണ്ണിച്ചു നുരകുത്തി-
 ക്കെട്ടുനാറിയ മണ്ണിൽ
ജീവിതചൈതന്യങ്ങ-
 ളെങ്ങനെ മുളവീശും?

ഞാനൊന്നു കൈചൂണ്ടട്ടേ,—
 ശാസ്ത്രത്തിൻ വെളിച്ചത്തി-
ലീ നില പഠിപ്പിച്ച
 ശാസ്ത്രകാരൻതൻ നേരേ!

നാടിൻെറ ചലനങ്ങൾ
 വസ്തുനിഷ്ഠമായ്ക്കണ്ട
താടിക്കാരനെപ്പററി,
 തത്വശാസ്ത്രത്തെപ്പററി,

ലോകമിന്നറിയുന്നു-
 ണ്ടാ മഹാനേതൃത്വത്തിൻ
വ്യാപകവിശ്വോത്തര-
 സർഗ്ഗശക്തിയെപ്പററി!

നീലനെൽക്കതിരുകൾ
 ഗോതമ്പിൻ പൊന്നോലകൾ
നീളെനിന്നുലയുന്ന
 കൃഷിമേഖലകളിൽ,

ജീവിതഗാനം മൂളും
 യന്ത്രമന്ദിരങ്ങളിൽ,
ജീവിതം തുടിക്കുന്ന
 വൻകലാകേന്ദ്രങ്ങളിൽ

മനുഷ്യൻ, മനുഷ്യന്റെ
ശക്തിയെജ്ജീവിപ്പിക്കും
മനുഷ്യന്റേതായ്ത്തീർന്ന
നാടുകൾ; — കൈചൂണ്ടും ഞാൻ!

നിങ്ങൾക്കു കഴിയുമോ
സ്നേഹിതാ, നവോദയം
പൊന്നുപൂശുമ്പോൾ പുത്തൻ-
സംസ്കാരം പാകിപ്പൊക്കാൻ

അതിന്റെ പുലർച്ചയ്ക്കും
വിതയ്ക്കും കൊയ്ത്തിന്നുമായ്
കുതിക്കും നാട്ടാരുടെ
സർഗ്ഗശക്തിതൻ കൂടെ,

നിങ്ങൾക്കു കഴിയുമോ
സ്നേഹിതാ, സംഗീതവും
സംഗരായുധവുമായ്
നീങ്ങുവാൻ, നിവരുവാൻ!

# സർഗ്ഗസംഗീതം

ജൂലൈ 1961

# കവിതകൾ

രാവണപുത്രി
റീയലിസവും റിയാലിററിയും
നല്ല ഹൈമവതഭൂവിൽ
ഉമ്മർ
കക്ഷിരാഷ്ട്രീയത്തിന്റെ ഒരു കവിത
ആത്മാവിൽ ഒരു ചിത
തപസ്സ്
ഇത്താപ്പിരി
തലയോടുകളുടെ കഥ
സർഗ്ഗസംഗീതം
മാടവനപ്പറമ്പിലെ ചിത
അഗ്നിപുരാണം
പുഷ്പാഞ്ജലി
തീർത്ഥാടനം
ഒരു ദൈവംകൂടി

## രാവണപുത്രി

യുദ്ധം കഴിഞ്ഞു; കബന്ധങ്ങളുന്മാദ-
നൃത്തംചവുട്ടിക്കുഴച്ചൂ രണാങ്കണം.

രക്തമൊഴുകിത്തളംകെട്ടിനിന്ന മൺ-
മെത്തയിൽ കാൽതെററി വീണൂ നിഴലുകൾ.

ധൂമിലസംഗ്രാമരംഗങ്ങളിൽ, വിഷ-
ധൂളികൾ വീശും ശരസഞ്ചയങ്ങളിൽ,

തെന്നൽ, മരണം മണംപിടിക്കുംപോലെ,
തെന്നിനടന്നൂ പടകുടീരങ്ങളിൽ.

ആ യുദ്ധഭൂവിൽ നിലംപതിച്ചൂ, രാമ-
സായകമേററു തളർന്ന ലങ്കേശ്വരൻ.

കൃഷ്ണമണികൾ മറിയും മിഴികളിൽ
ഉഷ്ണം പുകയും മനസ്സിൻ കയങ്ങളിൽ

മൃത്യു പതുക്കെപ്പതുക്കെ ജീവാണുക്കൾ
കൊത്തി വിഴുങ്ങും ശിരോമണ്ഡലങ്ങളിൽ

അപ്പൊഴും രാവണ,ന്നുള്ളിലൊരന്തിമ-
സ്വപ്നമായ് നിന്നൂ മനോജ്ഞയാം മൈഥിലി!

ഓർമ്മകൾക്കുള്ളിൽ മണിച്ചിലമ്പും കെട്ടി-
യോടിനടക്കുന്നു പിന്നെയും മൈഥിലി!

പണ്ടു വനാന്തവസന്തനികുഞ്ജങ്ങൾ
കണ്ടു നടന്ന മദാലസയൗവനം,

അന്നാദ്യമെത്തിപ്പിടിച്ചു കശക്കിയ
മന്ദാരപുഷ്പത്തെയോർത്തുപോയ് രാവണൻ

വേദവതിയെ,—മലർശരസായകം
വേദനിപ്പിക്കാത്ത പൂജാമലരിനെ, —

അന്നാക്രമിച്ചൂ തളച്ചിടാനാവാത്ത
തന്നഭിലാഷം, മദഗജംമാതിരി.

കാററിൻെറ കൈയിലിരുന്നു പകച്ചുപോയ്
കാട്ടിലിലമരക്കിങ്ങിണിച്ചില്ലകൾ.

സന്ധ്യയ്ക്കു പുഷ്പകിരീടവുമായ് നിന്ന
വിന്ധ്യശൃംഗത്തിൻ മുഖമരുണാഭമായ്!

താമരവള്ളി കടിഞ്ഞൂലുപെററൊരാ
ശ്യാമവനോദരനീർത്തടാകങ്ങളിൽ

തങ്കക്കസവുടയാടയുമായ്ച്ചെന്നു
മുങ്ങിക്കുളിച്ചൂ ചരമാർക്കരശ്മികൾ.....

ഇന്നലത്തെപ്പോലെയോർമ്മിച്ചു രാവണ,-
നന്നു നടന്ന മദോന്മാദകേളികൾ!

അന്നവളുഗ്രപ്രതികാരവഹ്നിയായ്
നിന്നു തന്മുന്നിൽ ജ്വലിച്ചടങ്ങീടവേ,

അഗ്നിയെസ്സാക്ഷിനിറുത്തി മുഴങ്ങിയോ-
രശ്ശാപമോർത്തു നടുങ്ങീ ദശാനനൻ!

രക്തഫണങ്ങൾ വിതിർത്തുലഞ്ഞാടുന്നു
മൃത്യുവിൻതേരിലാ ക്രുദ്ധശാപോക്തികൾ:

'എന്നിലെക്കന്യകാത്വത്തെ
നശിപ്പിച്ച നരാധമ,
നീ മരിക്കും, നിനക്കെന്നിൽ
ജ്ജനിക്കും പെൺകിടാവിനാൽ....."

അന്നേ മനസ്സിൻചിറകിന്നു കൊണ്ടതാ
ണമ്പുകൾപോലാ മുനയുള്ള വാക്കുകൾ!

മാറിൽ തുളഞ്ഞുതുളഞ്ഞുകേറും രഘു-
വീരൻെറ ബാണം വലിച്ചെടുത്തീടവേ,

കണ്ണു നിറഞ്ഞുപോയ് രാവണ;—നാക്കാട്ടു-
പെണ്ണിൽപ്പിറന്ന മകളാണു മൈഥിലി!

പെററുവീണപ്പൊഴേ തൻമണിക്കുഞ്ഞിനെ-
പ്പെട്ടിയിലാക്കിയൊഴുക്കീ ജലധിയിൽ.

തൻെറ മനസ്സിൻതിരകളിൽപ്പൊങ്ങിയും
താങ്ങിയുമാപ്പെതലെങ്ങോ മറഞ്ഞുപോയ്!

പ്രാണഭയവും പിതൃത്വവും ജീവിത-
വീണ മുറുക്കി വലിച്ചുപൊട്ടിച്ച നാൾ,

എന്തൊരന്തർദ്ദാഹ;—മെന്താത്മവേദന,-
യെന്തായിരുന്നു മനസ്സിലാസ്സംഭവം?

നാദരൂപാത്മകൻ പിന്നീടൊരിക്കലാ
നാരദൻ പുത്രിയെപ്പററിപ്പറഞ്ഞ നാൾ.

തന്നുള്ളിലൊന്നാമതുണ്ടായ മോഹമാ-
ണൊന്നു മകളെയൊരുനോക്കു കാണുവാൻ!

കണ്ടൊന്നു മാപ്പു ചോദിക്കുവാ;—നാ മണി-
ച്ചുണ്ടിലൊരച്ഛൻെറ മുത്തം കൊടുക്കുവാൻ!

ചന്ദ്രിക ചന്ദനം കൊണ്ടുവന്നീടിലും
പൊന്നശോകങ്ങൾ വിരിഞ്ഞുനിന്നീടിലും,

'ഇങ്കു' ചോദിച്ചു മണിത്തൊട്ടിലിൽക്കിട-
ന്നിന്ദ്രജിത്തായിരംവട്ടം ചിരിക്കിലും,

ശ്ലക്ഷ്ണശിലാമണിഹർമ്മ്യത്തിൽ, മാദക-
സ്വപ്നമയഹംസതൂലികാശയ്യയിൽ,

മല്ലീശ്വരൻെറ പുതിയ പൂവമ്പുമായ്
മണ്ഡോദരി വന്നടുങ്ങിക്കിടക്കിലും,

കണ്ണൊന്നടച്ചാൽ കരളിന്നകത്തൊരു
പൊന്നും ചിലമ്പു കിലുക്കും കുമാരിക!

ഓമനത്തിങ്കൾക്കിടാവുപോൽ തന്നുള്ളി-
ലോടിനടന്നു ചിരിക്കും കുമാരിക!

ഓമനേ, ഭീരുവാണച്ഛ;—നല്ലെങ്കിൽ നിൻ
പൂമെയ് സമുദ്രത്തിലിട്ടേച്ചുപോരുമോ?

നീ മരിച്ചില്ല, ജനകൻെറ പുത്രിയായ്
രാമൻെറ മാനസസ്വപ്നമായ് വന്നു നീ!

പുഷ്പവിമാനത്തിൽ നിന്നെയുംകൊണ്ടച്ഛ-
നിപ്പത്തനത്തിലിറങ്ങിയ നാൾമുതൽ,

നിന്നെയശോകത്തണൽവിരിപ്പിൽ, കൊണ്ടു-
ചെന്നു നിറുത്തിക്കരയിച്ച നാൾമുതൽ,

എന്തപവാദങ്ങ,ളെന്തെന്തു നാശങ്ങൾ;
എല്ലാം സഹിച്ചു മനശ്ശാന്തി നേടുവാൻ!.....

യുദ്ധത്തിനിന്നലെപ്പോരുംവഴിക്കു തൻ-
പുത്രിയെക്കണ്ടതാണന്ത്യസന്ദർശനം.

എല്ലാം പറഞ്ഞു; മകളുടെ കാൽപിടി-
ച്ചെല്ലാം പറഞ്ഞു മടങ്ങിത്തിരിക്കവേ,

തൻനെഞ്ചിൽ വീണ കുമാരിതൻ മായാത്ത
കണ്ണീരിനുള്ളിൽപ്പിതൃത്വം തളിർത്തുപോയ്!.....

വേദന,—ജീവനിൽ മൃത്യുവിൻവാൾ വീണ
വേദനകൊണ്ടു പുളഞ്ഞുപോയ് രാവണൻ!

ചുററും ചിറകടിച്ചാർക്കുകയാ, —ണിന്ദ്ര-
ജിത്തിൻ ശവം തിന്ന കാലൻകഴുകുകൾ!

ലങ്ക, ശിരസ്സുമുയർത്തി, ലോകാന്തര-
ഭംഗി നുകരും ത്രികൂടശൈലങ്ങളിൽ,

പ്രേതപ്പറമ്പിൽക്കരിന്തിരി കത്തിച്ച-
മാതിരി നിന്നിതുഷശ്ശുക്രതാരകം!

ദാശരഥിതൻ പടപ്പാളയങ്ങളിൽ
വീശിയടിച്ചൂ ജയോന്മാദശംഖൊലി.

മന്ദ്രപടഹധ്വനി മുഴങ്ങീ; മന്ത്ര-
മണ്ഡപംതന്നിലെഴുന്നള്ളി രാഘവൻ!

മാരുതി ചോദിച്ചു: "മൈഥിലിയെക്കൊണ്ടു-
പോരുവാൻ വൈകീ; വിടതരൂ, പോട്ടെ ഞാൻ."

സീതയെശ്ശുദ്ധീകരിക്കുവാൻ, കാട്ടുതീ-
യൂതിപ്പിടിപ്പിച്ചു വാനരസേനകൾ!

*കമ്പരാമായണവും ഒരു തമിഴ് നാടോടിപ്പാട്ടുമാണ്*
*ഈ കവിതയ്ക്കു പ്രചോദനം നല്കിയത്*

# റീയലിസവും റിയാലിററിയും

താമരപ്പൂക്കളും ഞാനുമൊന്നിച്ചാണു
താമസിക്കുന്നതീ നാട്ടിൽ.

കന്നിനിലാവുമിളംവെയിലും വന്നു
ചന്ദനം ചാർത്തുന്ന നാട്ടിൽ!

ഒന്നിച്ചു ഞങ്ങളുറങ്ങു;—മുറക്കത്തി-
ലൊന്നേ മനസ്സിന്നു മോഹം.

ഒന്നിച്ചുണരു;—മുണർന്നെഴുന്നേല്ക്കുമ്പൊ-
ളൊന്നേ മിഴികളിൽദ്ദാഹം!

ഗ്രാമാന്തരംഗയമുനയിൽപ്പൂത്തൊരാ-
ത്താമരപ്പൂവുകൾതോറും

എന്നിലെ സ്വപ്നങ്ങൾ ചെന്നുമ്മവച്ചിടും
പൊന്നിലത്തുമ്പികൾപോലെ!

രോമഹർഷങ്ങൾ മൃദുപരാഗങ്ങളി-
ലോമനനൃത്തങ്ങളാടും.

എന്നുമാക്കല്ലോലിനിയിൽ ഹംസങ്ങൾപോ-
ലെന്നനുഭൂതികൾ നീന്തും.

നൃത്തം കഴിഞ്ഞു പരാഗങ്ങളിൽ, സ്നാന-
ശുദ്ധരായെത്തും കിനാക്കൾ,

എന്നിലെസ്സഞ്ചിതസംഗീതവീചിയിൽ
എങ്ങോ മിഴി നട്ടു നില്ക്കും:

കാനനപ്പൊയ്കയിൽ കണ്ണാടി നോക്കുന്ന
താമരമൊട്ടുകൾപോലെ,

മണ്ണിനെ നോക്കിക്കൊതിതുള്ളിനില്ക്കുന്ന
വിണ്ണിലെത്താരകൾപോലെ!

പൂവിൻപുളകമാം പൂമ്പൊടിച്ചാർത്തിലെ-
ജ്ജീവചൈതന്യവുമായി,

എന്നനുഭൂതികളെന്നിലെസ്സങ്കല്പ-
നിർമ്മാണശാലയിലെത്തും.

ഓരോ പരാഗവുമെന്നിലെത്തീയിൽവ-
ച്ചൂതിത്തനിത്തങ്കമാക്കും.

കൈവിരൽ മുട്ടിയാൽപ്പാടിത്തുടങ്ങുമെൻ
ജീവിതവീണതൻ മാറിൽ,

അത്തനിത്തങ്കമുരുക്കിയുണ്ടാക്കിയ
സപ്തസ്വരക്കമ്പി പാകും!

തന്ത്രികൾതോറുമാപ്പൂവിൻകിനാവുകൾ
നിന്നു തുടിക്കുന്ന നാദം.

ഭാവവൈകാരികവൈചാരികാംശങ്ങൾ
ചാലിച്ചു ചാലിച്ചു കൂട്ടി,

ചിത്രപ്പെടുത്തിയതാണു ഞാനീക്കൊച്ചു-
സപ്തവർണ്ണോജ്ജ്വലചിത്രം!

എൻെറ ചിത്രത്തിലെപ്പൂവിന്നു കൂടുത-
ലുണ്ടായിരിക്കാം ദലങ്ങൾ.

കണ്ടു പരിചയമില്ലാത്ത വർണ്ണങ്ങൾ
കണ്ടിരിക്കാമിതിന്നുള്ളിൽ!

എൻെറ ചിത്രത്തിലെത്താമരപ്പൂവിലു-
ണ്ടെന്നതീന്ദ്രിയഭാവം!

എൻെറ ചിത്രത്തിലെത്താമരപ്പൂവിലു-
ണ്ടെന്നനുഭൂതിതൻനാദം!

ക്യാമറച്ചില്ലിൽപ്പതിഞ്ഞേക്കുമാക്കൊച്ചു-
പൂവിൻ യഥാതഥരൂപം

എൻെറയീ ക്യാൻവാസിൽ നിങ്ങൾ കണ്ടില്ലെങ്കി-
ലെന്നെപ്പഴിക്കരുതാരും.

ഭാവനയ്ക്കുള്ളിലും ക്യാമറയ്ക്കുള്ളിലും
ജീവിതം ചെന്നിറങ്ങുമ്പോൾ,

റീയലിസവും റിയാലിററിയും;—പ്രതി-
ച്ഛായകൾ രണ്ടായിരിക്കും!

ഒന്നിൽ പ്രകൃതിയും മാനവാത്മാവുമായ്
ഒന്നുചേരുന്നതു കാണാം.

ഒന്നിൽ പ്രകൃതിയൊരിത്തിരിച്ചില്ലിൻെറ
മുന്നിൽ നില്ക്കുന്നതും കാണാം!

## നല്ല ഹൈമവതഭൂവിൽ

നിശ്ചലം നിത്യതപസ്സമാധിസ്ഥനായ്
നില്ക്കും ഹിമവാൻ, ഗിരിവംശപൂർവികൻ,

അമ്പിളിക്കുത്തുവിളക്കുമായ് ശ്രദ്ധിച്ചു
തൻമുടിക്കെട്ടിൽച്ചവിട്ടും മനുഷ്യനെ!

നാലഞ്ചു താരകൾ തങ്ങിനിന്നൂ മിഴി-
പ്പീലിയിൽ ഹർഷാശ്രുബിന്ദുക്കൾമാതിരി!

വൃദ്ധശിരസ്സിൽപ്പദനഖപ്പുള്ളികൾ
കുത്തി നിവർന്നൊരാക്കൊച്ചുസഞ്ചാരിയെ

ശുക്രൻ മുഖംപൊക്കി നോക്കീ; ഞൊറിഞ്ഞുപോയ്
ചക്രവാളത്തിൻെറ ജാലകശ്ശീലകൾ

ആരീ മനുഷ്യ!—നൊരിത്തിരിക്കൂണുപോൽ
കേറിനില്ക്കുന്നൂ പ്രപഞ്ചമേൽക്കൂരയിൽ!

കോടിശ്ശതാബ്ദങ്ങൾ മഞ്ഞുവാരിക്കളി-
ച്ചോടിനടന്നു വളർന്ന പാർശ്വങ്ങളിൽ,

പണ്ടു യുഗങ്ങളെ നിർമ്മിച്ചുയർത്തുവാൻ
ഇന്ത്യ പശമണ്ണെടുത്ത പാർശ്വങ്ങളിൽ,

പുഷ്പവിമാനത്തിലീശ്വരന്മാർ വന്നു
തല്പമൊരുക്കുന്ന പുണ്യസ്ഥലങ്ങളിൽ,

മായാത്ത കാൽമുദ്ര കുത്തീ, —ഹിമാദ്രിതൻ
മാറിൽ,—പ്രപഞ്ചമവൻെറ കാൽച്ചോട്ടിലായ്!

നിന്നു കൈനീട്ടിയാലെത്തുന്നിടത്തായി,
മണ്ണിൽ നില്ക്കുന്ന മനുഷ്യന്നു വിണ്ടലം.

ഒന്നു ഞടുങ്ങി മറഞ്ഞുപോയ് താരകൾ,
വിണ്ണിലൊളിച്ചു നടന്നു ചന്ദ്രക്കല!

തൻകുതിരപ്പുറത്തുദ്ധതനായ് വന്നു
തങ്കപ്പിടിവാൾ ചുഴററീ ദിനേശ്വരൻ.

ധൂമിലദിങ്മുഖദേവാലയാങ്കണ-
പ്പൂമുഖത്തെത്തി യഹോവ, വിഷണ്ണനായ്,

പശ്ചാത്തപിച്ചു, —"പറുദീസയിൽനിന്നു
തച്ചിറക്കേണ്ടായിരുന്നൂ മനുഷ്യനെ!"

സഞ്ജനിതാത്ഭുതസംഭ്രമോദ്വേഗരായ്
തങ്ങളിൽത്തങ്ങളിൽ ജല്പിച്ചു ദേവകൾ:

"പണ്ടൊരിന്ത്യക്കാരനാകാശഗംഗയെ-
ക്കൊണ്ടുപോയ് മണ്ണിലൊഴുക്കീ ഭഗീരഥൻ.

നാളെയവന്റെ പിൻഗാമികളീസ്സുര
ഗോളലക്ഷങ്ങളെയമ്മാനമാടിടും....."

മാനുഷ്യകത്തെ നിയന്ത്രിച്ച വിണ്ണിന്റെ
മായൂരപിഞ്ഛിക കാററിൽപ്പറന്നുപോയ്!

നിശ്ചലം നിത്യതപസ്സമാധിസ്ഥനായ്
നില്ക്കും ഹിമവാൻ തുറന്നു കൺപീലികൾ!

തന്റെ തോളത്തു ചവിട്ടും മനുഷ്യനെ
രണ്ടു കൈ നീട്ടിപ്പുണർന്നൂ പിതാമഹൻ!

ചൊല്ലീ ഹിമവാൻ: "അശോകന്റെ നാട്ടിലെ
വെന്നിക്കൊടിക്കൂറ കണ്ടുകൊള്ളട്ടെ ഞാൻ.

ചങ്ങലപ്പാടും പടവാൾത്തഴമ്പുമീ
നിൻകൈയിലില്ലേ, വിടരുന്ന പൂക്കളും?

ആളിജ്ജ്വലിച്ചു തിളച്ചുരുകും, സൂര്യ-
ഗോളത്തിൽനിന്നുമടർന്ന തീത്തുള്ളിയായ്,

ദൂരേത്തെറിച്ചുവീ,ണിപ്രപഞ്ചം തണു-
ത്താറി മററൊന്നായി മാറിയ നാൾമുതൽ,

ഉണ്ടെനിക്കോർമ്മ, യുഗസഹസ്രങ്ങളിൽ-
ക്കണ്ടതാണെത്ര പരിണാമലീലകൾ!

എൻമെയ് വിയർപ്പുപ്പുനീരീക്കടലുകൾ;
എൻ കണ്ണുനീരീ മഹാനദശ്രേണികൾ!

ഇന്നലത്തെപ്പോലെ ഞാനോർപ്പൂ: ഗംഗയും
സിന്ധുവും യാങ്ട്സിയുമുണ്ടായ നാളുകൾ!

ആദിയിലാ നദീവെൺപുളിനങ്ങളി-
ലാണു കുരുത്തതീ മാനവസംസ്കൃതി!

ഇപ്രപഞ്ചത്തിന്റെ ഭൗതികാധ്യാത്മിക-
ശില്പമുരുത്തിരിഞ്ഞെത്തിയ നാൾകളിൽ,

എന്മടിത്തട്ടിലെപ്പർണ്ണാശ്രമങ്ങളിൽ
ജന്മമെടുത്തു കലാശാസ്ത്രവേദികൾ!

ഇന്ത്യ നിമിഷങ്ങളിലൂടെ വിശ്വൈക-
വന്ദ്യയായ്, കർമ്മധർമ്മാർത്ഥസമ്പന്നയായ്!

കണ്ടു ഞാനന്നൊരു സന്ധ്യയിൽ, കാററുപോയ്-
ത്തണ്ടുലഞ്ഞെത്തിയ കപ്പലൊന്നാഴിയിൽ;

എത്ര പെട്ടെന്നാണതിൽനിന്നിറങ്ങിയ
ശക്തികൾ വെട്ടിപ്പിടിച്ചതീ നാടിനെ!

പണ്ടു യുഗങ്ങൾക്കു രൂപം കൊടുത്തവർ
തെണ്ടിയലഞ്ഞതു കണ്ടു ഞാനിന്ത്യയിൽ.

ധർമ്മശാസ്ത്രങ്ങൾ ജയശംഖമൂതിയ
കർമ്മഭൂവിൻെറ ഹൃദയശബ്ദങ്ങളിൽ,

പിന്നെക്കിലുങ്ങിയ,താരോ തളച്ചിട്ട
ചങ്ങലക്കെട്ടിൻ കിടുക്കമാണിത്രനാൾ!

പത്തുപതിററാണ്ടുകളായി നിങ്ങൾതൻ
മുക്തിസമരകഥകളോർക്കുന്നു ഞാൻ.

സത്യധർമ്മങ്ങളെ വീണ്ടെടുക്കാ,—നെത്ര-
യെത്ര ജന്മങ്ങൾ കൊഴിഞ്ഞുപോയിന്ത്യയിൽ!

കാത്തിരുന്നൂ ചിരം വത്സ, ജയക്കൊടി
നീർത്തി നീ കേറിവരുന്നതും നോക്കി ഞാൻ.

മക്കളേ, നാളെ പ്രപഞ്ചം വിടർത്തുന്ന
സർഗ്ഗചൈതന്യമായ്ത്തീരട്ടെ ഭാരതം!

മുത്തച്ഛനീക്കൊടിപ്പൂ ചൂടി നിന്നൊന്നു
ശ്രദ്ധിച്ചുകൊള്ളട്ടെ ലോകാന്തരങ്ങളെ!

ഉമ്മർ

"വിരുന്നുവരുമോ, വിരുന്നുവരുമോ,
വീട്ടിലിരിക്കും തത്തമ്മേ,

ഉളിഞ്ഞുനോക്കും തത്തമ്മേ, പൊ-
ന്നൂഞ്ഞാലാടും തത്തമ്മേ,

വിരുന്നുവരുമോ, വിരുന്നുവരുമോ.....?"
വിളിച്ചു പിന്നെയുമന്തോണി:

"പറന്നുപോരാൻ പെണ്ണിനിതെന്തിനു
പണ്ടില്ലാത്തൊരു ശൃംഗാരം?"

തരിവളയിട്ടു കിലുക്കുംപോലൊരു
മറുപടി കേട്ടൂ തെല്ലകലെ:

"പറന്നുവന്നാൽ പകരം തരുമോ
പവിഴംകൊണ്ടൊരു മണിമാല?"

ഉയർന്ന സർക്കസ്കൂടാരത്തിലെ-
യൂഞ്ഞാലിന്മേലന്തോണി

കിടന്നു, തലകീഴായിട്ടങ്ങനെ
വിടർന്ന മിഴികളുമായി!

മററൊരു ചങ്ങലയൂഞ്ഞാലാടി,
മല്ലിക കൺവല വീശി.

സദസ്സിരുന്നൂ നിശ്ചല;—മവിടെ
സാഹസികത്വം ചാഞ്ചാടി!

കന്നിനിലാവിൽ കാററത്തുലയും
കവുങ്ങുപൂക്കിലപോലേ,

ശരന്നഭസ്സിൻ കൈയിലുലാവും
ചന്ദനശശികലപോലേ,

പറന്നുചെല്ലും മല്ലികയെ,കൈ-
യെറിഞ്ഞെടുക്കുംനേരം

മനസ്സിലന്തോണിക്കു വിടർന്നു,
മദകരമന്ദസ്മേരം!

വിരിഞ്ഞു പനിനീർപ്പൂക്കൾ സദസ്സിൽ;
വീണ്ടുമുയർന്നൂ ഗാനം:

“മനസ്സിണങ്ങിയ തത്തമ്മേ, നീ
മധുരം കിള്ളിത്തരുമോ....?”

ചക്രവാളംതൊട്ടു ചക്രവാളംവരെ
സ്വർഗ്ഗം തൊടുത്ത മലർക്കണമാതിരി

വിണ്ണിന്നപാരതയിങ്കൽ തുഴഞ്ഞുപോം
പെണ്ണിനെ,പ്പേർപെററ സർക്കസ്സുകാരിയെ,

കണ്ടു നിന്നൂ താഴെയുമ്മർ;—വലത്തുകാൽ
ഞൊണ്ടി വലിച്ചുവച്ചെത്തി നിശ്ശബ്ദനായ്!

ഉമ്മറോർമ്മിച്ചുപോയ്; പണ്ടു തൻചാരത്തൊ-
രുന്മാദിനിയായവൾ നിന്ന നാളുകൾ.

‘ട്രെപ്പീസി’ലാക്കൊച്ചുപെണ്ണിനോടൊത്തവ-
നത്ഭുതരംഗങ്ങൾ സൃഷ്ടിച്ച നാളുകൾ!

ദാഹം വിതുമ്പും കരളിലെത്താമര-
ത്താലത്തിൽ നെയ്ത്തിരി കത്തിച്ച നാളുകൾ!

അന്നെന്തൊരാർത്തിയാ,ണാപ്പെൺകിടാവിനെ-
യന്തരീക്ഷത്തിലെറിഞ്ഞു പിടിക്കുവാൻ!

റബ്ബായതമ്പുരാൻ വാഴുന്ന നാട്ടിലെ
സ്വപ്നമായ്, ഹൂറിയായ്, വന്നവളാണവൾ!

പണ്ടു പറന്നു പറന്നു തൻ പൂത്ത കൈ-
ത്തണ്ടിൽത്തളർന്നു മയങ്ങിയ മല്ലിക,

ഇന്നൊരന്തോണിതൻ കൈവലയങ്ങളിൽ
മന്ദഹസിക്കുന്നു, മായാമരാളിക!

ഇന്നാളൊരിക്കലാപ്പഞ്ചവർണ്ണക്കിളി-
പ്പെണ്ണിനെച്ചെന്നു പിടിക്കാൻ കുതിക്കവേ,

ബാലൻസു തെററിത്തെറിച്ചുവീണപ്പോളൊ-
രോലത്തുരുമ്പിലും കൈകളെത്താതെയായ്!

സർക്കസ്സുപന്തലിലത്ഭുതം കാണിച്ച
ശക്തി തകർന്നുപോയ് തന്നിലാ വീഴ്ചയിൽ!

തന്നന്തരംഗതടാകത്തിൽനിന്നവൾ
കൺവല വീശിപ്പിടിച്ച പൊന്മീനുമായ്,

ഇന്നിതാ, മററൊന്നിനായി വലച്ചുരുൾ
തുന്നിയെറിഞ്ഞു; നിഴൽവീശി ചുററിലും!

ഹാലാഹലോഗ്രഫണിയായി മാറുന്നു
മാലാഖയെപ്പോലെ നിന്നൊരാസ്സുന്ദരി!

ഉൾക്കളമുൽക്കടം വിണ്ടുപോയുമ്മറി;-
"ന്നിക്കളി മേലാലനുവദിക്കില്ല ഞാൻ...."

ഞൊണ്ടി,ത്തിരിഞ്ഞു നടന്നുപോയുമ്മർ, കൈ-
ത്തണ്ടുകൾ വീശി, പ്രതികാരമൂർത്തിയായ്!

മാനേജരെക്കണ്ടു ചോദിച്ചു: "ഞാനിനി
മാറിനില്ക്കട്ടേ കുറച്ചുനാളെങ്കിലും....

ട്രപ്പീസുവേലയ്ക്കശക്തനാണിന്നു ഞാൻ,
ഇപ്പരാധീനൻ പിരിഞ്ഞുപോകട്ടെയോ...?"

കമ്പനിമാനേജർ ചൊല്ലീ: "നീയെന്തിനാ-
ണുമ്മറേ, നിന്നു കരയുന്നതിങ്ങനെ?

കത്തിയേറുമ്മർ മറന്നുവോ, കൈകൾക്കു
ശക്തി നശിച്ചാലുമുന്നംപിഴയ്ക്കുമോ?"

സർക്കസ്സുകൂടാരത്തിൽ
ബ്യൂഗിൾ ശബ്ദിച്ചൂ പിറേറ;-
ന്നാക്കത്തിയേറിൻ മുമ്പിൽ
ഞൊറിഞ്ഞൂ യവനിക!

വായ്ത്തല രാകിത്തേച്ച
വാളുപോൽച്ചിരിച്ചുകൊ-
ണ്ടാൾത്തിരക്കിനു മുമ്പി-
ലുമ്മർ നില്ക്കുന്നൂ ദൂരേ!

മല്ലിക പലകമേൽ-
ച്ചാരിനില്ക്കുന്നൂ, പൂത്ത
വെള്ളില പതുക്കനെ-
പ്പടരാൻ നില്ക്കുംപോലെ!

മുടന്തിത്തിരിഞ്ഞുനി-
ന്നുമ്മർ കൈ നീട്ടിക്കത്തി-
യെടുത്തു; ചുടുരക്ത-
ദാഹിയാം കൊലക്കത്തി!

നിമിഷം നിശ്ശബ്ദത-
പോലുമില്ലെങ്ങും; സർക്കസ്-
നിലയം മരവിച്ചു-
നിന്നുപോയ് നിഷ്പന്ദമായ്!

മൂളിമൂളിക്കൊണ്ടോരോ
കത്തിയും പലകമേൽ-
പ്പാളിവീഴുന്നൂ കൊച്ചു-
മല്ലികയുടെ ചുററും!

മുന്നിലേക്കോരോന്നോരോ-
ന്നിരമ്പിവരുമ്പോഴും
മന്ദഹാസത്തിൻ പൂക്കൾ
വിരിയും പെണ്ണിൻ ചുണ്ടിൽ.

അന്തരീക്ഷത്തിൽകൂടി
മൂളിക്കൊ,ണ്ടിരമ്പിക്കൊ-
ണ്ടങ്ങനെ കഠാരകൾ
തറഞ്ഞൂ പലകമേൽ!

ഒന്നു പോറുകപോലും
ചെയ്യില്ല പെണ്ണിൻ മെയ്യിൽ;
(ഉന്നമുമ്മറിനൊന്നും
പിഴയ്ക്കാതിരുന്നെങ്കിൽ!)

മുടന്തൻ മുസൽമാൻെറ
കൈച്ചുറുക്കിന്മേലല്ല,
വിടരും പെണ്ണിൻ മുഖ-
ത്താളുകൾ മിഴിനട്ടൂ.

അലറിച്ചിരിച്ചയാ-
ളുൽബണപ്രതികാരോഷ്-
മളമാമൊടുക്കത്തെ-
ക്കത്തിയോങ്ങിയനേരം,

“നിർത്തുകെ”ന്നാക്രോശിച്ചൂ
സദസ്യർ: “കൺമുമ്പിലീ-
ക്കത്തിയേറുകൾ ത;നി-
ഭ്രാന്തായി മാറുംമുൻപേ....”

“ഇന്നു ഞാൻ കൊല്ലും നിന്നെ....”
പല്ലുകൾ ഞെരി,ച്ചുമ്മർ
നിന്നു ഗർജ്ജിച്ചു, ക്രൂര-
ക്രൂരമാം മുഖത്തോടെ!

മരണം മദമ്പാടു-
പൊട്ടിനില്ക്കുമ്പോൾപ്പോലും
മധുരസ്മേരം തൂകി
മല്ലിക നിന്നൂ ചാരേ!

ഉന്നംവച്ചൊടുക്കത്തെ-
ക്കത്തിയും വലിച്ചെറി-
ഞ്ഞുമ്മർ നിന്നുറക്കനെ-
ച്ചിരിച്ചു കൈയും വീശി.

മൂളിക്കൊണ്ടതു ചെന്നു
മല്ലികയുടെ കണ്ഠ-
നാളത്തിന്നടുത്താഞ്ഞു
തറഞ്ഞൂ പലകമേൽ!

മുഴങ്ങീ സദസ്സിൻെറ
ഹർഷനിർഘോഷം—ദേഹം
കുഴഞ്ഞു തളർന്നുമ്മർ
താഴെ വീണുപോയ് താനേ!

വിളറിച്ചിരിച്ചയാൾ
വീഴുംമുൻപുച്ചെസ്വര-
മലറീ: "നിർത്തൂ നിർത്തു-
കീ ക്രൂരഹർഷോൽഘോഷം!

തോററു ഞാ; —നെനിക്കുന്നം-
പിഴച്ചൂ;—പരാജയ-
മേററു സമ്മതിക്കുന്നു;
യന്ത്രമായ്ത്തീർന്നൂ കൈകൾ.

ചാരിനിർത്തിയ രൂപ-
ക്കൂടിന്നു ചുററുംമാത്ര-
മേറു കൊള്ളിക്കാനല്ലോ
ശീലിച്ചുപോന്നൂ കൈകൾ.

മല്ലികയുടെ നെഞ്ചിൽ,
നെററിയിൽ, ചീറിച്ചെന്നു
കൊള്ളുവാനോരോ കൂർത്ത
കത്തിയുമെറിഞ്ഞൂ ഞാൻ.

കൊണ്ടില്ല കൊണ്ടില്ലൊന്നും;—
കൊള്ളുകി;—ല്ലവളതു
കണ്ടുകണ്ടുറക്കനെ-
പ്പുച്ഛരിച്ചു ചിരിച്ചില്ലേ?

ക്രൂരമാമവളുടെ
പരിഹാസത്തെക്കർമ്മ-
ധീരതയായി, ത്തെററി-
ദ്ധരിച്ചൂ സദസ്സെല്ലാം!

പണ്ടുപണ്ടെൻേറതായ് നി-
 ന്നെന്നിലെക്കിനാവുകൾ
പങ്കുവച്ചവൾ വീണ്ടു-
 മന്യനെ സ്നേഹിച്ചാലോ?

കണ്ടു ഞാൻ ട്രപ്പീസിന്മേ-
 ലവൻെറ കൈയിൽ, പൂത്ത
തണ്ടുപോൽകിടന്നവൾ
 കൂട്ടുകൂടിയ രംഗം......

തോററു ഞാൻ,—എനിക്കുന്നം
 പിഴച്ചൂ പരാജയ-
മേററു സമ്മതിക്കുന്നൂ,
 യന്ത്രമായ്ത്തീർന്നൂ കൈകൾ!....."

ഉമ്മറിൻ ശിരസ്സവൾ
 മടിയിൽത്താങ്ങീ; സദ-
സ്സമ്പരന്നനങ്ങാനു-
 മാവാതെ നിന്നൂ ചുററും!

പറഞ്ഞൂ സഗദ്ഗദം
 മല്ലിക: "കഠാരക-
ളിരമ്പിക്കുതിക്കുമ്പോൾ-
 ച്ചിരിക്കാൻ ശീലിച്ചൂ ഞാൻ

പരിഹാസത്താലല്ല,
 ചിരിക്കാതിരിക്കുവാൻ
പരിശീലിച്ചിട്ടില്ല
 കത്തിയേറിനു മുൻപിൽ

ട്രപ്പീസിൽക്കുതിക്കുമ്പോ-
 ളന്യൻെറ കൈകൾക്കുള്ളി-
ലെപ്പൊഴും ചിരിച്ചുകൊ-
 ണ്ടെത്തുവാൻ ശീലിച്ചൂ ഞാൻ.

ഞാനുമങ്ങയെപ്പോലെ
 യന്ത്രമായ് മാറിക്കാണും;
പ്രാണനാണെനിക്കുമ്മർ;
 മററാരാണെനിക്കൊരാൾ?....."

വിടർന്നു കൺപീലിക-
 ളുമ്മറി;—ന്നവയിൽനി-
ന്നടർന്നൂവീണൂ വജ്ര-
 ബിന്ദുക്കൾ, ഹർഷാശ്രുക്കൾ!

*ഈ കവിതയിലെ കഥാതന്തുവിൻെറ ഉത്തരാർദ്ധത്തിന്*
*മോപ്പസാങ്ങിനോടു കടപ്പാടുണ്ട്.*

# കക്ഷിരാഷ്ട്രീയത്തിൻെറ ഒരു കവിത

ചിങ്ങപ്പൂന്തിരുവോണം കിളിവാതിൽ തുറന്നപ്പോൾ,
കിങ്ങിണിപ്പൂക്കൾ വിരിഞ്ഞുനിന്നൂ.

വിരിയുന്ന വിരിയുന്ന പൂവിതളിൻ ചുണ്ടുകളിൽ
നറുനിലാവമ്മിഞ്ഞപ്പാൽ കൊടുത്തു.

കിങ്ങിണിക്കൊമ്പുകളിൽ നേരം വെളുത്തപ്പോൾ
കീർത്തനംചൊല്ലി കിറുങ്ങിണികൾ.

കുളിരിലിറങ്ങിക്കുളിച്ചോരാപ്പൂക്കളെ
ഇളവെയിൽ പിറേറന്നു തോർത്തിച്ചു.

'ഓമനത്തിങ്കളും' പാടിക്കൊണ്ടൊരു തെന്നൽ
ഓണപ്പൊന്നൂഞ്ഞാലിലാടിച്ചു.

പൊന്നൂഞ്ഞാലാടിക്കിലുങ്ങുമാപ്പൂക്കളെ
കണ്ണുവയ്ക്കാത്തവരാരുണ്ട്?

ഒരു സിനിമാപ്പാട്ടും മൂളിക്കൊണ്ടെത്തിയ
കരിവണ്ടാക്കവിളത്തൊരുമ്മവച്ചു.

മലരിൻ കവിൾത്തടം പോറിപ്പോയ്; കൊണ്ടതാ
മധുപൻെറ കൈയല്ല, കാലല്ല!

അവയുടെ കരളിലെപ്പൂന്തേനുംകൊണ്ടവൻ
അകലെയെങ്ങാണ്ടോ പറന്നുപോയി.

അവയുടെ നറുമണം കുളിർതെന്നൽ കൊണ്ടുപോയ്,
അവയുടെയരുണാഭയന്തിവെയ്‌ലും.

ഒരു കിഴവൻനേതാവിനു പൂമാല കെട്ടുവാൻ
ഒരുവനാപ്പൂക്കൾ പറിച്ചെടുത്തു.

വഴിയിലടുത്തനാൾ കാൽച്ചവിട്ടേററവ-
യഴുകിച്ചതഞ്ഞു കിടന്നിരുന്നു!

അകളങ്കമാമൊരു പൂവിൻെറ സൗന്ദര്യ-
മകലെനിന്നെങ്കിലുമാസ്വദിക്കാൻ,

തെരുവിൻെറ നെഞ്ചിലിട്ടതിനെച്ചവിട്ടുന്ന
കരുണാർദ്രഗാനം കുറിച്ചുവയ്ക്കാൻ,

കവി ചെന്നു നിന്നപ്പോൾ; തെരുവിൽച്ചിലർ ശബ്ദിച്ചു:
"കവി കക്ഷിരാഷ്ട്രീയക്കാരനായി....."

## 2

ഈയിടെപ്പെയ്ത മഴ,യ്ക്കിവിടത്തെക്കരിമണ്ണിൽ
ഈയലും കൂണും മുളച്ചുവന്നു.

കുട നീർത്തും കൂണുകൾ ചിന്തിച്ചു: "നമ്മുടെയീ
കുടയുടെ കീഴിലേ ലോകമുള്ളൂ."

ഒരു കൂണിനു കീഴിലിരുന്നൊരു  സംഘം ഞാഞ്ഞൂലുകൾ
ഒരു തീരുമാനമെടുത്തുപോലും:

"ഗ്രഹണത്തിനു വിഷമിത്തിരി കിട്ടുമ്പോൾ നമ്മളീ
ഗഗനവും ഭൂമിയും ശൂന്യമാക്കും...."

ഇളവെയിൽച്ചൂടേററാൽച്ചത്തുപോമീയലുകൾ
ഇതു പറഞ്ഞെങ്ങും പറന്നലഞ്ഞു.

പണ്ടത്തെക്കഥയല്ല; പറയുവാൻ നാണമു;-
ണ്ടെൻെറ നാടിന്നുമീ വാർത്ത കേട്ടു.

വന്ദ്യവയോവൃദ്ധനാം സഹ്യൻെറ മാറിൽനി-
ന്നിന്നുമിതു കണ്ടു വിഭാതസൂര്യൻ.

നിളയുടെ തിരുമാറിൽ രോമാഞ്ചമണിയിക്കും
കുളിരിളംതെന്നൽ ചിരിച്ചുപോയി!

കവി ചൊല്ലീ: "ഞാഞ്ഞൂലിൻവിഷമേററു മരിച്ചിട്ടി-
ല്ലിവിടത്തെച്ചിതലിൻെറ കുഞ്ഞുപോലും."

കവിയുടെ നേർക്കീയലുകൾ ചലപിലെശ്ശബ്ദിച്ചു:
"കവി കക്ഷിരാഷ്ട്രീയക്കാരനായി...."

## 3

ഒരു കൊച്ചുനിമിഷത്തിൻ കർമ്മചൈതന്യത്തി-
ലൊരു യുഗശക്തിയിണക്കിനിർത്തി,

ഒരു പരമാണുവിന്നുള്ളിലീ ബ്രഹ്മാണ്ഡ-
പരമസത്യങ്ങളൊതുക്കിനിർത്തി

സ്ഥലകാലചക്രവാളങ്ങളെപ്പിന്നിട്ടു
വളരുമന്വേഷണതൃഷ്ണയോടെ,

സുരപഥലോകാന്തരങ്ങളിലെത്തുവാൻ
ഇരുപതാംനൂററാണ്ടൊരുങ്ങിനില്ക്കെ,

തെരുവിൻെറ നെഞ്ചിലിട്ടതിനെച്ചവിട്ടുന്ന
കരുണാർദ്രഗാനം കുറിച്ചുവയ്ക്കാൻ,

കവി ചെന്നു നിന്നപ്പോൾ; തെരുവിൽച്ചിലർ ശബ്ദിച്ചു:
"കവി കക്ഷിരാഷ്ട്രീയക്കാരനായി....."

## 2

ഈയിടെപ്പെയ്ത മഴ,യ്ക്കിവിടത്തെക്കരിമണ്ണിൽ
ഈയലും കൂണും മുളച്ചുവന്നു.

കുട നീർത്തും കൂണുകൾ ചിന്തിച്ചു: "നമ്മുടെയീ
കുടയുടെ കീഴിലേ ലോകമുള്ളൂ."

ഒരു കൂണിനു കീഴിലിരുന്നൊരു സംഘം ഞാഞ്ഞൂലുകൾ
ഒരു തീരുമാനമെടുത്തുപോലും:

"ഗ്രഹണത്തിനു വിഷമിത്തിരി കിട്ടുമ്പോൾ നമ്മളീ
ഗഗനവും ഭൂമിയും ശൂന്യമാക്കും...."

ഇളവെയിൽച്ചൂടേററാൽച്ചത്തുപോമീയലുകൾ
ഇതു പറഞ്ഞെങ്ങും പറന്നലഞ്ഞു.

പണ്ടത്തെക്കഥയല്ല; പറയുവാൻ നാണമു;-
ണ്ടെൻെറ നാടിന്നുമീ വാർത്ത കേട്ടു.

വന്ദ്യവയോവൃദ്ധനാം സഹ്യൻെറ മാറിൽനി-
ന്നിന്നുമിതു കണ്ടു വിഭാതസൂര്യൻ.

നിളയുടെ തിരുമാറിൽ രോമാഞ്ചമണിയിക്കും
കുളിരിളംതെന്നൽ ചിരിച്ചുപോയി!

കവി ചൊല്ലീ: "ഞാഞ്ഞൂലിൻവിഷമേററു മരിച്ചിട്ടി-
ല്ലിവിടത്തെച്ചിതലിൻെറ കുഞ്ഞുപോലും."

കവിയുടെ നേർക്കീയലുകൾ ചലപിലെശ്ശബ്ദിച്ചു:
"കവി കക്ഷിരാഷ്ട്രീയക്കാരനായി...."

## 3

ഒരു കൊച്ചുനിമിഷത്തിൻ കർമ്മചൈതന്യത്തി-
ലൊരു യുഗശക്തിയിണക്കിനിർത്തി,

ഒരു പരമാണുവിന്നുള്ളിലീ ബ്രഹ്മാണ്ഡ-
പരമസത്യങ്ങളൊതുക്കിനിർത്തി

സ്ഥലകാലചക്രവാളങ്ങളെപ്പിന്നിട്ടു
വളരുമന്വേഷണതൃഷ്ണയോടെ,

സുരപഥലോകാന്തരങ്ങളിലെത്തുവാൻ
ഇരുപതാംനൂററാണ്ടൊരുങ്ങിനില്ക്കേ,

ഒരു കുഞ്ഞൊഴുക്കിലലിഞ്ഞുപോം മൺചിറയ്-
ക്കൊരുപാടു രക്തം ജപിച്ചു വീഴ്ത്തി,

കാപാലികയുഗസംസ്കൃതി കാലത്തിൻതെരുവുകളിൽ
കാവടികൾ തുള്ളിച്ച കഥകളില്ലേ,

നിരവധി നിരപരാധിത്വങ്ങളെക്കൊണ്ടു
നിണമാലകൾ ചൂടിച്ച കഥകളില്ലേ,

അവയുടെ  വികൃതമാമാവർത്തനങ്ങളാ-
ണിവിടെ നടക്കുന്നതെന്റെ നാട്ടിൽ!

അറിയാത്ത നാടുകളിൽ,ക്കാണാത്ത കുടിലുകളിൽ
അറിയപ്പെടാതെ വളർന്നവരേ,

മരണത്തിന്നപ്പുറം, വാഗ്ദാനം കിട്ടിയ
മധുരത്തിനായി മരിച്ചവരേ,

ബഹളവുമാളുമൊഴിഞ്ഞപ്പോൾ, നിങ്ങൾതൻ
ബലികുടീരത്തിൽ ഞാൻ വന്നുനിന്നൂ.

മെഴുകുതിരി കത്തിച്ചു വച്ചു ഞാ—നാത്മാവിൻ-
മെഴുകുതിരി,—നൊമ്പരം നീറിനിന്നൂ.

കബറിടംതോറും മയങ്ങുമാത്മാവുകൾ
കവിയുടെ കണ്ണുനീർ കണ്ടുകാണും!

കഥയറിയാത്തവർ കവലകളിൽ ശബ്ദിച്ചു:
"കവി കക്ഷിരാഷ്ട്രീയക്കാരനായി!"

## ആത്മാവിൽ ഒരു ചിത

അച്ഛനുറങ്ങിക്കിടക്കുന്നു നിശ്ചലം;
നിശ്ശബ്ദതപോലുമന്നു നിശ്ശബ്ദമായ്!

വന്നവർ വന്നവർ നാലുകെട്ടിൽ തങ്ങി-
നിന്നുപോയ് ഞാന്ന നിഴലുകൾമാതിരി.

കത്തുന്നു കാററിൻെറ കാണാത്ത കൈകളി-
ലെത്തിപ്പിടിക്കാൻ നിലവിളക്കിൻതിരി.

ഇത്തിരിച്ചാണകം തേച്ച വെറുംനില-
ത്തച്ഛനുറങ്ങാൻകിടന്നതെന്തിങ്ങനെ?

പച്ചപ്പിലാവിലത്തൊപ്പി മെടഞ്ഞുകൊ-
ണ്ടച്ഛൻെറ ചാരത്തിരുന്നതോർക്കുന്നു ഞാൻ.

നാലു വയസ്സു തികഞ്ഞില്ലെനി;—ക്കെഴു-
ത്തോലകളെല്ലാമുരുവിട്ടുതീർത്തു ഞാൻ.

ആരു വന്നാലും കിളിപോലെ ഞാൻ ചൊല്ലും,
'ആ' മുതലി'ക്ഷാ'വരേയ്ക്കുള്ള വാർത്തകൾ!

അന്നെനിക്കൊട്ടും മനസ്സുഖമി; — ല്ലെൻെറ
ചന്ദനപ്പമ്പരമെങ്ങോ കളഞ്ഞുപോയ്!

വീടിന്നകത്തു കരഞ്ഞു തളർന്നമ്മ
വീണുപോയ് നേരംവെളുത്ത നേരംമുതൽ!

വാരിയെടുത്തെന്നെയുമ്മവ,ച്ചമ്മയ-
ന്നോരോന്നു ചൊല്ലിക്കരഞ്ഞതോർക്കുന്നു ഞാൻ!

നൊമ്പരംകൊണ്ടു വിതുമ്പി ഞാ — നെൻകളി-
പ്പമ്പരം കാണാതിരുന്നതുകാരണം!

വന്നവർ വന്നവരെന്നെ നോക്കിക്കൊണ്ടു
നിന്നു നെടുവീർപ്പിടുന്നതെന്തിങ്ങനെ?

ഒന്നുമെനിക്കു മനസ്സിലായി; — ല്ലച്ഛ-
നിന്നുണരാത്തതുമുമ്മ തരാത്തതും!

ഒച്ചയുണ്ടാക്കുവാൻ പാടില്ല ഞാ, — നെൻെറ-
യച്ഛനുറങ്ങിയുണർന്നെണീക്കുംവരെ!

പച്ചപ്പിലാവിലത്തൊപ്പിയും വച്ചുകൊ-
ണ്ടച്ഛനെൻെറ കൺപീലി മെല്ലെത്തുറന്നു ഞാൻ,

പെയ്യുതോരാത്ത മിഴികളുമായ് —എൻെറ
കൈതട്ടി മാററീ പതുക്കെയെൻ മാതുലൻ.

എന്നെയൊരാൾ വന്നെടുത്തു തോളത്തിട്ടു
കൊണ്ടുപോയ്; കണ്ണീരയാളിലും കണ്ടു ഞാൻ.

'എന്തുകൊണ്ടാണച്ഛനിന്നുണരാത്തതെ,'
ന്നെന്നെയെടുത്തയാളോടു ചോദിച്ചു ഞാൻ.

"കുഞ്ഞിൻെറയച്ഛൻ മരിച്ചുപോ,"—യെന്നയാൾ
നെഞ്ഞകം പിഞ്ഞിപ്പറഞ്ഞൂ മറുപടി.

ഏതാണ്ടപകടമാണച്ഛനെന്നോർത്തു
വേദനപ്പെട്ട ഞാനൊന്നാശ്വസിച്ചുപോയ്.

ആലപ്പുഴയ്ക്കു പോ,—യെന്നു കേൾക്കുന്നതു-
പോലൊരു തോന്നലാണുണ്ടായതപ്പൊഴും!

ആലപ്പുഴയ്ക്കു പോയ്വന്നാലെനിക്കച്ഛ-
നാറഞ്ചുകൊണ്ടെത്തരാറുള്ളതോർത്തു ഞാൻ.

അച്ഛൻ മരിച്ചതേയുള്ളൂ! (മരിക്കുന്ന-
തത്ര കുഴപ്പമാണെന്നറിഞ്ഞില്ല ഞാൻ!)

എന്നിട്ടുമെന്നിട്ടുമങ്ങേ മുറിക്കക-
ത്തെന്തിനാണമ്മ കരയുന്നതിപ്പൊഴും?

ചാരത്തു ചെന്നു ഞാൻ ചോദിച്ചിതമ്മയോ,-
"ടാരാണു കൊണ്ടെക്കളഞ്ഞതെൻ പമ്പരം?"

കെട്ടിപ്പിടിച്ചമ്മ പൊട്ടിക്കരഞ്ഞുപോയ്:
"കുട്ടനെയിട്ടേച്ചുപോയതെന്തിങ്ങനെ...?"

"അച്ഛനുണ്ടപ്പുറ, — ത്തിത്തിരി മുൻപു ഞാ-
നച്ഛനെക്കണ്ടതാ,—"ണുത്തരം നല്കി ഞാൻ!

അമ്മ പറഞ്ഞു: "മകനേ, നമുക്കിനി
നമ്മളേയുള്ളു; നിന്നച്ഛൻ മരിച്ചുപോയ്...."

വെള്ളമൊഴിച്ചു കുളിപ്പിച്ചൊരാൾ, പിന്നെ
വെള്ളമുണ്ടിട്ടു പുതപ്പിച്ചിതച്ഛനെ!

താങ്ങിപ്പുറത്തെക്കെടുത്തു രണ്ടാളുകൾ:
ഞാൻ കണ്ടുനിന്നു; കരയുന്നു കാണികൾ!

അമ്മ ബോധംകെട്ടു വീണുപോയ് തൊട്ടടു;-
ത്തങ്ങേപ്പറമ്പിൽച്ചിതാഗ്നിതൻ ജ്വാലകൾ!

അച്ചിതാഗ്നിക്കു വലംവച്ചു ഞാ,നെ—ന്തി-
നച്ഛനെത്തീയിൽക്കിടത്തുന്നു നാട്ടുകാർ?

ഒന്നും മനസ്സിലായില്ലെനി, — ക്കപ്പൊഴും
ചന്ദനപ്പമ്പരം തേടി നടന്നു ഞാൻ!

ഇത്തിരികൂടി വളർന്നു ഞാ,—നാ രംഗ-
മിപ്പൊഴോർക്കുമ്പോൾ നടുങ്ങുന്നു മാനസം.

എന്നന്തരാത്മാവിനുള്ളിലെത്തീയിൽ വ-
ച്ചിന്നുമെന്നോർമ്മ ദഹിപ്പിക്കുമച്ഛനെ!

# തപസ്സ്

മരാളകന്യകമാരുടെ നടുവിൽ,
മനസ്സരസ്സിൻകടവിൽ,

തപസ്സുചെയ്യുകയല്ലോ ഞാനീ
താമരവള്ളിക്കുടിലിൽ!

നിറഞ്ഞു പൊട്ടും നീർക്കുമിളകളിൽ
നിന്നു തുടിച്ചൂ കാലം.

തരംഗമാലകൾതോറും, മന്വ-
ന്തരങ്ങൾ നീന്തിനടന്നൂ.

മനുഷ്യനാരംഭിച്ച തപസ്സിൽ
മയങ്ങിവീണൂ ദൈവം.

വികാരമൂർച്ഛയിലുൾത്തൃഷമൂലം
വിയർത്തിരുന്നൂ ദേഹം.

വിശ്വപ്രകൃതിയപാരത നല്കിടു-
മശ്വരഥങ്ങളിലേറി,

തപോനികുഞ്ജകവാതിലിൽ വന്നൂ
തപസ്സിളക്കാനായി.

കിണ്ണംനിറയെപ്പാൽക്കഞ്ഞിയുമായ്
വന്നു വിളിച്ചൂ രജനി.

നിറഞ്ഞ മുന്തിരിനീർക്കുമ്പിളുമായ്
വിരുന്നിനെത്തീ പുലരി.

കന്നിനിലാവിനു നല്കീ ഞാ,നെൻ-
കരളിന്നുള്ളിലെ മധുരം

മയൂരനൃത്തംവയ്ക്കുമുഷസ്സിനു
മനോരഥത്തിൻമന്ത്രം.

വസന്തമെന്നെക്കാണാനെത്തീ
വനപുഷ്പങ്ങളുമായി.

അവർക്കു നല്കിയതാദ്യം ഞാനാ-
ണനർഘരാഗപരാഗം.

കാററിനു നല്കീ നല്ല സുഗന്ധം,
കാട്ടുമുളയ്ക്കൊരു ഗാനം,

മണ്ണിനനശ്വരപുളകം, വിണ്ണിനൊ-
രിന്ദ്രധനുസ്സിൻതിലകം!

പദാർത്ഥപരിണാമങ്ങളിലൂടെ,
പരീക്ഷണങ്ങളിലൂടെ,

പ്രപഞ്ചമെന്നിലുറങ്ങിയുണർന്നൂ
പണ്ടു യുഗങ്ങളിലൂടെ

മനസ്സിൽ വിശ്വപ്രകൃതിയെ നിർത്തി
മണിക്കിരീടം ചാർത്തി,

അപാരതാരാന്തരവീഥികളിൽ
തപോനലദ്യുതി വീശി,

തപസ്സിരുന്നിടുമെന്നെക്കാണാൻ
തനിച്ചു വന്നൂ ദൈവം;

പറുദീസയിൽനിന്നെന്നെയിറക്കിയ
പശ്ചാത്താപവുമായി!

പറഞ്ഞു ദൈവം: "പണ്ടേ തമ്മിൽ-
പ്പിരിഞ്ഞുവല്ലോ നമ്മൾ!

നമ്മുടെയിടയിൽപ്പുരോഹിതന്മാർ
കന്മതിൽ കെട്ടിയുയർത്തി!

പറഞ്ഞകററീ വൈദികർ നമ്മെ
പല നൂററാണ്ടുകളായി!...

അവർക്കു ജീവിതശാദ്വലമ, — ല്ലൊരു
ശവപ്പറമ്പേ വേണ്ടൂ!"

പ്രപഞ്ചജീവിതസത്യാന്വേഷണ-
തപസ്സിനിടയിൽപ്പോലും,

ചലിച്ചു ഹൃദയം; ചൊല്ലീ ഞാനാ
ചൈതന്യത്തിനൊടേവം:

"മനസ്സിലാക്കുക നമ്മൾ പരസ്പര,-
മെനിക്കതൊന്നേ മോഹം...."

## ഇത്താപ്പിരി

കുർബാന കൈക്കൊണ്ടു, ചെയ്ത പാപങ്ങൾക്കു
കുമ്പസാരിച്ചു, പറയനിത്താപ്പിരി

ചുണ്ടത്തു വേദവും കൈവിരൽത്തുമ്പത്തു
കൊന്തയും മാറത്തു വെള്ളിക്കുരിശുമായ്,

അൾത്താരയിൽനിന്നകന്നൊഴി,ഞ്ഞാപ്പള്ളി-
മുററത്തിരുന്നു പറയനിത്താപ്പിരി!

മിണ്ടാതെ പിന്നിൽ പതുങ്ങിക്കിടക്കുന്ന
തൻെറ നിഴലിളം വെയ്‌ലിൽച്ചുരുങ്ങവേ,

ആ വൃദ്ധനോർത്തു പിതാവിൻെറ വാക്കുകൾ:
'പാപം നിഴൽപോലെ കൂടെയുണ്ടെപ്പൊഴും.'

"ശ്ലാമാ ഹമഹോൻ..." അകത്തുന്നു വൈദിക-
നാ മഹാസന്ദേശമുച്ചരിച്ചീടവേ,

നെററിയിൽ, നെഞ്ചിൽ, കുരിശുവരച്ചുപോയ്
മുററത്തിരുന്നു കിഴവനിത്താപ്പിരി!

മേഞ്ഞ തകടിപ്പുറങ്ങൾതോറും വെയിൽ
കാഞ്ഞു കിടക്കുന്ന ചെമ്മരിയാടുകൾ,

ആട്ടിടയൻെറ മുടിക്കോലു ക,ണ്ടെഴു-
ന്നേററു പററംചേർന്നു നീങ്ങുന്നമാതിരി,

മുട്ടി,ക്കിലുങ്ങിച്ചിരിച്ചു പള്ളിക്കുള്ളിൽ
മുട്ടുകുത്തുന്ന കിളുന്നുപെൺകുട്ടികൾ,

പൊന്നുംകുടത്തിന്നു പൊട്ടുപോൽ, മാറത്തു
മിന്നുന്ന പൊൻകാശുരൂപങ്ങളിട്ടവർ,

മുററത്തുകൂടിക്കടന്നുപോകുമ്പോഴൊ-
രററത്തൊതുങ്ങും പറയനിത്താപ്പിരി!

ക്രിസ്ത്യാനിയായി മതംമാറിയെങ്കിലും
ഇത്താപ്പിരിക്കൊരു തീണ്ടലുണ്ടിപ്പൊഴും!

പള്ളിശ്ശ്മിമിത്തേരി കെട്ടുന്നിടത്താണു
പണ്ടു പുരവച്ചു വാണതിത്താപ്പിരി!

നാലുപറമ്പിട മാറിയൊരേടത്തൊ-
രോലക്കുടിലിലിലാണിന്നയാൾ താമസം.

ഇത്താപ്പിരിയും മറിയയുമു, — ണ്ടതിൽ
പത്താളുകളുണ്ടു പിന്നെയും പാർക്കുവാൻ.

ചട്ടിയിൽ വെള്ളം തിളയ്ക്കാനതിന്നടി-
ത്തട്ടിൽനിന്നാദ്യം നുരി വരുംമാതിരി,

ഇത്താപ്പിരിക്കുള്ളിലോർമ്മകൾ നീരാവി-
മുത്തുകൾപോലെ നുരിയിട്ടുയർന്നുപോയ്!

തൻെറ മനസ്സും ശരീരവുംതങ്ങളിൽ
പന്തയംവച്ച ചെറുപ്പകാലങ്ങളിൽ,

നാലഞ്ചുകാട്ടിലെച്ചൂരൽ വലിക്കാതെ
കാലത്തെണീററാലുറങ്ങുമാറില്ലയാൾ,

കാടുകൾതേടുമക്കാലം മനസ്സിൻെറ
കാലിലുടക്കിയ കാട്ടിളം വള്ളിയെ-

കൊച്ചുപറക്കള്ളി 'വള്ളി'യെ — കണ്ടന്നു
കച്ച കൊടുത്തു വിളിച്ചോണ്ടുവന്ന നാൾ,

ചാററമഴപോലെയച്ഛനുമമ്മയും
ചീത്തപറഞ്ഞു കുളിപ്പിച്ചതോർത്തുപോയ്!

ഇല്ല, പറയാൻ 'വെളുത്ത'യും 'വള്ളി'യും
വള്ളിവലിക്കാത്ത ചൂരലിൻകാടുകൾ!

എന്തൊരുന്മാദമാണന്നൊക്കെയാക്കാട്ടു-
പൊന്തകൾക്കുള്ളിലൊളിച്ചുകളിക്കുവാൻ;

പ്ലാവിലക്കണ്ണിയിൽ തേനെടുക്കാൻ; നല്ല
മോതിരക്കണ്ണിപ്പഴങ്ങൾ പറിക്കുവാൻ!...

വള്ളി മറിയയായ് മാറി; 'വെളുത്ത'യി-
പ്പള്ളിപ്പറമ്പിലെയിത്താപ്പിരിയുമായ്!

പോയ കിനാവുകൾ മണ്ണടി,ഞ്ഞോർമ്മക-
ളാ,യുയിർക്കൊള്ളും മനശ്ശ്മിമിത്തേരിയിൽ

ചുററിനടന്നൂ പറയനിത്താപ്പിരി:
നെററി ചുളിച്ചു കടന്നുപോയ് കാണികൾ!

കാടും മലയും കടന്നുവന്നന്നൊരു
താടിവളർത്തിയ വൃദ്ധനാം വൈദികൻ

തങ്ങളെക്കണ്ടു പരിചയപ്പെട്ടൊരാ
രംഗങ്ങളുള്ളിൽ കുളിർകോരിവീശിടും!

കൈച്ചിമിട്ടുള്ള ചെറുപ്പം, മനസ്സിൻെറ
കൈക്കുമ്പിൾതോറും മദിര പകർന്ന നാൾ,

കണ്ടുമുട്ടുന്ന കിനാക്കളിലത്രയും
കണ്ണും കരളും മലർന്നുനില്ക്കുന്ന നാൾ,

ഏതൊരജ്ഞാതമാം നാട്ടിൽനിന്നാ വൃദ്ധ-
വൈദികൻ വന്നൂ വെളിച്ചം വിതയ്ക്കുവാൻ

തങ്ങൾക്കുചുററും പറുദീസ നിർമ്മിച്ചു-
തന്ന യഹോവയാണാ നല്ല വൈദികൻ!

തിന്നരുതാത്ത കനിയി, — ല്ലതിനുള്ളിൽ
വന്നിഴഞ്ഞില്ല ചെകുത്താൻെറ ചേരകൾ!

പള്ളി നില്ക്കുന്നിടത്താദ്യമായന്നൊരു
പന്തലു കെട്ടാൻ മുള ചീകിനിന്ന നാൾ,

താടി തടവിച്ചിരിച്ചുകൊണ്ടദ്ദേഹ-
മോടിവന്നെത്തീ പനനാരു കീറുവാൻ.

ചൊല്ലുമാറുണ്ടാ വയോധികവൈദികൻ:
"ഇല്ല മനുഷ്യപുത്രന്നിടം ഭൂമിയിൽ..."

അന്നു വണക്കമാസപ്പുരയ്ക്കുള്ളിലെ
മണ്ണിലിരുന്നു കുരിശുവരയ്ക്കവേ,

'ബാവായ്ക്കും പുത്രനും റുഹാദക്കുദിശയ്ക്കു'
മാ വയോവൃദ്ധൻ സ്തുതിപറഞ്ഞീടവേ,

കാൽമുട്ടു കുത്തി മറിയയും താനുമ-
ന്നാ മന്ത്രസാരങ്ങളേററുചൊല്ലീടവേ,

കർത്താവുമച്ചനും താനും മറിയയും
വ്യത്യസ്തരാണെന്നു തോന്നിയില്ലാരിലും!

ഇന്നുമോർക്കുന്നു, മെഴുകുതിരിപോലെ
നിന്നുരുകുന്നൊരാരാ വൃദ്ധൻെറ കണ്ണുകൾ!

കുർബാന ചൊല്ലിച്ചു, വേദം പഠിപ്പിച്ചു,
കുമ്പസാരിപ്പിച്ചു പിന്നെയാ വൈദികൻ!

ആ നല്ല കാലം തിരിച്ചുകിട്ടില്ലിനി;
ആ നല്ല വൈദികൻ വീണ്ടും വരില്ലിനി!

കൊച്ചുവണക്കമാസപ്പുരയ്ക്കുള്ളിൽവ-
ച്ചച്ച, — നരുപിയിൽച്ചേർന്നു ലയിച്ചുപോയ്!

ഉള്ളിൽ സ്മരണകൾ തീപിടിക്കുമ്പൊഴാ-
പ്പള്ളിപ്പറമ്പിലിരിക്കുമിത്താപ്പിരി.

കത്തി പഴുപ്പിച്ചിറക്കും മനസ്സിൻെറ
കുത്തും ഞെറിയും തകർക്കുമീയോർമ്മകൾ!

വൃദ്ധനാമാ നല്ല വൈദികൻ കാണിച്ചൊ-
രിത്തിരിസൂചിക്കുഴയിൽക്കടക്കുവാൻ

ഒട്ടകക്കൂട്ടം വണക്കമാസപ്പുര
കെട്ടിയ വെപ്രാളമോർമ്മയുണ്ടിപ്പോഴും!

കട്ടിയിരുമ്പിൻെറ സൂചിയുണ്ടാക്കിയും,
ഒട്ടകങ്ങൾക്കായ് കുഴ വലുതാക്കിയും,

കത്തനാരന്മാർ വരുന്ന വഴിക്കു നി-
ന്നിത്താപ്പിരിയൊന്നു ഞെട്ടിപ്പകച്ചുപോയ്!

തല്ലിപ്പൊളിച്ചു വണക്കമാസപ്പുര;
പള്ളിയുയർന്നൂ ശിരസ്സിൽക്കുരിശുമായ്!

ഗോപുരകുംഭകത്തട്ടിൽ പിതാവിൻെറ
രൂപമുയർന്നൂ മണിമാളികയ്ക്കുമേൽ!

വെള്ളിടിവാളാൽ പിതാവിൻെറ വിഗ്രഹം
വിള്ളലുണ്ടാകാതെ കാത്തുസൂക്ഷിക്കുവാൻ,

അല്പമയസ്കാന്തമാ വിഗ്രഹത്തിൻെറ-
യററത്തു വയ്ക്കാൻ മറന്നില്ല ശില്പികൾ!

ഇത്താപ്പിരിയുടെ വീടു പോയ്, പള്ളിക്കു
വിസ്തൃതമായ ശിമിത്തേരി കെട്ടുവാൻ!

കാട്ടുചൂരൽത്തണ്ടിലൂന്നിയെഴുന്നേററു
കാഴ്ച നശിച്ച പറയനിത്താപ്പിരി

ഒന്നു ചോദിച്ചുപോയ് കൈക്കാരനോ: "ടെൻെറ
മണ്ണിലൊരാറടി നീക്കിവച്ചേക്കുമോ?"

വീട്ടിൽ നടന്നു തളർന്നു വന്നെത്തിയ
കൂട്ടുകാരന്നു മറിയ മൺചട്ടിയിൽ

കണ്ണുനീരുപ്പിട്ടു വച്ചു ചൂടാറാത്ത
കഞ്ഞി വിളമ്പിക്കൊടുത്തു പതിവുപോൽ.

മറെറാരു പോംവഴി കാണാതെ നില്പാണു
മക്കളെല്ലാരുമടുക്കളത്തിണ്ണയിൽ!

പിറേറന്നു പള്ളിശ്ശിമിത്തേരിമുററത്തു
ചത്തുകിടന്നൂ പറയനിത്താപ്പിരി!

പെററുവീണപ്പോൾമുതല്ക്കു തല്ലിക്കളി-
ച്ചുററവരൊത്തു വളർന്ന മൺമെത്തയിൽ,

പത്തൻപതാണ്ടുകൾ മല്ലിട്ടു മോഹങ്ങൾ
പച്ചപിടിപ്പിച്ചൊരാ യാഗഭൂമിയിൽ,

മണ്ണിനോടന്ത്യകഥ പറഞ്ഞങ്ങനെ
മന്ദഹസിച്ചു നിലച്ചതാജ്ജീവിതം!

കുന്നിൻചെരിവിലെക്കൊച്ചുനാട്ടിൻപുറ-
ത്തൊന്നാമതായിക്കുരിശുവരച്ചവൻ,

പള്ളിക്കുവേണ്ടി വണക്കമാസപ്പുരയ്-
ക്കുള്ളിൽ മെഴുതിരി കത്തിച്ചുവച്ചവൻ,

ഒട്ടും വിയർക്കാതെ റൊട്ടി തിന്നാത്തവൻ,
റൊട്ടിയില്ലാതെ മരിച്ചൊരാസ്സംഭവം

പള്ളിമണി കേട്ടുണർന്നൊരാ ഗ്രാമത്തി-
നുള്ളിലലച്ചിതൊരീർച്ചവാൾമാതിരി!

(പച്ചയ്ക്കുനിന്നു തുടിക്കുന്ന രക്താസ്ഥി-
മജ്ജകൾക്കുള്ളിൽ വിടരുമാത്മാവിനെ,

കണ്ടാൽ പരിഹസിക്കുന്ന വിശ്വസ്നേഹ-
കർമ്മകാണ്ഡങ്ങൾ സമൂഹവേദാന്തമായ്!

എന്നിവയൊന്നു തിരുത്താനുയിർത്തെണീ,-
റെറന്നു വന്നെത്തുമെൻ ബുദ്ധനും യേശുവും?)

ഇത്താപ്പിരിയൊരു പുണ്യവാനായെന്നു
കത്തനാരച്ചന്നു സ്വപ്നമുണ്ടായിപോൽ!

(അത്തിരുനാമം ജയിക്കട്ടെ മേല്ക്കുമേൽ
ക്രിസ്തുരാജ്യത്തിൻെറ പുണ്യയുഗങ്ങളിൽ)

അപ്പുണ്യനാമത്തിൽ നാട്ടിൻപുറത്തൊരു
കപ്പേള വേണം, വികാരിക്കൊരാഗ്രഹം!

പത്തുനാൾകൊണ്ടു നിറഞ്ഞു നേർച്ചപ്പെട്ടി,-
യിത്താപ്പിരിയുടെ ദൈവികശക്തിയാൽ!

കല്ലിട്ടു കപ്പേള കെട്ടിയുയർത്തുവാൻ
നല്ല നാൾ നോക്കി വിശുദ്ധനാം വൈദികൻ!

കല്ലുചുമട്ടുകാർ, കല്പണിക്കാ, — രന്നു
പള്ളിമുററത്തു ബഹളമാണെപ്പൊഴും!

വെഞ്ചരിപ്പിന്നു വിശുദ്ധ മെത്രാൻ വരും;
വെള്ളിരൂപക്കൂടു സംഭാവന തരും!

കല്ലുചുമട്ടുകാർക്കുള്ളിൽനിന്നന്നൊരു
കള്ളനെക്കണ്ടുപിടിച്ചു പുരോഹിതൻ!

പത്തുചുവടുകൾ വച്ചാ,ലൊരിടത്തു
കുത്തിയിരിക്കും പുരാണം പറഞ്ഞവൻ.

ധിക്കാരിയാണവൻ; — അച്ചരനോടൊററയ്ക്കു
തർക്കുത്തരങ്ങൾ പറയുകയാണവൻ!

തല്ലിയോടിച്ചു ചെറുക്കനെക്കപ്പിയാർ;
"കള്ളനേതാണവൻ?"....ചോദിച്ചു വൈദികൻ.

ആരോ പറഞ്ഞു:—"മരിച്ച പുണ്യാളൻെറ
പേരക്കിടാത്തനിടിച്ചാണ്ടിയാണവൻ..."

## തലയോടുകളുടെ കഥ

ഇത്തിരിക്കസവിന്റെ
കര പാകിയ കോടി-
ക്കൈത്തറിവസ്ത്രം നാട്ടിൽ
നിവർത്തിട്ടതുപോലെ,

ഇന്നലെ നിലാ,വീറൻ
മാറാതെ, മഴയത്തു
കന്നിപ്പുൽത്തഴപ്പായി-
ലുറക്കമിളയ്ക്കുമ്പോൾ,

ചോരുമീ നാടിൻ നീല-
മേല്പുര തല്ലിപ്പൊളി,-
ച്ചൂരു ചുററുവാനെത്തീ
പാതിര ചൂട്ടും വീശി.

പള്ളിയും പള്ളിപ്പള്ളി-
ക്കൂടവും ശ്മശാനവും
കള്ളുവില്പനഷാപ്പും
ഷാപ്പിലെ കത്രീനയും

പൊളിഞ്ഞുകിടക്കുന്ന
കാളിക്ഷേത്രവു —മാറു
പൊതുസ്ഥാപനങ്ങളാ-
ണുള്ളതിക്കുഗ്രാമത്തിൽ!

ഒച്ചയി,ല്ലനക്കമി,-
ല്ലവയൊന്നിലു; —മോരോ
നിശ്ശബ്ദനിമിഷവു-
മർദ്ധനിദ്രയിലാണ്ടു!

പടിഞ്ഞാറെങ്ങോനിന്നു
പഞ്ചമിത്തിങ്കൾക്കല
പകുതി മറഞ്ഞുപോയ്
കാർമേഘപ്പൊളികളാൽ,

പള്ളിയൾത്താരയ്ക്കുള്ളിൽ
തവിട്ടുകുപ്പായങ്ങൾ
തുള്ളുമ്പോൾ, മറയുന്ന
കർത്താവിൻ മുഖംപോലെ!

പാതിര, പണ്ടീ നാട്ടിൽ
പ്രേതങ്ങൾ വലംവയ്ക്കും
പാതിര, മഴക്കാറിൻ-
മഞ്ചലിൽ നടന്നപ്പോൾ,

തലയിൽ കള്ളും താങ്ങി
നിന്നെതിരെററൂ, കാററി-
ലുലയും വിശറിക്കൈ
നീട്ടിയ കരിമ്പന,

ഗ്രാമവീഥിയിലൊററയ്,-
ക്കാരെയും ഞെട്ടിക്കുന്ന
ഭീമരൂപിയാം നിഴൽ
നിവർത്തും കരിമ്പന,

ഒത്തിരിശ്ശവംതീനി
യക്ഷികൾ വിഹരിച്ച
മുത്തശ്ശിക്കഥകളെ-
യുണർത്തും നാടിൻനെഞ്ചിൽ!

നേരമിത്തിരി പുലർ-
ന്നെത്തുമ്പോൾ ഭയന്നോടി-
ക്കൂരിരുട്ടൊളിക്കുമാ-
പ്പാഴ്ക്കരിമ്പനയിന്മേൽ,

കെട്ടിനിർത്തിയതാരീ
ത്തലയോടുകൾ; — നാട്ടു-
വെട്ടവും നോക്കി പ്രേത-
പ്പല്ലുകളിളിക്കുവാൻ?

കോടക്കാർച്ചെളിമണ്ണിൽ,
വെണ്ണിലാവിനെ വെട്ടി-
മൂടിയ നിശീഥത്തിൻ
പച്ചോലക്കുടക്കീഴിൽ,

അക്കരിമ്പനച്ചോട്ടിൽ,
മൂകത മരവിച്ചു
നില്ക്കവേ, വിറച്ചിതാ-
ത്തലയോടുകൾപോലും!

അവയിലൊരെണ്ണത്തിൻ
കൺകുഴി നിറഞ്ഞുപോയ്;
അതു മറെറാന്നിൻനേർക്കു
തിരിഞ്ഞു പതുക്കനെ!

അവ്യക്താക്ഷരമൊന്നു
ശബ്ദിച്ചു: "മരിച്ചാലു-
മല്ലൽ തീരുകയില്ലേ
മനുഷ്യർക്കീ ജന്മത്തിൽ?"

തൊട്ടടുത്തൊരു കയർ-
ച്ചുററിന്മേൽ കുരുങ്ങിയ
മറെറാരു തലയോടിൻ
ഗദ്ഗദം വിങ്ങിപ്പൊട്ടി:

"മനസ്സാലറിഞ്ഞൊരു
പാപവും ഞാൻ ചെയ്തില്ല;
മതത്തിൻകാവല്ക്കാരി-
ന്നെന്തിനെൻകുഴി മാന്തി?"

"എന്തിനെന്നല്ലേ?" മറെറാ-
ന്നുത്തരം നല്കീ; — "ചില
മന്ത്രിമാർ വരുന്നുണ്ടീ
ഗ്രാമവീഥിയിലൂടെ.

അവരെജ്ജനങ്ങൾ വ-
ന്നെതിരേല്ക്കുമ്പോൾ, നമ്മ-
ളവമാനിക്കാനുള്ള
ശപ്തദുശ്ശകുനങ്ങൾ!

എന്നസ്ഥിമാടം വെട്ടി
മാന്തിയ ചിലർ ചൊന്ന-
തിന്നു ഞാൻ കേട്ടൂ:
നാളെക്കല്ലേറു കൊള്ളും നമ്മൾ..."

മുകളിൽ പനങ്കൊമ്പ-
ത്തെങ്ങുന്നോ പറന്നെത്തി
പകൽവെട്ടത്തെപ്'രാകും
'പുള്ളുകൾ'നീട്ടിക്കൂവി!

അകലെപ്പള്ളിശ്ശവ-
ക്കോട്ടയിലൊരേടത്തു-
ന്നവയ്ക്കു മറുപടി
കൊടുത്തൂ കാലൻകോഴി.

തലയോടുകൾ വീണ്ടും
തുടർന്നൂ: "മുഖച്ഛായ
തനിയേ മാറിപ്പോയീ;
തമ്മിൽ നാമറിയില്ല.

അന്ത്യകൂദാശയ്ക്കച്ചൻ
വന്നപ്പോൾ, സ്വർഗ്ഗത്തിൻെറ
പൊൻതാക്കോൽ കിട്ടിപ്പോയെ-
ന്നാശ്വസിച്ചവർ നമ്മൾ!..."

"ഞാനകലത്തെ സ്കൂളിൽ
ചരിത്രം പഠിപ്പിച്ച
ജോണിയാ, — ണൊരു പന്തീ-
രാണ്ടു മുമ്പീ ഗ്രാമത്തിൽ."

തുടർന്നു സഗദ്ഗദ-
മാ വൃദ്ധകപാലം:"ഞാ-
നൊടുക്കം ഗതികെട്ടു
നഞ്ചു തിന്നല്ലോ ചത്തു..."

മററൊന്നു ചൊല്ലീ: "ഞാനാ-
ണാപ്പള്ളിപ്പറമ്പിലെ
മത്തായി; —ജോണിസ്സാറെൻ
പാർപ്പിടം കണ്ടിട്ടില്ലേ?

ഇറങ്ങിക്കൊടുത്തു ഞാൻ,
കൈക്കാരനന്നെൻ വീട്ടു-
പറമ്പിൽ കക്കൂസിന്നു
കല്ലിടാനൊരു മോഹം!

കന്യാസ്ത്രീമഠത്തിലാ-
ണെന്മകൾ, — അവൾക്കെന്നെ
വന്നു കാണുവാ,നന്ത്യ-
നീർ നല്കാൻ കഴിഞ്ഞില്ല..."

പാഴ്ക്കയർച്ചുററിൽ കോർത്തു-
കിടക്കും തലയോടി-
ന്നാക്കഥ കേട്ടി,ട്ടുള്ളിൽ
നൊമ്പരം നുരകുത്തി!

അപ്പാവം വിങ്ങിപ്പൊട്ടി-
ക്കരഞ്ഞു: "ഞാൻ...ഞാൻ... ഞാനാ-
ണപ്പൻെറ മകൾ...കന്യാ-
സ്ത്രീയായ മേരിക്കുട്ടി..."

അകലെദ്ദേവാലയ-
കുംഭഗോപുരത്തിന്നു
മുകളിൽ, കൈയും നീട്ടി
മലർന്ന മനസ്സുമായ്,

നഗ്നമാമൊരു 'കുരി-
ശാ'രെയോ വരവേല്ക്കാൻ
നില്ക്കുന്നൂ, താരാന്തര-
രാജവീഥിയും നോക്കി!

ഒരുനാൾ തിരിച്ചെത്തും
'ജീസസ്സി'ൻ തിരുമുഖ-
മൊരുനോ,ക്കൊന്നുംകൂടി-
ക്കാണുവാനാവാം മോഹം!

## സർഗ്ഗസംഗീതം

ആരണ്യാന്തരഗഹ്വരോദരതപ-
സ്ഥാനങ്ങളിൽ, സൈന്ധവോ-
ദാരശ്യാമമനോഭിരാമപുളിനോ-
പാന്തപ്രദേശങ്ങളിൽ
ആരന്തർമ്മുഖമിപ്രപഞ്ചപരിണാ-
മോത്ഭിന്നസർഗ്ഗക്രിയാ-
സാരം തേടിയലഞ്ഞു പ; — ണ്ടവരിലെ-
ച്ചൈതന്യമെൻ ദർശനം.

ആ മൺമെത്തകളാററുനോററ മധുര-
സ്വപ്നങ്ങളിൽ, ജീവിത-
പ്രേമം പാടിയ സാമഗാനലഹരീ-
ഹർഷാഞ്ചിതാത്മാക്കളായ്,
ഹാ, മന്വന്തരഭാവശില്പികളെനി-
ക്കെന്നേക്കുമായ് തന്നതാ-
ണോമൽക്കാർത്തിക നെയ്‌വിളക്കെരിയുമീ-
യേകാന്തയാഗാശ്രമം,

നാദം ശൂന്യതയിങ്കലാദ്യമമൃതം
വർഷിച്ച നാളിൽ, ഗതോ-
ന്മാദം വിശ്വപദാർത്ഥശാലയൊരിട-
ത്തൊന്നായ് തുടിച്ചീടവേ,
ആ ദാഹിച്ചു വിടർന്ന ജീവകലികാ-
ജാലങ്ങളിൽ, കാലമേ,
നീ ദർശിച്ച രസാനുഭൂതി പകരൂ
മൽ പാനപാത്രങ്ങളിൽ!

ഓരോ ജീവകണത്തിനുള്ളിലുമുണർ-
ന്നുദ്ദീപ്തമായ്, ധർമ്മസംസ്-
കാരോപാസനശക്തിയായ്, ചിരതപ-
സ്സങ്കല്പസങ്കേതമായ്,
ഓരോ മാസ്മരലോകമു; — ണ്ടതിലെനി-
ക്കെന്നന്തരാത്മാവിലെ-
ത്തേരോടിക്കണ,മെൻെറ കാവ്യകലയെ-
ക്കൊണ്ടാകുവോളംവരെ!

വാളല്ലെൻ സമരായുധം, ഝണഝണ-
ധ്വാനം മുഴക്കീടുവാ-
നാള,ല്ലെൻ കരവാളു വിറെറാരു മണി-
പ്പൊൻവീണ വാങ്ങിച്ചു ഞാൻ!
താളം രാഗലയശ്രുതിസ്വരമിവയ്-
ക്കല്ലാതെയൊന്നിന്നുമി-
ന്നോളക്കുത്തുകൾ തീർക്കുവാൻ കഴിയുകി-
ല്ലെൻ പ്രേമതീർത്ഥങ്ങളിൽ!

ഓണക്കോടി ഞൊറിഞ്ഞുടുത്തു കമുകിൻ
പൊൻപൂക്കുലച്ചാർത്തുമായ്
പ്രാണപ്രേയസി, കാവ്യകന്യ, കവിള-
ത്തൊന്നുമ്മവച്ചീടവേ,
വീണക്കമ്പികൾ മീട്ടി, മാനവമനോ-
രാജ്യങ്ങളിൽച്ചെന്നു ഞാൻ;
നാണത്തിൻെറ കിളുന്നുകൾക്കു നിറയെ-
പ്പാദസ്സരം നല്കുവാൻ!

കാടത്തത്തെ മനസ്സിലിട്ട കവിയായ്
മാററുന്ന വല്മീകമു;-
ണ്ടോടപ്പുല്ക്കുഴലിൻെറ ഗീതയെഴുതി-
സ്സൂക്ഷിച്ച പൊന്നോലയും;
കോടക്കാർനിര കൊണ്ടുവന്ന മനുജാത്-
മാവിൻെറ കണ്ണീരുമായ്
മൂടൽമഞ്ഞിൽ മയങ്ങുമെന്നുമിവിടെ-
പ്പൂക്കും വനജ്യോത്സ്നകൾ!

ഞാനിജ്ജാലകവാതിലിൽ ചെറുമുള-
ന്തണ്ടിൽ ഞൊറിഞ്ഞിട്ടതാ-
ണീ നീലത്തുകിൽ ശാരദേന്ദുകലയെ-
പ്പാവാട ചാർത്തിക്കുവാൻ
ഹാ, നിത്യം ചിറകിട്ടടിച്ചു ചിതറി-
ക്കീറിപ്പറപ്പിച്ചുവോ
ഞാനിസ്സർഗ്ഗതപസ്സമാധിയിലിരി-
ക്കുമ്പോൾ കൊടുങ്കാററുകൾ?

കോടക്കാററിലഴിഞ്ഞുലഞ്ഞ ചിടയും
ചിക്കിക്കിടന്നീടുമാ-
ക്കാടങ്ങിങ്ങു ചവച്ചെറിഞ്ഞ തളിരും
പൂവും പിടഞ്ഞീടവേ,
നാടന്തഃപ്രഹരങ്ങളേററു കിടിലം-
കൊൾകേ, മുലപ്പാലുമായ്
പാടം നീന്തിവരുന്ന പൗർണ്ണമി, നിന-
ക്കാവട്ടെ ഗീതാഞ്ജലി.

## മാടവനപ്പറമ്പിലെ ചിത

രാത്രിയിലൊരുപോള-
ക്കണ്ണടച്ചില്ലാ, ഭൂത-
ധാത്രിയിദ്ധനുവിലെ-
ക്കറുത്തവാവിൻനാളിൽ.

അമ്മതൻ മാറിൽ ജ്വലി-
ച്ചമർന്ന ചിതാഗ്നിയിൽ
അന്നൊരു യുഗാചാര്യ-
വിഗ്രഹം രൂപം മാറി,

ഈ വിശ്വതലത്തോളം
വലുതായിരുന്നോരു
ജീവിതമിരുന്ന കൂ-
ടവിടെക്കത്തിത്തീർന്നു.

നക്ഷത്രക്കവിടികൾ
നിരത്തി നഭസ്സിൻെറ
വക്ഷസ്സിലേതോ രാശി
നോക്കുകയാവാം കാലം!

അലയും നെററിക്കണ്ണു-
മായെഴുന്നേററു, സഹ്യാ-
ചലസാനുവിലുഷ-
സ്സുറക്കക്ഷീണത്തോടെ.

കേരളം *'മാടവന-
പ്പറമ്പിൽ' പുകയുന്ന,
കേസരിയുടെ ചിതയ്-
ക്കരികിൽ നിന്നൂ മൂകം.

വിളിച്ചാൽ വിളികേൾക്കി;-
ല്ലിരുണ്ട മരണത്തി-
ലൊളിച്ചുനില്ക്കും ധീര-
തേജസ്സാമാചാര്യനെ,

*അന്തരിച്ചുപോയ കേസരി ബാലകൃഷ്ണപിള്ളയുടെ വീട്.

തൻതിലോദകവുമാ-
　　യീറനുമുടു,ത്തോടി-
വന്നു നിന്നറിയിച്ചു
　　കൈരളി കണ്ണീരോടെ:

"ഈ യാഗഭൂവിൽ തപ-
　　സ്സിരുന്നു യുഗങ്ങൾതൻ
മായാമാന്ത്രികപിഞ്ഛരി-
　　കാഞ്ചലം പിച്ചിക്കീറി,

ബ്രഹ്മാണ്ഡബഹിരന്തശ്-
　　ചലനോർജ്ജത്താ,ലെൻെറ
കർമ്മശക്തിയെക്കാലാ-
　　തീതവർത്തിയായ് മാററി,

എന്നെയിശ്ശതാബ്ദത്തിൻ
　　തോളത്തു കൈയുംവച്ചു
നിന്നെതിരേല്ക്കാൻ ത്രികാ-
　　ലജ്ഞനാം ഭവാൻ വന്നൂ!

പേർഷ്യയി,ലറേബ്യയിൽ...
　　പുരുഷാർത്ഥങ്ങൾ പൂത്തൊ-
രേഷ്യയിൽ, മുഖച്ഛരായ
　　നേടിയ സംസ്കാരങ്ങൾ,

ആദ്യമായൊരു മന്വ-
　　ന്തരത്തിൻ മൺകുത്തിന്മേൽ
ചാർത്തിയ പുളകങ്ങൾ
　　വിളയും ഖനികളിൽ,

ഇതിഹാസങ്ങൾ മേഞ്ഞു
　　നടക്കും വനങ്ങളിൽ,
സ്മൃതികൾ മന്ത്രം ചൊല്ലും
　　നിർജ്ജനഗുഹകളിൽ,

ഇടിഞ്ഞ ചരിത്രത്തിൻ
　　കോട്ടകൊത്തളങ്ങളിൽ,
വിടരും സയൻസിൻെറ
　　സർഗ്ഗമണ്ഡലങ്ങളിൽ,

ഏകാന്തായാധ്വഗ, ഭവാൻ
　　നടന്നുകേറീടാത്ത
മേഖലയേതു,ണ്ടേതു-
　　ണ്ടീ വിശ്വപ്രകൃതിയിൽ?

കിളിവാതിലും തുറ,-
നിശ്ശതാബ്ദത്തിൻശിലാ-
തളിമത്തിന്മേലെന്നെ-
യവിടുന്നിരുത്തിച്ചു.

ലോകവിജ്ഞാനത്തിൻെറ
വെളിച്ചം വിളയുന്ന
യാഗശാലയിലേക്കു
കണ്ണുംനട്ടിരുന്നു ഞാൻ.

ആ സർഗ്ഗചലനങ്ങ,-
ളത്ഭുതപ്രതിഭാസ-
രാസകേളികൾ, വിദ്യു-
ന്നാദധാരക,ളെല്ലാം,

എന്നന്തഃപുരത്തിലേ,-
ക്കെന്നിലേ,ക്കോടിക്കേറി-
വന്നെൻെറ സങ്കല്പങ്ങൾ-
ക്കുദ്യാനവിരുന്നേകി;

ഞാനുമിപ്രപഞ്ചവു-
മൊന്നായി നിന്നു; — കർമ്മ-
ജ്ഞാനധർമ്മങ്ങൾ വന്നെൻ
കൈയൊപ്പു സമ്പാദിച്ചു!

കാലടിയിലെ ജ്ഞാന-
ഖനി പെററൊരു രാഗ-
ജ്വാല ഞാൻ കണ്ടു പിന്നെ-
ക്കേസരീകുടീരത്തിൽ...

കാലമാക്കിളിവാതി-
ലടച്ചുകളഞ്ഞല്ലോ,
കാലമെൻ കണ്ണാടിച്ചി-
ല്ലുടച്ചുകളഞ്ഞല്ലോ...”

‘പെരുവാര’ത്തെത്താപ-
സാശ്രമത്തിരുമുററ-
ത്തിരിക്കുമിരുപതാം-
നൂററാണ്ടിൻ മോഹം കേട്ടു:

“.... ഒന്നടർത്തെടുത്തോട്ടേ,
നിൻ ചിതാഗ്നിയിൽനിന്നെൻ
ചന്ദനത്തിരിക്കൊരു
പൊൻമുത്തുക്കിരീടം ഞാൻ?”

# അഗ്നിപുരാണം

പണ്ടൊരുകാലം കിഴക്കൻമലകളിൽ
വിണ്ടു ചിതറിത്തെറിച്ചുപോയ് പാറകൾ!

താഴ്‌വരക്കാട്ടിലെത്താമസക്കാരായ
പാവങ്ങൾ, ഞെട്ടിപ്പകച്ചുപോയ്, മാനവർ.

അക്കരിമ്പാറകൾ തമ്മിലടിച്ചുര-
ഞ്ഞഗ്നിസ്ഫുലിംഗങ്ങൾ ചിന്നിപ്പറക്കവേ,

കാററിൽത്തെറിച്ച കനൽപ്പൊരിച്ചാർത്തുകൾ
കാട്ടിന്നകത്തു ചെന്നൂയലാടീടവേ

തങ്കക്കിരീടങ്ങൾ തുള്ളിച്ചു തുള്ളിച്ചു
രംഗത്തു ചാടിവീണട്ടഹസിക്കവേ

മാനത്തു കേറിപ്പിടിക്കാൻ, കരിമ്പുക-
ക്കോണികൾ മേലോട്ടുയർത്തി നാട്ടീടവേ

മറെറാരജ്ഞാതമാമത്ഭുതത്തിൻമുമ്പിൽ
മർത്ത്യത നിന്നൂ മലർന്ന മനസ്സുമായ്

കാടായ കാടുകൾ കത്തിക്കരിഞ്ഞുപോയ്
കോടിക്കണക്കിന്നു ജന്തുക്കൾ വെന്തുപോയ്

പാതിരായ്ക്കേതൊരു നാട്ടിൽനിന്നോടിവ,-
ന്നേതൊരു നാട്ടിലൊളിച്ചിതാ ജ്വാലകൾ?

എന്തൊരു വേതാളനൃത്തം?—മനുഷ്യൻെറ
ചിന്ത വഴിമുട്ടി നിന്നമ്പരന്നുപോയ്.

ആകാശഗംഗയെ, ത്താരാഗണങ്ങളെ,
രാകാശശാങ്കനെ, സ്സൂര്യനെ,ക്കാററിനെ

കണ്ടു വണങ്ങിയാരാധിച്ച മാനവ-
ന്നുണ്ടായി വീണ്ടുമൊരീശ്വരൻ: 'പാവകൻ!'

പിന്നെജ്ജനിച്ചന്തരിച്ച യുഗങ്ങളിൽ-
നിന്നു നാം കേട്ട സമൂഹമന്ത്രങ്ങളിൽ,

യാഗഹോമങ്ങളിൽ, ജന്മജന്മാന്തര-
ഭാഗധേയോന്മുഖകർമ്മകാണ്ഡങ്ങളിൽ,

അഗ്നിഭഗവാനൊരീശ്വരനായ് നിന്നു
കത്തിജ്ജ്വലിച്ചു സമാരാധ്യമൂർത്തിയായ്.

അന്തിവിളക്കത്തിരുന്നു നാമംചൊല്ലു-
മന്നത്തെ വിജ്ഞാനബാല്യദശയിലും.

മർത്ത്യഹൃദയമലഞ്ഞിരുന്നൂ നിത്യ-
സത്യങ്ങൾ തേടി സ്ഥലകാലവീഥിയിൽ

മുഗ്ദ്ധവിജ്ഞാനമുകുളം വിടർന്നു; ക-
ണ്ടെത്തി മനുഷ്യൻ കലകളും ശാസ്ത്രവും.

വ്യാസമാത്മാവിനു വർദ്ധിച്ചു; ചൈതന്യ-
ഭാസുരമായീ മനസ്വപ്നലോചനം.

ഈ ലോകശക്തി രസതന്ത്രനിർമ്മാണ-
ശാലയിലൂതിത്തെളിഞ്ഞ പദാർത്ഥമായ്.

അന്നത്തെയീശ്വരനിന്നറിവിൻ തനി-
പ്പൊന്നുരുക്കുന്നിടത്തെത്തുന്ന പൂച്ചയായ്.

അങ്ങാടിയിൽനിന്നരയണയ്ക്കിന്നു ചെ-
ന്നന്നത്തെ'യഗ്നിഭഗവാ'നെ വാങ്ങി ഞാൻ,

ബീഡി കൊളുത്തിയ നേരം, മനസ്സിലേ-
ക്കോടിക്കയറിയതാണീപ്പഴങ്കഥ!

## പുഷ്പാഞ്ജലി

പർവതമുടികൾ കയറിയിറങ്ങി
പത്മസരസ്സുകൾ നീന്തി

അലഞ്ഞു 'ശങ്കര'നവർണ്ണനീയമൊ-
രധ്യാത്മദ്യുതിപോലെ.

ഭാർഗ്ഗവരാമൻ ജപിച്ചു നല്കിയ
തീർത്ഥക്കിണ്ടിജലത്തിൽ

ഇറങ്ങി മുങ്ങിക്കയറിയ കേരള-
മീറൻമാറും കാലം,

ദാനം കിട്ടിയ വീട്ടിൽ, പ്രണവ-
പ്രാണന്മാരുടെ നാട്ടിൽ,

കുന്നലനാട്ടിലെ മണ്ണും പൊന്നും
കുമിഞ്ഞുകൂടിയ കാലം,

പ്രപഞ്ചസങ്കല്പങ്ങളിലൂടെ
പ്രതിഷ്ഠനേടിയ ദൈവങ്ങൾ

ദേവസ്വത്തിനു, ബ്രഹ്മസ്വത്തിനു,
കാവലിരിക്കും കാലം,

കർമ്മോത്തിന്നയുഗാന്തരസംസ്കൃതി
കണ്ണിമപൂട്ടിയ കാലം,

പിറന്ന മണ്ണിലെ മാനവധർമ്മം
പിഞ്ഞിത്തകരും കാലം,

പർവതമുടികൾ കയറിയിറങ്ങി
പത്മസരസ്സുകൾ നീന്തി

അലഞ്ഞു 'ശങ്കര'നദ്വൈതത്തി-
ന്നനർഘസൂക്തവുമായി!

വിളഞ്ഞിതദ്വൈതാത്മകദർശന-
വിഹാരവീഥികൾതോറും

വിടർന്നുവന്ന യുഗങ്ങൾ വളർത്തിയ
വിത്തുകൾ വിജ്ഞാനങ്ങൾ!

ഉണർന്നു ഹിമവാൻ നിഷ്ക്രിയനിശ്ചല-
തപസ്സമാധിയിൽനിന്നും!

നരച്ച മിഴിയുടെ പീലിത്തുമ്പുകൾ
നനഞ്ഞതെന്താണാവോ?

മനുഷ്യസംസ്കൃതി മണ്ണുംവാരി-
ക്കളിച്ചു പിച്ചനടന്നപ്പോൾ,

പണ്ടേ ചൂടിയ പുളകമണിഞ്ഞൂ
വീണ്ടും സൈന്ധവപുളിനങ്ങൾ!

തിരഞ്ഞു ഹിമവാൻ: "എങ്ങുന്നെങ്ങു-
ന്നുണർന്നതാണീച്ചൈതന്യം?

മുനിനാടിൻെറ മുഖാകൃതി മാററിയ
മനുഷ്യവിസ്മയചൈതന്യം?"

ഉയർന്നു മറുപടി, പെരിയാറിൻസ്വര-
സുധാതരംഗപരമ്പരയിൽ —

"അപാരനീലിമയിങ്കലൊരുജ്ജ്വല-
വിഭാതതാരംപോലെ

ഒഴുക്കിനെതിരായ് നീന്തിവരുന്നു-
ണ്ടൊരു മറുനാടൻ മലയാളി."

അണിഞ്ഞതന്നാണാദ്യം സഹ്യൻ
മണിമയരത്നകിരീടം!

തളിർത്തുനിന്നൂ താഴ്വരതോറും
താലമുയർത്തിയ ലതകൾ!

തുടിച്ചു മണ്ണിൻ മന്ദസ്മേരം
തുമ്പപ്പൂക്കളിലൂടെ!

മറുനാടുകളിൽ മലനാടിന്നൊരു
മായാമുദ്ര പതിഞ്ഞൂ!

പറഞ്ഞു ഹിമവാൻ ഗംഗയൊ—"ടാര്യേ
തിരിഞ്ഞുനോക്കുക ദൂരെ!

ഉണർന്നുയിർക്കൊണ്ടുയരുകയാണൊരു
ജനപദമനുപദമകലെ!

അതിൻെറ സർഗ്ഗസ്വപ്നങ്ങളിൽനി-
ന്നലരിടുമത്ഭുതശില്പം,

പ്രയത്നമുദ്രകൾ പാകി വളർത്തും
പ്രപഞ്ചജീവിതശില്പം!

മനസ്സരോരുഹമാലകൾ ചൂടി
മയിലാഞ്ചിക്കൈ നീട്ടി,

പുലരിയിൽ ദശപുഷ്പങ്ങൾ ചിരിക്കും
പൂപ്പാലികകളുമേന്തി,

നിന്നനുജത്തികൾ ചൂർണ്ണികൾ, സാഗര-
കന്യകൾ, പാടും നാട്ടിൽ,

അവർക്കു മരതകദാവണി നെയ്യാൻ
കറുകകൾ വിരിയും നാട്ടിൽ,

ഉണർന്നുയിർക്കൊണ്ടുയരുകയാണൊരു
മനുഷ്യശില്പവികാസം!

അതാണു കേരള; —മരുളുക നാമതി-
നുദാരപുഷ്പാഞ്ജലികൾ...”

## തീർത്ഥാടനം

മണ്ണിലെ മരതക-
പ്പച്ചയിൽ കണ്ണുംവച്ചു
നിന്നൊരു നക്ഷത്രത്തിൻ
മിഴിനീർക്കണംപോലെ

അന്നപാരതയുടെ
രാജവീഥിയിലൂടെ
വന്നു ഞാൻ തിങ്കൾക്കല
തിരിനീട്ടിയ രാവിൽ.

ചന്ദനസുരഭിയാം
പുഷ്പകവിമാനത്തിൽ
തെന്നലെന്നെയുംകൊണ്ടു
സഞ്ചാരം തുടർന്നപ്പോൾ,

താരകാന്തരപഥ-
തീർത്ഥയാത്രക്കാർ, രാഗം-
താനങ്ങൾ പാടീ, നാദ-
രൂപികൾ ഗന്ധർവന്മാർ!

ആകാശഗംഗയ്ക്കുള്ളിൽ
നീർക്കുമിളക,ളെന്റെ
ലോകാന്വേഷണയാത്രാ-
ചിത്രങ്ങൾ സമ്പാദിച്ചു.

പേലവകരാംഗുലീ-
ലേഖയാൽ മൃഗമദം
ചാലിച്ചു ചാർത്തി ശാര-
ദേന്ദുവെൻ തൂനെററിയിൽ.

യാത്രയിൽ ശുക്രൻ തന്നൂ
മംഗല്യരത്നം; ചൊവ്വ
നീർത്തിയ പട്ടുക്കുട-
ക്കീഴിൽ ഞാൻ നടന്നപ്പോൾ.

ഹാ ദയാലുവാം വ്യാഴം
പൊന്മുടി നീട്ടി; പംഗു-
പാദനാം ശനിയെന്നെ-
ത്തൊഴിച്ചൂ പിന്നിൽക്കൂടി!

രത്നഗർഭയെ വിഷ-
ലിപ്തമാം നാവും നീട്ടി
കൊത്തുവാനിഴയുന്ന
രാഹുവിൻ വഴിച്ചാലിൽ,

കാലു തച്ചുവോ, രക്തം
പൊടിഞ്ഞോ?, — കണ്ടില്ല; ഞാൻ
കാലത്തിൻ കൊഴിയാത്ത
കൈക്കുടന്നയിൽ വീണു!

മറെറങ്ങും കടക്കാതെ
വസന്തം വാടാമലർ-
ത്തൊട്ടിലാട്ടിക്കൊണ്ടെന്നും
താമസിച്ചീടും നാട്ടിൽ,

എപ്പൊഴും ചിരിക്കുന്ന
പനിനീർപ്പൂവിൻ മുഗ്ദ്ധ-
സ്വപ്നതല്പത്തിൽക്കിട-
ന്നുറങ്ങീ നിമിഷം ഞാൻ.

ഏഴരവെളുപ്പിന്നു
കീർത്തനം ചൊല്ലാനുണർ-
ന്നേഴിലംപാലക്കൊമ്പിൽ-
[1]ത്തത്തകൾ ചിലച്ചപ്പോൾ,

ഇത്തിരിപ്പൂവിന്നുള്ളി-
ലുണർന്നേൻ, കിളി,ർത്തിത-
ളിട്ടുനിന്നല്ലോ ദേഹം
മുഴുവൻ രോമാഞ്ചങ്ങൾ!

പനിനീർക്കുളങ്ങരെ-
ക്കുളിച്ചു തോർത്തിക്കേറി
പകൽ നല്കിയ മഞ്ഞ-
മുണ്ടുടുത്തൊരുങ്ങുമ്പോൾ,

[2]മനസ്സിൻമോഹം കേട്ടു:
"പറുദീസയിലേക്കു
മടങ്ങിച്ചെല്ലാനുള്ള
മന്ത്രം ഞാൻ മറന്നോട്ടെ!"

1 പക്ഷികൾ ചിലച്ചപ്പോൾ (പാഠഭേദം).
2 ഒന്നു ഞാൻ പറഞ്ഞുപോയ്:
"പറുദീസയിൽനിന്നു
മെന്നെ വന്നിറക്കിയ
ദൈവമേ, ലജ്ജിക്കു നീ!" (പാഠഭേദം)

# ഒരു ദൈവംകൂടി

രണ്ടു കാലിന്നും മലപോലെ മന്തുള്ള
കുണ്ടുണ്ണിമേനോൻ കുലുങ്ങിച്ചിരിച്ചുപോയ്!

(ഒന്നതുപോലെ മുറുക്കിച്ചുവപ്പിച്ചു
നിന്നു ചിരിച്ചിട്ടു വർഷങ്ങളെത്രയായ്?)

വെയ്‌ലത്തുണങ്ങിയ ഞൊങ്ങണം പുല്ക്കെട്ടു-
പോലേ നിറുക വളർത്തും കുടുമയിൽ,

രണ്ടു തുളസിത്തല തിരുകിക്കൊണ്ടു
കുണ്ടുണ്ണിമേനോൻ കുലുങ്ങിച്ചിരിച്ചുപോയ്!

വ്യാഴം തുടങ്ങിയിരിക്കുന്നു, രാഹുവി-
ന്നൂഴം കഴിഞ്ഞു, തെളിയുന്നു ജാതകം!

ഡോഡ്ജും സ്ററുഡിയും പ്ലിമത്തുമായ്, ജീവിതം
ഭാഗ്യവാന്മാരുടെ ഷെഡ്ഡിൽ കിടന്ന നാൾ,

കുണ്ടുണ്ണിമേനവൻ തൻെറയിച്ചക്കടാ-
വണ്ടിയുംകൊണ്ടു നടന്നതോർമ്മിച്ചുപോയ്!

കുണ്ടും കുഴിയും നിറഞ്ഞ നിരത്തുകൾ,
രണ്ടുകാലിന്നും മലപോലെ മന്തുകൾ,

ഭാവിയിലേക്കതൊന്നുന്തിക്കയററുവാ-
നാവാതെ നിന്നു കുഴഞ്ഞു കൈകാലുകൾ!

കൊല്ലും കൊലയും പ്രതാപവുമായ്, ഭാഗ്യ-
സല്ലാപസൗഖ്യമനുഭവിച്ചങ്ങനെ

പണ്ടു ജീവിച്ച തറവാടു വിററുപോയ്,
രണ്ടു പെൺകുഞ്ഞുങ്ങൾ തെണ്ടിത്തിരിഞ്ഞുപോയ്!

പെററു മരിച്ച സഹധർമ്മിണി നാടു-
ചുററുന്നു ഗർഭപ്പിശാചായി നിത്യവും.

വീട്ടിലൊരാൺതരിയുണ്ടായിരുന്നതു
പാർട്ടിയാപ്പീസിലുറക്കമാണെപ്പൊഴും!

ഒററയ്ക്കിതൊക്കെയനുഭവിച്ചെങ്കിലും
വിററു തിന്നില്ല കുലാചാരസിദ്ധികൾ!

പത്തു കവടി നിരത്താൻ പഠിച്ചവർ
കുത്തിക്കുറിച്ച വിധികളും കർമ്മവും

ഒന്നൊഴിയാതെ നടത്താൻ തറവാടു-
തന്നെ കടപ്പെടുത്തേണ്ടിവന്നെങ്കിലും,

മേനവന്നൊന്നേ സമാധാനമുള്ളു: താ-
നാണുങ്ങളെപ്പോലെ ജീവിച്ചിതപ്പൊഴും!

കണ്ട പുതുപ്പണക്കാരുടെ മുററത്തു
തെണ്ടിയിട്ടില്ല പണിക്കും പണത്തിനും!

ലഗ്നത്തിലേക്കു പാപഗ്രഹദൃഷ്ടിക-
ളഗ്നികണങ്ങൾ ചൊരിഞ്ഞുനിന്നപ്പൊഴും,

കാവിലെച്ചിത്രകൂടങ്ങളിലെസ്സർപ്പ-
ദൈവങ്ങൾ തന്നെ വെടിഞ്ഞില്ലിതേവരെ!

അത്തിമിററത്തെ ലോനപ്പൻ തറവാടു
ജപ്തിചെയ്യാൻ വന്നിറയത്തിരുന്നനാൾ,

അസ്ഥിത്തറയ്ക്കലും ചിത്രകൂടത്തിലും
കൈത്തിരി വച്ചു തൊഴുതിറങ്ങീടവേ,

ആദ്യമായിട്ടാണു വീണു നനഞ്ഞത-
ന്നാത്തിരുമുററത്തു കണ്ണുനീർത്തുള്ളികൾ.

ഒററയ്ക്കിറങ്ങിനടന്നൂ വഴിയിലേ;-
ക്കൊപ്പം നടക്കുവാൻ തൻനിഴൽ മാത്രമായ്!

മുന്നിൽ കിഴക്കോട്ടു നീളും നിഴലിൻെറ
പിന്നിൽ നിഴൽപോലിറങ്ങിത്തിരിക്കവേ,

അത്തറവാട്ടിലീജ്ജന്മത്തു മന്തുകാൽ
കുത്തുമെന്നോർത്തില്ല കുണ്ടുണ്ണിമേനവൻ!

അസ്ഥിത്തറയ്ക്കലെക്കൽവിളക്കിൽനിന്നു
നെയ്ത്തിരി കൊത്തിപ്പറന്നുപോയ് കാക്കകൾ!

രണ്ടു മാസങ്ങൾക്കു മുൻപു, തൻകണ്ണുനീർ-
കൊണ്ടു നനഞ്ഞു കുതിർന്ന മുററത്തിതാ,

ഇന്നെതിരേല്ക്കുന്നു, മാലയിടീക്കുന്നു
തന്നെയുപചാരപൂർവമീ നാട്ടുകാർ!

എന്തത്ഭുതമാ,ണിതെന്തു വൈരുധ്യമാ-
ണെങ്ങനെ മാറിക്കലാശിച്ചു സംഭവം?

കുണ്ടുണ്ണിമേനവനോർത്തു: തന്നെപ്പോലെ
കണ്ടവരാരു,ണ്ടുയർച്ചയും താഴ്ചയും!

അത്തറവാടു പൊളിച്ചുകളഞ്ഞൊരു
പുത്തനാം ബംഗ്ലാവവിടെ നിർമ്മിക്കുവാൻ

അത്തിമിററത്തെ ലോനപ്പൻ പണിക്കാരു-
മൊത്തു സർപ്പക്കാടു വെട്ടിത്തെളിച്ചനാൾ,

ചിത്രകൂടങ്ങളിൽ കാലമർത്തിക്കൊണ്ടു
ക്രിസ്ത്യാനികൾ പാല വെട്ടി മറിക്കവേ,

ഏതോ ശിലയിലടിച്ചു തെറിച്ചൊരാ-
ക്കോടാലി ചെന്നു തകർത്തു ലോനപ്പനെ!

മാറിയൊരേടത്തിരുന്ന ലോനപ്പൻെറ
മാറിലതാഞ്ഞു തെറിച്ചമർന്നീടവേ,

ഞെട്ടിപ്പകച്ചൂ ജനങ്ങൾ; രക്തം തളം-
കെട്ടി ലോനപ്പൻ പിടഞ്ഞു മരിച്ചുപോയ്

പാലച്ചുവട്ടിലെ വേരിന്നിടയ്ക്കൊരു
നീലക്കരിങ്കൽപ്രതിമ കണ്ടൂ ചിലർ!

അമ്പരന്നങ്ങനെ നിന്നൂ ഭയഭക്തി-
സംഭ്രമോദ്വേഗഭരിതരായ് കാണികൾ!

കാട്ടുതീപോലെ പടർന്നു പരന്നിതാ-
ക്കാട്ടിലെക്കൽവിഗ്രഹത്തിൻെറയത്ഭുതം!

നാലഞ്ചുനാഴികകൊണ്ടാ സ്ഥല,ത്തൊരു
നാലുലക്ഷത്തിലധികമായ് കാണികൾ!

കല്ക്കിയവതാരമുണ്ടായതാണെന്നു
കല്പിച്ചു നാട്ടിലെ ജ്യോത്സ്യപ്രധാനികൾ!

കുണ്ടുണ്ണിമേനോനെയെങ്ങാണ്ടു പോയ്ച്ചെന്നു
കൊണ്ടുവന്നൂ കരയോഗപ്രമാണിമാർ,

എമ്പ്രാന്തിരി വന്നു, കൽവിഗ്രഹത്തിനെ-
യെണ്ണയാടിച്ചൂ, നിവേദിച്ചു പായസം!

ആടിയ തീർത്ഥമൊരിററു സേവിക്കുവാ-
നോടിയടുത്ത ജനാവലി നില്ക്കവേ,

വാളും ചിലമ്പുമെടുത്തൊരാൾ തുള്ളി വ-
ന്നാളുകൾ കേൾക്കെയറിയിച്ചിതിങ്ങനെ:

"ഉണ്ണിയെവിടെ? തറവാടു വിററ കു-
ണ്ടുണ്ണിയെവിടെ? വിളിക്കുകെന്നുണ്ണിയെ..."

രണ്ടു കാലും വലിച്ചോടിവന്നെത്തിയ
കുണ്ടുണ്ണിമേനവൻ തൃക്കാല്ക്കൽ വീഴവേ,

ഉൽബാഷ്പഗദ്ഗദമാ വെളിച്ചപ്പാടു
കല്പിച്ചു: "കുണ്ടുണ്ണി വേദനിക്കേണ്ടിനി...

ഈ നാട്ടിലെബ്ഭരദേവതയാണു ഞാൻ,
വേണമെനിക്കിനി ക്ഷേത്രവും പൂജയും..."

നാഗഫണച്ഛത്രമണ്ഡലത്തിൻതാഴെ
യോഗാസനസ്ഥനായ് മന്ദസ്മിതാർദ്രനായ്,

ലോചനപത്മദലങ്ങൾ വിടർത്തുമാ
മേചകശൈവശിലാവിഗ്രഹത്തിനെ,

ഒന്നു വണങ്ങാ,നൊരുനോക്കു കാണുവാൻ
വന്നു മടങ്ങീ പുതിയ തീർത്ഥാടകർ.

ഭക്തകവിയൊരാളാ നടയ്ക്കൽച്ചെന്നു
ഗദ്ഗദകാവ്യം രചിച്ചുപോയിങ്ങനെ:

"ഏഴിലംപാലമരപ്പൊത്തിലിത്രനാൾ
ഏതൊന്നിനായിത്തപസ്സിരുന്നൂ ഭവാൻ?"

കർപ്പൂരധൂമസുഗന്ധദീപാവലി
കത്തിനില്ക്കുന്ന വിളക്കുമാടങ്ങളിൽ,

കാണിക്കുടങ്ങൾ നിറയുന്ന നാണയ-
ക്വാണം കിലുങ്ങുമാ ദിവ്യാങ്കണങ്ങളിൽ,

സങ്കീർത്തനങ്ങളാൽ, നാമജപങ്ങളാൽ,
ശംഖനാദസ്വരവാദ്യമേളങ്ങളാൽ,

എങ്ങുമഭൗമമൊരുന്മാദവിസ്മൃതി
തിങ്ങും നടയിൽ, പ്രദക്ഷിണവീഥിയിൽ,

തിക്കിത്തിരക്കി പുരുഷാരമെപ്പൊഴും
ഭക്തജനങ്ങൾ, ഹതാശരാം രോഗികൾ!

അക്കാട്ടുപാലത്തൊലി ദേവതീർത്ഥത്തിൽ
മുക്കിയരച്ചു സർവാംഗം പുരട്ടിയാൽ,

ഉള്ളിൽക്കഴിച്ചാ,ലതുപോലൊരൗഷധ-
മില്ലപോൽ മറെറങ്ങു,മേതു രോഗത്തിനും!

കാലും മുടന്തിനടന്ന മരംവെട്ടു-
കാര'നയ്യ'ൻെറ മുടന്തു നിവർന്നുപോയ്!

ഉണ്ണിക്കുറുപ്പിൻെറ പൊട്ടിയ കണ്ണുകൾ-
ക്കുണ്ടായി നല്ല തിളക്കവും കാഴ്ചയും!

ഊമനമ്പൂരി നടയ്ക്കൽവന്നപ്പൊഴേ
നാമസങ്കീർത്തനം ചൊല്ലീയുറക്കനെ!

ഭ്രാന്തനന്തോണിക്കു ബോധം തെളിഞ്ഞു;—സം-
ഭ്രാന്തരായ് കേട്ടവർ കേട്ടവർ നിന്നുപോയ്!

ചായക്കടകളും തെല്ലകലത്തൊരു
ചാരായഷാപ്പും മുറുക്കാൻകടകളും

കൈത്തറിവില്പനസ്ററാളും നിരന്നുനി-
ന്നത്തറവാടൊരു പുത്തനങ്ങാടിയായ്!

അത്തിമിററത്തുകാർ ദാനമായ് മേനവ-
നത്തറവാടു കൊടുത്തതുകാരണം

വാലിയക്കാരെ നിയമിച്ചു മേനവൻ
വാടകക്കാശു പിരിച്ചെടുത്തീടുവാൻ!

അമ്പലക്കമ്മിററിയധ്യക്ഷനാണിന്നു
സമ്പന്നനായ്ത്തീർന്ന കുണ്ടുണ്ണിമേനവൻ!

കാറിൻെറ വാതിൽ തുറന്നു, വായ്ക്കൈ പൊത്തി
മാറിനില്ക്കും ഡ്രൈവറച്ചുതൻനായരെ

കണ്ടു ചിരിച്ചു പതുക്കനെ മന്തുകാൽ
വണ്ടിയിൽ വച്ചു കയറിയിരിക്കവേ,

കുണ്ടുണ്ണിമേനവനോർത്തു: തന്നെപ്പോലെ
കണ്ടവരാരുണ്ടുയർച്ചയും താഴ്ചയും?

വ്യാഴം തുടങ്ങിയിരിക്കുന്നു; രാഹുവി-
ന്നൂഴം കഴിഞ്ഞു, തെളിഞ്ഞുപോയ് ജാതകം!

കാറു വിടുംമുമ്പു ദൂരത്തു മാറിനി-
ന്നാരോ കുസൃതികളൊന്നു ചോദിച്ചുപോയ്:

"സാധിക്കുകില്ലേ ഭഗവാന്നുപോലുമീ
സാറിൻെറ കാലിലെ മന്തു മാററീടുവാൻ?"

# സമാഹരിക്കാത്ത കവിതകൾ

# കവിതകൾ

ഹൃദയാർപ്പണം
കൂലിക്കണക്ക്
വഞ്ചീശദീപം
സ്വാതന്ത്ര്യോദയം
ഇരുളിന്റെ പിന്നിൽ
അറിഞ്ഞുകൂടാ
ധർമ്മസന്ദേശം
കുടിയിറക്കൽ
മംഗളാശംസ
പ്രഭാതസന്ദേശം
മാടവും മാളികയും
ചുവപ്പും കറുപ്പും
കളിയ്ക്കുമാത്രം!
എവിടെ?
മുന്നോട്ട്
ശ്മശാനരംഗം
വനികയിൽ വച്ച്
ആശകൾ
വള്ളക്കാരൻ
നിലവിളക്ക്
വേശ്യയുടെ കഥ
ശവദാഹം
ഞങ്ങളുടെ സ്വപ്നം
ദശാബ്ദങ്ങൾക്കുശേഷം
ആ രാജഘട്ടിൽ
രാജേന്ദ്രരക്തം
സ്വരരാഗമേഖല
വിധിപോലും!
നരകത്തിന്റെ നാളുകൾ
ഭ്രാന്താശുപത്രിയിൽ
വേശ്യ
രാഗലീല
സതീർത്ഥ്യകൾ
മദ്യം നിരോധിച്ചു
ഹൃദയാരാധന

ഓടക്കുഴൽ ഗർജ്ജിക്കുന്നു
പേനയും പടവാളും
പള്ളിവാഴ്ച
പ്രതീക്ഷകളുടെ അവസാനം
നാട്ടിൻപുറത്ത്
സമരം കഴിഞ്ഞാൽ
രണ്ടുതലമുറകൾ
ചലനം, ചലനം
ശ്രാദ്ധദിനത്തിൽ
ശുക്രനും ചൊവ്വയും
സന്ദേശം
കാറ്റും തീയും
ആ ഗർജ്ജനങ്ങൾ
പ്രളയം
ഞാൻ, എൻെറ അച്ചൻ, എൻെറ മുത്തച്ഛൻ....
പിശാചിൻെറ പാട്ട്
നിങ്ങൾ ശക്തികേന്ദ്രങ്ങൾ
എൻെറ നാടിനെപ്പററി
ചരടുകളിക്കാർ
വയലിൽനിന്നൊരു ഗാനം
തപോവനത്തിൽ
നാദം
ശവംതീനികൾ ജീവിക്കരുത്
മട വീണിരിക്കുന്നു
ഞാണുമുറുക്കുക നാം, —നവോദയ ഗാനമുയർത്തുക നാം!
കൊച്ചുത്രേസ്യാ
സർപ്പദൈവങ്ങൾ
ഞാനഭിമാനിക്കുന്നു
നമ്മൾ വേശ്യകളല്ല
പദ്ധതി കേമമായി
പ്രിയപ്പെട്ട സുഹൃത്തുക്കളെ!
കത്രിക
നക്ഷത്രങ്ങളുടെ പിന്നാലെ
ജയകേരളത്തിന് ആശംസ
ഒരു നുണങ്ങുപ്രേമഗാനം
കുട്ടികൾക്കൊരു പാട്ട്
ഒരു പുതിയ പറുദീസ
കത്രീന
കഥാപ്രസംഗവും കപ്യാരും
കള്ളനാണയം
ഏഷ്യ
അന്തർമുഖനായ ഒരു കവി
കുട്ടികൾക്കൊരു പാട്ട്

കവി
സൂര്യകാന്തിയുടെ ആത്മകഥ
മഹാബലിക്കൊരു കത്ത്
അരക്കില്ലം
സുഗതൻസാറിതു കേൾക്കണ്ട
രാജഹംസം
സത്യത്തിനെത്ര വയസ്സായി?
പണ്ടൊരു കാക്ക ഏകാദശി നോററു!
പ്രൊക്രൂസ്ററസ്
കൈത്തിരി, കരിന്തിരി
കല്യാണസൗഗന്ധികം
കിഴവനാം ഈശ്വരൻ
കലാമുകുളങ്ങൾ
കണ്ണീരോ പനിനീരോ
പൊയ്മുഖം
വെളിച്ചമേ, നയിക്കൂ!
എൻെറ ദന്തഗോപുരത്തിലേക്ക് ഒരു ക്ഷണക്കത്ത്
കറുത്ത മരണം!
അദ്ധ്വാനത്തിൻ വിയർപ്പാണു ഞാൻ
ഉത്സവദീപ്
വൃക്ഷം
മനുഷ്യപുത്രൻ
ശ്രീനാരായണഗുരു
മീൻ തൊട്ടുകൂട്ടിയ പട്ടേരി
ഓണവില്ലടിക്കുക!
ഒരു മുദ്രാവാക്യക്കവിത
വീണ്ടും പടിഞ്ഞാറൻകള്ള്
കൃഷിക്കാരൻ
ശില്പിയും പ്രതിമയും
ഒരു ഗാനത്തിൻെറ ഇതിഹാസം
താടക എന്ന ദ്രാവിഡരാജകുമാരി
ഒരു കവിയുടെ മരണം
ജ്വാലാവിഭ്രാന്തി
ഭൂമി സനാഥയാണ്
ഗ്രാമദർശനം

## ഹൃദയാർപ്പണം

(വയലാറിൻെറ പ്രഥമകവിത)

നിരഘമാതൃഭൂസ്വാതന്ത്ര്യപാവന
സ്മരണകൈകാൽ കുടഞ്ഞെഴുന്നേൽക്കവേ,
നിരുപമാനന്ദശീത നിശ്വാസമെൻ
കരളിലെത്തിക്കളിയ്ക്കയായ് കാൽക്ഷണം!

സുരതരംഗിണീകല്ലോലരാശിയിൽ
ചിരമണഞ്ഞൊന്നു നൃത്തം ചവിട്ടുവാൻ,
പരമശാന്തിതൻ കേദാരമായ്പുകൾ
പെരുകിടും വാനിലെത്തിസ്സുഖിയ്ക്കുവാൻ,
അനഘസച്ചിതാനന്ദാമൃതം നുകർ-
ന്നുണരുവാൻ; മൃതിക്കോട്ടപൊട്ടിയ്ക്കുവാൻ,
അകലെയായുണ്ടദൃശ്യമായ്, മൃഗ്യമാം,
സുഖദദേശമെന്നോർത്തു, ഞാൻ വെമ്പിനേൻ!

കരഗതാനർഘരത്നത്തിടമ്പിനെ
കലിതകൗതുകം കൈവെടിഞ്ഞിട്ടു ഞാൻ,
അഹഹ! മോഹിപ്പൂ, കൈവരുത്തീടുവാ-
നകലെമിന്നിടും രാകാശശാങ്കനെ!

മറവിയാമിരുൾക്കല്ലറയ്ക്കുള്ളിൽനി-
ന്നൊരുമഹസ്സിൻെറ നാട്ടിലേയ്ക്കായി ഞാൻ;
വിടവഴങ്ങിപ്പുറപ്പെട്ടു; പൊൻകതിർ-
ച്ചരടകളെന്നെപ്പുണർന്നു നൂറായിരം!

പകലുമല്ലും വഴക്കടിച്ചെന്നുമുൾ-
പ്പകയൊടത്യാഗ്രഹാഹം കൃതികളാൽ!
ചുടുനിണത്താൽ ദിഗന്തം കുതിർത്തണ-
ഞ്ഞിടുകയായാഴി കീഴടക്കീടുവാൻ!

മികവെഴും കൂരിരുട്ടിനാലന്ധരായ്,
പ്രകടസൂരാതപത്താലെരിഞ്ഞുമേ;
അവരിതം, ഹാ, പരാധീനജീവിതം
വിവശതയാൽ നയിയ്ക്കയോ പാരിടം;

അവശലക്ഷോദ്ധരണൈകതാനനാം,
'ജവഹർ, — ദുരിതസാമ്രാജ്യദുർമ്മദൻ,
അടിമകൾക്കായ്, നമുക്കായ്, — ഉഴിഞ്ഞഹൃ-
ത്തടവുമേന്തിപ്പുണർന്നടുക്കുമ്പോഴും,

അഴലിലാണെങ്കിലും നാം സനാഥരാ
ണുഴലുവാനല്ല നമ്മൾ തൻ ജീവിതം!
ഇതിലുമേറെസ്സുഖാഢ്യമാം ദേശമി-
ല്ലിതര, മെന്തിന്നുവെമ്പുന്നു, കൂട്ടരേ!
പരമനിർവ്വാണ മണ്ഡലം കർമ്മഭൂ-
നിരഘലഖണ്ഡമാം, ണമ്മയെക്കൂപ്പുവിൻ!

ദുരവളർത്തും, വിദേശാധിപത്യനിർ-
ഭരതമസ്സിനെ ദൂരെയാട്ടീടുവാൻ,
സഹജരേ, നാമൊരുമ്പെട്ടു നമ്മൾ തൻ
സമരശീലനാം നേതാവിനിപ്പൊഴേ,
വിലമതിയ്ക്കാവതല്ലാത്ത 'ഗീത, തൻ
നിലയനങ്ങളായ് മിന്നിടും ഹൃത്തുകൾ,
സമുദിതോത്സാഹമർപ്പിയ്ക്ക; വന്നുപോയ്
സമയ; മൂതുവാൻ സ്വാതന്ത്ര്യകാഹളം!!

*ചക്രവാളം, കോട്ടയം, 1946*

# കൂലിക്കണക്ക്

അഗാധകോപക്കടലിൽനിന്നു-
മുയർന്ന വൃദ്ധന്റെ വിലോചനങ്ങൾ
പടിയ്ക്കൽ നിൽക്കും കുടിയാന്റെ ധൈര്യം
കവർന്നതിൽ തെല്ലുകൃതാർത്ഥരായി!

കാലത്തു തൊട്ടെങ്ങുമിരുട്ടുവോളം
കടുത്തവെയ്‌ലേറ്റു പണിപ്പെടുന്നോൻ,
അൻപുറ്റ തമ്പ്രാനൊടുകെഞ്ചണംപോൽ
"അന്തിക്കരിയ്ക്കാടി"യനത്തുവാനും!

പാടത്തവൻ വേലകൾ ചെയ്തിടുമ്പോൾ
മെയ്യിൽത്തുളുമ്പും ശ്രമനീർക്കണങ്ങൾ,
ഓരോന്നുമേകും ധനവാനുനിത്യം
തൻപൊൻപണയിലേറെയർത്ഥം(?)

കാലേയകലോൽക്കടദുഷ്പ്രഭാവ-
ത്താലേതുസമ്പന്മണിമേടപോലും,
ദുരാഗ്രഹാത്യുഗ്രപിശാചബിംബ-
പ്രതിഷ്ഠയാൽ, പാപതമസ്സിലാണ്ടൂ!

ഇദുഷ്പ്രഭുക്കൾക്കുദിനങ്ങൾതോറും
സ്വാപാനഘാനന്ദസുനിർവൃതിയ്ക്കായ്
പൂമെത്തനെയ്തീടുമകിഞ്ചനർക്കു
ലഭിപ്പതോ, കൈയ്ക്കുതഴമ്പുമാത്രം!

മാടത്തിലാടൽക്കടിപെട്ടുപൈമു-
ത്താക്രന്ദനംചെയ്വൊരിളംകിടാങ്ങൾ
താതാഗമം പാർത്തുനിരന്നുനിൽപാ-
ണപ്പാതിരാക്കഞ്ഞിയിലാശയോടെ

ദാരിദ്ര്യസുരോഷ്ണകരങ്ങൾ വാട്ടി-
ത്തന്നേരടമില്ലാതെ തളർന്നുനിൽപോൻ,
അസ്സാധുമർത്ത്യൻ, നിജതമ്പുരാനോ-
ടുരച്ചിതേവം ബഹുമാനപൂർവം

"മാടത്തിലഞ്ചാറടിയന്നുകുഞ്ഞി-
ക്കിടാങ്ങളുണ്ടുള്ള മെരിഞ്ഞുവാഴ്വൂ;
അവർക്കു കഞ്ഞിയ്ക്കരിവാങ്ങിയിട്ടി-
ല്ലി, പത്ത, ണത്തുട്ടുകളെന്തു നൽകും?"

നിതാന്തവാർദ്ധക്യ ദശാവിശേഷം
നിർമ്മിച്ചതാം തൻചുളിനെറ്റിയിന്മേൽ
രോഷപ്പിശാചിൻ വിളയാട്ടമപ്പോൾ
ചോരത്തുടുപ്പാൽത്തെളിയിച്ചു വൃദ്ധൻ

"നീയേതൊരാളിൻെറ പറമ്പിലാണോ,
കഞ്ഞിക്കലംവച്ചു പൊറുത്തിടുന്നു,
അവൻെറ മുമ്പിൽ ശരിയായി വണ്ണം
കൂലിക്കണക്കോതുവതെത്ര ധാർഷ്ട്യം?"

കൃതഘ്ന, നസ്സാധുജനാർദ്രനത്താൽ
കൃതാർത്ഥ,നീമട്ടുകയർത്തുചൊല്ലി
പാവത്തിനെന്മന്യനിവർത്തിതപ്ത-
ബാഷ്പങ്ങളാൽ കണ്ണുനനയ്ക്കുയെന്യേ

പാടത്തു പാവം പകൽമുപ്പതും ഹാ
പാരംപരാർത്ഥത്തിനുപാടുപെട്ടു;
അവൻെറയത്നത്തിനു കൂലിനല്കാൻ
മടിയ്ക്കയാണോമുതലാളിലുബ്ധൻ!

പൊൻപേലവക്കൈകളണച്ചുചെറ്റ-
പ്പുരയ്ക്കലും പട്ടുവിരിച്ച സൂര്യൻ
പാരാകെയുണ്ണാനണയു തമസ്സിൻ
പിചണ്ഡാഭാണ്ഡത്തിലമർന്നുപോയി!

ഹേ! നിസ്വ! പിന്മാറുക തൃപ്തിയോടെ
സർവേശ്വരൻമംഗളമേകിടുംതേ,
ഇദ്ദുഷ്ടർകൂട്ടം ധനമാമലയ്ക്കു-
മൊരിന്ദ്രവജ്രം പുതുതായിറങ്ങും

*സുദിനം, 29-12-1945*

വിുഞ്ചിരിക്കൊണ്ടൂ ദിഗന്തം — കാവ്യ
മഞ്ജീരശിഞ്ജിതം കേൾക്കെ!

കൂരിരുൾക്കോട്ട തകർന്നൂ — ജയ
ചാരുത നീളെപ്പരക്കെ!

മംഗല്യശംഖൊലി കേട്ടൂ —ലോക-
മങ്കുരൽപ്രേമപ്രഹർഷം!

അന്നാദ്യമായ് മന്നിൽ വീശി — ഹരി-
ചന്ദനഗന്ധസമീരൻ

അന്നാദ്യമായ്ക്കേട്ടു വിശ്വം —ധർമ്മ-
മന്ദ്രഹൃദന്തരസ്പന്ദം!

ദഗ്ദ്ധഹൃദയശതങ്ങൾ — പാടി
മുഗ്ദ്ധമാം സ്വാതന്ത്ര്യഗാനം!

നിർവൃതി നീളെപ്പരത്തീ — സത്യ-
ദിവ്യപ്രദീപപ്രകാശം.

മായാത്ത നിദ്രയിൽനിന്നും —ലോക-
മായാസഹീനമുണർന്നൂ!

കാമാന്ധനീചാന്ധകാരം —ചേർത്ത
വ്യാമോഹമൂടുപടത്തെ,

മന്നിൽനിന്നെങ്ങോ മറച്ചൂ —ചില
വെൺമുകിൽ ദൈവികദൂതർ!

നിത്യചൈതന്യം പരത്തീ — വിണ്ണി-
ലെത്തിന രോമഹർഷങ്ങൾ!

പൊൽക്കതിർ മുത്തുകൾചൂടീ — കൊച്ചു
പുൽക്കൊടിച്ചാർത്തുകൾകൂടി!

കൊച്ചലക്കൈകൾ മലർത്തീ —ധർമ്മ
വിജ്ഞാനഗംഗാപ്രവാഹം!

വഞ്ചിയെത്താങ്ങിയെടുത്തു — നിത്യ
കാഞ്ചനതീരമണച്ചു!

സ്വേച്ഛാപ്രഭുത്വം നടുങ്ങി — സത്യ
ശാശ്വതഗീതങ്ങൾ കേൾക്കെ!

ഞെട്ടിപ്പകച്ചു വിറച്ചു — നാടു
ചുട്ടെരിച്ചീടിന കൈകൾ!

പൊന്നിൻകതിരുകൾ പാകി —മന്നിൽ
മന്ദഹാസത്തിൻ വെളിച്ചം!

ശ്രീവഞ്ചിരാജേന്ദ്രനേന്തും — പൊന്നു-
തൂവലിൻ നിത്യപ്രകാശം!

ക്രൂരനാം ജാതിപ്പിശാചിൻ—ചുടു-
ചോരയിൽ തൂലിക മുക്കി,

ഒന്നു കുറിക്കവേ, വേഗം —മന്നിൽ-
നിന്നുമൊളിച്ചിതധർമ്മം!

ഭ്രാന്താലയത്തിനെ സ്വർഗ്ഗ — ദിവ്യ-
ശാന്തിനികേതമായ്ത്തീർക്കും,

ആ കാഞ്ചനത്തൃക്കരത്തിൽ — നിന്നു-
മാർക്കെന്തു സൗഖ്യം ലഭിക്കാ?

ഭാരതഭൂവിൻ സജീവ —പ്രേമ-
സാരത്തുടിപ്പുകളെല്ലാം

ആ ജഗദീശനോടെന്നും — ഏവം
വ്യാജവിഹീനമിരക്കും:

“വെൺകതിർക്കൈകളാലെന്നും — നവ്യ-
മംഗലാനുഗ്രഹം നൽകാൻ,

നാരകീയാന്ധതയിങ്കൽ — പൂർണ്ണ-
നാകീയസൗഖ്യം പരത്താൻ,

ശ്രീയാർന്നു മിന്നിത്തിളങ്ങും — മേന്മേൽ
മായാത്തൊരി ‘ച്ചിത്ര’ താരം!

നീണാൾ വിളങ്ങണേ മന്നിൽ —ഇന്നു
വേണാടണിയുമീ ദീപം!

*ക്ഷേത്രപ്രവേശനവിളംബരകർത്താവായ ശ്രീചിത്തിരതിരുനാളിന്*
*ആശംസകൾ അർപ്പിക്കുവാൻ എഴുതിയത്. ‘വിദ്യാഭിവർദ്ധിനി’*
*ഡിസംബർ 1946*

# സ്വാതന്ത്ര്യോദയം

എന്തുകേൾപ്പുഞാൻ, പാരതന്ത്ര്യശ്രുതി;
മന്ദ്രദാത്യൂഹ്ചണ്ഡകോലാഹലം!
ശിന്തിവെൺകതിർ തൂകിജ്ജഗത്തിനുൾ-
ക്ലാന്തിനീക്കും കലേശൻെറ മുമ്പിലും,
സ്വാന്തദുർദ്ദമാടോപമാർന്നീവിധം
ചിന്തുകയായടിമത്തമാംവിഷം!

ദൂരിതാഖിലധ്വാന്തനായ് പാരില-
സ്സൂരദേവൻ സമാഗമിച്ചീടവേ
ഭാരതം പണ്ടു പൂംകുയിൽ നാദത്താൽ
സ്ഫാരപിയൂഷം ചേർത്തു ചെവികളിൽ!
ഇന്നഗാധമാം പാരതന്ത്ര്യക്കുണ്ടി-
ലുന്നമൽക്ലേശതാമിസ്രഭൂമിയിൽ
വന്നിരിക്കയാണംബിക, യെത്രയോ
മന്നധീശരാം മകളിരിക്കിലും

ധ്വസ്തലോകരാമാശരർ നിർമ്മിച്ച
ദുസ്തരാഗാധദൗഷ്ട്യപ്പുഴകളും
നിഷ്പ്രയത്നാ നികത്തിക്കടന്നുപ-
ണ്ടുൾപ്രമത്തരാവാനരജാതികൾ
അപ്പെരും കാട്ടുജന്തുക്കളും മാതൃ-
തല്പസംസ്ക്കാരസൽകൃത്യതല്പരർ!
മാന്യരാ, മല്പ്രപൂർവികർ, ദേശാഭി-
മാനികൾ-ക്കെഴും മെയ്ച്ചോരമേൽക്കുമേൽ
നിസ്തുലശ്രീ, യുണർച്ചകൾ നൽകിവ-
ന്നെത്തിയോടീടുമസ്മൽസിരകളിൽ!

ഏറെയാർത്തുവിളിക്കേണ്ട ദാത്യൂഹ-
പാരതന്ത്രാഭടോദ്ധതവ്രാതമേ,
സ്മേരവക്ത്രനായ് നിൽക്കും നിശാകരൻ
വേറെയേതോ മഹസിനെദ്ധ്യാനിപ്പൂ!
നിങ്ങൾ തൻ ജയകാഹളശബ്ദത്തിൽ
ഞങ്ങളാരുമുണർന്നെഴുന്നേറ്റിടാ
കേൾക്കു, മൽപ്പം കഴിയട്ടെപൂതമാം

കുക്കുടത്തിൻെറ വൈജയന്തിധ്വനി
ഭരതാംബതൻ സ്വാതന്ത്ര്യത് തൃക്കൊട്ടി-
കാണാകും തേജോനിധാനമായ്!
അന്നു ഞങ്ങൾതൻ ബദ്ധാഞ്ജലികളാ
വന്നണഞ്ഞീടും തൻ പ്രസാദത്തിനായ്
ഭാരതീയർതൻ മാനസോല്ലാസത്തിൽ
പാറിമിന്നും സുദിനവുമെത്തിടും
സ്വാതന്ത്ര്യോദയപ്രാഭമാംകാലമേ,
സാദരം ഞങ്ങൾ കാത്തുനിൽപ്പുസദാ

*സുദിനം, 14-1-1946*

# ഇരുളിൻെറ പിന്നിൽ

കാഞ്ചനജ്യോതിസ്സെങ്ങും വിതറി വിഹായസ്സിൻ
കാർക്കറയകന്നുള്ള കാമ്യമാം സരണിയിൽ,
ഇന്നലെ വിരാജിച്ചോർക്കനെയേതോകടൽ-
പ്പൊന്നലകളിലൂടെ പ്പാശ്ചാത്യർ നേടിക്കൊണ്ടാർ!
അത്തേജഃ പുഞ്ജത്തിൻെറ ചരമവിളംബരം,
രക്തദുർല്ലിപികളിൽക്കാട്ടിനാ, രന്തിച്ചോപ്പാൽ!
ഉലകിൻസിരകളിലെമ്പാടും വ്യാപിച്ചിത-
ബ്ബലഹീനതചേർത്തകൂരിരുൾക്കൊടുംവിഷം!
എത്രനാളാന്ധ്യക്കുണ്ടിൽപ്പതിച്ചു കൈകാൽത്തള-
ർന്നസ്തമാനസർനീളെസ്സങ്കടപ്പെട്ടൂ ലോകർ!

അത്തമോരാശിക്കുള്ളി, ലുലകിൻജഠരത്തിൽ,
പുത്തനാമൊരുഭദ്രപ്പൊൻവിളക്കീശൻവച്ചു!
കടുതാംതമസ്സിൻെറ പാഴ്ക്കറയാദീപത്തിൻ
കതിർവീചികൾക്കുള്ളിൽത്തൽക്ഷണമമർന്നു പോയ്!
ദിങ്മുഖങ്ങളിലിരുട്ടെറിഞ്ഞു പിടിപ്പിച്ച
വൻമുകിൽച്ചേർക്കട്ടകൾ വെണ്മണൽച്ചിറകളായ്!
തൈക്കുളിർനിലാവിൻെറ കല്ലോലമാലയ്ക്കുള്ളിൽ-
പുക്കഗാധതയിലായ്ത്തെളിഞ്ഞൂ വിൺനാണ്യങ്ങൾ!
ഇരുളിൻതിരശ്ശീലയിതുനാൾ മറച്ചതാം
മറതന്മുദ്രാവാക്യം; -'ജയ്ഹിന്ദ്' പൊൻമേഘങ്ങൾ
അവനാംവായിപ്പാനായ്, നമ്മൾ തൻ പിതൃസ്വത്താ-
മവയെക്കൈക്കൊൾവാനായ്, കൈകൾ നാം നീട്ടുന്നേരം;
പൊന്നുഷഃക്കാലത്തിൻെറ പുഞ്ചിരിപ്രഭയിങ്കം-
ലൊന്നുപോലവനിറം മങ്ങുന്നതായിക്കണ്ടൂ!
അക്കുദ്രദ്വിജവ്രാജമൊരിടത്തൊന്നായ്ച്ചേർന്നാ-
ണർക്കനാംതിരുമെയ് പൂണ്ടരുണക്കതിർവീശി!

സമത്വവെൺനൂലുകൾ നൂൽക്കുമാവെള്ളിച്ചർക്ക-
യമർത്തിസാമ്രട്ടിൻെറ പത്തനത്തിങ്കൽനിന്നും,
നേരായ പരലക്ഷം തൃക്കൈകൾ നീട്ടി; ദൗഷ്ട്യ-
മൂരിയകരവാളം ഞെരിച്ചുപൊടിയാക്കാൻ,
ശാന്തിതൻ പ്രകാശത്തിലുലകിൻപരാധീന-
ക്ലാന്തിയാം കരിതുടച്ചെമ്പാടും വെടിപ്പാക്കാൻ!

ദാരിദ്ര്യപ്പിശാചിന്റെ താണ്ഡവകോലാഹലം
പൂരിച്ചനിർജ്ജീവമാംചെറുമക്കുടിലിലും,
സാമ്രാജ്യച്ചെങ്കോലേന്തും ചക്രവർത്തിതൻസമു-
ന്നമ്രമാം പ്രസാദത്തിൻപൊൻജനക്കൊടിയിലും,
ഒരുപോൽത്തനിത്തങ്കദ്രാവകം പൂശിടുവാ-
നരുളും ദിനമണേ, മംഗളം തവോദയം!

ആർഷമാം പ്രഭാവത്താൽ തൽസർഗഭൃരിൽ കൃപാ-
വർഷമെമ്പാടും ചൊരിഞ്ഞുണർത്തും ജ്യോതിന്മൂർത്തേ,
നിൻപദരജസേറ്റു നിശ്ചലം സുനിർവ്വണ -
സമ്പത്തിന്നതുല്യമാമാനന്ദംനേടാം ഞങ്ങൾ!

*സുദിനം, 18-3-1946*

## അറിഞ്ഞുകൂടാ!

അങ്ങനെ ആ വെള്ളിനക്ഷത്രം ഉയർന്നു.
സംഭവങ്ങളുടെ പൊട്ടിത്തെറിക്കലിൽ
അതൊന്നു നടുങ്ങി.
ലോകത്തിൻെറ രൂക്ഷവീക്ഷണങ്ങളിൽ
അതു പകച്ചു. തൻെറ കൂട്ടരുടെ ഇടയ്ക്ക് ഒരു
സ്ഥാനം കൈക്കലാക്കണമെന്ന് അതും
ആഗ്രഹിച്ചു. ആ സ്ഥാനം നശ്വരമാണെന്ന്
അതോർത്തില്ല. മററുകൂട്ടർ പൊട്ടിച്ചിരിച്ചു.
ഇരിപ്പിടസ്ഥാനമായ ആകാശത്തിൻെറ മുഖം കറുത്തു.
ചന്ദ്രക്കല ഒരു ചോദ്യചിഹ്നം പോലെ മന്ദഹസിച്ചു.

ഇരുളിൻെറ കരിമ്പടപ്പുതപ്പിനു മീതെ ഒരു
മിന്നാമിനുങ്ങ് അങ്ങിങ്ങു പുഞ്ചിരിതൂകി
സഞ്ചരിച്ചു. വിറയ്ക്കുന്ന ആ കൊച്ചുതാരകത്തെ
ആരും കണ്ടില്ല. ലോകം നിശ്ചേഷ്ടമായി. ആ
നക്ഷത്രത്തിനൊരു പുതുമയുമുണ്ടായിരുന്നില്ല.
മററു താരകങ്ങൾ പരിഹസിച്ചു. "നിന്നെ
സ്ഥാനഭ്രഷ്ടനാക്കും, —അവർ മുന്നറിയിപ്പു
നൽകി. അവയിൽ ചിലവയ്ക്കു കണ്ണുകൾ
അസൂയാകഷായിതങ്ങളായി.

മററുള്ളവർ തെററിദ്ധരിച്ചു. അവർ
സ്ഥാനഭ്രഷ്ടരാക്കേണ്ടവരല്ലെന്ന്! ധാരണയും
യാഥാർത്ഥ്യവും തമ്മിലുള്ള പൊരുത്തക്കേട്!

രാത്രിയുടെ നിശ്ശബ്ദതയിൽ ഒരു രാക്കുയിലിൻെറ
സംഗീതം മുളച്ചുയർന്നു. അപ്പോഴും ആ
കൊച്ചുതാരകം വിറയ്ക്കുന്നുണ്ടായിരുന്നു.
എങ്ങോട്ടു പോകണമെന്നോ എവിടെ
നിൽക്കണമെന്നോ അതിന് അറിഞ്ഞുകൂടാ.
മുമ്പുണ്ടായിരുന്നവർ — പഴമക്കാർ —
പറഞ്ഞുകൊടുത്തുമില്ല!
കാളിമപുരണ്ട വാനിടത്തിൽ ചില രോമാഞ്ചങ്ങൾ
കനകം തേച്ചു. അവ പെട്ടെന്നു മാഞ്ഞു.
മററൊരിടത്തു പ്രത്യക്ഷപ്പെട്ടു. കനകരാശികൾ ആ
കനകപ്രഭയെ ഉററുനോക്കി. അതു
ചലിക്കുന്നുണ്ടായിരുന്നു. അവ അന്തസ്സാരമില്ലാത്ത
ചില വെൺമുകിൽക്കഷണങ്ങളായിരുന്നു.

അതേവരെ നിശ്ചയദാർഢ്യത്തോടും ധീരതയോടും
നിന്നിരുന്ന ഉഡുസഞ്ചയം ആർത്തുവിളിച്ചു:

“ശുക്രൻ! ശുക്രൻ!” — അവയ്ക്കെല്ലാം ഒരമ്പരപ്പ്.
“ഒരു വിളർച്ച!” “ഒരു പരിഭ്രമം!”

പ്രഭാതത്തിന്റെ തേജസ്സമൂഹത്തിൽനിന്നും
പൊട്ടിത്തെറിച്ച ആ ചെറുകഷണം, പെരുമീൻ,
അംബരമദ്ധ്യം ലാക്കാക്കിപ്പാഞ്ഞു!
അപ്പോഴേക്കും രാത്രിയുടെ നെഞ്ചിൽ ആരോ
കഠാരിയിറക്കി! അവിടെയെല്ലാം
രക്തപ്രവാഹമായി!

തൃഷ്ണയുടെ ഇരമ്പൽ അന്തരീക്ഷത്തിൽ
മാറ്റൊലിക്കൊണ്ടു! ഒരു തേജഃപ്രവാഹം
കിഴക്കുനിന്നും ഒഴുകിവന്നു. ഉത്തരക്ഷണത്തിൽ
അതു സർവ്വത്ര പരന്നു!

നീലാകാശത്തിലെ പഴയ താമസക്കാർ എവിടെ?
അവർ എങ്ങോട്ടുപോയി? ഈ പ്രഭാപ്രസരം
എവിടെനിന്നു വന്നു? ആരും ഉത്തരം പറഞ്ഞില്ല.
അതാർക്കും അറിഞ്ഞുകൂടാ!

*വിദ്യാഭിവർദ്ധിനി സെപ്റ്റംബർ 1946*

# ധർമ്മസന്ദേശം

ധർമ്മമോതുകയാ; —ണൊന്നു നോക്കണേ,
കർമ്മഭൂമിതൻ പിഞ്ചുപൈതങ്ങളേ,
സ്വാർത്ഥതയുടെ പൊമ്പൂച്ചുകണ്ടുക-
ണ്ടാർത്തിരമ്പിക്കുതിക്കയോ—മേലിലും?

വൻതമസ്സിൻെറ മാറാലനീക്കിയ
ബന്ധുരാനഘ ജ്യോതിർന്ന കുഞ്ജകം,
ചുട്ടെരിപ്പതാ; ണന്തിത്തുടുപ്പതാ
പട്ടടയിലെച്ചെംതീപ്പൊരികളാം!
ആണുകാഗ്നേയഗോളകരാശികൾ
ആണു നിങ്ങൾതൻ പൂജത്തിടമ്പുകൾ!
കാൽക്ഷണംകൊണ്ടു കെട്ടിവരിഞ്ഞിടും
കാൽപിടിച്ച കരങ്ങളെ 'സ്വാർത്ഥത'
പറ്റിനില്പതു ദുർമ്മോഹമാണ, താ
ചുറ്റിലുമൊന്നു കണ്ണയച്ചീടുവിൻ!

ഭൗതികാജന്മപാരതന്ത്ര്യത്തെയും
നീതിവാൾകൊണ്ടു വെട്ടിമുറിക്കുവാൻ,
പൂർവ്വർ നന്നായ്പ്പഠിപ്പിച്ചതില്ലയോ,
പൂതമാകു!'മഹിംസാ'ക്കളരിയിൽ!

നിൽക്ക, നിൽക്കുക, മാർഗ്ഗം പിഴച്ചുപോയ്;
പുക്കഴലേണ്ട പാശ്ചാത്യവാർദ്ധിയിൽ
കൺമയങ്ങിയോ, വെള്ളിത്തിരകൾ തൻ
കമ്രനർത്തന രംഗകം പാർക്കയാൽ!
ചെന്നുചാടേണ്ട; പൊങ്ങാത്ത മട്ടിലാ
പൊന്നുപുഞ്ചിരി പാഴ്ചേറ്റിലാഴ്ത്തിടും!

മാടിമാടി വിളിക്കയാണപ്പൊഴും
ഹാടകോജ്ജ്വലസാഗരവീചികൾ!

*ചക്രവാളം, 1946*

## കുടിയിറക്കൽ

ഉലകിൻ തിരശ്ശീല ദൂരെ നീക്കി
പുലരിതൻ പൂഞ്ചെണ്ടെടുത്തുകാട്ടി
തളിർമരപ്പൂവണിക്കൊമ്പിലേറി
കുളിരിലപ്പക്ഷികൾ പാട്ടുപാടി
ഒരു നവ്യകൈവല്യകാന്തി ലോകർ-
ക്കരുളിയൊരാനന്ദരോമഹർഷം
നറുമലർക്കാടുകളുമ്മവെച്ചു
സുരഭിലമാലേയമന്ദവാതം.

പരിവർത്തനത്തിൻെറ വെണ്മപൂശും
പകലിൻപുറപ്പാടിലെന്തുകൊണ്ടോ
പുലയൻെറ ചെററപ്പുരയ്ക്കൽമാത്രം
പുതുമന്ദഹാസം പൊടിച്ചതില്ല!
വിടവാങ്ങിടാതൊന്നു പുഞ്ചിരിക്കാൻ
അടിമകൾക്കുണ്ടോ വിധിച്ചു ദൈവം?

വയലിൻവരമ്പത്തു കൊച്ചുതമ്പ്രാൻ
വടിയൊന്നു വെട്ടുകയായിരുന്നു
തെരുതെരെ വീർപ്പിട്ടു വേർപ്പണിഞ്ഞൂ
മരതകപ്പച്ചവിരിച്ച പാടം!

കുടിലിലിൻെറ മുററത്തു തൈക്കിടാങ്ങൾ
കുടുകുടെക്കണ്ണീരൊഴുക്കിനിന്നു!
കലവും കുടവും പെറുക്കിമാററാൻ
പുലയക്കിടാത്തിക്കു മെയ് വിറച്ചൂ
മുതലാളൻതമ്പ്രാൻെറ കൂട്ടുകാരൻ
'മുരുകൻെറ' മാടമടച്ചുകെട്ടി
ചെറുമക്കിടാത്തികളൊത്തുകൂടി
മുറയിട്ടുകേണാലുമാരുകേൾക്കാൻ?

"ഒരു പുല്ലുമാടം കുഴിച്ചുവെയ്ക്കാൻ
തരിമണ്ണു തമ്പ്രാക്കൾ നൽകിടാഞ്ഞാൽ,
മുരുകനും പിള്ളേരുമൊന്നുപോലെ
എരിതീയിൽ നീറിദ്ദഹിച്ചുകൊള്ളാം!

ഒരുനാളും തമ്പ്രാന്റെ കാശു വാങ്ങാൻ
ചിരുതയ്ക്കു കൈ, കുമ്പിളാകയില്ല!
അഭിമാനം വിറ്റെന്റെ മക്കളാരും
വ്യഭിചാരസമ്പത്തു നേടിടേണ്ട!"

അതിരററ കോപത്തിലേവമെല്ലാം
അലറും മുരുകന്നു മെയ്യുറഞ്ഞു!
തല താണുപോയി ധനപ്രതാപം
തഴുകിലും തമ്പ്രാന്ന്, ലജ്ജമൂലം!

*വിദ്യാഭിവർദ്ധിനി, 1946 ഡിസംബർ, 1947 ജ*
*പുനഃപ്രകാശനം - ജനയുഗം, ഒക്ടോബർ 2*

## മംഗളാശംസ

പാരാകെ പരിവർത്തനങ്ങൾ; പകലും
രാവും പടച്ചട്ടയി;-
ട്ടീ രാജ്യത്തുടമയ്ക്കുവേണ്ടിയടരാ-
ണങ്ങോളമിങ്ങോളവും!
ആരാലീമൃഗശാലയാമുലകിൽ നീ,
വിദ്യാഭിവൃദ്ധിക്കുതാൻ
പോരാടീടുക മാസികേ, നലമെഴും
നാടൊന്നു നിർമ്മിക്കുവാൻ.

*വിദ്യാഭിവർദ്ധിനി ധനു മകരം 1123 (1947)*

# പ്രഭാതസന്ദേശം

ദൂരെയാപ്പടിഞ്ഞാറേക്കുന്നിൻെറ താഴ്‌വാരത്തിൽ
ചോരവാർന്നൊലിക്കുന്നു; ഘാതകനാരാണാവോ?
കൂരിരുട്ടിനു മന്നിൽപ്പള്ളിക്കൊള്ളുവാൻ, വിശ്വ-
ധീരതേജസ്സിൻനിണക്കട്ടയാണു പ്രധാനം!

സാഗരം തിരപ്പായ്കളൊന്നാകെച്ചുരുട്ടിയും,
വേഗമായവ വീണ്ടും മുന്നേപോൽ നിവർത്തിയും,
പേർത്തുമുൾ പ്രതീക്ഷയാൽച്ചിരിച്ചും, ചുടുകണ്ണീർ
വാർത്തുമാരെയോകാത്തുവാഴ്കയാണനിമേഷം!

പാരിനവെളിച്ചത്തിലാക്കിയ വിളക്കൂതി
ദൂരത്തിൽ വലിച്ചെറിഞ്ഞെത്തിനോരന്തിക്കാറ്റേ,
നീയെന്തിനിഹ നീളെപ്പരത്തീ; മഷി പറ്റി
നീറുമത്തിരിത്തുമ്പത്തുയരും പുകകൂടി?

മാറ്റങ്ങൾ ദൂരെക്കണ്ടങ്ങിരമ്പിക്കുതിക്കയായ്
തീറ്റിതേടുവാൻ പാടത്തലഞ്ഞപറവകൾ!
ഇരുളിൽകറുപ്പാർന്ന ദിങ്മുഖങ്ങളെ വീശി
ച്ചരിതാർത്ഥരായ് വൃക്ഷശാഖികള,ന്നമ്രങ്ങൾ!!

ലോകൈകതേജസ്സൊറ്റമാത്രയിൽപ്പൊലിഞ്ഞപ്പോൾ
ശോകമൂകമാം മന്നിൻതുടിക്കുംനെഞ്ചംകാണ്മാൻ,
അകലത്താരോനീട്ടി വിറയ്ക്കും വിരൽത്തുമ്പ-
ത്തവിടെപ്പത്തഞ്ഞൂറുകൊച്ചുകൈത്തിരികളെ!
ഇരുളിൽത്തപ്പിത്തടഞ്ഞെങ്ങോപോയ്ക്കിടപ്പായി,
കരൾകാഞ്ഞുണർവറ്റ കർമ്മശൂന്യമാംലോകം!!

പക്ഷികൾ മുഴക്കിന ജയശംഖൊലികേട്ടാ-
ണക്ഷികൾ മിഴിച്ചൊന്നുചുറ്റിലുംനോക്കീവിശ്വം
ഇന്നലെക്കഴുത്തറ്റു കടലിൽ മുങ്ങിപ്പോയ
പൊന്നിനൻകിഴക്കെത്തിപ്പുഞ്ചിരിക്കയാണപ്പോൾ!

ആയിരം തൃക്കൈകളാലെങ്ങെങ്ങും കുറിക്കയാ-
ണായിളം കുളിർകാന്തിപരത്തും നിരീക്ഷകൻ:
"ഇരുളിൽക്കിടന്നാലും, ചെന്തീയിലെരിഞ്ഞാലും,
ഒരുനാൾ നിത്യശ്രീയിൽ നൃത്തമാടീടും വിശ്വം!!"

*പ്രഭാതം, 1947 മാർച്ച് 16*

## മാടവും മാളികയും

ആ രാവിൻ ഖജനായിലന്നത്തെപ്പണമെണ്ണി
വീരമാനിയായ്പ്പുകക്കുഴലും പിടിച്ചിതാ

പട്ടണ,മധികാരഗർവുററ വന്മാളിക-
ക്കെട്ടിടങ്ങളിലൂടെ ഞാൻ തലയുയർത്തവേ,

ദൂരെയാപ്പുൽമാടത്തിൽപ്പിച്ചയും വാങ്ങിച്ചെന്നു
കേറിയ കോലത്തിനെ കണ്ടൊന്നു ചിരിച്ചുപോയ്!

ആ മലർനിലാവേററ കാഞ്ചനച്ചിറേറാളങ്ങ-
ളാ മലഞ്ചരിവിലെ കാട്ടാറിൻ കയങ്ങളിൽ

പ്രാണഹർഷങ്ങൾകൊണ്ടു പുലർത്തിപ്പോന്നൂ, മണി
വീണമീട്ടലാൽപ്പോലെ ഹൃദയസ്വരങ്ങളെ!

2

ആ ദൂരശ്രവണിയിൽ നാഗരീകതയുടെ
നാദരീതികൾ പൊങ്ങീ മാളികത്തളങ്ങളിൽ:

"....പോരിക, കൈക്കുമ്പിളുമായ് നടന്നലയേണ്ട,
പോരിക, വിശപ്പിൻെറ പുൽമാടങ്ങളേ നിങ്ങൾ!

നാണയങ്ങളിലല്ലേ നാളത്തെ ലോകം, —? പോരൂ
നാകസൗഭഗമാളും ഞങ്ങൾതൻ സമീപത്തിൽ!

ഞങ്ങൾക്കുവേണ്ടിപ്പണിചെയ്തേക്കൂ, സമ്പത്തിൻെറ
രംഗമണ്ഡപം കാണാം, ചിരിക്കാം, മാഹ്ലാദിക്കാം.

കൊച്ചോലക്കുടിലുകൾ വെടിഞ്ഞേക്കുക, ഞങ്ങ
ളച്ചേററിലൊരു നല്ല മാളിക പണിഞ്ഞോട്ടെ...."

3

ആക്കടൽത്തിരകളൊന്നലറിച്ചിരിച്ചുപോയ്
ഈക്കടംകഥ കേൾക്കെ: "നിർത്തുകീക്കാപട്യങ്ങൾ."

വിളറിക്കൊഴിഞ്ഞുപോം താരകങ്ങളെക്കണ്ടു
ഞെളിയും സ്വേച്ഛാദൃപ്തസ്വപ്നമേഖലകളേ,

നിർത്തുക — വിളിക്കേണ്ടാ, വിശപ്പിൻ മുൾമെത്തയിൽ
നിദ്രകൊള്ളുമാ ശുഷ്കജീവിതങ്ങളെ നിങ്ങൾ!

തന്നത്താനുയർന്നോളൂ, മേഘമണ്ഡലങ്ങളിൽ
ചെന്നിരുന്നോളൂ ദൃപ്തനഗരപ്രതാപമേ,

എന്തിനീപ്പടവാളുമായി നീ പുറപ്പെട്ടു,
ചിന്തുവാൻ, തകർക്കുവാൻ, ഗ്രാമജീവിതങ്ങളെ?

സ്വച്ഛന്ദമുയർന്നാലും മാളികകളേ നിങ്ങൾ
കൊച്ചു പുൽമാടങ്ങളെപ്പൊളിക്കാതിരുന്നേക്കൂ!

*ദീപിക ആഴ്ചപ്പതിപ്പ് മാർച്ച് 21,19*

# ചുവപ്പും കറുപ്പും

ഒന്ന്

കൊച്ചുനെന്മണിമാല ചാർത്തിയ
പച്ചഞാറുകൾക്കുള്ളിലായ്,

പുഷ്യരാഗക്കുഴമ്പൊഴുക്കുന്നു
പശ്ചിമാംബരവീചികൾ!

കേരളത്തിന്റെ വൈജയന്തികൾ
കേരമാമരത്തോപ്പുകൾ,

പങ്കവീശുകയാണു ചുററിലു-
മങ്കുരൽപുളകോന്മദം!

പട്ടണത്തിലെച്ചിത്രശാലകൾ
പാട്ടു പാടുന്ന കേൾക്കുവാൻ

നിശ്ചലം ചെവിയോർത്തു നിൽക്കുന്നു
കൊച്ചുകൊച്ചു കുടിലുകൾ!

ജീവിതങ്ങളിൽ —ചുട്ടൊഴുകുന്ന
ജീവനാഡികൾക്കുള്ളിലും,

മംഗളങ്ങൾ പകർന്നുനിൽക്കയാ-
ണങ്ങനെ ഗ്രാമകന്യക!

പോക്കുവെയ്‌ലിൽ കസവുമുണ്ടുമാ-
യാക്കുളിരിലക്കാടുകൾ;

ആ മനോഹരകാവ്യഭംഗിക്കു
രോമഹർഷങ്ങൾ ചാർത്തവേ,

പാട്ടു തീർന്നു പതഞ്ഞൊഴുകുമാ-
ക്കാട്ടു ചോലയിലന്തിയിൽ,

മംഗളസ്നാനമാചരിക്കുന്നു
രണ്ടു യൗവനക്കൂമ്പുകൾ!

ദൂരെ നിൽക്കുന്നു, ദീപനാളങ്ങ-
ളാരചിച്ച വിശുദ്ധിയിൽ,

കൊത്തുവേലകൾ കാഴ്ചവച്ചൊരു
കൊച്ചുദേവാലയാങ്കണം!

വെൺനുരകളിലങ്കുരിക്കുന്ന
മന്ദഹാസവുമായതാ,

ചൂളമിട്ടു കുണുങ്ങിയോടുന്ന
ചോലതൻ കരയ്ക്കില്ലയോ,

ആ വനക്ഷേത്രസീമകൾവരെ
പൂവിരിച്ച പുൽച്ചാർത്തുകൾ?

**രണ്ട്**

ചന്ദനക്കുറിയിട്ടു ദൈവിക-
മന്ത്രജാലം ജപിച്ചതാ

അമ്പലത്തിൽ വലത്തുവയ്ക്കുന്നു
രണ്ടു താരുണ്യമൂർത്തികൾ!

വിണ്ടലത്തിൻെറ രോമഹർഷങ്ങൾ
രണ്ടു വെൺചന്ദ്രലേഖകൾ!

സ്വപ്നരാജ്യങ്ങൾ സ്വർഗ്ഗമാക്കുന്ന
കൽപവല്ലികൾ മാതിരി!

സാന്ധ്യസുന്ദരകാന്തി മോന്തിയ
മുന്തിരിത്തേൻകുലകളിൽ,

ഉമ്മവെച്ചു പറന്ന വണ്ടുകൾ
യാമശംഖം മുഴക്കവെ,

സ്വപ്നകങ്ങൾ പറന്നകന്നുപോയ്
ശുഭ്രശാരദസന്ധ്യയും!

ആ വിജനവനാന്തരങ്ങളിൽ
വാവു കാറൊളിപൂശവേ,

ദൂരെനിന്നവിടേക്കു ചെൽകയാ-
ണാരെയോ കാത്തു രണ്ടുപേർ!

അമ്പലത്തിലെ ഭക്തകന്യകൾ
അമ്പരന്നു തളർന്നുവോ?

**മൂന്ന്**

എണ്ണമങ്ങനെ കൂടി, യാളുക-
ളൊന്നുരണ്ടല്ലനേകമായ്,

ഭക്തകളില്ല, കാടുകൾതോറും
പാത്തിരിക്കുന്നു പൂരുഷർ!

എന്തിനാണെന്നോ, —മാംസദാഹത്താ-
ലന്തരംഗം തളർന്നവർ

കാമജൃംഭണജൈത്രകാഹള-
മൂതുമുഗ്രപിശാചികൾ!

അർദ്ധരാത്രിയിലാ വനാന്തര-
നിർഝരിയിലുണ്ടാളുകൾ

മുണ്ടടിച്ചു കുളിക്കുമൊച്ചകൾ
ചെണ്ടകൊട്ടുന്നു നീളവെ!

കോവിലും ഭജനങ്ങളുമൊരു
തേവിടിത്തുള്ളലാകവേ,

ആ വനമലർപ്പൊത്തുകളിലെ
പ്രാവുകൾ മുരളുന്നുവോ?

"....കാവ്യശാന്തി പുലർന്ന സന്ധ്യകൾ
കാമരംഗങ്ങളാവുകിൽ,

കൂരിരുട്ടിന്റെ  നഗ്നസത്യങ്ങൾ
രോഗവൈകൃതമല്ലയോ?

സന്ധ്യകളുടെ കാവിമുണ്ടുകൾ
വൻതമസ്സിൻ പുളപ്പുകൾ!

ആരറിഞ്ഞു, മൃഗീയമീ ജന്മ-
പൂരണപരിപാടികൾ? — "

*ദീപിക ആഴ്ചപ്പതിപ്പ് മാർച്ച് 21,1948*

# കളിയ്ക്കുമാത്രം!

കുതിച്ചു ചാടിവീണടർക്കളത്തിൽ നീ
മദിക്കവേ, പദങ്ങളിലണിയിച്ചൂ,
ഉതിർന്നതാവക സഗർഭ്യശോണിതം
കുതിർന്നമണ്ണിനാൽ മെതിയടികളെ!

നവമിസ്സംസാരയുഗത്തിൽനിന്നു നീ
നടന്നു പിന്നിലേയ്ക്കഴുക്കുകൾതേടി,
സമത്വസുന്ദര ദശാന്തരത്തിലും,
സഹോദരത്വത്തിൻ ചുടുനിണം ചിന്താൻ!
അനാഥരെക്കർമ്മകുശലരാക്കിയി-
ട്ടധീശക്തിയോടടർക്കൊരുങ്ങുവാൻ!
ഒരുഗ്രമാമടർക്കളം ചമയ്ക്കുവാൻ,
പരസ്പരസ്പർദ്ധ വിതച്ചുകൊയ്യുവാൻ
അരിവാൾതേച്ചുപോയിതേവരെഭവാൻ
അരിഞ്ഞുവീഴ്ത്തുവാനുപദേഷ്ടാക്കളെ!
ഇതെന്തുമൗഢ്യമാണിതെത്രലജ്ജയാം?
മദാന്ധമൂകതേ, ഭവദ്വിചേഷ്ടിതം?

അകലെപ്പശ്ചിമദിഗന്തമെന്തിനോ,
ചുകന്ന കൺകളാൽത്തുറിച്ചുനോക്കവേ,
അടരിന്നെത്തിയ ഭവാദൃശർകണ്ടീ,-
ലതിൽ നിറഞ്ഞതാമസൂയതൻവിഷം!

കുതിച്ചു നീ വീണ്ടുമടർക്കളത്തിലേ,-
യ്ക്കിതരദിക്കുകൾ പരിഹസിക്കവേ,

*പ്രഭാതം, 1947 മാ*

## എവിടെ?

ആ നിശാന്തതമസ്സിനോടായി
കാനനമൊന്നു ചോദിച്ചിതേവം:

"എങ്ങുനിന്നുമുയർന്നണഞ്ഞെത്തി,
മംഗലാത്മകമീമഞ്ജുഗാനം?

ഭൂവിലല്പവും കാണ്മതില്ലെങ്ങും,
ജീവചൈതന്യരേഖകൾപോലും!

പാരശേഷം കരൾവാടിവീണു
കൂരിരുട്ടിൻ കരിംപടക്കെട്ടിൽ!

എങ്ങുനിന്നീമനോജ്ഞസംഗീതം
പൊങ്ങിടുന്നൂ പുളകങ്ങൾ പൂശാൻ?"

ദൂരെനിന്നുമൊരോകാന്തതാരം
പാരിലേയ്ക്കൊന്നു തൃക്കണ്ണയച്ചു

വാനണഞ്ഞു പുണരുവാനെത്തും
ഗാനസാന്ദ്രസമീരനെ നോക്കി,

കാർമുകിൽക്കരി പാറകൾക്കുള്ളിൽ
വാർമതിക്കലമിണ്ടാതിരുന്നു!

പച്ചിലകളിലോരോന്നിലുംപോയ്
പിച്ചവെയ്ക്കയായ് തൈമണിത്തെന്നൽ

മുഞ്ഞിവീർപ്പിച്ചുമൗനംവരിച്ചു
നഞ്ഞിനോടൊത്ത കാളാന്ധകാരം!

പാൽനുരപ്പുതുപ്പുഞ്ചിരിതൂകി
കാനനച്ചോല പുച്ഛരിച്ചുരച്ചു:

"എന്തിനീവെമ്പൽ? നിന്നുള്ളിൽനിന്നും
പൊന്തിടുന്നതാണീമഞ്ജുഗാനം!

ഒന്നകത്തേയ്ക്കു നോക്കിയാൽ കാണാം
നിന്നിൽമേവുന്ന പുംകോകിലത്തെ!"

*പ്രഭാതം, 1947 ഏപ്രിൽ 13*

# മുന്നോട്ട്

വിന്നിലേയ്ക്കെന്തിനു നോക്കിനോക്കിപ്പരം
മന്ദഹാസങ്ങൾ പൊഴിയ്ക്കുന്നുപാന്ഥരേ?
പിന്നിട്ട കാൽക്കുതിപ്പാടുകളെണ്ണുവാൻ
മന്നിൽപ്പിറന്നുള്ള മൂഢരോ നിങ്ങളും?

എത്രനാളീവഴി നിങ്ങൾക്കുപോരുവാ-
നിത്രമേൽവെട്ടിത്തെളിച്ചു ചിരന്തനർ?

കെല്പില്ലയെന്നോ, ഭവാദൃശ,ർക്കാക്കാട്ടു
മുൾപ്പടർപ്പിത്തിരി താണ്ടിക്കുതിയ്ക്കുവാൻ!

മുന്നോട്ടുനോക്കുക! കൂരിരുൾക്കൂത്തിലാ-
ച്ചെന്നായ്ക്കളങ്ങിങ്ങുതമ്മിൽക്കടിയ്ക്കയാം!

മുഞ്ഞികറുപ്പിച്ചുനോക്കുമക്കാടിൻെറ
നെഞ്ഞിൽകിടന്നുപിടയ്ക്കുന്നുചോലകൾ!

നീരന്ധ്രവല്ലീനികുഞ്ജങ്ങളിൽപ്പുക്കു
ചോരകുടിക്കുന്നു കാലൻകഴുകുകൾ!

കർമ്മപ്രഭാവം വെളിച്ചംവിതറവേ,
കണ്ടുനില്ക്കെന്നോ, മുഖംമഞ്ഞളിച്ചുനാം!

പിന്തിരിയല്ലേ, കടുത്തൊരാക്കാടിനെ
ച്ചെന്തീയിലിട്ടൊന്നു നീറ്റിയെടുക്കണം!

മുന്നോട്ടുതന്നെ നടന്നുപോകാൻ നമു-
ക്കിന്നൊത്തുചേർന്നൊരുമാർഗ്ഗമുണ്ടാക്കണം!

പൂർവ്വികരെക്കുറിച്ചിന്നഭിമാനിച്ചു
പൂർവ്വസ്മൃതിത്തേരിലേറിനടക്കുകിൽ,

ചെയ്യേണ്ടതൊന്നും നടക്കില്ല; ജന്തുക്കൾ
കയ്യാലതല്ലിത്തകർത്താർത്തടുത്തിടും!!

*പ്രഭാതം, 1947*

# ശ്മശാനരംഗം

നിൽക്കൂ, നിൽക്കുക, പാന്ഥരേ, നിങ്ങളീ
പുൽക്കൊടിച്ചാർത്തിലൊന്നെത്തിനോക്കണേ!

പച്ചനീരാളകംബള സുന്ദര
സ്വച്ഛമിക്കൊച്ചു പുൽപ്പറമ്പെങ്കിലും,

എത്രയെത്ര യുവത്വാഭിമാനമി-
ങ്ങെത്തി നീറടിഞ്ഞുൾപ്പാഞ്ഞിരിയ്ക്കണം!

ഉൾക്കരുത്തിനും തെല്ലലിവേറ്റുമി
മുഷ്ക്കുകാട്ടലിൻ പൈശാചനീതികൾ,

അസ്തമിച്ചതാണിസ്ഥലം; ശാന്തിതൻ
നിത്യഭാവുകം പൂവുടലാർന്നതും!

ത്യാഗമല്ല; മൃഗീയ ദുരാഗ്രഹ
ഭോഗനീച വിചാരസമാപ്തിയാം!

ശപ്തലോകമേ! ഹാ, വേണ്ടവേണ്ടെനി-
യ്ക്കുൾത്തടത്തിലാ നഗ്നസ്മരണകൾ!

ലോകശാന്തിയ്ക്കു രക്തം ചൊരിഞ്ഞൊരാ-
ത്യാഗധീരമാമാദർശശുദ്ധിയിൽ!

പാഴ്ക്കരിതേച്ചു; നിഷ്ഠുരവിപ്ലവ
തീക്കുഴി പുക്കു ജീവിതരീതികൾ!

ആ മഹാത്മാക്കൾ സന്ത്യജിച്ചീടുന്ന
ഭൗമശയ്യകൾക്കുള്ളിൽ നിന്നെപ്പൊഴും,

വിണ്ണിലേയ്ക്കുയർന്നെങ്ങും പരന്നിടും,
വെണ്ണിലാവിൻെറ സന്ദേശസൗഭഗം

രക്തബിന്ദുക്കൾ കട്ടകൂടിക്കിട-
ന്നൊത്തു നാറുമിപ്പട്ടടയിങ്കലോ,

നിന്നുനീറിക്കരിഞ്ഞു നശിയ്ക്കയാ-
ണെന്നുമെന്നും മുളയ്ക്കുന്ന പുല്ലുകൾ!

മങ്ങിമങ്ങിപ്പൊലിയുന്നു, ജീവിത
രംഗമാളുന്ന നീരവചിന്തകൾ!

എന്തിനോ വന്നു കുത്തിക്കുറിയ്ക്കയാ-
ണന്തിമാരുണൻ പൊൻതൂവലാലിദം!

"പാഠമാകട്ടെ, നിങ്ങൾക്കു ലോകമേ
കാടുമേറുമീ രംഗങ്ങൾ നാളെയും!"

നിൽക്കപാന്ഥരേ; നാളെയുമീവഴി
വക്കിലിത്തിരി നിന്നിട്ടുപോകണേ!

*പ്രഭാതം, 1947 ജൂൺ*

# വനികയിൽവച്ച്

സദനമാദകമലർവനികതൻ
ഹൃദയഗീതങ്ങൾ പാടി,

കരിനിഴൽപാകും തളിർമരക്കൊമ്പിൽ
കുരുവിക്കുഞ്ഞുങ്ങൾ കൂടി!

പകൽ പണിചെയ്തു തളർന്ന ഭാസ്കരൻ
പതിവു കൂലികൾ കൂട്ടി,

അവിടെയന്തിതൻ, കണക്കുമ്പുക്കിലേ-
യ്ക്കവ പകർത്തുവാനെത്തി

അലകൾ തീർക്കയൊണലസഗാമിയാം
മലയമാരുതനന്നും!

മധുരചിന്തകൾ കതിരിണിയിച്ച
മലർനികുഞ്ജത്തിൽനിന്നും

പുളകരശ്മികൾ പുണരും പൂവന-
ക്കുളിർനിമേഷങ്ങളെല്ലാം

മരതകപ്പച്ചപ്പരവതാനിയിൽ
നിരനിരക്കുകയാകി!

കരൾത്തരിയ്ക്കവേ പരിസരങ്ങളെ
പരമെന്നാശകൾ തേടി,

അവിടെനിൽക്കയാണനഘചൈതന്യ
മവതരിച്ചോരാ രൂപം!!

പൊരികനലിൽ വീണെരിഞ്ഞു നീറുമെൻ
കരൾത്തുടിപ്പുകൾക്കൊപ്പം,

പുകവമിയ്ക്കയാണെരിഞ്ഞു ചേലിലെൻ
സിഗററ്റപ്പൊഴും ചുണ്ടിൽ!

അളകപാളികളലകൾതീർക്കയൊ-
ണിളവെയിലിലിൻെറ നെഞ്ചിൽ,
അവളൊടോതിഞാൻ: "അധരമാധുരി
അഴലിലെങ്ങനെ മാഞ്ഞു?"
"കരുതിവന്നതാണിവിടെ" ഗദ്ഗദം
പെരുകിക്കേണവളോതി

"...വിടുകയാണുഞാനിവിടം കാന്തനെൻ
കുടിലിലിന്നലെ വന്നു!

കരൾ പുകയ്ക്കുന്ന കദനവേദിയിൽ
ഇരുവർ മാത്രമായ് ഞങ്ങൾ!

ഒരു കനൽപ്പൊളിയെരിഞ്ഞടങ്ങവേ
വിറച്ചുവീണിതാത്തയ്യൽ

അടുത്തണഞ്ഞൊരാസ്സുമുഖീതൻവരൻ
കുടുക്കിലാക്കിനാനെന്നെ!
മലയോരത്തിലെൻ പറമ്പുകൾകാക്കും
പുലയനാണവനെന്നോ...?

*പ്രഭാതം, 1947 ജൂ*

# ആശകൾ

ഭാവിയിൽ കാണ്മതുണ്ടാശകൊളുത്തീടു-
മാവിജയത്തിൻെറ ദീപികാകന്ദളം!
മുന്നോട്ടനുപദം തൻപദം നീക്കുന്നി-
തുന്നമനേച്ഛശ്ശുവാംമർത്ത്യഹൃദന്തരം!
ചെന്നടുക്കുന്നിതാ ഭദ്രദീപത്തിൻെറ
പൊന്നലചാർത്തും മണിവേദി പുൽകുവാൻ!
ഹാ! ധാർഷ്ട്യമാവിളക്കൂതിക്കെടുത്തിയോ
മാധവമാസമദോൽക്കടമാരുതൻ!
വീണ്ടും തെളിയുമാ ദീപശിഖാങ്കുര-
മാണ്ടുപോമന്ധകാരത്തിൻെറ ചീററലിൽ!
ഘോരനിരാശതൻ പല്ലിളിപ്പോ ഹന്ത
ദൂരതയിൽക്കണ്ട കാഞ്ചനഗോളകം?
ഹാ, വിശ്വമെന്നേമുതൽക്കഭ്യസിപ്പതാ-
ണേവ,മിരുളും വെളിച്ചവുമാടുവാൻ!

2

ആശകൾ നിർമ്മിച്ചു പൊന്നുഴിഞ്ഞാലിലാ
ക്ലേശം പടുത്തതാം വാർദ്ധക്യജീവിതം,
ആടിക്കളിക്കയാ;ണുണ്ടാട്ടുവാനടു-
ത്തോടിയണഞ്ഞൊരു മാനസസ്പന്ദനം!
ഭാവനയ്ക്കെപ്പൊഴും ചായംപുരട്ടുമാ
പൂവൽക്കരങ്ങൾതൻ സ്പർശനമേൽക്കവേ,
ഓമൽപ്രതീക്ഷകളായിരമായിരം
പൂമൊട്ടുചാർത്തുമാ വൃദ്ധമാതാവിനെ!
പാഠാലയത്തിലേക്കാത്മപുത്രൻ നിജ
പാദങ്ങൾ നീക്കും മനോജ്ഞരംഗങ്ങളിൽ
ആ മാതൃചിത്തം വിഭാവനം ചെയ്തീടു-
മാമൃദുപ്പൂങ്കുഴൽ പുല്കുമിടങ്ങളെ!
'ബീഏവരെ പഠിപ്പിക്കും മകനെ'യെ-
ന്നായേഴയാം സാധ്വിയോതും പലപ്പൊഴും!
ജീവിതത്തിൻ വഴിവെട്ടിത്തുറക്കേണ-
മാ വയസ്സിക്കുതൻ വാത്സല്യഭാജനം.

3

വിത്തം നശിച്ചു സമസ്തവും; വൃദ്ധതൻ
പുത്രനോ, ഹാ, നിരൂപിക്കേണ്ട ചിത്തമേ!
ക്രൂരൻ വിധി, വിനോദത്തിന്നു കാട്ടിയ
ദാരുണകൃത്യമതിർകടന്നെത്തിയോ?

*വിവേകോദയം മാസിക, സെപ്റ്റംബർ 1947*

## വള്ളക്കാരൻ

"കായലിൽക്കോളുണ്ടായാൽ — "
    തുടർന്നൂ യാത്രക്കാരിൽ
കാരണമറിഞ്ഞവർ,—
    "തള്ളേണ്ട വള്ളം കാററിൽ!

കുട്ടികൾ, മുത്തശ്ശിമാർ,
    പ്രായമായ് വളർന്ന പെൺ-
കുട്ടികൾ വേണ്ടാ —തോണി-
    യൊന്നെങ്ങാൻ ചരിഞ്ഞാലോ?"

അമര,ത്തക്ഷോഭ്യനായ്-
    ത്തൻ തുഴക്കോലാ, ലാഴ—
മറിവാനളക്കയാ-
    ണപ്പൊഴും വള്ളക്കാരൻ!

അലറിച്ചിരിക്കയാ-
    ണെന്നിട്ടും ജലാശയ-
മകലത്തോളങ്ങളാ-
    മായുധങ്ങളുമായി!

ചുകന്നു ചോരത്തിള-
    പ്പാർന്ന വാരുണി, യന്ത്ര-
പ്പുകചേർന്നിരുണ്ടുപോയ്
    പ്രതികാരോജ്ജൃംഭണാൽ!

വിടുതൽ കിട്ടിപ്പോയീ
    കടലി,ന്നധികാര-
പ്പടവാളിളക്കത്തിൻ-
    വലവീശലിൽനിന്നും!

അവിടം സമത്വത്തിൻ
    ശാന്തത കുടികൊള്ളു-
മവിടം, — തുണ്ടായ്ക്കീറാ-
    നുഴറീ വള്ളക്കാരൻ!

തോണിയിലിരിക്കുവോർ—
    തുടർന്നൂ— "തവ മുന്നിൽ
താണടിയുവതില്ലാ-
    ഗ്ഗംഭീരജലാശയം.

ആഴവും വിസ്താരവു-
    മൊന്നുപോൽ വളർന്നതാ-
ണാഴി; നീയതിൻ നെഞ്ചം
    പിളർക്കാൻ തുനിഞ്ഞാലോ?"

തെല്ലിട കുലുങ്ങാതെ
    നാവികൻ നാലഞ്ചാറു
മല്ലെഴുമോളങ്ങളെ
    മുറിച്ചൂ സ്വസ്ഥൈര്യത്താൽ!

എങ്കിലെ, ന്തൊരു നീണ്ട
    തിരയാപ്പൊന്നോടത്തിൻ
ചങ്കുപൊട്ടിച്ചൂ, തോണി
    താണുപോയ് കാണെക്കാണെ!

ആവിബോട്ടുടനൊന്നാ-
    ക്കായലിലെത്തി ശപ്ത-
ജീവിതങ്ങളെയതി-
    ലേററിയാശ്വസിപ്പിക്കെ,

ദൂരെയായ്ത്തോണിക്കാരൻ-
    തൻജഡം വെള്ളം കുടി-
ച്ചേറെ വീർത്തുയർന്നങ്ങി-
    ങ്ങൊഴുകീ തിരകളിൽ!

*1947*
*പുനഃപ്രസിദ്ധീകരണംജനയുഗം വാരിക*
*നവംബർ 2, 1980*

# നിലവിളക്ക്

കൊളുത്തീ നിലവിള,ക്കന്തിതൻ ചേലാഞ്ചല-
മിളക്കീ പ്രതീചിതൻ നെഞ്ചിലെത്തീയാളിക്കെ!

അല്ലെങ്കി, ലിരുളിൻെറ വലവീശലിൽപ്പെട്ടു
തെല്ലിട മിഴിപൂട്ടി നിന്നാലോ വെളിച്ചങ്ങൾ!

ഇന്നലെക്കറുത്തവാ,വിരുളും ഞാനുംകൂടി
വന്നപ്പോളോർമ്മിച്ചതാണീ നിലവിളക്കിനെ!

എത്ര ഞാനലഞ്ഞെന്നോ, തൈമിന്നാമിനുങ്ങുകൾ
കൈത്തിരി കൊളുത്തിക്കൊണ്ടെൻ ചുററും പറന്നിട്ടും?

ഇന്നലെയിരന്നു ഞാൻ കൂട്ടുകാരോടാ — യവർ-
ക്കൊന്നുമില്ലിരുട്ടിൽനിന്നെന്നെ രക്ഷിക്കാൻ മാർഗ്ഗം!

ഇന്നെനിക്കറിയേണം പലതും, വിളക്കുമായ്
ചെന്നു ഞാനന്വേഷിക്കാം വഴിത്താരകൾതോറും

നാളത്തെ വെളിച്ചത്തിൻ ഘോഷയാത്രയിലെൻെറ
നാടിൻെറയഭിമാനദീപവും കൊളുത്തും ഞാൻ!

ആ നിലവിളക്കിൻെറ നാളങ്ങളഞ്ചും, ത്യാഗ-
റാണിയാമെൻ നാടിനെത്തഴുകിത്താലോലിച്ചാൽ,

ഇരുളാൽ മൂടപ്പെട്ട തൽപ്പഞ്ചേന്ദ്രിയങ്ങളു-
മൊരുമിച്ചുണർന്നെത്തും പ്രേമത്തിൻ ശ്രീകോവിലിൽ!

അങ്ങനെ തുണ്ടായ്ക്കീറപ്പെട്ട കേരളനാട്ടിൻ
മംഗല്യ 'മണിവിളക്കൈ' ക്യമേ, കൊളുത്തൂ നീ!

*ദീപിക ആഴ്ചപ്പതിപ്പ് ഡിസംബർ 28, 1947*

# വേശ്യയുടെ കഥ

തേവിടിശ്ശിഞാ;—നച്ഛരനെപ്പണ്ടൊരു
തേവിടിശ്ശി ശപിച്ചതാണക്കഥ!
നാണമില്ല, പറഞ്ഞു പറഞ്ഞു ഞാൻ
നാടിനുഗ്രമാം ശാപമായ്ത്തീർന്നവൾ!

എന്മിഴിക്കോണിലേക്കുററുനോക്കുവാ-
നെ,—ന്നതിൻെറ വികാസവായ്പിൽ ഭവാൻ,
നിഷ്കളങ്കത കാണുന്നുവോ, രാഗ-
ശുഷ്കമാ,ണവയ്ക്കില്ലൊരാത്മാർത്ഥത!
എങ്ങനെ വരാൻ? ഏവമൊരായിരം
രംഗകങ്ങളൊരുക്കിയോളാണു ഞാൻ!
എൺപതുകാരിൽ മാംസദാഹത്തിൻെറ
സംഭ്രമങ്ങളിളക്കിയോളാണു ഞാൻ!
കാശുവാങ്ങിയൊരുമണിക്കുട്ടനിൽ
കാമസംതൃപ്തി ചേർത്തവളാണു ഞാൻ!
ആശുപത്രിയിൽനിന്നോടിയെത്തിയ
കാസരോഗിയെ കാലനൂരെത്തിച്ചോൾ!
നൊന്തു ഞാൻ പെററ ചോരക്കിടാങ്ങൾതൻ
ചെന്തളിരുടൽ ഞെക്കി ഞെരിച്ചവൾ,
നിങ്ങൾ ഞെട്ടേണ്ട; സാഹചര്യങ്ങൾ തൻ
വിങ്ങലുകളിൽ നീറിദ്ദഹിച്ചു ഞാൻ!

നൂറുനൂറല്ല ചുററിലും, ജീവിത-
പ്പോരിലാളും കടുത്ത തീനാമ്പുകൾ!
കാണുമാറില്ല നിങ്ങളെപ്പോലൊരു
കാഞ്ചനസ്വപ്നലേഖതൻ ലേശവും!
കണ്ണടച്ചാലലറിയടുക്കുമെൻ
പൊന്നു പൈതങ്ങൾ, ദുസ്വപ്നരൂപികൾ!
ഉഗ്രമാം പ്രതികാരത്തിനെത്തുന്നു
ദുഷ്കൃതങ്ങൾ പ്രപഞ്ചസത്യങ്ങളായ്!

നിങ്ങൾ കാണുന്നു ഞങ്ങളെ, ജീവിത-
മംഗളങ്ങളാം ദീപോത്സവങ്ങളായ്
ഭൗതികോന്മദത്തേർവാഴ്ചകൾക്കുള്ള
പാതകങ്ങളാണെൻകൂട്ടർ, വേശ്യകൾ!

തേവിടിശ്ശിഞാ;—നച്ഛരനെപ്പണ്ടൊരു
തേവിടിശ്ശി ശപിച്ചതാണക്കഥ!

അച്ഛനുൾപ്പെട്ട ദൃഷ്ടസമുദായ-
മച്ചരിത്രം പൊതിഞ്ഞുപോന്നു ചിരം!

മാംസദാഹവുമായ്‌വലഞ്ഞോടുന്ന
മാദകമായ യൗവനവേളയിൽ,
പൊന്നുവാക്കു പറഞ്ഞു പറഞ്ഞൊരു
കന്യകയെ—പതിനേഴുകാരിയെ,—
എൻപിതാവൊരു വേശ്യയായ്ത്തീർത്തുപ-
ണ്ടമ്പലങ്ങളിലുത്സവം വന്നനാൾ!
ആ 'വ്യഭിചാരിണി'യുടെ പെണ്മക-
ളാണു ഞാൻ; വ്യഭിചാരമാണെൻ തൊഴിൽ!
എൻപിറവിയിൽത്തന്നെ മരിച്ചുപോ-
യെന്തുകൊണ്ടോ മദീയജനിത്രിയാൾ!
അച്ഛനെന്നെത്തിരിച്ചറിയില്ല; ഞാ-
നച്ഛനേയു; —മതെന്തിനായോർക്കണം?

കാവിമുണ്ടും കമണ്ഡലുവും, നിങ്ങ-
ളീവിധത്തിൽ ദുഷിച്ചുവോ സോദരാ?
ഇന്നലത്തെ പ്രസംഗപീഠത്തിലെ
ഉന്നതാദർശ,മെല്ലാം തകർന്നുവോ?
ഇന്നലത്തെ മഹാബ്രഹ്മചാരിയാ-
ണിന്നുതേവിടിപ്പെണ്ണിന്റെ കട്ടിലിൽ!
ഇന്നലത്തെ മഹാകർമ്മയോഗിയാ-
ണിന്നു വേശ്യതൻ കോമരംതുള്ളലിൽ!

നിങ്ങളിൽനിന്നു ജന്മമെടുത്തുയർ-
ന്നങ്ങനെ വളരുന്നൂ തകർച്ചകൾ!
ദൈവവിഗ്രഹങ്ങൾക്കു മറഞ്ഞിരു-
ന്നീ വിഷച്ചാറൊഴുക്കുന്ന നിങ്ങളെ,
നീളെ മർത്ത്യനിണച്ചുടുചോലകൾ
നീന്തിവന്ന യുഗങ്ങൾ മാനിക്കുമോ?

നിങ്ങൾ ഞെട്ടിമറഞ്ഞുവോ — നാടിന്റെ
മംഗളങ്ങൾ മുളച്ചുവോ സോദരാ?
നിങ്ങൾ പശ്ചാത്തപിച്ചുവോ.... ജീവിത
സംഗരങ്ങൾ നിലച്ചുവോ സോദരാ?...."

വെമ്പൽകൊണ്ടു വിളറിവിയർത്തയാ-
ളമ്പരന്നു പറഞ്ഞു പൊടുന്നനെ:
".....പൊന്നുകുഞ്ഞേ, യുഗങ്ങളെ വഞ്ചിച്ച
ദുർന്നയനായ നിന്നച്ഛനാണു ഞാൻ..."

*കേരളോപഹാരം 1124 (1948)*

ശവദാഹം

നാൽപതു വർഷങ്ങൾക്കുമുമ്പൊരു പുലർച്ചയി-
ലാപ്പുറമ്പരികിൽവച്ചദ്ദേഹം തമാശയായ്

ആ മാവിൻതൈ നട്ടുകൊണ്ടരുളീ: — "ചത്താലെന്നെ-
ത്തീപിടിപ്പിക്കാനുള്ള വിറകിന്നാണീക്കൃഷി."

ആരാരുമറിഞ്ഞീല വത്സരംതോറും വളർ-
ന്നാവാക്യമൊരു നഗ്നസത്യമായ്ത്തീരും കാര്യം.

പട്ടടകൂട്ടാനുള്ള തിരക്കാണാ വീടിൻെറ
കെട്ടിനുള്ളിലെയൊരു മൂലയ്ക്കാണിഗ്ഗദ്ഗദം!

മററാരുമുണ്ടായീലപ്പുത്രസമ്പന്നനൊ-
രിററു കണ്ണീരാൽപ്പോലുമുദകക്രിയ ചെയ്‌വാൻ!

വെള്ളിമീശകൾ കാടുകെട്ടിയ മുഖത്തുന്തി-
ത്തള്ളിയ പൈശാചിക മന്ദഹാസവുമായി

തൻപതിയുടെ വൃദ്ധശുഷ്കമാം മുഖം, മൂടി
മുൻപിലങ്ങനെ കാണ്കെ മുത്തശ്ശി കരച്ചിലായ്:

"...ആരിനി വഴികാട്ടും കൈപിടിച്ചദ്ദേഹത്തെ-
യാവഴിക്കവലകളിരുളിൻകൂടാണെങ്കിൽ

തനിയേ തപ്പിത്തപ്പിപ്പോകുവാൻ കഴിവില്ലാ-
ത്തനുവിൽ തളർവാതം പോരെങ്കിൽക്കുരുടനും.

മക്കളുണ്ടവററകൾക്കാഹ്ലാദം; പിതൃസ്വത്തിൽ-
പ്പുക്കൊരു വഴക്കിനു കാത്തുനില്പാണക്കൂട്ടർ!

എങ്ങനെ സഹിക്കുവാൻ? ജീവിക്കാൻ? തകർന്നുപോ-
യിങ്ങെനിക്കെല്ലാ, മെല്ലാ, മിരുളാണങ്ങോളവും!

വരുന്നൂ, വരുന്നുണ്ടാ ദ്രോഹികളദ്ദേഹത്തെ
വരിഞ്ഞുമുറുക്കുവാൻ, പട്ടടത്തീയിൽത്തള്ളാൻ!

മതി, മക്കളേ, നോവും, നോവുമച്ഛനു, നിങ്ങൾ-
ക്കിതിലും കനിവില്ലേ? ഞാനൊന്നു നോക്കിക്കോട്ടെ!

അസ്ഥിയും തൊലിയുമാണിദ്ദേഹം; മാങ്കൊമ്പുക-
ളത്രമേലടുക്കൊല്ലേ...തീവെയ്പും കഴിഞ്ഞെന്നോ?

മുൻപടുക്കളയിൽവച്ചൊരു തീപ്പൊരി വീണാൽ
നൊമ്പരം സഹിക്കി; — ല്ലാത്തനുവിൽ തീയാളുന്നു.

ശ്രദ്ധവച്ചുവോ നിങ്ങൾ? ബോധക്കേടാവാം രോഗ-
ശക്തിയാൽ...ഇനിയെങ്ങാനുണർന്നാ, ലനങ്ങിയാൽ?"

വെറുതേ പുലമ്പുന്ന തള്ളയെനോക്കിച്ചിരി-
ച്ചൊരുവൻ ചോദിക്കയാ: ണെന്തിനീക്കണ്ണീർവാർക്കൽ?

തന്ത പോയെങ്കിൽപ്പോട്ടേ; മക്കളില്ലയോ ഞങ്ങ,-
ളന്ത്യശുശ്രൂഷയ്ക്കമ്മയ്ക്കരികത്തെല്ലായ്പോഴും!"

വീർത്ത കുമ്പയുമായിട്ടച്ഛന്റെ മുറിയിൽനി-
ന്നാർത്തോടിക്കിതച്ചു വേർത്തമ്പരന്നങ്ങോട്ടെത്തി,

മൂത്തവൻ ചോദിക്കയാണമ്മയോ "ടെങ്ങാണമ്മേ,
പൂഴ്ത്തിവച്ചതാത്തന്ത സൂക്ഷിച്ച താക്കോൽക്കൂട്ടം?"

*പരിഷദ്ദ്വൈമാസിക ചിങ്ങം-വൃശ്ചികം 1124 (194*

# ഞങ്ങളുടെ സ്വപ്നം

വടിയും കുത്തിക്കുത്തി
　　വിൺപഥങ്ങളിലൂടെ
നടകൊള്ളുമാപ്പടു-
　　വൃദ്ധനെക്കാൺകെക്കാൺകെ,

പട്ടുടു,ത്തുടലാകെ-
　　ച്ചന്ദനം പൂശി, സ്വർണ്ണ-
ക്കട്ടിമാലകളിട്ട
　　ദേവകൾ ചിരിച്ചുപോയ്!

മുട്ടുകൾ മറയാത്ത
　　പരുപ്പൻമുണ്ടും, നാടിൻ
മുക്തിയിൽ വികസിച്ച
　　മന്ദഹാസത്തിൻ ചെണ്ടും

ജീവകാരുണ്യത്തിൻെറ
　　വിരിമാർത്തട്ടും മർത്ത്യ-
ജീവിതവികാസങ്ങൾ
　　കാണുന്ന കൺപൂമൊട്ടും,

മാറിലായ് മതബ്ഭ്രാന്തു
　　തുപ്പിയ വെടിയുണ്ട
കേറിയ മുറിപ്പാടിൽ
　　രക്തചന്ദനച്ചാർത്തും,

അങ്ങനെയന്തിത്തെന്നൽ
　　പങ്കവീശുമ്പോൾ, സ്വർഗ്ഗ-
ഗംഗതൻ കരയിലാ
　　വെൺമണൽപ്പറമ്പിങ്കൽ,

ആ 'മനുഷ്യ'നെക്കാൺകെ-
　　പ്പെൺകൊടികളുമായി-
ട്ടാവഴിക്കിറങ്ങിയ
　　ദേവകൾ ചിരിച്ചുപോയ്!

2

ഒരു നാൾ വിറച്ചുപോയ്
ദേവരാജനു, സ്വേച്ഛാ-
ഭരണം സമ്മാനിച്ച
കാഞ്ചനപ്പള്ളിച്ചെങ്കോൽ!

കാരണമെന്തെന്നല്ലേ?
കുനിയാൻ ശീലിക്കാത്ത
ഭാരതപാരമ്പര്യ-
സ്രഷ്ടാവുണ്ടവിടൊരാൾ!

അസമത്വങ്ങൾ തഴ-
ച്ചുയരും നാടാണതെ-
ന്നവിടുന്നറിഞ്ഞുപോയ്,
'സ്വർഗ്ഗമാ'ണതുപോലും!

എങ്ങനെ സഹിക്കുമാ
പ്രേമഗംഭീരൻ, നാടിൻ
മംഗളങ്ങൾക്കായ്ത്തന്നെ
പടവെട്ടിയ ധീരൻ.

3

വാനിലെ രാജാവിനോ-
ടാവൃദ്ധൻ ചോദിക്കയാ-
"ണീനില തുടരുവാ-
നാഗ്രഹിക്കുന്നോ നിങ്ങൾ?"

ആദ്യമാണിതുമട്ടി-
ലുള്ളൊരു ചോദ്യം, ദേവ-
സാദ്ധ്യതകളെ വെറും
മനുഷ്യൻ പുല്ലാക്കുന്നു!

അവിടെ പ്രജകള-
ന്നാദ്യമായറിഞ്ഞുപോ-
യവരൊക്കെയും സ്വേച്ഛാ-
ശക്തിതന്നടിമകൾ!

4

ആ വൃദ്ധമനുഷ്യന്റെ
മന്ദഹാസത്തിൻ മുന്നിൽ
ദേവകൾ കൈകൂപ്പുന്നു;
നേതാവാണവർക്കയാൾ!

ദൃപ്തമാമധികാര-
ശക്തിയോടവരെല്ലാ-
മൊത്തു ചേർന്നനുഷ്ഠിച്ച
ധാർമ്മികസമരത്തിൽ

ഗർവമാളിന ദേവ-
സമ്രാട്ടിൻ പ്രഭാവങ്ങൾ
സർവവും തകർന്നുപോയ്;
നാട്ടുകാർക്കായീ രാജ്യം!

സ്വാതന്ത്ര്യദിനത്തിലെ
'ജെയ്' വിളി ദൂരെ കേൾക്കായ്
പ്രീതരായുറക്കത്തിൽ-
നിന്നുണർന്നുവോ ഞങ്ങൾ?

വാർത്ത പത്രത്തിൽക്കാണായ്
മൊഴി വാങ്ങുകയാണു
'നാഥുറാമി'നെ മുന്നിൽ
നിർത്തിയന്യായാധിപൻ!

*കലാനിധി വാർഷികപ്പതിപ്പ്-ഒക്ടോബർ 1948*

## ദശാബ്ദങ്ങൾക്കുശേഷം

(—ആതിരനിലാവിലാ
      പ്പുഴവക്കത്തെ സ്വർഗ്ഗ-
മാധുരിയിണങ്ങിയ
      പഞ്ചാരമണല്ത്തട്ടിൽ,
ഓർമ്മകൾ പുതുക്കുന്നു
      മുത്തശ്ശി;-ചാരത്തിരു-
ന്നോമനമണിക്കുട്ടൻ
      കഥകേൾക്കുന്നു കൊഞ്ചി!
ആറ്റിലെക്കുഞ്ഞോളങ്ങൾ
      ക്കുണ്ടൊരു കണ്ണീരിൻെറ
പാട്ടുപാടുവാനെന്നു;-
      മെന്തതെന്നറിഞ്ഞീല!
നിശ്ശബ്ദം കനിഞ്ഞാറ്റു-
      വഞ്ചികൾ തലതാഴ്ത്തി
നില്ക്കുന്ന തീരങ്ങളിൽ
      പ്പൂങ്കുലകളുമായി)

കൊച്ചുമകൻ:-
      "അക്കഥമുത്തശ്ശിയ്ക്കോർമ്മയുണ്ടോ—നമ്മ-
      ളൊക്കെയടിമകളായിരുന്നോ?"

മുത്തശ്ശി:
      "പട്ടിണിയിട്ടു വലച്ചു നമ്മെ-
      ത്തട്ടിയെടുത്തവർ നാട്ടുടമ.
      ജോലിയി;-ല്ലുണ്ടായിരുന്നുവെങ്കിൽ
      ജോലിചെയ്യാനില്ലനുമതികൾ
      വല്ലതുംമിണ്ടിയാൽ...കൈവിലങ്ങും
      തല്ലും, തുറുങ്കും, കഴുമരവും!
      വെള്ളക്കാരായിടയ്ക്കെങ്ങുമെങ്ങും
      കൊള്ളനടത്തീ; വലഞ്ഞു നമ്മൾ
      പട്ടിണികൊണ്ടു മരിച്ചുവീണു
      പട്ടികൾപോലെ വഴിയരികിൽ!
      എന്നിട്ടുമെന്നിട്ടും വായ്പൊത്തി-
      ച്ചെന്നുനില്ക്കേണമവർക്കുമുന്നിൽ!
      അങ്ങനെ നമ്മൾ വലഞ്ഞവരാ-
      ണിങ്ങനെയായിരുന്നില്ല കുഞ്ഞേ!"

കൊച്ചുമകൻ:
"എങ്ങനെയന്നവരോടെതിർക്കാൻ-നാവു
പൊങ്ങീമഹാത്മാവിനത്രമാത്രം?
തൂക്കിലിടാഞ്ഞതെന്തെങ്കിലപ്പോൾ—അവർ
മൂർഖന്മാരല്ലേ, നയജ്ഞരല്ലേ?"

മുത്തശ്ശി:
"തൂക്കിലിടുകയോ, തീർന്നു കാര്യം
തൂക്കിലിടുകയോ ഗാന്ധിജിയെ?
നാട്ടിലിളകിയെതിർക്കുകില്ലേ
നാല്പതുകോടിയുമൊന്നടങ്കം?"

കൊച്ചുമകൻ:
"എന്തുകൊണ്ടെന്നിട്ടെതിർത്തില്ലാ-മത
ബ്ഭ്രാന്തു നിറത്തോക്കു നീട്ടിയപ്പോൾ?
നാട്ടിന്നടിമത്തം നീക്കിയിട്ടാ-സ്നേഹ
രാട്ടിന്നുനല്കിയ നന്ദിയല്ലേ!!

മുത്തശ്ശി:
"തീവെടിയുണ്ട കവർന്നെടുക്കി-
ല്ലാവിശ്വജേതാവിൻ ചേതനയെ!
ആ മതബ്ഭ്രാന്തന്നൊടുക്കുമാത്മ-
ജീവിതമാനമാണാചരിച്ചു!
നാമതിന്നങ്ങോട്ടെതിർത്തുപോയാ-
ലാമഹാത്മാവിന്നതിഷ്ടമാണോ?
തല്ലുവാനല്ല, തലോടുവാനാ-
ണല്ലയോ നമ്മോടരുളി നാഥൻ?

ഞാനിന്നുമോർക്കുന്നു;—വിശ്വവശ്യ-
മാണാമനോഹരമന്ദഹാസം!
മുട്ടുമറയാത്ത കൊച്ചുമുണ്ടും;
കുട്ടികളോടുള്ള രാഗവായ്പും..."

(-അരചാളിനകൂരി-
രുട്ടിനെത്തച്ചോടിച്ചി-
ട്ടൊരുനൂതനമായ
വെളിച്ചം പൂശിപ്പൂശി,
ചേലിലീ നാടിൻനിത്യ
നഗ്നതനീക്കാൻ, വെള്ളി
നൂലുകൾപാകീ, ദീർഘ
ദർശിയാം ശശിലേഖ!
ദശവർഷങ്ങൾക്കെല്ലാ
മപ്പുറത്തേക്കുനീണ്ട
നിശയിൽ, നെടുവീർപ്പാൽ
പ്പൊളിയവാനിൻനെഞ്ചിൽ,
ചക്രവാളത്തിൻ വക്കിൽ
നിന്നുയർന്നൊരു മഹാ-
ശക്തിപോലൊരുവെള്ളി
നക്ഷത്രം കതിർവീശി!-)

*കലാനിധി-കഥാമയസാഹിതിമാസിക, 1124 മകരം (1948)*

# ആ രാജഘട്ടിൽ

നീതികേടിൻെറ കഥകൾ പാടി
നീലയമുന പുളഞ്ഞൊഴുകി
അന്തിച്ചുകപ്പിൻ ഗഹനതയിൽ
ചിന്തകൾ കേറിക്കുഴഞ്ഞിരുന്നു!

'ആ രാജഘട്ടിലെ' വെണ്മണലിൽ
ആറേഴു കമ്പിവലകൾ കാണാം.
ഭാഗധേയങ്ങൾ വളഞ്ഞുകൂടീ
ലോകഗുരുവിൻ ചിതയ്ക്കു ചുററും!

2

ആരോ വരുന്നുണ്ടകലെനിന്നു-
മാമണൽത്തിട്ടിലേക്കോടിയോടി
അന്തിവെയിലിൻ നിറപ്പകിട്ടിൽ
അമ്പരന്നെങ്ങും പകച്ചുനോക്കി!

ചെമ്പൻതലമുടി കാററിലാടി
ചെങ്കനൽക്കണ്ണുകൾ കത്തിയാളി!
അങ്ങോട്ടു നോക്കിയാൽ ഞെട്ടിവീഴും
നിങ്ങളെക്കണ്ടയാൾ തെററിമാറും!

ഓടിക്കിതച്ചു തളർന്നു വാടി,
ആടിക്കുഴഞ്ഞു വിറച്ചുതുള്ളി.
കാലുറയ്ക്കാതയാൾ വീണുപോയി
കാലിടകൊണ്ടാ മണൽപ്പരപ്പിൽ!

മൂകഗംഭീരമാമന്തരീക്ഷം,
ശോകപരവശമായിരുന്നു!
അന്തിക്കു കണ്ട നിഴലുകൾ വ-
ന്നന്തസ്സിലങ്ങനെ നാടടക്കി!

3

നാളുകൾതോറും വളർന്നുവന്ന
നാടിൻെറ ശാപഗരിമപോലെ,
ചാടിയെഴുന്നേററലറുകയാ-
ണാടിമറിഞ്ഞൊരാ മർത്ത്യരൂപം—

"....എവിടെയാണു ഞാൻ? മാനവത്വത്തിൻെറ
ശവകുടീരത്തി—ലേകനായ്, ഭ്രാന്തനായ്!
എവിടെയാണു ഞാൻ?.....പാരതന്ത്ര്യത്തിൻെറ
കടപുഴക്കിയ ദേശികൻ ഭസ്മമായ്!

ഒരു കുലദ്രോഹിയാണു ഞാൻ നാടിൻെറ
പെരുമയൊക്കെത്തകർത്തവനാണു ഞാൻ!
മഹിതമാനവസംസ്കാരകേന്ദ്രമേ
മറിവുകാട്ടി ഞാൻ നിന്നെത്തുലച്ചുവോ?
തലമുറകളിൽത്തീവിഷം തേയ്ക്കുവാൻ
തലമുറിച്ചുവോ ഭാരതത്തിൻെറ ഞാൻ?
ശരണമില്ലെനിക്കെങ്ങും, വലഞ്ഞു ഞാൻ
മരണ, —മപ്പുറം നാരകത്തീക്കളം!

മത, — മെനിക്കെത്ര വെള്ളിനാണ്യങ്ങൾതൻ
മണിമലരുകൾ നൽകി മയക്കിയോ,
മത, —മതിൻെറ മുടിവാഴ്ച നീളുവാൻ
മഹിതമാനവരക്തം കൊടുത്തു ഞാൻ —!

മതി, മതി, മതഭ്രാന്തരെ, നിങ്ങൾതൻ
വിധിനടത്തലാ, — ണയ്യോ; നശിച്ചു ഞാൻ!
മരണ; —മില്ല, —മരിക്കേണ്ട, — നാഥൻെറ
മധുരഗാനങ്ങൾ കേട്ടു നിൽക്കട്ടെ ഞാൻ!

അവിടെ രക്തം തെറിക്കുകയാണതാ,
ഭവുകകേന്ദ്രമേ, ഞാൻ നിൻെറ ഘാതകൻ!
തലതിരിഞ്ഞു മുഴുഭ്രാന്തനായി ഞാൻ, —
തലമുറകൾക്കു പാഠമായ്ത്തീർന്നു ഞാൻ!
ഇവനെയൊന്നു തലോടുമോ — ജീവിത
ഭവുകഗായകാ നീയുണർന്നൊന്നിനി?...."

കണ്ണു തുറന്നു ഞാൻ; കണ്ടതേതോ
വർണ്ണം പിടിച്ച കിനാവു മാത്രം!

*ചേർത്തലനിന്നും സിറിയക്ക് കണ്ടത്തിലിൻെറ
പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ച 'കേരളദീപം' മാസികയുടെ
1948 ജൂലൈ ലക്കത്തിൽ വന്നത്.*

## രാജേന്ദ്രരക്തം

പത്രപംക്തിയിലന്നാ
    വാർത്ത വായിക്കെ;ക്കണ്ണീ-
രിത്തിരി പൊടിഞ്ഞില്ലേ,
    പട്ടാളത്തലവന്നും!

നാടിൻെറ മരവിച്ച
    ജീവനാഡികൾക്കുള്ളിൽ-
ക്കൂടിയും പ്രതികാരം
    ചോര പായിച്ചൂ വേഗം!

അന്തസ്സിലധികാര-
    ത്തിന്നു തൻ ചുവട,ഷ്ട-
ബന്ധമിട്ടുറപ്പിക്കാൻ, —
    മുടിവാഴ്ചകൾ നീളാൻ, —

വേണമായിരുന്നിതാ
    ജീവിതക്കുരുന്നിൻെറ
പ്രാണശോണിതംപോലു-
    മായിട,യ്ക്കവസാനം!

ഓർക്കുവാൻ കഴിയുമോ
    വായനക്കാരേ, നിങ്ങൾ-
ക്കാക്കൊടുംകൊലയുടെ
    വേതാളനടനങ്ങൾ?

ലാത്തികൾ, തുറുങ്കുകൾ,
    തോക്കുക,—ളധികാര-
സ്വാർത്ഥത നടമാടും
    നാട്ടിലെ സമ്പത്തുകൾ!

അവിടെ കുരുത്തതി-
    ലത്ഭുതപ്പെടാനെന്താ-
ണടരിന്നൊരുമ്പെടു-
    മായിരം രാജേന്ദ്രന്മാർ?

നെററിയി,ലുണങ്ങാത്തൊ-
    രാ മുറിപ്പാടിൽ ചോര
വററിയി; — ല്ലൊരു വെടി-
    യുണ്ടതൻ ജയോന്മാദം!

അവിടെ മരുന്നുവെ-
ച്ചാശ്വാസിപ്പിക്കെ, ഡാക്ടർ-
ക്കറിവു,ണ്ടതു വീണാ-
ക്കൈത്തലം പൊള്ളിക്കാണും!

'പേട്ട' യിലലിഞ്ഞലി-
ഞ്ഞുൾച്ചേർന്ന 'രാജേന്ദ്ര'ൻെറ—
നാട്ടുകാരുടെ പൊന്നു-
കുഞ്ഞിൻെറ — ജീവശ്വാസം,

ധർമ്മകാഹളമൂതി-
ജീവിച്ചുപോരുന്നില്ലേ,
നമ്മളിലെന്നും ചോരയ്-
ക്കുണർവും ചൂടും നൽകാൻ!

ചെന്നിണച്ചുവയാളും
'വയലാറി'ലെശ്ശവ-
ക്കുന്നുകളുണർന്നുയിർ-
ക്കൊള്ളുമ്പോളൊരുനാളിൽ

ജീവത്താമൊരു പിഞ്ചു-
പൈതലിൻ ഹൃൽസ്പന്ദങ്ങ-
ളാ വയസ്യർതൻ കൈയ്ക്കു
പിടിക്കാനങ്ങോട്ടെത്തും!

നാളത്തെസ്സംസ്കാരത്തിൻ
കന്മതിൽ കെട്ടിപ്പൊക്കാൻ
നാടിൻെറയടിത്തറ
കുതിർന്നതേതൊന്നാലോ,

'പേട്ട'യിലുതിർന്നൊരാ
'രാജേന്ദ്ര'യുവരക്തം
നേട്ടമായ്, വേണാടിൻെറ
കരളിൽക്കലരട്ടേ!

*കേരളകൗമുദി ഓണം വിശേഷാൽ പ്രതി 1948*

യന്ത്രശാലകൾ തീപ്പുക തുപ്പും
ഇന്ദ്രജാലങ്ങൾ കണ്ടുവോ നിങ്ങൾ
നീളെ വൈദ്യുതദീപലക്ഷങ്ങൾ
ആളുമുജ്ജ്വലചൈതന്യലോകം!

വാർമഴവില്ലൊളികൾ പുലർത്തി
വാനുരുമ്മുന്ന രാജസൗധങ്ങൾ
അഭ്രഖണ്ഡങ്ങൾമാതിരി മിന്നും
അപ്സരസ്സുകൾ, രോമഹർഷങ്ങൾ!
പൊന്നുകൊണ്ടു പൊതിഞ്ഞവയാണാ
കിന്നരികൾതൻ തേൻമാർക്കുടങ്ങൾ!
നിങ്ങളങ്ങോട്ടടുത്തുപോ, മേതോ
മംഗളാത്മകഗന്ധർവ്വലോകം!

ആളുകളുണ്ടവിടെയനേകം
ആ നഗരം നയനാഭിരാമം!
രണ്ടു കാശിന്നു കൈക്കുമ്പിൾ നീട്ടാൻ
തെണ്ടികളില്ലവിടൊരേടത്തും!
ആവലാതിയുംകൊണ്ടടുത്തെത്താ-
നാവഴിവക്കിലാരുമില്ലെങ്ങും!
നിങ്ങളങ്ങോട്ടടുത്തുനിന്നേക്കാം
മംഗളങ്ങൾതൻ മാധുരിയല്ലേ?

2

ഉണ്ടവിടെയും ദുഃഖങ്ങൾ, നിങ്ങൾ-
ക്കുള്ളിലിപ്പൊഴേ തീകത്തലാണോ?
രാവൊരൽപം കഴിയട്ടെ, കാണി-
ല്ലാ വിളക്കുകൾ ഗാനം നിലച്ചാൽ!
എ—ന്തതും സംഭവിച്ചുവോ, ചുററു-
മന്തരീക്ഷം കറുത്തിരുണ്ടെന്നോ?
പാഴ്ചുരുളിരുൾച്ചാർത്തിലായ് വേഗം
പാട്ടു നിർത്തിയ ഹർമ്മ്യാവലികൾ
എങ്ങുമെങ്ങും കിളരുന്നു, —കേട്ടോ
നിങ്ങൾ — തീവിശപ്പിൻ ഞരക്കങ്ങൾ?
പട്ടണമാ, — ണിരുട്ടിയാൽ പിന്നെ
പട്ടടയുടെ ശൂന്യതമാത്രം!

തെല്ലകലെ കിഴക്കൊരു പച്ച-
പ്പുല്ലണിക്കുന്നു കണ്ടുവോ നിങ്ങൾ?
ചാരുചാമരപാളിയുമായി
കേരവൃക്ഷങ്ങൾ നിൽപുണ്ടവിടെ
ശ്യാമസുന്ദരശഷ്പദുകൂല-
ച്ഛരായകളിൽ കസവുകൾ നെയ്യാൻ
കാട്ടുകുന്നിൻ മറവിൽനിന്നെന്തോ
കാഴ്ച കാണുന്നു പഞ്ചമിച്ചന്ദ്രൻ!

നിങ്ങളങ്ങോട്ടു ചെന്നൊന്നു നോക്കൂ
രംഗമാകെ മറിഞ്ഞുപോയില്ലേ?
പട്ടണത്തിലെ പട്ടിണിയൊക്കെ
മുട്ടുകുത്തിത്തൊഴുതു നിൽക്കുന്നു!

അത്ഭുത, — മൊരു കാവ്യാത്ഭുതമു-
ണ്ടസ്ഥലത്തിങ്കലസ്തമിക്കാതെ!
കാടുകളിലൊളിച്ചു കളിച്ചും
പാടി നാണിച്ചു പൊട്ടിച്ചിരിച്ചും
ഇന്ദ്രനീലം കലക്കിയപോലാ
കുന്നിലുണ്ടൊരു പൂഞ്ചോല ചേലിൽ!
കാവ്യസുന്ദരശാലീനശാന്തി
കാണണം നിങ്ങൾ നാട്ടിൻപുറത്തിൽ.

ആ മനോഹരശാന്തതയിങ്കൽ
രോമഹർഷങ്ങളിക്കിളിചേർക്കെ
ആ വനവേണുഗാനലയങ്ങൾ
ആരിൽനിന്നോ പതിവുപോൽ കേൾക്കാം!

അന്തരീക്ഷവും നിങ്ങളും തമ്മിൽ
അങ്ങനെ പുണർന്നൊന്നായി നിൽക്കെ,
ചിററലകൾ ചുരുട്ടും നിലാവിൻ
ചിത്രവേലകൾ തെല്ലിട നിൽക്കെ,
ആ സ്വരരാഗമേഖലയിങ്കൽ
വിശ്വമൊട്ടുക്കലിഞ്ഞു ലയിക്കെ
കൂരിരുട്ടിൻ പ്രതിഷേധയോഗം
കൂടിയപാടനങ്ങാതെ നിൽക്കെ
തീവിശപ്പിൽ വരണ്ടു ദഹിച്ച
ജീവിതങ്ങളുണർന്നെഴുന്നേൽക്കെ
പൂനിലാവിൻ ഗഹനതയിങ്കൽ
പൂ വിതറവേ, പൂത്താരകങ്ങൾ
മഞ്ഞുമുത്തുകൾ കോർത്തുകോർത്തോരോ
കുഞ്ഞുമാലകൾ കാടുകൾ തീർക്കെ,
പച്ചിലകളിൽ സംഭരിച്ചെങ്ങും

പട്ടുപൂക്കൾ പനിനീർ തളിക്കെ,
ആ മനോഹരഗാനം നിലച്ചു,
പോയ്മറഞ്ഞൊരു പൊൻപരിവേഷം!

വിങ്ങിവിങ്ങിക്കരഞ്ഞുപോയ് നാടിൻ
മംഗളങ്ങൾ പറന്നകന്നപ്പോൾ
തെണ്ടികളും ധനികരുമെല്ലാം,
പണ്ഡിതന്മാരും പാമരന്മാരും
"........എങ്ങു പോയ് പാടിയാടിനടന്ന
മംഗളക്കുരുന്നാക്കാട്ടിടയൻ?
എങ്ങുപോയ് മണിവീണയുമായി-
ട്ടെങ്ങു പോയിതാ സംഗീതലോലൻ?"

വാനിലുണ്ടൊരു വെള്ളിനക്ഷത്രം
ഗാനമാണതിൻ ചേതനപോലും!
പൊന്മുകിലുകൾ കേട്ടുനിൽക്കാറു-
ണ്ടമ്മധുരഹൃദയസംഗീതം!

*മനോരമ ആഴ്ചപ്പതിപ്പ് ഒക്ടോബർ 31, 1948*

# വിധിപോലും!

"അവിടുത്തെ വരവിപ്പോ-
ളെവിടുന്നാണാവോ?"
അവൾ വീണ്ടും ചോദിച്ചി-
ട്ടതിനില്ലൊരുത്തരവും!

ഒരു പുല്ലുവട്ടിയുമരിവാളുമായവൾ,
വയലിൽനിന്നന്നത്തെപ്പണിനിർത്തി വന്നപ്പോൾ
കുടിലിൻെറ പഞ്ചാരമണൽമുററത്തെന്തിന്നോ,
വടിയൂന്നി നിൽക്കയാണൊരു വൃദ്ധയാചകൻ!
ചുളിവീണ നെററിയും കഥ പറയും മിഴികളും,
കവിളെല്ലിൽക്കാടുപോൽ വളരുന്ന മീശകളും.....
പരിചിതമല്ലാ വേഷം, പലവട്ടമവളോർത്തു!
മാറത്തെച്ചെളിമുററിയ മേൽമുണ്ടിൻതുമ്പുകളാൽ,
കണ്ണൊപ്പി, കണ്ണൊപ്പി, കഥകൾ പറഞ്ഞാ വൃദ്ധൻ:
"അറിയില്ലേ നീയെന്നെ, —ചിരുതേടെ മകളല്ലെ?
ഒരുകാല, —ത്തേറെയില്ലൊരുവർഷത്തിനു മുമ്പേ,
പുരകെട്ടി നീ പാർത്ത തറയില്ലേ — തെല്ലകലെ?
അവിടെനിന്നുടമസ്ഥനധികാരത്തള്ളലാൽ
നിന്നെയടിച്ചോടിച്ചതിന്നോർമ്മയില്ലെന്നോ?
മറവികളിൽ മായുമോ മരണംവരെയാ രംഗം?
അവശനായീനിലയിലിവിടേക്കു വന്ന ഞാൻ,
നിർദ്ദയനാമന്നത്തെനിന്നുടയോൻ — നിൻ — 'തമ്പ്രാൻ'!"
പുലയിക്കു കരയണം, തലതല്ലിക്കരയണം —
പുലയൻെറ മുററത്തു നിന്നാലോ 'വല്യമ്പ്രാൻ?'
പാടത്തെ വരമ്പത്തെ പാതയിലാ വഴിപോക്കർ,
ചിരിപൊട്ടിച്ചിരിപൊട്ടിപ്പറയുന്നതു കേൾക്കണ്ടേ?
"മുച്ചൂടും തീറെഴുതി മുതലെല്ലാം തീർന്നപ്പോൾ
പുലയൻെറ മാടത്തിൽ പൊറുതിക്കും വന്നെന്നോ?
ഒരു കാലത്തവളുടെ പുര ചെന്നു തീവെച്ച
ദുരമൂത്ത കൈകൊണ്ടാണിരതെണ്ടുന്നതു ദൂരെ?

വിധിപോലും! വിധിപോലും!
'വിധി' യെന്നാണിതിനും പേർ
ചുണയില്ലേ പുലയിക്കാ
ചെകിടൊന്നു പൊട്ടിക്കാൻ......"

*ദീപിക തിരുനാൾ വിശേഷാൽപ്രതി ഒക്ടോബർ 31, 1948*

# നരകത്തിൻെറ നാളുകൾ

അാ മലങ്കാട്ടിൽ, മരംകോച്ചുമാറുള്ള
പാഴ്മഞ്ഞു മൂടിയ കൊച്ചുകുന്നിൻപുറം
ഞാനതിന്മീതേ കഴിച്ചുകൂട്ടീലയോ
തീനരകത്തിൻെറ നാലഞ്ചു നാളുകൾ.

ചുററും ഭയാനക, മേകാന്തശൂന്യത
മുററിത്തഴച്ചോരിരുൾച്ചുരുൾക്കാടുകൾ
ഞാനെന്തിനങ്ങെത്തി? നിങ്ങൾ ചോദിക്കേണ്ട
നാണമാണിന്നുമാക്കാര്യം കഥിക്കുവാൻ!

പണ്ടത്തെ നാളുകൾ, അൽപമോർക്കട്ടെ ഞാൻ
രണ്ടു നിമേഷമാണെൻ ജീവിതാവധി
കോരിക്കുടിക്കുന്നു, തിന്നുന്നു, പട്ടിണി
ചോരയുമെല്ലും, ഞരമ്പു, മെൻ മജ്ജയും.
ഞാനിതേനാൾവരെയെന്തെന്നറിയാത്ത-
താണുള്ളിലാളും വിശപ്പിൻെറ ചേഷ്ടകൾ
ഒട്ടി ഞൊറിഞ്ഞു മരച്ചു കൈകാലുകൾ —
പൊട്ടിക്കരഞ്ഞു ഞാ; — നാരുണ്ടു കേൾക്കുവാൻ?
ഇന്നലെക്കൂടി ഞാൻ പൂജിച്ചു മാനിച്ച
സ്വർണ്ണനാണ്യങ്ങളുണ്ടെൻ ചുററുമിപ്പൊഴും.
ഇന്നവയെൻെറയെതിരാളിയോടൊത്തു
നിന്നെന്നെ നോക്കിപ്പരിഹസിക്കുന്നുവോ?

ദൂരത്തൊരേടത്തു വള്ളികൾക്കുള്ളിൽനി-
ന്നാരക്തനേത്രങ്ങൾ രണ്ടു ഞാൻ കണ്ടുവോ?
പേടിച്ചിറുക്കിയടച്ചുപോയ് കണ്ണുകൾ
ഓടിയെത്തുന്നു നരകപ്പിശാചുക്കൾ!

ഇല്ല കൈകാലുകൾക്കില്ല ജീവത്വ,മെൻ
വല്ലാത്ത മസ്തിഷ്കമില്ലതും നിന്നുപോയ്!
ഓർമ്മയില്ലൊന്നും മരിച്ചു ഞാൻ ചോരയിൽ
കാർമേഘമേഖല മുങ്ങിപ്പുതഞ്ഞുപോയ്.

ചന്ദനക്കാടിൻെറ രോമഹർഷങ്ങളെ
പൊന്നുടുപ്പിക്കുമോ കാലങ്ങൾ നാളെയും?
എൻ കഥ കേൾക്കുവാൻ നിങ്ങൾക്കു മോഹമു-
ണ്ടെങ്കി, — ലാരോടും പറയാതിരിക്കണേ!

ആ നവ്യമാദകസമ്പന്നജീവിത-
മാനഗരോത്സവപ്രൗഢസമ്മേളനം
ഞാനതിൻ മാസ്മരികാനുഭവങ്ങളെ
മാനിച്ചുപോന്നു പണത്തിൻെറ തള്ളലാൽ.

അന്നൊരുനാളെൻ കരളിൻപടിക്കൽ വ-
ന്നൊന്നെത്തിനോക്കീ വസന്തം മദാലസം
മൊട്ടിട്ടുനിന്ന മധുരപ്രതീക്ഷകൾ
കെട്ടിപ്പൂണർന്നൂ; മറന്നു ഞാൻ സർവ്വവും!
ഓമൽക്കിനാവുകളാകാരമാർന്നുള്ള
മാമകമാദകസ്വർഗ്ഗാനുഭൂതികൾ
എൻകളിത്തോഴിയോടൊത്തുമേളിച്ചൊരാ
സങ്കൽപവേദികൾ, കോരിത്തരിച്ചു ഞാൻ!
സ്വപ്നങ്ങൾ കാണിക്കവച്ചുകൊണ്ടങ്ങനെ
സ്വർഗ്ഗങ്ങൾ ദൂരെയെതിരേററു നിൽക്കവേ
നിങ്ങൾ പുകഴ്ത്തും 'മധുവിധു' വില്ലയോ
ഞങ്ങൾക്കു തന്നെന്തൊരുന്മാദമണ്ഡലം!

കണ്ടു ഞാൻ, പാഴിരുൾപ്പായ് നീർത്തുവാൻ മലർ-
ച്ചെണ്ടുമായന്തികൾ വന്നതും പോയതും!
ഇല്ല, കണ്ടില്ല ഞാൻ, പട്ടുടയാടകൾ-
ക്കുള്ളിൽപ്പൊതിഞ്ഞ കരിങ്കാറണികളെ!

എന്നിട്ടുമക്കഥ ഞാൻ പറഞ്ഞി; — ല്ലെൻെറ
സുന്ദരസ്വപ്നങ്ങൾ ഞെട്ടിയ സംഭവം
എന്നെച്ചതിച്ചൂ; പുളകങ്ങൾ പൂശിച്ച
പൊന്നുടൽ — അയ്യോ, കുലദ്രോഹിയാണവൾ!
ആ വാസ്തവം ഞാൻ പറയാം; കുടിച്ചു ഞാൻ
തീവിഷച്ചാറിനെപ്പെമ്പാലമൃതമായ്!
എന്നെക്കുടിപ്പിച്ചു ബോധംകെടുത്തിയി-
ട്ടെന്നെയെറിഞ്ഞു മലങ്കാട്ടിലേക്കവൾ!
വഞ്ചകിയാണവൾ — തീവിഷം തേച്ചൊരീ
പുഞ്ചിരി! — അയ്യോ! ഭയന്നു ചൂളുന്നു ഞാൻ!

*മനോരമ ആഴ്ചപ്പതിപ്പ്-ഒക്ടോബർ 31, 1948*

## ഭ്രാന്താശുപത്രിയിൽ

"കത്തികൾ കണ്ടോ നിങ്ങ,-
ളീമട്ടിലെനിക്കുള്ള
തെത്രയാണെന്നോ, വെട്ടി-
ത്തിളങ്ങും കഠാരകൾ?
ചിരിച്ചു ചിരിച്ചിനി-
ത്തൊണ്ണ പൊട്ടല്ലേ ഞാനും
ചിരിക്കു —മതുവന്നു
നിങ്ങളെ ഞെക്കിക്കൊല്ലും.
പിഞ്ചു പൈതലുകളേ,
നിങ്ങൾ കേട്ടിരിക്കയി-
ല്ലെൻ ചിരി — യതിലുണ്ടോ-
രുഗ്രമാം പ്രതികാരം
അല്ലല്ല, രക്തം തുപ്പി-
പ്പിടയ്ക്കും മകനെക്ക-
ണ്ടല്ലലാൽ വെന്താളിയ
പിതൃത്വം ഞെട്ടും ഞെട്ടൽ!
വരുമോ കുഞ്ഞുങ്ങളേ,
നിങ്ങളെന്നരികത്തേ-
ക്കൊരുമാത്ര ഞാൻ കണ്ടു
കൺകുളുർത്തോട്ടേവേഗം
നിങ്ങളെപ്പുണർന്നൊന്നു
നിർവൃതിക്കൊള്ളട്ടേ ഞാൻ...
ഇങ്ങനെ പേടിച്ചാലോ
നിങ്ങൾക്കും പിരാന്തുണ്ടോ?
എന്മകൻ മരിക്കുമ്പോൾ....
വേണ്ട മക്കളേ, നിങ്ങ-
ളമ്മണൽപ്പരപ്പിലൊ-
ന്നിരുന്നാലെല്ലാം കേൾക്കാം.
പേടിയാവുന്നു പേടി....
ചെഞ്ചോരയുടുപ്പുമാ-
യോടിയെത്തുന്നു ദൂരാ-
ലെന്മകൻ —പ്രേതം പ്രേതം!
എവിടെപ്പോയീ നിങ്ങ-
ളോമനകളേ, വീണ്ടു-
മിവിടേക്കെന്നാണിനി
നിങ്ങൾതൻ വരവയ്യോ!

വരുന്നു വരുന്നുണ്ടാ പ്രേത,-
മെൻ കൈവാൾ കണ്ടു
പരുങ്ങിപ്പോകുന്നുവോ—
വാ കുഞ്ഞേ, ഞാനാണച്ഛൻ
അല്ലല്ല — നിൻഘാതകൻ,
ഞാൻ തെററിദ്ധരിച്ചുപോയ്,
അല്ലെങ്കിലച്ഛൻ കൊന്ന
മക്കൾതൻ കഥയുണ്ടോ?
"ഡാക്ടറേ, ചികിത്സ വേ-
ണ്ടെൻ ചിത്തഭ്രമത്തിന്നു
മാററമി — ല്ലല്ലായ്കിലെൻ
കുഞ്ഞിനെജ്ജീവിപ്പിക്കൂ.
ആശുപത്രിയിലെയി
ജ്ജീവിതം —മടുത്തു ഞാ-
നാശകൾ തകരുന്നു....
മരണം, —മരിക്കും ഞാൻ
ദേശസഞ്ചാരം കഴി-
ഞ്ഞന്നൊരു പന്തീരാണ്ടിൻ
ശേഷമാണവിടേക്കു
ഞാൻ ചെന്നതൊരു രാവിൽ
മകനെക്കണ്ടൊന്നുമ്മ
വയ്ക്കണെ, — മെന്നോർമ്മയി-
ലവനന്നൊരു പിഞ്ചു-
പൈതലായിരുന്നില്ലേ?
എൻ പ്രിയതമയെ ഞാ
നാദ്യമായ്ക്കാൺകെത്തെല്ലൊ-
ന്നമ്പരന്നുപോയ്,കോപം
കൊണ്ടു ഞാൻ തുള്ളിപ്പോയീ!
എങ്ങനെ സഹിക്കുവാൻ...?
അവളെത്തൻ കാമുക-
സംഗമോത്സവമാളും
ഭാര്യയെ—ക്കാന്തൻ കണ്ടാൽ?
എന്മകൻ... ഓർമ്മിച്ചതേ-
യില്ല ഞാൻ; മകനുമാ-
യമ്മ നേടിയ വേഴ്ചയ്
ക്കില്ലില്ല രഹസ്യങ്ങൾ
സമുദായത്തിൻ ക്രൂര-
ക്രൂരമാം സദാചാര-
നിയമങ്ങൾക്കും കാണാൻ
കഴിഞ്ഞീലതിലൊന്നും
ഞാനെന്തു ചെയ്യേന്നല്ലേ?
ചിന്തകൾ, വൃഥാവീര-
മാനിയാമെന്നിൽച്ചോര-
പ്പാച്ചിലുൾച്ചൂടേല്പിക്കെ

സാഹസം പ്രവർത്തിച്ചു;-
വയ്യെനിക്കോർമ്മിക്കാനാ-
സാഹസകൃത്യം —ചോര
കണ്ടു ഞാൻ ഞെട്ടിപ്പോയീ!
മകനെക്കൊന്നു തന്ത...
തൽപ്രതികാരം കാണാ-
മകലെപ്പകലന്തി
കുങ്കുമം പൂശാൻ പോയാൽ!
കടുംകൈ കാണിച്ചു ഞാൻ....
ചോര നക്കിയകത്തി
പ്പിടിയിൽ; — ഭ്രാന്താണെനി
ക്കിനി ഞാൻ മരിച്ചോട്ടേ!

*പ്രതിധ്വനി വിശേഷാൽപ്രതി*

"നായുകൾ, വേലക്കാരിലാരുമില്ലെന്നോ തല്ലി-
പ്പായിക്കാൻ; മുററത്തെത്തിക്കലമ്പും ശവത്തിനെ...?"
നേരമന്നുദിച്ചപ്പോൾ കാപ്പിയും കഴിഞ്ഞൊരു
ചൂരലിൻ കസാലമേൽ മലർന്ന ഗൃഹനാഥൻ,
നാവനക്കവേ, രണ്ടു ഭൃത്യരാപ്പാവത്തിൻെറ
നാറിയ തുണിക്കുത്തിൽ...., അവളാ സ്ഥലം വിട്ടൂ!

2

പാന്ഥരിൽ ചിലർ നോക്കിച്ചിരിച്ചൂ, കരൾ നീറി-
ത്താന്തയായ് വിഴിനീളെത്തെണ്ടുമാ യുവതിയെ!
പലതും പറഞ്ഞുറഞ്ഞാരെയോ ശപിക്കയാ-
ണലറിച്ചിരിക്കുമാ പ്രതികാരത്തിൻ രൂപം!
"വേശ്യയാണവൾ" — ആരോ തീർപ്പു കല്പിച്ചു; "വേശ്യ!
വേശ്യ"യെന്നാവർത്തിച്ചാൾ വീറുകൊണ്ടവൾ താനേ!
"തുലഞ്ഞാൽത്തുലയട്ടേ മർദ്ദിതമാമെൻ ജന്മം...."
തുടർന്നൂ പൈശാചികഗദ്ഗദം കരച്ചിലായ്:
"ആരുടെയധികാരപ്രാഭവം, ചാരിത്രത്തിൻ
കാരിരുമ്പഴി പൊളിച്ചെന്നെ വേശ്യയായ് മാററീ,
നിർദ്ദയൻ, ധനാഢ്യ,നാത്തസ്കരൻ നാളെക്കാണും
ദുർദ്ദിന; —മതാണെൻെറ നഗ്നജീവിത ചിത്രം!
എൻപുറം പൊളിച്ചതിൻ ചെന്നിണം വേണംപോലും
തൻപുകൾപ്പൂമേടയ്ക്കാ ദുഷ്ടന്നു ചായം പൂശാൻ!!...."!
"ഭ്രാന്തിയല്ലവൾ — " ഒരാൾ മന്ത്രിച്ചൂ: — "കുലീനത്വ-
മേന്തുമാമുഖത്തൊരു തീവ്രനൈരാശ്യം മാത്രം!"
"ഭ്രാന്തിഞാ"—നവൾ പാടീ: — "വേശ്യ! പാതകി! ഹാഹാ!
ഞാൻ തുറന്നെൻമാനസമന്യനെക്കാണിച്ചില്ലേ?"

3

സ്വപ്നങ്ങൾ! ഭയങ്കരസ്വപ്നങ്ങൾ! ഇരുളിൻെറ
വിപ്ലവം! നാലഞ്ചാറു ഞെട്ടിപ്പോയ് 'ദിവാകരൻ'!
മെത്തമേൽക്കിടന്നുഷ്ണിച്ചുരുണ്ടാനങ്ങി,ങ്ങല-
ച്ചെത്തുമാ മരവിച്ച കാററിൻെറ വായിൽപ്പോലും!

വെണ്ണിലാവടുത്തുള്ള പച്ചിലക്കാട്ടിൽപ്പുക്കു
വെള്ളിവാരൊളി തേച്ചു മിനുക്കും മുഹൂർത്തത്തിൽ,
കരൾ ഞെട്ടിക്കും ദീനമാമൊരു കരച്ചിലിൽ
ചുരുളിൽപ്പിടയ്ക്കയാ,ണൊരു പാപത്തിൻ ദൃശ്യം!

പേടിച്ചു വിറച്ചുപോയാ യുവാ,വേതോ നീച-
കോടിയിൽപ്പിറക്കേണ്ട നിഷ്ഠുരൻ താനെന്നൊക്കെ!
മായിക പ്രചോദനമൊന്നിനാൽക്കിതച്ചെത്തീ
മാരണരംഗത്തേക്കാ മർത്ത്യരൂപിയാം ചോദ്യം!
താനന്നു തല്ലിദൂരെപ്പായിച്ച പിച്ചക്കാരി
താനത്രേ തൻധാർഷ്ട്യത്തിൻ രക്തസാക്ഷിയായ്ക്കാണ്മൂ!
തിരിഞ്ഞു യുവാവിന്നു ചിന്തകൾ; — വർഷങ്ങൾക്കു
പിറകിൽത്തൻ പാപത്തിൻ നഗ്നമാം സ്മരണകൾ!

നീ, ചതിച്ചെന്നോ പണത്തള്ളലേ, ദാരിദ്ര്യത്തിൻ
നീടുററ ചാരിത്ര്യത്തെപ്പടവാൾപ്പൊളി വീശി?
അന്ത്യമാമൊരു വെന്ത നിശ്വാസമവിടെനി-
ന്നങ്ങുദൂരത്താ ശാന്തിഭൂവിലേക്കുയർന്നുപോയ്...!
ഉയിരററുടയോൻെറ മുൻപിലായവൾ വീണ്ടും;
ഉലകിൽ വെളിച്ചത്തിൽക്കാർനിര മറകെട്ടീ!

*കോഴിക്കോട് സർവകല*
*ജയകേരളം, സെപ്ററംബർ 4. 1948, പ*

# രാഗലീല

ആ കാട്ടാറിൻെറ ഹൃദയത്തിലേക്കുന്തി നില്ക്കുന്ന പാറക്കെട്ടിന് ആയിരമായിരം യൗവനവസന്തങ്ങളുടെ മധുരസ്മരണകൾ ഉണ്ടാവും. നിലാവിൽ നീന്തിത്തുടിക്കുന്ന കൊച്ചോളങ്ങളിൽ ശോകാത്മകമായ ഒരു ഗാനം അലിഞ്ഞുചേർന്നിട്ടുണ്ട്. കാട്ടുപൂച്ചെടികൾ വളർന്നിടതൂർന്നു നില്ക്കുകയാണാ ശിലാതലത്തിൻെറ ഒരു ഭാഗത്ത്. കിഴക്കൻമലയുടെ തോളിൽനിന്നൂർന്നു നീണ്ടുകിടക്കുന്ന പച്ചപ്പട്ടുപോലെ വീതികുറഞ്ഞ ഒരു വഴിത്താരയുണ്ട്. അതിലൂടെ സുധ ഓടിക്കുടുങ്ങി വരികയാണ്. മധു പെട്ടെന്നെഴുന്നേററിട്ട്,

മധു— എന്തിനിത്രനീ സുധേ, താമസിക്കാൻ?
സുധ— ചിന്തകളെന്നെ ഞെരിച്ചുകൊന്നു.
മധു — ചന്ദ്രനുമായിപ്പരിണയിക്കാൻ
ചിന്തകളെന്തിനാണിത്രയേറെ?
സുധ — അല്ലെങ്കിലാണുങ്ങൾ, നിങ്ങളെല്ലാം
കൊള്ളിവാക്കോതുന്ന കൂട്ടരല്ലേ?
മധു — ഇന്നലെ വീട്ടിൽവെച്ചേകിയില്ലേ
"ചന്ദ്രന്നു" നൂറുനൂറുമ്മകൾ നീ?
സുധ — (മുഖം വീർപ്പിച്ചു തിരിഞ്ഞു നിന്നുകൊണ്ട്)
ആരുടെ മംഗളസന്നിധിയിൽ
ആനന്ദലീനയായ് സല്ലപിക്കാൻ,
ആരുടെയാശ്ലേഷ നിർവൃതിയിൽ
ആറാടിയാടിയലിഞ്ഞു ചേരാൻ,
വീട്ടിലെല്ലാരുമുറങ്ങിയപ്പോൾ
കാട്ടിലേക്കേകയായോടിയെത്തി; —
പ്രാണനും പ്രാണനാപ്രാണനാഥ-
നാണെന്നെയേവമവിശ്വസിപ്പൂ....

(ഗദ്ഗദമാണ് ആ കുയിൽനാദത്തിന്നിടർച്ച വരുത്തിയത്)
മധു — കണ്ണുനീരെപ്പൊഴും വാർന്നൊഴുകും!
പെണ്ണുങ്ങളല്ലേ നയജ്ഞരല്ലേ?
ഞങ്ങളിതുകണ്ടു വിശ്വസിപ്പ —
തെങ്ങനെ, യൊന്നു നീയോർത്തു നോക്കൂ?

[കൊക്കുരുമ്മിക്കൊക്കുരുമ്മി
കൊച്ചരിപ്പിറാവിണകൾ
ആററുവക്കിൽപ്പച്ചയിട്ട
കാട്ടുകുന്നിൻ താഴ്‌വരയിൽ,
കൊഞ്ചിനീങ്ങിത്തോളുരുമ്മി
സഞ്ജനിതമുഗ്ദ്ധരാഗം,

പ്രേമഗീതകങ്ങൾ പാടി
ലീലയിൽപ്പറന്നുപൊങ്ങി.]

സുധ — (പരിഭവം നിറഞ്ഞ സ്വരത്തിൽ)
വിശ്വസിക്കേണ്ടെന്നെ; നിങ്ങൾപോയി
വിശ്രമിച്ചോളൂ; — വരില്ല മേലിൽ!
നീറി ഞാൻ, നീറിദ്ദഹിച്ചുകൊള്ളാം
നീളെയെൻ കൂട്ടർ ചിരിച്ചുകൊള്ളും.

[നീലവിണ്ണിൽ വെള്ളിമേഘ-
പാളികൾ പറന്നടുക്കെ,
ചന്ദ്രലേഖയാഞ്ഞു പുൽകി
മന്ദഹാസമുഗ്ദ്ധനായി.]

മധു — എൻ കൈവളപ്പിൻ തടങ്കലിൽ ഞാ-
നിങ്ങനെ നിർത്തും വരിഞ്ഞുനിന്നെ!
ഒന്നു ചിരിക്കൂ,... നനഞ്ഞുവല്ലോ
കണ്ണുനീർവീണിക്കസവുസാരി!!
ഇച്ചുരുൾക്കൂന്തൽ ഞാൻ മാടിമാടി
വച്ചുകെട്ടട്ടേ, മലരു ചൂടി?
പഞ്ഞിപോലുള്ളൊരിപ്പൂങ്കവിളിൽ
കുഞ്ഞുകുഞ്ഞുമ്മകൾ പൂവിരിക്കെ,
മുഞ്ഞി വീർപ്പിച്ചു നീ നിൽക്കയാണോ?
നെഞ്ചുയർന്നെന്താണടിപ്പതേവം?

സുധ — (പൂർവാധികം പരിഭവം അഭിനയിച്ചുകൊണ്ട്)
വിശ്വസിക്കേണ്ടെന്നെ, — നിങ്ങൾപോയി
വിശ്രമിച്ചോളൂ... വരില്ലമേലിൽ.

മധു — എന്തു സുധേ, കഷ്ടമിത്രമാത്രം,
നൊന്തുവോ നൊന്തുവോ നിൻഹൃദയം?
വല്ലതും മിണ്ടിയാൽ, വേദനിക്കാൻ
പൊള്ളയോ നിൻ ചിത്തമിത്രമാത്രം!
ഒന്നു ചിരിക്കൂ.... , സുധേ, നമുക്കാ
പൊന്നുപൂവൊക്കെപ്പറിച്ചെടുക്കാം.
ഞാനവകൊണ്ടൊരു മാലകെട്ടി...
— നാണമില്ലല്ലോ കിടന്നു കൊഞ്ചാൻ?
ഒന്നു ചിരിക്കൂ; കരച്ചിലിലും
മന്ദഹസിക്കയാണല്ലയോ നീ?

സുധ — (മധുവിൻെറ തോളിൽ തലചായ്ച്ചുകൊണ്ട്)
എൻകരൾനീറിച്ചുവേദനിപ്പി-
ച്ചിങ്ങനെ പൊട്ടിച്ചിരിച്ചുകൊണ്ടാൽ,
എന്താണതിലൊരു ഭാഗധേയം?
എന്താണതിലൊരു നാകസൗഖ്യം?

..............................................................

*മലയാളമനോരമ ആഴ്ചപ്പതിപ്പ് 1948 ഡിസംബർ*

# സതീർത്ഥ്യകൾ

'മാധുരി' ഞെട്ടിവിറച്ചുപോയ്-പണ്ടത്തെ
'മാലതി'യ്ക്കിത്ര പരിവർത്തനങ്ങളോ!
ദൂരെക്കടലുകൾക്കപ്പുറത്തുള്ളൊരു
ചാരുനഗരത്തിലേഴെട്ടുവത്സരം
ഭർത്താവുമൊന്നിച്ചുതൻ താമസം കഴി-
ഞ്ഞെത്തിയ മാധുരി കേട്ടതാണക്കഥ!

എങ്ങനെ വിശ്വസിയ്ക്കാനവൾ! പണ്ടത്തെ
മംഗളാദർശങ്ങൾ മണ്ണടിഞ്ഞേയ്ക്കുമോ!
സ്ത്രീത്വത്തിനെല്ലാമഭിമാനമുദ്രയായ്
മാത്രം വളർന്നവളാണുതൻ മാലതി!
തൻ പേർ ദുഷിപ്പിച്ചു തേവിടിപ്പെണ്ണെന്ന
തമ്പേറടിച്ചുവോ, പണ്ടത്തെ മാലതി?

അങ്ങകലത്തെ ചെറുകെട്ടിടത്തിലാ-
ണങ്ങനെ ശപ്തമാം നാടിൻതുടിപ്പുകൾ!
ആ രാത്രിതൻ കൊടുംകൂരിരുൾച്ചാർത്തിലാ-
ണാരഹസ്യങ്ങൾതൻ നഗ്നമാം നർത്തനം!
ആപ്പുരയ്ക്കുള്ളലനക്കങ്ങളു;ണ്ടറ-
ച്ചപ്പുറത്തേയ്ക്കൊന്നു നോക്കിനാൾ മാധുരി!
അന്നത്തെയാക്കളിത്തോഴിതൻ വീടതാ
തൻനാക്കു നീട്ടുന്നു മാംസദാഹത്തിനാൽ!

മുന്നിൽത്തലതാഴ്ത്തിനില്ക്കും സതീർത്ഥ്യയെ
ചെന്നു പുണർന്നൊന്നു ചോദിച്ചു മാധുരി:
"എൻ മാലതിയെന്തിനീവൃത്തികേടുകൾ,
ക്കിമ്മാതിരി... നിർത്തൂ; നിന്ദ്യമാണിത്തൊഴിൽ!"
ഞെട്ടി പിറകോട്ടു മാറി,പ്പിശാചിന്റെ
പൊട്ടിച്ചിരി ചിരിച്ചോതിനാൾ മാലതി
"എന്തു ചോദിച്ചു സഹോദരീ, -നീതന്നെ
വെന്തു ദഹിച്ചേയ്ക്കുമെൻ കഥ കേൾക്കുകിൽ!
ഒന്നൊഴിയാതെ പറയാം—പ്രതികാര
ചിന്തകളാളുന്ന തീജ്വാലയാണു ഞാൻ!
എൻ കലാപ്രേമം, നിനക്കറിയാം,മെന്റെ
മംഗളദിവ്യപ്രതീക്ഷകളൊക്കെയും!
പാരിനെത്തട്ടിയുണർത്തും കലയ്ക്കു ഞാൻ
പാടേ സമർപ്പിച്ചു മാമകജീവിതം!

ആയിടയ്ക്കെന്നെസ്സമീപിച്ചു നിത്യവും
ആയിരം വിശ്വകലാകാരരങ്ങനെ!
ഉന്നതകീർത്തി ബഹുമാനമുദ്രകൾ
ഉണ്ടായിരുന്നവരാണവരൊക്കെയും!
ഗായകന്മാർ, നടന്മാർ, വിശ്വസാഹിത്യ-
നായകന്മാർ, കലാസംഘപ്രവർത്തകർ...
ആക്കലാഭക്തരിൽക്കണ്ടീല ഞാൻ, പൊന്നു
വാക്കുകൾകൊണ്ടുള്ള ചെപ്പടിവിദ്യകൾ!
കണ്ടതേയില്ല, കലാപോഷണത്തിൻെറ
കർമ്മാത്മകതയിൽ മുൾപ്പടർപ്പന്നു ഞാൻ!
എന്തിനോർമ്മിയ്ക്കണം ഞാനാച്ചരിത്രങ്ങൾ...
എൻെറ ചാരിത്രം വിലയ്ക്കു വില്ക്കുന്നു ഞാൻ!
മാംസദാഹത്തിൻ പരാക്രമങ്ങൾക്കൊരു
മാംസയന്ത്രം ഞാൻ - നശിച്ചുകഴിഞ്ഞു ഞാൻ!!
എന്നെപ്പഴിയ്ക്കേണ്ട സോദരീ — നാടിൻെറ
ദുർന്നയങ്ങൾക്കുള്ള വെന്നിക്കൊടികൾ നാം!!"

*മംഗളോദയം, ഫെബ്രുവരി*

# മദ്യം നിരോധിച്ചു

ജീവചൈതന്യം നശിച്ചപോലാ ഗ്രാമ-
ജീവിതങ്ങൾക്കില്ലുണർവുമുത്സാഹവും.

ആറു മാസം മുമ്പു ഞാൻ കണ്ട നാട്ടുകാ-
രായിരുന്നില്ലേ? തിരിച്ചറിഞ്ഞില്ല ഞാൻ!

പട്ടണത്തിങ്കൽനിന്നഞ്ചാറു നാഴിക
ചുട്ട മണൽപ്പുറം താണ്ടിത്തളർന്ന ഞാൻ

കായലിന്നക്കരെപ്പച്ചയുടുപ്പിട്ട
കാടുകൾ ചാർത്തും തണൽപറ്റി നിൽക്കവേ

കേവഞ്ചിയുമായ് കടത്തുവള്ളക്കാര-
നാവഴി വന്നൂ, — നിരുന്മേഷനാണയാൾ!

“പട്ടിണിയിത്ര വളർന്നുവോ നിങ്ങളിൽ,
പച്ചപിടിച്ചോരീ നാട്ടിൻപുറങ്ങളിൽ?

ചോദ്യമാവർത്തിച്ചു ഞാനയാളോ; —ടതി-
ന്നാദ്യമിങ്ങോട്ടൊരു നോട്ടം —ചുളുങ്ങി ഞാൻ!

ഉണ്ടയാൾക്കെന്തൊക്കെയോ, പടർന്നാളുന്ന-
തുണ്ടയാൾക്കുള്ളിൽ പ്രതികാരചിന്തകൾ

തോണിയിൽ കേറിയിരുന്നില്ല ഞാൻ — തലയ്-
ക്കാണി പൊയ്പോയപോൽ ചോദിക്കയാണയാൾ:

“ഞങ്ങളെക്കൊല്ലാതെ കൊല്ലുകയല്ലയോ
നിങ്ങ റ ളെന്തിന്നീ നടപ്പും പ്രസംഗവും?”

“എന്തു ചെയ്തു ഞങ്ങൾ?” ഞാനമ്പരുന്നുപോയ്
എന്താണയാളെന്നോടിത്ര കോപിക്കുവാൻ?”

ഉത്തരം തന്നില്ല നീറിപ്പുകയുന്ന
ഹൃത്തടമൊന്നുണ്ടയാൾ; — ക്കതു കണ്ടു ഞാൻ.

2

വള്ളത്തിൽനിന്നും കരയ്ക്കിറങ്ങി,ക്കാട്ടു-
പുല്ലുകൾ മൂടിയ കായലോരത്തു ഞാൻ

ചെററിട വിശ്രമിക്കാനിരുന്നപ്പൊഴെൻ
ചുററിലും വന്നു നിൽപ്പായ്ച്ചില നാട്ടുകാർ!

ചേറുപിടിച്ചു കറുത്തു പറിഞ്ഞതാ-
മീരിഴക്കച്ചപ്പഴന്തുണിക്കീറുകൾ

എണ്ണപററാതെ ചടപിടിച്ചങ്ങനെ
ചിന്നിപ്പറക്കുന്ന ചെമ്മുടിനാരുകൾ

നാട്ടിൻപുറത്തിൻ വിഭവസമ്പന്നത
കൂട്ടുന്ന കൂലിവേലക്കാരനാണുപോൽ!

എന്നോടവരിലൊരുത്തൻ പറകയാ-
"ണിന്നാടശേഷം നശിച്ചു നശിച്ചു സാർ

നിങ്ങളെപ്പോലെ നിറച്ചു ചോറുണ്ണുവാൻ
ഞങ്ങൾക്കു പണ്ടേ വിധിയില്ലൊരിക്കലും

എന്നാൽ തടസ്സമില്ലായിരുന്നൂ —വേല
നിന്നാലൊരിററു മരനീരു മോന്തുവാൻ

ഇല്ലതു; മിപ്പോൾ നടപ്പാക്കിപോൽ, മദ്യ-
വർജ്ജനം; സാധുസംരക്ഷകരാണവർ."

കേറിപ്പറകയാണന്യ — "നീ നാട്ടിലെ
ദാരുണസംഭവം സാററിഞ്ഞില്ലയോ?

കാപ്പിവിഷം കലക്കിക്കുടിച്ചിന്നലെ
തോപ്പിലെ കുണ്ടുണ്ണി ചത്തുമലർന്നതും

'ഈ കുടി നിർത്തിയ നാട്ടിൽ പൊറുക്കുവാ-
നാഗ്രഹമില്ലെ'ന്നു കമ്പിയടിച്ചതും?"

3

അന്നത്തെ രാത്രിയിലെൻ കൂട്ടുകാരൻെറ-
യുന്നതമായ മണിമന്ദിരത്തിൽ ഞാൻ

വിശ്രമംകൊൾകയാ; — ണാ നഗരത്തിലെ
വിശ്രുത രാഷ്ട്രീയനായകനാണയാൾ!

ആ മധുവർജ്ജനപ്രക്ഷോഭണങ്ങൾക്കു
ജീവൻ കൊടുത്ത ജനക്ഷേമതൽപരൻ.

എൻനേർക്കൊരു കുപ്പി നീട്ടിയുംകൊണ്ടയാൾ
മന്ദസ്മിതത്തോടെ ചൊൽകയാണിങ്ങനെ:

"അത്ഭുതപ്പെട്ടുവോ മിസ്ററർ? ഞാനീവിധം
കുപ്പി സൂക്ഷിക്കുന്ന തന്ത്രങ്ങൾ കാൺകയാൽ?

നമ്മളെപ്പോലെ ചിലർക്കു മാത്രം വേണ്ടി
'നല്ലതു' വാങ്ങിക്കരുതിവയ്ക്കുന്നു ഞാൻ."

*വിദ്യാഭിവർദ്ധിനി-1125 കന്നി (ഫെബ്രുവരി 1949)*

(വിശ്വാമിത്രൻെറ ആശ്രമം. അടുത്തുതന്നെ സമാരംഭിക്കുന്ന യാഗമഹോത്സവത്തിൽ പങ്കെടുക്കുവാൻ വന്നെത്തിയ ജനക മഹാരാജാവിനും മൈത്രേയിക്കും ജാനകിക്കും പ്രത്യേകം തയ്യാർചെയ്തിട്ടുള്ള ഉയർന്ന മണിമാളികകൾ. ഇളകുന്ന തൈവല്ലികളുടെ തളിർപ്പൂങ്കുലകൾ അന്തരീക്ഷത്തിൽ പുളകം പൂശുന്ന ആരാമമദ്ധ്യത്തിലുള്ള ജാനകിയുടെ അന്തഃപുരം. മുറിയിൽ തളിർക്കിടക്കയിൽ സീത വികാരവിവശയായി കിടക്കുന്നു. സുചരിതയും ശീലവതിയും ചെന്താമരയിലകളാൽ രാജകുമാരിയെ വീശുന്നു. കൗശികൻ യാഗരക്ഷയ്ക്കു രാമലക്ഷ്മണന്മാരെ കൂട്ടിക്കൊണ്ടു വരാൻ അയോദ്ധ്യയ്ക്കു പോയിരിക്കുകയാണ്.)

സുചരിത: പരിഹസിപ്പീലേ, ചിരിച്ചു തോഴീ
മരതകനീലമീയന്തരീക്ഷം?

തളിരിടുമാശകൾ പൂവണിയാൻ
തരമായി; വാസന്തമെത്തിയല്ലോ!

പരമെന്തിനീയാധി, നിൻ കണവൻ
വരുമല്ലോ രാവൊന്നു പോയ്മറഞ്ഞാൽ

സുരസുഖലീലാപരശ്ശതങ്ങൾ
വരമേകി നിൽപ്പൂ പുളകിതങ്ങൾ

ജാനകി: തളിർമുല്ലമൊട്ടുകളെങ്ങു തോഴീ
കുളിർമണിമാല്യം കൊരുത്തുവോ നീ?

അനുരാഗസാന്ദ്രമെൻ ചേതനയിൽ
അനുവേലമാശകൾ വാടിവീഴ്വൂ!

അനുദിനം കോർക്കും മലർനിരകൾ
തനു തളർന്നെങ്ങും കൊഴിഞ്ഞുപോകും

അവ നാളെയെന്നന്ത്യവായുവേററാൽ
അവമാനപൂർവ്വം കരിഞ്ഞുകൊള്ളും!

ശീലവതി: അരുതരുതെന്തീ വിചാരമയ്യോ!
മരണമല്ലല്ലോ വരണമാല്യം!

രഘുവരൻ നാളെസ്സമാഗമിക്കും
സുഖരതനിർവൃതി കാഴ്ചവയ്ക്കാൻ!

(ജാനകിയുടെ മുഖത്തു പൊടിഞ്ഞ മന്ദഹാസലേശം പെട്ടെന്ന് ഒരു ശോകച്ഛായ മാച്ചുകളയുന്നു.)

സുചരിത: തിരകളിളകുന്ന പൂവനത്തിൽ
സുരഭിലചന്ദനമന്ദവാതം!

അവിടെത്തി നോക്കാം നമുക്കു തോഴീ
വിവിധ കലാശില്പപുഷ്പലോകം!

നറുമലർമഞ്ജുനികുഞ്ജകങ്ങൾ
പരിമളമാദകസൗഭഗങ്ങൾ

അവിടേക്കു പോകാം കിളികൾ പാടും
അനുരാഗഗാനങ്ങൾ കേട്ടുനിൽക്കാം.

കുടുകുടെ പൊട്ടിച്ചിരിച്ചു പായും
തടിനിതൻ നിസ്തുല രാഗവായ്പിൻ

അനുരാഗചുംബനമെത്രയെത്ര
വനനീലശഷ്പങ്ങളേററിരിക്കാം!

എഴുന്നേൽക്കു സീതേ നമുക്കു പോകാം
അഴകിൻെറയാജന്മമണ്ഡപത്തിൽ!

(തുടുത്ത കവിൾത്തടങ്ങളിൽ നീരസത്തിൻെറ കരിനിഴൽപ്പാടുകളോടെ)

ജാനകി: പണി വേറെയില്ലെങ്കിൽ നിങ്ങൾ പോയി
പരിണയിച്ചോളൂ; ലതാഗൃഹത്തിൽ!

മരവിച്ചു കാററിൽച്ചുരുണ്ടിരിക്കാൻ
വരികില്ല തോഴി വിറച്ചു ചാകാൻ!

കരൾ നീറി വെന്തോട്ടെ കാമ്യമാണീ
നരകവും; സ്വർഗ്ഗാലയങ്ങളേക്കാൾ!

കമനീയമാണെനിക്കാശകൾതൻ
കരി തേച്ച വേഷങ്ങളെന്നുമെന്നും!

കനകക്കിനാവുകൾ കാഴ്ച നൽകും
കരലാളനാശ്ലേഷനിർവൃതികൾ.

(ശീലവതിയോട് തിരിഞ്ഞ്)

പുതുമലർതേൻചാറിൽ മുക്കി മുക്കി
പുളകങ്ങൾ പൂശുമിദ്ദിവ്യചിത്രം

അകൃതകസുന്ദരരാഗസാന്ദ്രം
അതിലൊന്നു നോക്കിക്കിടന്നുകൊള്ളാം!

(തിരിഞ്ഞു നോക്കി കോപത്തോടെ)
കനിവററ കണ്ണുകളെന്തിനീശൻ
തവ തന്നു തോഴി തിരിഞ്ഞു നോക്കൂ!

മഷി മാററി നീറുന്ന പൊൻവിളക്കിൽ
മുഷിവേററ കാഞ്ചനനൂൽത്തിരികൾ

കരി തട്ടിമാററൂ — നിറച്ചുവെയ്ക്കൂ,
സുരഭിലചന്ദനധൂമപാത്രം!

(എഴുന്നേററു രഘുവീരൻെറ ചൈതന്യോജ്ജ്വലമായ ചിത്രത്തിൻെറ മുമ്പിൽ ചെന്നു കൂപ്പുകൈകളോടെ)
ജയ! ജയ! രഘുവര! ജനിമൃതിനാശന! കരധൃതകോദണ്ഡ!
ജയ! ജയ! ജയ! ജയ! ദശരഥസൂനോ! പൂജിതനിഖിലാണ്ഡ
ജയ! ജയ! രാഘവ! ഭവഭയഭഞ്ജക, കനകാംബരധാരിൻ
ജയ! ജയ! ജഗദുഭയാരുണ! ഭഗവൻ, നിശിചരകുലവൈരിൻ!
ജയ! ജയ! സുചരിത! വിജയിതസുമശരസുന്ദരസുഭഗതനോ!
ജയ! ജയ! വരദ ഹരേ! ഹൃദയേശ്വര! പാലയ പാലയ മാം!

(ഇളകാത്ത കൂപ്പുകൈകളോടെ, കണ്ണീർ നിറഞ്ഞ കണ്ണുകളോടെ, തുടിക്കു കരളോടെ, ഏതാനും നിമിഷത്തേക്ക് സീത അങ്ങനെ നിൽക്കുന്നു. കീർത്തനാമൃതമാധുരി നിശ്ശബ്ദതയിലേക്ക് അലിഞ്ഞലിഞ്ഞു ചേരുന ആളിക്കത്തുന്ന കർപ്പൂരപടലങ്ങളുടെ സുഗന്ധധൂമം അങ്ങെങ്ങും പരക്കുന തോഴിമാർ തൊഴുകൈകളോടെ നിന്ന നിലയ്ക്കു നിന്നുപോകുന്നു.)

*വിദ്യാഭിവർദ്ധിനി-ഏപ്രിൽ 19*

# ഓടക്കുഴൽ ഗർജ്ജിക്കുന്നു

പുത്തൻപവിഴക്കൂമ്പുകൾ കണ്ടാ-
ത്തത്തക്കുഞ്ഞിനു ചിരിവന്നു.

കുയിലൊരു കുഞ്ഞോടക്കുഴലൂതി;
കുരവകളിട്ടൂ മാടത്ത!

താലത്തിൽക്കണിവച്ചു കിഴക്കാ-
ത്താമരയൊന്നു വിടർന്നപ്പോൾ,

കൊന്നത്തയ്യുകളോലത്താളുകൾ,.....
പൊന്നിൻ യവനിക മാറുന്നു!

ആ വനകല്ലോലിനിയുടെ കടവിൽ
പൂവുകളങ്ങനെ വിടരുമ്പോൾ,

ഓളപ്പാത്തിയിലൊഴുകിയടുത്തിതൊ-
രോടക്കുഴലിൻ ചെറുതോണി

പങ്കായക്കോലവിടെക്കുത്തി
തൻകാലൊന്നു കരയ്ക്കൂന്നി,

തോണിയിൽനിന്നാക്കരയിലിറങ്ങീ
തോണിക്കാരൻ പടുകിഴവൻ.

പൊക്കിൾക്കൊടിവരെ നീണ്ടുവളർന്നോ-
രക്കിഴവൻതൻ വളർതാടി,

പുഴവക്കത്തെക്കാററിൽപ്പാറി-
പ്പുതിയൊരു പുളകം നെയ്യുമ്പോൾ,

ഓടക്കുഴലിൻ ചെറുസുഷിരങ്ങളി-
ലോടിപ്പുൽകും വിരലുകളാൽ,

ചാലേ തടവി രസിച്ചു വൃദ്ധൻ...
ചാമരനൂലുകൾ പൊട്ടുന്നു!

**രണ്ട്**

നുരയിൽ, ചുഴിയിൽ, പ്പൊട്ടും പൊട്ടി-
ച്ചിരികളമർത്തി മദാലസയായ്

വളകൾ കിലുക്കി, ക്കാർകുഴൽ ചിക്കി,-
പ്പുളിനത്തിൽ കുളിർമെയ് തഴുകി,

ചൂളമടിച്ചു പറന്നെത്തിക്കു-
ഞ്ഞോളക്കവിളിക്കിളിയാക്കി,

ചുണ്ടുകൾ നീട്ടുമിളംതെന്നലിനെ
ചുംബിച്ചൊഴുകീ വനഗംഗ!

തന്നോടത്തിൽനിന്നുമെടുത്തൊരു
പൊന്നോടക്കുഴലാ വൃദ്ധൻ

താടി വകഞ്ഞാച്ചുണ്ടിൽത്തിരുകി-
പ്പാടുകയായീ വ്രതശുഷ്കൻ

ഗാനം പൊങ്ങീ; ഹൃദയങ്ങളിലേ-
ക്കാനന്ദോന്മദലഹരികളും!

രാഗം മാറീ; മണ്ണിന്മണമതി-
ലാകെ നിറഞ്ഞുപരന്നപ്പോൾ

പച്ചിലവള്ളികളാടീ പാടും
കൊച്ചുകുയിൽപ്പിട പുച്ഛരിക്കെ, —

പുഴവക്കത്തെ മുളങ്കാടുകളിൽ
പുടവകൾ തൂക്കും പൊൻപുലരി

ചോടുകൾ മുന്നോട്ടാഞ്ഞുചവുട്ടി-
ച്ചോരപകർന്നൂ ദിക്കുകളിൽ!

## മൂന്ന്

പച്ചപ്പുല്ലുകൾ തിങ്ങിവളർന്നോ-
രച്ചെറുകുന്നിൻ താഴ്വരയിൽ,

ആടുകൾ മേയാൻ പോയാ, — ലവിടെ-
ക്കൂടാറുണ്ടവരിടയന്മാർ!

പ്ലാവിലകൊണ്ടവർ തൊപ്പികൾ കുത്തി
പൂവിതളുകളാൽ മാലകൾ കെട്ടി

കളിയാരംഭിച്ചപ്പോ;ളാണാ-
ക്കളമുരളീമൃദുസംഗീതം!

നിൽപായ് നിശ്ചലമവരങ്ങനെയാ
സ്വപ്നാലിംഗിതനിർവൃതിയിൽ

കേട്ടിട്ടില്ലവരതുപോലുള്ളൊരു
പാട്ടന്നേവരെയവിടെങ്ങും;

സംഘംചേർന്നവരോടിയണഞ്ഞാ
മംഗളഗായകസവിധത്തിൽ

നിന്നൂ, കുളിർമരവിപ്പിൽ ചൂടുകൾ
നെയ്യും സ്വരസുഖമേഖലയിൽ!

ആ മുരളികയുടെ പാട്ടിൽപ്പററി-
ജ്ജീവിതമങ്ങനെ ഗർജ്ജിക്കെ,

അവിടെക്കാട്ടിലെ ഗായകരെല്ലാ-
മനുപദമരിശംകൊള്ളുകയായ്!

— താളംതുള്ളും കുളിർനീരലകൾ,
കാലൻകോഴികൾ, കുയിലിണകൾ,

ഭോഗാസക്തിയിലോടിനടന്നും
രാഗം മൂളും മധുപന്മാർ,

ഓരികളിട്ടും മോങ്ങിയുമാവഴി-
യോടും കാട്ടുകുറുക്കന്മാർ, —

പ്രതിഷേധിച്ചാരേവരു,മവിടെ-
പ്പതിവിനു മാററം വന്നപ്പോൾ!

## നാല്

തൻചെറുതോണിയിൽനിന്നോരോരോ
തങ്കക്കുഴലുകളാ വൃദ്ധൻ

അവിടെക്കൂടിയ കൊച്ചാട്ടിടയരെ-
യഭിനന്ദിച്ചുകൊടുത്തപ്പോൾ,

അക്കുഴലഴകൊടു വാങ്ങിച്ചുണ്ടിൻ-
വക്കിൽച്ചേർത്താർ പുളകിതരായ്!

ഗാനമുതിർന്നീലതിൽനിന്നൊന്നും
നാണംകൊണ്ടവർ തലതാഴ്ത്തി!

കൂവീ കുയിലുകൾ; പരിഹാസത്താൽ
കൂമന്മാർക്കും കുരവന്നു!

അഖിലാണ്ഡങ്ങളിലുണർവ്വേകിക്കൊ-
ണ്ടനുപദമത്ഭുതമാ ഗാനം,

സ്വപ്നസ്വർഗ്ഗോത്സവഭാവനകളിൽ
വിപ്ലവബോധം കണിവെയ്ക്കെ,

കാററിൻ ചൂളംവിളിയിൽ കേൾക്കായ്
മാററങ്ങളുടെ മഹാസത്യം!

— കുററം പറയാൻ കാടുകൾതോറും
പററംചേർന്നാരിരുൾനിരകൾ—

അഞ്ച്

മാറീ സർവ്വവു; —മക്കൊച്ചിടയ-
ന്മാരുടെ പാട്ടൊരു ഗർജ്ജനമായ്!

താടിവളർത്തിയ കിഴവനെ നോക്കൂ
പാടുകയാണൊരു നരസിംഹം!

സടകൾ വിടർത്തിക്കൈകളമർത്തി-
ബ്ഭടരുടെ നടുവിൽപ്പലവട്ടം,

നിന്നലറുകയാ; — ണെന്തൊരു ജീവിത-
സംഗരമന്ദ്രാഹ്വാനങ്ങൾ!

പേടിക്കാതിവിടന്നാണാദ്യം,
ഓടക്കുഴലുകൾ ഗർജ്ജിച്ചു!

ആറ്

കവി പാടുന്നൂ: "മലയാളത്തിൻ
കരയിലണഞ്ഞോരദ്ദേഹം

നിർമ്മാണത്തിനു, സംഹാരത്തിനു
തന്നൂ, പേനയുമരിവാളും!

അടിപതറാതെ, കരളിടറാതേ,
പടിപടിയായിനി മുന്നേറാൻ,

അവയുപയോഗിക്കുക നാം; — അങ്ങനെ
യുവയുഗമേഖല വളരട്ടെ!

അറുപതിലെത്തിയൊര'ക്കേസരി'യുടെ
സിരകളിലോടും യുവരക്തം

ഇനിയും മാനവസംസ്കാരത്തിനു
കണിവയ്ക്കില്ലേ കലവറകൾ ?"

*പരിഷത്ത്രൈമാസിക-മെയ്-ജൂലൈ 1949*

## പേനയും പടവാളും

അടികൊണ്ടു തലപൊട്ടിച്ചോര പൊടിഞ്ഞിട്ടും
ചൊടികളിൽ മാഞ്ഞില്ല മന്ദഹാസം
നവമൊരു ജീവിതം കതിർചൂടും നാടിൻെറ
കവിതകൾ പൂക്കുമാ കണ്ണുകളിൽ
ചതയുന്ന സാമൂഹ്യസത്യങ്ങൾതൻനേർക്കു
കുതികൊള്ളും ചലനങ്ങൾ തങ്ങിനിന്നു!
തെറിപാടും സർക്കാരിൻ പട്ടാളക്കാരുടെ
നെറികേടിലദ്ദേഹം വേദനിച്ചു!

ജനതതൻ ജീവനാമക്കലാകാരനെ
ജയിലറപോലും പകച്ചുനോക്കി!

ഒഴുകിയ രക്തം വടിച്ചു വലിച്ചു വലിച്ചെറി-
ഞ്ഞെഴുന്നേററു നിന്നാ തടവറയിൽ,
ഇടറുന്ന നാവിനാൽ ചോദിച്ചിതദ്ദേഹം:
“ഇനി മതിയാക്കുമോ മർദ്ദനങ്ങൾ?
വിടരുമോ സ്നേഹത്തിൻ മൃദുഹാസരശ്മിയിൽ
വിരിയാത്ത താമരപ്പൂക്കളില്ല!

ഇഴയുന്നു ചോരതൻ മണമുള്ള നിമിഷങ്ങൾ,
ഇതിനിടയ്ക്കാരോ കടന്നുവന്നു
ഒരു കയ്യിലുണ്ടയാൾക്കൊരു നോട്ടുപുസ്തകം;
മറുകയ്യിൽ കടലാസുകെട്ടുകളും!
അവയൊക്കെയാ ജയിൽപ്പുള്ളിതൻ മുന്നിൽവ-
ച്ചവരൊരു തീപ്പെട്ടിക്കോലുരച്ചു!

“അരുതരു....”തദ്ദേഹം ഗർജ്ജിച്ചു — “ചുട്ടെരി-
ക്കരുതവ, നിങ്ങൾ മനുഷ്യരല്ലേ?
പകരമായെന്നെദ്ദഹിപ്പിച്ചുകൊള്ളുക
പകതീർക്കാൻ പററിയ സൂത്രമല്ലേ?....
കലിതുള്ളിക്കള്ളിൻെറ ലഹരിയിലൊരുവനാ
കടലാസുകെട്ടിന്നു തീകൊളുത്തി!
“....ഇരുപതുകൊല്ലത്തെയെൻെറ പരിശ്രമം.....”
നിരയിലേക്കദ്ദേഹം ചാരിനിന്നു!
ഒരുവനാത്തീയിൽനിന്നൊരു ബീഡികത്തിച്ചു
തെരുതെരെപ്പുകവിട്ടുകൊണ്ടിരുന്നു!

രണ്ട്

ഒരു കവി പിററെന്നാൾ ദിനപത്രപംക്തിയിൽ
കരൾനിണത്താലീക്കുറിപ്പെഴുതി:
"കരൾഞെട്ടുമാ വാർത്ത കേട്ടില്ലേ? നിങ്ങൾ തൻ
സിരകളിൽ തുള്ളിയും ചോരയില്ലേ?
ഇവിടത്തെസ്സാഹിത്യകാരൻെറ പേനയു-
മിടിവാളു വീശട്ടെ നാലുപാടും!
കലയുടെ മെയ്യഴകിന്നാഭരണപ്പെട്ടികളും
തലയിൽച്ചുമന്നു നടക്കുവോരേ,
ഇതു നിങ്ങൾ കേട്ടില്ലേ, നിർമ്മാണസ്വാതന്ത്ര്യ-
മിനി നമുക്കെല്ലാമപകടത്തിൽ!
പൊരുതിമുന്നേറുന്ന ജനതയിലണിചേർന്നു
പൊരുതുവാൻ നിങ്ങൾക്കു പേടിയാണോ?
കൊലമരച്ചോട്ടിലാണിനിയത്തെ നമ്മൾതൻ
വിലയററ സേവനപ്രതിഫലങ്ങൾ!

കരൾഞെട്ടുമാ വാർത്ത കേട്ടില്ലേ, നിങ്ങൾതൻ
സിരകളിൽ ചോര തിളയ്ക്കയല്ലേ?

അധികാരശക്തിതൻ ചോററുപട്ടാളങ്ങ-
ളതിലുമൊരക്രമമെന്തു ചെയ്യാൻ?
അവരാദ്യം നീട്ടിപോൽ പണവും ബിരുദവും
അതു വാങ്ങാനദ്ദേഹം ചെന്നതില്ല:
സ്വയമൊരു വിൽപനപ്പാഴ്ചരക്കാകുവാൻ,
'ജയ ജയ പാടിത്തൊഴുതുനിൽക്കാൻ,
ജനതയെ വഞ്ചിക്കാ, — നൊരുനാളുമദ്ദേഹം
പണമെണ്ണിവാങ്ങുകില്ലായിരുന്നു!
അതിനവർ ജയിലിലിട്ടക്കലാകാരൻെറ
മുതുകു ചവിട്ടിപ്പൊളിച്ചുവത്രേ!
അടികൊണ്ടൊടിഞ്ഞില്ലാ നട്ടെല്ലൊരൽപവും,
അതിലവർ തോററു മടങ്ങിയത്രേ!

അതുകൊണ്ടും പകതീരാഞ്ഞദ്ദേഹമെഴുതിയ
കൃതികളവർ ചുട്ടുകരിച്ചുപോലും!
അവരോടു ചോദിക്കു — പറയുമവ — "രക്രമം
അവസാനിപ്പിക്കുവാനായിരുന്നു...."
തുടരുമിപ്പരിപാടികളിനിയുമവർ —പേനയും
കടലാസ്സും നമ്മൾക്കു മാററിവയ്ക്കാം!
പൊരുതുക! മുടിതുള്ളുമധികാരവാഴ്ചതൻ
പിരിയാണികളൊക്കെത്തകരുവോളം!

മദിരയും മെത്തയും മദിരാക്ഷിയുമായിനി
മധുമാസസ്വപ്നങ്ങൾ കണ്ടിരുന്നാൽ,
കലയുടെയാത്മാവിൽ തേനൂറും സൗന്ദര്യം
പലമാതിരി നുണയുവാൻ കാത്തിരുന്നാൽ,

വിടുകയില്ലവരിനി, — സാഹിത്യകാരന്മാർ
വിടുവേല ചെയ്യാൻ നിയുക്തരായും!
കഴൽനക്കിക്കഴൽനക്കി ചുണകെട്ടു നെറികെട്ടും
കഴിയുവതിഷ്ടമാണെങ്കിലാവാം!

പുലരുന്നൂ തലമുറകൾ വീഴുകയില്ലവർ കെട്ടും
വലകളിൽ, ഞാണിന്മേൽക്കളിനടത്താൻ!
പുലരുന്നു നാടുണരാൻ തിരവെട്ടം കാണിക്കും
പുതിയൊരു ജീവിതതത്വശാസ്ത്രം!
മുന്നേറുക നാമിനി, — യഴിമതികളറുത്തെറിയാൻ,
മുന്നേറുക, പടവാളും പേനയുമായി!"

*ജൂലൈ 1949*

*ഒരു കർണാടക സാഹിത്യകാരനായ ശ്രീ ഭാസ്കരറാവുവിന്റെ അനുഭവങ്ങൾ ഉള്ളിൽവച്ചുകൊണ്ടെഴുതിയത്.*

വെള്ളവിശി, കിഴക്കൻമലയിൽ
വെള്ളിലമരച്ചില്ലകളാടി.

ഉൾക്കുളുർന്നതിൻ പൊത്തുകൾക്കുള്ളിൽ
കൊക്കുരുമ്മി, ക്കുയിലുകൾ പാടി;

പോയരാത്രിതൻ വാൾമുനയേശി
പോറിയേടത്തു ചോര പൊടിഞ്ഞു.

തൻതലയിലണിഞ്ഞൂ ദിവസം,
തൻ ഹിരണ്മയകമ്രകിരീടം.

കൂരിരുട്ടിൻെറ കാൽ നക്കി നക്കി
കൂടിനിന്നു കുഴൽവിളിച്ചോരെ,

കൽത്തുറുങ്കിലടച്ചുവോ, വന്നാ
രക്തപാനികൾ വാളോങ്ങിയാലോ

കേട്ടുവോ നിങ്ങ,ളീടെഴും ചെങ്കോൽ
നാട്ടിയപ്പോൾ പകലിൻപ്രസംഗം?

“ചോരനീന്തി തളർന്നപ്പൊഴും നാം
ചോടുവെയ്പിൽ പതറിയില്ലൊട്ടും

രക്തസാക്ഷികൾതൻ പേരിൽ ഞാനീ
രക്തരേഖയിലൊപ്പുവെയ്ക്കട്ടെ.

കാൽച്ചെരിപ്പിൽ ഞെരിയവെ —ചോര-
പ്പാച്ചിൽ നിൽക്കെ, ഞരമ്പുകൾ വാടി

ചത്തടിഞ്ഞവർതൻ സ്മരണയ്ക്കായ്
ചിത്രകൂടങ്ങൾ തീർക്കുക നമ്മൾ!

നീതിബോധം കെടുത്താതെ, കൈകോർ-
ത്തേതനീതിയും വെട്ടിയകററി

പോകുക നമ്മൾ ജീവിതമൂല്യം
തൂവിയർപ്പിൽ കഴുകിയെടുക്കാൻ — ”

തൻ കറുത്ത തലക്കെട്ടുമായി
ചെങ്കതിർഞ്ഞാറുപാകിയ മേഘം

ഒന്നു നോക്കി തലയെടു;ത്തെന്തോ
നിന്നു കൂവുന്നു കേമനൊരുത്തൻ

വാനിടമാ, മിരുപ്പൂനിലത്തിൻ
കോണിൽ നീങ്ങിയൊഴിഞ്ഞൊരേടത്തായി

അമ്പേ, ഞെട്ടിത്തളർന്നുകിടപ്പാ-
യമ്പളി,യൊരരിവാളുപോലെ!

ഓടി വീണ്ടും നിമേഷങ്ങളെന്തോ
തേടുകയാണു കുമ്പിളും കോട്ടി.

ചൂടുതട്ടി കുമിളിച്ചു പൊങ്ങി-
യോടുകളവർ — ക്കെന്തുവെയ്‌ലാവോ?

വൻതണലിൻ ചുമടുമായ് നിൽക്കും
പന്തലിച്ച മരച്ചില്ലകളിൽ,

ചെന്നിരുന്നാ പകൽച്ചൂടിനെത്തെ-
ല്ലൊന്നു പുച്ഛരിച്ചു പാടിയമൂലം,

കോകിലങ്ങൾതൻ തൂവൽച്ചിറകിൽ
കോപിയാം പകൽ തീജ്വാല വീശി

ഉച്ച ചൂടുശലാകകൾ പാകി;
ഒച്ചയില്ലെങ്ങു, മെന്തച്ചടക്കം!

ചത്തുവീഴ്കെ, നിമേഷങ്ങൾ കേട്ടോ
മത്തടിക്കും പകലിൻ പ്രസംഗം:

— "നിങ്ങൾ ശുദ്ധകഴുതകൾ — ളെന്തി-
ന്നിങ്ങനെ നടന്നുച്ചയുണ്ടാക്കി?

ഞങ്ങളില്ലേ? — ക്ഷമിച്ചിരിക്കാമോ?
മംഗളങ്ങൾ വിതയ്ക്കുകയല്ലേ? — "

തന്നുറക്കത്തിൽനിന്നെഴുന്നേററു-
വന്നലറി കടൽ കൈചുരുട്ടി

പൊങ്ങി നീരാവി, യന്തരീക്ഷത്തിൽ
വൻകുടവയർ, തെല്ലൊന്നുടഞ്ഞു!

കാററടിച്ചു പ്രതിഷേധശബ്ദം
ചീററിവന്നു തലയുയർത്തപ്പോൾ

കോളിളക്കം! കരിങ്കാറുകൾതൻ
ഘോഷയാത്ര കുതിച്ചടുക്കുന്നു!

ചോടുറപ്പിച്ചുയർന്നുലഞ്ഞങ്ങി-
ങ്ങാടിടുന്നു കടന്നൽമരങ്ങൾ

എന്തലർച്ചയാ — ണാച്ചുഴലിക്കാ-
റ്റുന്തിവീഴ്ത്താൻ കുതിച്ചടുത്തപ്പോൾ!

കൊള്ളിയാൻ വീശി, നീളും പകലിൻ
പള്ളിവാഴ്ചതൻചെങ്കോൽ കുലുങ്ങി

"പോർവിളിയല്ലി", തോതി മേഘങ്ങൾ:
"തീ വിശപ്പിന്റെ നാളങ്ങൾ മാത്രം."

ചൂടു മങ്ങീ പെരുമഴ പെയ്താ
നാടശേഷം കുളിർന്നുണർന്നപ്പോൾ

കാട്ടിലീററക്കുഴലുകൾ പാടി:
"നീട്ടിവെക്കുക നാമിനിക്കാൽകൾ."

*ജയകേരളം-സെപ്തംബർ 1*

## പ്രതീക്ഷകളുടെ അവസാനം

വൃദ്ധ കാത്തിരിപ്പാണാഴ്ചതോറും
കത്തയയ്ക്കാൻ മറക്കില്ല കുട്ടൻ.

എന്തു പിന്നെയിത്താമസം? വീണ്ടും
ചിന്തകളൊരു തീയുലയൂതി!

ദൂരെദൂരെ പടപ്പാളയത്തിൽ
ചാരിതാർത്ഥ്യത്തിനെന്തവകാശം?

തീ നിറച്ചുള്ള ബോംബുകൾ, തൊട്ടാൽ
പ്രാണനററുപോം തോക്കിൻമുനകൾ

ലക്ഷ്യമില്ലാതെ ചീറിപ്പറക്കും
പക്ഷിപോലുള്ള പോർവിമാനങ്ങൾ....

കുട്ടനന്നു പറഞ്ഞതാണെല്ലാം —
ഞെട്ടുമാറുണ്ടതൊന്നോർത്തുപോയാൽ.

2

കത്തു വന്നു, വിശേഷമില്ലൊന്നും;
കത്തലാണുപോലമ്മയെയോർത്താൽ!

പട്ടിണിയാണു നാട്ടിലെന്നെല്ലാം
പത്രപംക്തികളിൽ കാണ്മതുണ്ടെന്നും,

റബ്ബർപോലുള്ള പച്ചരിച്ചോറും
കപ്പലണ്ടിയും കപ്പപ്പുഴുക്കും

നാൾക്കുനാളിവ തിന്നുതിന്നാർക്കും
നാട്ടിലില്ലൊട്ടുമാരോഗ്യമെന്നും

തെററുകളും തിരുത്തുകളുമായ്
കത്തു സംഹരിക്കയാണേവം:

" —എന്തു ചെയ്യുവാൻ, ഭാരം ചുമക്കും
ഉന്തുവണ്ടികളല്ലയോ നമ്മൾ....?"

3

അമ്മയാരെയോകൊണ്ടെഴുതിച്ചു:
"കർമ്മമാണു വിധിയാണു കുഞ്ഞേ;

പോയി നീ; — യിനിയെത്രയും വേഗം
പോരിക തിരിച്ചെന്നന്തികത്തിൽ!

നീറിനീറിയെന്നാത്മാവിലിന്നും
നീളുകയാണൊടുങ്ങാത്ത ദുഃഖം!

നിൻെറ കൈയാലൊരുതുള്ളിവെള്ളം-
കൊണ്ടൊടുക്കണ്ടെത്ത ദാഹം കെടുത്താൻ,

നിന്മടിയിൽ തലചായ്ച്ചുതന്നെ
നിന്മുഖം കണ്ടു കണ്ണൊന്നടയ്ക്കാൻ,

എൻെറ കുഞ്ഞേ വരിക നീ; — രണ്ടേ-
രണ്ടുനാൾക്കകം ഞാനയച്ചേക്കാം!

അല്ലലിൻെറ വറുതികളെല്ലാം
വല്ലമട്ടും സഹിച്ചിരുന്നോളാം.

വയ്യ മേലിൽ സഹിക്കുവാൻ, ....വയ്യേ
വയ്യ നിന്നെപ്പിരിഞ്ഞിനിപ്പാർക്കാൻ!.....

4

വൃദ്ധ കാത്തിരുപ്പാണെന്നുമെന്നും
പത്തരയ്ക്കുള്ള വണ്ടിയും നോക്കി!

കാപ്പിയും പലഹാരവുമെല്ലാം
കാത്തുവച്ചുകൊണ്ടാവഴിവക്കിൽ.

'പത്തരവണ്ടി' നിൽക്കാതെ പോയാൽ
കത്തലാണവർ; ക്കില്ലതിൽ കുട്ടൻ!

പിന്നെയാക്കൊച്ചുനാട്ടിൻപുറത്തേ-
ക്കൊന്നുമി,ല്ലൊരു വണ്ടിയും ബോട്ടും!

5

രണ്ടു മാസമായ് കണ്ടില്ല; വന്നൂ
രണ്ടുനാലു മണിയോർഡർ മാത്രം.

"എന്തിനീ കുറെ വെള്ളിപ്പണങ്ങൾ?"
നൊന്തുനീറുമാ മാതൃഹൃദയം!

ആധിയാണവർക്കെപ്പൊഴും കാണാ-
മാവഴിയൊരു പാഴ്നിഴൽപോലെ!

നീളുകയാണു കണ്ണുനീരിൻെറ
നാളുകൾ പേക്കിനാവുകൾപോലെ!

6

കമ്പി വന്നു!...തപാൽശിപായിക്കാ
കമ്പിവാർത്തക്കടലാസുമായി,

വൃദ്ധയെച്ചെന്നു കാണുവാൻമാത്രം
ശക്തിയില്ല — കരൾക്കിടിലത്താൽ!

യുദ്ധരംഗത്തിൽവച്ചടർചെയ്താ
'യുദ്ധവീരൻ' മരിച്ചുപോയ്പോലും!

ആ യുവാവിൻെറയുൽകൃഷ്ടരാജ്യ-
സേവനങ്ങളിൽ നന്ദിയുണ്ടത്രെ!......

അന്നൊരന്തിയിൽ വൃദ്ധതൻ വീട്ടിൽ
ചെന്ന 'കമ്പിശ്ശിപായി' തൻ മുന്നിൽ,

പട്ടടത്തീപ്പുക തിന്ന കാററിൻ
കട്ടിയുള്ള കരിമണം മാത്രം.....!

*ദീപിക ആഴ്ചപ്പതിപ്പ് വിശേഷാൽപ്രതി ഡിസംബർ 21, 1949*

# നാട്ടിൻപുറത്ത്

ഒന്ന്

ജീവചൈതന്യം നശിച്ചപോ, ലാ ഗ്രാമ
ജീവിതങ്ങൾക്കില്ലുണർവ്വുമുത്സാഹവും!
ആറുമാസം മുമ്പു ഞാൻ കണ്ടനാട്ടുകാ-
രായിരുന്നില്ലേ? തിരിച്ചറിഞ്ഞില്ല ഞാൻ!

പട്ടണത്തിങ്കൽ നിന്നഞ്ചാറുനാഴിക
ചുട്ടമണൽപ്പുറം താണ്ടിത്തളർന്നു ഞാൻ,

കായലിന്നക്കരെപ്പച്ചയുടുപ്പിട്ട
കാടുകൾ ചാർത്തും തണൽപറ്റിനില്ക്കവെ,
കേവഞ്ചിയുമായ്ക്കടത്തു വള്ളക്കാര-
നാവഴിവന്നൂ: — നിരുന്മേഷനാണയാൾ!

"പട്ടിണിയിത്ര പടർന്നുവോ നിങ്ങളിൽ-
പച്ചപിടിച്ചോരി നാട്ടിൻപുറങ്ങളിൽ:—"

ചോദ്യമാവർത്തിച്ചു ഞാനയാളോ; —ടതി-
ന്നാദ്യമിങ്ങോട്ടൊരു നോട്ടം....ചുളുങ്ങി ഞാൻ!
ഉണ്ടയാൾക്കെന്തൊക്കെയോ, പടർന്നാളുന്ന-
തുണ്ടയാൾക്കുള്ളിൽ, പ്രതികാരചിന്തകൾ!

തോണിയിൽക്കേറിയിരുന്നില്ല ഞാൻ: —തല-
യ്ക്കാണിപൊയ്പോയപോൽചോദിയ്ക്കയാണയാൾ:—
"ഞങ്ങളെക്കൊല്ലാതെ കൊല്ലുകയല്ലയോ
നിങ്ങ—ളെന്തിന്നി നടപ്പും പ്രസംഗവും?"

"എന്തുചെയ്തൂ ഞങ്ങൾ?" — ഞാനമ്പരന്നുപോയ്,
എന്താണയാളെന്നോടിത്ര കോപിക്കുവാൻ?
ഉത്തരം തന്നില്ല, നീറിപ്പുകയുന്ന
ഹൃത്തടമൊന്നുണ്ടയാൾ;—ക്കതുകണ്ടു ഞാൻ!

രണ്ട്

വള്ളത്തിൽനിന്നും കരയ്ക്കിറങ്ങി, ക്കാട്ടു-
പുല്ലുകൾ മൂടിയ കായലോരത്തു ഞാൻ,
ചെറ്റിട വിശ്രമിയ്ക്കാനിരുന്നപ്പോഴെൻ
ചുറ്റിലും വന്നുനില്പായ് ചിലർ, നാട്ടുകാർ!!

ചേറുപിടിച്ചു കറുത്തു പറിഞ്ഞതാ-
മീരിഴക്കച്ചപ്പഴന്തുണിക്കീറുകൾ,-
എണ്ണ പറ്റാതെ ചിടപിടിച്ചങ്ങനെ
ചിന്നിപ്പറക്കുന്ന ചെമ്മുടിനാരുകൾ—

നാട്ടിൻപുറത്തിൻ കരളിൻ തുടിപ്പുകൾ
കൂടുന്നകൂലിവേലക്കാ,—രതാണുപോൽ!

എന്നോടവരിലൊരുത്തൻ പറകയാ-
—"ണിന്നാടശേഷം നശിച്ചൂ, നശിച്ചു സാർ!
നിങ്ങളെപ്പോലെ നിറച്ചു ചോറുണ്ണുവാൻ
ഞങ്ങൾക്കു പണ്ടേ 'വിധി'യില്ലൊരിക്കലും,

എന്നാൽ തടസ്സമില്ലായിരുന്നൂ, വേല
നിന്നാലൊരിറ്റു മരനീരുമോന്തുവാൻ!
വയ്യതുമിപ്പോൾ, നടപ്പാക്കിപോൽ, മദ്യ
വർജ്ജനം, —സാധുസംരക്ഷകരാണവർ..."

കേറിപ്പറകയാണന്യ;— "നീ നാട്ടിലെ
ദാരുണസംഭവം സാററിഞ്ഞീലയോ?
കാപ്പിവിഷം കലക്കിക്കുടിച്ചിന്നലെ
'തോപ്പിലെക്കണ്ടുണ്ണി' ചത്തുമലർന്നതും,
'ഈക്കുടിനിർത്തിയ നാട്ടിൽപ്പൊറുക്കുവാ-
നാഗ്രഹമി'ല്ലെന്നു കമ്പിയടിച്ചതും..."

**മൂന്ന്**

അന്നത്തെരാത്രിയിലെൻ കൂട്ടുകാരൻെറ-
യുന്നതമായ മണിമന്ദിരത്തിൽ ഞാൻ,
വിശ്രമം കൊൾകയാ; —ണാ നഗരത്തിലെ
വിശ്രുത രാഷ്ട്രീയ നായകനാണയാൾ!

ആ 'മധുവർജ്ജന' പ്രക്ഷോഭണങ്ങൾക്കു
ജീവൻകൊടുത്ത ജനക്ഷേമതല്പരൻ,-
മദ്യപ്പിശാചിനെച്ചുട്ടെരിച്ചിട്ടന്നൊ-
രുത്തമാദർശം പ്രതിഷ്ഠിച്ച നീതിമാൻ....!!

എൻനേർക്കൊരുകുപ്പി നീട്ടിയും കൊണ്ടയാൾ
മന്ദസ്മിതത്തോടെ ചൊൽകയാണീവിധം:
"അത്ഭുതപ്പെട്ടുവോ മിസ്റ്റർ? ഞാനിങ്ങനെ
'കുപ്പി' സൂക്ഷിയ്ക്കുന്ന തന്ത്രങ്ങൾ കാൺകയാൽ

നമ്മളെപ്പോലെ ചിലർക്കുമാത്രം വേണ്ടി
'നല്ലതു' വാങ്ങിക്കരുതിവെയ്ക്കുന്നു ഞാൻ..."

*അബ്ദുറഹ്മാൻ സ്മാരകഗ്രന്ഥം, 1949*
*പ്രസാധകന്മാർ: അബ്ദുറഹ്മാൻ സ്മാരക വായനശാല, തലശ്ശേരി*

## സമരം കഴിഞ്ഞാൽ

ആയിരക്കണക്കിനു
        ണ്ടാളുകൾ;-നടന്നിട്ടി
ല്ലായിടയ്ക്കതുപോലൊ
        രുജ്ജ്വലസമ്മേളനം.
ക്ഷമകെട്ടാനാട്ടിലെ
        ത്തൊഴിലാളികൾ വീണ്ടും
സമരം പ്രഖ്യാപിച്ചു;
        നടുങ്ങീപരിസരം!
കാൽതളച്ചിരുന്നതാം
        ചങ്ങലക്കെട്ടൊന്നാകെ
കാലിടകൊണ്ടാപ്പട
        യാളികൾ പൊട്ടിച്ചപ്പോൾ,
മർദ്ദകരുടെ നെഞ്ചിൽ
        പ്പടർന്നൂ തീനാമ്പുകൾ
മർത്ത്യതയുടെയുണർ
        ന്നെഴുന്നേൽക്കലിൽത്തന്നേ-
അലറിച്ചിരിച്ചതാ
        പായുന്നൂ മദംപെടും
കൊലയാനകൾ പോലെ
        പട്ടാളപ്പോർവണ്ടികൾ!

*ലോകവാണി, 1-3-19*

# രണ്ടു തലമുറകൾ

**ഒന്ന്**

"തലയിങ്ങനെകുനിയേണം, തണ്ടുവിറച്ചുലയേണം;
പുലയൻ വരമ്പത്തു വന്നുനിന്നാൽ...!

പതിരൊന്നുംകാണല്ലേ, നെൽക്കതിരേ, പണ്ടത്തെ
പതിവൊന്നുമിത്തവണ പറ്റുകില്ല!

അടി...; അങ്ങനെ കാറ്റത്തു തൈതത്താംതുള്ളട്ടേ,
ചൊടിയോടെൻ പാടത്തെ നെൽക്കതിരെല്ലാം!

അറിയില്ലേ പേടിയ്ക്കാനറിയില്ലേ...പൊലയൻെറ
അരിവാളിൻകീഴിലാണിവിടമെല്ലാം...

മുറുമുറാപ്പട്ടിണിയാണെന്നാലും പാടത്തു
മുഴുവനീ ഞാറുകൾ തിങ്ങിനിന്നാൽ,

ഏനെന്തൊരുസന്തോഷം; തമ്പ്രാൻെറ മുറ്റത്തു
മാനത്തു മുട്ടുവാൻ നെല്ലുകാണും....!

അതുമതി; പുലയൻെറയാത്മാവുതണുക്കുമ്പോൾ
പുതിയൊരു ചേലാണി നാട്ടിനെല്ലാം..."

നെൽക്കതിരണിനീലവയലി-
ലക്കറുകവരമ്പത്തുനിന്നും,

അർദ്ധരാത്രിതൻനിശ്ശബ്ദതയി-
ലർത്ഥപുഷ്ടമിജീവിതഗാനം,

കാട്ടുചോലകൾ വീണവായിയ്ക്കും
നാട്ടിലെ സ്വപ്നമേഖലതോറും

മെല്ലെമെല്ലെപ്പറന്നെത്തിടാറു-
ണ്ടല്ലലിൻെറ മധുരിമപോലെ!

തോർത്തുമുണ്ടും വടിയുമായ് ദൂരെ
തോട്ടുവക്കത്തു തമ്പുരാൻ നിൽക്കും!

തൻപുലയൻെറ സംതൃപ്തിയോളം
തല്ലുമീരടിപ്പാട്ടുകൾ കേൾക്കാൻ!

വിട്ടുമാറില്ലവനിലാഹ്ലാദം
പട്ടിണിയിലും പാടിലും കൂടി!

തമ്പുരാനും പുലയനുമന്നു
തമ്മിലെന്തൊരുബന്ധമാണെന്നോ!

പട്ടിണിയാണവനെന്നുകേട്ടാൽ
ഞെട്ടുമാറുണ്ടു തമ്പുരാന്നുള്ളം!

തമ്പുരാന്നതുബോധമു,-ണ്ടെന്നും
തൻപുലയൻെറ കൂറിനെപ്പറ്റി....

ചുട്ടവെയ്ലിലും പാഴ്മഴയത്തും
പട്ടിണിയിലുമൊന്നുപോലെന്നും,

കട്ടകുത്തി വരമ്പുകൾ പൊക്കി
വിത്തുപാകി വിളവുകൾ നോക്കി,

അല്ലലിലുള്ളുലയാതെ, തൻെറ
നെല്ലറകൾ നിറയുംവരേയ്ക്കും,

പാടുപെട്ടവൻനേടിയതാണി
പാടവും തൻെറ വീടും പണവും!

സത്യ,-മുഗ്രാമമീ മഹാസത്യം
ചത്തടിഞ്ഞൂ തലമുറയ്ക്കൊപ്പം!

**രണ്ട്**

തേച്ചുടയാത്ത ജുബ്ബയും, ഖാദി-
വേഷ്ടിയും ദിനപ്പത്രവുമായി,

ചാട്ടവാറും ചുഴറ്റിച്ചുഴറ്റി,
കാറ്റുകൊള്ളാൻ വയൽവരമ്പിന്മേൽ,

ചുണ്ടുകളുടെവക്കിൽച്ചുരുട്ടിൻ
തണ്ടിരുന്നു പുകയ്വതുനോക്കി,

തമ്പുരാനിന്നു വന്നുനിൽക്കുമ്പോൾ
തൻപുലയനെയോർക്കില്ല തെല്ലും!

ഓ! പുലയൻ! അവൻെറ സംസ്കാരം
ആ വയലിലെച്ചേറിൽനിന്നല്ലേ?

കൊയ്ത്തുനോക്കുവാൻ പാടത്തൊരിയ്ക്കൽ
കൊച്ചുതമ്പുരാൻ വന്നുനിന്നപ്പോൾ,

എൺപതാണ്ടുകൾ കൊയ്തുമെതിച്ചോ-
രെല്ലുകൂടം വിറച്ചുവേച്ചെത്തി!

വായപൊത്തി വടിയൂന്നിനിൽക്കും
വാനരത്വത്തെനോക്കിയദ്ദേഹം,

ഒന്നു ചോദിച്ചു തെല്ലറപ്പോടേ;-
..."വന്നതെന്താ കിഴവൻ പുലയൻ"?

യത്നപൂർണ്ണമാമജീവിതത്തിൻ
ശപ്താമന്ത്യവേളയിൽപോലും,

ആവതോളമലിഞ്ഞുപോയ് വൃദ്ധൻ
സേവനത്തിൻെറ ചാരിതാർത്ഥ്യത്തിൽ!

പല്ലുപോയ കുഴിവായി,-ലോളം
തല്ലി നിർവൃതിതൻ മന്ദഹാസം!

കുണ്ടിലാണ്ട മിഴികളിൽനിന്നും
രണ്ടുചാലുകൾ പൊട്ടിയൊഴുകി,

ഒട്ടിയകവിളെല്ലുകളിന്മേൽ
മുട്ടി, യിറ്റിറ്റുവീണൂ വരമ്പിൽ!

വ്യക്തമാവാത്ത ശബ്ദത്തിലോതി
വൃദ്ധ;-"നല്ലല്ലിതെന്തൊരുചോദ്യം?"

ഏനടുത്തൊന്നു നിന്നുകാണട്ടേ,
ഏനു സൊന്തമാണെൻകുഞ്ഞുതമ്പ്രാൻ

ചേർകലങ്ങിയ പാടത്തെ വെള്ളം
തേകിയാരോതെറിപ്പിച്ചപോലെ

ഒന്നറപ്പിനാൽച്ചുളിച്ചുളുങ്ങി
നിന്നു തമ്പ്രാ-നവന്നെന്തുനാറ്റം!

"...ഓർക്കുമെപ്പൊഴും...." വൃദ്ധൻ തുടർന്നു
നാക്കു വായിൽക്കിടക്കാത്തകാലം!

പട്ടുകോണവും പൊന്നരഞ്ഞാണും
പട്ടുടുപ്പുമായെൻകുഞ്ഞുതമ്പ്രാൻ,

ദൂരെനിന്നീക്കിടാത്തനോടോരോ
കാര്യയങ്ങൾ പറഞ്ഞുള്ള നില്പും,-

വല്യതമ്പ്രാൻെറ കൈപിടിച്ചെന്നും
നെല്ലുനോക്കാൻവരുന്ന നടപ്പും,-

ഓർക്കുമെപ്പൊഴു,-മെന്തൊരുകാലം
നീക്കുപോക്കില്ലടിയനൊന്നിന്നും!

വല്യതമ്പ്രാനൊരോലക്കുടയും
നല്ലമുണ്ടുമായ് മുമ്പേനടക്കെ,

ഏനുമെൻപൊലക്കള്ളിയുമാദ്യ-
മീവരമ്പത്തു കാലുവച്ചപ്പോൾ,

വല്യതമ്പ്രാൻ പറഞ്ഞു-“നമുക്കു
നല്ലകാലം വരാമ്പോണു തേവാ-”

പിന്നെ രാപകലെപ്പൊഴും വേല-
തന്നെ തങ്കംവിളഞ്ഞതാണാദ്യം!

എൻെറ തമ്പ്രാനതുമുതൽക്കാണി
കണ്ട പാടങ്ങൾ മേടിച്ചതെല്ലാം...”

തൻമുറുക്കാൻപൊതിയും നിവർത്തി
തമ്പുരാൻ തൻെറ കാര്യസ്ഥനപ്പോൾ,

ചെന്നുനിന്നു പറഞ്ഞു-‘കിഴവൻ
വന്നു നിൽക്കുന്നു കിന്നാരമോതാൻ...

ജോലിവേറെയു;-ണ്ടെത്തുമോരോന്നായ്
വേലയില്ലാത്തൊരീനുണക്കൂട്ടം!...”

തൻെറ പൊട്ടംചിരി തെല്ലമർത്തി-
ക്കൊണ്ടു കല്പിച്ചിതാ ‘ക്കുഞ്ഞുതമ്പ്രാൻ’-

“അച്ഛനിസ്വത്തുനേടിക്കൊടുത്തോ-
രിച്ചെറുമക്കിഴവനെക്കണ്ടോ?

രണ്ടുകിട്ടിയാൽ ചത്തുപോം,-കേട്ടോ
തെണ്ടികളുടെ വീമ്പിളക്കങ്ങൾ...”

(ഈ കവിതയിലെ ആശയത്തിനു ശ്രീ തകഴിയോടു കടപ്പാടുണ്ട്)

*പ്രഭാതം വിശേഷാൽപ്രതി, 1949*

# ചലനം, ചലനം

ചലനം, ചലനമാണെങ്കിലുമതിൽക്കൂടി
സഫലീകരിച്ചുവോ നാടിൻെറ പ്രതീക്ഷകൾ?

മർത്ത്യതയുടെ നെഞ്ചിൽ മുടിതുള്ളിയ ശപ്ത-
മർദ്ദനമുറകളെയാട്ടിയോടിച്ചോ ദൂരെ?

ചോരയിൽ ചരിത്രത്തിൻ താളുകൾ മുക്കി, ച്ചുററും
ചീറിയ തോക്കിൻമുമ്പിൽ ജ്വലിച്ച ദിവസങ്ങൾ

ഇപ്പോഴും ദഹിക്കുകയാണെരി,ഞ്ഞിരുളിൻെറ
കൽത്തുറുങ്കറകളിൽ ചെന്നു വീഴുവാൻമാത്രം!

ചക്രവാളത്തിൻ രംഗമണ്ഡപങ്ങളിലതാ
രക്തമേഘങ്ങൾ ചെയ്യും കങ്കാളനൃത്തം കണ്ടോ?

പകലിൻ തീനാമ്പുകൾ രാവിൻെറ തടങ്കലിൽ
പുകയുന്നതും നോക്കി പട്ടികൾ കുരച്ചപ്പോൾ

പൂവനമലർപ്പൊത്തിൽ പൂങ്കുയിലുകൾ പാടീ:
" റപോവുക വെളിച്ചത്തിന്നായിനി പടവെട്ടാൻ"

തീയുരുകുന്നൂ കരിങ്കാറുകൾ ചൂഴും രാവി-
ന്നായുധപ്പുരകളിൽ, വാളുകൾ ചലിക്കുന്നു!

ചലനംപോലും! നിമേഷങ്ങളെത്തളച്ചിട്ടു
വലവീശുന്നു —ചുററും മിന്നലുമിടികളും!

*കേരളകൗമുദി, തിരുകൊച്ചി*
*സംയോജനപ്പതിപ്പ് 17-11-1124 (1949)*

## ശ്രാദ്ധ ദിനത്തിൽ

വത്സരമൊന്നായിനാ
മച്ഛരനെപ്പിരിഞ്ഞി; — ട്ടാ
വത്സലഹൃൽസ്പന്ദങ്ങൾ
കേട്ടിട്ടില്ലതിൽപ്പിന്നെ
അന്നുനാം നടുങ്ങിപ്പോ;-
യാഞ്ഞെട്ടൽ നിലച്ചിട്ടി-
ല്ലിന്നു — മിപ്രപഞ്ചത്തിൻ
പരിപാടികൾക്കുള്ളിൽ!
പുത്തനാമൊരു ചിത്ര
താരകം വാനിൻ നെഞ്ചി-
ലെത്തിയിട്ടുണ്ടാവണം
വെളിച്ചം നമ്മൾക്കേകാൻ
കണ്ടിട്ടില്ലിതേവരെ
നാമതിൻ വിളയുന്ന
ചെണ്ടുകൾ, — ചരിത്രത്തിൻ
വാടാത്ത കതിരുകൾ!
ഇരുളിൻ പടയോടു
നേരിടാൻ കരിങ്കാറിൻ
ചുരുളിൽ പച്ചവെള്ളി
ക്കമ്പികൾ പാകിപ്പാകി,
ചക്രവാളത്തിൻ വക്കിൽ
നിൽപ്പതു കാണാമിന്നും
ശുക്രനങ്ങനെയൊരു
സർവ്വാധിപതിപോലെ,
കാലത്തിന്നിതളുകൾ
ചോരയിൽ മുക്കി, പ്പൂണു-
നൂലിഴകളും ജപ-
മാലയും തോളിൽത്താങ്ങി,
സഞ്ചരിക്കുന്നൂ നമ്മൾ
വാൾത്തലപ്പിന്മേൽപ്പററും
ചെഞ്ചോരവടിച്ചെറി-
ഞ്ഞാമതപ്പോരിൻ തേരിൽ
ഇന്നുനാമധികാര
വാഴ്ചയ്ക്കായ് നെടുനീളെ
നിന്നടരടിക്കുന്നൂ
സോദരർ തമ്മിൽത്തമ്മിൽ!
എന്നിട്ടുമോർമ്മിക്കാറി
ല്ലാ കസേരകൾ കാണാൻ

സന്ദർഭം നേടിത്തന്ന
 വൃദ്ധനാം മുത്തച്ഛനെ!
സത്യവും സമത്വവു-
 മൈകമത്യവും കൊണ്ടീ
മർത്ത്യ സംസ്കാരത്തിൻെറ
 ചുവടൊന്നുറപ്പിക്കാൻ
തൻപണിതുടർന്നപ്പോ-
 ളാത്തെററിനദ്ദേഹത്തിൻ
മുമ്പിലേക്കൊരു നിറ
 ത്തോക്കുമായ്ച്ചെന്നൂ മക്കൾ!
ഇരുണ്ട ചരിത്രത്തിൻ
 താളുകൾ മറിച്ചോളൂ:
വരുന്നൂ കെടുതിക-
 ളൊന്നൊന്നായ്പ്പിന്നെപ്പിന്നെ!
വത്സരം തികയുക
 യാണിപ്പോ;— ളൊരു നീണ്ട
വത്സര, — മിന്ത്യയ്ക്കിന്നാ-
 ണച്ഛൻെറയൊന്നാം ശ്രാർദ്ധം!
എന്തു നാം ചെയ്തുപിന്നെ?
 നാണമാവുന്നോ നമ്മൾ;-
ക്കെന്തെല്ലാം മുഴുമിക്കാ-
 നുണ്ടച്ഛൻ തുടർന്നവ?
ആ മഹൽ സന്ദേശങ്ങ-
 ളൊന്നെങ്ങാനനുഷ്ഠിക്കാ-
നായ്മിനക്കെട്ട നമ്മൾ,
 കണ്ണീരിനെന്താണർത്ഥം?
ജീവനോടിരിക്കുന്നൂ
 ഘാതക, — നയാളുടെ
പോർവിളയാട്ടത്തിൻെറ
 യായുധപ്പുരകളും!
ചിലടത്തോരോ നീണ്ട
 വാലുമായ്പ്പററിപ്പററി
ച്ചിലരിപ്പൊഴും കാണും
 ഖദർകൊണ്ടുടൽ മൂടി

ഒന്നു ചേർന്നിനിനമ്മ-
 ളീ ശുഭ മുഹൂർത്തത്തിൽ
ത്തന്നെ, യാചരിക്കുക
 നിസ്വാർത്ഥ പ്രതിജ്ഞകൾ!,
തുടരാം നമുക്കിനി
 യദ്ദേഹം നിന്നേടത്തു-
ന്നടിവെയ്പുകൾ മുന്നോ-
 ട്ടൊന്നിലും പതറാതെ!

*മലയാള മനോരമ ആഴ്ചപ്പതിപ്പ്. 1949 ജനുവരി*

## ശുക്രനും ചൊവ്വയും

ചക്രവാളച്ചെരുവിൽനിന്നെത്തി
ശുക്രനങ്ങിങ്ങു കൺകോണയയ്ക്കെ,
അമ്പെ ഞെട്ടി വിളർത്തു മുഖങ്ങൾ,
അംബരത്തിലെത്താരകൾക്കെല്ലാം!
വെള്ളിവെള്ളക്കസവാട ചുററി,
തുള്ളിയാടുന്ന കാഞ്ചനത്തേരിൽ,
അങ്കുരിതമദാലസനായി-
ത്തൻ കരവാൾ ചുഴററിച്ചുഴററി,
ഭോഗലാലസല്ലീലയിൽപ്പൊങ്ങി
പ്പോകുമാ വീരമാനിയെക്കാൺകെ,
ഉള്ളുലഞ്ഞുവോ, ചാരിത്രശുദ്ധി-
ക്കുള്ള പാവന സ്മാരകങ്ങൾക്കും
കണ്ണടച്ചുപോയ് 'ശീലാവതി'മാർ
നി,'ന്നരുന്ധതി' 'സാവിത്രി' മാരും!
താരകപ്പൊൻ കവടികൾ വാരി
ദൂരെ വിണ്ണിലെ ശാസ്ത്ര പാണ്ഡിത്യം,
*ശുക്രനെപ്പിടിച്ചാരായ്വതെന്താ-
ണൊക്കെ, യല്ലെങ്കിൽ കാമിനിമാരെ?
താരകളിൽച്ചില പഴമക്കാർ
താണുകൂപ്പിത്തൊഴുതു നിന്നേക്കാം
നിശ്ചയ, മവർക്കൊക്കെയും ശുക്രൻ
ഉജ്ജ്വലനാം കലാകാരനത്രേ!
ആയിരിക്കാം, —അധികമില്ലാർക്കും
ആ യജമാന സേവക ഭാവം!
കാലഭേദാനുവർത്തിയായ്, ത്തോന്നും
പോലവേ പടിഞ്ഞാറും കിഴക്കും,
വന്നുദിക്കുന്ന ശുക്രനെ, ത്താണു
ചെന്നു കൂപ്പുമോ, വിശ്വസത്യങ്ങൾ?

2

ദൂരെ നോക്കുകാ'ചൊവ്വ'യെ, —ത്തന്മെയ്-
ച്ചോരകൊണ്ടു കുറിക്കയാണെന്തോ!
തേർത്തടത്തിലിരുന്നു ചിരിക്കാൻ
ശാസ്ത്രബോധമവനെത്തടുത്തു!
ചീററിയെത്തും പരിവർത്തനത്തിൻ
മാറെറാലികൾ മുഴങ്ങവേ ചുററും,

ശസ്ത്രവുമേന്തി വീറുകൊണ്ടിങ്ങോ-
ട്ടെത്തിനോക്കുമാ ധാർമ്മിക മൂല്യം,
ചെത്തിമാലയാൽ, ചെമ്പനിനീർപ്പൂവാൽ,
'ശക്തിപൂജ' നടത്തുന്ന നമ്മൾ,
കണ്ടറിയുകയില്ലയോ തെല്ലും,
കർമ്മ ചോദിതരിക്കേരളീയർ?
ശക്തിഹീനർ പരിഹസിച്ചേക്കാം
'രക്തരൂക്ഷിത'നെന്നു ചൊവ്വായെ

ഭാഗധേയമ, —ല്ലാ, ശുക്രതാരം*
ഭോഗലാലസ ദൃഷ്ടിവികാരം!
നാടുനീളെ നടന്നലഞ്ഞാലോ
നാമതിൻ ജയകാഹളമൂതാൻ?

*മലയാള മനോരമ ആഴ്ചപ്പതിപ്പ് 1949 ജനുവരി 9*

*ജ്യോതിഷസങ്കേതമനുസരിച്ചു ശുക്രൻ, ഭോഗലാലസതയുടെ കാരകനാണ്. ജ്യോതിഷം കാമിനിയെ അന്വേഷിക്കുന്നതു മുഴുവൻ ശുക്രനെപ്പിടിച്ചാണ്.

## സന്ദേശം

കരയാതിരിക്കൂ നീ
കണ്ണീരിൻ കരപററി
കരളിൻ കാവ്യാംശുക്കൾ
തെളിയാതിരുന്നാലോ?

അശ്രുവിൽ മുക്കേണ്ട നീ
തൂലിക തുടരേണ്ട-
വിശ്രമം യാഥാർത്ഥ്യങ്ങൾ
പകർത്തൂ ഹൃദ്രക്തത്താൽ

അകലെച്ചൊകപ്പാർന്ന
ചക്രവാളത്തിൽക്കർമ-
ശിഖരം മുളച്ചുയർ-
ന്നെത്തിനോക്കുന്നൂ നിന്നെ!

അവിടേക്കെത്തൂ കവേ
ഭാവുകം വിതറുവാൻ
അവിരാമോൽക്കർഷത്തിൻ
പൊന്നുടപ്പിറപ്പേ നീ!

പേരാളും പ്രഭുത്വത്തിൻ
ദൃപ്തമാം വാളിന്നല്ല
പേരാളുമധികാരം
നാളത്തെ പ്രഭാതത്തിൽ!

തൂവെളിച്ചത്തിൻ സത്യ
കാഹളമൂതും നിൻെറ
ഭാവഗീതങ്ങൾക്കത്രേ
നിലനില്പെല്ലാനാളും!

ജീവിതമിരുൾമുററും
കൽത്തുറുങ്കറകളിൽ
പോയ് വലയട്ടേ, പോരി-
ലില്ലങ്ങേക്കപകർഷം

ദൂരെയാപ്പടർവള്ളി-
ക്കാടുകൾക്കങ്ങേപ്പുറ-
ത്താരചിക്കുകയല്ലേ
കല്യാണമാല്യം കാല്യം.

*വിദ്യാഭിവർദ്ധിനി ഏപ്രിൽ, മെയ്, 1950*

## കാറ്റും തീയും

മരവിച്ച മഞ്ഞടരും
    മലകളിൽ, മിഴിയൊപ്പും

കറുകകളിടതൂർന്ന
    സമതലത്തിൽ,

ഇരുളിൻെറ ചുമടുമായ്
    ചലനങ്ങൾക്കെതിർ നിൽക്കും

തരുനിരയ്ക്കിടറു-
    മിലപ്പടർപ്പിൽ,

പുതുകാവിപ്പുടവകുട-
    ഞ്ഞുദയത്തിൻ ജ്വാലകളെ-

യെതിരേൽക്കും പ്രാചിതൻ
    കാതുകളിൽ,

കുഴലൂത്തുകൾ,-തീമലകൾ
    പൊട്ടുമ്പോ, ളവയുടെ

കുഴലൂത്തുക,-ളിടിവാളുകൾ
    വീശിടുമ്പോൾ,

ഉണരുന്ന നാടിൻെറ
    യലറിച്ചകൾ ചെന്നല-

ച്ചുടനീളം കാറ്റുക
    ളിളകിടുമ്പോൾ,

അരമനയിൽ സ്വപ്നത്തിൻ
    തേൻനുണയും തത്തമ്മകൾ

അറിയാതെ ചിലച്ചുപോയ്:-
    "കാറ്റുവന്നു!"

"കാറ്റേ, വാ കാറ്റേ, വാ..."
    മാടത്തകൾ മണികൊട്ടി

"കാഴ്ചയ്ക്കൊരുസുഖമില്ലേ?"
തത്തമുളി.

ചുഴലവും തീച്ചുളകൾ
പുകയുകയാ,-യരമനയിൽ

മിഴിതുറന്നവ പാടി
"ചൂടുവന്നൂ"

"മരവിച്ച മഞ്ഞിന്നീ
ചൂടിത്തിരികൊള്ളാമേ..."

ചേറുതൂവൽത്തത്തമ്മ
ചൊറുകിനോക്കി.

പുകപോയി, തീയാളി,
തത്തമ്മകൾ ശ്രുതികൂട്ടീ

"പകൽവന്നൂ, പാലെവിടെ,
പഴമെവിടെ...?"

അരമനയിൽ കാവൽക്കാർ
നിദ്രയിലാണപ്പോഴും

കുറുകുന്നൂ കുറുകുന്നൂ
കളിമാടത്തേ:

"ഉദയമാ,യുണരുക,
കുഴൽകേട്ടോ?" (കുഴലല്ലതു,

ചിതകൾതൻ തീച്ചുണ്ടിൻ
ചുട്ടചൂളം!)

അരമനതൻ കുളുർതിണ്ണകൾ
തീ നക്കിത്തോർത്തുമ്പോൾ

അവ പാടീ-"വെയിൽ വന്നൂ
ഗാട്ടുകാരേ..."

ഞെട്ടിയുണർന്നതു കേട്ടവർ
നോക്കിപ്പോയ്,-കൊട്ടാരം

ചുട്ടു ചുട്ടിഴയുന്നു
തീപ്പുളവൻ!

"പകലല്ല, പുലരിയ-"
ല്ലാർത്തുവിളിച്ചവർ പറഞ്ഞു:

പുകയില്ലാക്കാട്ടുതീ
കാളിടുന്നു!"

ചുറ്റിയടിച്ചവിടൊക്കെ
ജ്വാലകൾതൻ തോളുകളിൽ

മുട്ടിയുരുമ്മിപ്പായും
കാറ്റലകൾ,

അട്ടഹസിച്ചൂകയ്യിൽ
പുകയുടെ കോലുമായ്:

"ഞെട്ടല്ലേ, ഞെട്ടല്ലേ,
ഗാട്ടുകാരേ!

ഉണരാത്തവരിനിയുമു
ണ്ടരമനയിൽ,-അവരുമൊ-

ന്നുണരട്ടേ; നേരം
വെളുത്തുകൊള്ളും..."

*കൗമുദി ആഴ്ചപ്പതിപ്പ്, 1950 മാർച്ച്*

# ആ ഗർജ്ജനങ്ങൾ

"......ഗളഹസ്തംചെയ്യുമ്പോൽ, ഗളഹസ്തം അല്ലല്ലാ
ഗളഹസ്തം വെറുമൊരു ചൊറികുത്താണോ?"

അതു കേരളീയൻെറ സംസ്കാരബോധത്തിൻ
അഭിമാനഗർജ്ജനമായിരുന്നു!
പഴമയെപ്പോററുന്ന പാഴിരുൾച്ചാർത്തിന്നു
പകലിൻെറ വാൾവീശലായിരുന്നു!
മലനാടിൻ മാനംകെടുത്തുവോർക്കൊക്കെയും
മരണോഗ്രശാസനമായിരുന്നു!
നവയുഗസംസ്കാരജയശംഖമൂതിയ
കവിയുടെ പോർവിളിയായിരുന്നു!

അതു നിങ്ങൾ കേട്ടുവോ? മലയാളഭാഷയ്ക്കൊ-
രഭിനവസന്ദേശമായിരുന്നു!
കലയുടെ ശോകാന്തശാന്തഗംഭീരമാം
കരളിൻ കയങ്ങളിളകിയില്ലേ?
യുഗമേഖലകളിൽ ചുററിയടിച്ചൊരാ
യുവജീവനിശ്വാസചണ്ഡവാതം,
പഴമയെച്ചെന്നു പിടിച്ചുലയ്ക്കെ 'ച്ചങ്ങം-
പുഴ'യുടെ ഗർജ്ജനം കേട്ടു വീണ്ടും:
".....ജടയുടെ സംസ്കാരപ്പനയോലക്കെട്ടൊക്കെ
പൊടിതട്ടിപ്പുഴുകുത്തിച്ചിതലുമുററി,
ചികയുന്നോ? ചിരിവരും, ചിതലിനിയുമുണ്ടെന്നോ?
ചിതയിലേക്കവയെടുത്തെറിയൂ വേഗം!......"

മലയാളഭാഷയ്ക്കൊരാവേശംകൊള്ളിച്ച
മധുരസംഗീതസ്വരലയങ്ങൾ
നരകിച്ച നൂററാണ്ടുകളുടെ, ജീവിത-
പരിപാടികളുടെ നഗ്നതകൾ!
നിമിഷങ്ങൾ, നാകീയനിമിഷങ്ങൾ സൃഷ്ടിക്കും
സുമധുരസ്വരരാഗലഹരികകൾ!
മലയപ്പുലയർതൻ ജീവിതചിത്രങ്ങൾ,
മലരിട്ട സംസ്കാരവിപ്ലവങ്ങൾ!
മലകളിൽ,—നീലവനങ്ങളിൽ,—സ്വർഗ്ഗങ്ങൾ

പുലരുന്ന ചോലകൾതൻ കരയിൽ,
വിജനരംഗങ്ങളിൽ നാദം വിളയിക്കു-
മജപാലകർതൻ കുഴൽവിളികൾ!
ഇവയൊക്കെപ്പകരുന്ന മണിവീണ; മലയാള-
ക്കവിതേ, നിൻ ദേവനതായിരുന്നു!
കലയുടെ കാൽച്ചിലമ്പൊച്ചകൾ കേൾപ്പിച്ച
കവിയുടെ കൈവല്യജീവനാളം,
അപഹരിച്ചെന്നോ നീ, മരണമേ, ഞങ്ങൾത-
ന്നഭിമാനമൊക്കെത്തകർന്നുപോയീ!
കരയുവാൻ കണ്ണുനീരില്ല, ഞങ്ങൾ;—ക്കതാ
കരിവാളിക്കുന്നു ദിഗന്തരങ്ങൾ!

ഹൃദയവും ഹൃദയവും തങ്ങളിൽത്തങ്ങളിൽ
പുണരുമ്പോ, ളാസ്വർഗ്ഗനിർവൃതിയിൽ'
പരിവേഷം ചാർത്തുന്ന നാദാത്മകതകൾ
പരിചയിപ്പിച്ച പ്രപഞ്ചസത്യം,
ഹതഭാഗ്യയായ്ത്തീർന്ന കൈരളിപാടുമാ
വ്യഥകടിഞ്ഞാണിടും ഗദ്ഗദത്താൽ:-
"...വിഭ്രമവിഷവിത്തുവിതയ്ക്കിലും ഹൃദിമേ,
വിസ്മരിയ്ക്കില്ലഞാൻ, നിന്നെസ്സുരസുഷമേ..."
മലയാളക്കരപൊട്ടിക്കരയുകയാ,ണോമന
സ്മരണകളിൽ 'ച്ചങ്ങംപുഴ' വരുമ്പോൾ!

*ചങ്ങമ്പുഴ അക്കാഡമി പ്രസിദ്ധീകരണം, 1950 ഡിസംബർ*

# പ്രളയം

('വൈക്കം കായലിലോളംവെട്ടുമ്പോൾ' എന്ന രീതി)

കാററും വെള്ളവും തള്ളിക്കേറുമ്പോൾ
കാഴ്ചയ്ക്കെന്തൊരു ചേലെടാ!

കാഴ്ചകൾ, ചിന്തകൾ
കായ്ച നമ്മൾതൻ കാഴ്ചകൾ!

കോളുകൊള്ളുമീ മാനത്തെമ്പാടും
നീളും മിന്നൽതൻ തീയല,

തീയലകൾതൻ ചുട്ടനാവുകൾ
തീരുമാനിച്ചമാതിരി

മാനത്തെ പടയോട്ടക്കാരുടെ
മാറിടഞ്ഞുള്ള പോർവിളി

ആർത്തലറുമിതീത്തരംഗങ്ങ-
ളേററുപാടവേ, നീളവെ!

കേററങ്ങനെ ചീറി വിപ്ലവ-
ക്കേവുവള്ളങ്ങൾ നീളവെ!

കോളുകൾ, കോളുകൾ!
കോടക്കാററണിക്കോളുകൾ!

ചീററിവന്നടിച്ചാർത്തലറുമീ
കാററിനെ, കൊടുംകാററിനെ

മനത്തീയെരിമാമലകൾതൻ
മാറിലേക്കടിച്ചാക്കുവാൻ,

നമ്മളൊത്തുചേർന്നൊത്തുചേർന്നിനി
നല്ല മട്ടിലൊന്നൂതണം.

കോളു കേറണം തീ പടരണം
നീളെ നമ്മൾതൻ ചൂഴവും!

പായവെ — നീളവെ
പായ നീർത്തിയ വഞ്ചികൾ

നമ്മൾതൻ സമരാങ്കണങ്ങളിൽ
നിന്നുചീറുമീ വഞ്ചികൾ

കർഷകപ്പട കൈയിലേന്തിയ
കൊച്ചുപങ്കായക്കോലുകൾ

കാററിലങ്ങനെ തുള്ളിവീശുമ്പോൾ
കാഴ്ചയ്ക്കെന്തൊരു ചേലെടാ!

ചേലുകൾ ചോരതൻ
ചേല തൂക്കിയ നാൾകളിൽ.

നാട്ടിലെച്ചില നാറനായകൾ
നീട്ടിത്തുപ്പിയ പാടുകൾ

കട്ടകൾ — കഫക്കട്ടകൾ പോലെ
പററി വാനിലത്താരകൾ.

വേർപ്പണിഞ്ഞതാം വേലക്കാരുടെ
തോപ്പകൾക്കുള്ളിലിങ്ങനെ

നൂറുകൊല്ലമായന്തരീക്ഷത്തിൽ
നീറിപ്പൊന്തിയ നീരല

കാലമൂതുന്ന കാററിലങ്ങനെ
കാലവർഷമായ് മാറണം!

മാറവേ, മായവേ,
നാമെടുത്തിടും 'നാളെ'കൾ!

കേററങ്ങനെ ചീറി നമ്മൾത-
ന്നോടിവള്ളങ്ങൾ നീളവേ!

ചാടി നേർക്കുമിത്തിരകളെത്തകർ-
ത്തോടിമുന്നേറുമോടികൾ,

പുത്തനാമൊരു തലമുറയ്ക്കുള്ള
വിത്തിറക്കുവാൻ പോകണേയ്!

ഓടിവള്ളങ്ങൾ പാട്ടിനൊത്തേവ-
മോടിക്കേററട്ടെ കോളിലും!

കോളിലീ നമ്മൾതൻ
മോളിൽ നിന്നവർ താണുപോയ്.

ചോരചിന്തിയ കർഷകപ്പട
പോരിനിങ്ങനെ പോകവേ—

കാറുതിങ്ങിയ പരന്ന മാനത്തു
വീറു കേട്ടുവോ പോർവിളി!

പോർവിളി, പോർവിളി!
പോരി,പ്പോരൊരു, തീക്കളി.

ചീർത്തൊരീ മലവെള്ളപ്പൊക്കത്തിൽ
ചീഞ്ഞഴുകുന്ന കൂട്ടരേ!

നിങ്ങളിങ്ങനെ ചീഞ്ഞുചേരുന്ന
മണ്ണിൽ നാമ്പിടും വിത്തുകൾ

ഞാറു മുററിത്തഴച്ചു നെൽക്കുല
പാറു — മെന്തൊരു നെൽക്കുല!

അന്നു ഞങ്ങൾതൻ കൊയ്ത്തുകാലമൊ-
രമ്പരപ്പിക്കുമുത്സവം!

കാർഷികോത്സവം കാണണോ?
കാണണോ? കാണണോ?

കാട്ടുനായ്ക്കളേ നിങ്ങളെ
കാട്ടുതീയിട്ടു കഴുവിലേററുന്ന
നാടകം നാടകം —?

*ഡെമോക്രാറ്റ്-1950*

## ഞാൻ, എൻെറ അച്ഛൻ, എൻെറ മുത്തച്ഛൻ....

കടലിൽ പകൽ കൊണ്ടു-
പോയ മുന്തിരിക്കള്ളിൻ-
കുട,മെങ്ങനെയാവോ
വീണുപോയ് പൊടുന്നനേ!

അതിലെച്ചെമ്മുന്തിരി-
ച്ചാറൊഴുകുന്നൂ കട-
ലലകൾക്കുള്ളിൽ പത-
ഞ്ഞന്നൊരു സായാഹ്നത്തിൽ!

ഞാനുമെന്മകനുമായ്
കാററുകൊള്ളുവാൻ ചെന്ന-
താ,ണനന്തതയുടെ
നീലനീലിമ നോക്കി.

ചെന്തിരച്ചുരുളുകൾ
നുരനുരയുന്നൂ പത-
ഞ്ഞെൻ തലച്ചോറിൽച്ചീറു-
മോർമ്മതൻ മദിരയും.

രണ്ടുമാസത്തിൻ മുമ്പി-
ലിളപോൽത്തിളച്ചതാ-
ണെൻെറയീ വയററിലും
ചെങ്കള്ളിൻ കുമിളകൾ!

അന്നൊക്കെയിരുട്ടിയാൽ
വീഞ്ഞുവിൽപനക്കട
തന്നെയാണെൻ വീ; —ടോരോ
കുപ്പികളെൻ ചുണ്ടിലും!

അങ്ങനെ കുടിയനായ്-
ത്തീർന്നു ഞാൻ, കുടിച്ചല-
ഞ്ഞമ്മയെവരെ കാമ-
ക്കണ്ണടിച്ചിരുന്നു ഞാൻ!

എൻെറ വ്യക്തിത്വം വിററു
കള്ളു മോന്തി ഞാൻ; രണ്ടേ
രണ്ടു സെൻെറൻ വീട്ടിലെ
പ്പൂഴിമ,ണ്ണതും തീർന്നു!

തെണ്ടിയായ്, കുടിച്ചു ഞാൻ
തെണ്ടിയായ്, തീരത്തിന്റെ
ചുണ്ടിലിക്കടൽവീഞ്ഞിൻ
ചെമ്പത പതയുന്നു!

ഈ മദ്യനിരോധിത-
മേഖലകളിൽ, കട-
ലീമട്ടിലൊരു വീഞ്ഞു-
പാത്രമായ്ത്തീരുന്നെന്നോ?

ചാടി ഞാൻ തിമർക്കുമീ-
ക്കള്ളിന്റെ തിരകളിൽ,
തേടിവന്നെന്നെപ്പിടി-
കൂടട്ടെ പോലീസുകാർ!

എന്മക — നിവയൊന്നു-
മറിയാതിതാ, ചിരി-
ച്ചെന്നടുത്തിരുന്നോരോ
കാഴ്ചയിൽ രസിക്കുന്നു!

മണ്ണുകൊണ്ടവനപ്പം-
ചുടുന്നൂ; കള്ളാ നിന്റെ
തൊള്ളയിലിതു തള്ളി-
ക്കേററും ഞാൻ ചിരിക്കുന്നോ?

നീയുമെന്നെപ്പോൽ കുടി-
ച്ചിങ്ങനെ തെണ്ടും; കുഞ്ഞേ
നീയൊരു കുടിയനായ്-
ത്തീരും...നിൻ പാരമ്പര്യം!

നിന്നച്ഛൻ, നിൻ മുത്തച്ഛൻ,
മുതുമുത്തച്ഛൻ, നിന്റെ
പിന്നിലെത്തലമുറ,
യത്രയും കുടിയന്മാർ!

നീയുമിങ്ങനെ കുടി-
ച്ചാടണം; നിന്നമ്മയെ
നീയടിക്കണ, മതാ-
ണിന്നു നിൻ പാരമ്പര്യം!

ഇല്ല ഞാനനുവദിക്കില്ല
നീ കുടിക്കുവാ;-
നല്ല നീ ജീവിക്കുവാൻ.,....
ജീവിച്ചാൽ കുടിക്കും നീ!

നീയിപ്പോൾ മരിക്കണ-
മെന്മകൻ നാടിൻമുമ്പിൽ
നീളരുതോരോ കള്ളു-
ഷാപ്പിലും നിരങ്ങുവാൻ!

ചാടി ഞാനെൻ കുഞ്ഞിനെ-
യെടുത്തു, കുടിച്ചവൻ
ചാവട്ടേ; കടലിൻെറ
തോളിലേക്കെറിഞ്ഞു ഞാൻ

കടലിൽ ചെങ്കള്ളിൻെറ
പതകൾക്കുള്ളിൽക്കൂടി
കഴലിട്ടടിക്കയാ-
ണെന്മക;നകലത്തിൽ!

കുടിച്ചു കുടിച്ചു നീ
ചാവണം കുഞ്ഞേ കള്ളിൽ
കുതിരും നിൻ പ്രാണനു-
മുന്മദം രസിക്കട്ടേ!

തിരിഞ്ഞുനടന്നു ഞാൻ
മുള്ളുകമ്പികൾ ചുററി
വരിഞ്ഞു വരിഞ്ഞെന്തോ
ചിന്തയെ നോവിക്കുന്നു!

കരിഞ്ഞ പകലിൻെറ
പുടവയ്ക്കൊപ്പം, പുക-
ഞ്ഞെരിഞ്ഞൂ നെരിപ്പോടൊ-
ന്നെൻ തലച്ചോറിന്നുള്ളിൽ!

കടലിൻ തിരക്കോളി-
ലാടി ഞാൻ നടക്കുമ്പോൾ
കഴൽ തെററുന്നൂ; വീട്ടി-
ലെത്തി ഞാനൊരുമട്ടിൽ!

എൻെറ ചിന്തയെ വേട്ട-
യാടുകയാണെപ്പോഴു-
മെന്മക,നവൻ കുടി-
ച്ചാടുന്നൂ, ചിരിക്കുന്നു!

ഞെട്ടിയെൻ കുടുംബിനി
വിറച്ചു വിറച്ചെൻെറ
മട്ടു കണ്ടപ്പോളോതീ:
"മകനെ,...ങ്ങെൻ കുഞ്ഞുമോൻ?......"

എൻെറ ചേതനയുടെ
മുഖത്താ കൈബോംബെറി-
ഞ്ഞെന്നെ ഞെട്ടിച്ചു;
രണ്ടു കണ്ണുകൾ തീ തുപ്പുന്നു!

"കൊന്നു ഞാ" നെൻ ഗദ്ഗദം
"കടലിൻ വായിൽ മുക്കി-
ക്കൊന്നു ഞാനവനെ ഛീ!
നീ കരയുന്നോ തങ്കം?

ഞാനുമച്ഛനുമെൻ മു-
ത്തച്ഛനും കുടിയന്മാ-
രാ,ണവൻ ജീവിക്കുകിൽ
കുടിക്കും;.....പാരമ്പര്യം!

എന്മകൻ വഴിനീളെ-
ക്കള്ളു തെണ്ടരു;—തെന്നോ-
ടെന്നിൽവച്ചവസാനി-
ക്കട്ടെ, യെൻ പാരമ്പര്യം!"

അലറീ, പിശാചിൻെറ
പല്ലിളിച്ചവൾ, ചൊടി-
ച്ചലറീ: — "ദുഷ്ടാ! നിൻേറ-
തായിരുന്നില്ലാക്കുട്ടി...."

*സ്വതന്ത്രകേരളം ഓണം വിശേഷാൽപ്രതി. 1950*
*ഈ കവിതയ്ക്ക് ഒ. ഹെൻറിയുടെ കഥയോട് കടപ്പാടുണ്ട്*

# പിശാചിൻെറ പാട്ട്

ചലനരാശിയെച്ചങ്ങലയ്ക്കിട്ടുകൊ-
ണ്ടലറുവോർതന്നണികളെ നേരിടാൻ,
മധുരമാനവസ്നേഹാർദ്രസംഗീത-
സുധപകരുമെന്നോടക്കുഴലിനെ, —
അതിലനന്തമാം സർഗ്ഗപ്പൊലിമതൻ
കതിർ തുടിപ്പിക്കുമെൻഹൃദയത്തിനെ, —
ഒരു 'പിശാചെന്ന മുദ്രകുത്തി' പെരു-
മ്പറയടിക്കുന്ന നീതിപീഠങ്ങളെ,
കഴുമരങ്ങൾ നിരത്തിയോ ഞങ്ങൾതൻ
കഴിവുകളുടെ കണ്ഠനാളങ്ങളിൽ?

എവിടെവിടെജ്ജനമുന്നണികൾതൻ
കവിതകളുടെ ശീലുകൾപൊങ്ങുമോ,
ജനഹൃദയമിടിപ്പുകൾകൊണ്ടൊരു
സ്വനതരംഗമെവിടെപ്പുലരുമോ,
എവിടെ നാടിൻപ്രസംഗരംഗങ്ങളിൽ
നവയുഗത്തിൻെറ ശബ്ദം തുടിക്കുമോ —
ഒഴുകുമിജ്ജനശക്തിപ്രവാഹത്തിൽ
തൊഴിലുകൾ കൊടിയെങ്ങെങ്ങുയർത്തുമോ,
വിളവെടുപ്പിൻെറ നാൾകളിൽ കർഷകർ
വിതയുടെ പാട്ടെവിടെ മുഴക്കുമോ.
അവിടെയൊക്കെത്തുറുങ്കും വിലങ്ങുമായ്
അലറിടും നിങ്ങൾ നീതിസംരക്ഷകർ!
ചിരിവരാറുണ്ടു, നിങ്ങളഹിംസതൻ
ചിറകുവച്ചു പറക്കാനിറങ്ങവേ,
ചിരിവരും നിങ്ങൾ ഗാന്ധിതൻ പേരിലീ
ചിതകൾ നാട്ടിലൊരുക്കുന്ന കാണവേ!

ധനമദത്തിന്നെതിരായൊടുക്കത്തെ
നിണഞരമ്പും മുറിച്ചെറിയുംവരെ,
പടനയിച്ചോരാ ക്രിസ്തുവിൻചിത്രമു-
ണ്ടുടമകളുടെ ബാങ്കിലോരോന്നിലും?

ഇവിടെ രാമരാജ്യത്തി—ലഹിംസത-
ന്നിടിമുഴങ്ങും തടവറതോറുമേ,
നരഹൃദയനിണം പുള്ളികുത്തിയ
നിരയിലില്ലയോ ഗാന്ധിജിതൻ പടം?

മനുജരൂതുന്നു നീളവേ നിങ്ങൾതൻ
മരണശംഖ, —മാ ശബ്ദം മുഴങ്ങവേ,
തെരുവുതോറും പടച്ചിട്ടയിൽ പെരു-
മ്പറയടിക്കുന്നു നാട്ടുകാർ തൻപദം!
തടയുമോ നിങ്ങളീ ജനശക്തിയെ
തടവറയും കൊലക്കയർച്ചുററുമായ്

അലസരായ് നിങ്ങൾ മർദ്ദിച്ചടക്കിയ
തലമുറകൾതൻ ശക്തിസൈന്യങ്ങളിൽ
'സരിഗമ' പാടിനിൽക്കാതെ നാടിന്റെ
സമരഗാനം മുഴക്കുവാൻ നിന്ന ഞാൻ
ഒരു കൊലയാളിയാണുപോൽ;—നിൻവിധി-
ച്ചുരുളിനേതുണ്ടു നീതിതൻ പിൻതുണ?

പടനിലത്തിൽ, വയലാറുകളുടെ
പടനിലങ്ങളിൽ നാമ്പിടുംശക്തിയെ
തലമുറകളിൽ ജീവിതസംസ്കാര-
മലയടിക്കും പ്രചോദകശക്തിയെ,
ഇവിടെ മാനിച്ചുയരുകയാണിതാ
കവികൾ കാഥികർ; നാടിന്റെ ഗായകർ
അവരുയർത്തുന്ന സംസ്കാരമേഖല
നവയുഗത്തിൻ ഹൃദയൈക്യശൃംഖല
അതിനുമുമ്പിലേക്കോലിയിട്ടെത്തിടും
പതിവു നിർത്തുമോ; ഞങ്ങൾ നിർത്തിക്കണോ?

*മാർച്ച്, 1950*

# നിങ്ങൾ ശക്തികേന്ദ്രങ്ങൾ

(ഇരുപത്തിയെട്ടു വർഷത്തെ നീണ്ട ജയിൽശിക്ഷയ്ക്കു വിധിക്കപ്പെട്ട സുപ്രസിദ്ധ പുരോഗമനകവിയായ നാസിം ഹിക്മത്ത്, തടവറയിൽവച്ചെഴുതിയ ഉജ്ജ്വലമായ ഒരു കവിതയാണിത്.
ലോകത്തങ്ങോളമിങ്ങോളമുള്ള വിശ്വോത്തരസാഹിത്യകാരന്മാരും ബുദ്ധിജീവികളും ജനാധിപത്യസംഘടനകളും സാധാരണക്കാരും ആ നീചവും നിന്ദ്യവുമായ ജയിൽശിക്ഷയ്ക്കെതിരായി പ്രതിഷേധശബ്ദമുയർത്തിയപ്പോൾ, പതിമ്മൂന്നു വർഷക്കാലത്തെ ജയിൽവാസത്തിനു ശേഷം അദ്ദേഹം വിമോചിതനാക്കപ്പെട്ടു.)

വെൺപാറക്കെട്ടുകളുടെ നിശ്ചലഗാംഭീര്യം
പൂമ്പറവകൾതൻ കർമ്മപ്രവണതകൾ,

ജയിലറകളിൽനിന്നെല്ലാമുയരും സംഗീത-
ലയതരളനാദത്തിൻ ശോകാത്മഭാവങ്ങൾ,

ചൂടുള്ള നാട്ടിലെ ജീവികൾതൻ മുഴുമുഴു,-
പ്പിടുള്ള നിൻകൈകളിലിവയൊക്കെക്കാൺമു ഞാൻ!

നിൻകൈകൾ, വിശന്നെരിയും കുഞ്ഞോമനവയറുകളിൽ-
നിന്നുയരും രോഷത്തിൻ പ്രതിബിംബങ്ങൾ

നിൻകയ്യുകൾ രുചിയുള്ള മുലപ്പാലു നിറഞ്ഞുള്ളോ-
രമ്മയുടെ കനമുള്ള മാർത്തട്ടിൻ മധുരിമകൾ

അവ സൗഹൃദമൃദുലങ്ങ,ളീവിശ്വപ്രകൃതിതൻ
അഭിമാനവുമുജ്ജ്വലതയുമുണ്ടവയിൽ!

പരുപരുപ്പേറിയ, മിനുമിനുസമില്ലാത്ത,
ചുരുൾതൊലികളവയെപ്പൊതിഞ്ഞിരിക്കാം

അവ താങ്ങിയുയർത്തുന്നു, കാളകൾതൻ കൊമ്പുകളിൽ
തലചായ്ച്ചുറങ്ങാത്ത വിശ്വശക്തി!

വരികയാണൊരുസംഘം വഞ്ചകർ, നിങ്ങളെ
വരിയുവാൻ നുണകൊണ്ടെൻ നാട്ടുകാരെ

പട്ടിണിയാൽ നിങ്ങൾ കിടന്നെരിയുമ്പോൾ, നിങ്ങൾക്കു
റൊട്ടിയുമപ്പങ്ങളുമാവശ്യമാവുമ്പോൾ

വെള്ളവിരിച്ചിട്ടുള്ളൊരു തീന്മേശയ്ക്കരികിലിരു-
ന്നുള്ളുതണുത്തൊരുനേര — മൊരുനേരമെങ്കിലും,

ഒരു തുണ്ടിറച്ചിയോ റൊട്ടിയോ തിന്നുവാൻ
കഴിയാതെ നിങ്ങളീനാട്ടിൽനിന്നകലുമ്പോൾ

കുലതിങ്ങിത്തേനൂറും കായ്കനികൾ ചൂടിയ
ഫലവൃക്ഷങ്ങളെ നിങ്ങൾ വിട്ടുപിരിഞ്ഞകലുമ്പോൾ

അവർ നിങ്ങളെ നുണയൂട്ടി വീർപ്പുമുട്ടിക്കയാ-
ണവിടെ — യെൻ പ്രിയമുള്ള നാട്ടുകാരെ!

ഈ മാനവലോകത്തിലെ മുക്കാലും നിങ്ങളാ-
ണീനാട്ടിലുമയൽനാട്ടിലുമുള്ളെൻ സഖാക്കളെ!

നിങ്ങളുടെ കയ്യുകൾപോൽ നിങ്ങളും പഴകിയവർ
നിങ്ങളുടെ കയ്യുകൾപോൽ പാടവവുമുള്ളവർ

നിങ്ങളിലുണ്ടൊപ്പമൊരു നൂതനവും ദിവ്യവുമാം
ശൃംഗോന്നതമുന്മിഷിത സർഗ്ഗശക്തി

നിങ്ങളമേരിക്കരേ, യൂറോപ്പിലെ നാട്ടാരേ
നിങ്ങളും കർമ്മോജ്ജ്വലയുവധീരതകൾ!

നിങ്ങളുടെ കയ്യുകളെപ്പോൽതന്നെ മറവികൾ-
ക്കെങ്ങനെയോ കീഴ്പ്പെട്ടവരാണു നിങ്ങൾ!

അഞ്ചിതമിക്കയ്യുകളെപ്പോൽതന്നെ നിത്യവും
വഞ്ചിതരായ്ത്തീരുവോരാണു നിങ്ങൾ!

ശ്രദ്ധിക്കുക, ശ്രദ്ധിക്കുക മമ ജന്മസഖാക്കളെ
ശ്രദ്ധിക്കുക നിങ്ങളെൻ പ്രിയജീവസ്നേഹിതരേ,

നുണപറയുകയാണെങ്കിൽ പത്രങ്ങൾ പരസ്യങ്ങൾ, —
നുണപറയുന്നെങ്കിലോ ചുമർചിത്രങ്ങൾ, —

വെള്ളിത്തിരകളിലൊക്കെച്ചിട്ടകളിൽ നർത്തകികൾ
'ലല്ലലലം' നീക്കുന്ന നഗ്നപദമുദ്രകൾ,

സ്വപ്നങ്ങൾ, താരാട്ടുകൾ, വർണ്ണങ്ങൾ, വാക്കുകൾ,
ശബ്ദങ്ങൾ ഹൃദയത്തിൻ പ്രാർത്ഥനകൾ,

മുഷിവുള്ളോരു നീണ്ടപകൽ മുഞ്ഞിവീർപ്പിച്ചിഴ-
ഞ്ഞൊഴിയുമ്പോളെത്തുന്ന നിശീഥശരച്ചന്ദ്രികകൾ,

ഇവയെല്ലാമിവയെല്ലാം നുണപറയുകയാണെങ്കിൽ
ഇവ നിങ്ങടെ തൊഴിലുകളെക്കൊള്ളയടിക്കുന്നെങ്കിൽ

പണിചെയ്യും നിങ്ങളുടെ കൈകളൊഴിച്ചോരോന്നും
നുണപറയുകയാണെങ്കിൽ നിണമൂററുകയാണെങ്കിൽ

കളിമണ്ണുപോലവരെപ്പാവകളും നിശ്ചലരും
പടുവങ്കന്മാരുമായ്ത്തീർക്കുമാക്കള്ളങ്ങൾ!

ഇരുൾപോലവർ കുരുടന്മാരായ്ത്തീരും ലോകത്തിൽ
ഇടയർതൻ നായ്ക്കൾപോൽ മടയരാകും!

അവരുടെ കളവുകളും വഞ്ചനയുമാണവരെ
അവമാനിതരാക്കുന്നതെന്നുമെന്നും!

ഒരു നിമിഷം ജീവിക്കാൻ മാത്രമായ് നാമെത്തിയൊ-
രരുമപ്രപഞ്ചത്തി, ലീയത്ഭുതലോകത്തിൽ,

മർദ്ദകരുടെ, ചൂഷകരുടെ, സാമ്രാജ്യമോഹത്തെ,
മർദ്ദകവാഴ്ചകളെയെതിരിട്ടു തോൽപിക്കാൻ,

മുന്നേറും ജനതതിയെപ്പിൻതിരിപ്പിക്കുവാൻ
നിന്നോതുകയാണവരീ നുണകളും വഞ്ചനയും.

*ജൂൺ 1950*

# എന്റെ നാടിനെപ്പററി

എഴുതുവാൻ, പറയുവാൻ, വളരെയു,-ണ്ടെങ്കിലോ
മുഴുവനുമിത്തവണ പററുകില്ല,
വേദനതൻ മുടിചൂടിക്കൊണ്ടിഴയുമെൻ
ചേതനതൻ പടിവാതിലിങ്കൽ
കണ്ണീരിൻ ചുമടുമായ് മുട്ടിവിളിക്കുന്നു
കഥ പറയാൻ കരയുന്ന ജീവിതങ്ങൾ.

ചിരിയുടെ കീറെങ്ങാനെൻ ചുണ്ടിൽപ്പററിയാൽ
പറയുമവർ-'ഭാഗ്യവാനാ മനുഷ്യൻ......'
അറിയുകില്ലവ,-രെത്ര കണ്ണീരുകടഞ്ഞാണീ
ചിരിയുടെ പത ഞാനെടുത്തതെന്നും!

എഴുതിയാ, ലെന്നാത്മകഥയായി നീണ്ടുപോം
മുഴുവനിക്കായിതം സ്നേഹിതാ ഞാൻ.
പറയുവാനുള്ളതു പറയുകി, ല്ലങ്ങനെ
പലതും പറഞ്ഞു കഴിഞ്ഞുപോകും.
ഇടയിലിച്ചോദ്യം:—രസംപിടിച്ചോ ഭവാ-
നിവിടത്തെ ഗ്രാമീണജീവിതത്തിൽ?
അസുഖകരങ്ങളാമിവിടത്തെക്കാഴ്ചക-
ളഭിരുചി തല്ലിക്കെടുത്തിയേക്കാം!
പറയില്ല പുതുമകളെന്നു ഞാൻ,—നിങ്ങൾക്കു
ചിരിവരും: ഗതികെട്ട ഗ്രാമമല്ലേ?
നഗരപ്പരിഷ്കാരപ്പുതുമോടികളിലെന്നും
തകരാത്തൊരാനന്ദം നുകരുന്നോരേ!

പറയാമൊരു പരമാർത്ഥം; നിങ്ങളെയെൻ നാട്ടുകാർ
പലരുമാരാധിപ്പതുണ്ടിവിടെ.
അഭിമാനം കൊൾകയാണേവരും നിങ്ങളെ
പ്പരിചയമായതിലെന്നുമെന്നും
അവരുടെ ജീവിതച്ചൂടിൽ നിന്നല്ലിനിൻ
കവിതകൾ കുങ്കുമപ്പൂക്കൾ ചൂടി?

കറുകകൾ, പൂവാങ്കുരുന്നിലത്തയ്യുകൾ,
കുരുവികൾ കൊത്തിയ നെന്മണികൾ,
ഇവകളിൽ കരകളും പുള്ളിയും കുത്തിയോ-
രിവിടത്തെ മുണ്ടകവയലുകളെ,
അരിവാളിൻ കിലുകിലം കിലുകിലം കേട്ടുണ-
ർന്നവടിവയ്ക്കും നിഴലിൻ കിടാത്തികളെ,
കറകറെക്കറകറെ റാട്ടുകൾ ശബ്ദിക്കെ
കയറിഴ നൂൽക്കും കുടിലുകളെ

ഇവകളെ കണ്ടുക,ണ്ടിവയുടെ സന്ദേശം
കവിതയിൽ വാർക്കുന്ന ശില്പകാരാ
പടവെട്ടിപ്പടവെട്ടിത്തളരാത്തോരവരുടെ
പരുപരുപ്പാർന്ന കരങ്ങൾ നീട്ടി
അഭിവാദ്യം ചെയ്കയാണങ്ങയെ, ജീവിതം
വ്യഭിചരിക്കാത്ത കൃഷീവലന്മാർ!

സ്മരണതൻ വെള്ളിനൂലിഴകളിലൊക്കെയും
തിരികത്തിപ്പടരുന്ന ചിന്തകളാൽ,
അനുപദം വേട്ടയാടുന്നുവോ നിങ്ങൾതൻ
കനിവിനെയിവിടത്തെ സംഭവങ്ങൾ?

പറയുവാനൊത്തിരി കഥകളു;ണ്ടവയൊക്കെ
പറയാമിനിയത്തെ കത്തുകളിൽ.

പലടത്തും നമ്മൾ നടന്നുപോ,—യന്നത്തെ
പകലെന്തൊരന്തസ്സിലായിരുന്നു!
വഴിവക്കിലേഴിലംപാലതൻ കൊമ്പുകൾ
നിഴലുവിരിച്ച വയലിറമ്പിൽ,
അരളിയും മഞ്ഞമുക്കുററിയും തുമ്പയും
നിറയെപ്പടർന്ന പറമ്പുകളിൽ,
ഇടറുന്ന നെഞ്ചുമായ് പൂത്താലമേന്തിനി-
ന്നിമചിമ്മുമാമ്പലിൻ പൊയ്കകളിൽ,
ചുഴികളിൽ പൊള്ളുന്ന കണ്ണീരിറക്കുവാൻ
ചുടുവെയിൽ നക്കുന്ന തോടുകളിൽ,
എവിടെയും ശോകം കലർന്നൊരു വിപ്ലവ
കവിത മുഴങ്ങുന്നതന്നു കേട്ടു
കരളിലെച്ചോരകൊണ്ടെഴുതിയ വിപ്ലവ
കവിത മുഴങ്ങുന്നതന്നു കേട്ടു
ഇവിടത്തെച്ചെറുമണൽത്തരിപോലും രക്തത്തിൻ
ചുവയുള്ള തീപ്പൊരിയായിരിക്കും.
പറയുവാനുണ്ടാമവയ്ക്കൊരു പത്തുനൂ-
ററിവാളുകൾ തൻ സമരകാര്യം.

പറയുവാനിങ്ങനെ പലതുമു,—ണ്ടവയൊക്കെ
പ്പറയാമിനിയത്തെക്കത്തുകളിൽ.

ഉയിരുമാവേശവും നിങ്ങൾക്കു നൽകുവാ-
നുണരുമെൻ നാടിൻെറ ചുണ്ടുകളിൽ
കൊടിപിടിച്ചെത്തുന്ന ജീവിതവിപ്ലവ-
പ്പടയുടെയാവേശ മുദ്രകൾ പോൽ
പടരുമാ പാട്ടുകൾ, ക്കറബിക്കടലിലെ
പടയണി താളംപിടിച്ചുകൊള്ളും!

എഴുതുമോ നിങ്ങളെൻ നാടിൻെറ നെഞ്ചിൽനി-
ന്നൊഴുകിയ ചോരതൻ വീരകാവ്യം?
അലറുമീ വെൺമണൽ തരികളെച്ചുണ്ടിനി-
ന്നഭിമാനംകൊള്ളും തലമുറകൾ!

*ലോകവാണി വാർഷികപ്പതിപ്പ് 1950 May - June*

"കേരളക്കരയിലാകെ സാമാന്യ ജനതയെ കോർത്തു ചരടുകളി നടത്തുന്ന വർഗ്ഗീയ സംഘടനക്കാരുടെ മുന്നണിമൂരാച്ചികളായ ഹിന്ദു മണ്ഡലക്കാരെ നമുക്ക് എതിരിടേണ്ടതുണ്ട്. അവരെ മാത്രമല്ല, അവരുടെ എതിർത്തട്ടിൽനിന്നു കിളിയാന്തട്ടു കളിക്കുന്നവരേയും, ഒരേ സാമ്പത്തിക വർഗ്ഗത്തിൻെറ രണ്ടു മുഖങ്ങളാണവയെന്നും, തകരാൻ നിൽക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ കാവൽപ്പട്ടികളാണവരെന്നും നാം മറക്കരുത്." കവി തുടർന്നു പാടുന്നു.

വാലു മുറിക്കുന്നൂ 'സനാതന ഹിന്ദുക്കൾ';—
വാലുമുറിക്കാത്തവർ പിന്തിരിപ്പന്മാർ!
കണ്ടില്ലേ, മാളികകളിലരമനകളിൽ നിന്നെല്ലാം
കണ്ണു തുറിപ്പിച്ചെത്തുന്നൂ മുറിവാലന്മാർ!!
വാലാട്ടി, ക്കാൽനക്കി, പ്പരിചയിച്ചോർക്കെല്ലാം
വാലു മുറിഞ്ഞപ്പോളൊരു പരമാനന്ദം!!

ഹിന്ദുമഹാമണ്ഡലം, രാഷ്ട്രീയ സ്വർഗ്ഗത്തിൻ
പൊന്നലരുകൾ പൂക്കുന്ന കല്പവാടം!

വാലു മുറിച്ചോരവിടെ വിപ്ലവകാരികൾ; —
തോലൂറയ്ക്കിട്ടവരുടെ ചങ്കൂററങ്ങൾ!!
എതിരെങ്ങാൻ വല്ലവരും മിണ്ടിയാൽ, കേൾക്കണ്ടേ,
മുതുകിഴവന്മാരുടെ മുറിവേദാന്തം!
തുണികിട്ടാ, തരികിട്ടാ, തനുപദം ജീവിതം
പണയപ്പെടുത്തും കൃഷീവലന്മാർ,
അടിമുടിയാത്മാവിന്നഭിമാനബോധത്തിൽ
അടിയേററു തളരുന്ന നാട്ടിടങ്ങൾ,
ഇതു കാൺകെ, പ്പൊട്ടിച്ചിരിക്കയാ; — ണവരുടെ
മുതുകെല്ലിൽ കയർ ചുററും വേല കാൺകെ!
ഇന്നാളൊരു ഫാക്ടറിയിൽ പണിമുടക്കുണ്ടായ
സന്ദർഭം ഞാനിന്നുമോർമ്മിക്കുന്നു!
ഹിന്ദുമഹാമണ്ഡലക്കാരനാണവിടത്തെ
ചിന്തകനാമുടമസ്ഥൻ: [ചിന്തകൻ പോൽ]
പറയുമയാൾ വീറു കൊ:— "ണ്ടിവിടത്തെത്തൊഴിലാളി-
ക്കറിയാമവനോൻെറ പാടു നോക്കാൻ!
പണിചെയ്യില്ലിവിടത്തെ 'മാപ്പിള'യുടെ കീഴിലിനി
പുലയനും നായരു,മീഴവനും!
അവരുടെ ദിവ്യമാം ഹിന്ദുമതബോധത്തി-
ന്നടിയിളകി,—പ്പാരൊക്കെ തുള്ളിയാലും!
സമതയും സത്യവും ധർമ്മവും വിശൈ്വക
മമതയും വാഴ്ത്തുമീ ഹിന്ദുധർമ്മം,

ഇവിടെയിനിപ്പുലരാതെ മാറുകില്ലൊരു നാളും
അവശതയും വയററെരിയും പട്ടിണിയും!
ചേരുക നാം ഗീതയുടെ സന്ദേശം പാലിക്കാൻ
ചേരുക നാം , — നാടിനിമേൽ രാമരാജ്യം!
അതുതന്നേ സോഷ്യലിസം, ഹിന്ദുമഹാധർമ്മത്തിൻ
കൊടിപാറും നാടല്ലേ രാമരാജ്യം?...

വേദാന്തം തൂററുമാത്തൊഴിൽശാലയുടമസ്ഥൻ
ആ ദിവസ, മാളൊന്നു മാറിയെന്നോ?

പകലിരവു പണിചെയ്തവർ കൂലിചോദിച്ചപ്പോൾ
പടിവാതിലിൽ നിന്നയാൾ പല്ലിറുമ്മി!
അറിവുള്ളത്തൊഴിലാളികൾ തെററാത്തോരവരുടെ
പരിപാടികൾ തുടരുകയായ്; — പണിമുടക്കം!!
അതിനയാൾ ഗീതയുമായവരുടെ നേർക്കാഞ്ഞു
ഗതികേടിൽ വേദാന്തം മോങ്ങി മോങ്ങി!
പറയുകയാണദ്ദേഹം: — പട്ടികളേ നിങ്ങൾക്കു
പണിയിവിടെത്തന്നുകൂടായിരുന്നു!
പട്ടിണികൊണ്ടെല്ലാരും ചാകുന്നതു കണ്ടപ്പോൾ
പൊട്ടിപ്പോയന്നെൻെറ സാധു ചിത്തം.
നിങ്ങളെയിട്ടന്നൊക്കെ ക്രിസ്ത്യാനികൾ തട്ടുന്നതു
ഞങ്ങൾക്കു കണ്ടപ്പോൾ കരളലിഞ്ഞു!
അതിനിനി ഞങ്ങളോടെതിരിടണം; നന്ദിയും
ഹൃദയവുമില്ലാത്ത കൂട്ടർ നിങ്ങൾ!!........

അടി മുതൽ മുടിവരെയിതു കേട്ടു തുള്ളിക്കൊ-
ണ്ടുടനൊരു തൊഴിലാളിയേവമോതി:-

"മതി മതി, നിർത്തുകീ വഞ്ചനതൻ തീ വിഷം
വിതറുന്ന നിങ്ങൻതൻ ചരടിളക്കം!
ഇനിയിവിടെച്ചെലവാകില്ലറിയാമോ നിങ്ങൾ തൻ
കനിവിൻെറ കഥ പറയും പക്ഷിശാസ്ത്രം!
വഴിവക്കിലെയിപ്പൊട്ടച്ചരടുകളിക്കൊരു നാളും
വരികില്ല കൈകൊട്ടാനിവിടെയാരും!
വഴിനോക്കൂ പണിവല്ലതുമുണ്ടെങ്കിൽ, ഞങ്ങൾക്കീ
വടിതല്ലു കാണുമ്പോൾ പനി വരില്ല!
ഹിന്ദുവെ, ക്രിസ്ത്യാനിയെ, മുസ്ലീമിനെ, യേവരെയു-
മൊന്നുപോൽ കാണുവോരാണു ഞങ്ങൾ!
പലടത്തും തേർത്തട്ടുകളി, ട്ടവയിൽ കയറിയീ
കലിതുള്ളൽ പണ്ടെത്ര കണ്ടു ഞങ്ങൾ!
ഒരു ചോദ്യം: വയറിവിടെക്കത്തുന്നു പട്ടിണിയാൽ
അരി തരാൻ വല്ലതും മാർഗ്ഗമുണ്ടോ?
കൊടി കണ്ടോ? ചേതനതൻ ചുടുരക്തം പൂശിയ
കൊടി കണ്ടോ, ഞങ്ങൾതൻ പടയണിയിൽ?
ഇവ ഞങ്ങൾ, നിങ്ങൾ തന്നവസാനശ്വാസത്തി-
ന്നിഴകളിൽ, കെട്ടിയുയർത്തിടുമ്പോൾ,
അവിടെങ്ങും കാണരുതേ വേദാന്തം പാടിക്കൊ;-
ണ്ടരിവാളാ, ണിതുകൊണ്ടരിഞ്ഞുതള്ളും......."

*കല്പന ഓണം വിശേഷാൽപ്രതി, 1950 ആഗസ്റ്റ്*

# വയലിൽ നിന്നൊരു ഗാനം

മഞ്ഞനിലാവിൽ മുങ്ങിമയങ്ങും
മഞ്ഞണിയീറൻരാവിൽ,
കാവുകൾതോറും തമ്മിലുരുമ്മി
പൂവുകൾ വിടരും രാവിൽ,
വെള്ളിവിളക്കുകളെരിയും വാനിൽ
വെണ്മുകിലൊഴുകും രാവിൽ,
വീണ്ടും നാളെ വിയർക്കാൻവേലകൾ
വിശ്രമമാളും രാവിൽ,
നെല്പാടങ്ങളിലാഗ്രാമത്തിലെ
നെല്പാടങ്ങളിൽനിന്നും
ഉയരാറുണ്ടൊരു 'ചക്രപ്പാട്ടി'-
ന്നുയിരുതുടിക്കും നാദം!
അലറിയിരമ്പും നീലക്കടലി-
ന്നലകളയയ്ക്കും കാററിൽ,
ആ ഗാനങ്ങൾ പറന്നെത്താറു-
ണ്ടാവുന്നത്രയുമകലെ! —
*"..... പറക്കുക നീ കരിങ്കുയിലേ,
പറന്നു പാടി തളർന്നുവോ നീ?
അണയുക നീ നിൻെറ കൂട്ടിൽ
കറുത്ത കൊക്കിൽ കതിരുമായി.
കതിർക്കുലയും കാട്ടുഞാറ-
ക്കരിമ്പഴവും കൊക്കിലേന്തി
പറന്നു ദൂരെ വരുന്നനിൻെറ
വരവു കാണാൻ കൊതിച്ചുവരുന്നു!
ഇലപൊതിഞ്ഞ കൊച്ചുകൂട്ടിൽ
ഇതൾനിറഞ്ഞ കാട്ടിനുള്ളിൽ,
വിശന്നുവീഴും തൈക്കിടാങ്ങൾ
വിറച്ചിരുന്നു കരയുകില്ലേ?
കരയുകില്ലേ തളർന്നുവാടി
അകലെ നിൻെറ വരവു നോക്കി
കതിർമണികൾ നൽകുമോ നീ
കുരുന്നുവായിൽ നൊന്തിടാതെ?
പറക്കുക നീ കരിങ്കുയിലേ
പറക്കു നീ കൂട്ടുകാരീ.
ഒരിക്കൽമാത്രം നീ വരേണം
എനിക്കരികി,ലിരുന്നു പാടാൻ!

കറുത്തപെണ്ണേ കരിങ്കുഴലീ —എന്ന രീതി

എനിക്കിവിടെ പറയുവാനു-
ണ്ടുരുക്കിനീററും കഥകളേറെ!
ചെളിവരമ്പിൽ വന്നിരുന്നു
ചെറുമണികൾ കൊത്തുക നീ.
അതിനിടയ്ക്കും പറഞ്ഞിടാം ഞാൻ
കരളു പൊള്ളും ചില കഥകൾ!
മഴയുമില്ല, വെയ്‌ലുമില്ല,
അഴലുതിന്നാനഴകൻമാത്രം!
വരമ്പുപൊക്കി ചെള്ളകുത്തി
പെരുകുംവെള്ളം തേകിനീക്കി,
വിതവിതച്ചും ഞാർകിളുർത്താൽ,
കളപറിച്ചും കാത്തിരുന്നും,
കതിരുവന്നാൽ കതിരിലെല്ലാം
കാമ്പുവന്നാൽ, വിളവടുത്താൽ,
മുതുകു പൊള്ളും വെയിലുകൊണ്ടാ-
ലതുവരെയ്ക്കും പാടുപെട്ടാൽ,
അവമുഴുവൻ അറയിലാക്കാൻ
അവർ തിരിക്കും തമ്പിരാക്കൾ?
പറഞ്ഞുകേട്ടാൽ വിസ്തരിച്ചു
പറഞ്ഞുകേട്ടാൽ നീയലറും.
അതു പറയാൻ, അനുവദിക്കാൻ,
അണയുമോ നീ കരിങ്കുയിലേ.
അകലെയെല്ലാം പാട്ടു പാടി
അലഞ്ഞിടുമ്പോൾ, കൂട്ടുകാരീ
അവിടെയൊക്കെ തമ്പിരാക്കൾ
അരിനിനക്കു ചിലർ തരുമ്പോൾ,
അവരെയൊക്കെ വാഴ്ത്തിടുന്ന
കവിതമാത്രം പാടരുതേ
അവരെയൊക്കെ കൊയ്തെറിയാൻ
അവശർ ഞങ്ങൾ വന്നിടുമ്പോൾ
അവരുടെനേർക്കലറണം നീ
അവശരുടെ സമരഗാനം!
ഇതു പറയാൻ, കഥകൾ കേൾക്കാൻ
ഇനിവരില്ലേ, പൂങ്കുയിലേ...."
രാവിന്നറുതിവരേക്കും കേൾക്കാ-
മേവം നീളും ഗാനം
മാനത്തൊക്കെ വെളിച്ചം വീണാൽ
ഗാനം വേറൊന്നാകും!

*സിനിമാദീപം വിശേഷാൽപ്രതി 1951*

## തപോവനത്തിൽ

പൂവനക്കുളിർ നീലവല്ലികൾ
രോമഹർഷങ്ങൾ ചാർത്തവേ
ചെന്തളിരുകൾ സന്തതാനന്ദ
കന്ദളികകളാടവേ,
സഞ്ചലന്മധുചഞ്ചരീകങ്ങൾ
മഞ്ജുഗീതങ്ങൾ പാടവേ,
കാനനച്ചോല മാദകപ്രേമ
മൗനമന്ത്രം ജപിക്കവേ,
ചാരുസുന്ദരരാഗസാന്ദ്രമായ്
വാരുണിക്കു കവിൾത്തടം.

2

ലജ്ജപൂണ്ടു കുനിഞ്ഞു സാദര-
മുച്ചരിച്ചു ശകുന്തള:
"അമ്മയി;ല്ലിതു കണ്വതാപസ
ധർമ്മപുണ്യതപോവനം
വിശ്വവിശ്രുതനാമുനീന്ദ്രനാ-
ണച്ഛനും ഗുരുനാഥനും....!
വന്നണഞ്ഞിടുമിപ്പൊഴേ മുനി....
ചെന്നകംപുക്കു കന്യക!

3

അങ്കണക്കുളിർ ദർഭമെത്തയി-
ലങ്കുരൽപ്പുളകാങ്കിതൻ,
ചെന്നിരുന്നു തപോധനൻ; കാമ
സുന്ദരൻ, പ്രേമമർദിതൻ!

4

വേർപ്പണിഞ്ഞു തപോവനം, നെടു
വീർപ്പുവിട്ടിതു തോഴിമാർ!
പിച്ചകമലർച്ചെണ്ടണികളിൽ
പിച്ചവെച്ചു സമീരണൻ!
പ്രേമനിർവൃതി പൊന്നണിയിച്ചൊ-
രാ മനോജ്ഞമരീചികൾ,
രണ്ടുമൂന്നു പുണർന്നു; മാനസം
ചെണ്ടണിഞ്ഞു പരസ്പരം!
കാമിനിക്കു കരാംഗുലീയക

മാമനോഹരനേകിനാൻ!
" —കണ്ടിടാം രണ്ടുനാളുകൾക്കകം..."
കണ്ണുനീർ തൂകി മാനിനി!

5
മാഞ്ഞുപോയ് മുൻപു വെൺമചാർത്തിയ
മന്നിടത്തിൽ മൃദുസ്മിതം!
ദിങ്മുഖങ്ങൾ മുഷിഞ്ഞു, വാരിധി
നിന്നിരമ്പി മദോൽക്കടം!
കർമസാക്ഷി മറഞ്ഞു, ഭൂമുഖ
ധർമദീപമണഞ്ഞുപോയ്!
കൂരിരുട്ടിന്റെ കോപതാണ്ഡവം;
പാരൊരിത്തിരി ഞെട്ടിയോ?

6
കൺകളൊന്നു മിഴിച്ചു; ശോണിമ
തിങ്ങി, രക്തമുരുണ്ടതാ
ചെന്നുകൂടി, വിറച്ചു താടി, യൊ-
രുന്നതാമർഷരംഗകം!
രോമരാശിയുയർ,—ന്നിതേതൊരു
രോഷമാർന്ന നരത്വമോ?
മുഷ്ടിയൊന്നു ചുരുട്ടി; കോപമൊ-
രെട്ടിരട്ടി വളർന്നതാ,
വേപമാർന്ന ശകുന്തളയ്ക്കൊരു
ശാപ,—മയ്യോ! ഭയങ്കരം

7
കാമുകന്റെ മനോഹരാനന-
മോമലാളവളോർക്കവേ,
കണ്ടതില്ല വരിഷ്ഠനാമൊരു
കർമധീരനണഞ്ഞതും
കണ്വനല്ലത്; പുഷ്ടകോപന-
നന്യനാണൊരു താപസൻ!

*1951 ഫെബ്രുവരി 19ലെ കൗമുദി ആഴ്ചപ്പതിപ്പ് (Vol. No.I. L.41)*
*പുനഃപ്രസിദ്ധീകരണം: 1987 ഒക്ടോബർ 25 ജനയുഗം വാരിക.*

നാദം

നവാശയത്തിൻ നാദം—വയലാറിൽനിന്നും
ജനതതിയുടെ വയലാറിൽനിന്നും
നാമ്പിടുമീ നാദം—നാദം.

നമുക്കുയർത്തുക മേലെ—വയലാറിൽനിന്നും
ജനതതിയുടെ വയലാറിൽനിന്നും
നാമ്പിടുമീ നാദം—നാദം.

ഓ യുവയുഗനിനദമിതുണർന്നു നീളെ
കൊടുങ്കാററിളകിയ നാളിൽ,
നിണസിരകളിൽ മധുപരാഗമുതിരും
പൂവുകൾ പൂത്തൊരു നാളിൽ,
—നവാശയത്തിൻ നാദം.....
അണികളിലാ വികാസം
നാളംനെയ്തു നീളെ!
ആ ഹൃദയങ്ങൾ ചിന്തിയ ചിന്തിയ
ചോരയീ സംസ്കാരം—
....നവാശയത്തിൻ നാദം......

*വയലാർ നവസാഹിതീഗ്രന്ഥശാലാസമ്മേളനത്തിൽ പാടിയത്.*
*1951 ഫെബ്രുവരി 19-ലെ 'കൗമുദി' ആഴ്ചപ്പതിപ്പ്.*
*ഒന്നാംവാല്യം 41-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ചത്.*

# ശവംതീനികൾ ജീവിക്കരുത്

". ...നീയൊളിച്ചിരിക്കാറുണ്ടു, സർക്കാർ
നീളെ നിന്നെത്തിരഞ്ഞലയുമ്പോൾ!

ഇല്ല കുഞ്ഞേ, പിടിക്കില്ലവർ വ-
ന്നിന്നു നീയൊളിച്ചേടത്തുനിന്നും....."

കണ്ണുനീർ തുടച്ചമ്മ നീർന്നപ്പോൾ
കണ്ടിതാ കണ്ണുനീരിലും രക്തം!

ആ ഹൃദയം പുകഞ്ഞ പുകയാ-
ലാ വദനം കരിപിടിക്കുമ്പോൾ,

ഓവുചാലുകൾ വീണ കവിളിൽ,
ഓടുകയാണൊഴുക്കുകൾ വീണ്ടും.

നീർത്തടാകത്തിലാഴത്തിൽ രണ്ടു
തീക്കനലുകൾ കത്തുന്നപോലെ,

കണ്ണുനീരിൻ കയങ്ങളിൽനിന്നു
മിന്നുകയാണെരിഞ്ഞാ മിഴികൾ!

അങ്ങകലെപ്പകലിൻ പതാകയ്-
ക്കന്തി ചോരനിറംപിടിപ്പിക്കെ,

ചെന്നിണത്തിനാൽ കുങ്കുമം ചാർത്തി
വന്നുനിൽക്കെ, കരിങ്കാറണികൾ

കായൽ ചൂഴുമാ ഗ്രാമത്തിൻ നീല-
പ്പായൽ മൂടിയ തോടിന്നരികിൽ,

ചാഞ്ഞുനിൽക്കുമാ കൊച്ചുകുടിലിൻ
കാഞ്ഞ മുററത്തു കാലിടറാതെ,

കൂടിനില്ക്കുന്ന നൂറുനൂറെല്ലിൻ
കൂടുകൾതൻ നടുക്കുനിന്നേവം,

വേദന തിന്നു വെന്തുപിടച്ചാ
മാതൃചേതന ശബ്ദിച്ചു വീണ്ടും:

"....നീയൊളിച്ചിരിക്കാറുണ്ടു സർക്കാർ
നീളെ നിന്നെ തിരഞ്ഞലയുമ്പോൾ,

നീയവർക്കൊരു കണ്ഠകോടാലി-
യായിരുന്നൂ മകനേ, മറിച്ചും!

കൊച്ചു കൊച്ചു കുടിലുകൾ നിന്നെ
വച്ചുകാത്തു പിടികൊടുക്കാതെ

നൂറുവട്ടം നിറതോക്കു ചൂണ്ടി
കേറിവന്നീക്കുടിലിലാ ക്രൂരർ,

എന്നെയിട്ടു വിരട്ടിയിട്ടു, — ണ്ടെൻ
പൊന്നുകുഞ്ഞിനെ കൊണ്ടെക്കൊടുക്കാൻ

എത്ര നീചമായ്, നിന്ദ്യമാ,യെന്നോ-
ടെത്രമാത്രമവർ പെരുമാറീ!

തെല്ലുപോലും കുലുങ്ങിയില്ലന്നും
പുല്ലുപോലെ കരുതി ഞാൻ നിന്നു!

അന്നെനിക്കൊരു ധൈര്യമുണ്ടെൻ കു-
ഞ്ഞന്തിയായാലണയുമെൻ വീട്ടിൽ,

ഒന്നു പൊട്ടിച്ചിരിച്ചുകൊണ്ടെൻെറ
പൊന്നുകുഞ്ഞു തലോടുമെൻ മെയ്യിൽ!

ആവിപൊങ്ങും ചുടുകഞ്ഞി കണ്ണി-
പ്ലാവിലയിൽ പകർന്നു കുടിക്കും!

കണ്ണുനീരിൻ കഥകളോരോന്നായ്
എണ്ണിയെണ്ണിപ്പറഞ്ഞുകിടക്കും!

"....മാറുമമ്മേ....."പറയുമെൻ തങ്കം:
"മാറുമീ കെട്ട നാളുകളെല്ലാം!"

"...ഹാ മകനേ! മറഞ്ഞു നീ....സർക്കാ-
രാമമിട്ടു നിൻ ജീവനിൽക്കൂടി.

നീ മറ,—ഞ്ഞിനി നിന്നെപ്പിടിക്കി-
ല്ലാമമേന്തിയ പോലീസുകാരൻ!

അല്ലവൻ നിൻ ചടച്ച മെയ്യാകെ
തല്ലിവീർപ്പിച്ചിരിക്കണം കുഞ്ഞേ!

നീ സഹിച്ചുവോ വേദന? നിൻെറ
ശ്വാസനാളം പിഴുതെറിഞ്ഞപ്പോൾ?....."

ചുററിലും നിന്ന നാട്ടുകാർ വിങ്ങി
പ്പൊട്ടിയാകെക്കരഞ്ഞുപോയ് വേഗം

അക്കരച്ചിലിൻ ശബ്ദമലച്ചു
ചക്രവാളച്ചരുവുകളോളം!

വട്ടമിട്ട കഴുകുകളെല്ലാം
ഞെട്ടിമാറീ, മുകിലുകൾക്കുള്ളിൽ
പൊട്ടിവീണൊരരിവാളു കാൺകെ!

"....വേണ്ട വേണ്ട കരയുകയല്ല
വേണ്ടതിപ്പൊഴെൻ മക്കളേ നിങ്ങൾ!

എന്റെ കുഞ്ഞിനെ കൊന്നവരെക്കൊ-
ണ്ടെന്റെ മക്കളെക്കൊല്ലിക്കയില്ല!

എന്റെ കുഞ്ഞിൻശവം തിന്ന ദുഷ്ടർ-
ക്കെന്റെ നാട്ടിൽ പൊറുതി നൽകില്ല!....

അമ്മ വേറൊരു ശക്തിയായ് നാടിൻ
കർമ്മരൂക്ഷപ്രതികാരശക്തി!

അമ്മ ഗർജ്ജിച്ചു: "പോരിക നാടിൻ!
പൊൻമുള നുള്ളുവോരെച്ചെറുക്കാൻ

പിഞ്ചുപൂങ്കരൾ പച്ചയ്ക്കു തിന്നും
വഞ്ചകരിനിജ്ജീവിച്ചുകൂടാ...."

അപ്പൊഴും ചിതൽ കേറിയിരുന്നോ-
രക്കുടിലിന്റെ മൂലയിലായി

രണ്ടു ചട്ടികൾക്കുള്ളിലിരിക്കു-
ന്നുണ്ടു നാഴിയരിയും കുഴമ്പും!

*ഒക്ടോബർ 1951*

## മട വീണിരിക്കുന്നു

"....ചൂടും വെളിച്ചവും ചൂടും വെളിച്ചവും..."
പാടുകയായി കുളിർമുളങ്കാടുകൾ!

ചുററുമിരുട്ടത്തിരമ്പങ്ങൾ കേട്ടതു
ചുററിയടിച്ചു കൊടുങ്കാററിലാവണം!

കാട്ടുകുഴലിൻെറ മാറത്തൊരെട്ടുപ-
ത്തോട്ടകൾ കാണും കുയിലുകൾ കൊത്തിയാൽ

കാററൂതിയില്ലെങ്കിലാ മുളങ്കാടിന്നു
പാട്ടുകൾ പാടാൻ കഴിയില്ലൊരിക്കലും!

ദൂരെയിരുട്ടിൻപുതപ്പുമായ് വന്നിരു-
ന്നാരോ കിഴക്കു നെരിപ്പോടിലൂതവേ,

തെന്നിത്തെറിച്ചു പലേടത്തുമായ് വീണു
മിന്നുന്ന മാനത്തു തീപ്പൊരിച്ചാർത്തുകൾ!

"ചൂടും വെളിച്ചവും ചൂടും വെളിച്ചവും...."
പാടുകയായി കുളിർമുളങ്കാടുകൾ!

മുണ്ടകപ്പാടത്തു തൈനീട്ടി ഞാറുകൾ
മുങ്ങി; മട വീണു വെള്ളം കയറവേ.

ഉപ്പുവിയർപ്പും തളിച്ചു വയൽകാത്തു
കുപ്പമാടത്തിലിരുന്നൊരു കർഷകൻ

ആറേഴിലയുള്ള 'ചക്ര'വുമായ് വന്നു
കേറിയ വെള്ളം ചവുട്ടിക്കളയുവാൻ

പാടത്തു തട്ടിട്ടിരുന്നു ചക്രപ്പാട്ടു
പാടീ: — "വെളിച്ചവും ചൂടും വെളിച്ചവും"

ആളിപ്പടർന്നൂ നെരിപ്പോടിൽനിന്നു തീ-
നാളങ്ങൾ, കണ്ണു തിരുമ്മി ജനാവലി!

വെള്ളിവളകൾ കിലുക്കീ കുരുവികൾ
മുല്ലമലർച്ചെണ്ടു കെട്ടും വനങ്ങളിൽ!

പാടത്തിനും, മുളങ്കാടുകൾക്കും, കൊച്ചു
മാടത്തിനും നടപ്പാതയ്ക്കുമപ്പുറം,

ശാലീനതയുടെ പാട്ടുമായ് പോകുമാ
നീലനദിതൻ കരയ്ക്കുള്ള കെട്ടിടം;

ചുററും മതിൽക്കെട്ടുമായുയർന്നങ്ങനെ-
യുററുനോക്കുന്നു പ്രകാശനാളങ്ങളെ!

കാററാടിവൃക്ഷങ്ങൾ കയ്യാട്ടുമാ വള-
പ്പീററില്ലമാണൊരു ശാസ്ത്രസങ്കേതവും!

ശാസ്ത്രം മെനഞ്ഞ കുഴലിൻെറ കാഴ്ചയിൽ
മാത്രം ചലനങ്ങൾ കാണുന്ന കണ്ണുകൾ

നീറിപ്പുഴുത്തു സമൂഹശരീരത്തിൽ
നാറും വ്രണങ്ങളിൽ, ഘോരാർബ്ബുദങ്ങളിൽ

ശസ്ത്രക്രിയചെയ്തു നാറും പഴുപ്പുകൾ
കുത്തിയെടുക്കും ഭിഷക്ശാസ്ത്രകോവിദർ,

ദേഹം വെളുപ്പിൽ പൊതിഞ്ഞ പിറാവുകൾ
സ്നേഹമയികളാ 'മായ'മാരങ്ങനെ

ആ മതിൽക്കെട്ടൊരു ധർമ്മാശുപത്രിയാ-
ണാവഴി ശാസ്ത്രപരീക്ഷണകേന്ദ്രവും!

ആ നടപ്പാതയിലൂടെ കിഴക്കിൻെറ
തീനെരിപ്പോടൊന്നു മിന്നിത്തെളിയവെ,

ചൂളവും കുത്തി നടന്നുപോ,യെന്നുമാ
ചൂതുകളിക്കാർ, തലപ്പൊക്കമുള്ളവർ.

ശസ്ത്രക്രിയയ്ക്കുള്ള കത്തികൾ ദൂരെ നി-
ന്നെത്തിനോക്കീട്ടാവഴിപോക്കരിലൊരാൾ,

അന്യനോടോതി—"കശാപ്പുകുരയ്ക്കുള്ളി-
ലൊന്നെത്തിനോക്കൂ, തിളങ്ങുന്ന കത്തികൾ!"

അമ്പരപ്പോടവർ നിന്നുപോ,യിത്രമേൽ
വൻപിച്ചമട്ടിൽ കശാപ്പുനടത്തുമോ?

"കത്തിയുമായിക്കളിക്കുന്ന പൈതലേ
കത്തികളയൂ — " വിറച്ചുപോയധ്വഗർ.

ആ മതിൽക്കെട്ടിൻ നിരപ്പിന്നു മീതെയായ്
ആറേഴു വെള്ളശിരസ്സുകൾ കാണവേ

വീണവായിച്ചുകൊണ്ടാശുപത്രിക്കുള്ളിൽ
വാണയുവാവൊരാൾ ശബ്ദിച്ചു — "നത്തുകൾ."

"... നത്തുകൾ വന്നീ മതിൽക്കെട്ടിലെന്തിന്നു
കുത്തിയിരിക്കുന്നു നേരം വെളുക്കവേ..."

ചൂളമടിച്ചുകൊണ്ടാവഴി നീങ്ങിയ
ചൂതുകളിക്കാർ പറഞ്ഞൂ മറുപടി;

"കത്തി കളഞ്ഞേച്ചു വീണവായിക്കെടോ,
നിർത്തൂ കശാപ്പുകടയിലീ പാട്ടുകൾ..."

അമ്മതിൽക്കെട്ടിലുയർന്നൂ മറുപടി:
"ചുമ്മാ ചിലയ്ക്കുന്നിതന്ധരാം നത്തുകൾ..."

മാറിയകലത്തു നിന്നിരുകൂട്ടരും
കാര്യമറിയാതെ വാദിച്ചകലവേ,

പാടത്തു വെള്ളം ചവുട്ടി വററിക്കുവാൻ
പാടി, പ്പണിചെയ്തൊരാ യുവകർഷകൻ

ഓടി വന്നോതി — "വഴക്കുകൂട്ടുന്നവർ
പാടത്തു വന്നൊന്നു ചക്രം ചവിട്ടുമോ?..."

വീണവായിച്ചോരക്കുട്ടിയും പാന്ഥരും
നാണിച്ചുനിന്നൂ, നിമിഷം തുടിക്കവേ!

വേലതൻ കട്ടിത്തഴമ്പുകൾ പൂത്ത തൻ
നീലിച്ച കൈ ചൂണ്ടിയോതീ കൃഷീവലൻ

"നമ്മൾ വഴക്കുംപറഞ്ഞിരുന്നാൽ നാളെ
നന്മവിളയേണ്ട പാടങ്ങളൊക്കെയും

ചീർത്ത മലവെള്ളമാഞ്ഞടിച്ചുൾപ്പുക്കു
ചീഞ്ഞുകുഴയുമീ ഞാറും തടങ്ങളും

ഓടിവരികെൻ സഖാക്കളേ നമ്മൾക്കു
പാടാം, പണിയാം, വെളുക്കുന്നതുവരെ.."

............ .... ....... ...... .........

പാടേ കിഴക്കു കതിരിട്ട ഗോതമ്പു
പാടം കണക്കെ പുലരിവന്നെത്തവേ,

ആരോ ചവിട്ടിയുയർത്തിയതാവണം
സൂര്യൻെറ ചക്രം, മിരുട്ടല വററുവാൻ!

*കൗമുദി ആഴ്ചപ്പതിപ്പ്, 1952 ജൂലൈ 14, പുനഃപ്രകാശനം*
*ജനയുഗം വാരിക സെപ്തംബർ 5, 1976*

ഞാണു മുറുക്കുക നാം,
—നവോദയ ഗാനമുയർത്തുക നാം!

വന്നുവോ പൊന്നോണം — വിടർത്തുവാൻ
മന്ദഹാസാങ്കുരങ്ങൾ?

തൻെറ നാടൊന്നു കാണാൻ — സമൃദ്ധിതൻ
ചുണ്ടിലെപ്പാട്ടു കേൾക്കാൻ,

വന്നുവോ പൊന്നോണം — കരളിലെ
പൊന്നിലക്കുമ്പിളുമായ്!

പുഞ്ചവിളവെടുപ്പിൻ — പുകിലുകൾ
പണ്ടു തിമിർത്ത നാളിൽ,

കൊയ്ത്തിന്നണയുവോരിൽ—വയലുകൾ
പുത്തൻകുളിരുകോരി,

മുത്തുക്കുടകൾ ചൂടി — ഝിലുഝിലും
നർത്തനം ചെയ്ത നാളിൽ,

ഈ വയലേലകളിൽ — കൃഷകർതൻ
ഭാവി വിരിഞ്ഞ നാളിൽ,

പണ്ടു വിടർന്നിരുന്നൂ — സമൃദ്ധിതൻ
ചെണ്ടുകൾ നാട്ടിലാകെ!

പുത്തരിയങ്കങ്ങൾ —ചവുട്ടിയ
മർത്ത്യവിഭാവനകൾ

ഒന്നുചേർന്നന്നു പാടീ — വിയർപ്പുകൾ
പൊന്നുവിളഞ്ഞ നാളിൽ!

ഓണനിലാവലകൾ — മലനാട്ടി-
ലോടിക്കളിച്ച കാലം

ഓമനപ്പെൺകിടാങ്ങൾ — നിരന്നുനി-
ന്നോണക്കളികളിക്കെ,

ഓണവില്ലിൽ നെടുകേ — ഞരമ്പുകൾ
ഞാണുപോൽ കോർത്തുകെട്ടി,

കേരളപൂർവ്വികന്മാർ — പുളകിത
ധീരയുവാശയന്മാർ,

ഒത്തുചേർന്നന്നു പാടീ; — "കരളിൻെറ
പുത്തനിതളുകളേ,

പാടുക പാടുക നാം — പുലരുന്ന
നാടിൻെറ നാവുകളേ

കുത്തുണ്ണെറിയുലയേ, — മനോഹര
നൃത്തമാടും മയിലേ

നീളെ വിടരാവൂ — നിറയെ നിൻ
പീലികൾ കേരളത്തിൽ...."

ചങ്കിലെപ്പൂക്കളങ്ങൾ — വിടർത്തിയ
ചിങ്ങമലർക്കളങ്ങൾ,

കുത്തുവിളക്കുലയേ, — സമൃദ്ധിതൻ
വിത്തും കതിരുമായി,

പണ്ടൊക്കെ നൃത്തമാടീ — തിരുവോണ-
പ്പൊൻകണിത്താലമേന്തി !

ഇന്നവയീനാടിൻ — സ്മരണയിൽ
മിന്നുക മാത്രമല്ലേ?

പാടിപ്പറന്നുപോയീ — കുയിലുകൾ,
വാടികൾ വാടിവീണു!

നോവുകൾക്കുള്ളിലോർപ്പൂ —മലയാള-
മാ വിജയോത്സവങ്ങൾ!

ജീവിതമല്ലികകൾ — തലനീട്ടി
പൂവിടാറില്ലിവിടെ!

തീവെയിൽച്ചൂടിൽ നീളേ — കരിയുന്നു
ഭാവിതൻ നാമ്പിലകൾ!

ഒന്നിച്ചു പാടിടേണ്ടോർ, — പരസ്പര-
മുമ്മ കൈമാറിടേണ്ടോർ,

അത്തമലരിറുക്കാൻ — ഒരുമിച്ചു
നൃത്തം ചവുട്ടിടേണ്ടോർ,

ഭാഗം പിരിഞ്ഞുനിൽപൂ — സഹോദരർ
ഭാഗധേയം പകുക്കാൻ!

വിണ്ട മുറിപ്പാടിൽ — വിരൽ പൊത്തി
വിങ്ങുന്നു കേരളശ്രീ!

ഒന്നാവുകൊന്നാവൂ — നമുക്കിനി
പൊന്നോണവില്ലടിക്കാൻ!

വന്നുവോ പൊന്നോണം — വിടർത്തുവാൻ
മന്ദഹാസാങ്കുരങ്ങൾ?

ഓണമലർക്കളത്തിൽ — മുഴങ്ങുന്ന
ഗാനപരശ്ശതങ്ങൾ,

കേരളമൊന്നാവാൻ — വിരിയുന്ന
ചാരിമയാവുകില്ലേ?

ഞാണു മുറുക്കുക നാം, — നവോദയ-
ഗാനമുയർത്തുക നാം!

*ആഗസ്റ്റ് 1952*

# കൊച്ചുത്രേസ്യാ

സിനിമ കഴിഞ്ഞപ്പോൾ കൊച്ചുത്രേസ്യാമ്മയ്ക്കു
സിരകളിൽ ചോര തിളച്ചുപോയി

അവളുടെ കഥയാണു സിനിമയിൽ കണ്ടതെ-
ന്നവളോർത്തു; ചിന്ത പറന്നുപോയി

കഥയുടെ പേരെന്താ? —'നവലോകം'—കൊട്ടക-
ക്കതകിലെ വാൾപ്പോസ്ററവൾക്കു കാണാം.

'നവലോക' മവളുടെ വീടിൻെറ പേരല്ലേ?
അവിടത്തെ ദേവകി — കോച്ചുത്രേസ്യാ!

അവളുടെ വീടിൻെറ ചുററിലും കണ്ണെറി-
ഞ്ഞലയുന്ന 'മത്തായി' യാണു സോമൻ!

അവനൊരു കള്ളനാ — ണെപ്പോഴുമവിടൊക്കെ
കവിതയും പാടി ചിരിച്ചു ചെല്ലും

അറുപതുചെന്ന തൻ തന്തയോ—ടെന്തൊക്കെ
പറയു —മയാളുടെ വായ നാറും!

സിനിമയിൽ ദേവകിക്കുണ്ടായപോലെങ്ങാ-
നനുഭവം വന്നാലോ? — പെണ്ണു ഞെട്ടി

"കരണത്തടിക്കും ഞാൻ — മത്തായി വന്നോട്ടെ,
ചിരിയും കളികളും നിർത്തിയേക്കാം....

എലിവാലൻമീശയും ചെയിനുമായ് — മത്തായി
വലിയ വീടും കടന്നെന്നുമെത്തും

കളിവാക്കും പുന്നാരോം —പെണ്ണുങ്ങൾ വീഴുന്ന
വലകളുമായയാൾ വീട്ടിലെത്തും

പിടികിട്ടുകില്ലിനി കൊച്ചുത്രേസ്യാമ്മയെ
'പടിയറ' മത്തായി — ക്കൊന്നുകൊണ്ടും...."

സിനിമ കഴിഞ്ഞപ്പോൾ കൊച്ചുത്രേസ്യാമ്മയ്ക്കു
സിരകളിൽ ചോര പതഞ്ഞുവന്നു!

അവളുടെ കഥയാണു സിനിമയിൽ കണ്ടതെ-
ന്നവളോർത്തു —പെണ്ണു പകച്ചുപോയി!

കുരുടനാമന്തോണിമാപ്പിള വീട്ടിലെ
ചെറുപൂവൻ കുലവാഴച്ചോടു ചിക്കി

അറുപതുകൊല്ലമായ് പണിതന്നെ പണി — യെന്നി-
ട്ടതുവരെ നേടിയില്ലൊന്നുമൊന്നും.

പടിയറക്കാരുടെ പുരികം ചുളുങ്ങിയാൽ
കുടിയിറങ്ങേണമാ വീട്ടിലുള്ളോർ!

ഒരുപാത്രം ചക്കരക്കാപ്പിയുമായി വ-
ന്നൊരു ചോദ്യം ചോദിച്ചൂ കൊച്ചുത്രേസ്യാ:

"ഇരുനാഴിമണ്ണു നമുക്കു മേടിക്കണം
പുരവയ്ക്കാ — നപ്പന്റെ സ്വന്തമായി

അറുപതുകൊല്ലമായ് പണിതന്നെ പണി — യെന്നി-
ട്ടൊരുപിടി മണ്ണന്തേ വാങ്ങിയില്ല.?"

കുരുടനാമന്തോണിമാപ്പിള ശബ്ദിച്ചു:
"എരിതീയിലെണ്ണ നീ കോരരുതേ..."

നിമിഷങ്ങൾ നീട്ടിച്ചുമച്ചു കടന്നുപോയ്
നിമിഷങ്ങൾ കർഷകജീവിതംപോൽ!

കുരുടനാമന്തോണിമാപ്പിള ശബ്ദിച്ചു:
"തരുമെല്ലാം കർത്താ — വടങ്ങു പെണ്ണേ."

ഒരുകിണ്ണം കപ്പപ്പുഴുക്കിന്റെ മുമ്പിലാ
കുരുടനാം തന്തയിരുന്നനേരം

ഒരുപാത്രം ചക്കരക്കാപ്പിയുമായി വ-
ന്നൊരു ചോദ്യം ചോദിച്ചു കൊച്ചുത്രേസ്യാ:

"പടിയറക്കാരിനി കുലവാഴ വെട്ടിയാൽ
പിടലിക്കു വെട്ടും ഞാ — നിഷ്ടമാണോ?

കുലയെല്ലാം നമ്മൾക്കും പടിയറജ്ജന്മിക്കു
കുലവാഴപ്പിണ്ടിയും — നല്ലതല്ലേ?"

കുരുടനാമന്തോണിമാപ്പിള ശബ്ദിച്ചു:
"വരുതികേടൊന്നും നീ കാണിക്കല്ലേ.."

'നവലോകം' കണ്ടപ്പോൾ കൊച്ചുത്രേസ്യാമ്മയ്ക്കു
നയനങ്ങൾ രണ്ടും പുകഞ്ഞുകത്തി.

പണിയും കഴിഞ്ഞു കുളിക്കാൻ പടിഞ്ഞാറെ
പടവിലേക്കെത്തിയ സാന്ധ്യസൂര്യൻ

ഉടുമുണ്ടിൽ പററിയ ചെമ്മണ്ണശേഷവും
കടലിലലമ്പിക്കളഞ്ഞിടുമ്പോൾ

കുരുടനാമന്തോണിമാപ്പിള വീട്ടിലെ
ചെറുചേനത്തൈയ്ക്കു തടംവകഞ്ഞു!

പെരുവഴിയിങ്കൽനി'ന്നായഗാട്യൂണിന്റെ'
തിരപൊങ്ങി —മത്തായി വന്നുകേറീ!

എലിവാലൻമീശയും ചെയിനുമായ്, പതിവുപോ-
ലലയുന്ന മത്തായി വന്നുകേറി!

"പണിതന്നെ പണി,യല്ലേ മൂപ്പിലേ —മൂപ്പിലേയ്-
ക്കിനിയെന്താ ചുമ്മാ കിടക്കരുതോ?"

ചെറിയൊരു ചൂളമടിച്ചുകൊണ്ടങ്ങനെ
വെറുതെ നടന്നു കുശലമോതി

പുരയുടെ ചുററിലും കണ്ണെറി — ഞ്ഞാരെയോ
തിരയുകയാണയാൾ പ്രേമപൂർവ്വം!

മുറിയിൽനിന്നെത്തിയ കൊച്ചുത്രേസ്യാമ്മയ്ക്കു
കരളിലെ കോപം പതഞ്ഞുവന്നു!

അവളോതീ: "കുഞ്ഞുമത്തായിക്കു കാര്യമെ-
ന്തസമയത്തീ വീട്ടിൽ? പോകു വേഗം...."

കുരുടനാമന്തോണിമാപ്പിള മിണ്ടിയി-
ല്ലൊരുമട്ടു മത്തായി വീടുവിട്ടു!

അവളോതീ: "നാളെയീ ചിരിയുംകൊണ്ടെത്തിയാ-
ലവനെ ഞാനാട്ടിപ്പടികടത്തും —!"

നവലോകം കണ്ടപ്പോളവളുടെ ജീവിതം
അവൾ കണ്ടു; വേവുന്ന നോവുകൾപോൽ!

അതുമുതൽക്കവളുടെ കരളിന്റെയടിയിൽനി-
ന്നടരുമീ സംശയം — "സത്യമല്ലേ?"

ചുളുചുളാക്കുത്താറുണ്ടവളുടെ ഹൃദയത്തി-
ലുലയുതും ചിന്താപരമ്പരകൾ!

ഒരുനാളിൽ മത്തായി പള്ളിയിൽവച്ചൊന്നു
പറയുകയുണ്ടായി കോപമോടെ:

".....എടി പെണ്ണേ ത്രേസ്യാമ്മേ, സൂക്ഷിച്ചോ നിന്നെ ഞാൻ,
വിടുകില്ല — കാണട്ടെ യോഗ്യതകൾ — "

തലയിലെ മുണ്ടു വലിച്ചൊന്നു നേരെയി-
ട്ടലസമന്നോതിനാൾ കൊച്ചുത്രേസ്യ:

"...സിനിമയിൽ ദേവകിപ്പെണ്ണിന്നു വന്നപോ-
ലനുഭവം ത്രേസ്യായ്ക്കു വന്നുകൂടാ

അതിനിനി മുണ്ടു മുറുക്കേണ്ട മത്തായീ
മുതുകത്തു നീർവീഴ്ച വന്നുപോകും....!"

*സിനിമാദീപം വിശേഷാൽപ്രതി ആഗസ്റ്റ് 1952*

## സർപ്പദൈവങ്ങൾ

ചുററിലുമിലക്കാടുകൾ സർപ്പ-
പ്പുററുകളെപ്പൊതിഞ്ഞുനില്ക്കുമ്പോൾ,

അഞ്ചിലത്താളിവള്ളികൾക്കുള്ളിൽ
പിഞ്ചുപച്ചിലപ്പാമ്പിഴയുമ്പോൾ,

കാട്ടുപാലതൻ കൈകൾക്കു വെള്ളി-
ക്കാപ്പു ചേരപ്പടങ്ങൾ കെട്ടുമ്പോൾ,

കുഷ്ഠരോഗവടുക്കൾപോൽ പൂപ്പൽ-
പ്പുററു തിങ്ങുമൊരു ചിത്രകൂടം

കല്ലടർന്നിടഞ്ഞേതോ കിഴവി-
ത്തള്ളയേപ്പോൽ മരിച്ചിരിക്കുമ്പോൾ

കൈത്തിരിയൊന്നു കത്തിച്ചുവയ്ക്കാ-
നെത്തുമന്തിക്കു കിട്ടുവമ്മാവൻ,

നിന്നു പ്രാർത്ഥിക്കുമെന്നുമദ്ദേഹം
കണ്ണിമകളിൽ നീർത്തുള്ളിയോടെ:

ഇത്തറവാടു കാത്തുസൂക്ഷിക്കും
ശക്തരാം സർപ്പദേവതമാരേ,

സന്തതി വേണമിത്തറവാട്ടിൽ
അന്തിവെൺതിരി കത്തിച്ചുവയ്ക്കാൻ

കൊച്ചു കാൽപ്പാടു മുററത്തു കാണാൻ,
പിച്ചവയ്ക്കുന്ന കൗതുകം കാണാൻ,

ആലവാലെയിളംചുണ്ടിൽനിന്നു
ലാലവാർന്നു ഹൃദയം കുളിർക്കാൻ,

അക്ഷരങ്ങൾ തിരിയാത്ത നാവാ-
ലക്കണിമലർച്ചെണ്ടായ പൈതൽ

'ഇച്ചുമ്മാമ' നെന്നൊന്നു വിളിക്കാൻ
കൊച്ചുചുണ്ടു ചലിക്കുന്ന കാണാൻ,

എത്ര മോഹിച്ചു കിട്ടുവമ്മാവൻ
എത്രയെത്ര വഴിപാടു നേർന്നു!

കാലകാലം നടത്തുന്നു നൂറും-
പാലുമൊറ്റപ്പണപ്പായസവും.

സംക്രമംതോറുമക്കാവുകൾത-
ന്നങ്കണങ്ങളിൽ പുള്ളുവൻപാട്ടും.

ഉള്ളുണർന്നു പരദേവതമാർ
തുള്ളിവന്നു വരം നല്കുമല്ലോ.

അന്നു വീട്ടിലെ കോകണ്ണിലക്ഷ്മി-
പ്പെണ്ണു യക്ഷിയായ് തുള്ളിവന്നപ്പോൾ

കണ്ണുനീർ തുടച്ചുള്ളിലെപ്പൊട്ടും
പുണ്ണുമായ് നിന്നു കിട്ടുവമ്മാവൻ!

ഒന്നു ചോദിച്ചു തെല്ലു കോപത്തോ-
"ടെന്തെനിക്കൊരു സന്തതി നല്കും?"

പൂക്കുലയും വിറപ്പിച്ചു തുള്ളു-
ന്നാക്കുടുംബിനി കോകണ്ണിലക്ഷ്മി!

കെട്ടഴിഞ്ഞ തലമുടി വള്ളി-
ക്കെട്ടിലാകെ പിണച്ചു ചുററുമ്പോൾ

വായ്ക്കുരവകളിട്ടുപോയ് ചുററും
നോക്കിനിന്ന കുലപ്പെൺകിടാങ്ങൾ!

ഒന്നുമോർക്കാതെ കിട്ടുവമ്മാവൻ
നിന്നുറഞ്ഞു പറഞ്ഞുപോയേവം:

"ഇപ്പുകിലൊക്കെ മാറുമേ പൂവി-
ട്ടെപ്പൊഴും ഞാൻ ഭജിക്കില്ല കേട്ടോ!

നന്ദികേടു തുടങ്ങിയാൽപ്പിന്നെ
മുന്നുപിന്നൊരു നോട്ടമില്ലെങ്ങും.

കാവു കത്തിച്ചു ചാമ്പലാക്കും ഞാൻ
ആവലാതികൾ കൈക്കൊള്ളുകില്ലേ?"

ചുററിലും നിന്ന നാട്ടുകാർ പേടി-
ച്ചുററുനോക്കി തകർന്നുവോ ഭാവി?

നാഗയക്ഷിയാം കോകണ്ണിലക്ഷ്മി
നാലുകെട്ടിൽ കയറിനിന്നോതി:

"ഉണ്ണിയുണ്ടാവുമിത്തറവാട്ടിൽ
ഇന്നുതൊട്ടൊരു വർഷത്തിനുള്ളിൽ."

കിട്ടുവമ്മാവനോടന്നു ലക്ഷ്മി-
ക്കുട്ടിയേ വേട്ട സുബ്രായനെമ്പ്രാൻ

ഒന്നറിയിച്ചു: "മൂപ്പിലേ, ലക്ഷ്മി-
പ്പെണ്ണിനേതാണ്ടു രണ്ടായി മാസം."

ഉണ്ണിയുണ്ടായി കിട്ടുവമ്മാവൻ
കണ്ണു പൊത്തിക്കരഞ്ഞുപോയത്രേ!

വേദനതൻ കരിങ്കാറു തിങ്ങും
ചേതനയിലക്കൊച്ചിന്ദ്രചാപം

പൂത്തുനിൽക്കുന്നു, കിട്ടുവമ്മാവൻ
കാത്തിരുന്നതക്കൈവല്യമല്ലേ?

താൻ പിറന്ന കഥകളെപ്പററി,
താൻ പുലർന്ന കഥകളെപ്പററി,

നാട്ടുകാർ പറഞ്ഞെത്രയോ മുൻപേ
കേട്ടിരിക്കുന്നു കുണ്ടുണ്ണിമേനോൻ!

സർപ്പദേവതമാർ പറഞ്ഞി-
ട്ടുത്ഭവിച്ചവനാണു താൻ പണ്ടേ

ഇന്നവർക്കിഷ്ടമില്ലായ്കയാലോ
വന്നുപെട്ടതനർത്ഥങ്ങളെല്ലാം.

എട്ടുകെട്ടിൻെറ മൂലയിൽ പുല്പാ-
യിട്ടു രാമായണത്തിൻെറ മുന്നിൽ

ചിന്തകളാൽ പഴയകാലത്തിൻ
പൊന്തകളെക്കുലുക്കിക്കുലുക്കി

കണ്ണടത്തണ്ടുരുണ്ടു മൂക്കിന്മേൽ
വന്നുടക്കിക്കിടന്നതോർക്കാതെ

ധ്യാനമൂകനായ് കുന്തിച്ചിരുന്നു
മേനവൻ മന്തുകാലുമായന്നും!

തൻെറ ജന്മം കുടുംബത്തിനാകെ
പണ്ടൊരാനന്ദമുൾച്ചേർത്തിരുന്നു!

കാത്തുകാത്തിരുന്നുണ്ടായതല്ലേ—
പൂത്തൊരോമൽക്കിനാവുപോൽ മേനോൻ!

കിട്ടുവമ്മാവനിന്നില്ല, പണ്ടേ—
കെട്ടടങ്ങിക്കഴിഞ്ഞിതപ്പുണ്യം!

കിട്ടുമാമൻെറ പട്ടടത്തെങ്ങിൽ
ചൊട്ട വന്നിട്ടു വർഷങ്ങളായി

ചുററിലുമിലക്കാടുകൾ നാഗ-
പ്പുററുകളെപ്പൊതിഞ്ഞു നില്ക്കുമ്പോൾ

കണ്ണുനീർ വരും കുണ്ടുണ്ണിമേനോ-
നെന്നുമസ്ഥിത്തറയ്ക്കലെത്തുമ്പോൾ

എട്ടുകെട്ടിലിരുന്നു മന്തിൻെറ-
പൊററ നുള്ളുന്നു കുണ്ടുണ്ണിമേനോൻ!

മന്തിൽ മാത്രമല്ലക്കരൾനീററും
ചിന്തകളിലും പൊററകെട്ടുന്നു!

മേനവനിത്രനാളും കഴിഞ്ഞി-
ല്ലാ നശിക്കുന്ന പൊററകൾ നുള്ളാൻ,

നാട്ടുകാര്യസ്ഥതയുടെ വാളും
ചീട്ടുമുണ്ടായിരുന്നൊരാ വീട്ടിൽ

നാടു കാക്കും പ്രമാണിത്തമന്നും
ചോടുവച്ചു കളിച്ചൊരാ വീട്ടിൽ

ഇന്നു നാശം വിതച്ച വിത്തെല്ലാം
നിന്നു പാഴ്വള്ളി വീശുന്നു നീളെ!

എന്തു ചെയ്യാൻ? വിചാരിച്ചു മേനോൻ
പന്തികേടാണു ജീവിതംപോലും!

രണ്ടു പെണ്മക്കളുണ്ടായിരുന്നു
രണ്ടുപേരും പിഴച്ചുപോയില്ലേ?

കൂട്ടുകൂടി പ്രസംഗിച്ചു ചന്ത-
ക്കൂട്ടവുമായ് നടന്നതുമൂലം

മൂത്ത ചെക്കൻ ജയിലിലാണന്നേ
തീർത്തതാണവൻ മാനാപമാനം.

പെററു ചത്ത തൻ ഗേഹിനിക്കെങ്ങും
കിട്ടിയില്ല പരലോകപുണ്യം!

പാതിരയ്ക്കു ഗതികെട്ട ഗർഭ-
പ്രേതമായവൾ നാടുചുററുന്നു!

എന്തു ചെയ്യാൻ? വിചാരിച്ചു മേനോൻ
എൻെറ ചങ്കിലും നീരുകെട്ടുന്നു!

കള്ളവാതപ്പനി വന്നുകേറി
തള്ളിവീഴ്ത്തിയ നൊമ്പരത്തോടെ.

ഒന്നു മെല്ലെപ്പിടിച്ചെഴുന്നേററു—
കുന്നുപോലുള്ള മന്തുമായ് മേനോൻ!

മെല്ലെമെല്ലെ നടന്നു പുറത്തേ-
ക്കുള്ളിലായിരം ചിന്തകളോടെ—

ഒന്നുകൂടി കുടിയാനവനെ
ചെന്നു കണ്ടാൽ ശരിപ്പെടും കാര്യം!

വീടുനില്ക്കും പുരയിടം മൂപ്പർ-
ക്കീടുനല്കി പണം കുറേ വാങ്ങി

കാട്ടിലൊക്കെത്തിരിവച്ചു—സർപ്പ-
പ്പാട്ടു നന്നായ് നടത്തണം നാളെ

കാലു രണ്ടും വലിച്ചുവച്ചോരോ
കാവുതോറും നടന്നു കൈകൂപ്പി

കേണപേക്ഷിച്ചു: "സർപ്പശാപത്താ-
ലാണനർത്ഥങ്ങൾ വന്നതീ വീട്ടിൽ!

ഇത്തറവാടു കാത്തുസൂക്ഷിക്കും
ശക്തരാം സർപ്പദേവതമാരേ!

എന്നെ രക്ഷിക്കുവാനായി നാളെ-
ത്തന്നെ നിങ്ങളെ പ്രീതിപ്പെടുത്താം."

'എച്ചിലെച്ചി' ലെന്നക്കാട്ടിനുള്ളിൽ
കൊച്ചുപൂവാലനണ്ണാൻ ചിലച്ചു!

കുഞ്ഞുചേരയെക്കൊന്നിട്ടു കീരി-
ക്കുഞ്ഞു മെല്ലെത്തലപൊക്കി നോക്കി.

ഒന്നു പൊട്ടിച്ചിരിച്ചുപോയ്ക്കാട്ടിൽ-
നിന്നിറങ്ങിയ മാടത്തപോലും!

*മാതൃഭൂമി വാരിക ജൂലൈ 1953*

## ഞാനഭിമാനിക്കുന്നു

കേരളമൊന്നാവുന്ന
　　പൂവിളി മുഴങ്ങട്ടേ
ചാരുത ചായം പൂശു-
　　മത്തപ്പൂമുററങ്ങളിൽ!

കേരളൈക്യത്തിൻ
　　ധീരഗീതികളുയരട്ടേ
മാരിവില്ലുകൾ വന്നു
　　ഞാണുകൾ കെട്ടും നാട്ടിൽ!

ഞാനഭിമാനിക്കുന്നു,
　　ഞാററുവേലകളുടെ
ഗാനശൈലികൾ കേൾപ്പൂ
　　കേരളമൊന്നായ്ത്തീരാൻ.

ഞാനഭിമാനിക്കുന്നു;
　　ഭാവികേരളത്തിൻെറ-
യോണപ്പാട്ടുയരുന്ന
　　നാടിൻെറ ചുണ്ടായ് മാറാൻ!

വെട്ടിമാററുക നമ്മൾ
　　വരമ്പും ചിറകളും
കൊട്ടയും കൂന്താലിയു-
　　മെടുത്തേ മതിയാവൂ!

ഒന്നിച്ചുകൂടാം നമു-
　　ക്കടുത്ത മലരോണ-
ത്തി,ന്നൊരു യുഗത്തിൻെറ
　　ഗായകന്മാരായ്ത്തന്നെ!

പുത്തനാം സംസ്കാരത്തിൻ
　　രാഗമുദ്രകൾപോലി-
യത്തപ്പൂമുററങ്ങളിൽ
　　കുമ്പുന്നൂ രോമാഞ്ചങ്ങൾ!

*സാഹിത്യ പരിഷത്ത് ഒക്ടോബർ 1953*

# നമ്മൾ വേശ്യകളല്ല

രണ്ടോളം പതിറ്റാണ്ടായ്
    കാണുന്നു നിത്യം;-പൊന്നിൻ
ചെണ്ടുമായെത്താറുണ്ടാ
    വൃത്തലോലയാംസന്ധ്യ!

പതിവായ് രണ്ടറ്റത്തു
    നിൽക്കുകയാവും ദൂരെ
പകലുംരാവും; രണ്ടു
    വൈരുദ്ധ്യങ്ങളെപ്പോലെ!

വെള്ളമേലുടുപ്പുമായ്
    പകലും, കറുത്തിരു-
ണ്ടുള്ളൊരുപുതപ്പുമാ
    യപ്പുറം നിശീഥവും

രണ്ടുപേരെയുമൊപ്പം
    പ്രേമിച്ചു കരളിൻെറ
ചുണ്ടത്തു ചിരിയുമായ്
    ചോടുവച്ചെത്തുംസന്ധ്യ!

വീട്ടിലെപ്പടിഞ്ഞാറെ
    കോലായിലിരുന്നെൻെറ
കൂട്ടുകാരുമായ് കാണാ-
    റുണ്ടു ഞാനാരംഗങ്ങൾ

പരിവർത്തനത്തിനായ്
    തുടിക്കും യാമങ്ങൾ ത-
ന്നരികിൽകൂടി പട്ടു
    ചേലയും വാരിച്ചുറ്റി,

രണ്ടു കാമുകരുടെ
    തോളിലുമലസം കൈ-
ത്തണ്ടുകൾ ചായ്ച്ചിട്ടേതോ
    സ്വപ്നലേഖയെപ്പോലെ,

നൃത്തവേദിയിലെത്തും
    സന്ധ്യയെ,-സ്നേഹത്തിൻെറ
സത്യരൂപിണിയായി
    വാഴ്ത്തുന്നു 'ഭജനക്കാർ'

ഓർത്തുപോകാറുണ്ടെന്നും
ഞങ്ങളാത്തെരുവിലെ
'കാത്തു'വിൻ വിശ്വപ്രേമ
വ്യാപാരങ്ങളെപ്പറ്റി!

വേശ്യയാണവൾ; വഴി
മാറിയേനടക്കൂ ഞാ,-
നാശവത്തിനെക്കണ്ടാൽ;-
സന്ധ്യ മറ്റൊരു വേശ്യ!!

ജീവിതത്തിലെയേതു
രംഗത്തും കാണാമിന്നി
ഭാവവൈരുദ്ധ്യങ്ങളിൽ
നാമ്പിടും ചലനങ്ങൾ!

സ്നേഹവാസനകളും,
ദ്രോഹവാസനകളും,
ആഹവ സമാധാന
സംഹാര, നിർമ്മാണങ്ങൾ!!

രണ്ടിലും സ്നേഹത്തിൻെറ
ചൈതന്യം തിരയുവാൻ;
രണ്ടിലും 'മനുഷ്യത്വ'
ത്തിൻെറ പൂവുകൾതുന്നാൻ,

നിൽക്കുമോ സംസ്ക്കാരത്തിൻ
വീണാവാദകർ നമ്മൾ;
നിൽക്കുമോ യുഗങ്ങളെ
വാർത്തെടുക്കുവോർ നമ്മൾ?

'മനുഷ്യൻ', - ഞാനോതുമ്പോൾ
പുരുഷാന്തരങ്ങളെ-
യുണർത്തിക്കൊളുത്തിയ
ശൃംഖലകാണ്മൂ മുന്നിൽ!

എന്നിലുണ്ടിന്നേവരെ
കല്പടകേറിപ്പോന്ന
മന്നിലേ മനുഷ്യൻെറ
മുദ്രിതസംസ്കാരങ്ങൾ!

നാളത്തെത്തലമുറ,-
നെൻകയ്യിൽജ്വലിക്കുന്നു!
ഇന്നലെകളിൽനിന്നു
കാൽവലിച്ചിന്നിൽകുത്തി

മുന്നിലെ വാതായനം
ചവുട്ടിത്തുറക്കും ഞാൻ!
നാളത്തെയുഗത്തിൻെറ
ചൈതന്യം നിവർത്തേണ്ട
നാടിൻെറ സചേതന
നിമിഷങ്ങളേ നിങ്ങൾ!

പട്ടടപ്പറമ്പിന്നും
നന്ദനോദ്യാനത്തിന്നും
പച്ചതുന്നുകയാണോ
"സ്നേഹശില്പ"ത്തിൻ പേരിൽ?
ഭാവിതൻകൂടാരത്തിൽ
തീയലപടർത്തുവാൻ
ജീവനിൽകുത്തിക്കേറും
കണ്ടകശ്ശനികളെ.

നാമെതിർക്കുക നീളെ;
മനുഷ്യൻ കൈ ചൂണ്ടുന്ന
നാളെയെ വിടർത്തുന്ന
നാദധാരയിലൂടെ!

"മനുഷ്യൻ;"... ജീവിക്കുന്ന
നിർമ്മാണശക്തിക്കല്ലേ
മനുഷ്യൻ മനുഷ്യനെ
ന്നോതുകയുള്ളൂ നമ്മൾ?

*കൗമുദി ആഴ്ചപ്പതിപ്പ്, 1953 ജൂൺ*

## പദ്ധതി ക്ഷേമമായി

പദ്ധതി, മന്ത്രി വന്നുദ്ഘാടനംചെയ്തു
പുത്തനൊരാഫീസു, പട്ടണത്തിൽ

അരുളിപോ, ലദ്ദേഹം—"നാട്ടുകാരെല്ലാരു-
മൊരുമിച്ചുനിന്നാലേ വിജയമുള്ളൂ."

പത്രങ്ങളായിരം നാവുമായ് ശബ്ദിപ്പൂ
പട്ടിണിയാണത്രേ നാട്ടിലെങ്ങും.

"ഇതിനല്ലേ ഗാന്ധിജി പണ്ടേ നിരാഹാര-
വ്രതപരിശീലനം നല്കിവന്നു!

അരിയും തൊഴിലുമി — ല്ലെങ്കിലെന്തീ നാടു
പരിപൂർണ്ണസ്വാതന്ത്ര്യം നേടിയില്ലേ?

അനുവദിച്ചിട്ടുണ്ടോ സ്വാതന്ത്ര്യം റഷ്യയിൽ
അവിടെ കശാപ്പിന്റെ ഭരണമല്ലേ?

പട്ടിണിയുണ്ടായിക്കൊള്ളട്ടെ, ഞങ്ങൾക്കു
പദ്ധതിയുണ്ടിതാ നീർത്തിവെയ്പൂ.

തടയണം നമ്മൾക്കീ, ജനസംഖ്യാവർദ്ധന-
വുടനെ, വഴിയില്ല വേറെയൊന്നും.

പെററുപെരുകുന്ന നാട്ടിലെല്ലായ്പൊഴും
പട്ടിണി വന്നതു കുററമല്ല."

ജനനനിയന്ത്രണപ്രചരണമന്ദിരം
ജനകീയമന്ത്രി തുറന്നനേരം

പണമുള്ള നാട്ടിലെ പുത്തൻ പ്രമാണികൾ
പടപടെ കൈയടിച്ചഭിനന്ദിച്ചു.

അവിവാഹിതകളാം നേഴ്സുകൾ യൗവന-
പ്രവണതകാട്ടിച്ചിരിച്ചുപോയി.

രണ്ട്

പദ്ധതി മന്ത്രി വന്നുദ്ഘാടനം ചെയ്തു
പുത്തനാഫീസിൽ പണിതുടങ്ങി.

നഗരത്തിൽ — ഗ്രാമത്തി — ലെവിടെയും പ്രചരണ
ലഘുലേഖനങ്ങൾ പറന്നിരുന്നു,

ഒരു 'നൂററിനാല്പത്തിനാലി' ൻെറ ചിട്ടയും
വരുതിയും നാട്ടിൽ പടർന്നിരുന്നു.

ഒരു കുളിമാറിയാൽ നാട്ടിലെ പെണ്ണുങ്ങൾ-
ക്കുരുകാൻ തുടങ്ങും ഹൃദയമെല്ലാം.

പിഴയിടും സർക്കാരറിയുകിൽ; കല്യാണം
കഴിയാത്ത പെണ്ണുങ്ങൾ വീർപ്പടക്കി!

പതിനേഴുകാരികൾ, നേഴ്സുകൾ, പററമായ്
പ്രചരണംചെയ്യാറുണ്ടെന്നുമെന്നും.

പുതിയ മരുന്നുകളുപകരണങ്ങളും
വിതരണംചെയ്യാറുണ്ടെന്നുമെന്നും.

അവിടെയെങ്ങാനും വിവാഹം നടക്കുകി-
ലവിടേക്കണയുമീ പ്രചരണക്കാർ

"പ്രസവിക്കാൻ പാടില്ല, നാലുവർഷത്തേക്കു
പ്രസവിക്കാൻ പാടില്ല നവവധുമാർ."

പറയുന്നു നാട്ടുകാർ — രാത്രിയിൽ വീടിൻെറ
പരിസരത്താളുകൾ സഞ്ചരിപ്പൂ.

മധുവിധുക്കാലത്തെ മണിയറവാതില്ക്കൽ
പുതിയ പട്ടാളക്കാർ കാവൽനില്പൂ!

ജനകീയമന്ത്രി വന്നുദ്ഘാടനംചെയ്ത
ജനനനിയന്ത്രണശാല കാൺകെ,

പറയുന്നു നാട്ടുകാർ — "മനുജവികാരത്തെ
കുരുതികഴിക്കും കശാപ്പുശാല — "

മൂന്ന്

ജനനനിയന്ത്രണശാലയിൽ, ജീവൻെറ
ജയിലുപോൽ നില്ക്കുമാ മന്ദിരത്തിൽ

ഇരവിൽ — വികാരങ്ങൾ മത്താപ്പുകത്തിക്കു-
മിരവിൽ — കിനാവുകൾ തേങ്ങിടുമ്പോൾ

അവിവാഹിതകളാം നേഴ്സുകൾ തങ്ങളി
ലറിയാതിരുന്നു പറഞ്ഞുപോകും:

"ഇരുളിലല്ലായ്പൊഴും സ്വപ്നങ്ങൾ കാണ്മു നാം —
ഇവയുടെ യാഥാർത്ഥ്യമെന്നറിയാൻ?"

അതിനുള്ളിലായിരം വീർത്ത ബലൂണുകൾ
പ്രതിദിനം പൊട്ടിത്തകർന്നിരുന്നു

അറിയാതെ തങ്ങളിൽ കെട്ടിപ്പുണർന്നവർ
പറയും: "ശപിക്കുന്നു നാടു നമ്മെ."

## നാല്

ജനകീയമന്ത്രി വന്നുദ്ഘാടനം ചെയ്ത
ജനനനിയന്ത്രണമന്ദിരത്തിൽ

ഒരുനാളിൽ നാട്ടുകാർ കണ്ടതൊരായിരം
ചെറിയ നോട്ടീസുകളായിരുന്നു.

അവിവാഹിതകളാമവിടുത്തെ നേഴ്സുക-
ളവയിലൂടറിയിച്ചതീവിധത്തിൽ:

"ജനനനിയന്ത്രണപ്രചരണക്കാർ ഞങ്ങ-
ളിനിമേലിലിപ്പണി തുടരുകില്ല.

പിരിയുകയാണിതാ ഞങ്ങളീ നാട്ടിൽനി-
ന്നൊരുമിച്ചു പതിനേഴു ഗർഭിണികൾ

പ്രസവനിയന്ത്രണപ്രചരണം നിർത്തുന്നു,
പ്രസവാശുപത്രിയിൽ പോട്ടെ ഞങ്ങൾ."

പട്ടിണി മാററുവാനീ നാട്ടിലിപ്പൊഴും
'പദ്ധതിമന്ത്രി'മാർ സഞ്ചരിപ്പൂ!

*നർമ്മദ വിശേഷാൽപ്രതി 195*

പ്രിയപ്പെട്ട സുഹൃത്തുക്കളെ!

പൂവുകൾ വിരിയുമ്പോൾ
തോക്കു പട്ടാളക്കാരെ
കാവലേൽപ്പിക്കും നാട്ടിൽ
നിന്നു ഞാനെഴുതുന്നു
ചിന്തിക്കാൻ തുടങ്ങുമ്പോൾ
കരളിൻ ഞരമ്പുകൾ
നൊന്തു പൊട്ടുകയാണീ
വേദന വീണ്ടും നാട്ടിൽ!
ചരിത്രം പടവുകൾ
കയറിക്കുതിച്ചെത്തും
ചരിത്രം സംസാരിപ്പൂ
സ്വാതന്ത്ര്യത്തിന്നുവേണ്ടി!
എത്രയോ പതിററാണ്ടായ്
മർത്ത്യജീവിതത്തിൻെറ
കുത്തിലും മടക്കിലും
പൂവുകൾ തുന്നിച്ചേർത്തോർ
ജീവനാഡികൾ പറിച്ചുയരും
സംസ്കാരത്തിൻ
പാവു നെയ്തവർ, പാടി-
പ്പോന്ന ശീലുകൾ തോറും,
കൊച്ചു ബയ്ണററിൻ ക്രൂര-
ക്രൂരമാം ചോരച്ചുണ്ടാൽ
കൊത്തിക്കീറുകയാണു
കഴുകന്മാരീ നാട്ടിൽ!
ഉയരും സംസ്കാരത്തിൻ
ഘാതകരാവാൻ മോഹി-
ച്ചുടൽപൂണ്ടവരാണീ
നാട്ടിലെ ഭരണക്കാർ!
പാടുന്ന നാവിൽ, ചിന്ത
പൂവിടും തലച്ചോറിൽ
നാടിൻെറ ഹൃദയത്തിൽ
കാരിരുമ്പാണി നാട്ടാൻ,
നൂതന വിജ്ഞാനത്തിൻ
ചൈതന്യമൊഴുകുന്ന
പാതയിൽ മണലിൻെറ
പാഴ്മതിലുയർത്തുവാൻ.
ഉഗ്രമാം പ്രതിഷേധ
വൻതിരക്കോളിൽ, കടൽ

വക്കത്തു കടലാസു
    വഞ്ചികളൊഴുക്കുവാൻ.
മത്തുകേറിയ തല-
    ച്ചോറുമായ് ഭരണക്കാർ
എത്തിയിട്ടുണ്ടീ നാട്ടിൽ
    'രാമരാജ്യ'ത്തിൻ പേരിൽ!
ഹൃദയം കാണില്ലവർ;-
    ക്കാ ഭാഗത്തവർക്കൊക്കെ
ചിതയേ കാണൂ, സംസ്കാ-
    രത്തിന്റെ കരിംചിത.
മുല്ലയും മന്ദാരവും
    മലർക്കെച്ചിരിക്കുന്ന
ചില്ലകളിളംകാററിൻ
    കയ്യിലൊന്നിളകിയാൽ
മുഗ്ദ്ധമാം വസന്തത്തിൻ
    രോമാഞ്ചങ്ങളെച്ചുംബി-
ച്ചെത്തിടുമന്തിക്കാററിൻ
    സൗരഭമൊഴുകിയാൽ,
കാട്ടുപൊന്മുളകൾ തൻ
    ശ്വാസധാരകളെങ്ങാൻ
പാട്ടുപാടിയാൽ, മനു-
    ഷ്യാത്മാക്കൾ നൃത്തം വെച്ചാൽ,
ഉയരും കൂടാരങ്ങൾ,
    പട്ടാളക്കൂടാരങ്ങ-
ളുടനേ; — കിതച്ചെത്തും
    കാവൽനായകൾ നീളേ!
ളോഹയും കാവിത്തോർത്തും
    ഖദറും ചെങ്കോലുമായ്
കാഹളമൂതും പ്രതി-
    വിപ്ലവപ്രസ്ഥാനങ്ങൾ,
വളരാനനുവദിച്ചൂട നാം; —
    സംസ്കാരവും
കലയും പടച്ചട്ട തുന്നി-
    ക്കയാണീ നാട്ടിൽ!
അധികം വളരേണ്ട;
    സംസ്കാരം നിയന്ത്രിക്കാ-
നധികാരത്തിൻ കുട്ടി-
    ക്കമ്പോളപ്പെരുമാക്കൾ!
ഞങ്ങ, ളീ സാഹിത്യത്തിൻ
    പൊന്നിലമരക്കാവിൽ
ചെങ്കതിരുകൾ നീട്ടി-
    ക്കുരുക്കും തൈവല്ലികൾ,
നാളത്തെ വസന്തത്തിൻ
    സൽക്കാരശാലയ്ക്കുള്ളിൽ
നാളങ്ങൾ, വെള്ളിദ്ദീപ-
    നാളങ്ങൾ കൊളുത്തുമ്പോൾ,

അവയെക്കെടുത്തുവാൻ
    കാററൂതി പടം നീർത്തു-
മണലിപ്പാമ്പിൻ വിഷ-
    പ്പല്ലുകൾ പറിക്കുവാൻ,
ഉയർന്നിട്ടുണ്ടീ നാട്ടിൽ
    ആയിരം വിരലുകൾ
ഉണരും യുഗത്തിൻെറ
    സംസ്കാരചൈതന്യങ്ങൾ,
പൂവുകൾ വിടരുമ്പോൾ
    തോക്കു പട്ടാളക്കാരെ
കാവലേല്പിക്കും
    കലാഘാതകർക്കെതിരായി
എത്തുക മനുഷ്യൻെറ
    സംസ്കാരം വിടുർത്തുവാൻ
എത്തു; — കെൻ മറുനാടൻ
    സ്നേഹിതന്മാരെ നിങ്ങൾ

*ജയകേരളം. മെയ്, 1953*

## കത്രിക

ചപ്പിലത്തടംപോലെ
 കഴുതത്തലച്ചോറും
ചത്തു കാഴ്ചകൾ ചോർന്ന
 ചെമ്മിഴിക്കുഴികളും,

പുണ്ണുകൾ കുരുത്തെങ്ങും
 പൊററകെട്ടിയ മെയ്യും,
'തിണ്ണമേന്മകൾ' കടം
 വാങ്ങിയ ശബ്ദങ്ങളും;

തൊട്ടടുത്തൊക്കെ പ്രേതം
 കരിഞ്ഞ മണമുള്ള
പട്ടടക്കാടും, നീണ്ട
 കുപ്പായങ്ങളുമായി,

മുക്കിയും ഞരങ്ങിയും
 മന്തുകാലുമായ്, കാവൽ-
നില്ക്കുന്നൂ 'സംസ്കാര'ത്തിൻ
 കാവലാളുകൾ ദൂരെ.

കൈയിലുണ്ടവർക്കോരോ
 കത്രിക; കലയുടെ
മെയ്യിൽ ചൂർന്നിറക്കുവാൻ
 ചെമ്പുലിനഖങ്ങളും!

കേട്ടുകാണണം നിങ്ങ-
 ളീ മഹാരഥന്മാരെ,
ചാട്ടവാറുകൾ വീശും
 നാടിന്റെ കാവല്ക്കാരെ.

ജീവിതം സ്പന്ദിക്കുന്ന
 ചൈതന്യം സ്ഫുരിക്കുന്ന,
ഭാവന ജീവിക്കുന്ന-
 തൊന്നെങ്ങാൻ കണ്ണിൽപ്പെട്ടാൽ,

ആർത്തുകൂടുകയാവു-
 മക്കശാപ്പുകാരെല്ലാം;
ആത്തൊഴിൽക്കാർക്കും 'സെൻസർ
 ബോർഡെ'ന്നുണ്ടുദ്യോഗപ്പേർ

നാടിന്റെ സംസാരിക്കും
    ജീവിതമെങ്ങാനൊരു
നാടകരംഗത്തിന്റെ
    ചൈതന്യമാകാൻ വന്നാൽ; —

നേരുകൾ, ചുണയുള്ള
    നേരുക, — ളീ നാടിന്റെ
നീരവവികാരങ്ങൾ-
    ക്കിത്തിരി ചായം ചേർത്താൽ; —

മാനവസ്നേഹത്തിന്റെ
    നാദധാരകൾ, വീണാ-
ഗാനമായ് കലാരംഗ-
    ത്തൊന്നെങ്ങാൻ മുഴങ്ങിയാൽ; —

ചാട്ടകളുടെ കീഴിൽ
    ചതഞ്ഞ സമൂഹത്തിൻ
പാട്ടുകൾ,—വ്രണപ്പെടും
    കരളിൻ നിശ്വാസങ്ങൾ, —

നമ്മുടെ ചലച്ചിത്ര-
    വേദികളുയർത്തിയാൽ; —
നമ്മുടെ കിനാവിന്റെ
    പൂവുകൾ വിടർത്തിയാൽ;—

ഭാവിയെ, സമൂഹത്തിൻ
    സ്വപ്നത്തെ,—'സ്വിച്ചോൺ' ചെയ്യും
ഭാവശില്പത്തിൻ വെള്ളി-
    വെളിച്ചം പകർത്തിയാൽ;

കത്രിക ഗ്ലിക്ഗ്ലിക്കെന്നു
    ശബ്ദിക്കും, കശാപ്പിനു
കത്തിരിപ്പൂട്ടുംകൊണ്ടാ
    കാവൽക്കാർ കിതച്ചെത്തും!

കലയിൽ സംസ്കാരത്തിൽ
    ജീവിക്കും മനുഷ്യന്റെ
ചലനം നിഷേധിക്കാൻ
    കത്രിക ശബ്ദിക്കുന്നു!

നേരുകൾ നുറുങ്ങുമ്പോൾ
    പ്രതിഷേധിക്കാറില്ലേ
ധീരമായ്, ചലച്ചിത്ര-
    മാസികക്കാരേ നിങ്ങൾ?

1953

## നക്ഷത്രങ്ങളുടെ പിന്നാലെ

വെള്ളാമ്പൽച്ചുണങ്ങുകൾ
 പുള്ളികുത്തിയ മാറും
തള്ളിച്ചു നീലാകാശം
 രാത്രിയിലുറങ്ങുമ്പോൾ,

മാനത്തു കണ്ണും നട്ടു
 പാതിയും മരവിച്ച
മാതിരി നിൽക്കാറുണ്ടാ
 സാഹിത്യപ്രവാചകൻ!

അന്തരീക്ഷത്തിൻ നെഞ്ചിൽ
 കൈവിരലോടിച്ചുംകൊ-
ണ്ടങ്ങനെ നഖക്ഷത-
 മേൽപിക്കുമദ്ദേഹത്തെ.

കണ്ടുകാണണം നിങ്ങൾ
 ജീവിതഭാരത്തിൻെറ
വണ്ടിയും വലിച്ചുകൊ-
 ണ്ടാവഴി പോകും പോക്കിൽ!

ഉരുളും ചക്രങ്ങൾതൻ
 ശബ്ദമോ, പതയുന്ന
കരളിൽ വിങ്ങിപ്പൊങ്ങും
 നിങ്ങൾതൻ ഗാനങ്ങളോ,

ശ്രദ്ധിക്കില്ലദ്ദേഹ, — (മീ
 ക്ഷണിക പ്രപഞ്ചത്തിൻ
മുഗ്ദ്ധത,യ്ക്കെങ്ങാണുള്ള-
 താ സനാതനമൂല്യം!)

കാലത്തിൻ തലോടലി
 ല, — ല്ലുഗ്രപ്രതിഷേധ
ജ്വാലയിൽ കുരുത്തിത
 ളിട്ടതാം സംസ്കാരങ്ങൾ,

ചങ്കിലെ ഞരമ്പുകൾ
 തങ്ങളിൽ കൊളുത്തിക്കൊ
ണ്ടങ്ങനെ യുഗങ്ങളെ
 സൃഷ്ടിച്ച സംസ്കാരങ്ങൾ.

നെ,യ്തിഴയടുപ്പിച്ച
ജീവിതക്രമങ്ങളിൽ
പെയ്തിറങ്ങിയ മിഴി-
നീരലകളെപ്പററി,

അവയിൽ വിടരുന്ന
മാനവപ്രയത്നത്തിൻ
നവചൈതന്യം വീശും
പൂങ്കുലകളെപ്പററി,

ശ്രദ്ധിക്കുകില്ലദ്ദേഹം,
കവിയാ,—ണാകാശത്തിൻ
മുഗ്ദ്ധഭാവങ്ങൾക്കല്ലേ
കാണൂ ശാശ്വതമൂല്യം?

ഞാനിന്നാളൊരു ഘോഷ-
യാത്രയിൽ, നാടിന്നഭി
മാനവും സ്വപ്നങ്ങളും
വിടരും മിഴിയോടെ,

എൻ ചുണ്ടിൽ മനുഷ്യൻെറ
മുക്തിഗാഥയുമായി
സഞ്ചരിച്ചപ്പോൾ ദൂരെ-
ക്കണ്ടു ഞാനദ്ദേഹത്തെ!

എൻ നേർക്കു കൈയും ചൂണ്ടി-
ജ്ജല്പിച്ചുപോലദ്ദേഹം:
"എന്നിനിയിവരൊക്കെ
ശാശ്വതമൂല്യം നേടും?..."

ഞാൻ പൊട്ടിച്ചിരിച്ചുപോയ്;—
ജീവിതസ്പന്ദങ്ങളിൽ
നാമ്പിടും സർഗ്ഗാത്മക-
ഗാനമേഖലകളെ,

മാനവപ്രയത്നത്തെ
പ്പാട്ടുപാടിക്കാനുള്ള
മാമക ഗാനാത്മക-
കാവ്യനിമ്നഗകളെ,

നാഴിമണ്ണുംകൊണ്ടൊന്നു
തടയാൻ ശ്രമിക്കുമാ
നാഴികവട്ടത്തിൻെറ
കാവൽക്കാരനെക്കാൺകെ!

കവിയാണദ്ദേഹവും;
കാലത്തെത്തളച്ചിടാൻ
കടിഞ്ഞാണിളക്കിക്കൊ-
ണ്ടവിടെക്കാണാമെന്നും!

എന്നനുകമ്പയ്ക്കൊന്നു
ചിരിക്കാൻമാത്രം തോന്നീ:
“നന്നു, നിങ്ങളെയൊക്കെ
രക്ഷിച്ചുകൊള്ളും ദൈവം!...”

“നൂറോളം യുഗങ്ങളായ്
കാലുകൾ നീട്ടിക്കുത്തി-
ക്കേറിയ മനുഷ്യനാ-
ണെന്റെ ശാശ്വതമൂല്യം

നിങ്ങൾക്കതാകാശത്തി-
നവ്യക്തസ്ഥലികളിൽ
നിന്നൊളിവീശും കൊച്ചു
പൂമിന്നൽക്കൊടി മാത്രം!...”

*പ്രഭാതം വാർഷികപ്പതിപ്പ്-1954*

## ജയകേരളത്തിന് ആശംസ

കേരളമുല്ലമലർക്കാവിൽ ,ജയ-
കേരളമെത്തിയ വാസരമേ,

പുതിയ യുഗത്തിൻ പൂവിളിതോറും
പുലരുക നിൻ നവസന്ദേശം!

നിൻ നൃത്തങ്ങളിൽ, നിൻ ഗാനങ്ങളിൽ
നിൻ മധുരോജ്ജ്വലഭാവനയിൽ

പുലരുകയാണതു കാണ്മൂ ഞങ്ങൾ
മലയാളത്തിൻ സ്വപ്നങ്ങൾ!

കതിരുകൾ  ചൂടി കവിതകൾ പാടി
പുതുവർഷപ്പൂംപുലരികളിൽ

കേരളനെൽവയ്ലേലകളിൽ, ജയ-
കേരളമേ നീ വന്നാലും!

എന്നാശംസകൾ നൽകുന്നൂ ഞാൻ
മുന്നോട്ടാവുക കാലടികൾ!

*ജയകേരളം 1954, വാല്യം 8, ലക്കം 1 ആശംസകള*
*അഭിപ്രായങ്ങളും എന്ന  പംക്തിയിൽ അച്ചടിച്ചുവന്ന*

## ഒരു നുണങ്ങുപ്രേമഗാനം

(സ: തോപ്പിൽഭാസിയും എം.എസ്സുമൊത്ത് ഒരു സൗഹൃദസന്ദർശനത്തിനു കൗമുദി ആഫീസിൽവന്ന സ: വയലാർ രാമവർമ്മ പത്തുമിനിട്ടിനിടയിൽ എഴുതിയ ഒരു നുണുങ്ങു കവിതയാണിത്- പത്രാധിപർ)

കാൽബിലിരിക്കണതാരാണ്
കതിർമഴ പെയ്തവനാരാണ്
കിക്കിളികോർത്തൊരു പൂത്താലിയുമായ്
കിനാവിൽ വന്നവനാരാണ്

കൂട് തന്നവനാരാണ്
ചൂട് പകർന്നവനാരാണ്
ഉള്ളിലിരിയ്ക്കണ കുഞ്ഞിക്കിളിയെ
കിള്ളിയൊണർത്തിയതാരാണ്

ചുരുട്ട് പുകയണചുണ്ടത്ത്
ചൂളമടിക്കണ ചുണ്ടത്ത്
ഒളിച്ചിരിക്കും തുമ്പപ്പൂക്കളി
ലോടിനടക്കണതാരാണ്

ചാരത്തിന്നലെ വന്നവനേ
ചക്കരമുത്തം തന്നവനേ
കടംതരാമോ കടംതരാമോ
കയ്യിലിരിക്കണ പൂത്താലി

ഉള്ള് കണ്ടതു നേരാണ്
ഉറുമാൽതന്നതുനേരാണ്
തരാനെനിക്കില്ലൊന്നും പകരം
താമരമൊട്ടുകളല്ലാതെ -കൈ-
ത്താമരമൊട്ടുകളല്ലാതെ.

*കൗമുദി ആഴ്ചപ്പതിപ്പ് 1131 മീനം 27*
*1955*

## കുട്ടികൾക്കൊരു പാട്ട്

പൂച്ചമ്മപ്പെണ്ണിനെപ്പൂക്കിലതുള്ളിച്ച
പൂവാലനണ്ണാനേ
തെമ്മാടിയെപ്പോലെ തെണ്ടിനടന്നാ-
ലമ്മൂമ്മ തല്ലൂല്ലേ-നിന്നെ
അമ്മൂമ്മ തല്ലൂല്ലേ?
പുള്ളിക്കരവച്ച പഞ്ഞിയുടുപ്പിട്ട
പൂവാലനണ്ണാനേ
കണ്ടെടത്തെങ്ങാണ്ടു കട്ടുതിന്നാൻ ചെന്നു
കഞ്ഞിക്കലം നൂണ്ടോ—നീ
കഞ്ഞിക്കലം നൂണ്ടോ
'പച്ചില പഴ്ത്തെല' 'പച്ചില പഴ്ത്തെല'
വച്ചുകളിയ്ക്കാനേ
മേടവെയിലത്തു മണ്ണിലിറങ്ങിയാൽ
മേലൊക്കെപ്പൊള്ളൂല്ലേ—നിൻെറ
മേലൊക്കെപൊള്ളൂല്ലേ?
മൂവാണ്ടൻ മാവിൻെറ മൂക്കുത്തി മോഷ്ടിച്ച
പൂവാലനണ്ണാനേ
തുഞ്ചായക്കൊമ്പത്ത് കാറ്റിൻെറ തോളത്തോ-
രൂഞ്ഞാല് കണ്ടില്ലേ
മാടത്തക്കൂടൊള്ളമാവിൻെറ കൊമ്പത്തെ
മാമ്പഴം കണ്ടീലേ?
മണ്ണുകൊണ്ടഞ്ചാറു നെയ്യപ്പം ചുട്ട ഞാൻ
ഇന്നാള് തന്നല്ലോ
കുഞ്ഞിപ്പിലാവിലക്കുമ്പിളിനുള്ളിൽ ഞാൻ
കഞ്ഞിയും തന്നല്ലോ
പൂച്ചെടിക്കാരൻെറ കമ്മല് കോർത്തൊരു
പൂത്താലി തന്നൂ ഞാൻ
മുക്കുറ്റിപ്പൂവിൻെറ മുത്തെടുത്തന്നൊരു
മൂക്കുത്തി തന്നൂ ഞാൻ-പച്ച
മൂക്കുത്തി തന്നൂ ഞാൻ.
പൂച്ചമ്മപ്പെണ്ണിനെ പൂക്കില തുള്ളിച്ച
പൂവാലനണ്ണാനെ
ചക്കരമാമ്പഴം ചപ്പിക്കുടിയ്ക്കണ
ചപ്പ്തം കേക്കട്ടെ

തത്തിക്കിളിച്ചുണ്ടൻ മാമ്പഴം തന്നാൽ
തക്കാളി തന്നോളം - എൻെറ
തക്കാളി തന്നോളാം!
മിന്നാമിനുങ്ങിൻെറ ഞെക്കുവിളക്കു ഞാൻ
സമ്മാനം തന്നേക്കാം!
കാട്ടിലെത്തുമ്പിയെ കല്ലും ചുമപ്പിച്ചു
കൂട്ടിനു വിട്ടേക്കാം
പോവല്ലേ നീയെൻെറ പൂവനം കാണാണ്ട്
പൂവാലനണ്ണാനേ
പൂച്ചമ്മപ്പെണ്ണിനെപ്പൂക്കില തുള്ളിച്ച
പൂവാലനണ്ണാനേ.

*മലയാളമനോരമ, കുട്ടികളുടെ വിശേഷാൽ പ്രതി, 1956*

## ഒരു പുതിയ പറുദീസ

മെഴുകുതിരികളേ!
മെഴുകുതിരികളേ!
തൊഴുതു തൊഴുതു
മിഴിയടഞ്ഞ
മെഴുകുതിരികളേ!
താരകൾതൻ നാടു കണ്ടു
താലമുഴിയുവാൻ
മാലാഖകൾ മണ്ണിൽ വന്നു
മാലയണിയുവാൻ
മന്ത്രമോതി മതിലകത്തു
മണികിലുക്കിയ കൈകളിൽ
നിന്നു തൊഴുതു മിഴിയടഞ്ഞ
മെഴുകുതിരികളേ!
താരകൾതൻ നാട്ടിലില്ല
താമരപ്പൂങ്കാവുകൾ
താമരകൾതൻ നാട്ടിലില്ല
താലികെട്ടും പാട്ടും
താരകൾതൻ മതിലകത്തു
തലമുറകൾതന്നപ്പുറത്തു
കണ്ടുമുട്ടിയ കാമുകരുടെ
കഥയറിയാമോ?
മെഴുകുതിരികളേ!.....

മഴമുകിലുകൾ പൂത്തുനിന്ന
മാനത്തെക്കാടുകളിൽ
കാനനജലദേവതമാർ
കാത്തുനിന്ന കാടുകളിൽ
ഒരു കാമുകി കണ്ണെറിഞ്ഞു
ഒരു കാമുകനോടിവന്നു
കാടുകളിൽ കായ്ച്ചുനിന്ന
കനി പറിച്ചു തിന്നു.
ആദമന്നൊരു പാട്ടു പാടി
മുല്ലമലർമാല ചൂടി
'ലല്ലലലം' നൃത്തമാടി
അന്നവരൊരു തലമുറതൻ
കന്നിനിലാത്തിരി കൊളുത്തി
അന്തിക്കൊരു വടി ചുഴററി-
യവിടെ വന്ന ദൈവം

പറുദീസയിൽനിന്നവരെ
പാപികളായ്ത്തള്ളി.
എന്തിനെന്തിനവരിരുവരും
അന്നുമുതൽ പാപികളായി!
താരകൾതൻ നാട്ടിൽനിന്നു
താഴെ വന്ന തലമുറകൾ
പാമ്പിഴയും താഴ്‌വരയിൽ
പാപികളുടെ താഴ്‌വരയിൽ
കനി പറിച്ച കയ്യുകളാൽ
കറപിടിച്ച കയ്യുകളാൽ
പറുദീസകൾ പണിതുയർത്തിയ
കഥയറിയാമോ?
മെഴുകുതിരികളേ!....

മണ്ണിൽ ഞങ്ങൾ പണിതുയർത്തിയ
ചന്ദനവനമണിയറയിൽ,
താഴ്‌വരയിൽ പൂത്തുലയും
താമരപ്പൂങ്കാവുകളിൽ,
മണി കിലുക്കി മന്ത്രമോതി
മതിലുകെട്ടിയ കൂട്ടരേ!
വരികയാണു, വരികയാണു
വഴിതുറന്ന തലമുറകൾ!
എത്രയെത്ര കാൽവരികളി-
ലെത്രയെത്ര കുരിശുകളിൽ
രക്തമുദ്ര ചാർത്തി ഞങ്ങൾ
മുൾമുടികൾ ചൂടി!
ഇടമതിലുകൾ വെട്ടിമാററി
ഇരുളറകൾ തട്ടിമാററി
ഇവിടെ ഞങ്ങൾ പണിയുകയാ-
യൊരു പറുദീസ —
മെഴുകുതിരികളേ!
മെഴുകുതിരികളേ!
മാനത്തെ മതിലകത്തി
കഥ പറയാമോ?
മെഴുകുതിരികളേ!.....

*സിനിമാദീപം 1956*

കത്രീന—യാലപ്പുഴക്കള്ളുഷാപ്പിലെ
കത്രീന—പച്ചക്കരിമ്പുതുണ്ടാണവൾ
കള്ളുഷാപ്പിൻെറ പടിക്കലപ്പെണ്ണിനെ
കണ്ടാൽ വിരലുകടിച്ചുപോം കാണികൾ
പുള്ളിക്കരയുള്ള കയിലിമുണ്ടും കരി-
മ്പുള്ളികൾ നീളെക്കളമിട്ട ചട്ടയും.
ചില്ലുപാത്രത്തിലെ മീനുകൾമാതിരി
തുള്ളിനടക്കും മിഴികളുമായവൾ
മേൽമുണ്ടിടാതെ നില്ക്കുന്നതു കാണുവാ-
നാ മുക്കിലൊക്കെ നടക്കും പ്രമാണിമാർ.

വെള്ളക്കിണർമുക്കിലെങ്ങാനൊരു കൊച്ചു
പെണ്ണു വന്നാ—ലതു വാർത്തയല്ലെങ്കിലും.
കോട്ടയം ബോട്ടിൽനിന്നാദ്യമാലപ്പുഴ-
ജട്ടിയിലേക്കവൾ കാൽവച്ചനാൾമുതൽ
'കത്രീന' 'കത്രീന'—യാ നഗരത്തിലെ
നിത്യസംസാരവിഷയമാണിപ്പൊഴും
ആ ദഹനക്കേടിരമ്പുമാറുണ്ടെന്നു-
മായിരമായിരമന്തരംഗങ്ങളിൽ.

ആലപ്പുഴക്കള്ളുഷാപ്പുകൾക്കുള്ളിലു-
ണ്ടാ നഗരത്തിലെ സാമൂഹ്യവൈകൃതം
മാനവസംസ്കാരശൈലികൾ നാണിച്ചു-
നാണിച്ചു നില്ക്കുമാ മദ്യാലയങ്ങളിൽ
കത്തികളൂരിയ റൗഡികൾ തങ്ങളിൽ
കുത്തിരസിക്കും കഥകളുണ്ടിപ്പൊഴും
പട്ടണവേശ്യകൾ ചില്ലറവില്ക്കുന്നു
പച്ചയിറച്ചിയും സ്വല്പം വികാരവും.
മാനുഷ്യകത്തിൻെറ ജീവരക്തത്തിലേ-
ക്കാണതിൻ രോഗാണുയുദ്ധപരാക്രമം.

ചന്ദനക്കാവിലുമാര്യാട്ടുമുള്ളവർ
വന്നുതുടങ്ങീ പുതിയ സർക്കീട്ടുകാർ.
എല്ലാരുമൊന്നിച്ചു കത്രീന വില്ക്കുന്ന
കള്ളുഷാപ്പിൻെറ പടിക്കലാണെപ്പൊഴും
മററുള്ള വില്പനക്കാരികൾക്കൊന്നിനും
വിററുതീരാറില്ല കള്ളൊരു തുള്ളിയും.
'തീരും പുതുമോടി....' തങ്ങളിൽത്തങ്ങളിൽ

തീരുമാനിച്ചു പരിചയക്കാരികൾ
എത്ര കൺട്രാക്ടർമാർ മത്സരിച്ചെത്തുന്നു
കത്രീനയെക്കൊണ്ടു കള്ളുവില്പിക്കുവാൻ.
ക്രിസ്ത്യാനിയല്ലവൾ നമ്പൂരിയില്ലത്തു
തത്തയെപ്പോലെ വളർന്നവളാണവൾ
ആരോ ചതിച്ചിറക്കിക്കൊണ്ടുപോന്നതാ;-
ണാരുമില്ലാതൊന്നു പെററതാണിങ്ങനെ
കെട്ടുകഥകൾ പ്രചരിച്ചിരിക്കുന്നു;
ഞെട്ടുന്നഞെട്ടുന്ന സംഭവശ്രേണികൾ!
കെട്ടുമിന്നില്ലേ കഴുത്തി;—ലവൾക്കൊരു
കെട്ടിയോനുണ്ടായിരുന്നതുകാരണം
കന്യാമഠത്തിൽനിന്നോടിയൊളിച്ചതാ-
ണെന്ന വൃത്താന്തം സ്ഥിരീകരിച്ചില്ലവർ
കാറുകളുണ്ടാവുമെന്നുമഞ്ചാറേഴു
കാറുക—ളാക്കള്ളുഷാപ്പിൻെറ വാതിലിൽ
സാരിയണിഞ്ഞൊരു പൂമിന്നൽപോലവൾ
കാറിൽ കയറി സവാരിക്കു പോയ്വരും
പാതിരാവായാൽ പതിവാണതിനുള്ളിൽ
മോതിരംമാറലും മുത്തംകൊടുക്കലും.

മദ്യപിച്ചുന്മത്തയായിക്കഠാരിയും
കത്തിയുമായവൾ നില്ക്കും പലപ്പൊഴും
എന്തൊരു ധീരതയാണവൾ, —ക്കല്ലെങ്കി-
ലെന്തഹങ്കാരിയാണക്കൊച്ചുസുന്ദരി
മുല്ലമലരിൻെറയന്തരാത്മാവിലീ
മുള്ളുകളാരു മുളപ്പിച്ചിതിന്നലെ?

2

കച്ചവടക്കാർ, —കിഴക്കുനിന്നെത്തിയ
കച്ചവടക്കാർ, —പറഞ്ഞതാണക്കഥ:
കത്രീന വാൾക്കാരനൗസേപ്പുചേട്ടൻെറ
പുത്രി,—യങ്ങങ്ങു കിഴക്കുള്ളതാണവൾ
കാട്ടിൽ മരംവെട്ടി വിററു ജീവിച്ചയാൾ
നാട്ടിൽ മടങ്ങി മലമ്പനിക്കാരനായ്
ഒററത്തിരിയായ് വളർന്ന കത്രീനതൻ
പെററമ്മ,—കുഞ്ഞേലി,—പണ്ടേ മരിച്ചുപോയ്
പെണ്ണു പുരമുററിനില്ക്കുന്നതും കണ്ടു
കണ്ണീർ കുടിച്ചു മരിച്ച കുഞ്ഞേലിയെ
കട്ടിലിൽ വീണു കിടന്നുകൊണ്ടോർത്തോർത്തു
പൊട്ടിക്കരയും സഹായമില്ലാതയാൾ.

ആയിരംവട്ടമിടവകപ്പള്ളിയിൽ
ആവലാതിപ്പെട്ട കാരണമാവണം
വള്ളപ്പുരയ്ക്കലെ മത്തായിയെക്കൊണ്ട്
പള്ളിവികാരി കെട്ടിച്ചു കത്രീനയെ

വാൾക്കാരനൗസേപ്പുചേട്ടൻെറ പെണ്ണവൾ
വാക്കാൽക്കരാറിന്നുറപ്പിലായ് സ്ത്രീധനം.
ഒന്നരക്കൊല്ലം കഴിഞ്ഞൊരുനാളൊരു
പൊന്നിൻകുടത്തിനെ തോളിലെടുത്തവൾ
അപ്പൻെറ വീട്ടിൽ പൊറുതിക്കു ചെന്നുപോൽ
അപ്പൻ പറഞ്ഞ കരാറു ലംഘിക്കയാൽ
സ്ത്രീധനം നല്കാതെ മത്തായി പെണ്ണിനെ
സ്വീകരിക്കില്ലെന്നു വാശിയാണായിടെ
സ്നേഹബന്ധങ്ങളെ നാണയമാക്കുമാ
സ്ത്രീധനം, കണ്ണീരിലാഴ്ത്തി കത്രീനയെ
പട്ടിണിതിന്നു മരിച്ചൂ പിതാവുമാ-
ക്കുട്ടിയും —സ്ത്രീധനം ജീവിച്ചു പിന്നെയും.

ഭർത്താവുമൊന്നിച്ചു നാലുനാൾ വാഴുവാൻ
കത്രീന നിഷ്ഫലമാശിച്ചു പിന്നെയും
ആയിരത്തൊന്നു പണവും പലിശയു-
മാരോടു വാങ്ങും കരാറു പാലിക്കുവാൻ?

ആറേഴു വർഷം വിടുവേലചെയ്തുചെ-
യ്താായിരത്തൊന്നു പണം സ്വരൂപിച്ചവൾ
ദാഹിച്ചു ദാഹിച്ചു മത്തായിയെത്തൻെറ
മോഹമറിയിക്കുവാൻ ചെന്നു നില്ക്കവേ
വള്ളപ്പുരയ്ക്കലെ കുഞ്ഞന്ന കോപിച്ചു
തുള്ളി: “മത്തായിക്കു നിൻ പവൻ വേണ്ടെടീ......
കണ്ടെടത്തെല്ലാം വ്യഭിചരിച്ചിങ്ങനെ
കൊണ്ടുവരേണ്ടായിരുന്നു നിൻ സ്ത്രീധനം.”
വള്ളപ്പുരയ്ക്കലെ കുഞ്ഞന്ന പിൻഞെറി
തുള്ളിച്ചു താറാവിനെപ്പോലെ നില്ക്കവേ
മിണ്ടിയില്ലക്ഷരം മത്തായി;—കത്രീന
മിണ്ടാതിറങ്ങിപ്പടികടന്നപ്പൊഴും
കണ്ടില്ല കത്രീനയെപ്പിന്നെ നാട്ടുകാർ
കണ്ടിടത്തെങ്ങാണ്ടു തെണ്ടിത്തിരിഞ്ഞുപോയ്
കച്ചവടക്കാർ;—കിഴക്കുനിന്നെത്തിയ
കച്ചവടക്കാർ പറഞ്ഞതാണിക്കഥ.

**3**

പരന്ന ചന്ദ്രിക നീർത്തിയ പായിൽ
പട്ടണമെന്നുമുറങ്ങുമ്പോൾ
തിരക്കൊഴിഞ്ഞൊരു കുടിലിന്നുള്ളിൽ
തിരിച്ചുചെല്ലും കത്രീന!
പനമ്പുമറയുടെ വിട്ടിൽക്കൂടി,
പായും കാതരമിഴികളുമായ്
തനിച്ചിരിക്കും തകരവിളക്കാ-
ത്താരുണ്യത്തിനെയെതിരേല്ക്കും.

കുളിച്ചു മുണ്ടും മാറിക്കുടിലിൽ
കുനിഞ്ഞു കേറും കത്രീന
വിളക്കെടുത്തവൾ കരിമഷിതട്ടും
വ്രീളാനമ്രമുഖത്തോടെ
മുറിക്കകത്തെ കട്ടിലിലെഴുന്നേ-
റ്ററിരിക്കുമപ്പോളൊരു പൗരൻ
അവൾക്കു ദാഹം മിഴിയിൽ കരളിൽ
കവിൾത്തടത്തിലൊരരുണിമയും.

ചൂടാറാതവളവന്നു നല്കും
ചോറും കറിയും കിണ്ണത്തിൽ
അവൻെറയുണ്ടു കഴിഞ്ഞാലതിൽനി-
ന്നവളുടെ പങ്കവൾ കൈക്കൊള്ളും
ഒതുങ്ങി നില്പൂ കുടിലിൽ—ഷാപ്പിലെ-
യൊന്നാംനമ്പരു ധിക്കാരി
മങ്ങിക്കത്തും തകരവിളക്കിൽ
മയങ്ങിയൊഴുകുമേകാന്തതയിൽ
അടുത്തു തോളും മുട്ടിയിരുന്നവ-
ളവൻെറ മടിയിൽത്തലചായ്ക്കും
മനസ്സിണങ്ങിയ ദമ്പതിമാരുടെ
മന്ദസ്മേരം പൂകുത്തും!

ഒരുമിച്ചങ്ങനെ കഴിഞ്ഞനാളവ-
നൊരിക്കലവളൊടു ചോദിച്ചു:
"എനിക്കു ചെലവും തന്നീ വീട്ടിലി-
തെന്തിനു വന്നു പൊറുത്തൂ നീ?"
കരഞ്ഞു കണ്ണീരൊപ്പിക്കൊണ്ടേ
പറഞ്ഞു വേഗം കത്രീന:
".....ഏകാന്തതകളിലേകാന്തതകളി-
ലെനിക്കൊരാളെ സ്നേഹിക്കാൻ
എന്നാത്മാവിന്നൾത്താരയിൽ വെ-
ച്ചെനിക്കൊരാളെ പൂജിക്കാൻ."

അവന്നിതേവരെയറിയാറായി-
ല്ലവളുടെയന്തർദ്ദാഹത്തെ
അവന്നു കാണാൻ കണ്ണില്ലവളുടെ-
യദൃശ്യപൂജാപുഷ്പത്തെ.

4

പൂമരങ്ങൾ തളിർക്കുന്ന കാലം
രോമഹർഷങ്ങൾ നാമ്പിടും കാലം
കൊക്കുരുമ്മി കുളിരിലക്കൂട്ടിൽ
കൊച്ചരിപ്രാക്കൾ കൂകുന്ന കാലം
വെണ്ണിലാവുകൾ മണ്ണിൻെറ മാറിൽ
സ്വർണ്ണമെത്ത വിരിക്കുന്ന കാലം

കാമുകൻെറ മടിയിൽക്കിടന്നാ
പ്രേമരൂപിണി ചൊല്ലിനാളേവം:

"എന്നെ നിങ്ങൾ വെറുക്കുക; ഞാനീ
ധന്യജീവിതം താറുമാറാക്കി
കള്ളുഷാപ്പിലെ വേശ്യയെ സ്നേഹി-
ച്ചില്ല നിങ്ങൾ; മറക്കുകീ ബന്ധം."
അന്നുമഞ്ചാറു വസ്ത്രവും പൗഡർ
ടിന്നുമായ്ച്ചെന്നതാണവൾ വീട്ടിൽ
സ്വീകരിച്ചതാണഞ്ചെട്ടുപേരെ
സ്വീകരിച്ചതാണന്നവൾ ഷാപ്പിൽ
കള്ളടിച്ചുമദിച്ചുനിന്നോരെ
കണ്ണടിച്ചു കശക്കിക്കശക്കി
അന്നുമെത്ര കറൻസികൾ നേടി....

പിന്നെയെന്തിനീ കാമുകൻകൂടി?
പട്ടണത്തിലെ സിംഹമാക്കൊച്ചു-
കട്ടിലിൽ വെറും മാൻപേടയായി
കണ്ണുനീർ തുടച്ചോതിനാൾ വീണ്ടും
കന്യകതൻ വികാരങ്ങളോടെ:

".....കള്ളുഷാപ്പിലെ കത്രീനയെ, പിൻ-
തള്ളിയേക്കാമൊരിക്കലെന്നാലും
എൻ മടിത്തട്ടിൽവീണൊന്നുറങ്ങാ-
നെൻെറ പാട്ടിന്നു താളംപിടിക്കാൻ
ഇന്നുമെത്രപേരെൻെറ വാതില്ക്കൽ
നിന്നു തങ്ങളിൽ മത്സരിക്കുന്നു
ഒന്നുമില്ലായ്കയില്ലെനി,ക്കെന്നാ-
ലെന്നുമെൻ കരൾ വേദനിക്കുന്നു
എന്നുമെന്നുമെന്നന്തരാത്മാവിൽ
എന്തു ദാഹമാണെന്തൊരു ദാഹം!
".....എന്നെ നിങ്ങൾ വെറുക്കുക ഞാനീ
ധന്യജീവിതം താറുമാറാക്കി
കള്ളുഷാപ്പിലെപ്പെണ്ണിനെ സ്നേഹി-
ച്ചില്ല നിങ്ങൾ മറക്കുകീ ബന്ധം."

*എഴുതാനുദ്ദേശിച്ചിരുന്ന ഒരു*
*ഖണ്ഡകാവ്യത്തിൻെറ പ്രാരംഭം. —1956*

# കഥാപ്രസംഗവും കപ്യാരും

"കാററിന്നുകാററിന്നുലഞ്ഞു, —മിടയ്ക്കിടെ
കാട്ടാറിനുള്ളിലെക്കണ്ണാടിനോക്കിയും
കോതിയൊ തുക്കിയ നീലവാർകൂന്തലിൽ
പൂതിരുകുന്ന കുളിർമുളങ്കാടുകൾ,
പാടിക്കൊടുത്തിട്ടലകളെല്ലൊ,—ണ്ടേററു-
പാടിച്ച സംഗീതപാഠങ്ങൾ കേൾക്കുവാൻ,
കുന്നിൻമടിയിൽ കുടമുല്ലമെത്തയിൽ
ചെന്നിരുന്നൂ പണ്ടൊരേകാന്തകാമുകൻ....."

ചന്തക്കവലക്കഥാപ്രസംഗക്കാര
നന്തോണി പാടിവിവരിച്ചിതാക്കഥ.
മുൻപിൽ നിരത്തിന്റെ വക്കത്തൊരു കള്ളി-
മുണ്ടും വിരിച്ചു വിനീതനായ് നിന്നവൻ,
താളംപിടിച്ചൊരു പാട്ടു പാടുമ്പൊഴേ-
ക്കാളുകൾ കൂടും പെരുന്നാൾക്കവലയിൽ!
കപ്യാരു തൊമ്മിയും റൊട്ടിക്കടക്കാര-
നപ്പുവും, വാൾക്കാരനൗസേപ്പുചേട്ടനും,
മററു പലരും, കഥാപ്രസംഗം കേട്ടു
വട്ടമിട്ടങ്ങനെ നില്ക്കുമെല്ലായ്പൊഴും.
കൂട്ടിവായിക്കാൻ പഠിച്ചതുകാരണം
നാട്ടിൻപുറത്തൊരു വിജ്ഞാനിയാണവൻ
അന്തോണി പാടി വിവരിച്ചിതാക്കഥ:

"......ചെന്നിരുന്നൂ പണ്ടൊരേകാന്തഗായകൻ
വിണ്ണിൽ കിഴക്കേപ്പുറത്തൊരു ചന്ദന-
ക്കിണ്ണവുമായ് വന്നു വാസന്തപൗർണ്ണമി.
വള്ളിക്കുടിലിന്റെ കൊച്ചുപാവാടയിൽ
പുള്ളികൾ കുത്തി വിടരുന്ന പൂവുകൾ!
കാട്ടിലലഞ്ഞ കരിങ്കുയിൽവ, —ന്നില-
ക്കൂട്ടിലിണയെ വിളിക്കുമാ സന്ധ്യയിൽ,
കുന്നിൻചെരുവിലിരുന്നവ,—നീണത്തി-
ലൊന്നു ശബ്ദിച്ചൂ കുയിലൊച്ചമാതിരി.

പൂവിട്ടുനിൽക്കുന്ന താഴ്വരക്കാട്ടിൽനി-
ന്നാ വിളികേട്ടിട്ടുയർന്നൂ മറുപടി!
പൊന്നിലക്കുമ്പിളിൽ പൂജാമലരുമായ്
ചെന്നിതങ്ങോട്ടൊരു കാനനദേവത!

കാമുകൻ ചോദിച്ചു: "നിന്നെയിന്നേവരെ-
ക്കാണാതിരുന്നതിന്നെന്താണു കാരണം?"
കാമിനി ചൊന്നാൾ:—"ഒരുത്തരും കാണാത്ത
താമരപ്പൊയ്കയിൽ താമസിക്കുന്നു ഞാൻ......"

പൂവുകൾകൊണ്ടവർ മാലകൊരുത്തു കൺ-
പൂവുകൾ കോർത്തു കരളിന്നിഴകളാൽ
കാട്ടിലലഞ്ഞു, കനികൾ തിന്നൂ മര-
ച്ചോട്ടിലിരുന്നൂ കുറച്ചിട നഗ്നരായ്!
'ആദാ'മവളുടെ തോളത്തു കൈവച്ചു
ചോദിച്ചു: "നീയെനിക്കെന്തു കൊണ്ടെത്തരും?"
ഹവ്വ പറഞ്ഞു: "തരുന്നു ഞാൻ സർവവും
ദൈവം വരുമ്പോൾ പറയരുതിക്കഥ."

ആദ്യമായ് പെണ്ണും പുരുഷനും തങ്ങളി-
ലാത്മാവുരുമ്മിയിണങ്ങുന്ന കാഴ്ചകൾ,
കണ്ടൂ യഹോവ വടിയും ചുഴററിയൊ-
ന്നന്തസ്സിലന്തിസ്സവാരിക്കു പോയനാൾ!
കണ്ണുകൾ രണ്ടും ചുവന്നു ദൈവത്തിന്നു;
തന്നനുശാസനം ലംഘിക്കയാണവർ!
ആ വിലപ്പെട്ട കായ്കനി തിന്നവർ
പാപികളാ,—ണിണചേരുകയാണവർ!
അട്ടഹസിച്ചൂ യഹോവ: "പറുദീസ
നഷ്ടമായ്, നിങ്ങൾ ചെകുത്താൻെറ കൂട്ടുകാർ."
ഞെട്ടിയെഴുന്നേ;ററിലകളുടുത്തവർ
തെററിന്നു മാപ്പു ചോദിച്ചു വിനീതരായ്
"ഇല്ല നിങ്ങൾക്കു പറുദീസ....." ദൂരേക്കു
തള്ളിയിറക്കീ മനുഷ്യരെയീശ്വരൻ!....

"നിർത്തെടാ!"—കപ്യാരുതൊമ്മിക്കരിശമായ്
"കർത്താവിനെത്തൊട്ടു വേണ്ട കയ്യാങ്കളി!"
തെല്ലമ്പരന്നൂ സദസ്യ, —രീയന്തോണി
ചൊല്ലും കഥകളിലെന്താണപാകത?
ചുമ്മാ പറയുന്നവനല്ല, കപ്യാരു
തൊമ്മി, പുരാണം പഠിച്ചവനാണയാൾ.
എല്ലാം സഹിക്കും;—മിശിഹയാണെങ്കിലും
പള്ളിയെത്തൊട്ടാൽ സഹിക്കില്ല കപ്പിയാർ.

1956

## കള്ളനാണയം

ആ കരിം ചിരട്ടയിൽത്തിളങ്ങീസമ്പത്തത്തിൻെറ
നേർക്കൊരു പച്ചച്ചിരി കാണിയ്ക്കും വെൺനാണയം!
അതിനോനൊടൊപ്പം പിച്ചക്കാരി തൻമുഖത്തേതോ
നിധിനേടിയ തൃപ്തിനിതരാം നിഴലിച്ചു!
ആയിരം നേർന്നാൾ നന്മ,യക്കൊച്ചുതമ്പ്രാന്നവ-
ളാ,യെരിപൊരിക്കൊണ്ട ശുഷ്കമാം ഹൃദയത്താൽ!
ജീവിതമന്നാണവൾക്കാദ്യമായ് മധുരിച്ച;
താവിശപ്പിനുതെല്ലൊരാശ്വാസം ലഭിച്ചെങ്കിൽ...!
ആരുവനേത്? നോക്കിനിൽക്കയാണവൾ, ദൂരെ
ദൂരെയദ്ദയവിൻെറ പൂവുടൽ മറവോളം!
അല്പമൊന്നറിയാതെ നിന്നുപോയ്, കരൾ നീറാ-
തക്കൊച്ചുപിച്ചപ്പാത്രം, പുഞ്ചിരിപ്പതുംനോക്കി!

അരരൂപയാ;—ണവൾ നാലഞ്ചുനാളേയ്ക്കുള്ള
പരിപാടികൾ തീർത്തു; സൗഭാഗ്യസമ്പൂർണ്ണങ്ങൾ!
നാണയത്തുട്ടിൽപ്പൊടി പറ്റാതെയുടുതുണി
ക്കോണിൽവച്ചതുകെട്ടീ; ഭദ്രമാക്കിനാൾ വീണ്ടും!
യാചിപ്പാൻനിന്നീലവൾ, വിശപ്പിൽ വിങ്ങൽചേർത്ത
യാതനാശതങ്ങളെ യാത്രയാക്കവേ ചിത്തം!

അടുത്താളവളൊരു പീടികവളപ്പിങ്കൽ
പിടയ്ക്കും കരൾത്തട്ടിലാശ്വാസം പൂവിട്ടപ്പോൾ!
എട്ടണത്തുട്ടൊന്നെടുത്തേകിനാൾ; "ഇതുകണ്ണു
പൊട്ടയോ"ർക്കുടമസ്ഥൻ ചിരിച്ചു പുച്ഛത്തോടെ!
സദയം യുവാവൊരു കള്ളനാണയമത്രേ,
നിധിപോൽ സമ്മാനിച്ചു യാചകിയ്ക്കുയിർപോറ്റാർ!

*മലയാളരാജ്യം, 1957 മാർച്ച്*

## ഏഷ്യ

ഉണർന്നിതേഷ്യൻനാടുകൾ, തമ്മിൽ
പുണർന്നു പുളകപ്പൂക്കളുമായ്
കിഴക്കു ചന്ദനമലയുടെ മുകളിൽ
കിലുങ്ങി മുത്തുക്കുടമണികൾ!
യുഗങ്ങൾ പിന്നിട്ടൊഴുകും 'യാങ്ററ്സി'യിൽ
യൂഫ്രട്ടീസിൽ, ടൈഗ്രീസിൽ
ഉയർന്നിടുന്നൂ സിന്ധുവിൽ, ഗംഗയി-
ലൊരേതരംഗിതസംഗീതം;
ഉണർന്നിതേഷ്യൻനാടുകൾ, തമ്മിൽ
പുണർന്നു പുളകപ്പൂക്കളുമായ്.
അവളുടെ സമതലവെൺപുളിനങ്ങളി-
ലാദിമമാനവസമുദായം
പ്രപഞ്ചശക്തിയിലത്ഭുതസിദ്ധികൾ
പടുത്തുയർത്തിയ നാളുകളിൽ
കർമ്മം നട്ടു നനച്ച് വളർത്തി
ധർമ്മം കൊയ്തൊരു നാളുകളിൽ
ഉരുത്തിരിഞ്ഞൂ, പണ്ടീ നമ്മുടെ
ചരിത്രമെഴുതിയ സംസ്കാരം.
മഹാനദീജല വീഥികളല്ലോ
മാനവജീവിതവാഹിനികൾ!
മനുഷ്യജീവിതശൈലികളേഷ്യയിൽ
മണിക്കിരീടമണിഞ്ഞപ്പോൾ
പ്രപഞ്ചജീവിതപൂങ്കുമ്പിളുകൾ,
പനിനീർകൊണ്ടു നിറഞ്ഞപ്പോൾ,
പ്രയത്നമുദ്രകൾ മണ്ണിൻ മാറിൽ
പകർത്തിയെഴുതിയ ശീലുകളിൽ,
തുടിച്ചിരുന്നൂ വിശ്വപ്രകൃതിയെ
വിടർത്തിനിർത്തിയ ഗാനങ്ങൾ
സമൂഹജീവിതവേദാന്തവുമായ്
സാത്മ്യംനേടിയ വേദങ്ങൾ
അവരുടെ മാനസസരസ്സിൽ നീന്തി
യുഗങ്ങളാകും ഹംസങ്ങൾ
അവരിലൊതുങ്ങിയിരുന്നൂ, പണ്ടീ-
യനന്തവിസ്തൃതഗോളങ്ങൾ.
പറഞ്ഞിരുന്നവർ പുരുഷാർത്ഥങ്ങൾ
പണ്ടേ കർമ്മോത്ഭിന്നങ്ങൾ

ആത്തേററുപാടീ യുഗകോടികളിൽ
നദീതരംഗ പരമ്പരകൾ
പ്രതിദ്ധ്വനിച്ചു പുളിനങ്ങളിലാ
പ്രപഞ്ചജീവിതസന്ദേശം:
(ഇറച്ചി പിച്ചിക്കീറീ, തങ്ങളി-
ലീറപെരുത്തും തലകൊയ്തും
അലഞ്ഞിരുന്നൂ മലയോരങ്ങളി-
ലന്നു മനുഷ്യർ യൂറോപ്പിൽ!
കരുത്തുമാത്രം കൈമുതലായി
ക്കാട്ടിൽ നടന്നു വളർന്നവരേ!
വളഞ്ഞു നേടിയതെങ്ങനെ നിങ്ങൾ
'നളന്ദ' ചൂടിയ സംസ്ക്കാരം?)

ഒഴുകീ സിന്ധുവിൽ 'യാങ്ററ്സി'യിൽ 'നൈലി'ൽ
ഓളക്കുത്തുകൾ ചിരകാലം
അവയിലൊലിച്ചു പതഞ്ഞൂ പലപല
സമതല പർണ്ണകുടീരങ്ങൾ!
ശതാബ്ദനീർപ്പോളകളുടെ ചുമലിൽ
ചരിത്രമോരോ വിരൽതൊട്ടു
തകർന്നൊരവയുടെ മാറൊലി കേട്ടു
തലമുറ വിണ്ണിലെ വീഥികളിൽ
മനുഷ്യശക്തികളേഷ്യയിലങ്ങനെ
മാനത്തെങ്ങോ മിഴിനട്ടു!
ധർമ്മാന്വേഷണശൈലിയിൽ മാഞ്ഞൂ,
കർമ്മത്തിൻെറ കലാശിൽപം
മാനുഷജീവിതസാധന , വിണ്ണിലെ
മായാപിഞ്ച്ചരികയായപ്പോൾ
മഹാസമാധിയിലേകാന്തതകളിൽ
മറഞ്ഞു സർഗ്ഗപ്രവണതകൾ,
കിടന്നു നീലാകാശക്കുടയുടെ
കീഴിലുറങ്ങീ, തലമുറകൾ
മന്ത്രം ചൊല്ലി മയങ്ങിയ നമ്മുടെ
മണ്ണിലെ മുത്തണിവീഥികളിൽ
കുതിച്ചുപാഞ്ഞൂ നമ്മളെ മുട്ടി
കുതിരകൾപോലെ ശതാബ്ദങ്ങൾ!
ഉണർന്നതിന്നാളല്ലേ നമ്മളൊ-
രണുബോംബിൻെറ ഞടുക്കത്തിൽ?
കിലുങ്ങിയില്ലേ കരളിൽ, കൈകളിൽ
വരിഞ്ഞുകെട്ടിയ ചങ്ങലകൾ?
അറബിക്കടലിൽ കപ്പലിൽ വന്നവർ
വരിഞ്ഞുകെട്ടിയ ചങ്ങലകൾ!
ഉണർന്നെണീററവരുണർന്നെണീററവർ
ഊരിയെറിഞ്ഞൂ ചങ്ങലകൾ
മുഴങ്ങി വീണ്ടും ചൈനയി—ലിൻഡ്യയിൽ

മോചനസംഗരസംഗീതം!
ഒഴുക്കിനെതിരായ് നീന്തിയണഞ്ഞവ-
രോടിപ്പോകും സമയത്തിൽ
അറബിക്കടലിൽ കപ്പൽതുഴഞ്ഞവ-
രകന്നുപോകും സമയത്തിൽ
ഉണർന്നൊരേഷ്യൻനാടുകൾ വീണ്ടും
പുണർന്നു പുളകപ്പൂക്കളുമായ്
യുഗങ്ങൾ പിന്നിട്ടൊഴുകും യാങ്ങ്റ്റ്സിയിൽ,
യൂഫ്രട്ടീസിൽ ടൈഗ്രീസിൽ
ഉയർന്നു സിന്ധുവിൽ, ഗംഗയിൽ, യമുനയി-
ലൊരേ തരംഗിതസംഗീതം.

"കർമം നട്ടുവളർത്തും പിന്നെ
ധർമം കൊയ്യുക നാമെല്ലാം."

*ജയകേരളം വിശേഷാൽപ്രതി, 195*

# അന്തർമുഖനായ ഒരു കവി

എന്നന്തർമുഖദർശനശൈലിയിൽ-
നിന്നു വിതുമ്പിയ ഗാനം,
എന്നാത്മാവിലെ നെയ്ത്തിരി പൂ; — ത്തതിൽ
മിന്നിവിടർന്നൊരു ഗാനം,
എങ്ങനെ വന്നു നിറഞ്ഞൂ നിങ്ങളിൽ?
നിങ്ങടെയോടക്കുഴലിൽ?
എന്നിലെ നോവുക — ളെൻെറ കിനാവുകൾ
എങ്ങനെ നിങ്ങളിലെത്തി?

ശബ്ദതരംഗപരമ്പരയിൽ സ-
ന്തപ്തഹൃദന്തവുമായ് ഞാൻ,
ഒഴുകിനടന്നൊ,രു താമരയല്ലിയി-
ലൊന്നുമയങ്ങിയ രാവിൽ,
കരളിലെയാഴംകൂടിയ കൊച്ചു
കയങ്ങളിൽ മൂകമുയർന്നൂ
പരിസരഹൃദയവികാരസ്പന്ദന-
ഭരിതമൊരത്ഭുതഗാനം!
പണ്ടുമുതൽക്കേ ജീവിപരമ്പര
പാകിവളർത്തിയ ബോധം
യുഗയുഗസഞ്ചിതസംസ്കാരങ്ങ-
ളുയർത്തിയ മാനവബോധം.
എന്നിലെ മൗനമനോഹരഗാന-
ത്തിന്നൊരു ശക്തി പകർന്നൂ!

എന്നന്തർമുഖദർശനശൈലിയിൽ-
നിന്നു വിതുമ്പിയ ഗാനം
എങ്ങനെ വന്നുനിറഞ്ഞൂ നിങ്ങളിൽ?
നിങ്ങടെയോടക്കുഴലിൽ?
ശബ്ദസമൂഹതരംഗാവലികളെ
വൈദ്യുതവീചികളാക്കി.
ശാസ്ത്രം വീണ്ടും സ്വരവീചികളായ്
മാററും പ്രക്രിയപോലെ
എൻ തലമുറയിലെയനുഭൂതികളുടെ-
യന്തസ്സംഗീതാംശം,
മുഗ്ദ്ധവികാരങ്ങളിൽ ഞാൻ ജീവിത-
മുദ്രകളാക്കുംനേരം,
നിങ്ങളിലറിയാതടയാളപ്പെടു-
മെൻ കവിതാത്മകഹൃദയം!

ഞാനന്തർമുഖനാണെന്നെന്നെ
കാണാൻ വന്നവരോതി
കരളിലെ വല്മീകത്തിലൊതുങ്ങിയ
കവിയാണെന്ന പരാതി!
പരിസരഹൃദയവികാരത്തിരകളി-
ലൊരു കളിവഞ്ചിയുമായി
പാട്ടും പാടി നടക്കുക, കവിയുടെ
പണിയാണെന്നവരോതി!

അറിയുന്നില്ലവ, — രെന്നാത്മാവി-
ന്നറകളിലുണ്ടീ ലോകം
ഞാനന്തർമുഖനാകുംനേരം
കാണുകയാണീ ലോകം
എന്നാത്മാവിനുമീ ലോകത്തിനു-
മൊന്നാണല്ലോ വ്യാസം!

*കേരളഭൂഷണം വാർഷികപ്പതിപ്പ് 195*

## കുട്ടികൾക്കൊരു പാട്ട്

കുരുവീ കുരുവീ കൂടെവിടെ
കൂട്ടിനകത്തൊരു കുഞ്ഞില്ലേ?
കൂട്ടിലിരിക്കും കുരുവിക്കുഞ്ഞിനു
കൂട്ടിനാരൊണ്ട്—ഒരു
കൂട്ടിനാരൊണ്ട്
അന്തിവിരുന്നിനു രണ്ടു പരുന്തുകൾ
ഇന്നലെവന്നൂ കൂട്ടിൽ
അങ്ങേക്കൊമ്പിൽ കൂടുംവച്ചവ-
രിങ്ങേക്കൊമ്പിലിരുന്നൂ
കുരുവിക്കുഞ്ഞിനു കോർത്തുകൊടുത്തൂ
കുന്നിക്കുരുമണി മാല
കുരുവിക്കുഞ്ഞിനു നെയ്തുകൊടുത്തൂ
കുഞ്ഞുടുപ്പിനു ശീല

പാതിരയ്ക്കാ പനംപരുന്തുകൾ
പല്ലു കടിച്ചതു കേട്ടപ്പോൾ,
തള്ളക്കുരുവി കിടന്നു ചിലച്ചു:
"പല്ലു കടിയ്ക്കണതാരാണ്?"

കൊമ്പിലിരുന്നു പരുന്തു പറഞ്ഞു:
"കൊട്ടടയ്ക്കാപ്പൂളാണ്...."
കിഴക്കുവെള്ളക്കാലുകൾ വീശി
കുരുവിക്കുഞ്ഞു ചിലച്ചില്ല!
കൂടുംവിട്ടു പറന്നു പരുന്തുകൾ;
കുരുവിക്കുഞ്ഞു ചിലച്ചില്ല!
ഈർക്കിലിയെല്ലും കുഞ്ഞിച്ചുണ്ടും
ബാക്കികിടന്നൂ കൂട്ടിൽ!

*ജയകേരളം പിറന്നാൾപതിപ്പ്*
*ജനുവരി, 1958*

## കവി

ഇത്തിരിയൊഴിഞ്ഞുനി-
    ന്നീ വിശ്വപ്രകൃതിതൻ
നൃത്തമുദ്രകൾ കണ്ടു
    രസിക്കാനല്ലെൻ മോഹം!

എൻ നിരന്തരതപ-
    ശ്ശക്തിയാൽ വികസിക്കു-
മെന്നന്തർല്ലോകത്തിലീ
    ബ്രഹ്മാണ്ഡമൊതുങ്ങേണം

ചെന്നുണർത്തേണം, നിദ്രാ-
    ധീനമാം കാലത്തിനെ-
യെന്നിലെസ്സംഗീതത്തി-
    ന്നുല്ലോലകല്ലോലങ്ങൾ

ഗോളങ്ങ — ളപാരത-
    യെന്ന പാൽക്കടലിന്റെ-
യോളപ്പാത്തിയിൽ പായും
    ചൈതന്യപ്പായ്ത്തോണികൾ

നാളെയെൻ സ്വരകാന്ത-
    വീചികൾ നിർമ്മിക്കുന്ന
ചാലുകൾക്കുള്ളിൽക്കൂടി
    സഞ്ചാരം തുടരേണം.

ആദിയിൽ മരവിച്ചു
    കിടന്ന ശൂന്യാകാശ
വീഥിയിൽ പ്രണവമാ-
    യെൻ നാദം വിടർന്നപ്പോൾ

ഓരോരോ പരമാണു-
    ബിന്ദുവു, മതിൻശക്തി-
ധാരയിൽ സ്വയം ജീവ-
    ചൈതന്യമാർജിച്ചപ്പോൾ

'ചലനം', 'ചലന' — മെൻ
    മന്ത്ര —മീ ബഹിരന്ത-
സ്ഥലകാലങ്ങൾക്കുള്ളിൽ
    സത്യത്തിൻ തിരി നീട്ടി

അന്നുതൊട്ടിന്നോളവു-
മിജ്ജീവപ്രപഞ്ചത്തിൻ
സ്പന്ദന, പരിണാമ,
നിർമ്മാണക്രമങ്ങളിൽ

എൻ ചിരതപശ്ശക്തി
വീശിയ സംസ്കാരത്തിൻ
സഞ്ചിതസർഗജ്വാലാ-
വീചികൾ തുടിക്കുന്നു!

ഇത്തിരിയൊഴിഞ്ഞുനി-
ന്നീ വിശ്വപ്രകൃതിതൻ
നൃത്തമുദ്രകൾ കണ്ടു
രസിക്കാനല്ലെൻ മോഹം!

*ഒക്ടോബർ, 1959*

## സൂര്യകാന്തിയുടെ ആത്മകഥ

പുഷ്യരാഗകിരീടം ചൂടി
പൂജാപുഷ്പവുമായി
ഉഷ'സ്സൊളിമ്പസ്' *പർവതസാനുവി-
ലുണർന്നെണീക്കുംനേരം,
സ്വപ്നം കാണും ഹൃദയങ്ങൾക്കൊരു
സ്വാഗതഗാനവുമായി
സപ്തസ്വരവർണ്ണിനിമാരുടെ
ശബ്ദസ്യന്ദനമേറി,
വാരിദനിരയുടെ തിരുനെററികളിൽ
വാർമഴവിൽക്കുറി ചാർത്തി,
വിശ്വതലത്തിൻ പൂമുഖവാതിലിൽ
വിരുന്നുവരുമെൻ ദേവൻ
 ആ മധുരോജ്ജ്വലമന്ദസ്മേരം
 ആശകൾ മുകരും നേരം,
 പുരാതന 'ഗ്രീസാ'കെയെനിക്കൊരു
 പൂപ്പാലികയായ്ത്തീരും!
പനിനീർപ്പൊയ്കയിൽ മുങ്ങിക്കയറി-
പ്പട്ടുടയാടകൾ ചുററി,
വസന്തമൂഞ്ഞാൽക്കട്ടിലിലാടും
വള്ളിക്കുടിലിന്നരികിൽ
മനസ്സിനുള്ളിലെ മലർക്കുടന്നയിൽ
മധുരസ്വപ്നവുമായി
ഒരുങ്ങിനില്ക്കും ഞാനെൻ ദേവനെ-
യൊന്നെതിരേല്ക്കാനായി!
ദേഹം നിറയെക്കുളിർകോരിയിടും
മോഹമുറക്കെപ്പാടും:
"തേരിലിരിക്കും തേജോരൂപൻ
തേടുകയാവാമെന്നെ..."
സൗരഭ,മസുലഭസൗരഭ, മുതിരും
സൗഗന്ധികമാം പ്രണയം,
എന്നാത്മാവിൽ വിടർന്നതു കാണാ-
നെന്നെഴുനള്ളും ദേവൻ?
 തേരുംകൊണ്ടു പടിഞ്ഞാ,റാഴി-
ത്തിരകളിൽ മുങ്ങുംവരെയും
തിരിഞ്ഞുനോക്കാറില്ലെൻ നാഥൻ
തീർത്ഥയാത്രാലോലൻ.

*യവനേതിഹാസങ്ങളിൽ ദേവസങ്കേതമായി സങ്കല്പിക്കപ്പെട്ടിട്ടുള്ള പർവതം.

എൻെറ മനോരഥമവിടത്തോളം
പിൻതുടരാറുണ്ടെന്നും.
മനസ്സിലായിട്ടില്ലാ നാഥൻ
മടങ്ങിയെത്തും മാർഗ്ഗം.

അപ്സരകന്യകൾ തോഴിക,ളെന്നെ
ഭർത്സിക്കാനായ് നില്ക്കും.
ചന്ദനശശികല കളിയാക്കിക്കൊ-
ണ്ടെന്നെക്കണ്ടു ചിരിക്കും!
ലതാകിരീടമൊരുക്കും കാടിൻ
ലാസ്യച്ഛായയിൽ മാറി.
മേലാസകലം കിങ്ങിണികെട്ടിയ
നീലമരത്തിൻ കീഴിൽ
പിന്നെയുറക്കമിളച്ചുകിടക്കും,
പിറേറന്നാളിലെണീക്കും.
ആരുണ്ടാരുണ്ടറിയാ,നെന്നിലെ-
യാഗ്രഹ, മന്തർദ്ദാഹം?

എനിക്കു പന്തലൊരുക്കിയ പൂമര-
മെന്നോടൊരുനാളോതീ:
"മറക്കു,കപ്സരസുന്ദരി, നീ സഖി,
മനസ്സിനുള്ളിലെ മോഹം....!
വരേണ്യനാവാം നാഥൻ, പക്ഷേ,
വരില്ലവൻ നിൻ ചാരേ!"
തിരിഞ്ഞുനോക്കീ വേഗം ഞാനാ
സുരദ്രുമത്തിൻനേരേ.
തളിർക്കരാംഗുലിയാലെൻ കവിളിൽ
തലോടിനിന്നൂ ശാഖി.
ശാപംകൊണ്ടൊരു തരുവായ് മാറിയ
ദേവമനോഹരിയല്ലോ
പറഞ്ഞതാക്കഥ; കേട്ടു ഞാനാ
ദുരന്തരാഗരഹസ്യം!
വരുണനു മകളായ് വളർന്നതാണ-
സ്സുരാംഗനമണി'ദാഫ്നേ'
ഒരിക്കലവളെക്കണ്ടു കൊതിച്ചി-
ട്ടോടിയടുത്തൂ സൂര്യൻ.
ഭയന്നു കന്യക പാഞ്ഞൂ;പിറകേ
പറന്നുചെന്നൂ സൂര്യൻ
അലമാലകളുടെയശ്വരഥത്തിൽ
ജലകന്യകൾതൻ നടുവിൽ
വരുണനുയർന്നു ശപിച്ചൂ; പുത്രിയെ
മരമായ് മാററീ ശാപം!

തിരിഞ്ഞുനോക്കീ വീണ്ടും ഞാനാ
സുരദ്രുമത്തിൻ നേരേ.
അതിൻെറ മിഴിയിതൾതോറും കണ്ണീ-
രടർന്നുവീഴാൻ നിന്നൂ.

അടുത്തദിവസ,മൊളിമ്പസ്പർവത-
മുടികൾ മിനുങ്ങിയനേരം
മറന്നുപോയ് ഞാനാക്കഥ; നാഥനു
വിരുന്നൊരുക്കീ വീണ്ടും!
ഒരേയൊരാളിൻ തേരിലുറങ്ങാൻ
ഒരുമ്മ പകരം വാങ്ങാൻ
ഉറക്കമില്ലാ,തൂണില്ലാതെയു-
മൊരുങ്ങിനിന്നൂ വീണ്ടും!
ഒരിക്കലൊരു വാക്കോതീലരുണൻ,
ഒന്നു ചിരിച്ചീലല്ലോ.
തേരൊരു തെല്ലിട നിർത്താൻപോലും
ദേവനൊരുങ്ങീലല്ലോ!

ഋതുക്കൾ വന്നു മടങ്ങീ; കാലം
കുതിച്ചു കുത്തിപ്പാഞ്ഞൂ.......
തപസ്സിളക്കാൻ വന്നവരെല്ലാം
താനേ തോററു പിരിഞ്ഞു!
ഗഗനതലത്തിലെ രഥചക്രത്തിൻ
ഗതിക്രമങ്ങളെ നോക്കി
മിഴികളലഞ്ഞു നടന്നൂ; ഹൃദയം
മിടിച്ചു നിന്നൂ താനേ!
ഇരുന്നു വേരുപിടിച്ചൂ മണ്ണിൽ,
ഇലകൾ മുളച്ചൂ മെയ്യിൽ,
മുഖമൊരു പൂവിതളായീ; ഞാനൊരു
മുഗ്ദ്ധമലർച്ചെടിയായി!

അഴിഞ്ഞ പുരികുഴൽ കെട്ടാൻ നോക്കീ-
ട്ടനങ്ങിയില്ലെൻ കൈകൾ.
ഇരുന്നിടത്തുന്നെഴുന്നേററിട്ടോ
നിരങ്ങിയില്ലെൻ കാൽകൾ!
കരഞ്ഞുനോക്കീ, മിഴിയിതൾമാത്രം
കൊഴിഞ്ഞുവീണൂ മണ്ണിൽ,
വിളിച്ചുനോക്കീ സഖികളെ, — വാക്കുകൾ
വിളഞ്ഞതില്ലെൻ ചുണ്ടിൽ!

വഴിയാത്രക്കാർ വന്നവർവന്നവർ
മിഴിയിതളിന്മേൽ നുള്ളി.
"സൂര്യകാന്തിപ്പൂ കണ്ടില്ലേ?"
സുഹൃജ്ജനങ്ങൾ ചൊല്ലി.
അറിയാനാരു,ണ്ടറിയാനാരു,-
ണ്ടനന്തമാമെൻ ദുഃഖം?
അറിയാനാരു, ണ്ടടർന്നുവീഴുമൊ-
രനുരാഗത്തിൻ സത്യം?

ഉഷസ്സിൽ നാഥനെയൊന്നു വണങ്ങാ-
നുണർന്നെണീക്കുംനേരം,

മനുഷ്യരെന്നെക്കാണരുതെന്നാ-
ണെനിക്കൊരേയൊരു മോഹം!
കഴുത്തു കിള്ളിയെടുക്കും നിങ്ങൾ
കാർകുഴൽതോറും തിരുകാൻ!
നിരക്കെയമ്പലനടകളിൽ മാലകൾ
കൊരുത്തുകെട്ടിത്തൂക്കാൻ!
മഹാരഥന്മാർ നേതാക്കന്മാർ
മൈതാനങ്ങളിൽ വന്നാൽ
അവർക്കു പൂച്ചെണ്ടേകാനെന്നെയു-
മറുത്തെടുക്കും നിങ്ങൾ!
നിതാന്തദുഃഖത്തിൻേറതായൊരു
നിത്യസ്മാരകമായി
വിരിഞ്ഞുവാടിക്കൊഴിയും, വീണ്ടും
വിടരും ഞാനീ മണ്ണിൽ!

ഒരിക്കൽ ഞാനൊരു കവിയുടെ വീട്ടിൻ-
തിരുമുററത്തു വിടർന്നു.
കവിൾത്തടത്തിൽ,കൺപീലികളിൽ,
കണ്ണീരോടിനടന്നു.
വിരിഞ്ഞ മിഴിമുനയാലേ ഞാനാ
വീടിനുചുററും നോക്കി.
വരുന്നതെപ്പോഴാവാ, മാളുകൾ
കുരുന്നിതൾത്തല നുള്ളാൻ?
അടുത്തുനിന്നൊരു പനിനീർപ്പൂവിൻ
തുടുത്തുവിടരും ചുണ്ടിൽ
മാധവമാസം വിളിച്ചുനൽകിയ
മധുരസ്മേരം കണ്ടു!
അകലെജ്ജാലകവാതിലിനരികിലെ-
യരളിപ്പൂക്കൾ പറഞ്ഞു:
“വസന്തമെങ്ങും പോകാതെന്നും
വാഴുകയാണീ വീട്ടിൽ.”

അനവധിയനവധി നാളുകൾകൂടി-
ട്ടന്നാ,ണന്നാണല്ലോ,
അരുണോജ്ജ്വലനാമാത്മപ്രിയനുടെ
തിരുമുഖപത്മം കണ്ടു!

നടുങ്ങി ഞാ,— നൊരു കാൽപ്പെരുമാറ്റം
നടന്നടുത്തു നേരേ
കഴുത്തു നുള്ളിയെടുക്കാനെത്തിയ
കാപാലികനോ ചാരേ?

ഒരു കൈവിരലിൻ മൃദുലതവന്നെൻ
നെറുകയിലൊന്നു തലോടി.
കവിയാണരികിൽ, കാപാലികന;-
ല്ലകന്നുമാറീ പേടി!
ഇറുത്തെടുത്തീലക്കവി കോരി-

ത്തരിച്ചു നിന്നോരെന്നെ
മന്ദഹസിച്ചു കഴുത്തുഞെരിക്കും
മനുഷ്യനല്ലെൻ മുന്നിൽ!

മധുരസ്വപ്നംപോലാക്കവിയെൻ
മനസ്സിനുള്ളിലിരുന്നൂ.
എന്നിലുണർന്ന വികാരശതങ്ങളിൽ-
നിന്നൊരു ഗാനമുയർന്നൂ.
ചിരം, ചിരം ഞാൻ പാടാനാശി-
ച്ചിരുന്നതാണാ ഗാനം
വിതിർന്നുതിർന്നൊരു രാഗോജ്ജ്വലമാ-
മിതിഹാസത്തിൻ ഗാനം!

അന്നൊരനശ്വരജീവിതനിർവൃതി-
യെന്നാത്മാവിൽ വിടർന്നു,
അന്നൊരനശ്വരരോമാഞ്ചവുമായ്
എന്നനുഭൂതികൾ നിന്നു.
ഒന്നായ് കവിയും, ഞങ്ങൾ-
ക്കൊന്നേ രാഗം താളം!
വിണ്ണിൻ തേജസ്സാരം നുകരാ-
നൊന്നാണന്തർനാളം!

കാണാതാദ്യം കണ്ടിട്ടാവാം
ഗാനം കേട്ടിട്ടാവാം,
മധുരം കിള്ളിത്തന്നൂ ചുണ്ടിൽ,
മന്ദഹസിച്ചൂ നാഥൻ.
കൈവിരലാലെൻ കവിളിന്നിതളിൽ
കളം വരച്ചൂ നാഥൻ
കിളിർത്തുനിന്നൂ മെയ്യാസകലം
കിക്കിളികൂട്ടിയ പുളകം!

ഇന്ദ്രധനുസ്സിൻ നാട്ടിലെ നല്ലൊരു
നന്ദനവനികയിൽനിന്നും
അപ്സരതാരവരൂഥിനിമാരുടെ
നൃത്തതലങ്ങളിൽനിന്നും
പാരിനെനോക്കിത്തിരുമിഴി നീട്ടിയ
പാരിജാതം പാടി:

"എന്നെങ്കിലുമാക്കവിയുടെ മുററ-
ത്തെനിക്കു വിടരാൻ മോഹം!
എന്നിലെ രാഗപരാഗം മുഴുവനു
മെടുത്തു വിതറാൻ മോഹം!...."

*2 ജൂലൈ 19*

## മഹാബലിക്കൊരു കത്ത്

മുത്തുക്കുടയും പിടിച്ചു തിങ്കൾക്കല
മുററത്തു പൂവിടുമുത്രാടരാത്രിയിൽ
ഒററയ്ക്കുറക്കമിളച്ചു വടക്കിനി-
ക്കെട്ടിലിരുന്നീക്കുറിപ്പെഴുതുന്നു ഞാൻ.

ചിങ്ങം പിറന്നാൽ മനസ്സിന്നക,ത്തഷ്ട-
മംഗല്യതാലമൊരുക്കും പ്രതീക്ഷകൾ,
വാർമുടിക്കെട്ടിൽ ദശപുഷ്പവും ചൂടി
വാൽക്കണ്ണെഴുതിയൊരുങ്ങും പ്രതീക്ഷകൾ
എൻെറ മനസ്സിൽ കുറിച്ചിടും മോഹങ്ങ-
ളെല്ലാമെഴുതി മുഷിപ്പിക്കയില്ല ഞാൻ.
രോമഹർഷങ്ങൾ മിഴിനീരിൽ മുക്കി ഞാ-
നീ മലർത്താളിൽ പകർത്തും നിവേദനം
വായിച്ചു കീറിക്കളയേണ, —മല്ലെങ്കിൽ
വാദം തുടങ്ങും ചരിത്രവിദ്യാർത്ഥികൾ!

തെങ്ങിളംചൊട്ട നിറുകയിൽ കുത്തിയ
ചിങ്ങനിലാവിൻെറ തൃച്ചന്ദനക്കുടം,
നീരദഗന്ധർവകന്യകൾത, — ന്നിന്ദ്ര-
നീലഹർമ്മ്യത്തിൻെറ പൊൽത്താഴികക്കുടം,—
എത്രകണ്ടാലും കൊതിതീരുകില്ലെനി;-
ക്കെപ്പൊഴും നോക്കിയിരുന്നുപോകുന്നു ഞാൻ
ഓമനിക്കാൻ തോന്നുമോർമ്മകൾക്കുള്ളിലേ-
ക്കോടിക്കയറും മധുരാനുഭൂതികൾ!
വർഷങ്ങൾമുൻപാണ് കന്നിമണ്ണിൻ പ്രാണ-
ഹർഷങ്ങൾ പൂവിട്ടൊരുത്രാടരാത്രിയിൽ,
ഊണുമുറക്കവുമില്ലാ;— തതേവരെ
കാണാത്തൊരാളെ പ്രതീക്ഷിച്ചിരുന്നു ഞാൻ.
പിറേറന്നുഷസ്സിലെൻ വേളിയാ, — ണങ്ങയെ
ചുററിപ്പറന്ന ശലഭമായ് മാനസം!
മൊത്തിക്കുടിച്ചു ഹൃദയമന്നാദ്യമായ്
മുഗ്ദ്ധമി,ശ്രാവണചന്ദ്രികാസൗഭഗം!

അന്നത്തെ മംഗല്യസൂത്രമണിഞ്ഞുകൊ-
ണ്ടിന്നും പ്രതീക്ഷിച്ചിരിക്കുകയാണു ഞാൻ
ഹൃദ്രമ, നാളെയുഷസ്സിൻമണിത്തേരി-
ലെത്തും ഭവാനെൻെറയുത്സവപ്പന്തലിൽ.

മുത്തച്ഛനോടോണമുണ്ടു മേടിക്കുവാൻ
മുററത്തുറക്കമിളയ്ക്കുന്നു കുട്ടികൾ.
കാററിൻെറ കൈയിലും പൊന്മുകിൽത്തേരിലും
കാട്ടുപൂ തേടി നടക്കുന്ന കുട്ടികൾ.
ഇത്തിരികൂടിക്കഴിഞ്ഞാലതുങ്ങളീ
മെത്ത ചവിട്ടിക്കുഴയ്ക്കുവാനെത്തിടും.
ഇന്നു മുത്തശ്ശിയുറങ്ങാത്തതെന്തെന്നു
മുന്നൂറുവട്ടം പറഞ്ഞുകേൾപ്പിക്കണം.
ഒന്നുമറിയാത്ത കുട്ടികൾ, മിണ്ടിയാൽ
നിന്നു കുണുങ്ങും കിലുക്കിനാംപെട്ടികൾ!

എത്തിയിട്ടില്ല മുതിർന്നവർ നാളത്തെ
മുഗ്ദ്ധോത്സവങ്ങൾക്കരങ്ങൊരുക്കുന്നവർ!
രത്നരഥത്തിലെഴുന്നള്ളുമെൻ ചക്ര-
വർത്തിയാമങ്ങയെ വന്നെതിരേല്ക്കുവാൻ.
നാളേക്കൊരുക്കുകയാണ്, ജലോത്സവ-
മേളങ്ങളും ഗാനനൃത്തശില്പങ്ങളും!
എന്തൊരനന്തശ്ശക്തിചൈതന്യധാരയാ-
ണെൻെറ മക്കൾക്കു പെരുമാൾമഹാബലി!

കാണാൻ കൊതിച്ചുകൊതിച്ചിരുന്നങ്ങനെ
കാണും, പിരിയു,മൊരാണ്ടിലൊരിക്കൽ നാം.
സ്നേഹം വിരുന്നുവിളിക്കും ഹൃദയവും
മോഹങ്ങൾ വാചാലമാക്കും മിഴികളും,
ശോകഹർഷോന്മാദസമ്മിശ്രഭാവങ്ങൾ
മൂകമായ് മൂളും പവിത്രമന്ത്രങ്ങളും,
നമ്മൾ കൈമാറും പരസ്പരം, — സ്വപ്നങ്ങൾ
നമ്മൾക്കു കൊണ്ടത്തരാറുള്ള പൂക്കളും!
എന്നാലുമെന്നും കൊതിക്കും: തനിച്ചു നാ-
മൊന്നിച്ചൊരല്പമൊരിടത്തിരിക്കുവാൻ.
മക്കളുള്ളപ്പോൾ പറയുവാൻവയ്യാത്ത
മററു കഥകൾ ചിലതറിയിക്കുവാൻ,
സത്യ,മേകാന്തത്തടവറയിൽവച്ചു
കത്തിച്ച മൺവിളക്കങ്ങേയ്ക്കു നല്കുവാൻ!
മുത്തശ്ശിയാണു കിടാങ്ങൾക്കു ഞാൻ, —ചക്ര-
വർത്തി മഹാബലിക്കാത്മപ്രണയിനി!

എന്നെയിട്ടേച്ചങ്ങു പോയകാലംതൊട്ടു
കണ്ണീരിൽ മുങ്ങിമയങ്ങിക്കിടന്നു ഞാൻ,
എല്ലാമിരുട്ടായിരുന്നു; ദുഃസ്വപ്നങ്ങൾ
തുള്ളിയൊഴിഞ്ഞ കളമായ് ഹൃദന്തരം!

അങ്ങു തൃക്കൈകൊണ്ടു ചാർത്തിച്ചുതന്നൊരീ
മംഗല്യസൂത്രമറുത്തെറിഞ്ഞീടുവാൻ
പിന്നെ വന്നു ചിലർ വിന്ധ്യശൈലത്തിൻെറ
പിന്നിൽ നി,ന്നെന്നെ വിവാഹംകഴിക്കുവാൻ!
വാമനനില്ലേ, വടക്കുനിന്നിന്ദ്രൻെറ

വാചകം കേട്ടു പുറപ്പെട്ട വാമനൻ?
അങ്ങയെ നാടുകടത്തി, പ്രതാപത്തി-
ലന്നു പോയിട്ടു മടങ്ങി വന്നില്ലയാൾ!
അപ്പരദേശിതൻ പട്ടാളസംഘങ്ങൾ
അത്ഭുതവീര്യപരാക്രമശാലികൾ,
അമ്മയെത്തച്ചുകൊന്നാചാര്യരായ് വന്നു
ധർമ്മശാസ്ത്രങ്ങൾ തിരുത്തിക്കുറിച്ചവർ,
വെൺമഴുവും കൊണ്ടു ചുററിനടന്നവർ,
വെൺപുളിനങ്ങളിലമ്പലം വച്ചവർ,
ഒന്നായി നിന്ന മനുഷ്യവംശത്തിനെ
വർണ്ണങ്ങളായി വകഞ്ഞുതിരിച്ചവർ,
കർമ്മത്തിനെ പുരുഷാർത്ഥങ്ങളിൽ നിന്നു
കണ്ണുകെട്ടിച്ചു മലചവിട്ടിച്ചവർ,
നമ്മുടെ സംസ്കാരശാദ്വലഭൂമികൾ
ബ്രഹ്മസ്വമാക്കി സ്വരൂപിച്ചെടുത്തവർ,
അപ്പരദേശികൾ വന്നാക്രമിക്കാത്ത
ശിൽപങ്ങളില്ലെൻെറയന്തഃപുരങ്ങളിൽ!
സത്യമൊളിച്ചു നടന്നു: ഞാ, നെന്നാത്മ-
ശക്തി പയററിപ്പിടിച്ചെടുക്കും വരെ!
പിന്നെ യുഗങ്ങൾക്കു ശേഷമൊരിക്കൽ ഞാൻ
കണ്ണുംതിരുമ്മിയുണർന്നെഴുന്നേററനാൾ
കണ്ടുപരിചയമുള്ള മനുഷ്യനെ
കണ്ടില്ല; —ചുററിലും പൊയ്മുഖച്ഛായകൾ!
കേറിക്കിടന്നേൻ കളിത്തട്ടുകൾക്കുമേൽ;
മാറിയൊഴിഞ്ഞു നടന്നുപോയ് നാട്ടുകാർ.
(നാട്ടുകാരല്ല, പരദേശികൾ,—മറു-
നാട്ടിലെശ്ശൈലിയും ഭാഷയുമുള്ളവർ.)
ഒന്നും മനസ്സിലായില്ല; മുഖച്ഛായ-
തന്നെ മാറിപ്പോയി നാടിനും കാടിനും!
ചുററിനടന്നു തിരക്കിയിട്ടും, കണ്ടു-
മുട്ടിയില്ലെൻെറ കുഞ്ഞുങ്ങളിലാരെയും
അമ്മയെത്തേടിയലഞ്ഞു തളർന്നേതൊ-
രന്ധകാരത്തിലുറങ്ങുകയാണവർ...?

കുംഭത്തിലെ ശിവരാത്രിനാൾ സന്ധ്യയ്ക്കൊ-
രമ്പലമുററത്തു ചെന്നതോർക്കുന്നു ഞാൻ.
കണ്ണാടിയാററിൽ കുളിച്ചീറനും ചുററി
വന്നു വണങ്ങി പ്രസാദവും വാങ്ങി ഞാൻ
നാലമ്പലത്തിന്നകത്തു പഞ്ചാക്ഷര-
നാമം ജപിച്ചു വലത്തുവച്ചീടവേ,
അൽപമകലത്തു കേട്ടു മിഴാവിൻെറ
ശബ്ദവും നാമമന്ത്രോച്ചാരണങ്ങളും!
(അന്തഃപുരത്തിലെനിക്കു കാണാൻ വേണ്ടി-
യങ്ങു നടത്തും കലോത്സവമോർത്തുപോയ്!)

ഭക്തികഥകൾ, ഭഗവൽക്കഥകളാ
ഭദ്രദീപത്തിൻ തിരുമുൻപിൽ നിന്നൊരാൾ
ചൊല്ലി വാചാലമാ — യാ വാക്പ്രവാഹത്തി-
നുള്ളിലെത്താമരത്തോണിയായ് മാനസം.
മത്സ്യമായ്, കൂർമ്മമായ്, നീർപ്പന്നിയായ്, ഭക്ത-
വത്സലൻ പിന്നെ നൃസിംഹസ്വരൂപനായ്
പേർത്തുമവതീർണ്ണനായതുപോലെയാ
കൂത്തരങ്ങത്തെക്കഥകൾ സജീവമായ്!

ഓർത്തിരിക്കാതൊന്നു ഞെട്ടി ഞാൻ പിന്നെയാ
കൂത്തിൽ മുഴങ്ങീ 'മഹാബലി' തൻ കഥ!
അങ്ങയെ, രാക്ഷസാധീശനായ്, വേദങ്ങ-
ളംഗീകരിക്കാത്ത വിജ്ഞാനവൈരിയായ്
ആ കൂത്തരങ്ങത്തവതരിപ്പിച്ചിതാ
വാഗ്മി,—നിരീശ്വരവാദിയായ്, ദുഷ്ടനായ്...
അന്നു ചമതയും പൂണൂലുമായ് വന്നു
മണ്ണു ദാനം വാങ്ങി വഞ്ചിച്ച വാമനൻ
വിഷ്ണുവാണത്രേ മഹാവിഷ്ണു...!ഞാനിരു-
ന്നുഷ്ണിച്ചു; കത്തിജ്ജ്വലിച്ചുപോയ് കണ്ണുകൾ!

"നിർത്തുക!" ചാടിയെണീററു നി,—"ന്നീക്കഥ
നിർത്തുകെ,"ന്നുച്ചത്തിലൊന്നു ഗർജ്ജിച്ചു ഞാൻ.
കൂത്തുനിലച്ചു, പകച്ചുനിന്നൂ സദ;-
സ്സാദ്യമാണമ്പലക്കെട്ടിലാ സംഭവം!

ഹാ സഹിച്ചില്ലെനി,—ക്കെൻമുമ്പിൽവ,ച്ചിതി-
ഹാസസത്യങ്ങളവമാനിതങ്ങളായ്!
പേടിച്ചുപോയീ, പുരുഷാരമെൻെറ നേർ-
ക്കോടിയടുത്തു, മരവിച്ചുനിന്നു ഞാൻ.
ആരോ പറഞ്ഞു: "തെരുവിലെ ഭ്രാന്തത്തി-
യാണവ, — ളാട്ടിയോടിക്കൂ ശവത്തിനെ!"
പിന്നെ ഞാൻ മിണ്ടിയില്ലൊന്നു, മവിടെനി-
ന്നെന്നെപ്പിടിച്ചു പുറത്താക്കി നാട്ടുകാർ!

പിറേറന്നു സഹ്യൻെറ തൃക്കാൽക്കൽ വീണു ഞാൻ,
മററാരുമുണ്ടായിരുന്നില്ലെനിക്കൊരാൾ
തൻെറ തപസ്സമാധിക്കുള്ളിൽനിന്നുണർ-
ന്നെൻെറനേർക്കൊന്നു തിരിഞ്ഞൂ പിതാമഹൻ!
കണ്ണുനിറഞ്ഞൂ തപോധന; — ന്നാ വൃദ്ധ-
കണ്ഠമിടറി: "തിരിച്ചു പോകേണ്ട നീ...."
തെണ്ടിയലഞ്ഞു നടന്ന കുഞ്ഞുങ്ങളെ
കണ്ടു ഞാൻ സഹ്യൻെറ താഴ്വാരഭൂമിയിൽ.
കണ്ടിട്ടറിഞ്ഞില്ലതുങ്ങൾ—പണ്ടേതിൽനി-
ന്നെൻെറ മുഖച്ഛായ മാറിയിരിക്കണം.
വീണ്ടുമൊരുമിച്ചു ചേർന്നു മുത്തച്ഛൻെറ
വീട്ടിൽവച്ചമ്മയും മക്കളുമാദ്യമായ്!

കുത്തിയിളക്കിയ കന്നിമണ്ണിൽ, പുതു-
വിത്തുകൾ പാകി വിളകൊയ്തെടുത്തു ഞാൻ
മണ്ണിൽ വിരൽകൊണ്ടെഴുതിപ്പഠിപ്പിച്ചു
പിന്നെ ഞാൻ കുഞ്ഞുങ്ങളെ കുലവിദ്യകൾ,
കെട്ടിക്കൊടുത്തു കളരികൾ ചുററിലും
കുട്ടികൾക്കായുധാഭ്യാസങ്ങൾ നേടുവാൻ.

കട്ടിയിരുമ്പുകവചങ്ങളാൽ മുല-
ക്കച്ചയണിഞ്ഞു വളർന്ന പെൺകുട്ടികൾ
വാൾത്തലകൊണ്ടു കുറിക്കൂട്ടു ചാലിച്ചു
ചാർത്തുന്നതു കണ്ടു കോരിത്തരിച്ചു ഞാൻ.
വെട്ടി,ത്തടഞ്ഞു,പയററിത്തെളി,ഞ്ഞടർ-
ച്ചട്ടയിട്ടാൺമക്കളൂരിയ വാളുമായ്
അങ്കം ജയിച്ചു തിരിച്ചു വ,ന്നാദ്യമെ-
ന്നങ്കണവാതിൽക്കൽ മുട്ടിവിളിച്ചനാൾ,
അന്നെനിക്കുണ്ടായ രോമഹർഷങ്ങളാ-
ണിന്നുള്ള പൂവാങ്കുരുന്നിലമൊട്ടുകൾ!

പുത്തരിയങ്കങ്ങൾ വെട്ടി,ജ്ജയിച്ചെൻെറ
പുത്രരെത്തുമ്പോളവർക്കു നൽകീടുവാൻ,
വിത്തു വിതച്ചു വിളകൊയ്തുവച്ചു ഞാൻ,
പുത്തൻകവണികൾ നെയ്തു സൂക്ഷിച്ചു ഞാൻ!
ചന്ദനം കസ്തൂരിചേർത്തു ചാലിച്ചു — വാൽ-
ക്കണ്ണാടി തേച്ചു വെളുപ്പിച്ചുവച്ചു ഞാൻ!
വന്നാലവർക്കു മുറുക്കുവാൻ വെററില-
വള്ളികൾ മുററത്തു നട്ടു പടർത്തി ഞാൻ!
അങ്കണത്തിണ്ണയിലെത്തുമെൻ മക്കൾത-
'ന്നമ്മേ'വിളി കേട്ടുണരാനുറങ്ങി ഞാൻ....

വിസ്തരിക്കുന്നില്ല — ഞാനിന്നു ധന്യയാ-
ണിത്തറവാടു നശിക്കില്ലൊരിക്കലും!
കണ്ണീരിനുള്ളി,ലസിധാരകൾക്കുള്ളിൽ-
നിന്നു കിളുർത്തതാണീ മലർക്കാവുകൾ!

കർക്കടകത്തിൽ വിരുന്നു വരാറുള്ളൊ-
രക്കൊച്ചു ഞാററുവേലപ്പെൺകിടാവിനെ, —
അങ്ങെൻെറ മുററമടിച്ചുതളിക്കുവാ-
നിങ്ങോട്ടയയ്ക്കും കുസൃതിക്കുടുക്കയെ,—
കണ്ടുവോ? ഞാനൊന്നു ചോദിച്ചതങ്ങയെ
കണ്ടുണർത്തിച്ചുവോ? (പാവം മറന്നുവോ?)

ഒന്നേ പറഞ്ഞയച്ചുള്ളു: നമുക്കിനി-
യൊന്നിച്ചിവിടെക്കഴിയാം കുറച്ചുനാൾ.
എല്ലാമെനിക്കു സുഖമാണ്, ധന്യമാ,-
ണെങ്കിലു, മുണ്ടൊരസംതൃപ്തിയെപ്പൊഴും,
'മാനുഷരെല്ലാരുമൊന്നുപോ'ലാവുന്ന
മാനവധർമ്മം പുലർന്നില്ലിതേവരെ.

1961

## അരക്കില്ലം

നനഞ്ഞ നെരിപ്പോടി-
ലിത്തിരിത്തീയുംകൊണ്ടു
നടന്നു കടൽത്തീര-
ത്തെത്തിയ സായംസന്ധ്യ,

കാണാത്ത കണ്ണും നീട്ടി,
കാററത്തു പറക്കുന്ന
കാർമുകിൽ കരിയില
വരണ്ടിക്കൂട്ടുംനേരം,

കാട്ടുകൈതകൾ കാവൽ-
നിന്നു മുൾച്ചിട ചിക്കും
നാട്ടുപാതയിലൂടെ
നടുങ്ങും മനസ്സുമായ്,

ഇന്നലെ ഞാനാ വീട്ടു-
മുററത്തു കയറിച്ചെ-
ന്നൊന്നു നിന്നുപോയ്, നീറു-
മാശ്ചര്യചിഹ്നംപോലെ!

കല്പടിപ്പുരയില്ല,
തുളസിത്തറയില്ല,
സർപ്പക്കാവുകളില്ല,
വീടാകെ മാറിപ്പോയി!

ഓടുകൾ പൊളിഞ്ഞെങ്ങും
ചോർന്നൊലിച്ചിടിഞ്ഞുപോയ്
വീടകച്ചുററും പുറം-
തിണ്ണയും മോന്തായവും!

കൊല്ലങ്ങളാറേഴായി-
ക്കാണണം ഞാനാ വീട്ടി-
ന്നുള്ളിൽനിന്നവസാന-
മിറങ്ങിപ്പോന്നിട്ടിപ്പോൾ!

ഇന്നലത്തെപ്പോലെല്ലാ-
മോർമ്മയുണ്ടെനി;—ക്കന്നാ-
ണെന്നിലെ സങ്കല്പങ്ങ-
ളാദ്യമായാൺപൂവിട്ടു!

നോവുകളറിയാതെ
പൂവമ്പൻ വിടർത്തുന്നൊ-
രാവളപ്പിലെ വസ-
ന്താരംഭപുഷ്പം കാണാൻ

കാവിലെത്തൃക്കാർത്തിക-
യുത്സവത്തിനു ഞങ്ങൾ
പോയ്‌വരും വഴിക്കാണു
ചെന്നതാത്തറവാട്ടിൽ

സർക്കാരുകടലാസ്സിൽ
കണ്ണുനട്ടെല്ലായ്പോഴും
തെക്കിനിത്തളത്തിലെ-
ത്തൻ ചൂരൽകസാലയിൽ,

മുറുക്കാൻചെല്ലം മുൻപിൽ
മലർക്കെത്തുറന്നുവ-
ച്ചിരിക്കും 'പിഷാരടി-
ജ്ജഡ്ജി'യെ ഞാനോർക്കുന്നു!

കാത്തിരുന്നതുപോലെ
കണ്ടപ്പോൾ തോളത്തിട്ട
തോർത്തുമായ് പടിക്കലേ-
ക്കദ്ദേഹം നടന്നെത്തി!

കണ്ണടച്ചില്ലിന്നുള്ളിൽ
വിടർന്നൂ നക്ഷത്രങ്ങൾ;
"കണ്ടിട്ടു,ണ്ടോർക്കുന്നില്ലേ....?"
തുടർന്നൂ കുശലങ്ങൾ!

അങ്കണത്തളത്തിലേ-
ക്കിരുന്നു കാററുംകൊണ്ടു
ഞങ്ങളങ്ങനെ വെടി-
പറഞ്ഞൂ കുറേനേരം.

എപ്പൊഴും ചിരിക്കാറി-
ല്ലദ്ദേഹം, ചിരിച്ചാലോ
തുപ്പൽവീണുടുവസ്ത്ര-
മീറനായാലേ നിർത്തൂ!

ചുളിയും നെററിക്കെട്ടി,-
ലക്കൂട്ടുപുരികങ്ങൾ
വളഞ്ഞുകുത്തും, കണ്ണു
നിറയും, ചിരിക്കുമ്പോൾ!

"....പെൺകിടാവൊന്നേയുള്ളു,
പിന്നെ രണ്ടാൺമക്കളാ;..."
ങ്ങനെ,യെത്തേണ്ടിട-
ത്തദ്ദേഹം പറഞ്ഞെത്തി.

"അമ്മിണിക്കൊരുവയ-
സ്സായപ്പോൾ മരിച്ചതാ-
ണമ്മ; —മുത്തശ്ശിക്കായീ
പിന്നത്തെ പ്രാരബ്ധങ്ങൾ!

ആൺമക്കൾ രണ്ടും, രണ്ടു
രാഷ്ട്രീയപ്പാർട്ടിക്കാരാ,-
ണാണ്ടുകൂടുമ്പോളൊന്നു
തലകാണിക്കും വീട്ടിൽ.

അതുങ്ങൾതമ്മിൽ കണ്ടാൽ
തർക്കമാ,—ണവസാന-
മടിയും, കലശലും,
സൈ്വരമില്ലൊരിക്കലും..."

തോൾവരെ വളർത്തിയ
കാതുകൾക്കുള്ളിൽ, തങ്ക-
ത്തോടയും, കഴുത്തിലൊ-
രേലസ്സും തകിടുമായ്,

മുത്തശ്ശി വടക്കിനി
വാതിൽക്കൽ വന്നപ്പോളേ,
വർത്തമാനത്തിൻ ചര
ടിത്തിരി മുറിഞ്ഞുള്ളു!

പെണ്ണുകാണുവാൻ പിറ
ന്നാളുണ്ണാൻ, വടക്കിനി-
ത്തിണ്ണയി,ലിലയുടെ
മുൻപിൽ ചെന്നിരുന്നൂ ഞാൻ.

"അമ്മിണീ" മുത്തശ്ശ്യമ്മ
വിളിച്ചൂ; — ദൂരത്തുനി-
ന്നമ്പലപ്പിറാവിനെ-
പ്പോലവൾ വിളികേട്ടൂ!

കാവിലെ നിവേദിച്ച
പായസം വിളമ്പുമ്പോൾ
കാതരമിഴിയെ ഞാൻ
കൺകുളുർന്നനെക്കണ്ടു!

കൺകളിൽ നീലശ്ശംഖു-
പുഷ്പങ്ങൾ വിരിയുന്നൂ
കമ്രമാം മഞ്ഞക്കുറി
വിയർപ്പിൽ കുതിരുന്നൂ...

പിന്നെ ഞാൻ കണ്ടിട്ടില്ലാ-
 പ്പെൺകിടാവിനെ; — കണ്ടാ-
ലെന്തു തോന്നുമോ? പാവ-
 മിന്നാകെ മാറിക്കാണും!

(എന്റെ കല്പനയുടെ
 കിളിവാതില്ക്കൽ സ്വപ്നം
കൊണ്ടുവന്നിരുത്താറു-
 ണ്ടാക്കിളിപ്പിറാവിനെ!)

കുടുംബം ചേരാഞ്ഞിട്ടോ,
 ജാതകം ചേരാഞ്ഞിട്ടോ,
തുടർന്നീലല്ലോ വീണ്ടു-
 മാ വിവാഹാലോചന...!

ചുററിലും കരിന്തുമ്പ
 കാടുകേറിയ, ചിതൽ-
പ്പുററുകൾ വിളയുന്ന
 മുററത്തും പറമ്പിലും,

വെറുതേ കണ്ണോടിച്ചു
 നിന്നു ഞാൻ, മനസ്സിന്റെ
ചിറകും തലോടിക്കൊ-
 ണ്ടോർമ്മകൾ കിലുങ്ങുമ്പോൾ!

കാവിലെക്കഴകവും
 കഴിഞ്ഞു കൈയിൽ കണ്ണി-
പ്ലാവിലക്കുത്തിൽ കെടാൻ
 പിടയും തിരിയുമായ്.

ഇടറും നാവാൽ നാമം
 ചൊല്ലിയു,മിടയ്ക്കിടയ്-
ക്കിരുന്നു,മെഴുന്നേററും,
 മുത്തശ്ശി മുററത്തെത്തി!

“അമ്മിണീ” —മുത്തശ്ശ്യമ്മ
 വിളിച്ചു,വീട്ടിന്നുള്ളി-
ലമ്പലപ്പിറാവിനെ-
 പ്പോലവൾ വിളികേട്ടു!

മുററത്തേക്കിറങ്ങിവ-
 ന്നമ്മിണി പതുക്കനെ
മുത്തശ്ശിയുടെ കൈക്കു
 പിടിച്ചു തിരിഞ്ഞപ്പോൾ,

ഒരുനോക്കെന്നെക്കണ്ടു
　　നിശ്ചലം നിന്നു: "നോക്കൂ...
തിരുനക്കരയിലെ-
　　ക്കുഞ്ഞേട്ടൻ...മുത്തശ്ശ്യമ്മേ..."

പെയ്യുവാൻ മൂടിക്കെട്ടി
　　നിന്ന കണ്ണുകൾ, കുറേ
പെയ്തു; ഹാ, വിങ്ങിപ്പൊട്ടി-
　　ക്കരഞ്ഞുപോയീ മൗനം!

ക്ലാവുമൂടിയ പൊട്ട-
　　പ്പിച്ചളവിളക്കുമായ്
രാവ് നിസ്തബ്ധം നിന്നൂ
　　നനഞ്ഞ തറവാട്ടിൽ.

മുത്തശ്ശി നിൽക്കുന്നേട-
　　ത്തുറക്കെപ്പൊട്ടിച്ചിരി-
ച്ചെത്തിയ 'പിഷാരടി-
　　ജ്ജഡ്ജി'തൻ ശബ്ദം കേട്ടൂ:

"അമ്മയ്ക്കു കംപൽസറി
　　റിട്ടയർമെൻറായ്, വേഗ-
മമ്മിണി ചാർജേറ്റോളൂ...
　　ജഡ്ജ്മെൻറാപ്പിട്ടു ഞാൻ...."

കത്തുന്ന മിഴികളെൻ
　　മുഖത്തു നട്ടുംകൊണ്ടാ
വൃദ്ധനിത്തിരികൂടി-
　　യെൻെറനേർക്കടുത്തപ്പോൾ,

"അച്ചരനീക്കുഞ്ഞേട്ടനെ
　　മറന്നോ..." കരഞ്ഞുകൊ-
ണ്ടച്ചരനെപ്പിടിച്ചൊന്നു
　　കുലുക്കീ കൊച്ചമ്മിണി.

"കുഞ്ഞേട്ട...,നിതാണെൻെറ
　　കുഞ്ഞേട്ടൻ..." പിഷാരടി
നെഞ്ഞടച്ചെന്നെക്കെട്ടി-
　　പ്പുണർന്നൂ പൊടുന്നനെ!

"കോർട്ടിലേക്കിപ്പോൾത്തന്നെ
　　പോകണം, വേഗം വാദം
കേട്ടു തീർക്കണം, കേസു
　　പെൻഡിംഗിലാക്കിക്കൂടാ..."

എന്നെയും വലിച്ചുകൊ-
ണ്ടകത്തേക്കോടിക്കേറി
നിന്നു ചോദിച്ചു ജഡ്ജി:
"പത്രങ്ങൾ നോക്കാറുണ്ടോ?

മകനെത്തൂക്കിക്കൊല്ലും
നാളുവന്നടുത്തല്ലോ...
മകരം...കുംഭം...മീനം....
മേടത്തിൽ തൂക്കിക്കൊല്ലും..."

എൻമിഴി നിറഞ്ഞുപോയ്,
എന്തൊരു വീടാ, — ണെന്റെ-
യമ്മിണീ, നിന്നെക്കൂടി
ഭ്രാന്തെന്തേ പിടിച്ചില്ല?

എൻ തപ്തബാഷ്പം വീഴാൻ
പാടില്ല, വീണാലപ്പോൾ
വെന്തുരുകുമൊ'രക-
ക്കില്ല'ത്തിലാണല്ലോ ഞാൻ!

പറയാൻ വിചാരിച്ച-
തല്ല ഞാൻ; മനസ്സിന്റെ
ചിറകും കെട്ടും കുത്തി-
ക്കീറുമീയിതിഹാസം.

തലയ്ക്കു ലക്കില്ലാതെ
കൺമുമ്പിലദ്ദേഹം വ-
ന്നലറിച്ചിരിച്ചിട്ടും, —
മറക്കാനാശിച്ചൂ ഞാൻ!

നിർവ്വികാരനായ്, ദിന-
പത്രത്തിൽ 'പ്ര. ലേ.' പോലെ
നിന്നു ഞാനാസ്സംഭവം
ചുവട്ടിൽ കുറിക്കുന്നു:

കക്ഷത്തിൽ സമുന്നത
തത്വശാസ്ത്രങ്ങൾ പേറും
കക്ഷിരാഷ്ട്രീയത്തിന്റെ
കളരിപ്പയററുകാർ,

ജഡ്ജിതൻ രണ്ടാണ്മക്കൾ,—
കണ്ടുമുട്ടിപ്പോയ് വീട്ടി-
ലച്ഛന്റെ പിറന്നാളി-
നത്താഴമുണ്ണുംനേരം!

സൗമ്യമായ് തുടങ്ങിയ
　　രാഷ്ട്രീയവാക്തർക്കങ്ങൾ
സൗഹൃദബന്ധങ്ങളെ-
　　ക്കശക്കിക്കാററത്തിട്ടു.

ജ്യേഷ്ഠനുമനുജനും
　　കക്ഷിരാഷ്ട്രീയത്തിൻെറ
കാട്ടാളദംഷ്ട്രംവച്ചു
　　തങ്ങളിൽ കുത്തിക്കീറി.

അനുജൻ ശ്വാസംമുട്ടി-
　　പ്പിടച്ചുവീണൂ....യുദ്ധ-
മവസാനിച്ചൂ; —ജ്യേഷ്ഠൻ
　　കൊലപാതകിയായീ!

മുത്തശ്ശി ബോധംകെട്ടു
　　വീണുപോയ്, — അനുജത്തി
മുററത്തെജ്ജഡത്തിന്മേൽ
　　തളർന്നു തലചായ്ചൂ!

കൊലപാതകിയായ
　　പുത്രനെ,യന്തർന്നാള-
മുലയെ,പ്പിടിച്ചച്ഛൻ
　　പോലീസിലന്നേൾപ്പിച്ചൂ....

പറയാൻ വിചാരിച്ച-
　　തല്ല ഞാൻ, മനസ്സിൻെറ
ചിറകും കെട്ടും കുത്തി-
　　ക്കീറുമീയിതിഹാസം,

അന്തരാത്മാവിൽ നെയ്യു-
　　മുറുമാലെടുത്തു ഞാ-
നമ്മിണിയുടെ കണ്ണീ-
　　രിന്നലെത്തുടച്ചപ്പോൾ,

കൺകളിൽ നീലശ്ശംഖു-
　　പുഷ്പങ്ങൾ കണ്ടൂ ഞാ,—നാ
കന്യകയുടെ മോഹം
　　ചൊല്ലിയ മന്ത്രം കേട്ടു.

*1961*

## സുഗതൻസാറിതു കേൾക്കണ്ട

ഓടിനടക്കും കാർമേഘങ്ങൾ-
ക്കൊരു കൊടി നെയ്തു കൊടുക്കാൻ,
സിന്ദൂരക്കസവിഴകൾ വിടർത്തും
സന്ധ്യാരാഗം കാൺകെ,
പകലും രാവുമുറക്കമിളച്ചും,
പവിഴപ്പുററുകൾ സൂക്ഷിച്ചും,
അസ്വസ്ഥതയാലുള്ളു പുകഞ്ഞിടു-
മബ്ധിത്തിരകൾ ചോദിച്ചു:

വെളുത്തവാവുകൾ തങ്കം മെഴുകിയ
വെണ്ണക്കൽത്തറതോറും,
കോടക്കാറിനു കൊണ്ടുനടക്കാൻ
കൊടിയുണ്ടാക്കിയതാര്?

പ്രപഞ്ചസൗന്ദര്യങ്ങളിലൂടെ,
പ്രതിഭാസങ്ങളിലൂടെ,
വിശ്വപ്രകൃതി വിടർത്തിക്കെട്ടിയ
വിരുന്നുശാലയിലൂടെ,
തിരുമുടി ചീകി,ത്തൃക്കണ്ണെഴുതി
'ദിവസ'മൊരുങ്ങുന്നേരം
കറുത്ത കൈലിയുമരയിൽ ചുററി
കാർമുകിലെന്തിനു വന്നൂ..."

മുററമടിച്ചുതളിക്കും കാററിനു
പൊട്ടിപ്പൊട്ടിച്ചിരിവന്നു!
മഴവില്ലിൻെറ മലർത്തണ്ടിന്മേൽ
അഴകിൻ തങ്കക്കൊടി കെട്ടി
കാലത്തിൻെറ രഥത്തിലിരുന്നതു
കയ്യിലുയർത്തീ കാർമേഘം!

ഒററക്കണ്ണൻ ജീപ്പിലിറങ്ങിയ
നട്ടുച്ചയ്ക്കു മുഖം മാറി!
കൊടുങ്കാററൂതിച്ചുററുമുയർത്തിയ
കടലല വീണ്ടും ഗർജിച്ചു —

"കോടക്കാറിനു കൊണ്ടുനടക്കാൻ,
കൊടിയുണ്ടാക്കും സന്ധ്യകളേ,
കിടന്നു നട്ടംതിരിയുക നിങ്ങൾ
കറുത്തവാവിൻ കല്ലറയിൽ..."

അങ്കണനടയിൽ വിളക്കുകൊളുത്തിയ
സംക്രമരാവിനു ചിരിവന്നു.
പകച്ചുനോക്കീ ചുററുമൃതുക്കൾ:
"സുഗതൻസാറിതു കേൾക്കണ്ട...."

*ആർ. സുഗതൻ ഷഷ്ടിപൂർത്തി സുവനീർ 25-12-196*

## രാജഹംസം

**കൈ**യിലൊരിന്ദ്രധനുസ്സുമായ് കാററത്തു
പെയ്യുവാൻ നിന്ന തുലാവർഷമേഘമേ
കത്രനക്ഷത്രരജനിയിലിന്നലെ
കണ്ടുവോ നീ എൻെറ രാജഹംസത്തിനെ?

മൂകത നീലത്തിരശ്ശീല വീഴ്ത്തിയ
ശോകാന്ത ജീവിത നാടകവേദിയിൽ
ഇപ്രപഞ്ചത്തിൻ മനോരാജ്യ സന്ദേശ-
ശില്പവുമായ് വന്ന രാജഹംസത്തിനെ?
ഈറൻ മിഴിയും നനഞ്ഞ ചിറകുമായ്
ഈ വഴിയേ പോയ രാജഹംസത്തിനെ?

കണ്ണിന്നുമുമ്പിൽ ചിതാധൂമപാളിപോൽ
വന്നുനില്ക്കുന്ന തമോമയരൂപമേ
മോഹമാത്മാവിൻ വലംകൈയിൽ നല്കിയ
ദാഹജലക്കുമ്പിൾ തട്ടിപ്പറിച്ചു നീ!

നാടകം തീർന്നി — ല്ലവസാനരംഗവും
കൂടിയു;—ണ്ടെങ്ങുപോ,യെങ്ങുപോയ് നായകൻ?

ഒന്നിച്ചു ഞങ്ങളരങ്ങത്തു വന്നതാ;-
ണൊന്നും പറയാതെങ്ങുപോയ് നായകൻ?

രംഗം തുടങ്ങണ,മസ്വസ്ഥചിത്തരായ്
തങ്ങളിൽത്തങ്ങളിൽ നോക്കുന്നു കാണികൾ.
ആരോ യവനിക വീണ്ടുമുയർത്തി; — ഞാ-
നാ രംഗവീഥിയിൽ നിശ്ചലം നിന്നുപോയ്!
ഈ നടക്കാവിൽ വിടരുവാൻ നിൽക്കാതെ
കാനനപ്പൂക്കൾ കൊഴിഞ്ഞുവീണീടവേ,
കൈയിലൊരുപിടി ദർഭയുമായ്, ബലി-
ക്കല്ലു നനയ്ക്കുവാൻ ബാഷ്പോദകവുമായ്,
നോവും മുടന്തുകാൽവച്ചു നടന്നല-
ഞ്ഞീ വഴിയമ്പലപ്പൂമുഖത്തിണ്ണയിൽ
വന്നുകയറി ഞാൻ;—കാലം കെടുത്തിയ
മൺവിളക്കും താങ്ങി നിൽക്കുന്നു തൂണുകൾ!
ഒററയ്ക്കൊരിടത്തിരുന്നു മനസ്സിൻെറ
കുത്തും ഞെറിയുമഴിച്ചുകെട്ടീടണം
കയ്പു കുടിച്ചു മയങ്ങിക്കിടക്കുമെൻ

സ്വപ്നങ്ങളെക്കണ്ടു പൊട്ടിക്കരയണം
എന്നിലെത്തീക്കനലൂതിപ്പിടിപ്പിച്ചു
ചന്ദനപ്പട്ടടയ്ക്കഗ്നികൊളുത്തണം!

സ്നേഹം മരിച്ചുകിടക്കുമെൻ കൂട്ടിലേ-
ക്കാഹാ! മടങ്ങിത്തിരിക്കുകയില്ല ഞാൻ!

ഒന്നുമെന്നോടിന്നു ചോദിക്കരുതാരു,-
മെന്നെ വിളിക്കരു,—താകെത്തളർന്നു ഞാൻ!
കണ്ണീരിൽമാത്രമലിഞ്ഞുതീരാൻ നിൽക്കു-
മെന്നിലെ മൗനമെറിഞ്ഞുടയ്ക്കില്ല ഞാൻ!

കൈയിൽ പിടയുമെന്നാത്മാവുമായ് വന്നു
കൺമുമ്പിൽ നിൽക്കും തമോമയരൂപമേ
എന്നെ ഞാൻ നൽകാ;—മെനിക്കു തിരിച്ചു നീ-
യെന്നു കൊണ്ടെത്തരും 'വിക്രമൻചേട്ട'നെ?

*12 നവംബർ 196*

## സത്യത്തിനെത്ര വയസ്സായി?

സ്വർഗ്ഗവാതിൽപ്പക്ഷി ചോദിച്ചു: "ഭൂമിയിൽ
സത്യത്തിനെത്ര വയസ്സായി?"

അബ്ധിത്തിരകൾതൻ വാചാലതയ്ക്കതി-
ന്നുത്തരമില്ലായിരുന്നു

ഉത്തുംഗവിന്ധ്യഹിമാചലങ്ങൾക്കതി-
ന്നുത്തരമില്ലായിരുന്നു.

അന്ധകാരത്തിനെക്കാവിയുടുപ്പിച്ചു
സന്ധ്യ പടിഞ്ഞാറു വന്നു

സത്യത്തെ മിഥ്യതൻ ചുട്ടികുത്തിക്കുന്ന
ശില്പിയെപ്പോൽ നിഴൽ നിന്നു

പോയ വസന്തങ്ങൾ താലത്തിൽ നീട്ടിയ
പൂജാമലരുകൾ തേടി

ശാപങ്ങളാൽ ശിലാരൂപങ്ങളായ്ത്തീർന്ന
ദൈവങ്ങൾ നിശ്ചലം നിന്നു!

സ്വർഗ്ഗവാതിൽപ്പക്ഷി ചോദിച്ചു: "ഭൂമിയിൽ
സത്യത്തിനെത്ര വയസ്സായി?"

വേദങ്ങളിലെ മഹർഷിമാർ മന്ത്രിച്ചു:
"....വേറൊരിടത്താണു സത്യം...."

ഭൂമിയിലഗ്നിയായ്, കാററായ്, തമോമയ-
രൂപിയാകും മൃത്യുവായി,

സർഗ്ഗസ്ഥിതിലയകാരണഭൂതമാം
സത്യമെങ്ങുന്നോ വരുന്നു

വന്നവഴിക്കതു പോകുന്നു; കാണാത്ത
സ്വർണ്ണച്ചിറകുകൾ വീശി!....."

'തത്ത്വമസി'യുടെ നാട്ടിൽ;—ലൗകിക-
സത്യമന്വേഷിച്ചു പോയി

പണ്ടു മഹാവിഷ്ണുവെന്ന രാജാവിൻെറ
പാൽക്കടൽദ്വീപിലിറങ്ങി,

വിശ്വസംസ്കാരമഹാശില്പികൾ നിന്നു
വിസ്മയംപൂണ്ടൊരു കാലം,

കൗസ്തുഭരത്നവും നാഭീമൃണാളവും
കണ്ടു കണ്ണഞ്ചിയ കാലം

ഭാരതം കേട്ടു പ്രണവംകണക്കൊരു
നാമസങ്കീർത്തനാലാപം:

"പാലാഴിയിലെ പ്രപഞ്ചസത്യത്തിനെ
പള്ളിയുണർത്തുക നമ്മൾ....."

സ്വർഗ്ഗവാതിൽപ്പക്ഷി ചോദിച്ചു: "ഭൂമിയിൽ
സത്യത്തിനെത്ര വയസ്സായി?"

ആര്യമതത്തെ ഹരിശ്രീ പഠിപ്പിച്ച
യാജ്ഞവല്ക്യൻ നിന്നു പാടീ:

"സ്വർണ്ണപാത്രംകൊണ്ടു മൂടിയിരിക്കുന്നു
മണ്ണിലെ ശാശ്വതസത്യം."

*1962*

## പണ്ടൊരു കാക്ക ഏകാദശി നോററു!

ഏഴിലംകാട്ടിൽ പണ്ടൊരു കാക്ക
ഏകാദശിനോററൂ.

ഏഴരവെളുപ്പിനുണർന്നൂ; പിന്നെ
ഏഴെട്ടുനാഴിക പറന്നൂ

പോകുംവഴിക്കു തുടിച്ചു കുളിക്കാൻ
ഭാരതപ്പുഴയിലിറങ്ങീ

കുളിച്ചു നീന്തിക്കയറുമ്പോൾ
ഒലിച്ചുപോയീ പുഴയിൽ

കാലിട്ടു തുഴഞ്ഞപ്പോൾ കാലിനു കിട്ടീ
നാലഞ്ചു പൊന്നുംകിങ്ങിണി.

കൈയിട്ടു തുഴഞ്ഞപ്പോൾ കൈയിൽ കിട്ടീ
കല്ലുപതിച്ചൊരു കങ്കണം

ചിറകിട്ടു തുഴഞ്ഞപ്പോൾ ചിറകിലുടക്കീ
ചിത്രവർണ്ണപ്പൂമാല

തലയിട്ടു തുഴഞ്ഞപ്പോൾ തലയിൽ കിട്ടീ
തങ്കക്കസവുതലപ്പാവ്!

കുളിച്ചുതോർത്തിക്കയറീ കാക്ക
ഗുരുവായൂർക്കു പറന്നൂ

ഗുരുവായൂരെ അരയാൽക്കൊമ്പിൽ
തിരുനാമം ചൊല്ലിയിരുന്നൂ!

അടുത്ത കൂട്ടിലെ കാവതിക്കാക്ക-
യതുകണ്ടേകാദശി നോററൂ

ഏഴരവെളുപ്പിനുണർന്നില്ലാ, നേര-
മേഴെട്ടുനാഴിക പുലർന്നൂ

വടക്കൻകാട്ടിലെ പനനൊങ്കും തിന്നു
വെയിലുംകൊണ്ടു പറന്നൂ

പോകുംവഴിക്കു തുടിച്ചുകുളിക്കാൻ
ഭാരതപ്പുഴയിലിറങ്ങി

ഓളപ്പാത്തിയിലൊലിച്ചുപോകാൻ
ഒത്തിരി നീന്തിനടന്നൂ!

കാലിട്ടു തുഴഞ്ഞപ്പോൾ കാലിൽ കൊത്തി
കാരിയും കൂരിയും പൂമീനും!

കൈയിട്ടു തുഴഞ്ഞപ്പോൾ കൈയിലുടക്കീ
കറുത്തുനീണ്ടൊരു നീർക്കോലി,

ചിറകിട്ടു തുഴഞ്ഞപ്പോൾ ചിറകിനു വീണൂ
ചുററിയെറിഞ്ഞൊരു വീശുവല!

പിറേറന്നു വെളുപ്പിനു കാക്കകൾ പുഴയുടെ
മറേറക്കരയിൽക്കൂടി

കടവിൽ ചത്തുമലച്ചുകിടക്കുന്നൂ
കൊതിയൻ കാവതിക്കാക്ക!

അതുകണ്ടേകാദശിനോക്കുന്ന കാക്കകൾ
അനവധിയുണ്ടീ നാട്ടിൽ

കലയിൽ കവിതയിൽ രാഷ്ട്രീയത്തിൽ
കാണുമതുങ്ങളെ നിങ്ങൾ

കാലത്തിൻെറയൊഴുക്കിന്നെതിരേ
കൈയിട്ടു കാലിട്ടു തുഴയുമ്പോൾ

കൊരുത്തുവീശുക വലയും ചൂണ്ടയു-
മവർക്കുനേരേ നമ്മൾ!

*1963*

# പ്രൊക്രൂസ്റ്റസ്

"നില്ക്കുക രാജകുമാരാ, നില്ക്കുക
നില്ക്കുക രാജകുമാരാ."
നിബിഡവനോദരനിർജ്ജനവീഥിയിൽ
നിശീഥനിശ്ശബ്ദതയിൽ,
ശരംവലിച്ചു തൊടുത്തതുപോലാ
ശബ്ദം മൂളീ കാററിൽ.
വിദൂരകാനനഗുഹാമുഖങ്ങളിൽ
അതിൻെറ മാറെറാലി കേട്ടൂ:
"നില്ക്കുക രാജകുമാരാ, നില്ക്കുക
നില്ക്കുക രാജകുമാരാ..."

കുതിച്ചുപായും കുതിരയെ, വഴിയിൽ
കുറച്ചു നിമിഷം നിർത്തി,
തിരിഞ്ഞു ചുററും കണ്ണോടിച്ചു
'തിസ്യൂസ്' രാജകുമാരൻ.
അച്ഛൻ നൽകിയ പടവാളും, മു-
ത്തച്ഛൻ നൽകിയ കഞ്ചുകവും,
'എതൻസി'ൻെറയജയ്യമനോഹര-
രാജകിരീടവുമായി,
പുരാതന ഗ്രീസാകെയുണർത്തിയ
പൗരുഷമൊന്നു തുടിച്ചു!
തിരിഞ്ഞു ചുററും കണ്ണോടിച്ചൂ!
തിസ്യൂസ് രാജകുമാരൻ!

കണ്ണിനു ചുററും കൊടുംതമസ്സിൽ
കനത്ത ചുമരുകൾ നിന്നൂ
ചെവിക്കു ചുററും ചീവീടുകളുടെ
ചൂളംവിളികളുയർന്നൂ.
കുനുകുനെ മിന്നിക്കെടുന്ന മിന്നാ-
മിനുങ്ങുതിരികളുമായി,
അലയും കാണാക്കാനനകന്യകൾ
അന്വേഷിക്കുവതാരെ?
ശിശിരിതകാന്താരാന്തരപാദപ-
ശിഖരശതങ്ങളിലൂടെ
തടഞ്ഞുമുട്ടിത്തെന്നലലഞ്ഞൂ
തലയ്ക്കു ലക്കില്ലാതെ!
ഒരാളനക്കവുമെങ്ങും കണ്ടീ-
ലിരുണ്ട കാനനഭൂവിൽ'

വിദൂരവീഥിയിൽ നിന്നുമുറക്കനെ
വിളിച്ചതാരാണാവോ?

ശരം വലിച്ചു തൊടുത്തതുപോലാ
ശബ്ദം വീണ്ടുമുയർന്നു:
നില്ക്കുക യാത്രക്കാരാ, നില്ക്കുക
നില്ക്കുക യാത്രക്കാരാ..."

പടവാളൂരിയെടുത്തു ചുഴററി
പറഞ്ഞു രാജകുമാരൻ:
"ഒളിച്ചു നിൽക്കാതിവിടേക്കെത്തുക
വിളിച്ചതാരായാലും..."
വളർത്തി നീട്ടിയ ചെമ്പൻചിടയും
വളഞ്ഞ കോന്തപ്പല്ലും
വലിച്ചു ചുററിയ കരടിത്തോലും...
വന്നൂ വലിയൊരു വേഷം!
കൈയിലിരുന്ന നെരിപ്പോടൂതി
കനൽവെളിച്ചം വീശി,
ഇരുമ്പുകുന്തവുമൂന്നി,പ്പൊട്ടി-
ച്ചിരിച്ചു കാട്ടുമനുഷ്യൻ!
വിദൂരകാനനഗുഹാമുഖങ്ങളി-
ലതിൻെറ മാറെറാലി കേട്ടൂ!

അന്വേഷിച്ചൂ രാജകുമാരൻ
മന്ദസ്മേരത്തോടെ:
"വനാന്തരത്തിലെ വിരുന്നുകാരാ
മനസ്സിലായില്ലല്ലോ!"

ഉറക്കെ വീണ്ടുമുറക്കെ;പ്പൊട്ടി-
ച്ചിരിച്ചുകൊണ്ടവനോതി:
"പ്രൊക്രൂസ്ററസ്സിനെ നീയറിയില്ലേ
പറഞ്ഞു കേട്ടിട്ടില്ലേ?"

(പറഞ്ഞു പണ്ടേ കേട്ടിട്ടുണ്ടാ
പരാക്രമത്തിൻ കഥകൾ
ഉൾക്കിടിലത്തോടാളുകൾ പറയും
പ്രൊക്രൂസ്ററസ്സിൻ കഥകൾ!

അവനെക്കണ്ടാൽ വഴിയാത്രക്കാ-
രകന്നു പേടിച്ചോടും
അനുനയവാക്കുകൾ ചൊല്ലിക്കൊണ്ടവ-
നവരുടെ പിറകേ കൂടും.

വീട്ടിലേക്കവനവരെ വിളിക്കും
വിരുന്നു നല്കാനായി.
അവർക്കു തേനും പഴവും നല്കാൻ
അനുചരസംഘം നില്ക്കും

അവൻെറ ഗുഹയിലെയിരുമ്പുകട്ടിലിൽ
ആളുകൾ വീണുമയങ്ങും
ഉറക്കമായാലവരുടെ മുതലുക-
ളൊക്കെക്കൊള്ളയടിക്കും!
ഉറങ്ങിയുണരുന്നവരെക്കട്ടിലിൽ
വരിഞ്ഞു കൂട്ടിക്കെട്ടും.
അവൻെറ കട്ടിലിനെക്കാൾ വലുതാ-
ണവരുടെയുടലുകളെങ്കിൽ,
അരിഞ്ഞു ദൂരെത്തള്ളും കത്തി-
ക്കവരുടെ കൈയും കാലും!
അവൻെറ കട്ടിലിനേക്കാൾ ചെറുതാ-
ണവരുടെയുടലുകളെങ്കിൽ,
അടിച്ചു നീട്ടും ചുററികകൊണ്ടവ-
നവരുടെ കൈയും കാലും!)

ഉൾക്കിടിലത്തോടാളുകൾ പറയും
പ്രൊക്രൂസ്ററസ്സിൻ കഥകൾ,
തിസ്യൂസിൻെറ മനസ്സിൽ നിരന്നു
തിളച്ചുയർന്നു രക്തം!
ഖഡ്ഗമുയർന്നൂ, മുസലമുയർന്നൂ,
കാടൊരടർക്കളമായി,
ഇരുമ്പിരുമ്പിലുരഞ്ഞു; — ചുററിലു-
മിടിമിന്നലുകളുയർന്നൂ!

അടിച്ചു വീഴ്ത്തി പ്രൊക്രൂസ്ററസിനെ-
യാ യുവരാജകുമാരൻ!
അവൻെറ ഗുഹയിലെയിരുമ്പുകട്ടിലി-
ലവനെ വരിഞ്ഞു മുറുക്കി,
എല്ലുകളാൽ തലയോടുകളാൽ, തറ
തല്ലിയ ഗുഹയുടെ നടുവിൽ,
അരിഞ്ഞെറിഞ്ഞു പ്രൊക്രൂസ്ററസിൻ
ശിരസ്സുമുടലും താഴെ!

യവനചരിത്രാതീത യുഗങ്ങളെ-
യടിമുടി പുളകം ചാർത്തി
തിസ്യൂസന്നുമുതല്ക്കൊരനശ്വര-
നക്ഷത്രക്കതിരായി,
കൈയി'ലൊളിമ്പസ്' പർവതമേന്തിയ
കന്നിനിലാത്തിരിയായി,
'ഹോമറി'നാത്മവിപഞ്ചികയിങ്കലൊ-
രോമനഗീതകമായി!

അബ്ദശതങ്ങൾ, കാലത്തിൻ രഥ-
ചക്രശതങ്ങളുരുണ്ടൂ!
പ്രൊക്രൂസ്ററസ്സു പുനർജ്ജീവിച്ചു
പരിണാമങ്ങളിലൂടേ!

അ, 'ന്നേതൻസി' ലെ ഗുഹയിൽ വീണോ-
രവൻെറയസ്ഥികൾ പൂത്തു!
അസ്ഥികൾ പൂത്തു ശവംനാറിപ്പൂ-
മൊട്ടുകൾ നീളെ വിരിഞ്ഞു!
ഓരോ പൂവിലുമോരോ പൂവിലു-
മോരോ ശക്തി വിടർന്നു;
പ്രൊക്രൂസ്ററസ്സുകൾ, — ഒന്നല്ലനവധി
പ്രൊക്രൂസ്ററസ്സുകൾ വന്നു!
പ്രത്യയശാസ്ത്രശതങ്ങളുരുക്കി,
പ്രകടനപത്രിക നീട്ടി,
ഇരുണ്ട ഗുഹകളിലിവിടെയൊരായിര-
മിരുമ്പു കട്ടിലു കൂട്ടി,
പ്രൊക്രൂസ്ററസ്സുകൾ, രാഷ്ട്രീയക്കാർ,
നില്ക്കുകയാണീ നാട്ടിൽ!
പച്ച മനുഷ്യനെ വിളിച്ചിരുത്തി
പ്രശ്നശതങ്ങൾ നിരത്തി
പ്രത്യയശാസ്ത്രക്കട്ടിലിലിട്ടവർ
അട്ടഹസിപ്പൂ നാട്ടിൽ!
അവരുടെ കട്ടിലിനേക്കാൾ വലുതാ-
ണവൻെറയാത്മാവെങ്കിൽ,
അരിഞ്ഞു ദൂരെത്തള്ളും കത്തി-
ക്കവൻെറ കൈയും കാലും!
അവരുടെ കട്ടിലിനേക്കാൾ ചെറുതാ-
ണവൻെറയാത്മാവെങ്കിൽ
വലിച്ചു നീട്ടും ചുററികകൊണ്ടവർ
അവൻെറ കൈയും കാലും!
കക്ഷിതിരിഞ്ഞവർ ഗുഹാമുഖങ്ങളിൽ
നില്ക്കുകയാണീ നാട്ടിൽ!

ഉയർത്തെഴുന്നേററുടവാളൂരി,
പ്രയത്നമുദ്രയുമായി,
തിരയും മാനവമനോരഥത്തിൽ
തിസ്യൂസെത്തുവതെന്നോ!

*1964*

## കൈത്തിരി, കരിന്തിരി

വെള്ളാരങ്കല്ലിൽ തീർത്ത
റോമിലെ ഭദ്രാസന-
പ്പള്ളിതൻ വർണ്ണത്തല-
പ്പാവുകളുയരുന്നു.

കന്നിമേഘങ്ങൾ കയ്യിൽ
ജപമാലയുമായി
വന്നുമ്മവയ്ക്കും കുംഭ-
ഗോപുരക്കുരിശിന്മേൽ,

കൽപടവിന്മേൽ, പള്ളി
വെൺമാടച്ചിറകിന്മേൽ
ശിൽപികൾ ശിലാചിത്ര-
മുദ്രകൾ നിർമ്മിക്കുന്നു.

ചന്ദ്രകാന്തത്താൽ വിണ്ണി-
ലൾത്താര പണിയുന്ന
ധന്യതേജസ്സാം കാല-
മരികത്തിരിക്കുന്നു!

വിശ്വസംസ്ക്കാരത്തിൻെറ
കടിഞ്ഞൂൽക്കുഞ്ഞിന്നാദ്യം
പച്ചിലത്തൊട്ടിൽ തീർത്ത
പുണ്യഭൂമിയിലൂടെ,

ബത്‌ലഹേമിലെ വാസ്തു-
ശിൽപിതൻ സൗമ്യോദാര
ശബ്ദം കേട്ടുയിർത്തെഴു-
ന്നേററ വീഥിയിലൂടെ

നടന്നു നടന്നു ഞാൻ
ചെന്നിതാ ദേവാലയ
നടയിൽ നൂററാണ്ടുകൾ
കുർബ്ബാന കൈക്കൊള്ളുമ്പോൾ!

ചക്രവർത്തിതൻ ശബ്ദം
മുഴങ്ങി വീണ്ടും കാതിൽ:
"മൈക്കലാഞ്ജലോ, ചുമർ-
ച്ചിത്രങ്ങളെഴുതണം...."

(നന്ദി: ഞാനായുഷ്ക്കാലം
മുഴുവൻ വരച്ചാലും
പിന്നെയും പള്ളിക്കക-
ത്തെഴുതാപ്പുറം കാണും!)

പുരുഷാന്തരങ്ങളെ-
ന്നന്തരാത്മാവിൽ തീർത്ത
പറുദീസയിലൂടെ
മോഹങ്ങൾ പറന്നെത്തി.

എന്നിലെയേദൻതോട്ടം
തളിർത്തു; — ചുമരില്ലാ-
തെന്നുള്ളിൽ സങ്കൽപങ്ങൾ
വർണ്ണചിത്രങ്ങൾ തീർത്തു!

ആദിയിൽ വചനമായ്
രൂപമായ്,—അണുപര-
മാണുവിലൂടെ ജീവ-
ധാരയായ് ചൈതന്യമായ്

വിതിർന്നു വിതി, ർന്നന്തർ-
ല്ലോചനത്തിനു മുമ്പിൽ
വിടരും സചേതനാ-
ചേതനപ്രപഞ്ചത്തെ,

അവ്യക്തങ്ങളിൽനിന്നു
വ്യക്തരൂപങ്ങൾ വാർക്കും
ദിവ്യമാം യുഗാന്തര-
സംസ്ക്കാരസ്വരൂപത്തെ,

മൂകമാം തമോമയ
ഭാവബിന്ദുവിൽനിന്നും
ഏകാന്തമയൂഖങ്ങൾ
നൂൽക്കുമീ ബ്രഹ്മാണ്ഡത്തെ,

ധ്യാനിച്ചുനിന്നൂ, സർഗ്ഗ-
തപസ്സിൽ, സമാധിയിൽ,
ഞാനുമീ പ്രകൃതിയും
കാലവുമൊന്നായ്ത്തീർന്നൂ!

വെണ്ണക്കല്ലുകൾ തീർത്ത
റോമിലെദ്ദേവാലയ-
മണ്ഡപകമാനത്തി-
ലെഴുതാനിരുന്നൂ ഞാൻ.

ദിനരാത്രങ്ങൾ ചായ-
ത്തട്ടങ്ങൾ നീട്ടിത്തന്നു
ഋതുദേവതമാർ വ-
ന്നെൻ മുന്നിൽ നൃത്തംവച്ചു.

ഗ്രീസിലെ, പൗരാണിക-
റോമിലെ യനശ്വര-
ഭാസുരചൈതന്യങ്ങൾ-
ക്കന്നു ഞാൻ രൂപം നൽകി.

ദൈവങ്ങൾ, ക്കവിരാമ-
പിഞ്ഛികാചാലനത്താൽ
കൈവന്ന മുഖച്ഛായ
കണ്ടു ഞാനാഹ്ളാദിച്ചു!

കാലത്തിൻ ഹിരണ്മയ-
ഹിമവാഹിനിയുടെ
ഗാനകല്ലോലങ്ങളി-
ലൊഴുകീ സങ്കൽപങ്ങൾ...!

ഒഴുകിയൊഴുകിപ്പോയ്,
ബത്‌ലഹേമിലെ, പ്പശു-
ത്തൊഴുത്തിൻ മുമ്പിൽ ചെന്നു
നിന്നു ഞാനറിയാതെ!

വിണ്ണിൽനിന്നൊരു മുഗ്ദ്ധ-
നക്ഷത്രം താഴത്തേക്കു
വന്നിറങ്ങുന്നൂ, ജ്യോതിർ-
വേദികൾ കൈകൂപ്പുന്നൂ!

വരുന്നൂ വരുന്നെന്നു
യോഹന്നാൻ പ്രവചിച്ച
വിരുന്നുകാരൻ വന്നൂ
മനുഷ്യപുത്രൻ വന്നൂ!

ദൈവത്തിൻ, മുഖ,മനാ-
യാസമായ് വരച്ചോരെൻ
ഭാവനയ്ക്കതീതമായ്
മുഗ്ദ്ധമാ ശിശുരൂപം

മായികമൊരു മന്ദ-
സ്മേരത്താൽ, മന്വന്തര-
ച്ഛായ മാററിയ മാനു-
ഷ്യകത്തിൻ തേജോരൂപം!

നിഷ്കളങ്കതയുടെ
നിത്യസുന്ദരദീപ്ത-
നിഷ്കാമനയനങ്ങൾ,
ശാന്തിതൻ മുകുളങ്ങൾ

കുരിശു ചുമക്കുന്ന
    തോളുകൾ, മുള്ളാണിക-
ളിരുന്നു ചുളുചുളാ-
    ക്കുത്തുന്ന കൈത്തണ്ടുകൾ,

ഈ വിശ്വതലത്തോളം
    വലുതായിരുന്നോരാ
ജീവിതത്തിലെ ത്യാഗ-
    മോഹനമുഹൂർത്തങ്ങൾ.

എങ്ങനെയെഴുതേണ,-
    മാ മുഖം, മനസ്സിൻെറ
വെൺകളിമൂശയ്ക്കുള്ളിൽ
    ഞാൻ കരുപ്പിടിക്കാതെ?

തൂലിക വച്ചു താഴെ,
    പത്രോസിൻ സുവിശേഷ-
ത്താളുകൾ മറിച്ചു ഞാ-
    നാ മുഖാകൃതി തേടി!

കർദ്ദിനാൾമാരോടു ഞാൻ
    ചോദിച്ചു — മനസ്സിലാ
ചിത്രമേതൊരു രൂപ-
    ജ്ജ്വാലയായ് ജ്വലിക്കുന്നു?

ക്രിസ്തുവിൻ മുഖത്തിനു
    മാതൃക തേടി, ഗ്രാമ
പത്തനപ്രാന്തങ്ങളി-
    ലലഞ്ഞുനടന്നു ഞാൻ.

കൽക്കുരിശുകൾ കണ്ടു
    കാൽവരിമല കണ്ടു
മുൾക്കിരീടങ്ങൾ കണ്ടു
    മാലാഖമാരെ കണ്ടു

ബറാബാസിനെ, പീലാ-
    ത്തോസിനെ, ജൂഡാസിനെ,
മേരിമഗ്ദലനയെ,
    ക്ലാഡിയസ്സിനെ, കണ്ടു!

നിത്യദുഃഖിതർക്കായി
    സ്വർഗ്ഗങ്ങൾ തുറന്നിട്ട
ക്രിസ്തുദേവനെ മാത്രം
    കണ്ടില്ലീ പ്രപഞ്ചത്തിൽ!

മനസ്സിൻ കണ്ണാലന്വേ-
    ഷിച്ചു ഞാൻ; കണ്ടെത്തുമോ
മനുഷ്യപുത്രന്നൊരു
    ചിത്രമാതൃക, നാട്ടിൽ?

മുന്തിരിത്തോട്ടങ്ങൾക്കു
        മകലെ, ഗോതമ്പിൻെറ
മുത്തണിവയലുകൾ
        ക്കപ്പുറത്തൊരു നാട്ടിൽ,

ഇററലിയിലൊരു
        കൊച്ചുമൺകുടിലിൻെറ
മുററത്തു തേടിത്തേടി-
        ച്ചെന്നു ഞാനൊരു രാത്രി.

ചന്ദനസുരഭിയാം
        തെന്നലിൻ, ശരൽക്കാല-
ചന്ദ്രിക വിരിച്ചിട്ട
        പൊൻതളിർപ്പുൽപ്പായിന്മേൽ,

കണ്ടു ഞാനൊരു മണി-
        ക്കുട്ടനെ, മലർച്ചിരി-
ച്ചുണ്ടുകളിതളിത-
        ളിതളായ് വിരിയുന്നു

അന്തരാത്മാവിന്നുള്ളി-
        ലവ്യക്തതലങ്ങളിൽ
അങ്ങനെ നിറംമങ്ങി-
        ക്കിടന്ന സങ്കൽപങ്ങൾ

അനുഭൂതികൾ, മൂർത്ത-
        രൂപംപൂണ്ടെന്നിൽ, സ്നേഹ-
ധനനാം ജീസസ്സിൻെറ
        നഖചിത്രങ്ങൾ നെയ്തു!

ആ മണിക്കുഞ്ഞിൻ രൂപ-
        മാതൃക പിടിച്ചു ഞാൻ
റോമിലെച്ചുമർച്ചിത്ര-
        മങ്ങനെ മുഴുമിച്ചു!

ആദ്യമെൻ മനസ്സിലും
        പിന്നെ മൺചുമരിലും
അൾത്താരനടയിലും
        യേശുദേവനെക്കണ്ടു!

ചക്രവർത്തിതന്നഭി-
        നന്ദനശബ്ദം കേട്ടു:
“മൈക്കലേഞ്ജലോയൊരു
        മഹർഷീശ്വരനത്രേ!...”

കാലത്തിൻ രഥചക്ര-
    മുരുണ്ടു, സംവത്സര
മാലകളൊരായിരം
    മഴവില്ലുകൾ തീർത്തു!

ഇതിഹാസങ്ങൾ മേഞ്ഞു-
    നടക്കും വനങ്ങളിൽ
ഇടയന്മാരെപ്പോലെ
    മോഹങ്ങളലയുന്നു.

ആയിരംവട്ടം ചായ-
    ച്ചെപ്പിൽ ഞാൻ തൂവൽ മുക്കി,
ആയിരം ജന്മാന്തര-
    ച്ഛായകൾ തലപൊക്കി!

ഒടുവിൽ 'ജൂഡാസി' ൻെറ
    മുഖവും കൂടി, ക്കരു-
പ്പിടിപ്പിച്ചേ മതിയാവൂ
    ചിത്രം തീർത്തിറങ്ങുവാൻ!

റോമിലെ കാരാഗൃഹ-
    മുററത്തു ജൂഡാസിൻെറ
രൂപമാതൃകയ്ക്കായി-
    ച്ചെന്നു ഞാനൊരുനാളിൽ.

കൊലയാളികളുടെ
    കല്ലറയഴിക്കൂട്ടി-
ന്നരികിൽ നിന്നൂ: നഗ്ന-
    ബീഭത്സഭാവം കാണാൻ.

പാപത്തിൻ മുഖാകൃതി
    കാണുവാൻ, കൊടുംതമോ-
രൂപത്തിൻ പൈശാചിക
    ദന്തദംഷ്ട്രകൾ കാണാൻ,

ഒച്ചയുമനക്കവു-
    മില്ലാതെ നിന്നൂ ഞാനാ
കൊച്ചിരുമ്പഴിക്കിളി-
    വാതിലിൽക്കണ്ണുംപാകി!

ചെകുത്താനൊരുത്തനാ
    കൂരിരുട്ടറയുടെ-
യകത്തന്നലറിക്കൊ-
    ണ്ടെൻനേർക്കു നീട്ടിത്തുപ്പി:

"ആരു നീ ചായച്ചെപ്പും
തൂവലുംകൊണ്ടെൻ ക്രൂര-
ക്രൂരമാം മുഖച്ഛായ
പകർത്തും താടിക്കാരൻ?

ഇന്നലത്തെപ്പോലിന്നു-
മോർക്കുന്നൂ, കുഞ്ഞുന്നാളിൽ
നിന്നെപ്പോലൊരു ചിത്ര-
കാരനെൻവീട്ടിൽ വന്നു

എൻമുഖസൗന്ദര്യത്തെ
മോഷ്ടിച്ചു പകർത്തുവാൻ
എൻമുന്നിൽ നിന്നൂ... നിൽക്കൂ,
നീയാണോ താടിക്കാരൻ!

ഇല്ല ഞാനിനി, നിൽക്കു-
കില്ല ഞാൻ, നിന്നെക്കൂടി
കൊല്ലണം....."പൊട്ടിച്ചിരി
മാററൊലിക്കൊണ്ടൂ ദൂരെ!

നിന്നു നിസ്തബ്ധം ഞാനാ
കൊലപാതകിയുടെ
നിന്ദയാൽ കരുവാളിക്കുന്ന
പൊയ്മുഖം നോക്കി!

ക്രിസ്തുവിന്നൊരു രൂപ-
മാതൃകയായിക്കണ്ടു-
കിട്ടിയ പണ്ടത്തെയാ
പൈതലോ നിൽപൂ മുന്നിൽ?

ഞെട്ടി ഞാൻ, — ദൈവത്തിൻെറ
കൈക്കുടന്നയിൽനിന്നു
പെററുവീഴുന്നൂ യേശു-
ദേവന്മാർ യുഗങ്ങളിൽ!

അവരെ ജൂഡാസുക-
ളാക്കി,യീ ജയിലറയ്-
ക്കകത്തു തളച്ചാലേ
സംതൃപ്തനാവൂ കാലം!

*കൗമുദി ഓണം വിശേഷാൽപ്രതി ആഗസ്റ്റ് 1965*

# കല്യാണസൗഗന്ധികം

മാനസസരസ്സിൻെറ
        തീരത്തുനിന്നോ, ഗന്ധ-
മാദനഗിരിയുടെ
        താഴ്‌വരക്കാട്ടിൽനിന്നോ,

കാലത്തിൻ തനൂജകൾ
        ഋതുകന്യകൾ, വന്നു
ലാളിച്ചു വളർത്തുന്ന
        പുഷ്പവാടിയിൽനിന്നോ,

മാലമാലയായ്, മലർ-
        മലരായ്, വിരിയുന്ന
മാനത്തെ ഗ്രഹ-താര-
        സഞ്ചയങ്ങളിൽനിന്നോ,

തെന്നലിൻ ഹിമഗംഗാ-
        തരംഗങ്ങളിലൊരു
ധന്യസൗരഭം ചുററു-
        മൊഴുകിപ്പരക്കുന്നു!

ഞാനതിലറിയാതെൻ
        മോഹത്തിൻ കടലാസു-
തോണിയുമിറക്കിക്കൊ-
        ണ്ടിന്നലെത്തുഴയുമ്പോൾ,

നാണിച്ചു മുഖം കുനി-
        ച്ചരികത്തിരിക്കുമെൻ
നായികയുടെ മോഹ-
        മുഗ്ദ്ധമാം ശബ്ദം കേട്ടു:

"പ്രപഞ്ചം നിറയുമീ
        ദിവ്യസൗരഭത്തിൻെറ
പ്രഭവനികുഞ്ജത്തിൽ
        ചെന്നിറങ്ങണം നാഥൻ

എവിടന്നായാലുമാ-
        പ്പൂവിറുത്തെനിക്കിന്നു
തരണം, ശ്ലഥനീല-
        വേണിയിൽ വാരിച്ചൂടാൻ...."

പഞ്ചഭൂതാത്മാവാകു-
മീ ജീവപ്രപഞ്ചത്തെ
പുഞ്ചിരിച്ചെതിരേൽക്കും
പാർവണേന്ദുവെപ്പോലെ,

പഞ്ചപാണ്ഡവർ ഞങ്ങ-
ളഞ്ചുപേരിലും, പ്രേമ-
പഞ്ജരം തീർക്കും രാഗ-
ലോലയെ, പാഞ്ചാലിയെ,

എടുത്തു വാരിപ്പുണർ-
ന്നറിയിച്ചു ഞാൻ: "തങ്കം
എനിക്കു കൈയെത്താത്ത
പൂവില്ലീ പ്രപഞ്ചത്തിൽ...."

ഉന്മത്തയുവത്വത്തിൻ
ജൃംഭിതാഹങ്കാരത്താൽ
എന്മനസ്സിനു പുത്തൻ
കഞ്ചുകമണിഞ്ഞു ഞാൻ.

എതിർപ്പിൻ വജ്രംവച്ചു
കെട്ടിയ ഗദ കൈയി-
ലെടുത്തു; നടന്നു ഞാ-
നജ്ഞാതപുഷ്പം തേടി!

സിന്ധുഗംഗകൾ വാരി-
പ്പൊത്തിയ പുളിനങ്ങൾ
മന്ത്രമണ്ഡപകുംഭ-
ഗോപുരകമാനങ്ങൾ,

സംഗ്രാമകുടീരങ്ങൾ
ഗോകുലമുരളികാ-
സംഗീതലയലീന-
യമുനാതരംഗങ്ങൾ

ഗോപികളുടെ വസ്ത്ര
മലക്കി വിരിക്കുന്ന
ഗോവർദ്ധനോപാന്തങ്ങൾ
വെൺകുളിക്കടവുകൾ

ഋഷിമാർ മന്വന്തര
രൂപശില്പങ്ങൾ തീർക്കാൻ
പശമണ്ണെടുക്കുന്ന
ഹിമവൽപ്രദേശങ്ങൾ.

ഇന്നു ഭാരതപൗരൻ
കൈവിലങ്ങെറി,—ഞ്ഞോടി
വന്നു പൊന്നണിയിക്കും
ഗ്രാമങ്ങൾ, നഗരങ്ങൾ,

കണ്ടു ഞാൻ, മുൻപിൽ
കണ്ടതത്രയും തകർത്തു ഞാൻ
കല്യാണസൗഗന്ധിക-
പ്പൂവനത്തിനു പോകാൻ!

(ക്ഷണഭംഗുരമായ
മോഹത്തിൻ പ്രതീകമായ്
മനസ്സിൽ കൈയും നീട്ടി
ദ്രൗപദിയിരിക്കുന്നു!)

ഞാൻ തകർത്തെറിയാത്ത
മൂല്യങ്ങളില്ലാ—ചെന്നു
ഞാൻ തപസ്സിളക്കാത്ത
പർണ്ണശാലകളില്ലാ

ഞാൻ തട്ടിയുടയ്ക്കാത്ത
മൺപ്രതിമകളില്ലാ
ഞാൻ തല്ലിക്കൊഴിക്കാത്ത
വാടാമല്ലികളില്ല.

ഞാനടിവയ്ക്കുംനേരം
ഞടുങ്ങീ വിശ്വം;—"ഭീമ-
സേന"നെന്നെന്നെച്ചൂണ്ടി
മന്ത്രിച്ചൂ പുരുഷാരം!

ഇത്തിരിയില്ലാത്തവർ
മനുഷ്യർ,—എന്നെക്കണ്ടു
ഞെട്ടിപ്പോയ് വായ്ക്കൈപൊത്തി-
യെനിക്കു വഴിതന്നു!

വായുവേഗത്തിൽ കാല-
ത്തിൻെറ വീഥിയിലൂടേ
പായുമെൻ മുൻപിൽ വന്നു
ശകുനം മുടക്കുവാൻ,

എൻെറ കാൽച്ചവിട്ടേററു
മരിക്കാൻ, കിടക്കുന്ന
തെണ്ടിയാ,രിവനൊരു
മൃഗമോ മനുഷ്യനോ

എവറസ്ററാരോഹണ-
ക്കാരനോ, രാജ്യത്തിൻെറ-
യതിരാക്രമിക്കുന്ന
ചീനനോ ചെകുത്താനോ?

അ;—ല്ലൊരു മുതുക്കനാം
കുരങ്ങൻ,—വഴിമാറു-
കില്ലെങ്കിൽ ചവുട്ടി ഞാ-
നരയ്ക്കും ശവത്തിനെ!

കുരങ്ങൻ പരിഹാസ-
ച്ചിരിയും പൊഴിച്ചുകൊ-
ണ്ടിരുന്നൂ മേലെമ്പാടും
ചൊറിഞ്ഞു പേനും കുത്തി!

'രണ്ടുനാലടി മാറി-
പ്പോവുകെ,'ന്നെന്നോടാംഗ്യം
കൊണ്ടവനറിയിച്ചു:
ഞാൻ കത്തിജ്ജ്വലിച്ചുപോയ്!

വാക്കുകളസ്ത്രങ്ങളാ-
യേററുമുട്ടുന്നൂ;—കളി-
യാക്കുവാൻ കുരങ്ങന്മാർ-
ക്കെങ്ങനെ നാവുണ്ടായീ?

എൻെറ കൈയിലെ ഗദ-
കൊണ്ടുഞാ,—നൊടുക്കുമാ
തെണ്ടിതൻ വാലിത്തിരി
തോണ്ടിമാററുവാൻ നോക്കി!

എല്ലുമൂപ്പുണ്ടാവണം
വാലനങ്ങുന്നി, — ല്ലെൻെറ-
യുള്ളിലെയഭിമാന-
മല്പമൊന്നുലഞ്ഞുവോ?

കളിയാക്കുന്നൂ, കാട്ടിൽ
പച്ചിലക്കിളികളോ
കരളിൻകൊട്ടാരത്തി-
ലിരിക്കും സൈരന്ധ്രിയോ?

ശക്തികൾ സമസ്തവും
സംഭരിച്ചൊടുവിലാ
മർക്കടപുച്ഛാഗ്രത്തിൽ
ഗദ ഞാൻ കടത്തവേ,

കുരങ്ങൻ ചിരിച്ചുകൊ-
ണ്ടെന്നോടു ചോദിക്കുന്നു:
"ഞെരിയുന്നതു വാലോ
ഭീമൻെറ ഗദാഗ്രമോ?"

ശക്തമെൻ ഗദ ഞെരി-
ഞ്ഞൊടിഞ്ഞൂ, കാട്ടിൽക്കണ്ട
മർക്കടത്തിനു മുൻപിൽ
തോററുപിൻവാങ്ങീ ഭീമൻ!

കുരങ്ങൻ കൈകാൽ കുട-
ഞ്ഞൊന്നെഴുന്നേററു, കള്ള-
ച്ചിരിയും ചിരിച്ചെൻെറ
തോളത്തു കൈയിട്ടോതീ:

"കാട്ടിലെ മരഞ്ചാടി-
ക്കുരങ്ങല്ല ഞാൻ, നിൻെറ
ജ്യേഷ്ഠനാ;—ണെന്നെക്കണ്ടി-
ട്ടറിഞ്ഞില്ലനുജൻ നീ!

പൊയ്പോയ കാലത്തിൻെറ
നിത്യശാദ്വലഭാവ-
ശില്പത്തിൻ പ്രതീകം ഞാൻ
സംസ്കാരസ്വരൂപം ഞാൻ!

ആദിയി'ലമീബ'തൊ-
ട്ടായിരം യുഗങ്ങളിൽ
ആയിരം പരിണാമ-
ഭിന്നരൂപികളായി,

ഇപ്രപഞ്ചത്തിൻ വ്യാസ-
ത്തോള,മെന്നാത്മാവിൻെറ
ശില്പശാലയെ വലു-
താക്കിയ മനുഷ്യൻ ഞാൻ!

നിന്നിലെ വിചാരങ്ങൾ
നിന്നിലെ വികാരങ്ങൾ
നിന്നിലെക്കിനാവുകൾ
നിന്നിലെ സങ്കല്പങ്ങൾ

ആത്മാവിൻ കൈകൊണ്ടൊന്നു
ചികഞ്ഞാ,ലവയുടെ-
യാദ്യത്തെ വേരും വിത്തും
കാണുമെൻ ഹൃദയത്തിൽ.

എന്നിലെയനശ്വര-
ശക്തിയും ചൈതന്യവും
നിന്നന്തർനാളങ്ങളി-
ലൊഴുകിച്ചേർന്നില്ലെങ്കിൽ

ഈ യുഗത്തിനു നിന്നെ-
ക്കൊണ്ടൊന്നുമാവില്ലല്ലോ
നീയൊരു വെറും തൊണ്ടായ്
വീണടിഞ്ഞേക്കും മണ്ണിൽ

ബ്രഹ്മാണ്ഡബഹിരന്ത-
ശ്ചലനങ്ങളിൽനിന്നു
കർമ്മചൈതന്യം നേടാ,-
നല്ലെങ്കിലാവില്ലല്ലോ!

ഉള്ളിലെ മോഹത്തിനെ
ലഹരിപിടിപ്പിച്ച
കല്യാണസൗഗന്ധിക-
മെന്നിലേ കണ്ടെത്തൂ നീ!

എന്നന്തഃപുരവാതിൽ
തുറക്കൂ; നീയാ നിത്യ
സുന്ദരസുരഭില-
മല്ലികയെടുത്തോളൂ!"

ആ മാനുഷകത്തിൻെറ-
യാ വിശ്വരൂപത്തിൻെറ
മാനസപ്പൂവിന്നുള്ളി-
ലുറങ്ങിയുണർന്നൂ ഞാൻ!

*1965*

# കിഴവനാം ഈശ്വരൻ

പഞ്ചാഗ്നിമദ്ധ്യത്തിൽ നിർന്നിമേഷാക്ഷനായ്
പഞ്ചേന്ദ്രിയങ്ങളടക്കി നിസ്സംഗനായ്

ഈശ്വരൻ, സൃഷ്ടിസ്ഥിതിലയകാരിയാ-
മീശ്വരൻ നിന്നൂ തപഃസമാധിസ്ഥനായ്.

ഈ സംക്രമോഷസ്സിലീ യുഗാരംഭത്തിൽ
ഈ ശൂന്യബാഹ്യപ്രപഞ്ചത്തിലേകനായ്

ദൈവം മനുഷ്യനെ ധ്യാനിച്ചു ഭൂമിയിൽ
കൈവിട്ടുപോയ കിരീടങ്ങൾ നേടുവാൻ

ആദിചൈതന്യബീജാക്ഷരമന്ത്രമായ്
വേദവേദാന്താർത്ഥമൂലപ്രണവമായ്

മന്വന്തരങ്ങളിലൂടെ പരിണാമ-
ധന്യമായ്ത്തീർന്ന മാനുഷികശക്തിയെ

പഞ്ചഭൂതാത്മകപഞ്ജരകോടിയിൽ
സഞ്ചിതമായ സർഗ്ഗാത്മകശക്തിയെ

തന്നിലാവാഹിച്ചുനിർത്തി സ്വയമന്ത-
രിന്ദ്രിയമേകാഗ്രമാക്കി നിശ്ചേഷ്ടനായ്

നിന്നൂ കിഴവനാമീശ്വരൻ, പൊയ്പോയ
സ്വർണ്ണസിംഹാസനം സ്വായത്തമാക്കുവാൻ.

ചക്രവാളംതൊട്ടുചക്രവാളംവരെ-
യഗ്നിസ്ഫുലിംഗശതങ്ങൾ പറത്തിയും

ഉഗ്രതപോനലജ്വാലയിൽ തൻ ശുഷ്ക-
വിഗ്രഹം തേജോനിബിഡമായ് നിർത്തിയും

നിത്യത്രികാലജ്ഞനായ മനുഷ്യനെ
പ്രത്യക്ഷമാക്കുവാൻ ദൈവമൊരുങ്ങവേ

ശ്രദ്ധിച്ചതേയില്ല പണ്ടത്തെയാജ്ഞാനു-
വർത്തിയാം കാലവുമണ്ഡകടാഹവും.

ഒന്നുമറിയാത്ത ഭാവത്തിലെപ്പൊഴും
നിന്നു ജ്വലിച്ചു ദിവാകരമണ്ഡലം

സൗരയൂഥത്തിൻെറ മാനസപുത്രിയാം
മാരിവി,ല്ലന്നും വിതാനിച്ചു വിണ്ടലം!

ആകാശഗംഗയിൽ വന്നു നീരാടിയും
ആപാദചൂഡം പനിനീരിൽ മുങ്ങിയും

അന്നും നവഗ്രഹതാലങ്ങളുംകൊണ്ടു,
വന്നു പ്രകൃതി മനോഹരരൂപിണി;

ആയിരംവട്ടമൃതുക്കൾ കടന്നുപോയ്
ആയിരം നക്ഷത്രദീപം കടന്നുപോയ്

ആരുമറിഞ്ഞില്ലപാരതയിൽ ദൈവ-
മാചരിക്കുന്ന തപസ്സിൻെറ ഗൗരവം!

സത്യം വിളയും ഖനികളന്വേഷിച്ചു
മിഥ്യതൻ മൺപുററുടച്ചുടച്ചങ്ങനെ

ആദിമദ്ധ്യാന്തങ്ങളില്ലാത്ത കാലമാം
വീഥിയിലൂടെ മനുഷ്യൻ നടക്കവേ,

അന്നൊരുനാളവൻ കണ്ടൂ — വളർന്നൊരു
വല്മീകവുമതിനുള്ളിലെ രൂപവും

നിശ്ചലധ്യാനത്തിൽ നിന്നുണർന്നാസന്ന-
മൃത്യുവാം ദൈവം തുറന്നു കൺപീലികൾ

ഈ പ്രപഞ്ചത്തിൻെറ സർഗ്ഗചൈതന്യമായ്
അപ്രമേയാത്ഭുതശക്തിസ്വരൂപമായ്

പ്രത്യക്ഷനായ മനുഷ്യന്നു കണ്ണുനീർ-
മുത്തുകൾ കാഴ്ചവെച്ചഞ്ജലീബദ്ധനായ്

അന്നു കിടന്ന കിടപ്പിൽ കിടന്നുകൊ-
ണ്ടന്ത്യാഭിലാഷമറിയിച്ചിതീശ്വരൻ:

“മിത്ഥ്യ പരാജയപ്പെട്ടു — ജയിക്കുന്നു
സത്യം; മറക്കാതിരിക്കുകീ വൃദ്ധനെ....”

അന്നു മരിച്ച ദൈവത്തിന്നു തീർത്തു നാം
മണ്ണിലൊരുജ്ജ്വലസ്മാരകമന്ദിരം!

ദൈവമുയർത്തെഴുന്നേല്ക്കുമെന്നാശിച്ചു
ദേവാലയമെന്നതിന്നു പേരിട്ടു നാം.

*1966*

## കലാമുകുളങ്ങൾ

കാലമുഷസ്സിൻെറ നാട്ടിലെ മാണിക്യ-
മാലയുമായ് മണിത്തേരിലെത്തീടവേ

രോമഹർഷങ്ങൾതൻ ഹംസങ്ങൾ നീന്തുന്നു
മാമലനാടിൻ മനസ്സിൻ യമുനയിൽ

ഓമൽക്കലാമുകുളങ്ങളേ, നിങ്ങൾതൻ
താമരത്താലം വിരിയാവു നിത്യവും!

എന്നിലെ സ്വപ്നങ്ങൾ തുമ്പികളെപ്പോലെ
വന്നുമ്മവയ്ക്കാൻ കൊതിക്കുന്നു നിങ്ങളെ!

*'യുഗചലനം' ഒന്നാം ലക്കം ജൂൺ 1968*

## കണ്ണുനീരോ പനിനീരോ

1
കാവിയുടുപ്പുമായ് കാറ്റുകൊള്ളാൻവരും
കർപ്പൂരമേഘമേ,
ക്ലാവുപിടിച്ചനിൻ പിച്ചളമൊന്തയിൽ
കണ്ണുനീരോ പനിനീരോ-
തൂമിൽതൂലികകൊണ്ടു നീ -എത്രയോ
പ്രേമകഥകൾ രചിച്ചു-
എല്ലാ കഥകളും അന്ത്യരംഗങ്ങളിൽ
എന്തിനു കണ്ണീരിൽ മുക്കി?
ദാഹനീർതൂകി നീ ഈ വനഭൂമിയിൽ
മോഹലതകൾ പടർത്തി?
എല്ലാ ലതകളും പൂത്തുതുടങ്ങുമ്പോൾ
എന്തിനു തല്ലിക്കൊഴിച്ചു?

### മറുപടി

2
അസ്തമനക്കടലിന്നകലെ അകലെ
അജ്ഞാതദ്വീപിലെ
അരയന്നതിരമാലകളേ, നിങ്ങളെ
ആരു ദൂതിന്നയച്ചു.
പാർവ്വണചന്ദ്രിക പകലിരുന്നുറങ്ങും
പഞ്ചലോഹമേടയിലെ
അനുരാഗവിവശയാമേതോനായിക
അയച്ചതാവാമവരെ.
പറഞ്ഞാലും തീരാത്ത പ്രേമരഹസ്യം
കരയുടെ കാതിൽ പറയും
തിരയുടെ വെള്ളപ്പളുങ്കുതാളിൽ
തീരം മറുപടിയെഴുതും.

### മുത്തേ വാ

3
ആടു മുത്തേ ചാഞ്ചാടു മുത്തേ
ആലിമാലിപൊന്നൂഞ്ഞാലാടുമുത്തേ
ഇന്നല്ലോ പുത്തിരുനാള്
പൊന്നുംകുടത്തിനു പുത്തിരുന്നാള്.

അമ്പാടി കുഞ്ഞുപിറന്നോ-
രഷ്ടമിരോഹിണിനാള്
ആടുമുത്തേ ചാഞ്ചാടുമുത്തേ
ആലിമാലിപൊന്നൂഞ്ഞാലാടു മുത്തേ

അരമണികിങ്ങിണിക്കെട്ടിക്കൊണ്ടേ
അണിയാ പൂ ചൂടിക്കൊണ്ടേ
മുറ്റംനിറയെപ്പൂവിട്ടങ്ങനെ
മുത്തേ വാ മുത്തം താ.

*മലയാളരാജ്യം വിശേഷാൽ പ്രതി, 1969*

## പൊയ്മുഖം

ഉത്തരായനപ്പക്ഷി
വാസരവെയിൽപ്പക്ഷി,
പിച്ചളച്ചിറകടി-
ച്ചെത്തുമീ മദ്ധ്യാഹ്നത്തിൽ,

രണ്ടുഭാഗത്തും തഴ-
ചെത്തിയ കോൽക്കൈതകൾ-
കൊ,ണ്ടതിർത്തിരിച്ചോരാ
ഗ്രാമവീഥിയിലൂടെ

നടന്നുനടന്നെത്തീ;
ചെമ്പരുത്തികൾ പൂത്തു
പടർന്നു പുറവേലി
കെട്ടുമീ വീട്ടിന്നുള്ളിൽ!

കൃത്രിമബാഷ്പം വീണു
നനഞ്ഞും ശബ്ദച്ചെപ്പിൽ
ഗദ്ഗദച്ചരലിട്ടു
പതുക്കെക്കിലുക്കിയും

അസ്വാസ്ഥദുഃഖത്തിൻെറ
മുഖംമൂടികളിട്ട
ദുസ്സ്വപ്നങ്ങളെപ്പോലെ
ചുററിലും ജനം നിന്നു!

പൊള്ളുന്ന കൈയും നീട്ടി
വെയിൽ ചെ,ന്നവരുടെ-
യുള്ളിൽനിന്നുരിഞ്ഞിട്ട
കറുത്ത പുതപ്പുകൾ,

മൃത്യുവി,ന്നകത്തുന്നു
പുറത്തേക്കിറങ്ങുവാൻ
മുററത്തു കരിനിഴൽ
വിരിച്ച വിരിപ്പുകൾ,

കണ്ടു ഞാൻ നിന്നു; കാറിൽ-
നിന്നെൻെറ തെർമോഫ്ളാസ്കും-
കൊണ്ടു ഡ്രൈവറും പ്യൂണും
വന്നെത്തുന്നതുവരെ

(മന്ത്രിയായതിൽ പിന്നെ
നടന്നാൽ വെയിൽ കൊണ്ടാ-
ലെന്തൊരു ദാഹം!—സിരാ
പടലം വരളുന്നു!

ഇന്നത്തെത്തിരക്കിൽ ഞാ-
'നിൻസുളി'നെടുത്തില്ല,
സ്വർണ്ണഭസ്മവും തേനും
ചാലിച്ചു കഴിച്ചില്ല!)

മച്ചിലും ചുമരിലും
വെൺചിതലുകൾ, ചൈനീ-
സക്ഷരം വരയ്ക്കുമാ
പൂമുഖവരാന്തയിൽ,

ചെങ്കൊടി പുതപ്പിച്ചു
കിടത്തിയിരിക്കുന്നു,
സംഗരഭൂവിൽ വീണു
മരിച്ച സഖാവിനെ!

സത്യത്തിൻ നിറം ചുവ-
പ്പാണെങ്കിൽ, ചുവപ്പിൻെറ
അക്ഷയഖനി തേടി-
നടന്ന സുഹൃത്തിനെ,

മനസ്സും മസ്തിഷ്കവും
തുടിക്കെ,ശ്ശബ്ദംകൊണ്ടും
പടഹം മുഴക്കിയ
ധീരവാഗ്മിത്വത്തിനെ,

പത്രക്കാർ പറഞ്ഞതുപോലെ,-
'യാത്മാവിൻ മുഖം
പർദ്ദയാൽ മറയ്ക്കാത്ത'
നിഷ്കളങ്കത്വത്തിനെ,

ഒന്നു നോക്കി ഞാൻ,—ക്രൂര-
ക്രൂരമാം മരണത്തിൻ
കണ്ണുകൾപോലും ഞെട്ടി-
ക്കൂമ്പിപ്പോയിരിക്കണം!

കണ്ടിട്ടില്ലദ്ദേഹത്തെ,
പുറമ്പോക്കിലെ,യഞ്ചു
സെൻറിനോ, വനത്തിനോ
മന്ത്രിമന്ദിരങ്ങളിൽ!

കണ്ടിട്ടില്ലദ്ദേഹത്തെ-
യുദ്യോഗാർത്ഥികളേയും-
കൊണ്ടു സഞ്ചരിക്കുന്ന
വാഹനലക്ഷങ്ങളിൽ!

റോഡുകൾ,—തലസ്ഥാന-
നഗരരക്ഷസ്സിൻെറ
നാടാകെപ്പടരുന്ന
നീലിച്ച ഞരമ്പുകൾ, —

അവയിൽ ചീറിപ്പായും
കാറുകൾ, മുദ്രാവാക്യ-
ധ്വനികൾ—തീർന്നൂ രാഷ്ട്ര-
നിർമ്മാണചലച്ചിത്രം!

അച്ചലച്ചിത്രത്തിര-
ശ്ശീലയിൽ നടനായി
കച്ചകെട്ടാതേ, സംവി-
ധായകരറിയാതേ,

മണ്ണിനുവേണ്ടിപ്പട-
വെട്ടിയ മനുഷ്യൻെറ
മുന്നിൽനിന്നൊരു ഭടൻ
വീണിതാ കിടക്കുന്നൂ!

(എൻെറ പോലീസിൻ വെടി-
യുണ്ടയേററല്ലോ വീണ;-
തെന്നിലെച്ചിതയിലേ
ഞാനിതു ദഹിപ്പിക്കൂ!)

സ്പേയ്സിലൊരു ബിന്ദു-
വെത്രയോ പരിണാമ-
രാസപ്രക്രിയകളിൽ
വളർന്നു തേജസ്സായി

മുന്നിലെ സ്ഥലകാല-
ചക്രവാളങ്ങൾ, ശക്തി-
സ്യന്ദനങ്ങളിലേറി-
ക്കീഴടക്കുവാൻ പോകേ,

യുഗങ്ങളണിയിച്ച
പൊയ്മുഖങ്ങളെ ദൂരെ-
യെറിയാൻ കുജശുക്ര-
ചന്ദ്രകന്യകൾ നില്ക്കേ

ആദ്യമായ് മനസ്സിലെ
മുഖംമൂടികളൂരി-
ക്കാററത്തു പറത്തിയ
ധീരനാം മനുഷ്യനെ,

ഒന്നു നോക്കീ ഞാൻ;—മുന്നിൽ,
കൊളുത്തിക്കെടുത്തിയ
കണ്ണുനീർത്തിരിയുമായ്
ജീവിതമിരിക്കുന്നു!

കക്ഷിരാഷ്ട്രീയത്തിൻെറ
പൊയ്മുഖമനക്കാതെ,
പുഷ്പചക്രങ്ങൾ മൃത-
ദേഹത്തിൽ ഞാനർപ്പിക്കെ,

ക്യാമറ കണ്ണാടിക്കൺ-
പീലികൾ തുറക്കുന്നൂ;
കാലമെന്നാത്മാവിൻെറ
പർദ്ദകളഴിക്കുന്നൂ!

*1969*

## വെളിച്ചമേ, നയിക്കൂ!

വിശ്വമാകെ വെളിച്ചം വിടർത്തുന്ന
വിപ്ലവത്തിൻെറ രക്തനക്ഷത്രമേ,
റഷ്യ, രാജ്യാന്തരങ്ങളെച്ചൂടിച്ച
പുഷ്യരാഗസ്വയംപ്രഭാരത്നമേ!

കാലസാഗരം വിപ്ലവത്തിൻ കൊടും-
കാററുകൊണ്ടു മനുഷ്യൻ കടഞ്ഞനാൾ,
നീയുദിച്ചൂ യുഗചക്രവാളത്തിൽ
നീയുദിച്ചി,തൊരഗ്നിസ്ഫുലിംഗമായ്!

ആ ലെനിൻെറ രഥപതാകയ്ക്കുമേൽ
ആദ്യമായ് കണ്ടു നിൻെറ മന്ദസ്മിതം.
ആ ലെനിൻെറ പടകുടീരത്തിൽനി-
ന്നാദ്യമായ് കേട്ടു നിൻെറ ധീരസ്വരം:
"വെട്ടിമാററുകീച്ചങ്ങലകൾ,—പട-
വെട്ടി നേടുക വിശ്വസമ്പത്തുകൾ...."

വിഗ്രഹങ്ങൾ തകർന്നനാൾ, മർദ്ദിത-
വർഗ്ഗശക്തിയൊരു യുഗം തീർത്തനാൾ,
ക്രെംലിനിലെത്തൊഴിലാളി, മാനവ-
ധർമ്മശൈലി തിരുത്തിക്കുറിച്ചനാൾ,

ആ യുഗത്തിൻെറയാദ്യപ്രഭാതത്തിൽ,
വോൾഗയിൽ കുളിച്ചെത്തിയ തെന്നലിൽ,
ആ ലെനിൻെറ മിഴികളിൽ, സംക്രമ-
ജ്വാലയായി നീ രക്തനക്ഷത്രമേ.

ദിങ്മുഖങ്ങൾ ചുവന്നു; പുതിയൊരു
കർമ്മവീഥി തുറന്നു നീ ഭൂമിയിൽ,
മാർക്സിസത്തിൻെറ വീഥി, യുഗതത്വ-
ശാസ്ത്രവീഥി;—നയിക്കൂ വെളിച്ചമേ!

നൽപ്രകാശം വലിച്ചുകുടിക്കുവാൻ,
നിൻ വികാരം ഞരമ്പിൽ കൊളുത്തുവാൻ
നിന്നെ ഞങ്ങൾക്കു കാണിച്ചുതന്നൊരാ
ധന്യജീവിതം മാതൃകയാക്കുവാൻ,

ആ കരങ്ങൾ പിടിച്ച കൊടിയുമായ്
ആ സ്മരണകൾ തന്ന പൂച്ചെണ്ടുമായ്,
ഇശ്ശതാബ്ദിതൻ പൂമുഖത്തിങ്കൽനി-
ന്നിന്ത്യ വീണ്ടും പുതുക്കും പ്രതിജ്ഞകൾ

ഇന്ത്യയോർക്കും ലെനിനെ; മനുഷ്യന്റെ
കണ്ണിൽ ബാഷ്പം നിറയുമ്പൊളൊക്കെയും.
ഇന്ത്യയോർക്കും ലെനിനെ: വിലങ്ങുകൾ
വന്നു കൈകളിൽ വീഴുമ്പൊളൊക്കെയും.

ഇന്ത്യയോർക്കും ലെനിനെ: പടിഞ്ഞാറു
ഗന്ധകപ്പുക പൊങ്ങുമ്പൊളൊക്കെയും.
ഇന്ത്യയോർക്കും ലെനിനെ: വിയററ്നാമിൽ-
നിന്നു ഗദ്ഗദം കേൾക്കുമ്പൊളൊക്കെയും.

ഇന്ത്യയോർക്കും ലെനിനെ: സയൻസിന്റെ
യന്ത്രപക്ഷി പറക്കുമ്പൊളൊക്കെയും.
ഇന്ത്യയോർക്കും ലെനിനെ: മനുഷ്യന്റെ
മുന്നിൽ ദൈവം മരിക്കുമ്പൊളൊക്കെയും!

വിശ്വമാകെയുണർത്തു, മൊക്ടോബർ-
വിപ്ലവത്തിന്റെ രക്തനക്ഷത്രമേ,
റഷ്യ രാജ്യാന്തരങ്ങളെച്ചൂടിച്ച
പുഷ്യരാഗസ്വയംപ്രഭാരത്നമേ,

നിന്നിൽനിന്നു കൊളുത്തിയെടുത്തതാ-
ണെന്നിലിന്നുള്ള തീയും വെളിച്ചവും!
നിന്നിൽനിന്നു പകർന്നു നിറച്ചതാ-
ണെന്നിലിന്നുള്ള രാഗവും താളവും!

*10 മെയ് 1970*

## എൻെറ ദന്തഗോപുരത്തിലേക്ക് ഒരു ക്ഷണക്കത്ത്

ഞാനെൻെറ വല്മീകത്തി-
    ലിത്തിരിനേരം, ധ്യാന-
ലീനനായിരുന്നതു
    മൗനമായ് മാറാനല്ല.

മൗനത്തെ മഹാശബ്ദ-
    മാക്കുവാൻ, നിശ്ചഞ്ചല-
ധ്യാനത്തെ ചലനമായ്
    ശക്തിയാ,—യുണർത്തുവാൻ,

അന്തരിന്ദ്രിയനാഭി-
    പത്മത്തിനുള്ളിൽ, പ്രാണ-
സ്പന്ദങ്ങൾ സ്വരൂപിച്ചു
    വിശ്വരൂപങ്ങൾ തീർക്കാൻ.

അവയും ഞാനും തമ്മി-
    ലൊന്നാവാൻ, യുഗചക്ര-
ഭ്രമണപഥങ്ങളി-
    ലുഷസ്സായ് നൃത്തംവയ്ക്കാൻ

ഞാനെൻെറ വല്മീകത്തി-
    ലിത്തിരിനേരം, ധ്യാന-
ലീനനായിരുന്നുപോയ്;
    മനസ്സിൻ സർഗ്ഗധ്യാനം!

ഉടവാളുരുക്കി ഞാൻ
    വീണതീർത്തത്, *നാവി-
ലുറക്കുപാട്ടുംപാടി
    സഞ്ചരിക്കുവാനല്ല.

കാററടിച്ചിളക്കുന്ന
    കാലത്തിൻ ധീരസ്വരം
മാററത്തിൻ 'രാഗം താനം
    പല്ലവി'യാക്കാനല്ലോ.

* നാട്ടിലുറക്കുപാട്ടുംപാടി (പാഠഭേദം)

മനുഷ്യമസ്തിഷ്കത്തോ-
 ടല്ല, മാംസത്തോടല്ല;
മനസ്സിനോടേ, കാവ്യ-
 ഹൃദയം സംസാരിക്കൂ.

പടവാളിനേക്കാളും
 വീണയ്ക്കേ, വൈകാരിക-
പരിവർത്തനങ്ങളെ
 മനസ്സിൽത്തീർക്കാനാവൂ!

നാലുകെട്ടുകൾക്കുള്ളിൽ
 പൂർവികരുടെ പട-
വാളിനു പൂവർച്ചിച്ച
 പൂണൂലിൻ പാരമ്പര്യം,

അവയോടൊപ്പം വലി-
 ച്ചെറിഞ്ഞു മനുഷ്യന്റെ
കവിയായ് ദശാബ്ദങ്ങൾ
 പിന്നിട്ടു വരുന്നൂ ഞാൻ!

ഉടഞ്ഞു കിടക്കുന്ന
 വിഗ്രഹങ്ങളെ മണ്ണോ-
ടടിഞ്ഞു തകരുന്ന
 ഞാനെന്ന ഭാവങ്ങളെ,

നഗ്നപാദനായ് പിന്നി-
 ട്ടെത്തി ഞാൻ;—ആത്മാവിലെ
ഭദ്രദീപത്തിൻ പട്ടു-
 നൂൽത്തിരി കെടുത്താതെ!

ഞാനെന്റെ വല്മീകത്തി-
 ലിത്തിരിനേരം ധ്യാന-
ലീനനായിരുന്നപ്പോൾ
 ശബ്ദമുണ്ടാക്കീ നിങ്ങൾ.

ദന്തഗോപുരമെന്നു
 പേരിട്ടു —രക്തത്തിന്റെ
ഗന്ധമുള്ളൊരീക്കൊച്ചു-
 വല്മീകത്തിനു നിങ്ങൾ!

മൺകുടങ്ങളിൽ ഭൂത-
 ത്താന്മാരെയടയ്ക്കുന്ന
മന്ത്രശക്തിയുമായി
 കാലത്തിൻ കടൽക്കരെ

കല്ലെറിഞ്ഞുടയ്ക്കുവാൻ
വന്നു നിൽക്കുന്നു; ശൈലീ-
വല്ലഭന്മാരാം നിങ്ങൾ
പൊയ്മുഖങ്ങളുമായി!

എറിഞ്ഞാലുടയില്ല
മന്ത്രാസ്ത്രനിര വാരി-
ച്ചൊരിഞ്ഞാൽ മുറിയില്ലീ
മൺപുററിൻ രോമംപോലും!

അറിയില്ലെങ്കിൽ ചെന്നു
ചോദിക്കൂ, മനസ്സിലെ
മറവിയുറക്കിയ
മൗനത്തോ,ടെന്നെപ്പററി.

അനുഭൂതികൾ വന്നു
വിരൽതൊട്ടുണർത്തുമ്പോൾ
അവയോടന്വേഷിക്കൂ
കവിയാമെന്നെപ്പററി

അകത്തെച്ചിപ്പിക്കുള്ളിൽ
സ്വപ്നത്തിൻ മുത്തുണ്ടെങ്കിൽ
അതിനോടന്വേഷിച്ചാ-
ലറിയാമെന്നെപ്പററി.

നാളത്തെ പ്രഭാതത്തിൻ
സിന്ദൂരാരുണജ്വാലാ-
നാളങ്ങൾ പറയുമീ-
ത്തീയിൻെറയിതിഹാസം!

വിരിയും വൈശാഖത്തിൻ
പത്മരാഗങ്ങൾ നാളെ-
പ്പറയും ചോദിച്ചാലീ
പൂവിൻെറയിതിഹാസം!

ചോദിക്കാനറിയുവാൻ
മടിയാണെങ്കിൽ, നിങ്ങ-
ളീ ദിനരാത്രങ്ങൾതൻ
വെളിച്ചങ്ങളിലൂടേ,

നഗ്നപാദരാ,—യെൻെറ
'ദന്തഗോപുര'ത്തിലേ-
ക്കെത്തുക; വരവേല്ക്കാൻ
വാതില്ക്കലുണ്ടാവും ഞാൻ!

ഞാനെൻെറ വല്മീകത്തി-
ലിത്തിരിനേരം, ധ്യാന-
ലീനനായിരുന്നതു
മൗനമായ് മാറാനല്ല!

*1970*

## കറുത്ത മരണം!

സ്പെയ്സിലെയൊരു ബിന്ദു
 വളർന്നു വികസിച്ചീ
രാശിചക്രത്തിൻ കോണി-
 ലനലസ്ഫുലിംഗമായ്

ഭ്രൂലതാചലനത്താൽ,
 ആ മൂകസ്ഫുലിംഗത്തെ
കാലമൊരുദയത്തിൻ
 രംഗജ്വാലയായ് മാററി

ഭൂചക്രവാളങ്ങൾക്കു
 കണ്ടുനില്ക്കുവാൻ, പഞ്ച-
ഭൂതങ്ങളഴിയിട്ടൊ-
 രസ്ഥിപഞ്ജരം കൂട്ടി,

അതിലിട്ടാ ജ്വാലയെ
 മുത്താക്കിക്കിലുക്കിക്കൊ-
ണ്ടിതിലേ നടന്നൊരു
 കറുത്ത മരണമേ —

നിത്യവുമനിത്യവുമായ
 മായതൻ, ശുഷ്ക-
രഥ്യയിലൂടേ തേരി-
 ലെത്തിയ മരണമേ,

എന്തിനീ പാടാൻവന്ന
 പാണന്റെ കുടിൽമുററ-
ത്തന്തിക്കു നീയാ കൂടു
 ചരടിൽ കെട്ടിത്തൂക്കി?

ഇന്നുകാലത്താക്കൂടും-
 കൊണ്ടു നീ പോയപ്പോഴും
ഇന്നലെയതുംകൊണ്ടു
 വന്നുകേറിയപ്പോഴും,

നിന്നെ ഞാൻ ശ്രദ്ധിച്ചില്ല;
ഞാനൊററയ്ക്കിവിടേക്കു
വന്നനാൾതൊട്ടേ നിന്നെ
പുച്ഛമായിരുന്നില്ലേ?

ഒന്നിപ്പോളറിയിക്കാം;
നിൻെറ മുത്തിലെ ജീവ-
സ്പന്ദനസംഗീതമെൻ
വീണയിൽ തുടിക്കുന്നു!

1971

# അദ്ധ്വാനത്തിൻ വിയർപ്പാണു ഞാൻ

മൂടിക്കെട്ടിയ മൗനമല്ല, നിഴലിൻ
നീലത്തടാകങ്ങളിൽ
വാടിക്കൂമ്പിയ മോഹഭംഗമലരിൻ
മൊട്ടല്ല മുത്തല്ല ഞാൻ
കാടിന്നുള്ളിലരിച്ചു വീണ വെയില,-
ല്ലന്തർമുഖധ്യാനമാം
കൂടിന്നുള്ളിലെ നിദ്രയല്ല, പുലർകാ-
ലത്തിൻ ചുവപ്പാണു ഞാൻ.

മുററത്തെത്തുളസിത്തറയ്ക്കലെരിയും
തൃക്കൽവിളക്കല്ല, വെൺ-
കൊററപ്പൂങ്കുടചൂടി വാണ നൃപവം-
ശത്തിൻ വിഴുപ്പല്ല ഞാൻ.
ഒററയ്ക്കല്ല, മനുഷ്യമാനസദിവാ-
സ്വപ്നങ്ങൾതൻ പൊൻകതിർ-
ക്കററക്കെട്ടു ചുമന്നു വന്നയുഗസ-
ത്യത്തിൻ വിയർപ്പാണു ഞാൻ!

ജ്ഞാനം, — വിശ്വവികാസസംസ്കൃതി,യുമ-
ന്നെത്തിച്ച വിജ്ഞാന, — മെൻ
പ്രാണസ്പന്ദനതാളമാക്കി വിടരും
ചൈതന്യമായ് വന്നു ഞാൻ.
ഞാനദ്ധ്വാന, — മെനിക്കുവേണ്ടിയുണരും
നൂററാണ്ടിലെ സംക്രമ-
സ്ഥാനത്തെന്തിതൊരന്ധകാരശിഖരം
നീ നട്ടു വേദാന്തമേ?

നീയിന്ത്യയ്ക്കൊരു ശാപമായി വരുമെ-
ന്നാരോർത്തു, യജ്ഞപ്പുക-
ത്തീയിൽ പണ്ടു കുരുത്ത മാനവമഹാ-
സംസ്കാരമല്ലല്ലി നീ?
ചായില്യങ്ങൾ വരച്ച പൊയ്മുഖവുമായ്
നിൻ മന്ത്രവാദം നിന-
ക്കീയില്ലത്തു നിറുത്തുവാൻ സമയമാ-
യില്ലേ സമൂഹാന്ധതേ!

ഓരോ സൂക്ഷ്മവുമീയപാരതയിലെ
സ്ഥൂലത്തെയുൾക്കൊള്ളുവാൻ
വേരോടിച്ചുവളർന്നുവന്ന പരിണാ-
മങ്ങൾക്കു ദൃക്സാക്ഷിയായ്,
ഈ രോഗാതുരമാം യുദ്ധത്തിനമൃതും
കൊണ്ടെത്തുമെൻ ചന്ദന-
ത്തേരോടും വഴിവിട്ടുമാറുകകലേ
മിഥ്യാഭിമാനങ്ങളേ!

1971

## ഉത്സവദ്വീപ്

ഇന്നലെ രാത്രി വിടർത്തിയ പുഷ്പങ്ങൾ
ഇന്നു വെളുത്തപ്പോളെവിടെപ്പോയ്?
മണ്ണിൽ പൊക്കിൾക്കൊടി നട്ട പുഷ്പങ്ങൾ
ഇന്നു വെളുത്തപ്പോളെവിടെപ്പോയ്?

മന്വന്തരങ്ങൾതൻ രക്താസ്ഥിമജ്ജകൾ
മണ്ണിൽ ജ്വലിപ്പിച്ച സൗന്ദര്യം
വാരിപ്പുരട്ടിയ സിന്ദൂരപുഷ്പങ്ങൾ
നേരം വെളുത്തപ്പോളെവിടെപ്പോയ്?

ഈറൻ ഞൊറിയുമിളംകാറ്റോ — ഭൂമി
മാറുമറയ്ക്കുമിളംവെയിലോ
വേലി കഴിയാത്ത സ്വപ്നങ്ങളോ—മുള്ളിൽ
വീണു മുറിവേറ്റ ദുഃഖങ്ങളോ

പൂണൂലുമോലക്കുടയുമായ് മണ്ഡലം-
പൂജയ്ക്കു പോയ വെളുത്തവാവോ
വള്ളിക്കുടിലു വളർത്തിയ പൂക്കളെ
നുള്ളിയെടുത്തും കൊണ്ടോടിപ്പോയ്

കവിയുടെ ചോദ്യം ചിറകിട്ടടിച്ചുകൊ-
ണ്ടവിടെയുമിവിടെയും മുട്ടുമ്പോൾ
ഒരു കൃഷ്ണപക്ഷക്കിളിക്കൂട്ടിനുള്ളിലീ
മറുപടിയൊച്ച ചിലച്ചുയർന്നൂ:

"പ്രണയമദംകൊണ്ട കാമുകർ കാലത്തീ
പനിനീർമലർദ്വീപിൽ വന്നൂപോൽ
നഖമുനകൊണ്ടവർ പൂക്കൾ നുള്ളിക്കോർത്തു
സഖികളെ പൂണാരം ചാർത്തീപോൽ."

കന്നിമലർത്തിരി കാണാൻ കൊതിച്ചൊരു
കവിയുടെ ചോദ്യം ജ്വലിച്ചുയർന്നു;
"പൂക്കളും ചാർത്തി പുളകങ്ങളും ചാർത്തി
പുഷ്പിണിമാരവരെവിടെപ്പോയ്?

മറുപടിയുണ്ടായീ: "പുഷ്പിണിമാരവർ
ഒരുനാട്ടിലുത്സവം കാണാൻ പോയ്."
"എവിടെയാണുത്സവം എന്താണുത്സവം?"
കവിയുടെയുൾക്കണ്ഠം ചോദിച്ചൂ.

മണ്ണിനെ, മണ്ണിലെ സൗഗന്ധികങ്ങളെ
സിന്ദൂരമാടിയ വയലാറിൽ,

ദുഃഖഖനികളെ സ്വപ്നങ്ങൾതൻ രക്ത-
രത്നങ്ങൾ ചൂടിച്ച വയലാറിൽ

എന്നും വസന്തങ്ങൾ പൂക്കുവാൻ, ചോരയാൽ
മണ്ണിറനായൊരു വയലാറിൽ,

അഗ്നിമകുടങ്ങൾ ചാർത്തിയ മോഹങ്ങൾ
അങ്കമാടിപ്പൂത്ത വയലാറിൽ,

ഉത്സവം,—ഉത്സവം,—വിപ്ലവത്തിൻ വിജ-
യോത്സവ,—മിന്നു നടക്കുന്നു.

ഇന്നു വികസിച്ച പൂക്കളും, പൂക്കളിൽ
നിന്നു ജനിക്കുന്ന കാരുണ്യവും
പൊട്ടിച്ചിരിക്കും പ്രഭാതങ്ങൾ ത,—നമ്മ
വീട്ടിലെയുത്സവം കാണാമ്പോയ്!

കാററു ചുവന്ന കൊടിയുയർത്തും വയ-
ലാററിലെയുത്സവം കാണാമ്പോയ്!

കവിയുടെ നെടുവീർപ്പിൽ ഒരു പുഷ്പസൗരഭ്യ-
മൊഴുകിപ്പരക്കുകയായിരുന്നു
കവിയുടെ ഗീതം വയലാറിലെ സ്വപ്ന-
ഖനികളിലലിയുകയായിരുന്നു!

** വയലാർദിനത്തിൻനാൾ എഴുതി, 'അഭിവീക്ഷണ'യുടെ ആഭിമുഖ്യത്തിൽ നടന്ന സാഹിത്യസായാഹ്നത്തിൽ വായിച്ചത്. 1973*

## വൃക്ഷം

മരമായിരുന്നു ഞാൻ
പണ്ടൊരു മഹാനദി-
ക്കരയിൽ;—നദിയുടെ
പേരു ഞാൻ മറന്നുപോയ്.

നയിലോ, യൂഫ്രട്ടീസോ
യാങ്റ്റ്സിയോ യമുനയോ
നദികൾക്കെന്നെക്കാളു-
മോർമ്മ കാണണ;—മവർ

കഴലിൽ ചിറകുള്ള
സഞ്ചാരപ്രിയർ, —നില-
ത്തെഴുതാൻ പഠിച്ചവർ,
പറയാൻ പഠിച്ചവർ!

ഒന്നു മാത്രമുണ്ടോർമ്മ;-
പണ്ടേതോ ജലാർദ്രമാം
മണ്ണിൻെറ തരുനാഭി-
ച്ചുഴിയിൽ കിളിർത്തു ഞാൻ!

കാലത്തിൻ വികസിക്കും
ചക്രവാളങ്ങൾ തേടി
ഗോളകോടികൾ പൊട്ടി-
ച്ചിതറിപ്പറക്കുമ്പോൾ,

താരകാന്തരക്ഷീരപഥങ്ങൾ
സ്പെയ്സിൽ വാരി-
വാരി വർഷിക്കും ജീവ-
ജാലകൾ തേടിത്തേടി.

എന്നിലായിരം കൈകൾ
മുളച്ചു; നഭസ്സിൻെറ
സ്വർണ്ണകുംഭങ്ങൾ വാങ്ങി-
ക്കുടിച്ചു ദാഹം തീർക്കാൻ!

പച്ചിലകളാലെൻെറ
നഗ്നത മറച്ചൂ ഞാൻ
സ്വാച്ഛശീതളമായ
മണ്ണിൽ ഞാൻ വേരോടിച്ചു!

അസ്ഥികൾ പൂത്തു മണ്ണി-
ന്നടിയിലിണചേർന്നു
നഗ്നരാമെൻ വേരുകൾ
പ്രസവിച്ചെഴുന്നേററു!

മുലപ്പാൽ നൽകീ, നീല-
പ്പൂന്തണൽ പുരകെട്ടി
വളർത്തീ, കുഞ്ഞുങ്ങളെ,
വംശം ഞാൻ നിലനിർത്തീ.

ഇടത്തും വലത്തും നി-
ന്നൃതുകന്യകൾ താലം
പിടിക്കും തേരിൽ, തിര-
ക്കിട്ട യാത്രയിൽപോലും.

ഒരു കാൽ ക്ഷണം മുമ്പിൽ
നില്ക്കാതെ, ചിരിക്കാതെ
ഒരു പൂമേടിക്കാതെ
പോവുകില്ലെന്നും, കാലം!

വനദേവതയുടെ
പുഷ്പമേടയിൽനിന്നോ
വസന്തസരോജത്തിൻ
പൊന്നിതൾകൂട്ടിൽനിന്നോ

പീലിപ്പൂംചിറകുള്ള
രണ്ടിളംകിളികളെൻ
തോളത്തു പറന്നിരു-
ന്നൊരുനാ, ളെന്തോ പാടി!

കാതോർത്തുനിന്നൂ ഞാനും
പൂക്കളു;—മാപ്പാട്ടിൻെറ
ചേതോഹാരിയാം ഗന്ധം
ഞങ്ങളിൽ നിറയുമ്പോൾ,

ഞാനറിയാതേ പൂക്കൾ
തേൻ ചുരത്തിപ്പോയ്,—എൻെറ
താണ ചില്ലയിൽ കാററിൽ
കിളികളൂഞ്ഞാലാടി.

എ—ന്നിലക്കൈകൾ
കിളിക്കൂടുകളായി: —അന്ത-
രിന്ദ്രിയങ്ങളിൽ മൗന-
സംഗീതം കുളിർകോരി

ഉറക്കെപ്പാടാൻ തോന്നി,
പാട്ടുകളെന്നാത്മാവി-
ന്നറകൾക്കുള്ളിൽ കിട-
ന്നങ്ങനെ ശ്വാസംമുട്ടി!

അന്നൊരു ശരൽക്കാല-
പൗർണ്ണമിയൊഴുക്കിയ
ചന്ദനപ്പുഴ നീന്തി-
ക്കടന്നു നടന്നൊരാൾ,

സൗമ്യഭാവനാ,—യെന്റെ-
യരികത്തെത്തി,—സ്വർഗ്ഗ-
സൗകുമാര്യങ്ങൾ കട-
ഞ്ഞെടുത്ത ശില്പംപോലെ!

ആയിരം മിഴിപ്പൂക്കൾ
കൊണ്ടു ഞാനാ സൗന്ദര്യ-
മാസ്വദിക്കുമ്പോൾ, എന്നെ
രോമാഞ്ചം പൊതിയുമ്പോൾ,

മറ്റൊന്നുമോർമ്മിക്കാതെ
നിൽക്കുമ്പോൾ —എൻ കൈക്കൊരു
വെട്ടേററു; —മുറി,ഞ്ഞതു
തെറിച്ചു വീണൂ മണ്ണിൽ!

ഞെട്ടിപ്പോയ്—അസഹ്യമാം
നൊമ്പരംകൊ,—ണ്ടെൻ നെഞ്ചു
പൊട്ടിപ്പോയ്,—കണ്ണീർക്കണ്ണോ-
ന്നടച്ചു തുറന്നൂ ഞാൻ!

നിർദ്ദയ, —മവനെന്റെ-
യൊടിഞ്ഞ കൈയുംകൊണ്ടു
നില്ക്കുന്നൂ; —ഞെരിച്ചെനി-
ക്കവനെക്കൊല്ലാൻ തോന്നി!

പിച്ചളപ്പിടിയുള്ള
കത്തിയാ,—ലവനെന്റെ
കൊച്ചു കൈത്തണ്ടിൻ വിരൽ-
മൊട്ടുകളരിയുന്നൂ!

മുത്തുകെട്ടിയ മൃദു-
സ്മേരവുമായെൻ, —എല്ലു
ചെത്തിയും മിനുക്കിയും
ചിരിച്ചു രസിക്കുന്നൂ!

അപ്പൊഴും പ്രാണൻ വിട്ടു
പോകാതെ പിടയുമെ-
ന്നസ്ഥിയിലവൻ ചില
നേർത്ത നാരുകൾ കെട്ടി

നീണ്ട കൈനഖംകൊണ്ടു
തൊട്ടപ്പോൾ, —എവിടന്നോ
നിർഗ്ഗളിക്കുന്നൂ നാദ-
ബ്രഹ്മത്തിൻ കർണ്ണാമൃതം!

എൻെറ മൗനത്തിൻ നാദം,
എൻെറ ദുഃഖത്തിൻ നാദം,
എൻെറ സംത്രാസത്തിൻെറ-
യേകാന്തത്തുടിതാളം

അടഞ്ഞുകിടന്നൊരെ-
ന്നാത്മാവിൻ ഗർഭഗൃഹ-
നടകൾ തുറക്കുമാ
ദിവ്യമാം നിമിഷത്തിൽ,

ഉറക്കെപ്പാടീ ഞാനാ
വീണയിലൂടേ;—കോരി-
ത്തരിച്ചുനിന്നൂ ഭൂമി,
നമ്രശീർഷയായ് മുന്നിൽ!

മരത്തിൻ മരവിച്ച
കോടരത്തിലും, പാട്ടി-
ന്നുറവ കണ്ടെത്തിയോ-
രാ ഗാനകലാലോലൻ.

ശ്രീസ്വാതിതിരുനാളോ
ത്യാഗരാജനോ, —ശ്യാമ-
ശാസ്ത്രിയോ, ബിഥോവനോ,
കബീറോ, രവീന്ദ്രനോ?

*അവസാനം എഴുതിയ കവിത—ജനയുഗം*
*ഓണം വിശേഷാൽപ്രതി, 1975.*

## മനുഷ്യപുത്രൻ

മനുഷ്യൻ ദൈവത്തിനെ സൃഷ്ടിച്ചു മനസ്സിൻെറ
മലർക്കുമ്പിളിനുള്ളിൽ തിരുമധുരവുമായി

സർഗ്ഗകൽപനയുടെ മുഗ്ദ്ധമാം ചിറകിന്മേൽ
സത്യമന്വേഷിച്ചെങ്ങും നടന്ന കിനാവുകൾ

വിശ്വസൗന്ദര്യത്തിൻെറ പൂക്കളും രത്നങ്ങളും
വിസ്മയങ്ങളുംകൊണ്ടു വീടുകെട്ടിയകാലം,

മനുഷ്യൻ ദൈവത്തിനെ വളർത്തി, ദാഹിക്കുന്ന
മനസ്സിൽ മാതൃത്വത്തിൻ സ്നിഗ്ദ്ധവാത്സല്യത്തോടെ!

കാലമാട്ടിയ കളിത്തൊട്ടിലിൽ മയങ്ങിയും
കാഹളദ്ധ്വനികളിലുണർന്നും വളർന്നനാൾ

ഒരിക്കൽ കാണാതായീ കുഞ്ഞിനെ മനുഷ്യൻെറ
നിറയും വാത്സല്യത്തിൻ കൺപീലി നനഞ്ഞുപോയ്!

കടലോരത്തിൽ, ഗുഹാഗഹ്വരങ്ങളിൽ, മല-
മുടിയിൽ, കൊടുങ്കാട്ടിൽ തേടുവാനിടമില്ല;

കണ്ടിടത്തെല്ലാമോമൽപ്പേർചൊല്ലി വിളിച്ചിട്ടും
കണ്ടില്ല, വിളികേട്ടി,ല്ലെങ്ങെങ്ങു പോയീ ദൈവം?

അന്നുതൊട്ടിന്നേവരെത്തുടർന്നൂ, തുടരുന്നൂ,
മണ്ണിലെ മനുഷ്യൻെറ ദൈവാന്വേഷണയജ്ഞം!

പോയ നഷ്ടത്തിൻ ഗർത്തം നികന്നില്ലതിൻശോകച്-
ഛായയും മാഞ്ഞില്ലാകെ കിട്ടിയതിതുമാത്രം! —

മതമെന്നൊരു ദുഷ്ടരാക്ഷസനതിൻ പിഞ്ചു —
ഹൃദയം പുലിനഖക്കൈകളാൽ മാന്തിക്കീറി

അജ്ജഡം പ്രദർശിപ്പിച്ചതിൻെറ പിന്നിൽനിന്നീ
വിശ്വശക്തിയാം മന്ത്രപിഞ്ഛിക ചുഴററുന്നു!

മനുഷ്യപുത്രൻ കൊല്ലപ്പെട്ടുപോയ് മതങ്ങൾക്കു
മരണം മഹാസത്യം; ജീവിതം വെറും മിഥ്യ!

## ശ്രീനാരായണഗുരു

'മതങ്ങൾക്കതീതമായ്
മനുഷ്യൻ'; —മററാരുമീ
മധുരാക്ഷരമന്ത്രം
ചൊല്ലിയില്ലിന്നേവരെ!

'മരണം', 'മരണ';മെ-
ന്നെപ്പോഴുമോർമ്മിപ്പിക്കും
മത,മാ മനുഷ്യൻെറ
ശബ്ദത്തിൽ ഞെടുങ്ങിപ്പോയ്!

കർമ്മത്തിൽ നിന്നേ ധർമ്മ-
ചൈതന്യം വിളയിച്ച
നമ്മുടെ ജന്മാന്തര-
സഞ്ചിതസംസ്കാരങ്ങൾ,

അ'ശ്ശിവഗിരി'ക്കുന്നിൽ
കത്തിച്ച വിളക്കത്തു
വിശ്വസൗഹാർദ്ദത്തിൻെറ
യജ്ഞമൊന്നാരംഭിച്ചു!

മനുഷ്യത്വത്തെത്തള്ളി-
പ്പറഞ്ഞ മതങ്ങളാ
മണൽത്തട്ടിന്മേൽ നില-
ത്തെഴുത്തിന്നിരുന്നപ്പോൾ,

വടിയും കുത്തിച്ചെല്ലു-
മക്കർമ്മയോഗീന്ദ്രൻെറ
വിടരും മിഴികളിൽ
വിശ്രമംകൊണ്ടു വിശ്വം!

യുഗഹംസങ്ങൾ നീന്തു-
മാ മനോയമുനയിൽ,
ഒരു താമരമൊട്ടായ്
വിടരാൻ നിന്നു കാലം!

വെളിച്ചം കണ്ടാലപ്പോൾ
വിടരും; —ഇരുട്ടൊന്നു
വിളിച്ചാൽ മിഴി കൂമ്പും
കാലത്തിൻ ചെന്താമര!

ഞാനതിൻ സ്വപ്നങ്ങളി-
ലുറങ്ങിയുണരുന്ന
ഗാനമാ, — ണിരുപതാം-
നൂററാണ്ട് മൂളും ഗാനം!

എൻെറ പൂഞ്ചിറകിന്മേ-
ലമ്പെയ്തു വീഴ്ത്താൻ, വീണ്ടു-
മെന്നന്തഃസംഗീതത്തെ
രക്തത്തിൽ മുക്കിക്കൊല്ലാൻ,

കൂടിനു തീ കത്തിക്കാൻ,
വന്നു നിൽക്കുന്നൂ ചില
വേടന്മാർ, പള്ളിസ്സിമി-
ത്തേരികൾക്കുള്ളിൽനിന്നും!

അവർതന്നമ്പും വില്ലും
തട്ടിമാററുവാനെന്നോ-
ടരുളും മനസ്സിൻെറ
മൗനമന്ത്രങ്ങൾക്കുള്ളിൽ,

നിന്നു കത്തുന്നൂ, പോയ-
നൂററാണ്ടാ ശിവഗിരി-
ക്കുന്നിന്മേൽ കൊളുത്തിയ
വിളക്കിൻ ജ്വാലാനാളം.

# മീൻ തൊട്ടുകൂട്ടിയ പട്ടേരി

വിഭക്തി ജയിക്കുന്നൂ; —
 ഭക്തിയിപ്പൊഴും നാമം
ജപിച്ചു നാലമ്പല-
 ത്തളത്തിലിരിക്കുന്നു!

അടഞ്ഞ കണ്ണാ,ലന്തർ-
 മ്മണ്ഡലഗർഭഗൃഹ-
നടയ്ക്കൽ, പരാൽപര-
 ഭാവത്തെത്തിരയുന്നൂ!

ഭഗവാൻ പറഞ്ഞാലും,
 ഭക്തിയേക്കാൾ ഞാനിഷ്ട-
പ്പെടുന്നൂ, മേല്പത്തൂരിൻ
 ധന്യമാം വിഭക്തിയെ!

ഭാരതസംസ്കാരത്തിൻ
 ഋക്സൂക്തസ്കന്ധങ്ങളിൽ
വേരോടിയിരുന്നൊരാ
 പാണ്ഡിത്യപ്രഭാവത്തെ,

ശ്രീഗുരുവായൂരിലെ
 കല്ലുകൾ കുടിച്ച, പുംസ്-
കോകിലസംഗീതത്തിൻ
 പിന്നിലെ രോമാഞ്ചത്തെ,

മനസ്സിൻ ബോധാബോധ-
 തലങ്ങൾക്കുള്ളിൽ, ജ്ഞാന-
ഖനികൾ നിർമ്മിച്ചൊരാ
 പ്രക്രിയാസർവ്വസ്വത്തെ,

ഇന്ദ്രിയങ്ങളെ മോഹ-
 മുക്തങ്ങളാക്കാൻ, മാംസ-
മന്ദിരം വല്മീകമായ്
 മാററിയ മഹസ്സിനെ,

ആ മഹസ്സിരുന്നോരു
 കൊച്ചുമണ്ഡപത്തിൻെറ
പൂമുഖ,ത്തെന്നാത്മാവൊ
 രൊററപ്പൂമൊട്ടായ് നില്പൂ!

മനുഷ്യൻ തൊട്ടാൽ
    പ്രണവാക്ഷരമുരുക്കഴി-
ച്ചുണരും വെള്ളോടിൻെറ
    മണികൾ ഞാലും കൊമ്പിൽ,

സ്വർണ്ണനാളങ്ങൾ പൂത്തു-
    പൂത്താടും വിളക്കുകൾ
നിന്നു കൈതൊഴു, മഗ്നി-
    ശുദ്ധമാം മച്ചിൻ കീഴിൽ.

മീൻ തൊട്ടുകൂട്ടാൻ വന്ന
    പട്ടേരിപ്പാടിൻ തളിർ-
പ്പൂംതൂശനില കണ്ട
    കാവ്യപീഠത്തിൻ മുമ്പിൽ,

കൽത്തൂണിൻ മൗനങ്ങളി-
    ലലിയും 'നാരായണീ-
യ'ത്തിലെ ശൈലീസൗര-
    ഭ്യത്തിൻെറ പിറന്നാളിൽ,

എങ്ങുന്നോ വന്നെത്തി ഞാൻ
    ശൈശവം കഴിയാത്തോ-
രെൻ പ്രതിഭയെ നില-
    ത്തെഴുത്തിന്നിരുത്തുവാൻ!

വാകച്ചാർത്തണിയുന്ന
    വിഗ്രഹത്തിന്ന; — ല്ലിന്നു
വാഗർത്ഥസ്വരൂപിയാം
    കവിക്കെൻ പുഷ്പാഞ്ജലി!

*ഗുരുവായൂർ നാരായണീയദിന സമ്മേളനത്തിൽ വായിച്ചത്.*

## ഓണവില്ലടിക്കുക!

ഞാനഭിമാനത്തോടെ
    ഭാവുകമാശംസിപ്പൂ
പൂനയിലിരുന്നോണ-
    പ്പാട്ടുപാടുക നിങ്ങൾ!

ജന്മദേശത്തിന്നായി-
    ക്കണ്ണെത്താമറയത്തു
നന്മയെ സ്വപ്നം കണ്ടു
    കഴിയും ഭ്രാതാക്കളേ,

നിങ്ങളെ സ്നേഹിപ്പൂ ഞാൻ
    നാളത്തെ വിത്തുംകൊണ്ടീ
ചങ്ങലപ്പാട്ടിൽ തടം
    വകയും തോട്ടക്കാരൻ!

കുരുത്താൽ വാടിപ്പോകും
    തൈകളീ നാട്ടിൽ,വേനൽ-
ക്കരുത്താൽ; — വെള്ളംകോരി
    ക്കുഴഞ്ഞു കൈത്തണ്ടുകൾ!

വാടിയ വിത്തും കയ്യിൽ
    പറിച്ചു സൂക്ഷിച്ചുംകൊ-
ണ്ടോടിയ നിങ്ങൾക്കൊക്കെ
    ജീവിതം സുഖമാണോ?

ഞാനഭിമാനത്തോടെ
    ഭാവുകമാശംസിപ്പൂ
പൂനയിലിരുന്നോണ-
    പ്പാട്ടുപാടുക നിങ്ങൾ!

പൂനതൻ കണ്ണീരൊലി-
    ച്ചടിയിൽ തടം കെട്ടും
പോ,ലക ഗുഹയ്ക്കുള്ളിൽ
    കൊച്ചുപൊയ്കയുമായി,

പണ്ടത്തെ സുധീരമാം
    മോചനപ്പോരിൽ, വെടി-
യുണ്ടകൾ വിഴുങ്ങിയ
    'വിശ്വനാഥൻതൻദുർഗ്ഗം'[1]

1 ബാലാജി വിശ്വനാഥന്റെ കോട്ട

തകർന്ന മുതുകത്തെ
ക്കൂററനാം പേരാലിൻെറ
തണലിൽ ചുരുൾ നീർത്തും
ദീനരംഗങ്ങൾകാൺകെ,

കഞ്ചാവിൻ പുക തിന്നു
പാടുന്ന പത്താന്മാരെ,
മൺചെരാതുകൾനീട്ടി
കേഴുന്ന ധർമ്മക്കാരെ,

'ബുധവാർപേട്ടി'ൽ കൂടി
കാലണയ്ക്കലയുന്ന
മദലാലസമാരെ
നിത്യവും കാൺകെക്കാൺകെ,

നിങ്ങളോർക്കുകയില്ലേ,
കേരളത്തിലേക്കെത്തും
ചിങ്ങത്തെയെതിരേൽക്കും
കങ്കാളശതങ്ങളെ?

അത്തപ്പൂമുററങ്ങളിൽ
പതിരും പേററിക്കൊഴി-
ച്ചെത്തുമീ മലനാട്ടിൻ
കൊച്ചുസോദരിമാരെ?

ഞാനഭിമാനത്തോടെ
ഭാവുകമാശംസിപ്പൂ
പൂനയിലിരുന്നോണ-
പ്പൂവിറുക്കുക നിങ്ങൾ!!

തൂവിയർപ്പൊഴുകിയ
ചാലുകൾക്കുള്ളിൽ, പുത്തൻ
ജീവിതം വിളയേണ്ട
വയലേലകൾ തോറും

തങ്ങളിൽ തോളും മെയ്യു-
മുരുമ്മിപ്പാട്ടും പാടി
ചിങ്ങപ്പൂ പറിക്കുവാ-
നെത്തേണ്ട വയൽതോറും

മൺവരമ്പുകൾ വെട്ടി-
യിവിടെഭാഗിക്കുന്നു
മണ്ണിന്നുവേണ്ടിത്തമ്മിൽ
വാളോങ്ങും പ്രമാണികൾ!!

ഈ വരമ്പുകളൊക്കെ-
ത്തട്ടിമാററുവാനായി
ഭാവിതൻ പ്രവാഹങ്ങ-
ളൊത്തുചേർന്നണഞ്ഞെങ്കിൽ!

കാലത്തിൻ കവലകൾ
    തോറുമീ നാടിന്നൈക്യ
കാഹളമുയർന്നെങ്കി-
    ലോണപ്പാട്ടുകളായി!

ഞാനിതാ ചെവിവട്ടം
    പിടിപ്പൂ കൊടുങ്കാററിൽ
പൂനയിലിരുന്നോണ-
    പ്പാട്ടുപാടുക നിങ്ങൾ!

അരുതെന്നരുതെന്നീ
    നീതികേടിനെനോക്കി
കരവാൾ വെട്ടിക്കുമാ
    ധീരനാം ശിവാജിയെ[2]

പതിവായ് കാണും നിങ്ങൾ
    മോചനയുദ്ധത്തിൻെറ
കുതിരക്കുളമ്പടി
    കേൾപ്പീലേ ചരിത്രത്തിൽ?

പാടുക, മനുഷ്യൻെറ
    നല്ലനാടിന്നാ—യങ്ക-
മാടിയ ചരിത്രത്തിൻ
    ഞാണൊലി മുഴങ്ങട്ടെ

ഈ യുഗത്തിലെയോണ-
    പ്പാട്ടുകൾക്കുള്ളിൽ, നാടിൻ
ശ്രേയസ്സിൻ സർഗ്ഗാത്മക
    ശക്തികളുയരുമ്പോൾ,

ഈ വരമ്പുകൾ മാറും
    നമ്മൾക്കന്നൊരുമിച്ചൊ-
രാവണിയോണത്തിന്നു
    കൂട്ടുകാരായിക്കൂടാം!

ഇന്നിതാ കീറപ്പായിൽ
    കേഴുന്ന കൈക്കുഞ്ഞുങ്ങൾ-
ക്കന്നോരോ പൂക്കൊട്ടകൾ
    നെയ്തുനൽകില്ലേ നമ്മൾ?

ഞാനഭിമാനത്തോടെ
    ഭാവുകമാശംസിപ്പൂ
പൂനയിലിരുന്നോണ
    വില്ലടിക്കുക നിങ്ങൾ!!

2 പൂനയിലെ ശിവാജിപ്രതിമ.

## ഒരു മുദ്രാവാക്യക്കവിത

സർഗ്ഗപ്രതിഭകളേ, നിങ്ങളാകാശ-
ദുർഗ്ഗങ്ങൾ തീർക്കുകയായിരുന്നു
സുന്ദരസങ്കല്പദന്തശില്പങ്ങളെ
ചന്ദനം ചാർത്തുകയായിരുന്നു

ഇന്ദ്രധനുസ്സിനും മാനത്തെ മുത്തിനും
നിന്നു കൈനീട്ടുകയായിരുന്നു
സംക്രമസന്ധ്യതൻ രക്തപുഷ്പങ്ങളെ
കണ്ണെഴുതിക്കുകയായിരുന്നു

മുട്ടിവിളിച്ചു നിശാസദനങ്ങളിൽ
ചുററിനടക്കുകയായിരുന്നു
വിപ്ലവത്തിൻെറ പതാക വിരിച്ചിട്ട്
വിപ്ലവം കൊള്ളുകയായിരുന്നു

സ്വപ്നഹംസങ്ങളെക്കാണാതെ മാനസ-
പുഷ്പസരസ്സുകൾ പൂവിടാതെ
നിഷ്ക്രിയാത്മാക്കളാ,യേതോ ലഹരിയിൽ
നിങ്ങൾ മയങ്ങുകയായിരുന്നു

കാലം മനസ്സിൻെറ ചുററിലും വല്മീക-
പാളികൾ തീർക്കുകയായിരുന്നു
നീളും നിഴലുകൾ ചുററിലും വേതാള-
കേളികളാടുകയായിരുന്നു

എത്ര പുലരികൾ നിങ്ങളുറങ്ങുന്ന
സത്രത്തിൽ വന്നു വിളക്കുവച്ചു?
എത്ര വിജയദശമിക,ളക്ഷര-
ലക്ഷങ്ങൾ മുന്നിലെഴുതിവെച്ചു?

നൂതനദർശനശൈലികളേ, കാന്ത-
വീഥികളെത്ര തെളിച്ചു തന്നൂ?
കണ്ണുതുറക്കാത്ത കൽവിളക്കിൻകീഴിൽ
നിങ്ങളുറങ്ങുകയായിരുന്നു

കാലവർഷക്കൊടുംകാററുകൾ ദിഗ്ജയ-
കാഹളമൂതിക്കടന്നുപോയീ
സർഗ്ഗപ്രതിഭകളേ, നിങ്ങളാകാശ-
ദുർഗ്ഗങ്ങൾ തീർക്കുകയായിരുന്നു!

വൈകിമയക്കത്തിൽനിന്നെഴുന്നേൽക്കുവാൻ
വൈകി, — വിളിച്ചാലുണരുകില്ലേ?
പണ്ടു കൊളുത്തിയ സാമൂഹ്യവിപ്ലവ-
പ്പന്തങ്ങൾ വീണ്ടുമുയർത്തുകില്ലേ?

വിശ്വം മുഴുവൻ മുഴങ്ങുന്നു, ഭൗതിക-
വിപ്ലവത്തിൻെറ വിജയഗാനം
ആ ഗാനധാരയിൽ നിന്നു തുടിക്കുന്ന
മൂകാഭിലാഷങ്ങളാകമാനം.

വീണിഴപൊട്ടിയ മാനവാത്മാവിൻെറ
വീണയിലേക്കു പകർത്തുകില്ലേ?
ചട്ടങ്ങൾ, ഭൗതികസംസ്കാരഗോപുര-
ശില്പങ്ങൾ, മാററുകയാണു കാലം

സ്വപ്നങ്ങൾ വാർക്കും മനുഷ്യമനസ്സിൻെറ
ശില്പ,മിന്നേവരെ മാറിയില്ല.
നിങ്ങൾ ചട്ടങ്ങളെ മാററിയി; — ല്ലിന്നവ
നിങ്ങളെ മാററാനൊരുങ്ങിനിൽപ്പൂ!

ഉഗ്രപ്രതികാരമൂർത്തികളായ്, രക്ത-
ദുർഗ്ഗകളെപ്പോലൊരുങ്ങിനിൽപ്പൂ.

"മാററുവിൻ ചട്ടങ്ങളെ, സ്വയമല്ലെങ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ."

## വീണ്ടും പടിഞ്ഞാറൻ കള്ള്

കള്ളു വന്നെത്തീ പടി-
ഞ്ഞാറുനിന്നൊരു വീപ്പ-
ക്കള്ളതു വലിച്ചൂററി-
ക്കുടിച്ചു ഭരണക്കാർ.

സായിപ്പു മഞ്ഞക്കോപ്പ
പിന്നെയും നീട്ടി, നാടിൻ
കോയിമ്മക്കസാലയിൽ
മലർന്നു ഭരണക്കാർ.

കരളിൽ പതയുന്ന
കള്ളുള്ളോർ സംസാരിച്ചു:
" — കടലിന്നങ്ങേക്കര-
യുള്ളവർ മിടുക്കന്മാർ — "

മാനവപ്രയത്നത്തിൻ
കീശയിൽ കൈയിട്ടോരോ
നാണയത്തുട്ടും റാഞ്ചി-
പ്പറക്കും കഴുകന്മാർ,

പുകയും സംസ്കാരത്തി-
ന്നായുധപ്പുരകളിൽ
പകലും രാവും കനൽ-
ക്കണ്ണുമായ് സംസാരിപ്പൂ:

കിഴക്കിൻ തളികയിൽ
വീഞ്ഞിളകുന്നൂ — നമ്മൾ
കിതയ്ക്കേ — ണ്ടവരുടെ
ബോധങ്ങൾ ഞെട്ടിക്കൊള്ളും;

നീളെ,യാ സംസ്കാരത്തിൻ
മസ്തിഷ്കങ്ങളിൽ കത്തി
ക്കാളുമാ വിഷവീഞ്ഞിൻ
വീര്യവും ലഹരിയും

തലയ്ക്കു കെട്ടുംകെട്ടി
കൈക്കോട്ടുമേന്തി, പാടം
കിളയ്ക്കും കൃഷീവലർ
പറഞ്ഞൂ പരസ്പരം:

" — പീരങ്കിമുനകളിൽ
സാമൂഹ്യശാസ്ത്രത്തിൻെറ
ചോരത്താളുകൾ കോർത്തു
കൊടികൾ പറത്തുവോർ

പെട്ടിയും പ്രമാണവും
'സാമൂഹ്യവികസന'-
പ്പട്ടവും കെണിയുമായ്
വരുന്നൂ; വൈമാനികർ — "

ഭാരതജനതതൻ
ഭാവശിൽപത്തിൽ ചായം
കേറിയോ?—പടിഞ്ഞാറൻ
ഡോളറിൻ മഞ്ഞച്ചായം?

ഇൻഡ്യയിൽ കൈയാമങ്ങൾ
ശബ്ദിച്ചൂ : "നമുക്കിനി
ചിന്തിക്കാൻ സമയമി-
ല്ലൊന്നു വിശ്രമിക്കാനും — "

*ജയകേരളം വാരിക-നവംബർ 1951*

## കൃഷിക്കാരൻ

കേട്ടുവോ കൊടുങ്കാററിൻ
ശബ്ദ —മീക്കടലാസു-
കോട്ടകൾ പടുക്കുന്ന
പണി നിർത്തുക നിങ്ങൾ!

ഇല്ലിനി, കളിവള്ള-
മോടിക്കാനനുവദി-
ക്കില്ല നിങ്ങളെ, നാളെ-
യിക്കടൽത്തിരക്കോളിൽ!

ആയിരം വർഷങ്ങളായ്
മൈതാനങ്ങളിലൊക്കെ
മേയുവാൻ വന്നൂ നിങ്ങൾ
വെള്ളിച്ചൂരലും വീശി!

നിങ്ങൾക്കു മേയാൻ തന്ന
നാട്ടിലെസ്സമതല-
മങ്ങനെ കേറിക്കേറി-
ക്കയ്യടക്കുന്നോ നിങ്ങൾ?

വരമ്പും ചിറകളും
വെട്ടി വേർതിരിക്കുവാൻ
വരവാണല്ലേ? തമ്മി-
ലെന്തിനീ വെട്ടും കുത്തും?

ഞങ്ങളെ വഞ്ചിക്കുവാൻ
തങ്ങളിലടിക്കുന്ന
നിങ്ങളെക്കഴുമരം
കേററുവാൻ വരുന്നു ഞാൻ!

നിങ്ങൾ ഞെട്ടുന്നോ?
ഞെട്ടും....ഞെട്ടണം...തകർന്നടി-
ഞ്ഞങ്ങനെ നശിക്കണം
വേട്ടനായ്ക്കളേ നിങ്ങൾ!

ഇക്കൊടുങ്കാററിന്നൊപ്പ-
മിരമ്പിത്തള്ളിക്കേറു-
മിക്കടൽവെള്ളത്തിൻെറ-
യാഞ്ഞടിക്കലിലെങ്ങും.

# ശില്പിയും പ്രതിമയും

ഇതുവരെ ഞാനിതുവരെ ഞാനീശ്വരന്മാരുടെ
പ്രതിമകൾ തീർക്കുകയായിരുന്നു;

പ്രതിഭയുരുക്കിയ പഞ്ചലോഹംകൊണ്ടു
പ്രതിമകൾ തീർക്കുകയായിരുന്നു.

അനുചരന്മാരുമായ് ഗായത്രിയും ജപി-
ച്ചതുവഴി വന്ന പുരോഹിതന്മാർ

പടവാളുയർത്തിയ രാജസൈന്യങ്ങളെ-
പ്പുറകേ നടത്തും പ്രവാചകന്മാർ

പ്രതിമകൾക്കായിരമമ്പലക്കെട്ടുകൾ
പണിതുയർത്തീടുകയായിരുന്നു.

അവയുടെ മുമ്പിൽ മനുഷ്യനെക്കൊണ്ടുചെ-
ന്നടിമകിടത്തുകയായിരുന്നു:

അരമുഴം പനയോലത്താളിലീ ഋഷിസൂക്ത-
മവരെനിക്കന്നു കുറിച്ചു തന്നു;

"ഇതിനുള്ളിലല്ലോ മനുഷ്യനെ സൃഷ്ടിക്കു-
മിതിഹാസമൂർത്തിയാം വിശ്വശില്പി."

പ്രതിഭതൻ പഞ്ചലോഹങ്ങളുരുക്കി ഞാൻ
പ്രതിമകൾ പിന്നെയും തീർത്തുവെച്ചു

പല ചക്രവർത്തിമാർ, സൈന്യാധിനാഥന്മാർ
യുഗതത്ത്വചിന്താപ്രവാചകന്മാർ

പല പല രാഷ്ട്രീയനേതാക്ക;ളവരുടെ
പ്രതിമകൾ പിന്നെയും വാർത്തു വെച്ചു

പ്രതിമകൾക്കെല്ലാം പ്രഭാമണ്ഡലങ്ങൾ തീർ-
ത്തതുവഴി വന്ന മഹാരഥന്മാർ

അധികാരമുദ്രകൾ കൊത്തിയ താളിലീ-
യറിയിപ്പെഴുതിയെനിക്കു തന്നു:

"ഇവരൊക്കെയല്ലോ മനുഷ്യനെ സൃഷ്ടിക്കു-
മിതിഹാസകാരന്മാർ നായകന്മാർ."

പ്രതിഭതൻ സ്വർണ്ണമുരുക്കി ഞാൻ മറ്റൊരു
പ്രതിമ നിർമ്മിച്ചു മിനുക്കിവച്ചു.

നഗരനിരത്തിലതു പ്രതിഷ്ഠിക്കുവാൻ
നവരത്നപീഠമൊരുക്കിവച്ചു.

കനവുകൾ നൂൽക്കുന്ന കാഞ്ചനനൂലിൽ ഞാൻ
കനകാംബരമാല കോർത്തു വെച്ചു

പ്രതിമയുൽഘാടനം ചെയ്യുവാൻ നാട്ടിലെ
പ്രമുഖനേതാക്കൾക്കു കത്തയച്ചു.

അനഘവികാരത്തിരകളിരമ്പുന്ന
ജനസമുദ്രത്തിന്റെ വൻകരയിൽ

പ്രതിമയിൽത്തൂന്നിഞൊറിഞ്ഞിട്ടിരുന്നൊരു
പവിഴത്തിരശ്ശീല മാറിയപ്പോൾ

പ്രതിമയിലെന്റെ മുഖച്ഛായ കണ്ടപ്പോൾ
പ്രമുഖനേതാക്കന്മാരമ്പരന്നു.

അനുചരന്മാരുമായ് വന്ന ദൈവത്തിന-
ന്നടിമുടി ദേഹം വിയർത്തൊലിച്ചു

പ്രതിഭതൻ സ്വർണ്ണമുരുക്കി ഞാൻ തീർത്തൊരു
പ്രതിമ;യെൻ ലോഹപ്രതിമ, നോക്കി

ജനമത്ഭുതാഹ്ലാദരോമഹർഷങ്ങൾ തൻ
ജയപുഷ്പചക്രങ്ങളർപ്പിച്ചു.

## ഒരു ഗാനത്തിൻെറ ഇതിഹാസം

തുടുത്ത പനിനീർപ്പൂക്കൾ വിടർന്നു
തുലാം പിറന്നൂ നാട്ടിൽ;
വിളിച്ചുണർത്തിയ വർഷക്കാററുകൾ
വിരുന്നുവന്നൂ വീട്ടിൽ!

ദുഃഖിതമാനവഹൃദയം ചൂടിയ
മുൾക്കിരീടവുമായി,
ഒരു മൺകുന്നിൻ തപ്തസ്മരണകൾ
ഉണർന്നെണീക്കുംപോലെ,
ഒരുത്സവത്തിനു തിരുമുററങ്ങളി-
ലൊരുങ്ങിനില്ക്കുംപോലെ,
തുടുത്ത പനിനീർപ്പൂക്കൾ വിടർന്നു
തുലാം പിറന്നൂ നാട്ടിൽ!

ഇതിഹാസോജ്ജ്വലമീ രണഭൂമിയിൽ
ഈറൻമിഴികളുമായി,
ഇന്നലെ ഞാനാ ബലിപീഠത്തിൻ
പിന്നിലിരിക്കുംനേരം;
കണ്ണിലൊരരുവിത്തടവും ചുണ്ടിൽ
മന്ദസ്മേരവുമായി,
കൈയിൽത്താമരമൊട്ടും കൊണ്ടൊരു
പയ്യൻ വന്നൂ ചാരേ!

എനിക്കു പരിചയമുണ്ടാപ്പയ്യനെ
എന്നും കാണും ഞങ്ങൾ.
കനത്ത പുരികക്കെട്ടിനു താഴെ
നനഞ്ഞിരിക്കും മിഴികൾ
നിറഞ്ഞ ദുഃഖം പൂവിട്ടതുപോൽ
വിരിഞ്ഞുനില്ക്കും ചിരികൾ....
ഒരിക്കലവനെക്കണ്ടു പിരിഞ്ഞാൽ
മറക്കുകില്ലാ നിങ്ങൾ!
പതിഞ്ഞ ശബ്ദത്തോടെ, വിനയം
വിതിർത്ത പുഞ്ചിരിയോടേ
പറഞ്ഞു പയ്യൻ, "പാടാൻ നല്ലൊരു
പാട്ടു കുറിച്ചുതരേണം.
ഈയെമ്മെസ്സു പതാകയുയർത്താൻ
ഇവിടേക്കെത്തുംനേരം

എനിക്കു പാടാൻ മോഹം വയലാ-
റെഴുതിയ വിപ്ലവഗാനം!"

(എൻെറ മനസ്സിൽ മുളച്ചു കിനാവുകൾ
ക്കെങ്ങുനിന്നോ രണ്ടു പീലിച്ചിറകുകൾ.....
അച്ചിറകുംവച്ചു സംവത്സരങ്ങൾക്കു
മപ്പുറത്തേക്കു പറന്നിതെന്നോർമ്മകൾ!)

ചത്തശതാബ്ദാവശിഷ്ടങ്ങൾ സൂക്ഷിക്കു-
മസ്ഥിത്തറയും തറവാട്ടകങ്ങളിൽ
ദൈവങ്ങൾ മാത്രം വിരുന്നുവരാറുള്ള
കോവിലകത്തിൻെറ കെട്ടിന്നകങ്ങളിൽ
ആയിടയ്ക്കൊക്കെത്തിരുനാൾക്കവിതകൾ-
ക്കായി രാജാവിന്നുപമകൾ തേടിയും
മുട്ടിന്നുമുട്ടിന്നലങ്കാരഭംഗികൾ
കെട്ടുന്ന സംസ്കൃതശ്ലോകങ്ങൾ പാടിയും
കാണുന്നകാണുന്ന കൽവിഗ്രഹങ്ങൾക്ക്
ഞാനൊരു നൈവേദ്യമാതൃകമാതിരി
അന്നു വളർന്ന കഥകളോർക്കുന്നേര-
മിന്നും ചിരിവരും—മററാരാളായി ഞാൻ!
പത്തുപതിനഞ്ചു വർഷങ്ങൾകൊണ്ടെത്ര-
യെത്ര മാറിപ്പോയ് മുഖവും ഹൃദയവും!
അന്നൊരുനാളിൽ മനസ്സിൻെറ വാതിൽക്കൽ
വന്നൊരാൾ മുട്ടിവിളിച്ചതോർക്കുന്നു ഞാൻ:
എന്നിലെയെന്നെയുണർത്തുവാനെത്രനാൾ
വന്നു വിളിച്ചൂ; വിളികേട്ടുണർന്നു ഞാൻ!
ഇന്നുമക്കാലൊച്ച കാതിലുണ്ടദ്ദേഹ-
മന്നു പറഞ്ഞ മനുഷ്യധർമ്മങ്ങളും.....
വീട്ടിലമ്മാവൻ വിലക്കി: "നീയെന്തിനീ
വീട്ടിൽക്കയററീ കയർനെയ്ത്തുകാരനെ?"

അന്തിക്കൊരിക്കൽ വിയർത്തുകുളിച്ചെൻെറ-
യങ്കണവാതിൽക്കൽ വന്നു വിളിച്ചയാൾ
എന്നോടു ചൊല്ലീ: "സമരജാഥയ്ക്കെനി-
ക്കിന്നു പാടാനൊരു പാട്ടെഴുതീടണം."

എന്തിനാണെന്നു മനസ്സിലായില്ലെനി-
ക്കെൻെറ നാടിൻെറ പടകുടീരങ്ങളിൽ
വിപ്ലവത്തീയുലയ്ക്കുള്ളിലെ മാനവ-
സ്വപ്നങ്ങൾ നീറിപ്പുകഞ്ഞതു കണ്ടു ഞാൻ.
മണ്ണിൽ നടക്കും മനുഷ്യന്നു പാടുവാൻ
അന്നൊരു ഗാനം കുറിച്ചു ഞാനാദ്യമായ്....
ആ ഗാനവുമായ് സമരജാഥയ്ക്കുള്ളി-
ലാ മനുഷ്യാത്മാവകന്നതും കണ്ടു ഞാൻ!

എല്ലിൻകുഴൽകൊണ്ടു പാഞ്ചജന്യം വിളി-
ച്ചെൻ നാടുണർന്ന കുരുക്ഷേത്രഭൂമിയിൽ,
ജീവനാളങ്ങളാൽ നെയ്ത്തിരി കത്തിച്ചൊ-
രീ വയലാറിൻ വിളക്കുമാടങ്ങളിൽ
ചുണ്ടിലെൻ ഗാനവുമായ്ച്ചെന്നു പീരങ്കി-
യുണ്ടകളേററു തകർന്നിതജ്ജീവിതം!
മാനവാത്മാവുകൾ മണ്ണിലുടഞ്ഞുപോയ്
പ്രാണനാളങ്ങൾ ചിതറിത്തെറിച്ചുപോയ്.
(ഗാനമിടയ്ക്കു മുറിഞ്ഞു......)

ഗാനമിടയ്ക്കു മുറിഞ്ഞു, കണ്ണുകൾ
ഞാനറിയാതെ നിറഞ്ഞു!
തിരിഞ്ഞു ഞാനെന്നരികിലിരിക്കും
വിരുന്നുകാരനെ നോക്കി.
കനത്ത പുരികക്കെട്ടിനു താഴെ
നനഞ്ഞിരിക്കും മിഴികൾ,
നിറഞ്ഞ ദുഃഖം പൂവിട്ടതുപോൽ
വിരിഞ്ഞുനില്ക്കും ചിരികൾ......

അച്ഛനു പാടാനെഴുതിയ ഗാനം
കൊച്ചുമകന്നു തരാം ഞാൻ;
'മുറിഞ്ഞ ഗാനം മുഴുമിക്കുക നീ'
പറഞ്ഞുപോയെൻ മൗനം!

## താടക എന്ന ദ്രാവിഡരാജകുമാരി

വിന്ധ്യശൈലത്തിൻെറ താഴ്‌വരയിൽ നിശാ-
ഗന്ധികൾ മൊട്ടിടും ഫാൽഗുനസന്ധ്യയിൽ,

പാർവതീപൂജയ്ക്കു പൂനുള്ളുവാൻ വന്ന
ദ്രാവിഡരാജകുമാരിയാം താടക

താമരച്ചോലകൾക്കക്കരെ, ഭാർഗ്ഗവ-
രാമൻ തെളിച്ചിട്ട സഞ്ചാരവീഥിയിൽ

കണ്ടു ശ്രീരാമനെ —യേതോ തപോധനൻ
കൊണ്ടുനടക്കുന്ന കാമസ്വരൂപനെ.

സ്ത്രീഹൃദയത്തിനുന്മാദമുണർത്തുമാ
മോഹനഗോപാംഗഭംഗി നുകർന്നവൾ

കണ്ണെടുക്കാതൊരഭൗമരോമാഞ്ചമായ്
നിന്നാൾ സലജ്ജം, സകാമം, സവിസ്മയം.

രാജീവപുഷ്പശരങ്ങളേററാദ്യമായ്
രാമനിൽ മോഹം തുടിച്ചുണർന്നീടവേ

താടിതടവിച്ചിരിച്ചു ചൊല്ലീ മുനി:
"താടകയെന്ന നിശാചരിയാണവൾ..."

ആര്യ ഗോത്രത്തലവന്മാ — രനുചര-
ന്മാരുമായ് ദക്ഷിണഭാരതഭൂമിയിൽ

സംഘങ്ങൾ സംഘങ്ങളായ് വന്നു, സംസ്കാര-
സംഹിതയാകെ തിരുത്തിക്കുറിച്ചനാൾ —

വാമനന്മാരുമായ് വിരുന്നുവന്നീദ്ദാന-
ഭൂമിയിൽ യാഗപശുക്കളെ മേച്ചനാൾ

ദ്രാവിഡരാജാധിരാജകിരീടങ്ങ-
ളീ മണ്ണിലിട്ടു ചവുട്ടിയുടച്ചനാൾ,

വിശ്വമാതൃത്വത്തെ വേദമഴുവിനാൽ
വെട്ടി പുരോഹിതപാദത്തിൽ വച്ചനാൾ

ആദ്യമാ,യാര്യവംശാധിപത്യത്തിനെ-
യാട്ടിയകററിയ രാജകുമാരിയെ—

താടകയെ — ക്കണ്ടു കോപാരുണങ്ങളായ്
താടിവളർത്തും തപസ്വിതൻ കണ്ണുകൾ!

ചിത്രശിലാതലങ്ങൾക്കു മീതെ, മലർ-
മെത്ത വിരിക്കും, സുരഭിയാം തെന്നലിൽ,

ആ രാത്രി സ്വപ്നവും കണ്ടു വനനദീ-
തീരത്തു ശ്രീരാമചന്ദ്രനുറങ്ങവേ,

കാട്ടിലൂടൊച്ചയുണ്ടാക്കാതനങ്ങാതെ,-
യോട്ടുവളകൾ കിലുങ്ങാതെയേകയായ്

ദാശരഥിതന്നരികത്തനുരാഗ-
ദാഹപരവശയായ് വന്നു താടക,

ഞാൺവടുവാർന്ന യുവാവിൻെറ കൈകളിൽ
തോൾവരെയെത്തിക്കിടന്ന കാർകൂന്തലിൽ —

ഹേമാംഗകങ്ങളിൽ, താടകതൻ തളിർ-
ത്താമരമൊട്ടിളംകൈവിരലോടവേ,

അജ്ഞാതമേതോ മധുരാനുഭൂതിയിൽ
അർദ്ധസുപ്താന്തർവികാരമുണരവേ

ആദ്യത്തെ മാദകചുംബനത്തിൽത്തന്നെ
പൂത്തു വിടർന്നുപോയ് രാമൻെറ കണ്ണുകൾ

മുത്തു കിലുങ്ങും സ്വരവുമായ് ചോദിച്ചു
മുഗ്ദ്ധാനുരാഗവിവശയായ് താടക:

"ആര്യവംശത്തിന്നടിയറവയ്ക്കുമോ
സൂര്യവംശത്തിൻെറ സ്വർണ്ണസിംഹാസനം?"

ചുററുമുറങ്ങിക്കിടന്ന മഹർഷിമാർ
ഞെട്ടിയുണർന്നു, നിശ്ശബ്ദയായ് പെൺകൊടി;

യജ്ഞകുണ്ഡത്തിന്നരികിൽ വിശ്വാമിത്ര-
ഗർജ്ജനം കേട്ടു; നടുങ്ങി വിന്ധ്യാടവി:

"വില്ലുകുലയ്ക്കൂ ശരംതൊടുക്കൂ—രാമ,
കൊല്ലൂ; നിശാചരി താടകയാണവൾ!

പാതിവിടർന്നില്ലതിനു മുമ്പേതന്നെ
പ്രാണഹർഷങ്ങൾ കൊഴിയുന്ന കൈകളിൽ

അമ്പെടുത്തിട്ടും തൊടുക്കുവാനാവാതെ
കമ്പിതഗാത്രനായ് നിന്ന ശ്രീരാമനെ

ക്രുദ്ധനായ് നോക്കിപ്പറഞ്ഞു വിശ്വാമിത്ര,-
നസ്ത്രമയയ്ക്കൂ, വധിക്കൂ, പിശാചിനെ!..."

ആദ്യമായ് രാമൻെറ മന്മഥാസ്ത്രം മാല-
ചാർത്തിയ രാജകുമാരിതൻ ഹൃത്തടം.

മററൊരസ്ത്രത്താൽ തകർന്നുപോയ് — സ്തബ്ധനായ്
പുത്രീവിയോഗവ്യഥയിൽ വിന്ധ്യാചലം!

*അനുബന്ധം:*

കോടികോടി പുരുഷാന്തരങ്ങൾ, മുത്തു-
ചൂടിച്ച സംസ്കാരചക്രവാളങ്ങളെ

ആര്യപൗരോഹിത്യരാഷ്ട്രീയമായിര-
മായിരം സ്ത്രീമേധയാഗഹോമങ്ങളാൽ

എത്ര ധൂമാവൃതമാക്കീ; ചരിത്രത്തി-
നെത്രനാൾ ബാഷ്പാകുലങ്ങളായ് കണ്ണുകൾ —

തൂലികകൊണ്ടാക്കറുത്ത ധൂമത്തിര-
ശ്ശീല കീറട്ടെ ചരിത്രവിദ്യാർത്ഥികൾ.

## ഒരു കവിയുടെ മരണം

പ്രാകൃതശിലായുഗ-
മനുഷ്യത്വത്തിൻ സർഗ്ഗ-
ഭാവനകളെത്തപ-
സ്സിരുത്തും വല്മീകമേ,

ആ യുഗാന്തരധർമ്മ-
ബോധമാ,മുടജത്തിൽ
ആദിമകവിയുടെ
ഹൃദയം നിർമ്മിച്ചു നീ!

അനുഭൂതികളുടെ
തമസാതീരംതോറും
അമൃതം വർഷിക്കുമാ
കാവ്യമേഘത്തിൻ മാറിൽ

എന്നിലെ സങ്കല്പത്തിൻ
പിഞ്ചുപിഞ്ചരികയാലൊ-
രിന്ദ്രചാപത്തിൻ ചിത്ര-
മെഴുതാൻ കൊതിച്ചൂ ഞാൻ.

നാലുകെട്ടുകൾക്കുള്ളിൽ
മുത്തശ്ശിക്കഥ കേട്ടു
നാടോടിപ്പാട്ടും പാടി
പിച്ചവെച്ചൊരുകാലം

മുററത്തെ സരസ്വതീ-
ക്ഷേത്രത്തിൽ നിവേദിച്ചു
കിട്ടിയ കരിക്കുനീ-
രുൾത്തൃഷതീർക്കും കാലം

ഇതിഹാസങ്ങൾ മേയും
യാഗഭൂമിയിൽ, നില-
ത്തെഴുതും വിരൽത്തുമ്പിൽ
'ഹരിശ്രീ' പൂക്കുംകാലം

ഉത്സവക്കഥകളി-
പ്പന്തലി,ലുറക്കൊഴി-
'ച്ചുത്തരാസ്വയംവരം'
കണ്ടിരുന്നീടുംകാലം,

‘തുഞ്ചത്തെ’ക്കിളിപ്പാട്ടിൻ
ചിറകിൽ, യുഗാന്തര-
സഞ്ചിതസംസ്കാരങ്ങ-
ളുള്ളിലേക്കെത്തും കാലം,

ആദ്യമായാത്മാവിൻെറ-
യജ്ഞാതതലങ്ങളിൽ
പൂത്തിതൾവിരിഞ്ഞതാ-
ണെന്നിലെക്കലാബോധം!

ഞാററുവേലകൾ പറ-
ന്നെത്തുമ്പോൾ, കമുകുകൾ
കാററത്തു മുടിയാട്ടം
തുള്ളുവാനിരിക്കുമ്പോൾ,

എന്നിലൊരഗാധമാം
ചലനം സൃഷ്ടിച്ചിട്ടു-
ണ്ടെന്തിനോ നൂറായിര-
മജ്ഞാതവികാരങ്ങൾ!

പുഷ്പമംഗലയായി
വക്കത്തു കസവിട്ട
പുത്തനൊന്നരചുററി
പൂനിലാവൊരുങ്ങുമ്പോൾ

എൻെറ ഗ്രാമത്തിൻ മുഗ്ദ്ധ-
സൗന്ദര്യം മുഴുവനു-
മെൻെറ കുമ്പിളിന്നുള്ളി-
ലൊതുക്കാൻ മോഹിക്കും ഞാൻ!

പൂവമ്പനറിയാതെ
പൂക്കാലമറിയാതെ
പൂവുകൾ മുരടിച്ചു
വേനലിൽ കൊഴിയുമ്പോൾ,

കുടിനീരിറക്കുവാൻ
കൊതിക്കും മണ്ണിൻ ചുണ്ടിൽ
കടലിൽ ചെല്ലും മുൻപേ
ചോലകൾ വററിടുമ്പോൾ,

ഉൾക്കളം ചുളുചുളാ-
ക്കുത്തു;—മൊരജ്ഞാതമാം
ദുഃഖത്തിൻ ജ്വാലാനാള-
മെരിയും ഹൃദയത്തിൽ!

മനസ്സിൽ വിലങ്ങുമായ്
മോഹഭംഗങ്ങൾക്കുള്ളിൽ
മയങ്ങിക്കിടന്നൊരെൻ
ഗ്രാമമൊന്നുണർന്നപ്പോൾ

അവരോടൊപ്പം മൂക-
വിഗ്രഹങ്ങളെയെറി-
ഞ്ഞുടയ്ക്കാൻ ഹൃദയത്തിൻ
കൈകളായുധമേന്തി

എന്നിലെ വികാരങ്ങ-
ളെന്റെ ഗ്രാമവുമായി-
ട്ടൊന്നുചേർന്നൊരു മുഖ-
ച്ഛായ നേടിയകാലം

കേവലകലയുടെ
ചിത്രകത്തേരിന്നുള്ളിൽ
ജീവിതമെനിക്കൊരു
സാരഥിയായ്ത്തീർന്നൂ!

ഇന്നു ഞാനൊരു 'മഹാ-
കവി'യായ്,—ഒരു ജൈത്ര-
സ്യന്ദനമേറി, പുഷ്പ-
ഹാരങ്ങൾ ചൂടിപ്പോകെ,

കണ്ണുനീർമേഘത്തിന്റെ
മാറിൽ ഞാൻ, മയിൽപ്പീലീ-
കൊണ്ടു പണ്ടത്തെപ്പോലെ
മഴവില്ലെഴുതുമ്പോൾ

കാലമൂതിയ കൊടു-
ങ്കാററത്തു പറന്നുപോയ്
പീലികൾ,—കൈയെത്താത്ത
ദൂരത്തിലായീ മേഘം!

അതിൽനിന്നൊരു വർഷ-
ബിന്ദു, വജ്രംപോൽ, താഴേ-
ക്കുതിർന്നൂ;—വാരിച്ചെപ്പി-
ലിട്ടു ഞാൻ കിലുക്കുന്നൂ!

സ്വപ്നങ്ങൾ, വ്രീളാനമ്ര-
മുഖികൾ പദവാക്യ-
ശില്പങ്ങൾ, തളികയിൽ
മുത്തിനു സമ്മാനിച്ചൂ.

സന്ധ്യകൾ മുത്തിന്നംഗ-
രാഗങ്ങൾ നല്കീ, പാർവ-
ണേന്ദു, കൈവിരൽത്തുമ്പാൽ
ചന്ദനമണിയിച്ചൂ!

മുത്തിന്നു ദീർഘായുസ്സു
നേരുവാനല്ലോ, വീട്ടു-
മുററത്തെ സർപ്പക്കാവിൽ
പക്ഷികൾ നാമംചൊല്ലി.

വിത്തിട്ടു വിള കൊയ്യും
കർഷകർ വിയർപ്പിന്റെ
മുത്തുകൾ പകരമീ
ഭൂമിക്കു ദാനം നല്കി

അമ്മ ചോദിച്ചു: "കുഞ്ഞേ,
നിത്യദുഃഖത്തിൻ കണ്ണീർ-
ക്കുമ്പിളിലെവിടുന്നീ
മുത്തു നീ സമ്പാദിച്ചു?"

കാമുകിയന്വേഷിച്ചു:
"വിടരും ചുണ്ടിൻ മുല്ല-
പ്പൂമൊട്ടിലെവിടുന്നീ
മുത്തണിമൃദുസ്മേരം?"

ആയിരമാരാധക-
രെന്റെ പിന്നിലെ നീല-
ച്ഛായയെയനുഗമി-
ച്ചെന്നോടു ചോദിക്കുന്നു:

"അല്ലയോ മഹാകവേ,
ഞങ്ങളങ്ങയെ, സ്വർണ്ണ-
പ്പല്ലക്കിലുയർത്തട്ടേ
നക്ഷത്രപഥത്തോളം?"

ചക്രവാളങ്ങൾതൊട്ടു
ചക്രവാളങ്ങൾവരെ
സർഗ്ഗകല്പനയുടെ
ചിത്രകംബളം നീർത്തി

ഇപ്രപഞ്ചത്തെച്ചലി-
പ്പിക്കുവാൻ ശതലക്ഷ-
മപ്സരസ്സുകളെ ഞാൻ
നൃത്തത്തിനൊരുക്കുമ്പോൾ

ഗ്രഹതാരകങ്ങളു-
മുഷസ്സും നിശീഥവും
ഋതുദേവതമാരും
വിശ്വശില്പിയുമെല്ലാം

എന്നെക്കണ്ടൊരു വരി
മംഗളപത്രം വാങ്ങാൻ
വന്നു നില്ക്കുന്നു ചുററു-
മെന്നു ഞാൻ വിചാരിച്ചു!

എൻ ശിരസ്സുയർന്നുപോയ്,
അന്തരാത്മാവിൽനിന്നു
പിഞ്ചിപ്പോയ്, പറിഞ്ഞുപോയ്
വേരുകൾ, ഞരമ്പുകൾ.

ഭാവന തീർത്തു ശൂന്യാ-
കാശത്തിലൊരു ദന്ത-
ഗോപുര,—മതിൻ തങ്ക-
ത്താഴികക്കുടങ്ങളിൽ,

സങ്കല്പച്ചരടിന്മേൽ
പറക്കാൻ കെട്ടീ, ഞാനി-
ന്നെൻ കാവ്യകലയുടെ
ജയവൈജയന്തികൾ!

ഈ വിശ്വപ്രകൃതിയെ
ക്ഷണിക്കാനന്തഃപുര-
ഗോപുരകവാടങ്ങൾ
മലർക്കെത്തുറന്നൂ ഞാൻ!

വിളിച്ചിട്ടാരും വിളി
കേട്ടില്ല,—നീലാകാശ
വിളക്കും നീട്ടി,പ്പുറം-
തിരിഞ്ഞുനിന്നൂ കാലം.

നാവനങ്ങുന്നൂ ശബ്ദ-
മുയർന്നീ;—ലാത്മാവിൻെറ
പൂമണിച്ചെപ്പിൽ മുത്തു
കിലുങ്ങിച്ചിരിച്ചില്ല!

ശിരസ്സു കുനിഞ്ഞുപോയ്; —
മണ്ണിലെയൊരു കൊച്ചു
കറുകമ്പുല്ലിൻ കൈയി-
ലെൻ മുത്തു ചിരിക്കുന്നു!

മരിച്ചുകിടക്കുന്നൂ
കാവ്യഭാവന,യെൻെറ
മനസ്സിൽ; —കളിയാക്കി-
ച്ചിരിച്ചു നക്ഷത്രങ്ങൾ.

പ്രാകൃതശിലായുഗ-
മനുഷ്യത്വത്തിൻ സർഗ്ഗ-
ഭാവനകളെത്തപ-
സ്സിരുത്തും വല്മീകമേ,

ആ യുഗാന്തരധർമ്മ-
ബോധമാ,മുടജത്തിൽ
നീയെന്നെപ്പുനർജ്ജീവി-
പ്പിക്കേണ,മൊന്നുംകൂടി.

വിശ്വാമിത്രവസിഷ്ഠഗൗതമ-
    ഭരദ്വാജാദികൾ നട്ടൊരാ
വിശ്വാസച്ചെടി കായ്ച്ചുണങ്ങിയ
    കനിത്തോടേന്തി വേദാന്തമേ,
വിശ്വം ശക്തിതരംഗചാലിത-
    വിയത്ഗേഹങ്ങളിൽ കാലമാം
അശ്വത്തെപ്പുറകേനടത്തുമിവിടേ-
    ക്കെന്തിന്നു വന്നെത്തി നീ?

ഈ ദിക്കാകെ നടന്നു, യുക്തിധനരാം
    ശാസ്ത്രജ്ഞർതൻ മാറിലേ-
ക്കാദിപ്രാകൃതശബ്ദശസ്ത്രനിചയം
    വർഷിക്കുമുന്മാദമേ,
ചോദിക്കട്ടെ, മനുഷ്യനിർമ്മിത-
    ശിലാക്ഷേത്രങ്ങളിൽ നിന്നു നീ
നേദിക്കുന്നതു മിഥ്യയോ, യുഗതപഃ -
    സംഭൂതമാം സത്യമോ?

ദൈവം വന്നതു തത്വചിന്തകൾ
    തെളിച്ചെത്തിച്ച തേർത്തട്ടിലോ
ഭാവങ്ങൾക്കഭിരാമരൂപമരുളും
    ശില്പീന്ദ്രശില്പത്തിലോ,
പൂവർച്ചിച്ച പുരോഹിതൻെറ
    ഭജനപ്പാട്ടിൻ കളിത്തട്ടിലോ
പാവം, മിഥ്യ പണിഞ്ഞുയർത്തിയ
    തമോരൂപപ്രപഞ്ചത്തിലോ?

വളരെ വർഷങ്ങൾക്കു മുമ്പ് ഒരു ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു കവിത താഴെ ചേർക്കുന്നു:

മതത്തിൻപേരിൽ പണക്കൊഴുപ്പിൻപേരിൽ നാടി-
ന്നതിർത്തിത്തർക്കത്തിൻെറ നീതികളുടെ പേരിൽ.

സംഘടിച്ചെഴും മർത്ത്യവർഗ്ഗശക്തിതൻ നല്ല
പൊൻകതിരുകൾ വിളഞ്ഞുലയേണ്ടുമീ മണ്ണിൽ,

തങ്ങളിൽ കഴുത്തറു—ത്തിവിടെ തളംകെട്ടി-
പ്പൊങ്ങുന്ന പശയുള്ള നാട്ടുകാരുടെ രക്തം!

മാറണം—നമുക്കിതു മാററണം—നാടിൻ മീതെ
മാരകരോഗാണുക്കൾ നീക്കുമീ ഞെട്ടും നീക്കം.

## ഭൂമി സനാഥയാണ്

പ്രപഞ്ചഗോപുരവാതിൽ തുറന്നു
പണ്ടു മനുഷ്യൻ വന്നൂ

ആദിയിലാകാശങ്ങളിൽനിന്നൊരു
നാദതരംഗംപോലേ

കാലത്തിൻെറ ശിരസ്സിലിരുന്നൊരു
പീലിത്തിരുമുടിപോലേ

സ്വപ്നം കാണും തിരുമിഴികൾക്കൊരു
സ്വാഗതഗാനവുമായി

നക്ഷത്രക്കതിർ നട്ടുവളർത്തിയൊ-
രക്ഷയപാത്രവുമായി

പ്രപഞ്ചഗോപുരവാതിൽ തുറന്നു
പണ്ടു മനുഷ്യൻ വന്നൂ

വിശ്വപ്രകൃതി വെറുംകൈയോടെ
വിരുന്നു നല്കാൻ നിന്നൂ.

കോടിയുഗങ്ങൾക്കകലേ—ദൈവം-
കൂടി ജനിക്കും മുൻപേ

സൂര്യനിൽനിന്നൊരു ചുടുതീക്കുടമായ്
ശൂന്യാകാശസരസ്സിൽ

വീണു തണുത്തു കിടന്നു മയങ്ങി-
യുണർന്നവളല്ലോ ഭൂമി,

വായുവിലീറൻ ജീവകണങ്ങളെ
വാരിച്ചൂടിയ ഭൂമി.

യുഗഹംസങ്ങൾ മേഞ്ഞുനടന്നൊരു
യൂഫ്രട്ടീസിൽ, ടൈഗ്രീസിൽ,

സിന്ധുവിൽ, ഗംഗയിൽ, ഹിമവാഹിനികളി-
ലന്നൊരു ഗാനമുയർന്നൂ

അപാരനിശ്ശബ്ദതയിൽനിന്നുമൊ-
രാരാധനയുടെ ഗാനം!

അണുപരമാണുപരമ്പരകളിലെ
പുനരുജ്ജീവനഗാനം!

ഭൂമിക്കന്നു മനുഷ്യൻ നൽകീ
പൂവുകൾ രോമാഞ്ചങ്ങൾ

കാമുകരായീ സന്ധ്യകൾ—കാറ്റൊരു
പ്രേമഗായകനായീ

ശാരദമേഘം ചാമരമായീ
ചന്ദ്രിക ചന്ദനമായീ

വാർമഴവില്ലിൻ വർണ്ണപ്പുടവകൾ
വാരിയുടുത്തൂ ഭൂമി.

അന്നു മനുഷ്യൻ തീർത്തൂ ഭൂമിയി-
ലായിരമുജ്ജ്വലശില്പങ്ങൾ

അളകാപുരികൾ, മഥുരാപുരികൾ,
കലയുടെയമരാവതികൾ

അഷ്ടൈശ്വര്യസമൃദ്ധികൾ ചൂടി-
യനശ്വരയായീ ഭൂമി

സങ്കല്പത്തിനു ചിറകുകൾ കിട്ടീ
സനാഥയായീ ഭൂമി.

മണ്ണിലെ ജീവിതഖനികളിൽ മുഴുവൻ
പൊന്നു വിളഞ്ഞതു കാൺകെ,

സൂര്യൻ കോപംകൊണ്ടു ജ്വലിച്ചൂ
ശുക്രനു കണ്ണു ചുവന്നൂ

ഭൂമിയെയൊന്നു വലംവച്ചൊരുനാൾ
പൂന്തിങ്കൾക്കല പാടീ:

"പറഞ്ഞയയ്ക്കുക ദേവി,—മനുഷ്യനെ-
യൊരിക്കലിവിടെക്കൂടി....."

## ഗ്രാമദർശനം

*ഞാനീ ഗ്രീഷ്മസരോവരത്തിൽ വിടരും
ചെന്താമരപ്പൂവിനും
നാണിച്ചീവഴി നൃത്തമാടിയൊഴുകും
കാട്ടാറിനും കാററിനും
ഈ നഗ്നപ്രകൃതിക്കു പൂന്തുകിലുകൾ
നെയ്യും നിലാവിന്നു — മെൻ
ഗാനത്താൽ കുളിരേകി; നിത്യഹരിത-
സ്വപ്നങ്ങൾ ഗ്രാമത്തിനും.

ഗ്രാമം, മാനവസംസ്കൃതിക്കു കനക-
പ്പൂന്തൊട്ടിൽ നിർമ്മിച്ചൊരെൻ-
ഗ്രാമം, പോയ യുഗങ്ങൾ തൻ മെതിയടി-
പ്പാടുള്ളൊരാത്മാവുമായ്
ഈ മന്വന്തരശില്പശാലകളിലൂ-
ടെന്നാന്തരാന്വേഷണ-
പ്രേമത്തിൻ വിരലും പിടിച്ചു കണികാ-
ണിക്കുന്നു സത്യങ്ങളെ.

പണ്ടങ്കക്കളരിക്കകത്തു പടവാ-
ളൂരിപ്പയററിപ്പുകൾ-
കൊണ്ടംഗങ്ങളിൽ രക്തചന്ദനമണി-
ഞ്ഞെത്തുന്ന നൂററാണ്ടുകൾ
കൊണ്ടെത്തന്ന ചുവന്ന പൂക്കൾ ചെവിയിൽ
ചൂടിപ്പടച്ചട്ടയും

വയലാർ, ഈ മനോഹരശ്ലോകങ്ങൾ ഫോണിൽക്കൂടി 1970 മാർച്ചു മാസം 11-ാം തീയതി മൂന്നുമണിക്ക്, എനിക്കു വായിച്ചു തന്നതാണ്....ഞാൻ എഴുതിയെടുത്ത് വിഷ്ണുദാസിനു നൽകി. ചില ഭാഗങ്ങൾ നിമിഷങ്ങളിലൂടെ നിർമ്മിക്കുക യായിരുന്നു — വി.കെ.നാരായണൻ പോററി, വയലാർ ഈസ്ററ് പി.ഒ, ചേർത്തല.

* ഈ ശ്ലോകം മറെറാരുതരത്തിൽ അന്വേഷണം മാസികയിൽ ചേർത്തിട്ടുണ്ട്:

ഞാനീ ഗ്രാമസരോവരത്തിൽ വിടരും
ചെന്താമരപ്പൂവിലും
നാണിച്ചീവഴി നൃത്തമാടിയൊഴുകും
കാട്ടാറിലും കാററിലും
ധ്യാനിക്കുന്ന കുലാചലത്തിലലിയും
മൗനത്തിലും കണ്ടു നിൻ
വീണക്കമ്പിയിലംഗുലീമുനകളാൽ
നീ തീർത്ത കാവ്യോത്സവം.

കൊണ്ടെത്തുന്നൊരെനിക്കു നീ വഴിമുട-
ക്കീടാതെ വേദാന്തമേ!

വിശ്വാമിത്ര, വസിഷ്ഠ,ഗൗതമ,ഭര-
ദ്വാജാദികൾ നട്ടൊരാ
വിശ്വാസച്ചെടി കായ്ച്ചുണങ്ങിയ കനി-
ത്തോടേന്തി വേദാന്തമേ
വിശ്വം, ശക്തിതരംഗചാലിതവിയദ്-
ഗേഹങ്ങളിൽ, കാലമാ-
മശ്വത്തെപ്പുറകേനടത്തുമിവിടേ-
ക്കെന്തിന്നു വന്നെത്തി നീ?

നീ വന്നെത്തിയതീ യുഗപ്രതിഭതൻ
തേജസ്സിലോ, ഞങ്ങളെ-
ദ്ദൈവങ്ങൾക്കു നടയ്ക്കുവെച്ച
വിധിതൻ മായാവിമാനത്തിലോ
പൂ,വർപ്പിച്ച പുരോഹിതന്റെ ഭജന-
പ്പാട്ടിന്റെ മാറാപ്പിലോ
പാവം, മിഥ്യ തെളിച്ചു തന്ന പൊളിയാ-
റായോരു തേർത്തട്ടിലോ?

നാദം, താളം, വെളിച്ചം, നിഴൽ, നിറ-
മിവയാൽ നൃത്തശില്പം രചിക്കും
കാലത്തിൻ കമ്രനാഭീനളിനകലികയിൽ
വീണ തൂമഞ്ഞുതുള്ളി
നാളത്തെപ്പൊന്നുഷസ്സിൻ പ്രമദവനികയിൽ
കല്പനാപത്മരാഗ-
ത്താലത്തിൽ കാഴ്ചവെയ്ക്കാൻ പ്രകൃതിയുടെ
കലാശാല ഞാൻ തേടിവന്നു!